# മുൾപടർപ്പിൽ ദിവ്യപ്രകാശം

(Malayalam)

**Mulpadarppil Divya Prakasham**
(Auto Biogrphy)

**Rt. Rev. Bishop Dr. Sam Mathew**

Published by the author

Copyright Reserved by the author

First Published : June, 2014

Typesetting : Helmsman Graphics, Kottayam

Cover Design & Printing : Sophia Print House, Kottayam

**Rs. 150/-**

# മുൾപടർപ്പിൽ ദിവ്യപ്രകാശം

## (ജീവിതരേഖകൾ)

ബിഷപ്പ് ഡോ. സാം മാത്യു

## അവതാരിക

# പ്രകാശം പ്രസരിപ്പിക്കുന്ന ഒരു പ്രത്യവലോകനം

ഇരുപതാം ശതകത്തിന്റെ പ്രാരംഭ ദശകങ്ങളിൽ സാമ്പത്തികമായി മുൻനിരയിൽ അല്ലാതിരുന്ന ഒരുത്തമ ക്രിസ്തീയ കുടുംബത്തിൽ ജനിക്കുകയും മൂല്യാധിഷ്ഠിത ജീവിതം നയിച്ച മാതാപിതാക്കളുടെയും പിതാമഹന്റെയും മഹത്തായ മാതൃകകളും സൽപ്രേരണകളും സൽപെരുമാറ്റങ്ങളും ബാല്യകാലത്തുതന്നെ ഉൾക്കൊള്ളുകയും ചെയ്ത ഒരു യുവാവ് പ്രതിഫലമോ സ്ഥാനമാനങ്ങളോ ഇച്ഛിക്കാതെ സഭാസേവനരംഗത്തു മുന്നേറി തന്റെ സഭയുടെ സമുന്നതസ്ഥാനത്തെത്തിയതിന്റെ സജീവ ചരിത്രസാക്ഷ്യമാണു "മുൾപടർപ്പിൽ ദിവ്യപ്രകാശം" എന്ന ബിഷപ്പ് ഡോ. സാം മാത്യുവിന്റെ ചിന്തോദ്ദീപകവും പ്രചോദനപ്രദവുമായ അനുഭവശതങ്ങൾ അടങ്ങിയ ആത്മകഥ.

കാർത്തികപ്പള്ളിയിലെ പ്രശസ്ത ഓർത്തഡോക്സ് കുടുംബങ്ങളിലൊന്നായ ആലുംമൂട്ടിൽ നിന്നു കോടുകുളഞ്ഞിയിൽ വന്നു വലിയതോട്ടത്തിൽ വീട്ടിൽ താമസമാക്കിയ ബിഷപ്പ് സാം മാത്യുവിന്റെ പിതാമഹൻ മാത്തനാശാനും അദ്ദേഹത്തിന്റെ പുത്രനും ബിഷപ്പിന്റെ പിതാവുമായ വി. എം. മത്തായി സാറും കുടുംബാംഗങ്ങളുമെല്ലാം ആദ്യകാല വിദേശ മിഷനറിമാരുടെ പ്രേഷിത പ്രവർത്തനം മൂലം നല്ല ജീവിതപാരമ്പര്യത്തിന്റെ ഉടമകളായിത്തീർന്നവരാണ്. ഏനാത്ത് ഇടവകയിലെ ഒരു കുഗ്രാമമായ കുന്നിടയിലെ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ, മികച്ച സഭാപ്രവർത്തകൻ എന്നീ നിലകളിൽ വി. എം. മത്തായി സാർ എല്ലാ മതവിഭാഗക്കാരുടെയും ആരാധ്യപുരുഷനായിത്തീരത്തക്കവണ്ണം വലിയ മനുഷ്യസ്നേഹിയും പ്രാർത്ഥനാമല്ലനും സമാരാധ്യനും സുവിശേഷ പ്രസംഗകനും സർവ്വോപരി വേദപുസ്തക പണ്ഡിതനുമായിരുന്നു.

വി. എം. മത്തായി സാറിന് ഒരു പെൺകുഞ്ഞു ജനിച്ചശേഷം ഒരു മകനുവേണ്ടി ദമ്പതികൾ പ്രാർത്ഥിക്കുകയും ഒരാൺകുഞ്ഞിനെ ലഭിച്ചാൽ അവനെ ദൈവവേലയ്ക്കു സമർപ്പിക്കാമെന്നു മറ്റാരും അറിയാതെ പ്രതിജ്ഞയെടുക്കുകയും ചെയ്തിരുന്നു.

ശമുവേൽ ദീർഘദർശിയുടെ പിതാവായ എൽക്കാനയുടെ ഭാര്യയായ ഹന്നായുടെ പ്രാർത്ഥന കേട്ട് അവൾക്കു ദൈവം നൽകിയ മകനു ശമുവേൽ എന്നു പേരു നൽകി. "ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചു വാങ്ങി" എന്നു പറഞ്ഞ് അവനു ശമുവേൽ എന്നു പേരിട്ടു എന്നാണു

ബൈബിളിൽ കാണുന്നത്. ഏതാണ്ട് ഇതുപോലെയാണ് സാം മാത്യു വിനെ മാതാപിതാക്കൾക്കു ലഭിച്ചത്. സാം മാത്യു വളരുന്തോറും ദൈവ ത്തിനും മനുഷ്യർക്കും ഒരുപോലെ പ്രീതിയുള്ളവനായി. ആത്മാവിലും ദൈവസ്നേഹത്തിലും ബലപ്പെട്ട സാമിന്റെ ആദ്യകാല ഗുരുക്കന്മാരും വഴികാട്ടികളും, ആദ്ധ്യാത്മിക ജീവിതത്തിൽ അനുദിനം മുന്നേറിക്കൊ ണ്ടിരുന്ന മാതാപിതാക്കൾ തന്നെയായിരുന്നു എന്നത് ഒരനിഷേധ്യ വസ്തുതയാണ്.

ഉന്നത വിദ്യാഭ്യാസത്തിനുശേഷം സാം മാത്യു വലിയ ഉദ്യോഗം സ്വീക രിച്ചു ധാരാളം പണം സമ്പാദിക്കണമെന്നൊന്നും പിതാവ് ഒട്ടും ആഗ്ര ഹിച്ചില്ല. വൈദികവൃത്തി സ്വീകരിച്ചു സഭയേയും സഭാംഗങ്ങളേയും സേവിക്കണമെന്നതായിരുന്നു മകനെപ്പറ്റിയുള്ള പിതാവിന്റെ വലിയ അഭി ലാഷം. സാം മാത്യു അതിസമർത്ഥനായ ഒരു വിദ്യാർത്ഥി ആയിരുന്നി ല്ലെങ്കിലും പഠിച്ചു ബിരുദം സമ്പാദിക്കണമെന്നും തുടർന്നു വൈദിക വിദ്യാഭ്യാസം ആർജ്ജിക്കണമെന്നും വി. എം. മത്തായി സാർ സ്വാഭാവി കമായും ആഗ്രഹിച്ചു. സഭാസേവനപാത സ്വീകരിക്കാൻ സഹായിച്ചത് സ്വപിതാവിന്റെ സുവിശേഷവേലയിലുള്ള തീക്ഷ്ണത, പള്ളിആരാധന, വൈദികരോടുള്ള സാമീപ്യം എന്നിവയാണെന്ന് എടുത്തുപറയേണ്ടതുണ്ട്. നേരത്തെ ലജ്ജാശീലനും പ്രസംഗകലയോടു വിമുഖനുമായിരുന്ന സാം മാത്യു വായനയിൽ അസാധാരണ താൽപര്യം ചെറുപ്പത്തിലേ പ്രകടി പ്പിച്ചിരുന്നു. എന്നാൽ പ്രാർത്ഥനായോഗങ്ങൾ, എസ്.സി.എം., കെ.എസ്.യു. മുതലായ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചപ്പോൾ അദ്ദേഹം അറിയാതെ തന്നെ ഒരു നല്ല സംഘാടകനും പ്രസംഗകനുമായി മാറി എന്നതാണു വസ്തുത. പന്തളം കോളജിൽ പഠി ക്കുന്ന കാലത്തു ഗ്രാമങ്ങളിൽ നിന്നുള്ള ആൺകുട്ടികളും പെൺകുട്ടി കളും ഒന്നിച്ചു സഹോദരനിർവിശേഷമായ സ്നേഹത്തോടെ കളിതമാ ശകൾ പറഞ്ഞും ഒച്ചവച്ചും കലാലയത്തിലേക്കു ക്ഷീണമൊന്നും അറി യാതെ മൈലുകൾ നടന്നുവന്ന പഴയ സുവർണ്ണദിനങ്ങൾ മാറിയ കാല ഘട്ടത്തിൽ ഇങ്ങിനി തിരിച്ചുവരില്ലെന്നു ബിഷപ്പ് അനുസ്മരിപ്പിക്കുന്നു.

മഹാനായ വില്യം കേറി സ്ഥാപിച്ച സെറാമ്പൂർ വൈദിക കോളജിലെ സഹപാഠികളിൽ പലരും യാദൃച്ഛികമാണെന്നു തോന്നാമെങ്കിലും ബിഷ പ്പുമാരായിത്തീർന്നതു ദൈവനിയോഗമാണെന്നും തന്മൂലം തന്റെ അനു ഭവ പരിചയ ചക്രവാളം വികസിച്ചു എന്നും ഉള്ള യാഥാർത്ഥ്യത്തെ അവ ഗണിക്കാനാവില്ല. വൈദികനായശേഷം ചെറുതും വലുതുമായ പല ഇട വകകളിൽ സേവനം അനുഷ്ഠിക്കുന്നതിനും എല്ലാ സ്ഥലങ്ങളിലും പല വിധത്തിലുള്ള ആദ്ധ്യാത്മിക പ്രവർത്തനങ്ങളും വികസനപ്രസ്ഥാന ങ്ങളും ആരംഭിച്ചു നടപ്പിലാക്കുന്നതിനും സാധിച്ചതിൽ തിരുമേനി സന്തു

ഷ്ടനാണ്. ആരുടെയും പക്ഷം ചേരാതെ ഉത്തമബോധ്യത്തോടെ പ്രവർത്തിച്ചപ്പോൾ ഭിന്ന ചിന്താഗതിക്കാരും ക്രമേണ, തന്നെ പിന്താങ്ങിയ പല അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ഗ്രന്ഥകർത്താവ് ആത്മസന്തോഷത്തോടെ അനുസ്മരിക്കുന്നു.

അനുസരണം ബലിയേക്കാൾ നല്ലതെന്ന വേദസൂക്തത്തിൽ വിശ്വസിക്കുന്ന ബിഷപ്പ് സാം മാത്യു വിദേശത്തു കാമ്യവും ഉന്നതവുമായ വിദ്യാഭ്യാസം സംബന്ധിച്ച് ലഭിച്ച സ്കോളർഷിപ്പുകൾ മഹാഇടവക ബിഷപ്പുമാരുടെ സദുപദേശപ്രകാരം ഉപേക്ഷിക്കുകയാണുണ്ടായത്. റവ. സാം മാത്യുവിന്റെ സേവനം മഹാഇടവകയ്ക്ക് അന്ന് അനിവാര്യമാണെന്നും ഭാവിയിൽ വിദേശപഠനത്തിനു സൗകര്യം ലഭിക്കുമെന്നും സഭാധികാരികൾ പറഞ്ഞത് പ്രവാചകശബ്ദമാണെന്നു മനസ്സിലാക്കാൻ ഏതാനും വർഷങ്ങൾ മാത്രമേ വേണ്ടിവന്നുള്ളു. അതുപോലെതന്നെ ഭദ്രാസന ഇടവകതലത്തിൽ ഉയർന്ന സ്ഥാനങ്ങൾ ഒന്നും ആഗ്രഹിക്കാതിരുന്ന റവ. സാം മാത്യുവിനെ ഒന്നിനു പുറകെ മറ്റൊന്ന് എന്നവിധത്തിൽ അവ തേടിയെത്തുകയായിരുന്നു. ദൈവനിയോഗപ്രകാരം വരുന്ന സ്ഥാനങ്ങൾ എല്ലാം നിരാകരിക്കരുതെന്നു സഭയിലെ ഡോ. ജേക്കബ് ചാണ്ടിയെപ്പോലെയുള്ള ചില പ്രമുഖ വ്യക്തികൾ തന്നോട് പറഞ്ഞിട്ടുണ്ടെന്നും ബിഷപ്പ് വെളിപ്പെടുത്തുന്നു. അവരുടെ ഉപദേശങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്.

ഒരു പ്രൈമറിസ്കൂൾ അദ്ധ്യാപകന്റെ മകനായി ജനിച്ച താൻ പ്രശസ്തമായ കോട്ടയത്തെ സി.എം.എസ് കോളജിന്റെ മാനേജരായിത്തീർന്ന് പ്രിൻസിപ്പലിനേയും മറ്റും നിയമിക്കാൻ നിയുക്തനായപ്പോൾ അതൊരത്ഭുതമാണെന്നത്രെ സമർപ്പണ ജീവിതത്തിലൂടെ ദൈവത്തെ രുചിച്ചറിഞ്ഞ ബിഷപ്പ് വിശേഷിപ്പിക്കുന്നത്.

തനിക്കു 1993-ൽ ബിഷപ്പുസ്ഥാനം കിട്ടിയതും മറ്റൊരത്ഭുതമാണെന്നും തിരുമേനി വിശ്വസിക്കുന്നു. താൻ നേരത്തെ വഹിച്ചിരുന്ന മഹാഇടവക സെക്രട്ടറി പദവി ബിഷപ്പു സ്ഥാനാർത്ഥികളിൽ ഒരാളായിരുന്ന റവ. എം. റ്റി. തര്യൻ സ്വീകരിച്ചു തനിക്കു വലിയ കൈത്താങ്ങൽ നൽകിയത് തിരുമേനി നന്ദിപൂർവ്വമാണ് ഓർക്കുന്നത്. ബഹുമുഖ പ്രതിഭാശാലിയായിരുന്ന തര്യനച്ചനെ മഹാഇടവകയുടെ പുരോഗതിക്കുവേണ്ടി ശരിക്കും വിനിയോഗിക്കുക വഴി സാം മാത്യു തിരുമേനിയുടെ വിശാലമനസ്കതയും ആത്മാർത്ഥമായ സഹകരണ മനോഭാവവുമാണു മറനീക്കി പുറത്തു വന്നത്. പ്രമാണവും പ്രവൃത്തിയും യോജിപ്പിച്ചു നീങ്ങിയ ബിഷപ്പ് സാം മാത്യുവിന്റെ ഭരണകാലത്തു മഹാഇടവകയ്ക്കുണ്ടായ അഭൂതപൂർവ്വമായ പുരോഗതിയും വളർച്ചയും വായിച്ചു ഗ്രഹിക്കാമെന്നിരിക്കെ എണ്ണിഎണ്ണി പറഞ്ഞ് അവതാരിക ദീർഘിപ്പിക്കുന്നതിനുദ്ദേശിക്കുന്നില്ല. ബിഷപ്പായ

ശേഷം അമേരിക്കയിലും ഗൾഫുനാടുകളിലും പലതവണ സഞ്ചരിക്കുന്നതിനും ഡോക്ടറേറ്റു നേടുന്നതിനും മഹാഇടവകയുടെ ഏതാനും വൻകിട സ്ഥാപനങ്ങൾക്കുവേണ്ടി ലക്ഷക്കണക്കിനു രൂപ ശേഖരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കേരളത്തിലെ എക്യുമെനിക്കൽ പ്രസ്ഥാനത്തിനു ഡോ. സാം മാത്യു നൽകിയ സംഭാവനകൾ അതുല്യമാണ്. ഭിന്നവീക്ഷണങ്ങളുള്ള വിവിധ സഭാ മേൽപട്ടക്കാരുടെ ഇടയിൽ തിരുമേനി എല്ലാവർക്കും സ്വീകാര്യനായിരുന്നു. സകലരുടെയും മിത്രമായിരുന്ന അദ്ദേഹം വിവിധ സഭാനേതാക്കളെ സംബന്ധിച്ചിടത്തോളം എപ്പോഴും അഭിഗമ്യനായ ഒരു കണക്ടിംഗ് ലിങ്കായിരുന്നു എന്നു വിശേഷിപ്പിക്കുന്നതായിരിക്കും ഏറെ ശരി. പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ദൈവാശ്രയത്തോടെ നേരിട്ടു അതിജീവിക്കാനുള്ള അസാധാരണ കഴിവ് തിരുമേനിക്കുണ്ട്.

ബിഷപ്പിന്റെ കുടുംബജീവിതത്തെപ്പറ്റി ഉപന്യസിക്കാതെ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തികച്ചും അന്വർത്ഥമായ, ശലോമോന്റെ ഒരു വാക്യം മാത്രം ഉദ്ധരിക്കുന്നു. “സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും. ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു. അവന്റെ ലാഭത്തിന് ഒരു കുറവും ഇല്ല.”

മല്ലപ്പള്ളി സ്വദേശിനി അന്നമ്മ (കുഞ്ഞമ്മ) യുടെ സ്നേഹധനനായ ഭർത്താവ്, മക്കളുടെ വാത്സല്യനിധിയായ പിതാവ്, കൊച്ചുമക്കളുടെ ഇഷ്ടതോഴനായ വല്യപ്പച്ചൻ എന്നീ നിലകളിൽ പുഞ്ചിരി മാറാത്ത മുഖാരവിന്ദത്തോടുകൂടിയ തിരുമേനിയുടെ കുടുംബം തികച്ചും സന്തുഷ്ടമാണെന്നു പറയാൻ അയൽക്കാരുടെ സാക്ഷ്യമൊന്നും ആവശ്യമില്ല.

അനേകായിരം പേർക്കു പലവിധത്തിൽ പ്രചോദനമരുളാൻ പര്യാപ്തവും വിജ്ഞാനപ്രദവും ആദ്ധ്യാത്മിക ചിന്താപ്രധാനവും രസകരവുമായ ഒരു മഹത് ജീവിതസാഗരത്തെ പാലാഴി കടഞ്ഞപ്പോൾ ലഭിച്ച അമൃത് കണക്കെ ഒരു കനക കുംഭത്തിൽ ബിഷപ്പ് സാം മാത്യു ഒതുക്കി സമർപ്പിച്ചിരിക്കുന്നു എന്നു ചുരുക്കിപ്പറയാം. ഇതെഴുതി പ്രസിദ്ധപ്പെടുത്താൻ കഴിയാതെ പോയിരുന്നു എങ്കിൽ അത് കേരള ക്രൈസ്തവ സഭകൾക്കു പൊതുവെ ഒരു തീരാനഷ്ടമാകുമായിരുന്നു എന്നു പറയാൻ ഒരു ഉന്നതദൂതനും ഉയരത്തിൽനിന്നു വരേണ്ടതില്ല.

റിട്ടയർ ചെയ്തിട്ടും ഭരണകാലത്തേക്കാൾ തിരക്കുപിടിച്ച ജീവിതമാണു കഴിഞ്ഞ ഏതാനും വർഷങ്ങളിൽ തിരുമേനി നയിച്ചത്. ഇന്നും പഴയതുപോലെ അല്ലെങ്കിലും പല പരിപാടികളിലും പങ്കെടുത്തുവരുന്നു. റിട്ടയർ ചെയ്തശേഷം മാങ്ങാനത്തു (മന്ദിരം ഭാഗത്ത്) വീടു വച്ചു താമസമാക്കിയതിനാൽ എന്റെയും അയൽവാസിയായിത്തീർന്ന തിരുമേനി

പ്രശസ്ത സേവനകേന്ദ്രമായ മാങ്ങാനം ക്രൈസ്തവാശ്രമത്തിന്റെ ചെയർമാനായും പാവപ്പെട്ടവർക്കും രോഗികൾക്കും മാസംതോറും സഹായം നൽകുന്ന മാങ്ങാനത്തെ 'മാനവ സമാധാന സംഘടന'യുടെ രക്ഷാധികാരിയായും ക്രൈസ്തവ സാഹിത്യസമിതി പ്രസിഡന്റായും മദ്യനിരോധന സമിതി നേതാവായും പ്രവർത്തിക്കുന്നു. കൂടാതെ മന്ദിരം, മന്ദിരം ആശുപത്രി, ട്രാഡാ, മോചന മുതലായ സേവനസംഘടനകളുമായും സജീവബന്ധം പുലർത്തിവരുന്നു.

അത്യന്തം വിശിഷ്ടവും അനുപമവുമായ "മുൾപടർപ്പിൽ ദിവ്യപ്രകാശം" എന്ന ഈ ആത്മകഥയ്ക്ക് അവതാരിക എഴുതാൻ എന്നോടാവശ്യപ്പെട്ടതിൽ, ഒരു ചെറിയ മനുഷ്യനായ ഞാൻ ഏറെ ധന്യനായിരിക്കുന്നു.

അശീതിയിലേക്കു കുതിക്കുന്ന തിരുമേനിക്ക് ആരോഗ്യത്തോടെ ജീവിത സായാഹ്നത്തെ വരവേൽക്കാൻ കഴിയട്ടെ. അതിനുവേണ്ടി സന്തോഷമുള്ള മാസങ്ങളും ഐശ്വര്യമുള്ള സംവത്സരങ്ങളും ജഗന്നിയന്താവു നൽകട്ടെ എന്നു പ്രാർത്ഥിക്കുന്ന പതിനായിരങ്ങളുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെടുന്നു എന്ന ചിന്തതന്നെ സന്തോഷദായകമാണെന്ന് അറിയിച്ചുകൊണ്ട് ഈ അവതാരികയ്ക്കു വിരാമമിടട്ടെ.

**കെ. വി. മാമ്മൻ കോട്ടയ്ക്കൽ**

മാങ്ങാനം, കോട്ടയം-18
14-6-2014

# ആമുഖം

**ഇ**ങ്ങനെ ഒരു ഗ്രന്ഥം ചമയ്ക്കുന്നതിനോട് എനിക്ക് ഒട്ടും തന്നെ ആഭിമുഖ്യം ഉണ്ടായിരുന്നില്ല. കാരണം ഇതുപോലെ ഒരു ഗ്രന്ഥം ആത്മപ്രശംസയാകുമോ എന്നുള്ള സംശയം തന്നെ. ആത്മപ്രശംസ ഇത്തരം ഒരു ഗ്രന്ഥത്തിൽ ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. കഴിവതും അതൊഴിവാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ വസ്തുതകൾ നിരത്തിവയ്ക്കുമ്പോൾ വ്യക്തിപരമായ പരാമർശനങ്ങൾ അതിലുണ്ടാകും. എന്നു തന്നെയുമല്ല നേട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ അത് ആത്മപ്രശംസയാണെന്നു തോന്നുകയും ചെയ്യാം. എന്നാൽ ഒരാത്മപ്രശംസയ്ക്കും വേണ്ടിയല്ല ഇതെഴുതിയിട്ടുള്ളത്. നേട്ടങ്ങളെക്കുറിച്ച് കൊട്ടിഘോഷിക്കുന്നതിനോ സ്വയപ്രശംസയോ അല്ല ഇതുകൊണ്ടുദ്ദേശിക്കുന്നത്.

“തിരുമേനിയുടെ അനുപമ അനുഭവങ്ങൾ മറ്റൊരാൾക്കുണ്ടാകണമെന്നില്ലല്ലോ” എന്ന് കെ. വി. മാമ്മൻ എപ്പോഴും എന്നോട് പറഞ്ഞുകൊണ്ടിരുന്നു. അത് രേഖപ്പെടുത്തണം, ഇല്ലെങ്കിൽ അതെല്ലാം വിസ്മരിക്കപ്പെട്ടുപോകും. ചിലർക്കെങ്കിലും ഇതിൽക്കൂടി പ്രചോദനം ഉൾക്കൊള്ളുവാൻ കഴിയുമെങ്കിൽ അതിന് തടസ്സം നിൽക്കരുത്. മലയാള മനോരമയിൽ എഡിറ്ററായിരുന്ന കെ. വി. മാമ്മൻ അനേകം ജീവചരിത്രഗ്രന്ഥങ്ങളുടെ രചയിതാവും എന്റെ ഒരു സ്നേഹിതനുമാണ്.

മാർത്തോമ്മാ സഭയിലെ ഗീവർഗീസ് മാർ അത്താനേഷ്യസ് തിരുമേനിയും എന്നെ വളരെ അടുത്തറിയുന്ന ഒരാളാണ്. തിരുമേനിയും എന്നെ നിർബന്ധിക്കാറുണ്ട്. എനിക്ക് ഒന്നും എഴുതുവാൻ ഇല്ല എന്നു പറഞ്ഞ് ഞാൻ ഒഴിയുകയാണ് പതിവ്. അദ്ദേഹം പറഞ്ഞു “തിരുമേനി ഒരു നല്ല ഇടവകപ്പട്ടക്കാരനായിരുന്നു. ആ അനുഭവങ്ങൾ ഒക്കെ ഒന്നു പങ്കുവയ്ക്കുന്നത് പ്രയോജനകരമായിരിക്കും.” അത് ഈ ഗ്രന്ഥരചനയ്ക്ക് എനിക്ക് പ്രേരണ നൽകി. ഇതു പോലെ എന്നെ സ്നേഹിക്കുന്ന പല ആളുകളും പ്രോത്സാഹിപ്പിച്ചു.

ഞാൻ ഇതുപോലെ ഒന്നെഴുതുന്നതിന് വിമുഖത കാണിക്കാൻ കാരണം പലതാണ്. ഒന്ന് അത്രവളരെ എഴുതുവാനുള്ള കാര്യങ്ങൾ ഒന്നുമുള്ളയാളല്ല ഞാനെന്നാണ് വിചാരം. I am not a Lord bishop but only an ordinary Bishop. ഒരു സാധാരണക്കാരനെന്നുള്ള നിലയിൽ എന്ത് കാര്യങ്ങളാണ് എടുത്തു പറയുവാനുള്ളത്. ഞാൻ ആയിരിക്കുന്നത് ദൈവകൃപയാൽ മാത്രം.

മറ്റൊരു കാരണം എഴുതിവരുമ്പോൾ പലരെക്കുറിച്ചും പല കാര്യങ്ങളും പരാമർശിക്കേണ്ടി വരും - ചിലപ്പോൾ ചിലർക്ക് രുചിക്കാത്ത

കാര്യങ്ങൾ അതിലുണ്ടാകാം. ആരെയും വേദനിപ്പിക്കുവാനോ സങ്കടപ്പെടുത്തുവാനോ എനിക്കാഗ്രഹമില്ല. കഴിവതും അങ്ങനെയുള്ള കാര്യങ്ങൾ ഒഴിവാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. വിജയിച്ചോ എന്നു പറയാനുമാവില്ല.

ജീവിതത്തിലെ ഏടുകളെക്കുറിച്ച് ചില ഡയറിക്കുറിപ്പുകൾ അപ്പഴപ്പോൾ എഴുതിവച്ചിട്ടുണ്ടായിരുന്നു. എന്നെ വേദനിപ്പിച്ച പല കാര്യങ്ങളും അതിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. അതൊന്നും ആരും അറിയുവാൻ താല്പര്യമില്ലാത്തതുകൊണ്ട് അതെല്ലാം ഒഴിവാക്കി. അങ്ങനെ വെട്ടിമാറ്റപ്പെട്ട് എഡിറ്റ് ചെയ്ത ഡയറിക്കുറിപ്പുകൾ എന്നു വേണമെങ്കിൽ ഇതിനെ വിശേഷിപ്പിക്കാം. ഒറ്റയിരുപ്പിൽ ഇരുന്നെഴുതിയതല്ല. പലപ്പോഴായി എഴുതിയ കാര്യങ്ങളിൽ വെട്ടിത്തിരുത്തലുകൾ വരുത്തി എന്നു മാത്രം. ഒരു ഓർമ്മക്കുറിപ്പു മാത്രം.

മൂന്നാമതൊരു കാരണം - ഇത് വ്യാവസായികാടിസ്ഥാനത്തിലുള്ള ഗ്രന്ഥമല്ല. വില കൊടുത്തു വാങ്ങുവാൻ ആളുകൾ കാണില്ല. എന്നോടടുപ്പമുള്ളവർക്കുമാത്രമേ ഇതിൽ താൽപര്യം കാണുകയുള്ളൂ. അതുകൊണ്ട് വിൽപന ലക്ഷ്യമേയല്ല. പിന്നെ സ്വയം പണം ചെലവാക്കണം; അതിനുള്ള ത്രാണിയും കുറവ്.

എന്നാൽ എന്റെ ജീവിതകഥ തലമുറകൾ അറിഞ്ഞിരിക്കണം എന്ന ഒരു ഉദ്ദേശ്യമുണ്ട്. കാരണം നൂറ്റാണ്ടുകൾ കാത്തിരുന്നെങ്കിൽ മാത്രമേ ഒരു എപ്പിസ്ക്കോപ്പാ ഒരു കുടുംബത്തിലുണ്ടാകയുള്ളൂ. ആ ആളിന്റെ ജീവിതവും മാതൃകകളും അനുഭവങ്ങളും പിൻതലമുറയ്ക്ക് ഉപകാരപ്രദമായിരിക്കും എന്നു കരുതുന്നു. എന്റെ താഴ്ചയിൽ എന്നെ ഓർത്തവന് അവന്റെ ദയ എന്നേക്കുമുള്ളത്. സാധാരണക്കാരെ ദൈവം വിളിക്കും, അസാധാരണ ചുമതലകൾ ഏൽപിക്കും. അസാധാരണക്കാരാക്കി തീർക്കുകയും ചെയ്യും. ഇത് പിൻതലമുറ അറിയണം. പിൻതലമുറയ്ക്കു വേണ്ടി മാത്രം ഈ വസ്തുതകൾ രേഖപ്പെടുത്തുന്നു.

മോശയ്ക്കുണ്ടായ ഹോരേബിലെ ദർശനമാണ് എനിക്ക് പ്രചോദനമേകിയത്. കത്തിയെരിയുന്ന മുൾപ്പടർപ്പിനുള്ളിൽ ദൈവപ്രകാശം കാണുന്നു, ദൈവശബ്ദം കേൾക്കുന്നു. വനാന്തരങ്ങളിൽ കാട്ടുതീ സർവ്വസാധാരണം. അതിനുള്ളിൽ ദൈവപ്രകാശം കാണുവാനും അതിൽക്കൂടി ദൈവനിയോഗം അറിയുവാനും മോശയ്ക്കു സാധിച്ചു. സാധാരണക്കാരിൽ സാധാരണക്കാരനായ, തടിച്ച നാവുള്ള വിക്കനായ മോശയിൽക്കൂടി തന്റെ നിയോഗം നിറവേറ്റിയ ദൈവം ഏതു സാധാരണക്കാരനെയും തനിക്കുവേണ്ടി ഉപയോഗിക്കുവാൻ സന്നദ്ധനാണ് എന്ന് ലോകം അറിയണം എന്നുള്ളതാണ് ഈ ഗ്രന്ഥരചനയുടെ ഉദ്ദേശ്യം. ദൈവകൃപയും മാതാപിതാക്കളുടെ കണ്ണീരും പ്രാർത്ഥനയുമാണ് ഞങ്ങൾക്കുള്ള അനുഗ്രഹ

ങ്ങൾക്ക് കാരണം. പിൻതലമുറയും ഈ അനുഗ്രഹങ്ങൾക്ക് അർഹരാകണം എന്നാഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു.

"ദൈവമേയെത്രയഗാധമഹോ
നിൻ ദിവ്യവിചാരണകൾ ഓർത്താൽ"

ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു ഉത്തേജനം നല്കിയ ഗീവർഗീസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ പ്രേരണയാൽ 'ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിൽ' എന്ന ഗ്രന്ഥവും രചിക്കുവാൻ ഇടയായി. തിരുമേനിയോട് നന്ദി ഉണ്ട്. കെ. വി. മാമ്മൻ ഇതിന് എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇതിന് എന്നെ സഹായിച്ച പ്രിയ സി. വൈ. തോമസച്ചനോടും നന്ദിയുണ്ട്.

"ഞാൻ ആയിരിക്കുന്നത് ദൈവകൃപയാലാകുന്നു."

**ബിഷപ്പ് ഡോ. സാം മാത്യു**
**വലിയതോട്ടത്തിൽ**

മാങ്ങാനം, കോട്ടയം - 18
17-5-2014

# ഉള്ളടക്കം


അവതാരിക കെ. വി. മാമ്മൻ 7

ആമുഖം 12

I ജീവിതരേഖകൾ
    സാധാരണത്വത്തിൽ അസാധാരണത്വം 17
    കുടുംബവിശേഷങ്ങൾ 18
    മിഷനറി ആഹ്വാനം 20

II ജീവിതം ഒരു തീർത്ഥാടനം 50
    ഞാൻ പലർക്കും ഒരത്ഭുതം 51
    വിദ്യാർത്ഥികൾ സഭയിൽ 60
    വൈദിക ശുശ്രൂഷാരംഗത്ത് 78

III ഇടയപരിപാലനം ഇടവകയിൽ 94

IV എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് 167
    ദൈവം നടത്തിയ വഴികൾ 167

V സ്ഥാനാഭിഷേകം 183
    തിളക്കമാർന്ന മഹായിടവക 191
    പുതിയ സ്ഥാപനങ്ങൾ 225
    സഹപ്രവർത്തകർ 256
    ചുമതലയിൽ നിന്നു വിടപറയുന്നു 262

VI സ്നേഹോപഹാരം 268



# ഭാഗം I

# ജീവിതരേഖകൾ

# സാധാരണത്വത്തിൽ അസാധാരണത്വം

സാധാരണത്വത്തിൽ അസാധാരണത്വം ദർശിച്ച ഒരു മഹാനാണ് മോശ. വനങ്ങളിൽ കാട്ടുതീ ഒരു സാധാരണ സംഭവം മാത്രം. മുൾപ്പടർപ്പു കത്തുന്നത് കണ്ട മോശ അവിടെ ദൈവപ്രകാശം ദർശിക്കുന്നു. മുൾപ്പടർപ്പിൽ ദൈവപ്രകാശം കാണുന്ന അസാധാരണ വ്യക്തിത്വമാണ് മോശയിൽ നാം കാണുന്നത്. ഒന്നും പ്രശംസിക്കുവാൻ ഇല്ലാത്ത ഒരു സാധാരണക്കാരിൽ സാധാരണക്കാരനായിരുന്നു മോശ. വിക്കനായ, തടിച്ച നാവുള്ള, സാധാരണ കുടുംബത്തിൽ ജനിച്ച ഒരുവൻ. പരിമിതികളുടെ ഒരു കൂമ്പാരം. ഈ സാധാരണക്കാരനെ ദൈവം അസാധാരണക്കാരനാക്കി. മാത്രവുമല്ല, വലിയ ഒരു ജനതതിയെ മരുഭൂമിയിൽ കൂടി കാനാനിലേക്ക് നയിച്ചുകൊണ്ടു പോകുക എന്നുള്ള അസാധാരണ ദൗത്യവും അദ്ദേഹത്തിന് നല്കപ്പെട്ടു. ദൈവം സാധാരണക്കാരെ വിളിക്കുകയും അവരെ അസാധാരണക്കാരാക്കിത്തീർക്കുകയും ചെയ്യുന്നവനാണ്. ബലവാന്മാരെയല്ല, ബലഹീനരെ വിളിക്കയും അവരെ ബലവാന്മാരാക്കുകയും ചെയ്യുന്നു.

സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയ്ക്ക് ശുശ്രൂഷാസാരഥ്യം വഹിക്കുവാൻ ദൈവത്താൽ വിളിക്കപ്പെട്ടു എന്നുള്ള വിശ്വാസം എന്നെ ഇതുവരെയും വഴി നടത്തുന്നു. സ്വന്തമായി ഒന്നും പ്രശംസിക്കുവാൻ എനിക്കില്ല. ഇത് ഭംഗിവാക്കല്ല. വസ്തുതയാണ്. പൂർണ്ണമായി വിശ്വസിക്കുന്ന കാര്യവുമാണ്. ഞാനായിരിക്കുന്നത് ദൈവകൃപയാൽ മാത്രം. സാധാരണക്കാരിൽ സാധാരണക്കാരനായ എന്നെ ദൈവം അസാധാരണമായ ഒരു ചുമതല ഭരമേല്പിച്ചിരിക്കുന്നു. സാധാരണക്കാരെ വിളിക്കയും അസാധാരണ ചുമതല ഭരമേല്പിക്കുകയും അവരെ അസാധാരണക്കാരാക്കിത്തീർക്കുകയും ചെയ്യുന്നവനാണ് ദൈവം.

എങ്ങനെ നോക്കിയാലും ഒന്നും പ്രശംസിക്കുവാനില്ലാത്ത ഒരുവൻ. ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററുടെ മകൻ, സാമ്പത്തികശേഷി പരിമിതം. മര്യാദയ്ക്ക് ജീവിക്കാനുള്ളത് മാത്രം. ഒരു നല്ല പള്ളിയിലെ പരിശീലനം പോലും ലഭിച്ചില്ല. ഗായകസംഘം, യുവജനപ്രസ്ഥാനം ഇവയിലൊന്നുമുള്ള പരിശീലനമില്ല. സണ്ടേസ്കൂൾ കുറെ പഠിച്ചു എന്നു മാത്രം. തികച്ചും ലജ്ജാശീലൻ. മറ്റുള്ളവരോട് സംസാരിക്കുന്നതിനോ ബന്ധുവീടുകളിൽ പോലും പോയി താമസിക്കുന്നതിനോ ധൈര്യമില്ലായിരുന്നു. പഠിക്കുവാൻ അതിസമർത്ഥനൊന്നുമായിരുന്നില്ല. ഒരു ശരാശരി വിദ്യാർത്ഥി. പിതാവിനോടൊപ്പം മിഷൻ വീടുകളിൽ താമസിച്ചു.

എന്നാൽ കുടുംബത്തിൽ നല്ല ക്രിസ്തീയ പരിശീലനം ലഭിച്ചു. പാട്ടും പ്രാർത്ഥനയും കൂട്ടായ്മയും ഒക്കെ ഉണ്ടായിരുന്നു. കോളജ് വിദ്യാഭ്യാസകാലത്ത് യുവജനസമ്മേളനങ്ങളിൽ മുടങ്ങാതെ സംബന്ധിച്ചു. പരിമിതമായ യാത്രാസൗകര്യങ്ങൾ മാത്രമുള്ള, വൈദ്യുതി പോലും ഇല്ലാത്ത, വലിയ പരിഷ്കാരമൊന്നുമില്ലാത്ത കൃഷിക്കാരായ ആളുകളുടെയിടയിൽ താമസിച്ചു. അങ്ങനെ ഉള്ള സാഹചര്യത്തിൽ ജീവിച്ച ഒരു സാധാരണ മനുഷ്യൻ.

## കുടുംബം

വലിയതോട്ടത്തിൽ കുടുംബം. കാർത്തികപ്പള്ളിയിൽ നിന്നു വന്ന് കോടുകുളഞ്ഞിയിൽ താമസമാക്കിയതാണ്. കാർത്തികപ്പള്ളിയിലെ ആലുംമൂട്ടിൽ കുടുംബമാണ് മാതൃകുടുംബം. കാർത്തികപ്പള്ളി കൊട്ടാരത്തിൽ ജീവനക്കാരായ ക്ഷത്രിയകുടുംബങ്ങളിൽ ഒന്നായിരുന്നു ഈ കുടുംബം. അക്കാലത്ത് അവിടെ വന്ന ഒരു ക്രൈസ്തവസന്യാസിയുടെ സ്വാധീനത്തിൽ ഈ കുടുംബം ക്രിസ്തുമതം സ്വീകരിച്ചു. സന്യാസിയുടെ ഏതാനും അത്ഭുതപ്രവർത്തനങ്ങളാണ് ക്രിസ്തുവിനെ സ്വീകരിപ്പാൻ ഇവരെ പ്രേരിപ്പിച്ചത്. ഇവർ ക്രിസ്ത്യാനികളായതിൽ രാജാവിന് ഒരു എതിർപ്പും ഇല്ലായിരുന്നു. എന്നുതന്നെയല്ല അവർക്ക് ആരാധിക്കുവാൻ ഒരു പള്ളിവയ്ക്കുവാനുള്ള സ്ഥലവും നല്കി. അവിടെ പള്ളിവച്ച് ആരാധിച്ചു. അന്നത്തെ മെത്രാപ്പോലീത്താ ആലുംമൂട്ടിൽ കുടുംബത്തിന് പ്രത്യേക പദവികൾ നല്കി. അവർക്ക് കല്യാണത്തിന് പതാരം, കുഴിക്കാണം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇളവു നല്കും. ഇന്നും ഈ കുടുംബം പ്രശസ്തമായി അവിടെ നിലകൊള്ളുന്നു. ആലുംമൂട്ടിൽ കുടുംബം എന്നാണീ കുടുംബം അറിയപ്പെടുന്നത്.

രാജാവ് അനുകൂലമായിരുന്നെങ്കിലും അവിടുത്തെ ഇതരജീവനക്കാരും രാജകുടുംബാംഗങ്ങളും ഈ മതപരിവർത്തനത്തെ എതിർക്കുകയും അവരെ പീഡിപ്പിക്കുകയും ചെയ്തതിനാൽ അവിടെ നിന്ന് നാലുമക്കളടങ്ങിയ കുടുംബം പലായനം ചെയ്തു. ഒരു കുടുംബം (ഒരു മകൻ) കോടുകുളഞ്ഞിയിൽ വന്നു താമസിച്ചു. അതാണ് വലിയതോട്ടത്തിൽ കുടുംബം. നല്ല കായികശേഷിയുള്ളവരും, ധീരന്മാരും ഉത്സാഹശീലരുമായിരുന്നു ഈ കുടുംബത്തിലെ അംഗങ്ങൾ. കോടുകുളഞ്ഞിയിൽ താഴ്ന്ന പ്രദേശത്ത് അഥവാ തോട്ടപ്രദേശത്ത് വന്നു താമസിച്ചു. വലിയതോട്ടത്തിൽ കുടുംബമാണ് അത് എന്ന് ചരിത്രം പറയുന്നു. ഈ കുടുംബത്തിന്റെ പല ശാഖകൾ വിവിധ സ്ഥലങ്ങളിൽ ഇന്നും നിലനില്ക്കുന്നു.

പുരാതന ഓർത്തഡോക്സ് സഭയുടെ അംഗങ്ങളായിരുന്ന അവർ ആ വിശ്വാസത്തിൽ തന്നെ നിലനിന്നു. എന്നാൽ മിഷനറിമാരുടെ വരവോടു

കൂടി പൊതുവേ നവീകരണചിന്താഗതി ഉണ്ടായിരുന്ന ഈ ആളുകൾ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി അവരോടൊപ്പം പ്രവർത്തനം ആരംഭിക്കുകയും ആംഗ്ലിക്കൻ സഭ രൂപംകൊണ്ടപ്പോൾ അതിൽ ചേർന്ന് പ്രവർത്തിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുത്ത ഒരു കുടുംബമായിരുന്നു അത്. സാമ്പത്തിക പരാധീനതകളും പഠനത്തിന് അസൗകര്യങ്ങളും മുഖാന്തരം ഉന്നത വിദ്യാഭ്യാസത്തിന് പോകുവാൻ കഴിഞ്ഞില്ല. എന്നാൽ സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചവർ പള്ളിക്കൂടങ്ങളിൽ അദ്ധ്യാപകരും (ആശാന്മാർ) സഭയുടെ ചുമതലക്കാരുമായി. അക്കാലത്ത് അദ്ധ്യാപകർ സഭാചുമതലകളും നിർവ്വഹിച്ചിരുന്നു. അവർ ആശാന്മാർ എന്നറിയപ്പെട്ടിരുന്നു.

## ക്രിസ്തീയ പരിശീലനം കുടുംബത്തിൽ

വ്യക്തിപരമായി നല്ല ക്രിസ്തീയ പാരമ്പര്യത്തിലും പരിശീലനത്തിലും വളർത്തപ്പെടുവാൻ സാധിച്ചു എന്നുള്ളത് ദൈവകൃപ. ക്രിസ്തീയ മൂല്യങ്ങളിൽ നിന്നണുവിട മാറുവാൻ പാടില്ലായിരുന്നു. കുടുംബപ്രാർത്ഥനയ്ക്ക് വളരെ പ്രാധാന്യം നല്കി. ഞങ്ങൾ 4 മക്കൾ വിദ്യാഭ്യാസം ആരംഭിച്ചപ്പോൾ മുതൽ സന്ധ്യയ്ക്ക് മേശവിളക്ക് കത്തിച്ച് അതിന്റെ മുന്നിലിരുന്ന് ഒരുമിച്ച് പാട്ടുപാടി വേദപുസ്തകം വായിച്ച് പ്രാർത്ഥിക്കണമായിരുന്നു. അവിടെ പഠനം ആരംഭിക്കും. പിന്നീട് അത്താഴം ഊണിനു മുമ്പ് കുടുംബപ്രാർത്ഥന പിതാവ് നയിച്ചു. ഒന്നോ രണ്ടോ പാട്ടുകൾ പാടി വേദപുസ്തകം ഒരു ഭാഗവും ഒരു സങ്കീർത്തനവും ഓരോരുത്തർ മാറിമാറി വായിക്കും. പിതാവ് ഒരു ഭാഗം വായിച്ച് പിതാവോ, മാതാവോ പ്രാർത്ഥിക്കും. രാവിലെ 5 മണിയാകുമ്പോൾ പിതാവ് എല്ലാവരെയും വിളിച്ചുണർത്തും. പാട്ടുപാടി ബൈബിൾ നോട്ട് വച്ചു വായിക്കും. പിതാവ് പ്രാർത്ഥിക്കും. എല്ലാവരും അതിൽ സംബന്ധിക്കണമെന്നുള്ളത് നിർബന്ധം. ഉറങ്ങിപ്പോയാൽ കൊച്ചടി കിട്ടും.

ഞായറാഴ്ച പള്ളിയിൽ പോക്ക് പ്രധാനം. രാവിലെ നുള്ളരി കെട്ടി സണ്ടേസ്കൂളിന് പോയേ തീരൂ. അതുകഴിഞ്ഞ് പള്ളിയിൽ ആരാധനയ്ക്ക് വേദപുസ്തകം പ്രാർത്ഥനാക്രമം ഇവയുമായി പോകണം. ഒരു ഒഴികഴിവും ഇല്ല. പൂർവ്വ കുടുംബത്തിൽ നിന്നു ലഭിച്ച പരിശീലനമാണിത്.

ഉള്ളതിൽ സംതൃപ്തിയോടുകൂടെ ജീവിക്കണം. ഞങ്ങൾക്ക് ഒരു കുറവും വരുത്തിയിട്ടില്ല. നല്ല വസ്ത്രം, നല്ല കുട എല്ലാം ഞങ്ങൾക്കുണ്ട്. വൃത്തിയായി വസ്ത്രധാരണം ചെയ്യണമെന്നുള്ളത് നിർബന്ധം. കൊച്ചു

കൊച്ചു ജോലിവേലകളും ചെയ്യണം. വളരെ സംതൃപ്തിയുള്ള ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. മക്കളുടെ ന്യായമായ എല്ലാ ആവശ്യങ്ങളും മാതാപിതാക്കൾ നിറവേറ്റിത്തരുമായിരുന്നു.

## മിഷനറി ആഹ്വാനം

ഏതാണ്ടു നൂറ്റിപ്പന്ത്രണ്ട് വർഷങ്ങൾക്കു മുമ്പ് 1902 ൽ ആരംഭിച്ചതാണ് അടൂർ മിഷൻ. അവിടെ പ്രവർത്തിക്കുവാൻ സന്നദ്ധരായ വിദ്യാഭ്യാസമുള്ള യുവാക്കൾ മുന്നോട്ടു വരട്ടെ എന്ന് അന്നത്തെ ബിഷപ്പ് കോടുകുളഞ്ഞിപ്പള്ളിയിൽ ആഹ്വാനം ചെയ്തപ്പോൾ സാമാന്യവിദ്യാഭ്യാസം ലഭിച്ച വലിയതോട്ടത്തിൽ പോത്തൻ, മാത്തൻ എന്നീ സഹോദരങ്ങൾ മുമ്പോട്ടുവന്നു. ദീർഘകായന്മാരും വിദ്യാഭ്യാസം സിദ്ധിച്ചവരുമായ ഈ യുവാക്കളെ കണ്ട ബിഷപ്പ് സന്തുഷ്ടനായി അവരെ അടൂർ മിഷനിൽ മിഷനറിമാരായി അയച്ചു.

A door is opened at Adoor. വെള്ളൂത്തടത്തിൽ ജോർജ് ആശാൻ മാവേലിക്കരയിൽ നിന്ന് അടൂർ വരികയും ഈ മൂന്നു പേരും ചേർന്ന് അടൂർ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

## അടൂർ മിഷൻ - സ്വദേശ മിഷൻ

തിരുവിതാംകൂറിന്റെ ചരിത്രം പഠിക്കുന്ന ഒരുവന് അത്ഭുതം തോന്നത്തക്കവിധത്തിലുള്ള ഒരു സാഹചര്യമായിരുന്നു ഇവിടെ. മിഷനറി പ്രവർത്തനങ്ങൾ ആരംഭിച്ച കാലഘട്ടം. ജാതിവ്യവസ്ഥ അതിന്റെ ഭീകര രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന ഒരു സമയം. തീണ്ടലും തൊടീലും നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ ഈഴവർക്കു പോലും അയിത്തം കല്പിച്ചിരുന്ന ആ കാലത്ത് പറയർ, പുലയർ, കുറവർ തുടങ്ങിയുള്ള 'താണ ജാതി'യിൽപെട്ടിരുന്നവരെ മനുഷ്യരായിപ്പോലും കരുതിയിരുന്നില്ല. മൃഗങ്ങളെക്കാൾ നികൃഷ്ടരായി കരുതപ്പെട്ടിരുന്ന ഇക്കൂട്ടർ അക്കാലത്ത് അടിമകളായിരുന്നു. മനുഷ്യരെ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നു. മൃഗങ്ങളോടൊപ്പം ഒരു നുകത്തിൽ ഒരു വശത്തു മൃഗത്തെയും മറുവശത്ത് ഒരു അടിമയെയും വച്ചുകെട്ടി ചെളിനിറഞ്ഞ വയലുകളും പാടങ്ങളും ഉഴുതുന്നത് ഒരു സാധാരണ കാഴ്ചയായിരുന്നു. അവർക്ക് ആവശ്യത്തിന് വസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടിരുന്നു. അവരുടെ സ്ത്രീകൾ മാറുമറയ്ക്കുവാൻ പാടില്ല എന്നുള്ളത് കർശനമായിരുന്നു. അങ്ങനെ ജന്മി കുടിയാൻ അടിമ വ്യവസ്ഥിതി കൊടികുത്തിവാഴുന്ന ആ കാലഘട്ടത്തിലാണ് മിഷനറി പ്രവർത്തനം അവിടെ ആരംഭിച്ചത്. 1816 ൽ തോമസ് നോർട്ടൻ ആലപ്പുഴയിൽ വന്ന് മിഷനറി പ്രവർത്തനം ആരംഭിച്ചു. ഏതാണ്ട് 50 വർഷങ്ങൾക്കുശേഷം പന്തളം കേന്ദ്രമാക്കി മിഷനറി പ്രവർത്തനം ആരംഭിച്ചു.

പന്തളം, അടൂർ, പത്തനാപുരം, ശാസ്താംകോട്ട മുതലായ സ്ഥലങ്ങളിലും അതിനുചുറ്റുമുള്ള പ്രദേശങ്ങളിലും അവർണ്ണരായ ഒരു വലിയ ജനതതി പാർത്തിരുന്നു. കാടും മേടും നിറഞ്ഞ ആ പ്രദേശങ്ങളിൽ വന്യജീവികളെ ധാരാളമായി കാണാമായിരുന്നു. പുലിയും കടുവയും ചെന്നായ്ക്കളും മാനും മരഞ്ചാടിയുമെല്ലാം സ്വൈര്യവിഹാരം നടത്തിയിരുന്നു. വലിയ മലമ്പുല്ലു തിങ്ങിനിറഞ്ഞ ഈ സ്ഥലങ്ങളിൽ കുറുക്കനും, മുള്ളൻപന്നിയും സാധാരണ കാഴ്ചയായിരുന്നു. കാട്ടുപന്നിയുടെ വിഹാരസ്ഥലമായിരുന്ന ഈ പ്രദേശങ്ങളിൽ ഒരു പറ്റം മനുഷ്യജീവികൾ, അടിമകളായിരുന്നവർ ഈ വന്യമൃഗങ്ങളോട് പോരാടിക്കൊണ്ട് അവരുടെ യജമാനന്മാർക്കു വേണ്ടി കഠിനാധ്വാനം ചെയ്തുകൊണ്ടിരുന്നു. കാട്ടുപഴങ്ങളും കാട്ടുകിഴങ്ങുകളുമായിരുന്നു അവരുടെ മുഖ്യാഹാരം. അവർ പണിചെയ്തുണ്ടാക്കിയ നെല്ലും, മറ്റു ഭക്ഷ്യവസ്തുക്കളും യജമാനന്മാർക്കു വേണ്ടി മാത്രം. ശ്രേഷ്ഠജാതിക്കാരുടെ പീഡനത്തിനും അതുപോലെ ചൂഷണത്തിനും വിധേയരായ ഈ മനുഷ്യജീവികൾ പാർത്തിരുന്ന ഈ സ്ഥലങ്ങളിലേക്ക് അറിവിന്റെ പ്രകാശം എത്തിനോക്കിയിട്ടില്ലായിരുന്നു. അവരുടെ കുഞ്ഞുങ്ങൾ (ചെറുമൻമാർ) മൃഗങ്ങളോടൊപ്പം വളർന്നു. മാറുമറയ്ക്കുവാൻ പോലും അനുവാദമില്ലാതിരുന്ന അവരുടെ അർദ്ധനഗ്നകളായ യുവതികളും സ്ത്രീകളും യജമാനന്മാരുടെ ഉപഭോഗ വസ്തുക്കളായി ജീവിച്ചു. പകലന്തിയോളം മൃഗങ്ങളോടൊപ്പം പണി ചെയ്തുവന്ന ഈ പാവപ്പെട്ട സമൂഹം അത്താഴത്തിനു വഴിയില്ലാതെ കുടിലുകളിലേക്ക് മടങ്ങി വരുമ്പോൾ വയറൊട്ടി കണ്ണുകുഴിഞ്ഞ് മൂക്കളയും ഒലിപ്പിച്ചു വളർത്തുനായ്ക്കളോടൊപ്പം തളർന്നുറങ്ങുന്ന കുഞ്ഞുങ്ങളെയാണ് കാണുന്നത്. വിദ്യാഭ്യാസം എന്ന വാക്കുപോലും അവർക്കജ്ഞാതമായിരുന്നു. കാടുകളിലെ പുല്ലുമേഞ്ഞ കുടിലുകൾക്കുള്ളിൽ അന്തിയുറങ്ങുന്ന ഇവർ പുലരും മുമ്പ് യജമാനന്മാർക്കുവേണ്ടി പാടങ്ങളിലും കൃഷിസ്ഥലങ്ങളിലും എത്തിച്ചേരുമായിരുന്നു. കോളറാ, വസൂരി തുടങ്ങിയ രോഗങ്ങൾ സർവ്വസാധാരണമായിരുന്നു. വൻപുല്ലുകൾ വകഞ്ഞുണ്ടാക്കുന്ന വഴികളിൽകൂടി സഞ്ചരിക്കുന്ന ഇവർ പലപ്പോഴും വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരായിക്കൊണ്ടിരുന്നു. പ്രാകൃതജീവിതം നയിച്ചുവന്ന അടിമകളായിരുന്നു ഇവിടെയുള്ള അധഃകൃത വർഗ്ഗക്കാർ.

അന്നത്തെ പ്രബലസമുദായക്കാർ നായന്മാരായിരുന്നു അധികവും. അവരിൽ തന്നെ ഉണ്ണിത്താന്മാർ എന്നൊരു വിഭാഗവും ഉണ്ടായിരുന്നു. ചില ബ്രാഹ്മണ കുടുംബങ്ങളും അവിടെയുണ്ടായിരുന്നു. അവർ ജന്മികളും ധാരാളം ഏക്കർ ഭൂമി കൈവശമുള്ളവരും സ്വാധീനമുള്ള മാടമ്പിമാരും ആയിരുന്നു. ചില ഭാഗങ്ങളിൽ ഈഴവർ ധാരാളമുണ്ടായിരുന്നു. എന്നാൽ അവർക്കും അർഹമായ പരിഗണന ഇല്ലായിരുന്നു. അധഃകൃത

രെക്കാൾ അല്പം കൂടി മെച്ചപ്പെട്ട ജീവിതം നയിച്ച ഇക്കൂട്ടരും തൊട്ടുകൂടാത്തവരായിരുന്നു. ക്ഷേത്രത്തിൽ പോകുന്നതിനോ ആരാധിക്കുന്നതിനോ അവർക്കും സ്വാതന്ത്ര്യമില്ലായിരുന്നു.

ക്രിസ്ത്യാനികൾ നന്നേ കുറവായിരുന്നു ഈ പ്രദേശങ്ങളിൽ. സുറിയാനി ക്രിസ്ത്യാനികളായ ഇവർ നായന്മാരെപ്പോലെ തന്നെ പ്രബലരും സമ്പന്നരുമായിരുന്നു. വിദ്യാഭ്യാസത്തിലും ആദ്ധ്യാത്മികതയിലും വളരെ പിന്നോക്കാവസ്ഥയിലായിരുന്നു ഇക്കൂട്ടർ. അന്ധവിശ്വാസവും അനാചാരങ്ങളും ഇവരുടെ ഇടയിൽ ധാരാളമുണ്ടായിരുന്നു. ഒറ്റമുണ്ടും തോർത്തും ആയിരുന്നു പുരുഷന്മാരുടെ വേഷം. സ്ത്രീകൾ മുണ്ടും ഏത്താപ്പും ധരിച്ചിരുന്നു. മിന്നുമാലയും കാതിൽ വാളികകളും കുണുക്കും ഒക്കെയായിരുന്നു ആഭരണങ്ങൾ. മാമോദീസ, വിവാഹം, ശവസംസ്കാരം എന്നിവയ്ക്കു മാത്രമായിരുന്നു പള്ളികൾ ഉപയോഗിച്ചിരുന്നത്. ചുരുക്കം ചില പള്ളികൾ മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസ സൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ലായിരുന്നു. സാമൂഹ്യവും സാംസ്കാരികവും, ആത്മികവുമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്നു അക്കാലത്ത് ക്രിസ്ത്യാനികളും. പള്ളികളിൽ നേർച്ചകാഴ്ചകൾ അർപ്പിക്കുന്നതോടൊപ്പം അമ്പലങ്ങളിലും നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ഉത്സവങ്ങളിൽ പോയി സംബന്ധിക്കുകയും ചെയ്യുന്നവരായിരുന്നു ക്രിസ്ത്യാനികളും.

അന്നത്തെ പ്രബല ഹൈന്ദവസമുദായങ്ങളും സുറിയാനി ക്രിസ്ത്യാനികളും വളരെ സൗഹൃദത്തിലും, സ്നേഹത്തിലും കഴിഞ്ഞുവന്നു. അമ്പലങ്ങളിലെ ഉത്സവങ്ങളിലും പള്ളികളിലെ പെരുനാളുകളിലും ഹിന്ദുക്കളും ക്രിസ്ത്യാനികളും പരസ്പരം പങ്കെടുക്കുക പതിവായിരുന്നു. അനേകം അമ്പലങ്ങളിലെ ഉത്സവങ്ങളിൽ ക്രിസ്ത്യാനികളുടെ സാന്നിദ്ധ്യം അനിവാര്യമായിരുന്നു. ഉദാ: പുന്തലയ്ക്കടുത്ത് ചാമക്കാവ് (ശാർങ്ങകാവ്) ഒരു അമ്പലവും ഉത്സവവും ഉണ്ട്. ഇടപ്പോൺ ഭാഗത്ത് ഒരു തേരു കെട്ടി എല്ലാ വർഷവും ചാമക്കാവിൽ കൊണ്ടുവരും. 50 അടിയിൽ കൂടുതൽ ഉയരമുള്ള തേര് വച്ച സ്ഥലത്തുനിന്ന് പൊങ്ങണമെങ്കിൽ അവിടുത്തെ കല്ലുവീട്ടിൽ എന്നുപറയുന്ന ക്രിസ്ത്യൻ തറവാട്ടിലെ മൂപ്പൻ ആ തേരിന്റെ അറ്റത്ത് പിടിച്ചിരിക്കണം. അല്ലാത്തപക്ഷം തേര് ഒടിഞ്ഞു പോകും. പുതുവസ്ത്രവും പുകയിലക്കെട്ടും ദക്ഷിണയായി മാപ്പിളയ്ക്ക് കൊടുക്കുകയും ചെയ്യും.

മുസ്ലീങ്ങൾ വളരെ കുറച്ചു മാത്രമെ ഉണ്ടായിരുന്നുള്ളൂ. ചില സ്ഥലങ്ങൾ കേന്ദ്രീകരിച്ച് അവർ പാർത്തിരുന്നു.

# മിഷനറി പ്രവർത്തനം - സഭയിൽ

ചർച്ച് മിഷനറി സമൂഹത്തിന്റെ (സി.എം.എസ്.) പ്രവർത്തനഫലമായി 1879 ൽ തിരുവിതാംകൂർ-കൊച്ചി ആംഗ്ലിക്കൻ മഹായിടവക രൂപം കൊണ്ടു. അതുവരെ കൽക്കട്ടാ, മദ്രാസ് എന്നീ മഹായിടവകകളുടെ കീഴിലായിരുന്നു ഇവിടുത്തെ സഭകൾ. ഇൻഡ്യാ, ബർമ്മ, സിലോൺ ആംഗ്ലിക്കൻ സഭയുടെ ഭാഗമായിരുന്നു ഇവിടുത്തെ സഭയും.

## മഹായിടവക

1879 ജൂലൈ 25-ാം തീയതി വിശുദ്ധ യാക്കോബിന്റെ നാളിൽ ലണ്ടനിലെ സെന്റ് പോൾസ് കത്തീഡ്രലിൽ വച്ച് തിരു-കൊച്ചി മഹായിടവകയുടെ ബിഷപ്പായി റവ. ജോൺ മാർട്ടൻഡെയിൽ സ്പീച്ചിലിയെ വാഴിച്ചു. ഇദ്ദേഹം 1880 ഫെബ്രുവരി ഒന്നിന് കോട്ടയം ഭദ്രാസനദേവാലയത്തിൽ വച്ച് മഹായിടവകയുടെ പ്രഥമ ബിഷപ്പായി സ്ഥാനമേറ്റു. ജൂലൈ 25 വി. യാക്കോബിന്റെ നാൾ മഹായിടവക ദിനമായി കൊണ്ടാടുന്നു.

ഇവിടെ ഒരു മഹായിടവക രൂപം കൊണ്ടപ്പോൾ ഒരു തദ്ദേശീയ മിഷനറി പ്രവർത്തനം ആരംഭിക്കുവാൻ മഹായിടവക തീരുമാനിക്കുകയും മഹായിടവകയുടെ തെക്കേഅറ്റത്തുള്ള കുന്നത്തൂർ, മാവേലിക്കര, പത്തനാപുരം എന്നീ താലൂക്കുകൾ കേന്ദ്രമാക്കി പന്തളം മിഷൻ എന്ന പേരിൽ ഈ തദ്ദേശീയ മിഷൻ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. സാംബവർ, സിദ്ധനർ, ചേരമർ എന്നീ അധഃകൃത ജാതിക്കാരുടെയും ഇടയിലാണ് പ്രവർത്തനം ആരംഭിച്ചത്. കാളവണ്ടിയിലും അപൂർവ്വം ലഭിച്ചിരുന്ന സൈക്കിളിലും ചുറ്റിനടന്ന് സുവിശേഷ പ്രവർത്തനങ്ങൾ നടത്തിപ്പോന്നു.

## സഹായമിഷൻ

ചർച്ച് മിഷനറി സമൂഹം തിരുവിതാംകൂറിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ സുറിയാനി സഭയുമായി സഹകരിച്ചായിരുന്നു പ്രവർത്തനം. സുറിയാനി സഭയുടെ നവീകരണമായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ ഈ പ്രവർത്തനം പരാജയപ്പെടുകയും അവരുടെ പ്രവർത്തനങ്ങൾ അവിടുത്തെ അധഃകൃത വർഗ്ഗത്തിന്റെ ഉന്നമനം ലാക്കാക്കി, പ്രവർത്തനമേഖല അവിടേക്ക് തിരിക്കുകയും ചെയ്തു. സുറിയാനി സഭയിലെ തന്നെ അംഗങ്ങളെ പരിശീലിപ്പിച്ച് മിഷനറി പ്രവർത്തനം നടത്തുവാനാണവർ ആഗ്രഹിച്ചത്. അങ്ങനെ മല്ലപ്പള്ളി, മാവേലിക്കര, പള്ളം, കോടുകുളഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ സുവിശേഷകേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം വ്യാപകമാക്കുവാൻ മിഷനറിമാർ തീരുമാനിച്ചു. എല്ലാവിധത്തിലും

സ്വാശ്രയത്വം ആർജ്ജിക്കണം എന്നതായിരുന്നു മിഷനറിമാരുടെ താല്പര്യം. ബിഷപ്പിന്റെ അദ്ധ്യക്ഷതയിൽ ഓരോ ഇടവകയിലെയും പ്രതിനിധികളടങ്ങുന്ന കൗൺസിൽ ഉണ്ടായി. സ്വയം വികസനത്തിന്റെ ഭാഗമായി. പ്രാദേശിക സഭയിലെ ദി നേറ്റീവ് ചർച്ച് മിഷനറി അസോസിയേഷൻ എന്ന സംഘടനയുടെ കീഴിലാണ് മിഷൻ പ്രവർത്തനങ്ങൾ നടന്നത്.

മിഷനറിമാരുടെ നവീകരണാശയങ്ങൾ സ്വീകരിച്ച ഓർത്തഡോക്സ് സഭയിലെ ഒരു വിഭാഗം അബ്രഹാം മല്പാൻ തുടങ്ങിയ നവീകരണാശയക്കാർ ഉൾപ്പെട്ട മാർത്തോമ്മാ സഭയായി രൂപം കൊണ്ടു. ഈ സഭ വളർന്നു പന്തലിച്ച് ലോകമെമ്പാടും ശാഖോപശാഖകളോടു കൂടി നില നിൽക്കുന്നു. അടൂർ മിഷനെക്കുറിച്ച് ചേനത്ര സി.കെ. ജോൺ അച്ചൻ രചിച്ച കവിതകളിൽ നിന്നും

കുന്നത്തൂർ താലൂക്കിൽ വന്നെത്തും നേരത്ത്
പിന്നത്തെ വാർത്തയെന്ത്?
ഇന്നത്തെ വാർത്തയോ പണ്ടു നാടെത്തിടും
കേടാർന്നൊരടൂർ മിഷൻ
 അടൂർ കടമ്പനാട് ഐവർകാലാ
 തൂവയൂർ പെരിങ്ങനാട്, മനക്കര
 പെരുവേലിക്കര, ആനന്ദപ്പള്ളി
 ഐക്കാടും പിന്നെ ചൂരക്കോട്ടും...
ഇങ്ങനെ വളർന്നു പടർന്നു
ദക്ഷിണജില്ലയെല്ലാം കുന്നത്തൂരിൽ
പത്തനാപുരത്തും പരിലസിക്കുന്നു
പ്രൗഢമാം അടൂർ മിഷൻ.

അങ്ങനെ ആരംഭിച്ച മിഷൻ വയൽ ശാസ്താംകോട്ട മുതൽ പിറവന്തൂർ വരെയും ഏനാത്തു മുതൽ പന്തളം വരെയും വ്യാപിച്ചുകിടക്കുന്നു. പന്തളം മിഷൻ എന്ന പേരിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്.

## അടൂർ മിഷന്റെ ആരംഭം

1899 ൽ ആർച്ചു ഡീക്കൻ ഉമ്മൻ മാമ്മനാണ്, ഈ പ്രദേശം ആദ്യമായി സന്ദർശിച്ചത്. ഭൂരിഭാഗം ഹിന്ദുക്കളും, സുവിശേഷത്തിന്റെ ഗന്ധം പോലുമില്ലാത്ത കുറെ സുറിയാനി ക്രിസ്ത്യാനികളും, വളരെ ഏറെ അവശസമുദായാംഗങ്ങളും താമസിക്കുന്ന ഈ പ്രദേശം മിഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യവും സാധ്യതയും ഉള്ള സ്ഥലമായി മനസ്സിലാക്കി. അദ്ദേഹത്തിന്റെ പ്രേരണയാൽ ഹോഡ്ജസ് തിരുമേനി കൗൺസിലിന്

ഇക്കാര്യം ശുപാർശ ചെയ്യുകയും പ്രാദേശിക സഭയുടെ പ്രത്യേക മിഷനറി പ്രവർത്തനകേന്ദ്രമായി ഈ പ്രദേശം തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1902 ൽ ആർച്ചുഡീക്കൻ ഉമ്മൻമാമ്മന്റെ മേൽനോട്ടത്തിൽ റവ. ടി. കെ. നൈനാൻ അച്ചനെ മിഷനറിയായി നിയമിച്ചു. അദ്ദേഹം അടൂർ താമസമാക്കി പ്രവർത്തിച്ചു. അങ്ങനെ പന്തളം മിഷൻ അടൂർമിഷൻ എന്ന് പേരിന് അർഹമായി. "മഹായിടവകയുടെ സ്വന്തം മിഷൻ" എന്നാണ് ഈ മിഷൻ അറിയപ്പെട്ടത്. വിദേശ സഹായം കൂടാതെ സ്വന്തം പണം ഉപയോഗിച്ചാണ് ഇവിടെ പ്രവർത്തനം നടത്തിയത്. മഹായിടവകയിലെ സാമ്പത്തിക ശേഷിയുള്ള ഇടവകകൾ ഓരോ സഭയുടെ ചുമതല ഏറ്റെടുത്ത് പ്രവർത്തനം നടത്തിപ്പോന്നു.

ഗിൽ തിരുമേനി 1906 ജനുവരി ഒന്നാം തീയതി മാവേലിക്കരയിലും രണ്ടാം തീയതി കോടുകുളഞ്ഞിയിലും സന്ദർശനം നടത്തി. ആരാധനാമദ്ധ്യേയുള്ള പ്രസംഗത്തിൽ ആർ നമുക്ക് വേണ്ടി പോകും എന്ന് ആഹ്വാനം ചെയ്തു. ഈ ആഹ്വാനം കേട്ട് ഒരു പറ്റം അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തങ്ങളെത്തന്നെ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. തങ്ങൾക്കുണ്ടായിരുന്ന അദ്ധ്യാപകജോലി ഉപേക്ഷിച്ച് പൂർണ്ണസമയം സുവിശേഷ വേലയ്ക്കായി മുന്നോട്ടു വന്നു.

മാവേലിക്കരയിൽ നിന്ന് വെള്ളൂതടത്തിൽ റ്റി.ജി. ജോർജ് തന്റെ പോലീസിലുള്ള ജോലി ഉപേക്ഷിച്ചു. കോടുകുളഞ്ഞിയിൽ നിന്ന് വല്യതോട്ടത്തിൽ പോത്തൻ, വല്യതോട്ടത്തിൽ മാത്തൻ എന്നിവർ തങ്ങളുടെ അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചു. താനോത്രയിൽ ഇടിക്കുളയും അടൂർ മിഷനിൽ പ്രവർത്തിക്കുവാൻ സന്നദ്ധനായി.

ചുണ്ടോട്ട് ജോർജ് ആശാൻ അടൂരിലും വല്യതോട്ടത്തിൽ പോത്തൻ ആശാൻ ഏനാത്തും വല്യതോട്ടത്തിൽ മാത്തൻ ആശാൻ പന്തളത്തും (ഐരാണിക്കുടി) താനോത്ര ഇടിക്കുള ആശാൻ പത്തനാപുരത്ത് പുതുവലിലും താമസിച്ച് പ്രവർത്തനം നടത്തി.

## പോത്തൻ ആശാൻ

ഏനാത്തുകേന്ദ്രീകരിച്ച് പ്രവർത്തിച്ച പോത്തനാശാന് ആദ്യത്തെ ഭാര്യയിൽ മൂന്നു മക്കളുണ്ടായിരുന്നു. ഏനാത്തു താമസിച്ചിരുന്ന കുഞ്ഞൂഞ്ഞ്, കിടങ്ങന്നൂർ വിവാഹം ചെയ്ത മകൾ, കൊല്ലകടവിൽ ആലുംമൂട്ടിൽ വിവാഹിതയായ ചേച്ചമ്മ എന്നിവരും രണ്ടാം ഭാര്യയിൽ പി.പി. ഏലിയാമ്മ, പി.പി. ശമുവേൽ, പി. പി. മറിയാമ്മ, പി. പി. ജോൺ എന്നിവരും മക്കളായിരുന്നു.

ആലുംമൂട്ടിൽ ചേച്ചമ്മയുടെ കൊച്ചുമകനാണ് റവ. ഡോ. ഷാജൻ ഇടിക്കുളയും അഡ്വ. ഉമ്മൻ ആലുംമൂട്ടിലും. പി.പി. ജോണിന്റെ മകനാണ് ഡോ. ജോൺ ഫിലിപ്പ് (ബാബു) ഇങ്ങനെ എല്ലാ മക്കളും കൊച്ചുമക്കളും നല്ല നിലയിൽ ജീവിക്കുന്നു.

പോത്തനാശാന്റെ പ്രവർത്തനഫലമായുണ്ടായ സഭകളാണ് ഏനാത്ത്, ഇളംഗമംഗലം, കിഴക്കുപുറം, വയലാ തുടങ്ങിയവ. ഇവിടെയെല്ലാം ധാരാളം വസ്തുക്കളും സഭയ്ക്കു വേണ്ടി സമ്പാദിച്ചിരുന്നു. ഇവിടെ യെല്ലാം പ്രൈമറി സ്കൂളുകളും ഉണ്ടായിരുന്നു. പഴയകാലത്ത് സർ സി. പി. രാമസ്വാമി അയ്യർ ദിവാൻ ആയിരുന്നപ്പോൾ ഉണ്ടാക്കിയ പരിഷ്കാര ത്തിന്റെ ഫലമായി സ്കൂളുകൾ എല്ലാം നിന്നു പോയി. കുന്നത്തൂർ താലൂ ക്കിൽ ഉള്ള എല്ലാ സി.എം.എസ്. സ്കൂളുകളും നിർത്തുകയും പകരം ഗവൺമെന്റ് സ്കൂളുകൾ സ്ഥാപിക്കുകയും ചെയ്തു. ക്രിസ്ത്യാനിക ളോടുള്ള പക മാത്രമായിരുന്നു കാരണം. അങ്ങനെ അടൂർ മിഷനിലെ സ്കൂളുകൾ എല്ലാം നിർത്തൽ ചെയ്തു. പള്ളിക്കൂടങ്ങളിൽ പള്ളി നട ത്തുന്നു എന്നായിരുന്നു സി.പി.യുടെ ആരോപണം. അതിന് ബിഷപ്പ് നൽകിയ മറുപടി "ഞങ്ങൾ പള്ളിക്കൂടങ്ങളിൽ പള്ളി നടത്തുന്നില്ല. എന്നാൽ ഞങ്ങളുടെ പള്ളികളിൽ പള്ളിക്കൂടം നടത്തുന്നു" എന്നായിരു ന്നു.

## മാത്തൻ ആശാൻ

വലിയതോട്ടത്തിലെ ഇളയമകനായ മാത്തൻ തന്റെ ജോലി ഉപേ ക്ഷിച്ച് സുവിശേഷ വേലയ്ക്കായി ഒരുങ്ങി പന്തളത്തിനടുത്തുള്ള ഐരാ ണിക്കുടിയിൽ താമസമാക്കി. ഇടപ്പോൺ, വെട്ടിയാർ തുടങ്ങിയ സ്ഥല ങ്ങൾ കേന്ദ്രമാക്കി അധഃകൃതരുടെ ഇടയിൽ പ്രവർത്തിച്ചു. ഐരാണി ക്കുടിയിലും, ഇടപ്പോണും, വെട്ടിയാറും, ചെറുവല്ലൂരും എല്ലാം സഭകളും പള്ളിക്കൂടങ്ങളും സ്ഥാപിച്ച് വിദ്യാഭ്യാസം നല്കുവാൻ ശ്രമിച്ചു. ഇവിടെ യുള്ള പള്ളിക്കൂടങ്ങളിൽ പള്ളി ആരാധനയും നടത്തിപ്പോന്നു. പില്ക്കാ ലങ്ങളിൽ പള്ളിക്കൂടങ്ങൾ എല്ലാം നിന്നുപോകയും അവ പള്ളികളായി പരിണമിക്കുകയും ചെയ്തു. തീണ്ടലും തൊടീലും ഉള്ള അക്കാലത്ത് അധഃകൃതരായ ആളുകളോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരുന്നതിനാൽ ഈ കുടുംബത്തിനും അന്നത്തെ ഉന്നതജാതിക്കാർ അയിത്തം കൽപി ച്ചു. അവരുടെ തുണി അലക്കുന്നതും തലമുടി വെട്ടുന്നതും എല്ലാം നിരോ ധിച്ചിരുന്നു. പില്ക്കാലത്ത് വളരെ നല്ല സ്വീകരണം ഈ കുടുംബത്തിന് ലഭിച്ചു. ബഹുമാനിക്കപ്പെട്ട ഒരു കുടുംബമായി. വലിയതോട്ടത്തിൽ മാത്തൻ ആശാന്റെ ജീവിതവും പ്രവർത്തനവുമായിരുന്നു കാരണം.

ഔദാര്യശീലനും നീതിമാനും ശുദ്ധഹൃദയനും സത്യസന്ധനും

നിഷ്കളങ്കതയുടെ പര്യായവുമായിരുന്നു ഈ വല്യപ്പച്ചൻ എന്ന് നാട്ടുകാരിൽ നിന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ദൈവഭക്തനും, സുവിശേഷതല്പരനുമായിരുന്ന ഈ പിതാവിന്റെ നിഷ്കളങ്കമായ സ്നേഹവും ഇടപാടുകളും മുഖാന്തരം, എല്ലാ അയിത്തവും മാറി അവിടെയുള്ള പോറ്റിമാർ ഉൾപ്പെടെ നായന്മാരുടെയും ഇതരസുറിയാനിക്കാരുടെയും ആരാധ്യനായി ഈ പിതാവ് ജീവിച്ചു എന്നുള്ളത് അഭിമാനകരമാണ്. വല്യമ്മച്ചി മറിയാമ്മ കോടുകുളഞ്ഞിയിൽ തന്നെയുള്ള ചേനത്ര കുടുംബത്തിലെ അംഗമായിരുന്നു. സുന്ദരിയും നല്ല തന്റേടവുമുള്ള അമ്മച്ചി മറിയാമ്മ സുവിശേഷവേലയിൽ അപ്പച്ചന് കൈത്താങ്ങലായിരുന്നു. കോടുകുളഞ്ഞിയിലെ പുരാതന കുടുംബമായ ചേനത്രയിൽ നിന്നു ലഭിച്ച പരിശീലനം പില്ക്കാല ശുശ്രൂഷയ്ക്ക് താങ്ങും തണലുമായി.

മാത്തൻ ആശാൻ വലിയ ഔദാര്യശീലനായിരുന്നു. ഓരോ ദിവസവും സ്കൂളിലെ ജോലികഴിഞ്ഞ് അധഃകൃതരുടെയിടയിൽ പോയി അവരെ നിശാപാഠശാലയിൽ വരുത്തി പഠിപ്പിക്കുക പതിവായിരുന്നു. soap, soup, salvation എന്ന രക്ഷാസൈന്യക്കാരുടെ മാർഗ്ഗമാണ് അപ്പച്ചൻ സുവിശേഷവേലക്കായി സ്വീകരിച്ചത്. യാതൊരു ശുചിത്വവുമില്ലാതെ വൃത്തിഹീനമായ സാഹചര്യങ്ങളിൽ കഴിഞ്ഞ ഈ പാവപ്പെട്ട മനുഷ്യർ അർദ്ധനഗ്നരും അർദ്ധപ്പട്ടിണിക്കാരുമായിരുന്നു. വൃത്തിയായി ജീവിക്കുന്നതിനെക്കുറിച്ച് അവരെ പഠിപ്പിച്ചു. വസ്ത്രവും ഭക്ഷണവും അവർക്ക് നൽകി. സാമാന്യവിദ്യാഭ്യാസവും നല്കി അവരെ സുവിശേഷം പഠിപ്പിച്ചു.

അനേക വർഷങ്ങൾക്കുശേഷം 1994 ൽ ഞാൻ ബിഷപ്പായി ഇടപ്പോൺ എന്ന ചെറിയ സഭയുടെ സ്വീകരണത്തിനായി അവിടെ ചെന്നു. വാദ്യഘോഷങ്ങളോടുകൂടി അവിടുത്തെ നാനാജാതി മതസ്ഥർ എന്നെ സ്വീകരിച്ച് ആനയിക്കുമ്പോൾ 90-ൽ അധികം പ്രായമുള്ള വൃദ്ധനായ ഒരു മൂപ്പൻ തന്റെ മുറ്റത്തു വളർത്തിയ ചെമ്പരത്തിപ്പൂവുകൾ വാഴവള്ളിയിൽ കോർത്ത് ഒരു പൂമാല എന്റെ കഴുത്തിൽ ഇട്ടിട്ട് എന്നെ ചുംബിച്ചു. അതിനുശേഷം എന്നോടു പറഞ്ഞു "ഞങ്ങളുടെ ദേശത്തിന് വെളിച്ചം പകർന്നു തന്ന അപ്പച്ചന്റെ കൊച്ചുമകന് എനിക്കു തരാനുള്ള സമ്മാനമാണിത്. തീണ്ടലുംതൊടീലുമുള്ള അക്കാലത്ത് ഓലകൊണ്ടുണ്ടാക്കിയ, കാട്ടുകമ്പുകളാൽ നിർമ്മിച്ച കൊച്ചുപള്ളിക്കൂടത്തിൽ എന്നെ മടിയിലിരുത്തി പഠിപ്പിച്ച അപ്പച്ചനായിരുന്നു തിരുമേനിയുടെ വല്യപ്പച്ചൻ. അദ്ദേഹമാണ് ഞങ്ങളുടെ എല്ലാ ഉന്നതിക്കും കാരണം." എന്ന് നിറകണ്ണുകളോടുകൂടി വിറയ്ക്കുന്ന ശബ്ദത്തിൽ വൃദ്ധനായ പിതാവ് പറഞ്ഞപ്പോൾ എന്റെ ഹൃദയം തുടിച്ചു. ജീവിതത്തിലെ വികാരനിർഭരമായ ഒരു സന്ദർഭം. ഞാൻ അനുഭവിക്കുന്ന എല്ലാ നന്മകളുടെയും അടിസ്ഥാനം ഈ പിതാക്കന്മാരുടെ കണ്ണുനീരോട് കൂടിയുള്ള പ്രാർത്ഥനയും ത്യാഗപൂർവ്വമായ പ്രവർത്തന

വുമാണല്ലോ എന്നോർത്ത് ദൈവത്തെ സ്തുതിച്ചു. ദൈവം ആർക്കും കടക്കാരനാകയില്ല.

ഒരു സംഭവം വല്യമ്മച്ചി പറഞ്ഞത് കേട്ടിട്ടുണ്ട്. എല്ലാ ദിവസവും ജോലിയും നിശാപാഠശാലയിലെ പഠിപ്പിക്കലും കഴിഞ്ഞ് ഐരാണിക്കുടിയിലുള്ള വീട്ടിലേക്ക് വരുമ്പോൾ കൂടെ അഞ്ചും ആറും പട്ടിണിപ്പാവങ്ങളായ ആളുകൾ ഉണ്ടായിരിക്കും. അവർക്ക് രാത്രി ഭക്ഷണം നല്കേണ്ട ചുമതല അമ്മച്ചിക്കുള്ളതായിരുന്നു. കിട്ടുന്ന നിസാര വരുമാനത്തിൽ നിന്നു ഇങ്ങനെ എല്ലാ ദിവസവും ഭക്ഷണം കൊടുക്കുന്നത് ഒരു വലിയ ഭാരമായിരുന്നു. സമർത്ഥയായ വല്യമ്മച്ചി ഒരു ദിവസം അപ്പച്ചനോട് പറഞ്ഞു: "നിങ്ങൾ ഇങ്ങനെ കിട്ടുന്നതെല്ലാം ഇവർക്കുവേണ്ടി ചെലവഴിച്ചാൽ ദൈവം നമുക്ക് തന്ന മൂന്ന് ആൺ മക്കളുണ്ടല്ലോ. അവരുടെ സ്ഥിതി എന്താകും എന്ന് ചിന്തിച്ചിട്ടുണ്ടോ?"

അപ്പച്ചന്റെ മറുപടി "എടീ, മണ്ടീ, എന്റെ കുഞ്ഞുങ്ങൾക്ക് ഞാൻ നട്ടിട്ടില്ലാത്ത മുന്തിരിത്തോട്ടവും ഞാൻ വയ്ക്കാത്ത വീടുകളും ഞാൻ വെട്ടാത്ത കിണറുകളും നല്കിക്കൊടുക്കാമെന്ന് വാക്കു പറഞ്ഞ കർത്താവിനെയാണ് ഞാൻ അനുഗമിക്കുന്നത്. നീ ഭയപ്പെട്ടിട്ടു കാര്യമില്ല" എന്നു പറഞ്ഞ് അപ്പച്ചൻ അമ്മച്ചിയെ സാന്ത്വനപ്പെടുത്തി.

ഐരാണിക്കുടിയിൽ താമസിച്ച് പ്രവർത്തിക്കുമ്പോൾ കോടുകുളഞ്ഞിയിലെ വലിയ തോട്ടത്തിൽ പുരയിടവും വീടും തന്റെ ഭാര്യാ സഹോദരന് വില്ക്കുകയും ഐരാണിക്കുടിയിൽ പറമ്പ് വാങ്ങി വീട് വച്ച് സ്ഥിരതാമസമാക്കുകയും ചെയ്തു. മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ആ വീടിന് മിഷൻ ഭവൻ എന്ന് പേരു നല്കി.

പിന്നീട് അവിടത്തെ ജനങ്ങൾ കുറയുകയും ഐരാണിക്കുടിയിൽ സഭ നിന്നുപോവുകയും ചെയ്തു. അയിരാണിക്കുടിയിൽ താമസിച്ചിരുന്ന അപ്പച്ചൻ അവിടെ വച്ചു മരിച്ചു. കോടുകുളഞ്ഞിയിൽ കൊണ്ടു പോകുന്നത് അസാധ്യമായതുകൊണ്ട് ഭൗതികശരീരം പുന്തല മർത്തോമ്മാ സെമിത്തേരിയിൽ അടക്കം ചെയ്തു. അകാലത്തിൽ ചരമമടഞ്ഞ ജോൺ എന്ന മകനെയും പുന്തലപ്പള്ളിയിലാണ് അടക്കിയിരിക്കുന്നത്.

1993 സെപ്തംബർ ഒന്നാം തീയതി ഞാൻ അഭിഷിക്തനായി. മൂന്നാം തീയതി പുരാതനവും വിശാലവുമായ മഹായിടവകയുടെ അഭിമാനമായ മനോഹരമായ ബിഷപ്സ് ഹൗസിൽ താമസിക്കുവാൻ കാലെടുത്തു കുത്തിയപ്പോൾ അപ്പച്ചൻ പറഞ്ഞ വാക്കുകളാണ് എന്റെ മനസ്സിൽ വന്നത്.

"ഞാൻ നട്ടിട്ടില്ലാത്ത മുന്തിരിത്തോട്ടവും, ഞാൻ വയ്ക്കാത്ത വീടും,

ഞാൻ വെട്ടാത്ത കിണറും എന്റെ കുഞ്ഞുങ്ങൾക്ക് ദൈവം കരുതി ക്കൊള്ളും." എത്ര അർത്ഥവത്തായി മാറി.

കോടുകുളഞ്ഞി വലിയ തോട്ടത്തിൽ കുടുംബത്തിലെ ഒരു ശാഖ യാണ് കടുവിനാൽത്തറ. ഇംഗ്ലണ്ടിൽ സെന്റ് പോൾസ് കത്തീഡ്രൽ വികാ രിയായി ദീർഘകാലം സേവനം ചെയ്ത റവ. ഡോ. ജോൺ പോത്തൻ ഈ കുടുംബാംഗമാണ്. ഇംഗ്ലണ്ടിൽ സേവനത്തിലിരിക്കെ അദ്ദേഹം ദിവം ഗതനായി. ചിതാഭസ്മം കോടുകുളഞ്ഞിയിൽ സംസ്കരിച്ചു. തെങ്ങുവി ളയിൽ പവ്വത്തുകിഴക്കേൽ, ചക്കാലപൊയ്കയിൽ ഉള്ളാട്ട്, കണ്ണോട്ടുതറ എന്നീ കുടുംബങ്ങളും വലിയ തോട്ടത്തിൽ കുടുംബത്തിന്റെ ശാഖക ളാണ്. ചേരിവടക്കേൽ കുടുംബാംഗമായ ജോർജച്ചൻ ബോംബെയിൽ സി.എൻ.ഐ. ലെ പട്ടക്കാരനാണ്.

## മാത്തനാശാന്റെ മൂന്നുമക്കൾ

വലിയതോട്ടത്തിൽ മാത്തൻ ആശാനും മറിയാമ്മയ്ക്കും ദൈവം നല്കിയത് മൂന്ന് ആൺമക്കളെയാണ്.

1. വി.എം. പോത്തൻ
2. വി.എം. ജോൺ
3. വി.എം. മത്തായി

ദൈവത്തിനായി വേർതിരിക്കപ്പെട്ട ഒരു കുടുംബമായിരുന്നു ഇത്.

**i) വി. എം. പോത്തൻ** - മെട്രിക്കുലേഷൻ വരെ പഠിച്ചതിനുശേഷം സഭാശുശ്രൂഷയിൽ ഏർപ്പെട്ടു. മഹായിടവകയുടെ വിവിധ ഭാഗങ്ങളിൽ ഇടവക ഉപദേശിയായി പ്രഗത്ഭ സേവനം നടത്തി. വൈക്കത്ത് ഉന്നത ജാതിക്കാരുടെ ഇടയിൽ സുവിശേഷവേല നിർവ്വഹിക്കുന്നതിനിടയിൽ ബിഷപ്പ് സി.കെ. ജയിക്കബ് തിരുമേനിയുമായി ചില അഭിപ്രായവ്യത്യാ സങ്ങൾ ഉണ്ടായി. പ്രഗത്ഭനായ പോത്തൻ ഉപദേശി തന്റെ ജോലിയിൽ നിന്നു വിരമിച്ചു. ആലുവായ്ക്കുടുത്തുള്ള തോട്ടുമുഖത്ത് സ്ഥിരതാമസ മാക്കി. മൂന്നു മക്കളായിരുന്നു.

1) **സാറാമ്മ** - നഴ്സിങ്ങിൽ ഉന്നതവിദ്യാഭ്യാസം നേടിയതിനുശേഷം സ്വദേശത്തും വിദേശത്തും ജോലി നോക്കി വിരമിച്ച് സ്വഭവനത്തിൽ പാർക്കുകയായിരുന്നു. സാമർത്ഥ്യവും പക്വതയും തന്റേടവും കഴിവും ഉള്ള ഒരു ഉദ്യോഗസ്ഥയായിരുന്നു. 2013 ജനുവരി 13-ന് നിര്യാതയായി. ഞങ്ങളെ വളരെ സ്നേഹിച്ച ഒരു വ്യക്തിയായിരുന്നു അവിവാഹിതയായ സാറാമ്മ.

2) **കുഞ്ഞുഞ്ഞമ്മ** - ആലുവാ മഹിളാലയം സ്കൂളിലെ അദ്ധ്യാപിക

യായിരുന്നു. തൃശൂർ ആന്തപ്പള്ളി റോബർട്ട് വിവാഹം കഴിച്ചു. പെരുമ്പാവൂരിൽ സ്ഥിരതാമസമായിരുന്നു. മൂന്നു മക്കളുണ്ട്. അവരെയും ദൈവം അനുഗ്രഹിച്ചു. 2012 ൽ നിര്യാതയായി. മൂന്നു മക്കളും നല്ല നിലയിൽ ജീവിക്കുന്നു.

3) **അച്ചക്കുട്ടി കുരുവിള എം. പോത്തൻ** - വിദ്യാഭ്യാസാനന്തരം കൽക്കട്ടയിലും പിന്നീട് ഇംഗ്ലണ്ടിലും ജോലി നോക്കി. ഇംഗ്ലണ്ടിൽ വച്ച് പെട്ടെന്ന് മരിച്ചു. അവിവാഹിതനായിരുന്നു.

ii) **വി.എം. ജോൺ** - രണ്ടാമത്തെ മകൻ. അദ്ധ്യാപകനായി പ്രവർത്തനമാരംഭിച്ചു. എന്നാൽ പിന്നീട് ബാങ്കിംഗ് ബിസിനസ്സിൽ ചെന്നെത്തി. തന്റെ 33-ാമത്തെ വയസ്സിൽ ടൈഫോയ്ഡ് ബാധിച്ച് ചരമം പ്രാപിച്ചു. സുമുഖനും അരോഗദൃഢഗാത്രനും സമർത്ഥനുമായിരുന്ന ഈ മകന്റെ വേർപാട് കുടുംബത്തെ ദുഃഖസാന്ദ്രമാക്കി. ഭാര്യ വെൺമണി കെഴക്കേത്ത് റേച്ചൽ ആയിരുന്നു. ഈ അമ്മച്ചിയുടെ പിതാമഹൻ മാർത്തോമ്മാസഭയിലെ ഒരു പട്ടക്കാരനായിരുന്നു. കിഴക്കേത്തച്ചൻ.

1) **ചിന്നമ്മ** - മൂന്നു മക്കളാണ് ഈ അപ്പച്ചനുള്ളത്. ഏറ്റവും മൂത്തമകൾ ചിന്നമ്മയെ (മേരി) തുമ്പമൺ കാലായിൽ ഇ. ഏബ്രഹാം വിവാഹം ചെയ്തു. രണ്ടു പേരും അദ്ധ്യാപകരായിരുന്നു. പെൻഷനായി സസുഖം ജീവിക്കുന്നു. ഈ അമ്മാമ്മയ്ക്ക് രണ്ടു മക്കളുണ്ട്.

പത്തനംതിട്ടയിൽ ആശുപത്രി നടത്തുന്ന ഡോ. ജോസ് ഏബ്രഹാം കായംകുളത്ത് എബനേസർ ഡോ. ജോണിന്റെ മകൾ സുജയെ വിവാഹം ചെയ്തു. ജോസ് ഞങ്ങൾക്ക് മകനെപ്പോലെയാണ്. എന്റെ എല്ലാ ആവശ്യങ്ങളിലും ഓടി എത്തുകയും വേണ്ട സഹായങ്ങൾ എല്ലാം ചെയ്യുകയും ചെയ്യുന്ന മകനാണ്.

ജോസിനും സുജക്കും രണ്ടുമക്കളാണ്. അരുണും അൻജുവും. രണ്ടുപേരും ഡോക്ടർമാരാണ്. അവരുടെ പങ്കാളികളും ഡോക്ടർമാരാണ്. അവരും വളരെ സ്നേഹത്തിൽ കഴിയുന്നു. സഭാകാര്യങ്ങളിൽ വളരെ താല്പര്യമുള്ള കുടുംബമാണ് അവരുടേത്. സഭാശുശ്രൂഷയിൽ പങ്കാളിത്തമുള്ളവരാണ്. ജോസ് മെഡിക്കൽ മേഖലയിൽ പല ചുമതലകളും വഹിക്കുന്നു. സഭയിലും വളരെ സജീവമായി പ്രവർത്തിക്കുന്ന ജോസിന്റെ പിതൃസഹോദരപുത്രനാണ് മാർത്തോമ്മാസഭയിലെ കോട്ടയം കൊച്ചി ഭദ്രാസനാധിപൻ മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ.

ഈ കുടുംബത്തെ ദൈവം വളരെ അനുഗ്രഹിച്ചിട്ടുണ്ട്. വളരെ ചെറുപ്പത്തിലേ പിതാവ് നഷ്ടപ്പെട്ടയാളാണ് ചിന്നമ്മാമ്മ. മാതാവ് റാഹേൽ ഒരദ്ധ്യാപികയായിരുന്നു. വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത്. എന്നാൽ

ദൈവഭയത്തിലും, സന്മാർഗ്ഗനിഷ്ഠയിലും വളർത്തുവാൻ അമ്മച്ചിക്ക് സാധിച്ചു. ആ അമ്മച്ചിയുടെ കൂടെ താമസിച്ചാണ് ഞാൻ പഠിച്ചത്. ഒരിക്കലും മറക്കാനാവാത്ത വ്യക്തിയാണ് ആ അമ്മച്ചി. മകനെപ്പോലെ വാത്സല്യം നൽകിയാണ് എന്നെയും വളർത്തിയത്. ചിന്നമ്മാമ്മ എന്റെ അദ്ധ്യാപിക കൂടിയാണ്.

ചിന്നമ്മാമ്മയുടെ രണ്ടാമത്തെ മകൾ **സൂസൻ** - ഞങ്ങളെ വളരെ സ്നേഹിക്കുന്നു. കടമ്പനാട് റോയി സാമുവേൽ ആണ് വിവാഹം ചെയ്തിരിക്കുന്നത്. ഇരുവരും ദുബായിൽ ജോലി ചെയ്യുന്നു. രണ്ടു പെൺമക്കളാണ്. മൂത്തമകൾ ബാവ ഡോക്ടറാണ്. ബാവയുടെ ഭർത്താവും ഡോക്ടറാണ്. രണ്ടാമത്തെ മകൾ മെഡിക്കൽ വിദ്യാർത്ഥിനിയാണ്. റോയി ഇപ്പോൾ കോട്ടയത്ത് വീട് വച്ച് അവിടെ താമസിക്കുന്നു. ദുബായിൽ ചെല്ലുമ്പോഴൊക്കെ ഞങ്ങൾക്ക് വലിയ സഹായമാണ് അവർ. കോട്ടയത്ത് ഞങ്ങൾ അടുത്തടുത്ത സ്ഥലങ്ങളിലാണ് താമസിക്കുന്നത്. അവരും ഞങ്ങളെ സംബന്ധിച്ചിടത്തോളം മക്കളെ പോലെയാണ്. എന്റെ പിതാവിന്റെ വാത്സല്യനിധികളാണ് ഈ ചിന്നമ്മാമ്മയും കുടുംബവും.

2) **കുട്ടിയമ്മ** (ശോശാമ്മ) - രണ്ടാമത്തെ മകൾ. 1992 ൽ ഹൃദയസ്തംഭനം മൂലം മരിച്ചുപോയി. ഭർത്താവ് പുത്തൻകാവിൽ പുതുക്കേരിൽ കോശി. ഇരുവരും മദ്ധ്യപ്രദേശിൽ ജോലിയിലായിരുന്നു. ഇരട്ടകളായ രണ്ടു മക്കൾ. റജിയും സജിയും. രണ്ടു പേരും മദ്ധ്യപ്രദേശിൽ ജോലി ചെയ്യുന്നു. ഞങ്ങൾ വളരെ സ്നേഹിച്ച ഒരു കുടുംബമാണത്.

3) **കുഞ്ഞൂഞ്ഞച്ചൻ** (മാത്യു ജോൺ) - മൂന്നാമത്തെ മകൻ ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. എച്ച്.എ.എൽ. എന്ന വിമാനക്കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്നു, ഒരു മകൾ ഉൾപ്പെടെ 4 മക്കൾ. നല്ല നിലയിൽ ബാംഗ്ലൂരിൽ പാർക്കുന്നു. ഞങ്ങൾ ഇരട്ടകളെപ്പോലെ ഒരു പാത്രത്തിൽ ഉണ്ടും ഒരു കിടക്കയിൽ ഉറങ്ങിയും ഒരുമിച്ചു പഠിച്ചും ജീവിച്ചവരാണ്. ചെറുപ്പം മുതൽ തന്നെ സൽസ്വഭാവിയും ആത്മീയ താല്പര്യത്തിൽ വളർന്നുവന്നയാളുമാണ്. ഇന്നും ആ ജീവിതം അതുപോലെ തുടരുന്നു. കുഞ്ഞൂഞ്ഞച്ചനും ഞാനും ഒരുമിച്ചു പഠിച്ചു. എന്നേക്കാൾ ഒരു വർഷം മുമ്പാണ് കോളജിൽ പഠിച്ചത്. ഞങ്ങൾ ഒരുമിച്ചാണ് പോകുന്നതും വരുന്നതും. കുഞ്ഞൂഞ്ഞച്ചനോട് ഞങ്ങൾക്കുള്ളത് ഒരു ആത്മബന്ധമാണ്. എന്റെ അമ്മയുടെ കസിന്റെ മകൾ തങ്കയെയാണ് വിവാഹം ചെയ്തിരിക്കുന്നത്.

ഇപ്പോൾ വിദൂരതയിൽ പാർക്കുന്നു എങ്കിലും പരസ്പരമുള്ള ബന്ധം സുദൃഢമാണ്. മക്കളെല്ലാം നല്ല നിലയിൽ ബാംഗ്ലൂരിൽ പാർക്കുന്നു.

ഞങ്ങളുടെ ഒരുമിച്ചുള്ള താമസവും ബന്ധവും ആത്മീയ വളർച്ചയ്ക്ക് വളരെ സഹായിച്ചിട്ടുണ്ട്.

iii) **വി. എം. മത്തായി** – വലിയതോട്ടത്തിൽ മാത്തൻ ആശാന്റെ മൂന്നു പുത്രന്മാരിൽ ഇളയമകനായി 1080 മേടം പത്തിന് ജനിച്ചു. മാതാ പിതാക്കൾ പ്രവർത്തിച്ചുവന്ന ഐവർകാലായിലാണ് ജനനം. പന്തളത്ത് വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം സി.എൻ.ഐ. ഇൻസ്റ്റിറ്റ്യൂട്ടിൽ താമസിച്ച് സഭാശുശ്രൂഷകർക്കുള്ള പരിശീലനവും, അദ്ധ്യാപകട്രെയി നിംഗും നടത്തി. വിദ്യാഭ്യാസാനന്തരം ചേനപ്പാടി എന്ന സ്ഥലത്ത് അദ്ധ്യാ പകനായും ഉപദേശിയായും നിയമിതനായി. ഇന്നും ചേനപ്പാടിയിലുള്ള കത്തോലിക്കരും ഇതരസമുദായക്കാരും സഭാജനങ്ങളോടൊപ്പം ആദര പൂർവ്വം സ്മരിക്കുന്ന ഒരു ഉത്തമഅദ്ധ്യാപകനായിരുന്നു അദ്ദേഹം.

അവിടെ നിന്നു സ്ഥലം മാറുമ്പോൾ താൻ താമസിച്ചിരുന്ന വേലൂപറ മ്പിൽ എന്ന കത്തോലിക്കാഭവനക്കാർ നല്കിയ ഈട്ടികൊണ്ടുണ്ടാക്കിയ ഇംഗ്ലീഷ് കട്ടിൽ ഇന്നും ഞാൻ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. അതോടൊപ്പം ഒരു പവൻ തൂക്കമുള്ള മനോഹരമായ ഒരു ഇംഗ്ലീഷ്മോതിരവും നല്കു കയുണ്ടായി, വിവാഹസമ്മാനമായി.

അവിടെ നിന്നു മാവേലിക്കര ഇടവകയിൽ മുള്ളിക്കുളങ്ങര (ചെറു കുന്നം) സഭയിലെ ശുശ്രൂഷകനായും ഹെഡ്മാസ്റ്ററായും നിയമിക്കപ്പെട്ടു. 10 വർഷം അവിടെ പ്രവർത്തിച്ചു. ആ നാട്ടുകാർക്ക് ഇന്നും മറക്കാനാ വാത്ത ഒരു മാതൃകാ അദ്ധ്യാപകനും സുവിശേഷപ്രസംഗകനുമായിരുന്നു. മുള്ളിക്കുളങ്ങര വച്ചാണ് ഞങ്ങൾ മൂന്നുമക്കൾ ജനിച്ചത്.

## അദ്ധ്യാപകർ – സഭാസേവനത്തിൽ

അക്കാലത്ത് സഭാ പ്രവർത്തനവും അദ്ധ്യാപകവൃത്തിയും ഒരുമിച്ച് നടത്തിപ്പോന്നു. മുള്ളിക്കുളങ്ങര പ്രൈമറി സ്കൂളിലെ ഹെഡ്മാസ്റ്ററും, ആ സഭയിലെ സഭാ പ്രവർത്തകനുമായിരുന്നു. മാവേലിക്കര ഇടവക യിലെ ഒരു ഉപസഭയായിരുന്നു മുള്ളിക്കുളങ്ങര. നല്ല സാമ്പത്തികശേ ഷിയുള്ള കുറച്ചു കുടുംബങ്ങളും വലിയ സാമ്പത്തികമില്ലാത്ത കുറേ കുടുംബങ്ങളുമായിരുന്നു അവിടുത്തെ അംഗങ്ങൾ. അവരിൽ ഒരാളെ പ്പോലെ തന്നെ അവിടെ പ്രവർത്തിക്കുവാൻ സാധിച്ചതുകൊണ്ട് അവി ടുത്തെ ജനങ്ങളുടെ സ്നേഹപാത്രമായിത്തീർന്നു. സി.എസ്.ഐ.ക്കാരും ഇതരസമുദായാംഗങ്ങളുമായി ഒരു സാഹോദര്യബന്ധം പുലർത്തുവാനും തനിക്കു കഴിഞ്ഞു. തോപ്പിൽ ഭവനവും അവിടുത്തെ അംഗങ്ങളുമായി ഒരു കുടുംബബന്ധം പുലർത്തുവാൻ സാധിച്ചു. അവരുടെ ഒരു വീട്ടി ലാണ് താമസിച്ചത്. ഇന്നും ആ കുടുംബബന്ധം നിലനിർത്തുവാൻ സാധി

ക്കുന്നു. അന്ന് ഉണ്ടായിരുന്ന സ്നേഹബന്ധങ്ങൾ ഇക്കാലത്ത് എവിടേയും അന്യംനിന്നു കൊണ്ടിരിക്കുകയാണ്. മത്തായിച്ചൻ എന്നായിരുന്നു അവർ മത്തായിസാറിനെ സംബോധന ചെയ്തിരുന്നത്.

കുട്ടായിച്ചായൻ മിലിറ്ററി ഡോക്ടറും കുഞ്ഞൂഞ്ഞച്ചായൻ എസ്റ്റേറ്റ് സൂപ്രണ്ടും പാപ്പച്ചായൻ ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ബേബിച്ചായൻ (റവ. അലക്സാണ്ടർ ചെറിയാനച്ചന്റെ പിതാവ്) കർഷകപ്രമാണിയുമായിരുന്നു. മത്തായിച്ചനും ഈ സഹോദരന്മാരും ഉറ്റ സുഹൃത്തുക്കളായിരുന്നു. ലിസിക്കൊച്ചമ്മ ഒരു മൂത്ത സഹോദരിയും ആയിരുന്നു. അതുപോലെ കൈപ്പള്ളിൽ, കൈപ്പള്ളികിഴക്കേതിൽ തുടങ്ങിയ ഭവനങ്ങളും സ്മരണയിൽ വരുന്നു. എല്ലാ സഭാംഗങ്ങളുമായി വലിയ ഒരു സൗഹൃദ ബന്ധം പുലർത്തുവാൻ കഴിഞ്ഞു. ഒരു മാതൃകാസഭാ പ്രവർത്തകനായിരുന്നു അദ്ദേഹം എന്ന് അഭിവന്ദ്യ ജേക്കബ് തിരുമേനി പറയുമായിരുന്നു. ജേക്കബ് തിരുമേനിയുടെ അരുമശിഷ്യന്മാരിൽ രണ്ടു പേരായിരുന്നു മുണ്ടക്കയത്ത് സ്ഥിരതാമസമാക്കിയ പി.റ്റി. ദാനിയേൽസാറും, വി.എം. മത്തായി സാറും. അവരിരുവർക്കും ആരാധനാപാത്രമായിരുന്നു ജേക്കബ് തിരുമേനി. അദ്ധ്യാപകർക്കുള്ള നാഷണൽ അവാർഡ് പി.ടി. ദാനിയേൽ സാറിന് ലഭിച്ചു.

## മുള്ളിക്കുളങ്ങര (ചെറുകുന്നം)

1930 മെയ് 18 മുതൽ മുള്ളിക്കുളങ്ങരയിൽ നിയമിക്കപ്പെട്ടു. ഈ കാലഘട്ടത്തിൽ ചേനപ്പാടിക്ക് ഒരു പ്രാവശ്യം സൈക്കിളിൽ യാത്ര ചെയ്തപ്പോൾ ഒരു അപകടമുണ്ടായി. ദൈവം അത്ഭുതകരമായി രക്ഷപ്പെടുത്തി.

അക്കാലത്ത് വാഹനങ്ങൾ, കാളവണ്ടി ഒഴികെ എല്ലാം അപൂർവ്വമായിരുന്നു. സൈക്കിൾ ഒരു ആഡംബരവസ്തുകൂടിയായിരുന്നു. ഈ മൂന്നു സഹോദരന്മാർക്കും ഓരോ സൈക്കിൾ ഉണ്ടായിരുന്നു എന്നുള്ളത് പ്രത്യേകം ഓർക്കേണ്ട കാര്യമാണ്.

1934 മെയ് 17-ന് (1109 ഇടവം 4) പുതുവൽ ഇടവകയിൽ ഉപദേശിയായി നിയമിക്കപ്പെട്ടു.

1108 മിഥുനം 3 ജ്യേഷ്ഠസഹോദരൻ വി. എം. ജോൺ ചരമം പ്രാപിച്ചു.

1936 ഒക്ടോബർ 7-ാം തീയതി (112 കന്നി 22) വ്യാഴാഴ്ച വെളുപ്പിന് 4 മണിക്ക് രണ്ടാമത്തെ മകൻ സാംകുട്ടി ജനിച്ചു.

1937 ജനുവരി 10 (112 ധനു 27) മാവേലിക്കര ആംഗ്ലിക്കൻ പള്ളിയിൽ റവ. സി.സി. തൊമ്മൻ സ്നാനപ്പെടുത്തി.

## പിന്നോക്ക സഭകളുടെ പുനഃരുദ്ധാരണം

രണ്ടു തവണകളായി 10 വർഷത്തെ മുള്ളിക്കുളങ്ങരയിലെ പ്രവർത്തനത്തിനുശേഷം അടൂരിന് സമീപമുള്ള ഏനാത്ത് ഇടവകയിലെ കുന്നിട സഭയിലേക്ക് സ്ഥലം മാറ്റപ്പെട്ടു. അക്കാലത്ത് ഏനാത്ത് ഇടവക പൊതുവെയും കുന്നിട സഭ പ്രത്യേകമായും നാമാവശേഷമായിരിക്കുകയായിരുന്നു. ഈ ഇടവകയുടെയും, കുന്നിട സഭയുടെയും പുനരുദ്ധാരണത്തിനുവേണ്ടി നല്ല മാതൃകാ അദ്ധ്യാപകരെ നിയമിക്കേണ്ട ആവശ്യം മനസ്സിലാക്കി ജേക്കബ് തിരുമേനി എടുത്ത തീരുമാനമാണിത്. അടൂർ മിഷൻ തളർന്നുപോകരുത്. അടൂർമിഷനും ആദ്യത്തെ ഇടവകയായ ഏനാത്ത് ഇടവകയും പുനരുദ്ധരിക്കണം. ഇവ തിരുമേനിയുടെ ലക്ഷ്യമായിരുന്നു. തിരുമേനിയുടെ ദീർഘവീക്ഷണവും ചെറിയ സഭകളെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചുമുള്ള കരുതലും ഇവിടെ ദൃശ്യമാണ്. അടൂർ മിഷനിലെ ആദ്യകാലപ്രവർത്തകരായ ജോർജ് ആശാന്റെ മകൻ റ്റി.ജി. ജോർജ് സാറിനെ ഏനാത്ത് സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയും സഭാപ്രവർത്തകനായും വലിയതോട്ടത്തിൽ വി.എം. മത്തായി സാറിനെ കുന്നിട സ്കൂൾ ഹെഡ്മാസ്റ്ററായും സഭാപ്രവർത്തകനായും നിയമിച്ചു. പി.പി. ശമുവേൽ സാറും അദ്ധ്യാപകനായിരുന്നു. ഏതൊരു പ്രസ്ഥാനവും വിജയിക്കണമെങ്കിൽ അതിനോട് വൈകാരികമായ ബന്ധമുള്ളവർ പ്രവർത്തിക്കണമെന്ന തത്വമാണ് തിരുമേനി പ്രായോഗികമാക്കിയത് എന്നു തോന്നുന്നു. തങ്ങളുടെ പിതാക്കന്മാരുടെ വിയർപ്പുചിന്തി സ്ഥാപിക്കപ്പെട്ട അടൂർ മിഷന്റെ കാവൽക്കാരായിരുന്നു ഇവർമൂവരും. ത്രിമൂർത്തികൾ എന്നു വേണമെങ്കിൽ ഇവരെ വിശേഷിപ്പിക്കാം. അത്രമാത്രം അടുപ്പത്തോടും സ്നേഹത്തോടും കൂടിയാണ് ഇവർ ചുമതല നിർവ്വഹിച്ചത്. ഏതു പ്രവർത്തനങ്ങളുടെയും വിജയത്തിന് ടീം സ്പിരിറ്റ് വളരെ ആവശ്യമാണ്. പി. പി. ശമുവേൽ, വി. എം. മത്തായി എന്നിവർ നല്ല പ്രസംഗകർ കൂടിയായിരുന്നു. റ്റി.ജി. ജോർജ് ഒരു നിയമവിദഗ്ദ്ധനും സഭാ വസ്തുക്കളുടെ സംരക്ഷകനുമായിരുന്നു. ജേക്കബ് തിരുമേനിയുടെ ഉദ്ദേശ്യം ഈ മൂവരിൽ കൂടി ദൈവം സാധിച്ചു.

## കുന്നിട സഭയെക്കുറിച്ച് ഒരു വാക്ക്

1915 ൽ സ്ഥാപിതമായി. ഏഴംകുളത്തുനിന്ന് 3 മൈൽ തെക്ക് പട്ടാഴിയിൽ നിന്ന് 2 മൈൽ വടക്ക് ഏഴംകുളം പട്ടാഴി റോഡ്സൈഡിൽ ഉള്ള ഒരു സഭയാണിത്. ഒരു കാലത്ത് ധാരാളം സഭാംഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. പ്രധാനമായും സാംബവർ, സിദ്ധനർ എന്നീ വിഭാഗത്തിൽ പെട്ടവരായിരുന്നു അവർ. അവിടെ 10 ഏക്കർ സ്ഥലവും, നാലു ക്ലാസ്സുള്ള നല്ല ഒരു പ്രൈമറി സ്കൂളും ഉണ്ടായിരുന്നു. ആ പ്രദേശത്തുള്ള ഉയർന്ന്

നായർ തറവാടുകളിലേയും ഈഴവ വീട്ടുകാരുടെയും മക്കൾ വിദ്യാഭ്യാസം നടത്തിയത് ഇവിടെയായിരുന്നു. ആ സ്ഥലത്തുള്ള ഏക വിദ്യാലയം. ഈ സ്ഥലത്തുള്ള അധഃകൃതരായ ക്രിസ്ത്യാനികൾ പീഡനങ്ങളുടെയും പ്രലോഭനങ്ങളുടേയും ഫലമായി സഭ വിട്ടുപോയി. ഒരു കുടുംബം (മരുതിമൂട്ടിൽ ശമുവേൽ-ഏലിയാ) അവശേഷിച്ചു. സ്കൂളും നാമാവശേഷമായിക്കൊണ്ടിരുന്നു. ഇത്തരുണത്തിൽ ഈ സ്ഥലത്തിന്റെ ആവശ്യം മനസ്സിലാക്കി ജയിക്കബ് തിരുമേനി മത്തായിച്ചനെ അവിടുത്തെ ഉപദേശിയും ഹെഡ്മാസ്റ്ററുമായി നിയമിച്ചു.

## കുന്നിട മത്തായി സാർ

അവിടുത്തെ നാട്ടുകാരുടെയിടയിൽ ജാതിമതഭേദമെന്യേ ഏതാനും നാളുകൾ കൊണ്ട് സാർ ഒരു സ്വാധീനശക്തിയായി. എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ഒരു വ്യക്തിയായി. സ്കൂളിന്റെ സ്ഥിതിയും മാറി. സഭയിൽ നിന്നു മാറിപ്പോയ പല കുടുംബങ്ങളും തിരികെ വരാൻ തുടങ്ങി. നല്ല ഒരു പ്രസംഗകനായിരുന്നതുകൊണ്ട് അവിടെയുള്ള മാർത്തോമ്മാ, ഓർത്തഡോക്സ്, കത്തോലിക്കാ സഭകളിലെ പള്ളികളിലും കുടുംബങ്ങളിലുമെല്ലാം പ്രസംഗിക്കുവാൻ അവർ വിളിക്കുമായിരുന്നു.

പ്രസംഗകൻ - പ്രാർത്ഥനാ മനുഷ്യൻ - ഈ രണ്ടു നിലകളിലും സമൂഹത്തിൽ ഒരു വലിയ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞു. അടൂർ മുതൽ പുനലൂർ വരെയുള്ള സ്ഥലങ്ങളിൽ അറിയപ്പെടുന്ന ഒരു വ്യക്തിയായിത്തീർന്നു. തികഞ്ഞ ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നതുകൊണ്ട് എല്ലാ ജാതിമത വിഭാഗത്തിൽപെട്ടവരും പ്രാർത്ഥിക്കാൻ ക്ഷണിക്കുമായിരുന്നു.

ഉദാ: അവിടെ അടുത്ത് വന്ന് തോട്ടം വാങ്ങി താമസമാക്കിയ ഒരു ജഡ്ജി ഉണ്ടായിരുന്നു. ഹൈക്കോടതിയിലായിരുന്നു അദ്ദേഹം.

ശങ്കരൻ പണ്ഡാല ജഡ്ജി ക്ഷത്രിയകുലജാതനായിരുന്നു. മാവേലിക്കര കൊട്ടാരത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ എല്ലാ പ്രധാന സന്ദർഭങ്ങളിലും അവധിക്കു വന്നശേഷം മടങ്ങിപ്പോകുമ്പോൾ പോലും മത്തായി സാറിനെ വിളിച്ച് പ്രാർത്ഥിപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മക്കളിൽ പലരെയും പഠിപ്പിച്ചു. എന്റെ സഹപാഠികളായ അവർ മത്തായിസാർ മരിക്കുംവരെ വന്നു കാണുകയും അനുഗ്രഹം തേടുകയും ചെയ്യുമായിരുന്നു. ഇതര സഭാംഗങ്ങളും ഇങ്ങനെ ചെയ്തുവന്നു.

മാർത്തോമ്മാ സഭാംഗങ്ങളായ ചില അടുത്ത സുഹൃത്തുക്കൾ പിതാവിനുണ്ടായിരുന്നു. വിജയപുരം എസ്റ്റേറ്റിൽ പി.വി. ചാണ്ടി (ബേബിച്ചായൻ) ഏലിയാമ്മ കൊച്ചമ്മയും കുടുംബവും തെക്കേ പറമ്പിൽ ചാണ്ടി

ച്ചായനും കുടുംബവും. അവിടെ ബാബുവും, അനിയനും ലീലാമ്മയും ഞങ്ങളെല്ലാം ഉറ്റ സുഹൃത്തുക്കളുമായിരുന്നു.

പള്ളിക്കതെക്കേതിൽ ചാക്കോച്ചായൻ, കുട്ടിച്ചായൻ മുതലായവരുടെ കുടുംബാംഗങ്ങളുമായി ഉറ്റസൗഹൃദം പുലർത്തി. പള്ളിക്കതെക്കേതിൽ ജോർജ്ജച്ചായനും കുഞ്ഞമ്മ കൊച്ചമ്മയും (ഈ.സി. ജോണച്ചന്റെ സഹോദരി) അയൽപക്കക്കാരും കൂടി യായിരുന്നു. പള്ളിക്കതെക്കേൽ അലക്സ് ആണ് എന്റെ സഹോദരി കുഞ്ഞൂഞ്ഞമ്മയെ വിവാഹം ചെയ്തിരിക്കുന്നത്.

ഹൈന്ദവരായ പല കുടുംബാംഗങ്ങളും സഹോദരങ്ങളെപ്പോലെയായിരുന്നു.

നല്ല ഒരു പ്രസംഗകനായിരുന്നതുകൊണ്ട് ദൂരസ്ഥലങ്ങളിൽ പോലും കൺവൻഷൻ നടത്തുവാൻ പോകുമായിരുന്നു. എരുമപ്രാ, മേലുകാവ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ പോയിട്ടുള്ളത് ഓർമ്മയിൽ വരുന്നു. ഓണവാരവേല ഇന്നത്തെപ്പോലെ നാമമാത്രമായിരുന്നില്ല അക്കാലത്ത്. ഓപ്പൺ എയർ പ്രസംഗം വളരെ പ്രധാനമായിരുന്നു. ജേക്കബ് തിരുമേനിയിൽ നിന്ന് ലഭിച്ച പരിശീലനമാണിതിനു കാരണം എന്നു പറയുമായിരുന്നു. ദാനിയേൽ സാറും മത്തായി സാറും ഈ പരിപാടിക്ക് പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്നു. പുരാണേതിഹാസങ്ങൾ ഒക്കെ ഉദ്ധരിച്ച് കവിതകൾ ഇടകലർത്തി നടത്തിയ പ്രസംഗം ബസുകാർ വണ്ടിനിർത്തി ശ്രദ്ധിക്കുന്നത് കണ്ടിട്ടുണ്ട്. പ്രസംഗക്കുറിപ്പുകൾ എഴുതുകയും വളരെ തയ്യാറായി പ്രസംഗക്കുകയും ചെയ്യുമായിരുന്നു. ഈ പ്രസംഗക്കുറിപ്പുകൾ പിന്നീട് പലരും എടുത്ത് ഉപയോഗിക്കുന്നതായി അച്ചന്മാർ പോലും പറഞ്ഞിട്ടുണ്ട്.

പ്രസംഗം ഒരു കലയാണ്. അത് ഹൃദയത്തിന്റെ അന്തർഭാഗങ്ങളിൽ നിന്നുയരേണ്ടതാണ്. പ്രസംഗം ഹൃദയത്തിൽ നിന്ന് ഹൃദയത്തോട് ഹൃദയത്തിന്റെ ഭാഷയിലുള്ള സംവേദനമാണ്. പ്രാർത്ഥനയും, പഠനവും തയ്യാറെടുപ്പും ഇതിനാവശ്യമാണ്. വിനയസമന്വിതനായിരിക്കണം പ്രസംഗകൻ. സ്ഫുടതയും ശബ്ദദൃഢതയും ഇതിനാവശ്യമാണ്. വികാരനിർഭരവും എന്നാൽ അർത്ഥഗർഭവുമായിരിക്കണം ആശയങ്ങൾ. ജീവിതഗന്ധിയും ജീവിതത്തെ സ്പർശിക്കുന്നതും മാനസാന്തര ഉപദേശങ്ങൾ അടങ്ങിയതുമായിരിക്കണം. കണ്ണുനീർ ഒഴുക്കിക്കൊണ്ടുള്ള ഹൃദയസ്പർശിയായ പ്രസംഗങ്ങൾ അനേകരെ മാനസാന്തരത്തിലേക്ക് നടത്തിയിട്ടുണ്ട്. ദുഃഖവെള്ളിയാഴ്ചയിലെയും പരസ്യ യോഗങ്ങളിലേയും മത്തായി സാറിന്റെ പ്രസംഗം വളരെ പ്രസിദ്ധമാണ്. ഇരിക്കുന്നവർ മുഴുവൻ കണ്ണുനീരൊഴുക്കുന്നവിധം ഹൃദയങ്ങളെ അലിയിക്കുന്ന തരത്തിലുള്ളപ്രസംഗങ്ങൾക്കായി ഇതരസഭാവിഭാഗക്കാർ എല്ലാം വിളിക്കുമായിരുന്നു.

ഒരു തികഞ്ഞ പ്രാർത്ഥനാ മനുഷ്യനായിരുന്നതുകൊണ്ട് ചുറ്റുപാടുള്ളപ്രദേശങ്ങളിൽ ആർക്കെങ്കിലും രോഗമോ മറ്റു പ്രതിസന്ധികളോ ഉണ്ടാകുമ്പോൾ പ്രാർത്ഥിക്കുന്നതിനായി മത്തായിസാറിനെ കൊണ്ടുപോകുമായിരുന്നു. ഇത്രമാത്രം കണ്ണുനീരൊഴുക്കി പ്രാർത്ഥിക്കുന്ന ഒരാളിനെ കണ്ടിട്ടില്ല. പ്രാർത്ഥന മൂലം അനേകർക്ക് സൗഖ്യം ലഭിച്ചതായി പലരും സാക്ഷിക്കാറുണ്ട്. ലളിതഹൃദയനും നിഷ്കളങ്കനും എന്നാൽ മുൻകോപിയുമായിരുന്നു. കോപം ഏതാനും നിമിഷങ്ങൾ മാത്രം. പാവപ്പെട്ട ജോലിക്കാർ പൈസ കടം വാങ്ങാനും മറ്റാവശ്യങ്ങൾക്കുമായി വന്നു ചോദിക്കുമ്പോൾ അവർ പണം ഉപയോഗിക്കുന്നതിൽ നിയന്ത്രണം വേണമെന്ന് അവരെ ഗുണദോഷിക്കുകയും ദേഷ്യപ്പെടുകയും ചെയ്യും. അവർ പറയും. സാറ് ഒന്ന് കോപിച്ചാൽ പിന്നീട് ഒരു രൂപാ അധികം അവർക്ക് ലഭിക്കും എന്ന്.

ഏറെ ശുദ്ധഹൃദയനായിരുന്നു. 6 അടി പൊക്കവും അതിനു തക്ക ശരീരവുമുള്ള ഈ പിതാവ് എപ്പോഴും ഭംഗിയായി വസ്ത്രധാരണം ചെയ്യുന്നതിൽ ശുഷ്കാന്തി കാണിച്ചിരുന്നു. എല്ലാ ദിവസവും ഷേവ് ചെയ്യുകയും വളരെ വൃത്തിയായി നടക്കുകയും ചെയ്യുന്ന ഈ പിതാവിന് ഇരുണ്ടനിറമായിരുന്നെങ്കിലും നല്ല പേഴ്സണാലിറ്റി ഉണ്ടായിരുന്നു. വെള്ള മുണ്ടും, വെള്ള ഷർട്ടും കറുത്തകരയൻ നേര്യതും ധരിച്ചായിരുന്നു പുറത്തെവിടെയും പോയിരുന്നത്. ഇസ്തിരിയിടാതെ വസ്ത്രങ്ങൾ ധരിച്ചിരുന്നില്ല.

മത്തായിസാർ നടത്തുന്ന ആരാധനയിൽ സംബന്ധിക്കുന്നതിനും പ്രസംഗം കേൾക്കുന്നതിനുമായി ഇതര സമുദായക്കാർ കുന്നിട പള്ളിയിൽ ഞായറാഴ്ച വരുമായിരുന്നു.

ഇങ്ങനെ ആ പ്രദേശത്ത് ഒരു സ്വാധീനശക്തിയാകുവാൻ കഴിഞ്ഞതിനാൽ സഭ വളരെയധികം വളർന്നു. ഇന്നും കുന്നിടമത്തായി സാറിന്റെ മകൻ എന്ന നിലയിലാണ് ഞാൻ അറിയപ്പെടുന്നത്. അക്കാലത്ത് തുമ്പമൺ നല്ലാനിക്കുന്ന് ഇടവകാംഗങ്ങളായ വിളയിൽ കുടുംബത്തിൽ നിന്ന് ഒരു യൗസേപ്പച്ചനും ചില സഹോദരങ്ങളും കീളിക്കോട് എന്നു പറയുന്ന സ്ഥലത്ത് കുടിയേറ്റക്കാരായി വന്നു. അവർ ഈ പള്ളിയിൽ അംഗങ്ങളായി. ഇത് സഭയുടെ വളർച്ചയുടെ രണ്ടാം ഘട്ടമാണ്. അവരെ പിന്തുടർന്ന് മറ്റു ചില കുടുംബങ്ങളും വന്നു. അങ്ങനെ കുന്നിട സഭ വളരെ സമ്പുഷ്ടമായി.

കുന്നിടയും ചുറ്റുപാടുകളിലുമുള്ള ഏനാത്ത്, കുളക്കട, കിഴക്കുപുറം, നെടുമൺ, ഏഴംകുളം, പറക്കോട്, അടൂർ, ഇളമണ്ണൂർ, പുതുവൽ, പത്തനാപുരം, പട്ടാഴി ഈ പ്രദേശങ്ങളിലെല്ലാം കുന്നിട മത്തായിസാർ അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു.

1942 മെയ് 18 (117 ഇടവം) കുന്നിട സ്കൂളിൽ എച്ച്.എം. ആയി നിയമിക്കപ്പെട്ടു. 1943 മാർച്ച് 1 മുതൽ കുന്നിടസഭയുടെ ചാർജും ഏൽപിച്ചു. അങ്ങനെ കടമ്പനാട്, ചേനപ്പാടി, മുള്ളിക്കുളങ്ങര, കുന്നിട എന്നീ സ്കൂളുകളിൽ പഠിപ്പിച്ചു. പുതുവലിൽ ഉപദേശിയായിരുന്നു.

1936 നവംബർ 16 മുതൽ സ്കൂളിൽ നിന്ന് അസാധാരണ അവധി നല്കി ഈഴവ മിഷനിൽ പ്രവർത്തിക്കുവാൻ നിയോഗിച്ചു. ആ പ്രവർത്തനം സഭാ ശുശ്രൂഷയിൽ ഏറെ ഗുണം ചെയ്തു.

നാനാജാതിമതസ്ഥരായ ആളുകൾ, പ്രായഭേദമോ സമുദായഭേദമോ കൂടാതെ ആദരിച്ച ഒരു മനുഷ്യനായിരുന്നു അദ്ദേഹം എന്നുള്ളത് അഭിമാനത്തോടുകൂടി ഓർക്കുവാൻ കഴിയും. അവിടുത്തെ പ്രബലസമുദായക്കാരായ നായന്മാരുടെ ആദരവും പ്രശംസയും പിടിച്ചുപറ്റുക മാത്രമല്ല അവരുടെ വീടുകളിൽ ഒരു കുടുംബാംഗം എന്ന നിലയിൽ സ്വീകരിക്കപ്പെട്ടു കുന്നിട മത്തായിസാർ. അംഗസംഖ്യയിൽ വളരെയുള്ള ഈഴവർ വളരെ ആദരവോടും ഭക്തിയോടും കൂടി സ്വീകരിക്കുക മാത്രമല്ല അവരുടെ എല്ലാ കാര്യങ്ങളിലും വളരെ കാര്യമായി പങ്കെടുപ്പിക്കുകയും ചെയ്തു.

മാർത്തോമ്മാക്കാർ, ഓർത്തഡോക്സുകാർ, കത്തോലിക്കർ, പെന്തക്കോസ്തുകാർ എല്ലാവരും സ്വന്തസഭാംഗം എന്ന പോലെ സ്വീകരിക്കുകയും അവരുടെ പള്ളികളിലും, കൂട്ടായ്മകളിലും, ഭവനപ്രാർത്ഥനകളിലും എല്ലാം പങ്കെടുപ്പിക്കുകയും പ്രസംഗിപ്പിക്കുകയും ചെയ്തു.

ധാരാളം അവശസമുദായാംഗങ്ങളുള്ള ഒരു പ്രദേശമായിരുന്നു. അവരുടെ കുടിലുകളിൽ പോകയും പ്രാർത്ഥിക്കുകയും, അവരുടെ ആവശ്യങ്ങളിൽ സഹായഹസ്തം നീട്ടുകയും ചെയ്തുവന്നതിനാൽ അവരുടെ ഒരു ആരാധനാപാത്രമായിരുന്നു. പോലീസ് കേസുകളിലും മറ്റും അവർ പിടിക്കപ്പെടുമ്പോൾ പോലീസ് സ്റ്റേഷനിൽ പോയി ഇൻസ്പെക്ടർമാരെക്കണ്ട് അവരെ സഹായിച്ച അനേക സന്ദർഭങ്ങൾ ഓർക്കുന്നു. “മത്തായിസാർ വന്നതുകൊണ്ട് നിന്നെ വിടുന്നു.” എന്നൊരു ഇൻസ്പെക്ടർ പറഞ്ഞതോർക്കുന്നു. അവിടെയുണ്ടായിരുന്ന പത്തേക്കർ സ്ഥലം തുണ്ടുതുണ്ടുകളായി പാട്ടത്തിന് കൊടുത്ത് അവരെക്കൊണ്ട് കൃഷി ചെയ്യിപ്പിച്ച് സ്വയ ത്രാണനത്തിന് അവർക്ക് പരിശീലനം നല്കിപ്പോന്നു. അവരിൽ പഠിക്കുവാൻ സമർത്ഥരായ വിദ്യാർത്ഥികളെ സ്കൂളിൽ അയയ്ക്കുന്നതിനും ആഹാരവും വസ്ത്രവും നൽകുന്നതിനും ശ്രമിച്ചു. തന്റെ മക്കളോടൊപ്പം വീട്ടിൽ അത്താഴം നൽകി താമസിപ്പിച്ച് പഠിപ്പിച്ച പലരും നല്ല നിലകളിൽ എത്തിയിട്ടുണ്ട്.

## ആതുരസേവനം

ഈ പാവപ്പെട്ട ആളുകൾ പട്ടിണിയിലും രോഗത്തിലുംപെട്ട് മരിക്കുമ്പോഴും അവരുടെ വീടുകളിൽ എത്തി പരിചരണം നല്കുകയും സഹായിക്കുകയും ചെയ്യുന്നത് പതിവായിരുന്നു. സ്കൂളിലെ ജോലി കഴിഞ്ഞ് വന്നിട്ട് ഇങ്ങനെയുള്ളവരുടെ ആവശ്യങ്ങളിൽ ശ്രദ്ധിച്ചിരുന്നു.

ഒരിക്കൽ ഈ പാവപ്പെട്ട കുടുംബങ്ങൾ താമസിച്ചിരുന്ന കോളനിപോലെയുള്ള സ്ഥലത്ത് കോളറ ബാധ ഉണ്ടായി. പലരും മരിച്ചു. എന്റെ ഓർമ്മയിൽ വന്ന ഒരു സംഭവം ഇവിടെ കുറിക്കുന്നു.

സഭയിലെ ആദ്യ കുടുംബങ്ങളിലൊന്നായിരുന്നു സഖായിമൂപ്പന്റെ കുടുംബം. ഈ മൂപ്പൻ പള്ളിയിലെ കപ്യാർകൂടിയായിരുന്നു. ഈ മൂപ്പന്റെ ഭാര്യ കോളറ ബാധിച്ചു മരിച്ചു. ഒരു കൊച്ചുമകളും, മൂപ്പനും ശേഷിച്ചു. ഈ മൂപ്പനും കോളറാ ബാധിച്ചു. ഈ വിവരം അറിഞ്ഞ ഉടൻ തന്നെ ഇടത്തറകുട്ടി മൂപ്പനെയും വിളിച്ച് ആ വീട്ടിൽ (കുടിലിൽ)പോയി. രാത്രി മുഴുവൻ അവർ അവിടെയിരുന്ന് ആ മൂപ്പനെ ശുശ്രൂഷിച്ചു. വെള്ളം കോരിക്കൊടുക്കുകയും നെരിപ്പോടുണ്ടാക്കി, തൊണ്ട് ചൂടാക്കി വയറ്റത്തുവച്ച് ചൂടു നൽകി ശുശ്രൂഷിക്കുകയും പിറ്റേദിവസം ആസ്പത്രിയിൽ എത്തിക്കുകയും ചെയ്തു. അക്കാലത്ത് യാതൊരു വാഹന സൗകര്യവും ഉണ്ടായിരുന്നില്ല. ഈ മൂപ്പൻ മരിച്ചുപോയി.

എല്ലാവരാലും സ്നേഹിക്കപ്പെടുക അത്ര എളുപ്പമുള്ള കാര്യമല്ല. നമ്മിലെ നന്മപ്രവർത്തനങ്ങൾമാത്രമാണ് അതിന് ഇടയാക്കുന്നത്. ആത്മീയ അന്ധകാരം നിറഞ്ഞിരുന്ന ആ സ്ഥലത്ത് ഒരു ആത്മീയ ജ്യോതിസ്സായിരുന്നു അദ്ദേഹം എന്നുള്ളത് നിസ്തർക്കമാണ്.

അടൂർ മിഷനിലെ ആദ്യ പിതാക്കന്മാരുടെ മൂന്നുമക്കൾ ഒരു ത്രികോണത്തിന്റെ മൂന്നു ഭുജങ്ങളായിരുന്നു. ഏനാത്ത് അടൂർ ഇവിടങ്ങളിൽ റ്റി. ജി. ജോർജ്ജുസാറും (റ്റി.ജി. ജോർജ്ജുസാറിന്റെ മകനാണ് കേരളത്തിലെ ശാരോൻ സഭയുടെ അദ്ധ്യക്ഷനായ പാസ്റ്റർ റ്റി.ജി.കോശി. അടൂർ താമസിക്കുന്നു.) ഏനാത്ത് പട്ടാഴി സ്ഥലങ്ങളിൽ പി.പി.ശമുവേൽ സാറും കുന്നിട, ഏഴംകുളം, പത്തനാപുരം തുടങ്ങിയ പ്രദേശത്ത് വി. എം. മത്തായി സാറും ശ്രേഷ്ഠമായ ശുശ്രൂഷ കാഴ്ചവച്ചു.

കുന്നിട സി.എം.എസ്.എൽ.പി. സ്കൂൾ എച്ച്.എം. ആയി പ്രവർത്തിച്ചു. ആ പ്രദേശത്തെ ഏക വിദ്യാലയം വളരെ ഉന്നത നിലവാരം പുലർത്തിയതുകൊണ്ട് ധാരാളം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ആ പ്രദേശത്തുള്ള അനേകം ആളുകൾ അവിടെ പഠിച്ചതിനുശേഷം വിവിധ നിലകളിൽ പല രാജ്യങ്ങളിൽ പാർക്കുന്നുണ്ട്. ഒരു മാതൃകാധ്യാപകനും

വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും കണ്ണിലുണ്ണിയും, മാനേജ്മെന്റിന്റെ അഭിമാനവുമായിരുന്നു. രണ്ടു നല്ല സ്കൂൾ കെട്ടിടങ്ങൾ ഉള്ളതിൽ ഒന്നിൽ ആരാധനയും നടത്തിപ്പോന്നു.

കുഞ്ഞുങ്ങളെ സ്വന്തം മക്കളെപ്പോലെ കരുതി ശാസിക്കുകയും ആത്മാർത്ഥമായി അവരെ പഠിപ്പിക്കുകയും ചെയ്തു. ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകൻ മാത്രമായിരുന്നെങ്കിലും സമൂഹത്തിൽ മാന്യനും ആദരണീയനുമായിരുന്നു. അക്കാലങ്ങളിൽ അദ്ധ്യാപകർ കൂടുതൽ ബഹുമാനിതരായിരുന്നു. കാരണം അവരുടെ സ്വഭാവവും, ജീവിതവും അത്രമാത്രം ഉന്നതവും, മാതൃകാപരവുമായിരുന്നു. ഇക്കാലത്തേതിൽനിന്നെത്രയോ വ്യത്യസ്തം.

A teacher teaches through what he knows
A teacher teaches through what he does
A teacher teaches through what he is.

പേരുകേട്ട ഒരു നല്ല അദ്ധ്യാപകനായിരുന്നു കുന്നിട മത്തായി സാർ. അനേകം കുട്ടികളെ സ്വാധീനിച്ചു. അരുടെ ആദരം പിടിച്ചുപറ്റുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

## പിതാവിന്റെ കുടുംബജീവിതം

1931 സെപ്റ്റംബർ 10-ന് കുമ്പനാട് കടപ്ര പുളിക്കക്കുഴിയിൽ വരിക്കപ്ലാംമൂട്ടിൽ മാമ്മൻ മകൾ മറിയാമ്മ (പെണ്ണമ്മ)യെ കുമ്പനാട് ശാലേം മാർത്തോമ്മാ പള്ളിയിൽവെച്ച് വിവാഹം കഴിച്ചു.

1932 ഡിസംബർ 22-ന് ഒരു പെൺകുഞ്ഞ് ജനിച്ചു. കുഞ്ഞൂഞ്ഞമ്മ.

4 മക്കളാണ് ഈ ദമ്പതികൾക്കുള്ളത്. 1. കുഞ്ഞൂഞ്ഞമ്മ, 2. സാം കുട്ടി (സാം മാത്യു), 3. മാമ്മൻ (പാപ്പച്ചൻ), 4. ജോൺ (തമ്പി).

### 1. കുഞ്ഞൂഞ്ഞമ്മ മാത്യു

1932 ഡിസംബർ 22-ാം തീയതി (1108 ധനു 8) ജനിച്ചു. വിദ്യാഭ്യാസാനന്തരം വെല്ലൂർ സി.എം.സിയിൽ നിന്നു ജനറൽ നേഴ്സിംഗ് പാസായി ബറോഡായിൽ ജോലിയിൽ പ്രവേശിച്ചു. അന്നുമുതൽ കുടുംബത്തിന് തന്നാലാവോളം സഹായങ്ങൾ ചെയ്തുവരുന്നു. പള്ളിക്കതൈക്കേതിൽ പി. എം. അലക്സാണ്ടറെ വിവാഹം ചെയ്തു. ആനി, ജിജു എന്ന രണ്ടു മക്കൾ. സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നു.

അമേരിക്കയിൽ ചിക്കാഗോയിൽ ജോലി ലഭിച്ചു. തനിയെ അവിടെ പോയി. പിന്നീട് അലക്സിനെയും കുഞ്ഞുങ്ങളെയും കൊണ്ടുപോയി. ഇപ്പോൾ അമേരിക്കയിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു.

ദൈവം അവരെ ധാരാളമായി അനുഗ്രഹിച്ചു. പഠിക്കുവാൻ വളരെ സമർത്ഥ അല്ലായിരുന്നെങ്കിൽപോലും ഇന്നെല്ലാവരേക്കാളും നല്ല നിലയിൽ ജീവിക്കുന്നു. ദൈവകൃപ.

കുഞ്ഞൂഞ്ഞമ്മ പഠിക്കുന്ന കാലത്തു പോലും കിട്ടുന്ന സ്റ്റൈപ്പന്റിൽ നിന്ന് മിച്ചം പിടിച്ച് വീട്ടിലേക്കാവശ്യമുള്ള വസ്ത്രങ്ങളും മറ്റും വാങ്ങിക്കൊണ്ടുവരിക പതിവായിരുന്നു.

ചിക്കാഗോയിൽ പോയശേഷം കാര്യമായി വീടിനെയും പ്രത്യേകിച്ച് സഹോദരങ്ങളെയും കരുതിയിട്ടുണ്ട്. ഇന്നും അങ്ങനെതന്നെ. രണ്ടുപേരും ഇക്കാര്യത്തിൽ മുമ്പന്തിയിലാണ്.

ഔദാര്യത്തിൽ വളരെ മുന്നിട്ടു നിൽക്കുന്ന അലക്സും കുഞ്ഞൂഞ്ഞമ്മയും കുടുംബത്തെ വളരെ ഏറെ സഹായിച്ചിട്ടുണ്ട്. സ്വന്തക്കാരെയെല്ലാം ഒരു പോലെ സഹായിക്കുവാനുള്ള സന്മനസ്സ് അവർക്ക് രണ്ടുപേർക്കുമുണ്ട്. ഞാൻ വീടു പണിയുമ്പോഴും കുഞ്ഞുങ്ങളുടെ വിവാഹത്തിനും ക്രിസ്റ്റിയുടെ പഠനത്തിനുമെല്ലാം വളരെ കാര്യമായ സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഇതെല്ലാം നന്ദിയോടെ സ്മരിക്കുന്നു.

തമ്പിയെയും കുടുംബത്തെയും അമേരിക്കയിൽ കൊണ്ടുപോയതും ജോലി തരപ്പെടുത്തിക്കൊടുത്തതുമെല്ലാം ഈ കുടുംബമാണ്. അതൊരിക്കലും മറക്കുവാൻ പാടില്ല. അതുപോലെ പള്ളിക്കതെക്കേതിലെ അനേകംപേർ ചിക്കാഗോയിലുണ്ട്. അവരെ എല്ലാം അവിടെ കൊണ്ടുചെന്നെത്തിച്ചത് കുഞ്ഞൂഞ്ഞമ്മയും അലക്സും കൂടിയാണ്. കുമ്പനാട്ടെ ജോണിയെയും കുടുംബത്തെയും അമേരിക്കയിലെത്തിച്ചു.

അവർക്ക് രണ്ടു മക്കളാണ്. ആനിയും, ജിജുവും. രണ്ടുപേരും അവിടെ വിവാഹിതരായി. ആനി പയസിനെ വിവാഹം ചെയ്തു. രണ്ടു കുഞ്ഞുങ്ങളുണ്ട്. ജിജുവും വിവാഹിതനും രണ്ടുകുട്ടികളുടെ പിതാവുമാണ്. ഭാര്യ രവിത. അവർ എല്ലാവരും ചിക്കാഗോയിൽ പാർക്കുന്നു. എല്ലാവരും നല്ല നിലയിലും, നല്ല നിലവാരത്തിലുമാണ് ജീവിക്കുന്നത്.

### 2. സാം മാത്യു – ജീവിതകഥ അന്യത്ര

### 3. മാമ്മൻ മാത്യു (പാപ്പച്ചൻ)

പാപ്പച്ചൻ നല്ല കായികശേഷിയും സൗന്ദര്യവുമുള്ള ആളായിരുന്നു. വലിയ കുസൃതിക്കാരനായിരുന്നു. ഹൈസ്കൂൾ ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ എൻ.എസ്.എസ്. സംഘടനയുടെ ഒരു ക്യാമ്പ് ശാസ്താംകോട്ട വച്ച് നടക്കുന്നുണ്ടായിരുന്നു. മറ്റു ചില യുവാക്കളോടൊപ്പം പാപ്പച്ചനും അതിൽ സംബന്ധിച്ചു. ഒരാഴ്ച കഴിഞ്ഞു ഞായറാഴ്ച

വീട്ടിൽ വന്നു എല്ലാവരേയും കണ്ടതിനുശേഷം മടങ്ങി. പിറ്റേദിവസം പ്രഭാതപരേഡ് കഴിഞ്ഞ് പ്രഭാത ഭക്ഷണത്തിനായി വന്നു മുൻപന്തിയിൽ തന്നെ ഭക്ഷണത്തിനായി ക്യൂ നിന്നു. അന്നത്തെ ഭക്ഷണം പൂരി ആയിരുന്നു. വാങ്ങി ഭക്ഷിച്ചു. നിമിഷങ്ങൾക്കകം ബോധരഹിതനായി വീണ് അന്ത്യശ്വാസം വലിച്ചു. ഒപ്പം 40-ഓളം പേർ മരിച്ചു. ആ പൂരി ഭക്ഷിച്ച കാക്കയും കുരങ്ങുകളും ചത്തുവീണു. വലിയൊരത്യാഹിതം സംഭവിച്ചു. അവിടെ ഉണ്ടാക്കിയ പൂരിയുടെ മാവിൽ വിഷം കലർന്നിരുന്നു. അതാണ് മരണകാരണം. ഞങ്ങളുടെ കുടംബത്തിനേറ്റ വലിയ ഒരു ആഘാതം. ദൈവത്തിലുള്ള ആശ്രയം കൊണ്ടു മാത്രം അതിനെ അതിജീവിച്ചു. കഷ്ടതകളിൽനിന്നുള്ള വിടുതലല്ല, കഷ്ടതകളുടെ മദ്ധ്യത്തിൽ സംരക്ഷണ നൽകുന്നവനാണ് ദൈവം എന്നു മനസ്സിലാക്കി. കൊല്ലം ആശുപത്രിയിൽ നിന്ന് മൃതദേഹം കൊണ്ടുവരുന്നതിനും മറ്റും കെട്ടിടത്തിലെ ബേബിച്ചായൻ (പി. വി. ചാണ്ടി, വിജയപുരം), ചായലോട്ട് രാജൻ അച്ചായൻ തുടങ്ങിയവർ നൽകിയ സഹായം ഒരിക്കലും മറക്കാവതല്ല. അപ്പാപ്പൻ തികഞ്ഞ ദൈവവിശ്വാസിയായിരുന്നതുകൊണ്ട് ഈ പ്രതിസന്ധി ധൈര്യത്തോടെ നേരിടുന്നതിന് എല്ലാവർക്കും പ്രചോദനം നൽകി.

Jesus is no security against storms but he is perfect security in storms.

## 4. ജോൺ മാത്യു (തമ്പി)

പാപ്പച്ചനെക്കാൾ വളരെ വർഷങ്ങൾക്ക് ഇളപ്പമായിട്ടാണ് തമ്പി ജനിച്ചത്. 1949 ആഗസ്റ്റ് 15-ന് ആണ് ജനനം. പത്തനാപുരം കോളജിൽ വിദ്യാഭ്യാസം കഴിഞ്ഞ് ബറോഡായിൽ കുഞ്ഞൂഞ്ഞമ്മ കൊണ്ടുപോയി. അവിടെ ജോലി ചെയ്തു. ഈ കാലഘട്ടത്തിൽ വള്ളിക്കോട് കോട്ടയത്ത് പനച്ചിക്കാട് റോസമ്മയെ വിവാഹം കഴിച്ചു. റോസമ്മ ഹോമിയോ ഡോക്ടറാണ്. കൂടൽ എന്ന സ്ഥലത്ത് ആശുപത്രി നടത്തുകയായിരുന്നു. വിവാഹാനന്തരം ഇളമണ്ണൂർ സ്ഥലം വാങ്ങി അവിടെ ആശുപത്രി നടത്തി. ഈ കാലഘട്ടത്തിൽ തമ്പി അമേരിക്കയ്ക്കുപോയി. റോസമ്മ അടൂർ താമസമാക്കി. അവിടെ 15 സെന്റ് സ്ഥലം വാങ്ങി. ഒരു ചെറിയ വീടുണ്ടായിരുന്നു. അവിടെ കുറച്ചുനാൾ താമസിച്ചു. റോസമ്മയും അമേരിക്കയ്ക്കു പോയി.

അവർക്ക് ദൈവാനുഗ്രഹത്താൽ രണ്ടുകുഞ്ഞുങ്ങളാണുള്ളത്. ജിജുവും ജെയ്മിയും. രണ്ടുപേരും നല്ല ദൈവഭക്തിയിൽ കേരളത്തിലെ കുട്ടികളെപ്പോലെ ആ സംസ്കാരത്തിലാണ് അവർ വളരുന്നത്. ജിജു വളരെ ആത്മീയ താല്പര്യമുള്ള ഒരു കുട്ടിയാണ്.

തമ്പിയും റോസമ്മയും സാമാന്യം ഭേദപ്പെട്ടനിലയിൽ അവിടെ താമസിക്കുന്നു. നല്ല വീടും മറ്റു സൗകര്യങ്ങളുമെല്ലാമുണ്ട്. ഇപ്പോൾ അടൂരുള്ള സ്ഥലത്ത് ഒരു നല്ല വീട് നിർമ്മിച്ചു കഴിഞ്ഞു.

ജിജുവും, ജെയ്മിയും വിവാഹിതരായി. ജിജുവിന് രണ്ടു കുട്ടികളുണ്ട്. ദൈവകൃപയാൽ നല്ല നിലയിൽ അവർ ജീവിക്കുന്നു.

## അപ്പച്ചന്റെ ജീവിതസായാഹ്നം

വളരെ സന്തുഷ്ടമായ ഒരു ജീവിതമായിരുന്നു അപ്പച്ചന്റേത്. മകൻ അച്ചനാകണമെന്നാഗ്രഹിച്ചു. ആ മകൻ മഹായിടവകയിലെ ഏറ്റവും ഉയർന്ന പദവിയായ ട്രഷറാർ ആയി കാണുവാൻ സാധിച്ചു. 84 വയസുവരെ വളരെ ആരോഗ്യവാനായിരുന്നു. ഒരു സ്ട്രോക്ക് വന്നു 2 വർഷം അത്ര ആരോഗ്യമില്ലാതെയും ഒരു വർഷത്തോളം ഓർമ്മയില്ലാതെയും കഴിഞ്ഞു. 2 വർഷത്തോളം ഞങ്ങളോടൊപ്പം മല്ലപ്പള്ളിയിൽ താമസിച്ചു.

1988 ഫെബ്രുവരി 4-ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. കോട്ടയത്ത് സംസ്കരിക്കണമെന്നാഗ്രഹിച്ചെങ്കിലും മല്ലപ്പള്ളിക്കാരുടെ നിർബന്ധത്തിന്റെ ഫലമായി മല്ലപ്പള്ളി ഹോളി ഇമ്മാനുവേൽ പള്ളി സെമിത്തേരിയിൽ അടക്കി. എന്റെ ഭാര്യയുടെ പൂർവ്വികർ എല്ലാവരും അവിടെ അടക്കപ്പെട്ടിരിക്കുന്നു.

ഫെബ്രുവരി 5-ാം തീയതി ബിഷപ്പ് മാണി, ബിഷപ്പ് ജോസഫ്, ബിഷപ്പ് ബഞ്ചമിൻ എന്നിവരുടെ മുഖ്യകാർമ്മികത്വത്തിലും 60-ഓളം പട്ടക്കാരുടെ സാന്നിദ്ധ്യത്തിലും ഭൗതികശരീരം അടക്കപ്പെട്ടു. വലിയ ഒരു ജനാവലിയും പങ്കെടുത്തു. എന്റെ പിതാവിന് അർഹമായ ഒരു യാത്രയയപ്പു ലഭിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

മല്ലപ്പള്ളിക്കാണ് സ്ഥലം മാറ്റം എന്നു പറഞ്ഞപ്പോൾ ആദ്യത്തെ ചോദ്യം ശവക്കോട്ട അടുത്താണോ എന്നായിരുന്നു. ഇപ്പോഴാണ് അർത്ഥം മനസ്സിലായത്.

## അമ്മയുടെ വേർപാട് (2008 ജൂലൈ 15 (94 yrs)

ദീർഘനാളുകളായി നടക്കുവാൻ പ്രയാസമായ അവസ്ഥയിൽ. എന്നാൽ നല്ല ഓർമ്മശക്തിയും കേൾവിയും, കാഴ്ചയും, സംസാരശേഷിയും ഉണ്ടായിരുന്നു. തനിയെ മറ്റു മുറികളിൽ ഒക്കെ പിടിച്ചു പിടിച്ചു വരുമായിരുന്നു. മെയ് മാസത്തിൽ ശരീരമാസകലം നീരുവന്നു. എന്നാൽ ജൂൺ ആയപ്പോഴേക്കും പൂർണ്ണമായി അതു മാറി. അപ്പോഴേക്കും അമ്മയുടെ മൂത്തമകൾ അമ്മാമ്മ നാട്ടിൽ വന്നു. ഒരു മാസത്തോളം വളരെ നന്നായി ശുശ്രൂഷിച്ചു. ഇഷ്ടങ്ങൾ എല്ലാം സാധിച്ചുകൊടുത്തു. സുഖമായിരിക്കുമ്പോൾ അമ്മാമ്മ മടങ്ങിപ്പോയി. വായനയായിരുന്നു ഹോബി.

പിന്നീടുള്ള ദിവസങ്ങൾ വളരെ സന്തോഷവതിയായി കഴിഞ്ഞു. 14-ാം തീയതി വൈകിട്ട് സന്ധ്യാസമയത്ത് ഞാൻ അമ്മയുടെ കട്ടിലിനരികിൽ

കുറെ സമയം ഇരുന്നു. നല്ല ആരോഗ്യത്തോടുകൂടി ഏറെ സമയം എന്നോട് സംസാരിച്ചു. മൂന്ന് വാക്യങ്ങൾ തുടർച്ചയായി എന്നോട് പറഞ്ഞു. “ഞാൻ എന്റെ കണ്ണ് പർവ്വതത്തിലേക്കുയർത്തുന്നു. എനിക്കു സഹായം എവിടെ നിന്നു വരും. എന്റെ സഹായം ആകാശത്തേയും ഭൂമിയേയും ഉണ്ടാക്കിയ ദൈവത്തിൽനിന്നു വരുന്നു.”

“ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ”, “യഹോവ എന്റെ ജീവന്റെ ബലം, ഞാൻ ആരേ പേടിക്കും”.

അമ്മ ആരേയും പേടിക്കേണ്ട. കിടന്നുറങ്ങ് എന്നു പറഞ്ഞ് ഞാൻ ഉറങ്ങാൻപോയി. അമ്മയും ഉറങ്ങി.

രാവിലെ 8 മണിയോടുകൂടി അമ്മയുടെ മുറിയിൽ ചെന്നു. പതിവിനു വിപരീതമായി കിടക്കയിലായിരുന്നു. കണ്ണടച്ച് കിടന്ന അമ്മയെ ഞാൻ വിളിച്ചു. മൂളുക മാത്രം ചെയ്തു. ചായ കുടിച്ചോ എന്ന് ചോദിച്ചു. മൂളി. വല്ലതും കഴിക്കണ്ടേ? അപ്പോഴും മൂളി. രണ്ടുമൂന്ന് കഷണം ദോശ വായിൽ വച്ചു കൊടുത്തു. അത് തിന്നിറക്കി. രണ്ടു സ്പൂൺ പാൽ വായിൽ ഒഴിച്ചുകൊടുത്തു. അതും ഇറക്കി. ശ്വാസോച്ഛ്വാസം നിലച്ചു. അപ്പോൾ അഞ്ജു സ്കൂളിൽ പോകാൻ വന്നു. ‘അമ്മച്ചി...’ എന്നു വിളിച്ചു. ‘എന്താ അമ്മച്ചി ഒന്നും മിണ്ടാത്തത്’ എന്ന് ചോദിച്ചു. കണ്ണു തുറന്നു നോക്കിയപ്പോഴേക്കും കൃഷ്ണമണി മറഞ്ഞിരുന്നു.

ഉടൻ തന്നെ തൊട്ടടുത്തവീട്ടിൽ നിന്നു ഡോക്ടർ വന്നു, മരണം ഉറപ്പാക്കി. അപ്പോഴേക്കും ആശുപത്രിയിൽ നിന്ന് ഡോക്ടേഴ്സും നേഴ്സുമാരെല്ലാം ഓടിയെത്തി. സന്തോഷച്ചൻ വന്നു പ്രാർത്ഥിച്ചു. അപ്പോഴേക്കും പത്തുപന്ത്രണ്ടച്ചന്മാർ, ബിഷപ്പ് ഏബ്രഹാം മാർ പൗലോസ് എന്നിവർ വന്ന് പ്രാർത്ഥിച്ചു. ബോഡി മോർച്ചറിയിലേക്ക് മാറ്റുവാനുള്ള ക്രമീകരണമായി.

2008 ജൂലൈ 17-ാം തീയതി 3 മണിക്ക് മല്ലപ്പള്ളി സെമിത്തേരിയിൽ പിതാവിന്റെ കല്ലറയോട് ചേർത്തു പണിതിരുന്ന കല്ലറയിൽ അടക്കം ചെയ്തു.

ഗീവർഗ്ഗീസ് മാർ അത്തനേഷ്യസ്, ജോസഫ് മാർത്തോമ്മാ, ഏബ്രഹാം പൗലോസ്, ജോസഫ് മാർ ബർന്നബാസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മാത്യൂസ് മാർ സേവേറിയോസ്, യോഹന്നാൻ റമ്പാൻ, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമസ് മാർ കൂറിലോസ്, ആർച്ചുബിഷപ്പ് (കത്തോലിക്കാ) എം.സി. മാണി, മൈക്കിൾ ജോൺ തുടങ്ങിയ തിരുമേനിമാരും ഒട്ടനവധി വൈദികരും ഈ ശുശ്രൂഷയിൽ പങ്കെടുത്തു. അഭൂതപൂർവ്വമായ ജനസഞ്ചയം ഇതിനു സാക്ഷ്യം വഹിച്ചു. അർഹി

ക്കുന്നതിലെത്രയോ ഉപരി അനുഗ്രഹങ്ങളാണ് ലഭിച്ചത്. അമ്മ ഒരു തികഞ്ഞ വിശ്വാസി ആയിരുന്നു. ബൈബിൾ തന്റെ മാർഗ്ഗദർശിയായിരുന്നു. വേദപുസ്തക പാരായണവും പ്രാർത്ഥനയുമായിരുന്നു പ്രത്യേകത.

# Family

## Rt. Rev. Dr. Sam Mathew

1. Rt. Rev. Dr. Sam Mathew
*Birth* : 1936 October 7 (112 Kanni 22)
*Ist Ordinatio*n : 1965 June 5 at Christ Church Alleppy.
*Celebrant*: Rt. Rev. Dr. M. M. John
*Preacher*: Rt. Rev. S. J. Samuel Bishop Coimbatore
*2nd Ordination*: 1 April 1966 at St. Peter's Church S. Puthuppally.
*Celebrant*: Rt. Rev. Dr. M.M. John
*Preacher:* V. Rev. K. K. Tharyan.
*Consecration* - Ist Sept. 1993
*Celebrant*: Most Rev. V. P. Dandin (North Karnataka)

2. Annamma (Kunjamma) (Wife)
*Birth* : 1944 February 14
*Marriage* : 1966 May 5 at Keezhvaypur

3. Christy S. Mathew (Son)
*Birth* : 1967 February 14
Anju Annie Oommen (Wife)
*Birth* :1975 May 4
*Marriage :* 1997 June 7
*Children :* Hannah Ann Mathew
Dinah Susan Mathew
Noah Sam Mathew

4. Shanti (daughter)
*Birth*: 1968 August 23
*Marriage:* 1995 May 6
*Husband:* Eipe Andrews (Joe)
*Birth :*1966 April 6
*Children:* Nirmal Joseph Andrews
Sneha
Sam Mathew Andrews

5. Annie S. Mathew
*Birth*: 1973 August 25

*Marriage:* 1999 January 9
*Husband:* Vinod Mathew
*Birth:* 1970 April 26
*Children:* Jacob Kevin Mathew
Keziah

# ദൈവം തന്ന മക്കൾ

ദൈവാനുഗ്രഹത്താൽ ഞങ്ങൾക്ക് 3 മക്കളെ ദൈവം ദാനമായി തന്നു. ഞങ്ങളുടെ കുഞ്ഞുങ്ങൾ വലിയ ധനവാന്മാരോ ഉന്നതന്മാരോ ആകണമെന്നല്ല ഞങ്ങൾ ആഗ്രഹിച്ചത്. ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്ന നല്ല ക്രിസ്തീയ സാക്ഷ്യമുള്ളവരാകണമെന്നാണാഗ്രഹിച്ചത്. ഞങ്ങളുടെ ആഗ്രഹപ്രകാരമുള്ള കുഞ്ഞുങ്ങളെയാണ് ഞങ്ങൾക്ക് ലഭിച്ചത്. അതിൽ ദൈവത്തോട് നന്ദിയുണ്ട്. മൂന്നു പേരും നല്ല സാക്ഷ്യമുള്ളവരായി കഴിയുന്നു. അവർക്ക് മൂന്നു പേർക്കും കൂടി 8 കൊച്ചുമക്കളും ഉണ്ട്. ദൈവകൃപയാൽ ആർക്കും അനാരോഗ്യമോ മറ്റെന്തെങ്കിലും തകരാറുകളോ ഇല്ല. അത് ദൈവാനുഗ്രഹം മാത്രം. അവരുടെ ഭാവി അനുഗ്രഹകരമായി തീരണമെ എന്നുള്ളതാണ് പ്രാർത്ഥന. ഞങ്ങളുടെ പിതാക്കന്മാരെ അത്ഭുതകരമായി നടത്തിയ ദൈവം ഇന്നു വരെ ഞങ്ങൾക്കും വിശ്വസ്തനാണ്. ഞങ്ങളുടെ മക്കൾക്കും അവരുടെ മക്കൾക്കും ഭാവിതലമുറകൾക്കും അവൻ മതിയായവനാണ്. എന്റെ പിതാവിന്റെ പ്രാർത്ഥന ശ്രദ്ധേയമാണ്.

"അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമെ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ" എന്നു പ്രാർത്ഥിക്കുമ്പോഴെല്ലാം പറയാറുണ്ട്. ഞങ്ങളും ആ പ്രാർത്ഥന പിന്തുടരുന്നു.

## ക്രിസ്റ്റി

ദൈവകൃപയാൽ ഞങ്ങൾക്ക് ഒരു മകൻ 1967 ഫെബ്രുവരി 14 ൽ ജനിച്ചു. കോട്ടയം എം.റ്റി. സെമിനാരി ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചു. സി.എം.എസ്. കോളജിൽ ബി.എസ്.സിക്ക് ചേർന്നപ്പോൾ പൂനായിൽ ഭാരതീയ വിദ്യാപീഠിൽ എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടി. മഹാരാഷ്ട്ര ഗവർണറുടെ പി.ആർ.ഒ. ആയിരുന്ന മല്ലപ്പള്ളിക്കാരൻ കെ. സി. നൈനാൻ ആണ് അഡ്മിഷൻ തരപ്പെടുത്തിയത്. അവിടുത്തെ പഠനത്തിനുശേഷം കുറച്ചുനാൾ ബോംബെയിൽ ജോലി നോക്കി. തിരികെ കോട്ടയത്തിനു പോന്നു. സ്വന്തം ബിസിനസ്സ് നടത്തുന്നു.

1997 ജൂൺ 7-ന് നെടുങ്ങാടപ്പള്ളിയിൽ നെടുങ്ങാടപ്പള്ളി വീട്ടിൽ ഉമ്മൻ ഈപ്പൻ (റിട്ടയേർഡ് ഹെഡ്മാസ്റ്റർ നെടുങ്ങാടപ്പള്ളി ഹൈസ്കൂൾ)

മോളി ദമ്പതികളുടെ ഇളയ മകൾ അൻജുവിനെ വിവാഹം ചെയ്തു. എം.എസ്.സി. ക്കു പഠിക്കുമ്പോൾ വിവാഹം ചെയ്തു. ബി.എഡ്., സെറ്റ് എന്നിവ പാസായി. സി.എം.എസ്. ഹയർ സെക്കന്ററി സ്കൂളിൽ പഠിപ്പി ക്കുന്നു. നല്ല ഒരു അദ്ധ്യാപികയാണ്. അവർക്ക് ഹന്നാ, ദീന, നോവാ എന്നീ മൂന്നു മക്കൾ ഉണ്ട്. കുഞ്ഞുങ്ങൾ സമർത്ഥരാണ്. ദൈവത്തിനു സ്തോത്രം.

**ശാന്തി**

1968 ആഗസ്റ്റ് 23 ൽ ജനിച്ചു. ജോലിയിൽ താല്പര്യമില്ലായിരുന്നു. 1995 മെയ് 6-ന് കൊച്ചിയിൽ സ്ഥിരതാമസമാക്കിയ ഒളശ്ശ വല്യവീട്ടിൽ ഡബ്ല്യു. ജെ. ജോസഫ്-വൽസമ്മ ദമ്പതികളുടെ മൂത്തമകൻ ജോയുമായി വിവാ ഹിതയായി. ജോ എറണാകുളത്ത് കമ്പനിയിൽ എക്സിക്യൂട്ടീവ് ആയി പ്രവർത്തിക്കുന്നു.

നിർമ്മൽ, സ്നേഹാ, സാംകുട്ടൻ ഇങ്ങനെ മൂന്നു മക്കൾ. നിർമ്മൽ നല്ല പാട്ടുകാരനും ഓർഗനിസ്റ്റുമാണ്. കുഞ്ഞുങ്ങൾ നന്നായി പഠിക്കുന്നു.

**ആനി**

1973 ആഗസ്റ്റ് 25 ന് ജനിച്ചു. സി.എം.എസ്. കോളജിൽ നിന്ന് എം.കോം പാസായി. തോലശ്ശേരി വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ പഠിപ്പിക്കുന്നു. 1999 ജനുവരി 9-ന് മാവേലിക്കര പ്രായിക്കര കാട്ടിക്കുള ത്തിൽ മാത്യു വർഗീസ്, മോളി ദമ്പതികളുടെ മകൻ വിനോദ് മാത്യുവു മായി വിവാഹം കഴിഞ്ഞു. വിനോദ് അഗ്രിക്കൾച്ചർ എം. എസ്.സി. ബിരു ദധാരിയാണ്. ഇപ്പോൾ തടിയൂരുള്ള കെ. വി. കെ. യിൽ (കൃഷി വിജ്ഞാ നകേന്ദ്രം) ഉദ്യോഗസ്ഥനാണ്.

കെവിൻ (ജേക്കബ് മാത്യു), കെസിയ എന്നിങ്ങനെ രണ്ടു മക്കൾ. ദൈവം അവരെയും അനുഗ്രഹിച്ചു.

ദൈവം ഞങ്ങൾക്ക് തന്ന മക്കൾ ദൈവകൃപയാൽ സന്തോഷമായി കഴിയുന്നു. അവരുടെ എല്ലാം ഭാവി അനുഗൃഹീതമാകണമെന്ന് പ്രാർത്ഥി ക്കുന്നു.

## ദൈവം തന്ന ബിരുദം

വിവിധ കാരണങ്ങളാൽ സ്വദേശത്തു നിന്നോ വിദേശത്തുനിന്നോ ഒരു ന്നത ബിരുദം ലഭിക്കുവാൻ സാധിച്ചില്ല. എന്നാൽ അമേരിക്കയിലുള്ള വിഷൻ ക്രിസ്ത്യൻ യൂണിവേഴ്സിറ്റി, കാലിഫോർണിയ ഒരു ഓണററി ഡോക്ടറേറ്റ് നൽകി എന്നെ ബഹുമാനിച്ചു. ദൈവത്തിന്റെ അതിശയക രമായ അനുഗ്രഹം എന്നല്ലാതെ മറ്റൊന്നും പറയുവാനില്ല.

## ദൈവം തന്ന വീട് - വലിയതോട്ടത്തിൽ ഭവനം

റിട്ടയർ ചെയ്യുമ്പോൾ എവിടെ താമസിക്കും എന്നുള്ള ചിന്ത ഉണ്ടായി. മാങ്ങാനത്ത് ശാന്തിപുരത്ത് ഒരു ചെറിയ വീടുണ്ടായിരുന്നു. എന്നാൽ അത് തികച്ചും അപര്യാപ്തമായിരുന്നു. അപ്പോൾ മാങ്ങാനത്ത് മുണ്ടക പ്പാടത്ത് ഒരു ചെറിയ പ്ലോട്ട് പെനിയേൽ കുഞ്ഞുമോൻ (പി. എം. മാമ്മൻ) ചൂണ്ടിക്കാണിച്ചുതന്നു. സെന്റിന് 40,000 രൂപ വച്ച് 15 സെന്റ് സ്ഥലം വാങ്ങി. പിതൃസ്വത്ത് വിറ്റുകിട്ടിയതും സ്വയം ആർജ്ജിച്ചതുമായ തുക യെടുത്ത് അത് വാങ്ങി നേരത്തെ തന്നെ ഇട്ടിരുന്നു.

റിട്ടയർമെന്റ് അടുത്തപ്പോൾ വീടിനെക്കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി. മാങ്ങാനത്തുള്ള വീട് ശാന്തിക്കും ജോയ്ക്കും വിലയ്ക്കു നൽകി. അതിന്റെ പണവും കുന്നിട ഉണ്ടായിരുന്ന വസ്തു വിറ്റപണവും സ്വയം മിച്ചം പിടി ച്ചുണ്ടാക്കിയ പണവും പിന്നെ ബാങ്കിൽ നിന്ന് ലോൺ എടുത്ത ഒരു നല്ല തുകയും ചേർത്ത് 18 ലക്ഷം രൂപാ ചെലവാക്കി സാമാന്യം സൗക ര്യപ്രദമായ ഒരു വീട് പണിതു. അതിനാശ്യമുള്ള തടി മുഴുവൻ (തേക്കും പ്ലാവും, ആഞ്ഞിലിയും) കീഴ്വായ്പൂരുള്ള സ്ഥലത്തു നിന്നു സമാഹരി ച്ചതാണ്. അങ്ങനെ 1999 ഒടുവിൽ ആരംഭിച്ച വീടുപണി പൂർത്തിയായി. 2001 ഒക്ടോബർ 9-ാം തീയതി പുതിയ വീട്ടിൽ താമസമാരംഭിച്ചു. മല്ലപ്പ ള്ളിൽ എബിയുടെ വീട്ടിൽ വച്ചാണ് തടി എല്ലാം പണിതത്. വീടുപണി യാൻ എബിയുടെ സഹായം വലുതായിരുന്നു. താമസം ആരംഭിക്കു മ്പോൾ പല കാര്യങ്ങളും ചെയ്തുതീർക്കുവാനുണ്ടായിരുന്നു എങ്കിലും താമസം സൗകര്യപ്രദമായിരുന്നു. ഇങ്ങനെ ഒരു ഭവനം ദൈവം തന്ന തിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇത്രത്തോളം യഹോവ സഹായിച്ചു.



## ഭാഗം II

# ജീവിതം ഒരു തീർത്ഥാടനം

# ജീവിതം ഒരു തീർത്ഥാടനം
## (അനുഭവക്കുറിപ്പുകൾ)

"എന്റെ തീർത്ഥാടനം" എന്നുള്ളത് ഞാൻ എന്റെ പിതാവിനോട് കടമെടുക്കുകയാണ്. എന്റെ പിതാവ് ഒരു വലിയ നോട്ട്ബുക്കിൽ തന്റെ ജീവിതത്തെക്കുറിച്ച് കുറെ ഏറെ എഴുതിവച്ചിട്ടുണ്ട്. "എന്റെ തീർത്ഥാടനം" എന്നാണ് അദ്ദേഹം അതിന് പേരുനൽകിയിരിക്കുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഈ വാക്കുകൾ ഏറെ പ്രസക്തമാണ്. എന്റെ ജീവിതം ഒരു തീർത്ഥാടനമാണ്. "ഇവിടെ നാം തീർത്ഥാടകർ" എന്നൊരു പുസ്തകവും ഞാൻ രചിച്ചിട്ടുണ്ട്.

ജീവിതത്തെ ഒരു ഓഷ്യൻ ലൈനർ (യാത്രാക്കപ്പലിനോട്) ആണ് ഞാൻ ഉപമിക്കുന്നത്. Life is not like a pleasure boat but it is like an ocean liner. കേവലം ഉല്ലാസയാത്രയ്ക്കുപയോഗിക്കുന്ന ഒരു ആനന്ദനൗകയല്ല ജീവിതം. കുറെ സമയം കായൽപരപ്പിൽ തുള്ളിച്ചാടി ഓടിയതിനുശേഷം കരക്കടുപ്പിച്ച് വീട്ടിൽ പോകുന്ന അനുഭവമല്ല ജീവിതം. പ്രത്യുത ഒരു ചരക്കുകപ്പൽ പോലെ ഒരു തുറമുഖത്തുനിന്നു മറ്റൊരു തുറമുഖത്തേക്ക് യാത്രചെയ്യുന്ന ഒരു ചരക്കുകപ്പലാണിത്. ആനന്ദനൗകയാണെങ്കിൽ കാറ്റും കോളും കണ്ടുകഴിയുമ്പോൾ സുരക്ഷിതസ്ഥാനത്തേക്ക് മടങ്ങും. യാത്ര മതിയാക്കി തിരികെപ്പോരും. ഒരു യാത്രക്കപ്പലാകട്ടെ നിറയെ ഭാരവും വഹിച്ചുകൊണ്ട് ഒരിടത്തുനിന്ന് നങ്കൂരം എടുത്തതിനുശേഷം മറ്റൊരു ലക്ഷ്യസ്ഥാനത്തേക്ക് യാത്ര ആരംഭിക്കും. കടൽ ശാന്തമായിരിക്കുമ്പോൾ യാത്ര സുഗമമായിരിക്കും. ചിലപ്പോൾ കാറ്റുംകോളും തിരമാലകളുമെല്ലാം ഉയരും. അവയെ ഏറ്റുമുട്ടേണ്ടതായും വരും. ഈ യാത്രക്കപ്പൽ എത്ര പ്രതികൂല സാഹചര്യങ്ങളാണെങ്കിലും ശരി മടങ്ങിപ്പോകയില്ല. ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്തുകൊണ്ടിരിക്കും. കാറ്റിനെയും കടലിനെയും നിയന്ത്രിക്കുവാൻ കഴിവുള്ള കപ്പിത്താന്റെ നേതൃത്വത്തിൽ ലക്ഷ്യത്തിലെത്തുക തന്നെ ചെയ്യും. ഇങ്ങനെ ലക്ഷ്യത്തിലേക്ക് ഓടുന്ന കപ്പലായിരിക്കണം മനുഷ്യജീവിതം.

മനുഷ്യൻ ഒരു തീർത്ഥാടകനാണ്. വിനേദസഞ്ചാരിയല്ല. ഒരു ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്ന ഒരു ഒരു തീർത്ഥാടകനു മനുഷ്യജീവിതത്തിൽ അനേകം പ്രതിസന്ധികളും തടസ്സങ്ങളുമെല്ലാം ഉണ്ടാകാം. അവയെ എല്ലാം തരണം ചെയ്ത് ലക്ഷ്യത്തിൽ എത്തിച്ചേരുക. ലക്ഷ്യത്തിലെത്തും വരെ ഈ തീർത്ഥാടനം തുടർന്നുകൊണ്ടേയിരിക്കും.

അസഹനീയമായ കാറ്റും കോളും നിറഞ്ഞ ഒരു അവസ്ഥയിലായിരുന്നില്ല ഇതുവരെയുള്ള ജീവിതം. അത് ദൈവത്തിന്റെ കൃപയാൽ

ആണെന്നു മാത്രം. മറ്റൊന്നും പ്രശംസിക്കുന്നതിനായില്ല. പൂർവ്വ പിതാക്കന്മാരുടെ കണ്ണുനീരും പ്രാർത്ഥനയും പിൻബലമായിട്ടുണ്ടായിരുന്നു. വലിയ ആഴമുള്ള കടലിൽക്കൂടിയായിരുന്നില്ല ജീവിതം. കഷ്ടിച്ച് ഒരു നൗകയ്ക്ക് യാത്രയ്ക്കാവശ്യമുള്ള അത്രയും ജലമാണുണ്ടായിരുന്നത്. വലിയ പോറലേൽക്കത്തക്കസ്ഥിതിയിലായിരുന്നില്ല. തട്ടിയും മുട്ടിയും തടസ്സങ്ങൾ കൂടാതെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു.

"പുഷ്പത്തെക്കാൾ മണവും, തേനിനേക്കാൾ മാധുര്യവുമുള്ള ഭാവി ഒന്നും ഞാൻ എന്റെ സഹോദരന് നേരുന്നില്ല. അധികം കല്ലും മുള്ളും ഇല്ലാത്ത ഒരു ജീവിതം ഉണ്ടാകട്ടെ എന്നാശംസിക്കുന്നു". ചന്ദ്രികാദേവി എന്ന ഒരു നമ്പൂതിരി പെൺകുട്ടി സഹപാഠിയായ എനിക്ക് എഴുതിത്തന്ന ആശംസയാണ് മേലുദ്ധരിച്ചിരിക്കുന്നത്. വളരെ സാർത്ഥകമായ ഒരാശംസ. വിദ്യാഭ്യാസത്തിനുശേഷം, ഒരു സഹോദരിയെപ്പോലെ ഞാൻ കരുതിയിരുന്ന ആ സഹോദരിയെ കാണുവാനോ വിവരങ്ങൾ അറിയുവാനോ സാധിച്ചിട്ടില്ല. പഠിക്കുമ്പോൾ രണ്ടു കുട്ടികളുടെ മാതാവായിരുന്നു. ഒരു മൂത്ത സഹോദരി.

## ഞാൻ പലർക്കും ഒരു അത്ഭുതമായിരിക്കുന്നു

സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്ന ഈ വാക്കുകൾ തികച്ചും എന്നെ സംബന്ധിച്ചിടത്തോളം വളരെ അന്വർത്ഥമാണ്.

### ജനനം

1936 ഒക്ടോബർ 7-ാം തീയതി (1112 കന്നി 22) വ്യാഴാഴ്ച വെളുപ്പിന് 4 മണിക്ക് അമ്മ വീടായ കുമ്പനാട് ജനിച്ചു. 1937 ജനുവരി 10-ാം തീയതി മാവേലിക്കര ക്രൈസ്റ്റ് ചർച്ചിൽ വച്ച് റവ. സി. സി. തൊമ്മൻ അച്ചൻ സ്നാനപ്പെടുത്തി. ജ്ഞാന മാതാപിതാക്കൾ

1. വി. എം. പോത്തൻ, വലിയതോട്ടത്തിൽ
2. പി. സി. ജോഷ്വാ, തോപ്പിൽ മുള്ളിക്കുളങ്ങര
3. ശ്രീമതി ചാച്ചി കുര്യൻ, തോപ്പിൽ എന്നിവരായിരുന്നു.

പേര്: സ്നാനത്തിൽ ലഭിച്ച പേര് മാത്യു എന്നാണ്. എന്നാൽ മാതാപിതാക്കൾ സാം എന്ന പേരു കൂട്ടിച്ചേർത്ത് സാം മാത്യു എന്നാക്കി.

ശമുവേൽ എന്ന വാക്കിന്റെ അർത്ഥം ദൈവത്തോട് ചോദിച്ചു വാങ്ങിയവൻ. വളരെ പ്രാർത്ഥനാപൂർവ്വം മാതാപിതാക്കൾ നൽകിയ പേരാണിത്.

ഒരു മകൾ ജനിച്ചതിനുശേഷം ഒരു ആൺകുഞ്ഞിനുവേണ്ടി

ആഗ്രഹിച്ചു പ്രാർത്ഥിച്ച മാതാപിതാക്കൾക്ക് ദൈവം അനുഗ്രഹിച്ചു നൽകിയ മകൻ ജനിച്ച് അധികം ദിവസം കഴിയുന്നതിനുമുമ്പ് 'സന്നി' എന്ന രോഗം ബാധിച്ചു. ഒരു ദിവസം സന്നിബാധിച്ച് അബോധാവസ്ഥ യിൽ കട്ടിലിൽ കിടത്തിയിരിക്കുന്ന സ്ഥിതിയിൽ ഒന്നും ചെയ്യാനാവാതെ മാതാപിതാക്കൾ കണ്ണുനീരൊഴുക്കി പ്രാർത്ഥിച്ചു. ആ സമയത്ത് വളരെ അവിചാരിതമായി പിതാവിന്റെ ഉത്തമസുഹൃത്തായിരുന്ന ആദരണീയ നായ ചിത്രമെഴുത്തു കെ. എം. വർഗ്ഗീസ് എന്ന പ്രതിഭാശാലി അതുവഴി വന്നു. ദയനീയമായ ഈ കാഴ്ച കണ്ട മാതാപിതാക്കളെക്കൂട്ടി രോഗി യായി മരണാവസ്ഥയിലായിരുന്ന ശിശുവിനെയും എടുത്ത് അധികം ദൂര ത്തിലല്ലാത്ത മാവേലിക്കര കൊട്ടാരത്തിൽ എത്തി. അവിടുത്തെ വൈദ്യൻ തമ്പുരാനോട് വിവരങ്ങൾ പറഞ്ഞു. മാവേലിക്കര കൊട്ടാരത്തിൽ വളരെ സ്വാധീനമുള്ള ഒരാളായിരുന്നു ചിത്രമെഴുത്തു കെ. എം. വർഗീസ്. തമ്പു രാൻ പ്രാർത്ഥനാപൂർവ്വം ഒരു നെയ്യ് കാച്ചിയതിൽ അല്പം എടുത്ത് കുഞ്ഞിന്റെ നാക്കിൽ പുരട്ടിക്കൊടുത്തു. ഒരു ചെറിയ കുപ്പിയിൽ അല്പം നെയ്യ് എടുത്തു കൊടുത്തയച്ചു. ഇനിയും ആവശ്യം വന്നാൽ നാക്കിൽ തേച്ചുകൊടുക്കാൻ നിർദ്ദേശിച്ചു.

പിന്നീടൊരിക്കലും ആ നെയ്യ് കഴിക്കേണ്ടി വന്നില്ല. അത്ഭുതകരമായ സൗഖ്യം കുഞ്ഞിന് ലഭിച്ചു. ഭക്തനായ തമ്പുരാന്റെ നെയ്യിൽക്കൂടെ സർവ്വ ശക്തനായ ദൈവംതമ്പുരാൻ പ്രവർത്തിച്ചു. അവിടെ വലിയ ഒരു അത്ഭുതം നടന്നു. അങ്ങനെ ഈ ശിശു ഒരു അത്ഭുതമായി. മരുന്നിന്റെ ശക്തിയല്ല പ്രാർത്ഥനയുടെ ശക്തി മരുന്നിൽക്കൂടി പ്രവഹിച്ചതാണ് ഈ സൗഖ്യത്തിന്റെ കാരണം. മരുന്നും ശസ്ത്രക്രിയയും, എല്ലാം സൗഖ്യം നൽകുവാൻ ദൈവം ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ മാത്രമാണ്. അങ്ങനെ പ്രാർത്ഥനയിൽക്കൂടെ ദൈവത്തോട് ചോദിച്ചു വാങ്ങി എന്നുള്ളതിനാൽ ശമുവേൽ എന്ന പേര് നൽകി. അതിന്റെ ചുരുക്കമാണ് സാം എന്നുള്ളത്. കുടുംബത്തിൽ ആർക്കും ഇല്ലാതെയിരുന്ന ശമുവേൽ എന്ന പേര് ഈ പശ്ചാത്തലത്തിലാണ് ലഭിച്ചത്. ഈ പേരിൽ ഞാൻ അഭിമാനം കൊള്ളുന്നു. മാതാപിതാക്കളുടെ പ്രാർത്ഥനയും ദൈവത്തിന്റെ പ്രവർത്ത നവും കൂടിയായപ്പോൾ, "ഞാൻ പലർക്കും ഒരത്ഭുതമായി." പിന്നീടു ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ ഞാൻ പലർക്കും ഒരത്ഭു തമാണ്.

## സ്നാനം

വളരെ പ്രാർത്ഥനാപൂർവ്വം ലഭിച്ച ഈ മകനെ മുള്ളിക്കുളങ്ങര ആയി രിക്കുമ്പോൾ സ്നാനപ്പെടുത്തി മാവേലിക്കര ക്രൈസ്റ്റ് ചർച്ച് രജിസ്റ്ററിൽ പിതാവിന്റെ സ്വന്തം കൈപ്പടയിൽ അത് രേഖപ്പെടുത്തുകയുണ്ടായി.

അന്ന് പള്ളം ചേരിക്കൽ സി. സി. തൊമ്മൻ അച്ചനായിരുന്നു വികാരി. അച്ചനും എന്റെ പിതാവും ഒത്തൊരുമിച്ചാണ് പ്രവർത്തിച്ചുപോന്നത്. മുള്ളിക്കുളങ്ങര അന്ന് മാവേലിക്കരയുടെ ഉപസഭയായിരുന്നു. അവിടെയുള്ള പേരുക്കുറ്റി സ്കൂൾ എന്നറിയപ്പെടുന്ന ആ സ്കൂൾ ഹെഡ്മാസ്റ്ററും സഭാപ്രവർത്തകനും കൂടിയായിരുന്നു പ്രിയ പിതാവ്. മാവേലിക്കര ഇടവകയിലെ റെക്കാർഡുകൾ അക്കാലത്ത് എഴുതിയത് നല്ല കൈയക്ഷരത്തിന്റെ ഉടമയായ എന്റെ പിതാവായിരുന്നു.

## പ്രാർത്ഥനയുടെ സന്താനം

രണ്ടു വിധത്തിൽ പ്രാർത്ഥനയുടെ സന്താനമാണ് ഈ മകൻ എന്ന് മാതാപിതാക്കൾ വിശ്വസിച്ചു. ഒരു പെൺകുഞ്ഞിനുശേഷം ഒരാൺകുഞ്ഞിനെ വേണമെന്നു കരുതി വളരെ പ്രാർത്ഥിച്ചു. ഒരു ആൺകുഞ്ഞിനെ ലഭിച്ചു. ജനിച്ചു കഴിഞ്ഞപ്പോൾതന്നെ സന്നിരോഗബാധിതനായി. കണ്ണുനീരോടെ പ്രാർത്ഥിച്ചു. ഈ മകനെ ലഭിച്ചാൽ ദൈവത്തിനുവേണ്ടി നൽകാം എന്നവർ തീരുമാനിച്ചു. ഈ തീരുമാനം വളരെ രഹസ്യമായിത്തന്നെ സൂക്ഷിച്ചു. അത്ഭുതകരമായി ലഭിച്ച ഈ മകനെ ദൈവഭയത്തിലും ദൈവകൃപയിലും വളർത്തി.

അദൃശ്യമായ ദൈവകൃപയുടെ പുറമെയുള്ള അടയാളമായ സ്നാനത്തോടുകൂടി ദൈവകൃപയിൽ പൈതൽ വളരുവാൻ ആരംഭിച്ചു. സി.എസ്.ഐ. യുടെ വിശ്വാസം അതാണ്. സ്നാനം ഒരു സാക്രമെന്താണ്. സാക്രമെന്ത് എന്നു പറഞ്ഞാൽ It is an outword expression of the inward grace we receive from God. ദൈവത്തിൽനിന്ന് അദൃശ്യമായി നാം പ്രാപിക്കുന്ന ദൈവകൃപയുടെ ദൃശ്യമായ അടയാളമാണത്. അതുകൊണ്ടാണ് ശിശുക്കളെ സ്നാനപ്പെടുത്തുന്നത്. വളരെ ശിശുവായിരിക്കുമ്പോൾതന്നെ അദൃശ്യമായ ദൈവകൃപയുടെ സ്വാധീനത്തിൽ അവർ വളർത്തപ്പെടണം. അങ്ങനെ അദൃശ്യമായ ദൈവകൃപയിലും, ദൃശ്യമായ മാതാപിതാക്കളുടെ ക്രിസ്തീയ പരിശീലനത്തിലും വളർത്തപ്പെടുവാനുള്ള ഭാഗ്യം സിദ്ധിച്ചു.

മുള്ളിക്കുളങ്ങര പ്രദേശത്തെ ഒരു സമ്പന്ന കുടുംബമായിരുന്നു തോപ്പിൽ ഭവനം. അവരുടെ വീട്ടിൽ (ലിസിക്കൊച്ചമ്മയുടെ) വീട്ടിലാണ് അക്കാലങ്ങളിൽ മാതാപിതാക്കൾ കുടുംബമായി താമസിച്ചത്. അന്ന് സഭവക ഭവനം അവിടെയില്ലായിരുന്നു. പിതാവ് ഒരു നല്ല സഭാശുശ്രൂഷകനായിരുന്നു. അവിടെയുള്ള കുടുംബങ്ങളെ എല്ലാം സ്വന്തംപോലെ കരുതി. തോപ്പിൽ കുടുംബം സ്വന്തം കുടുംബംപോലെയായിരുന്നു. അവിടുത്തെ കുഞ്ഞുങ്ങളും ഞങ്ങളും സ്വന്ത സഹോദരങ്ങളെപ്പോലെ കുട്ടിക്കാലം മുതൽ ജീവിക്കുവാൻ ഇടയായി. കൈപ്പള്ളിൽ കുടുംബങ്ങളും സ്വന്തം പോലെയായിരുന്നു.

ഒരു യഥാർത്ഥ ഇടയൻ എങ്ങനെയായിരിക്കണം. ഇടയശുശ്രൂഷ എപ്രകാരം നിർവ്വഹിക്കപ്പെടണം എന്നുള്ളതിന്റെ എല്ലാം ഒരു നല്ല മാതൃകയായിരുന്നു എന്റെ പിതാവ്. സർവ്വരാലും സ്നേഹിക്കപ്പെടുകയും സർവ്വരേയും സ്നേഹിക്കുകയും ചെയ്ത ഒരാളായിരുന്നു അദ്ദേഹം. മറ്റുള്ളവരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ഒരു പ്രാർത്ഥനാമനുഷ്യൻ. അദ്ധ്യാപകവൃത്തി ഒരു ശുശ്രൂഷയാണെന്ന് കരുതി. സഭാപ്രവർത്തകൻ എന്നുള്ള നിലയിൽ മനുഷ്യരുടെ സമഗ്രവികസനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു. കുടുംബത്തെയും ബുദ്ധിമുട്ടുകൾ അറിയിക്കാതെ മാന്യമായി ദൈവകൃപയിൽ വളർത്തി.

## വിദ്യാഭ്യാസാരംഭം

പേരുകെഴിക്കേതിൽ ആശാൻ എന്നു പയുന്ന ആൾ അവരുടെ വീട്ടിൽ വച്ച് നിലത്തെഴുത്ത് പഠിപ്പിച്ചിരുന്നു. അക്കാലങ്ങളെക്കുറിച്ച് ഒരു നേരിയ ഓർമ്മ മാത്രമേയുള്ളൂ. എങ്കിലും വെളുത്തു ചുമന്ന ദീർഘകായനായ ആശാൻ ഒറ്റമുണ്ടും കച്ചത്തോർത്തും മാത്രം ധരിച്ച് അക്ഷരം പഠിപ്പിക്കുന്നത് ഓർമ്മയിൽ വരുന്നു. അവിടുത്തെ സ്കൂൾ ഹെഡ്മാസ്റ്റർ, സഭാപ്രവർത്തകൻ, ഉറ്റസ്നേഹിതൻ എന്നീ നിലകളിലുള്ള ഒരാളിന്റെ മകൻ എന്ന നിലയിൽ അവിടെ നിലത്തെഴുത്തു പഠിക്കുമ്പോൾ തന്നെ ഒരു പ്രത്യേക പദവിയും, സ്ഥാനവും ലഭിച്ചിരുന്നു. ആശാന്റെ മടിയിൽ ഇരുത്തി പാത്രത്തിൽ അരിയിട്ട് അതിൽ ആദ്യാക്ഷരം എഴുതിയതോർക്കുന്നു. പിന്നീട് മണൽ വാരിയിട്ട് അതിലായി എഴുത്ത്. അങ്ങനെ ചില പ്രത്യേക പദവികളോടുകൂടി പഠനം ആരംഭിച്ചു. അക്കാലങ്ങളിൽ നേഴ്സറി സ്കൂളുകളോ കിന്റർഗാർട്ടൻ സ്കൂളുകളോ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഉണ്ടെങ്കിൽ തന്നെ ദൂരെ സ്ഥലങ്ങളിൽ പോയി പഠിക്കുവാനുള്ള യാത്രാസൗകര്യങ്ങൾ ഉണ്ടായിരുന്നുമില്ല. കാളവണ്ടി മാത്രമായിരുന്നു ഏക വാഹനം.

വലിയ സാമ്പത്തിക സൗകര്യങ്ങളോ ഏക്കർ കണക്കിന് വസ്തുക്കളോ ഉണ്ടായിരുന്നില്ല എങ്കിൽപോലും സമൂഹത്തിൽ മാന്യമായി അന്തസ്സുള്ള ജീവിതം നയിച്ച ഒരു കുടുംബമായിരുന്നു ഞങ്ങളുടെ കുടുംബം എന്നുള്ളതിൽ സന്തോഷമുണ്ട്. വല്യപ്പച്ചൻ ശുദ്ധഹൃദയനും ഔദാര്യശീലനുമായിരുന്നു. എന്റെ പിതാവിനും ഈ ഗുണങ്ങൾ ലഭിച്ചിരുന്നു.

## ഇടയശുശ്രൂഷയുടെ ബാലപാഠങ്ങൾ

1942 മെയ് 18 മുതൽ പിതാവിനെ ഏനാത്തിടവകയിൽ കുന്നിട എന്ന സ്ഥലത്ത് ഹെഡ്മാസ്റ്ററായും സഭാപ്രവർത്തകനായും നിയമിച്ചു. കുന്നിടയിൽ നാലു ക്ലാസ്സുള്ള ഒരു പ്രൈമറി സ്കൂളും, 10 ഏക്കർ സ്ഥലവും,

ഒരു ചെറിയ മിഷൻ വീടും ഉണ്ടായിരുന്നു. അധകൃതവർഗ്ഗത്തിൽപെട്ട സഭാംഗങ്ങളായിരുന്നു അവിടെ ഉണ്ടായിരുന്നത്. എന്നാൽ പല കാരണങ്ങളാൽ അവിടുത്തെ സഭാംഗങ്ങൾ മുഴുവനും തിരിച്ച് ജാതീയ ആചാരങ്ങളിലേക്ക് മടങ്ങിപ്പോയി. കേവലം ഒരു വീടു മാത്രമായിരുന്നു അവിടെ ഉണ്ടായിരുന്നത്.

മരുതുമൂട്ടിൽ ശമുവേൽ എന്ന ആളും ഏലിയാ എന്ന അയാളുടെ ഭാര്യയും അഞ്ചു മക്കളും മാത്രം അംഗസംഖ്യയുള്ള ഒരു സഭയായിരുന്നു അത്. അന്ന് ആർച്ചുഡീക്കനായിരുന്ന വെരി. റവ. സി. കെ. ജേക്കബ് ആണ് പിതാവിനെ ഈ സ്ഥലത്തേക്കയച്ചത്. ജേക്കബ് അച്ചൻ എന്റെ പിതാവിന്റെ അദ്ധ്യാപകനും സി.എൻ.ഐ.യിൽ വളരെ ഏറെ സ്നേഹിച്ചതുമായ ഒരാളായിരുന്നു. മാവേലിക്കര മുള്ളിക്കുളങ്ങരയിൽ നല്ല സൗകര്യങ്ങളോടു കൂടി ഉയർന്ന ജാതിക്കാരുടെ ഇടയിൽ അവരിൽ ഒരാളായി ജീവിച്ച മത്തായി സാറിന്റെ കുടുംബത്തെ ഒരു പരിഷ്കാരവും എത്തിച്ചേർന്നിട്ടില്ലാത്ത കാട്ടുപ്രദേശമായ കുന്നിടയിലേക്ക് സ്ഥലംമാറ്റിയപ്പോൾ കൊടുത്ത നിർദ്ദേശം അധഃപതിച്ചുപോയ ഒരു സഭയും, സ്കൂളും പുനരുദ്ധരിക്കണം എന്നുള്ളതായിരുന്നു. കർമ്മനിരതനായ എന്റെ പിതാവ് ആ ചുമതല ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് ഏറ്റെടുത്തു. മലമ്പനിയും, വന്യജീവികളും അപരിഷ്കൃതരായ ആളുകളും. ജീവിത സൗകര്യങ്ങൾ ഒന്നുമില്ലാത്ത ആ കാട്ടുപ്രദേശത്തെ കുടിലുപോലെയുള്ള കൊച്ചുവീട്ടിൽ മൂന്നു പിഞ്ചുകുഞ്ഞുങ്ങളുമായി താമസിച്ചു പ്രവർത്തിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അതു വളരെ സന്തോഷത്തോടുകൂടെ സ്വീകരിച്ച് വലിയ ഒരു മാതൃകയാണ് പിതാവ് കാണിച്ചുതന്നത്. പില്ക്കാലത്തെ എന്റെ ശുശ്രൂഷയിൽ പിതാവിന്റെ ഈ ഉന്നത മാതൃക വളരെ ഏറെ സഹായിച്ചു.

പിതാവിന്റെ പ്രവർത്തനഫലമായി പള്ളിക്കൂടം വളരെയെറെ പുരോഗമിച്ചു. തിരിച്ചു പോയവരിൽ ഭൂരിഭാഗം പേരും തിരിച്ചു വന്നു. അങ്ങനെ ആ സഭ വളരെ ഏറെ വളർന്നു. അപരിഷ്കൃതരായ കൂലിവേലക്കാർ അടിമകളെപ്പോലെ ജീവിച്ചു. അവരുടെ സുഖദുഃഖങ്ങളിൽ അവരോടൊപ്പം അവരെ സഹായിക്കുകയും അവരെ ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് മടക്കിക്കൊണ്ടുവരികയും ചെയ്തു. ആ അനുഭവങ്ങൾ എനിക്ക് ഒരു വലിയ പാഠമായി. വളരെ കുട്ടിക്കാലം മുതൽ ഈ താണവർഗ്ഗക്കാരോടൊത്ത് വളരുവാൻ എനിക്ക് അവസരം ലഭിച്ചു. അവരുടെ കഷ്ടപ്പാടും ദുഃഖങ്ങളും നേരിട്ട് കുട്ടിക്കാലം മുതൽ മനസ്സിലാക്കുവാൻ സാധിച്ചത് പിന്നീട് ഒരനുഗ്രഹമായി. ഈ പാവപ്പെട്ട ആളുകൾ ഞങ്ങൾ, കുഞ്ഞുങ്ങളെ എടുത്തുകൊണ്ടു നടന്ന് വളർത്തി വലുതാക്കി. അവരുടെ കഠിനാധ്വാനത്തിന്റെ ഫലമായി അവിടെ ഉള്ള പത്തേക്കറിൽ കൈവശമു

ണ്ടായിരുന്ന സ്ഥലം മുഴുവൻ കൃഷിചെയ്ത് അവർക്ക് ഉപജീവനവും സഭയ്ക്ക് ഒരു ആദായവുമായി. എന്റെ പിതാവ് അദ്ധ്യാപകനായിരിക്കുമ്പോൾ തന്നെ നല്ല ഒരു കൃഷിക്കാരനുമായിരുന്നു.

ഇടയശുശ്രൂഷ എങ്ങനെ എന്നു കാണിച്ചു തന്നതു കൂടാതെ മിഷൻ വസ്തുക്കളും, സ്വത്തുക്കളും എങ്ങനെ ഉപയോഗിക്കണം എന്നും അവിടെ വച്ചു പഠിക്കുവാൻ കഴിഞ്ഞു. മനുഷ്യന്റെ സമഗ്രമായ വികസനമാണ് ഇടയശുശ്രൂഷ എന്നും ദൈവം തന്ന സമ്പത്ത് ശരിയായി ഉപയോഗിക്കേണ്ട കാര്യവിചാരകന്മാരാണ് സുവിശേഷകരും പട്ടക്കാരും എന്ന ബാലപാഠവുമായി.

സൗകര്യങ്ങൾ ഒന്നും ഇല്ലാത്ത സ്ഥലമാണെങ്കിലും അത് ദൈവം തന്ന മനോഹരമായ വയൽ പ്രദേശമാണ് എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ദൈവം തരുന്ന സാഹചര്യങ്ങളെ സന്തോഷത്തോടുകൂടെ സ്വീകരിച്ചാൽ അത് നന്മയ്ക്കായിരിക്കും എന്ന സത്യം മനസ്സിലാക്കി. പിന്നീട് പട്ടക്കാരെയും, ഉപദേശിമാരെയും അദ്ധ്യാപകരെയും ഡോക്ടർമാരെയും എല്ലാം സ്ഥലം മാറ്റാനുള്ള അധികാരം ലഭിച്ചപ്പോഴും ഈ ചിന്തയാണ് മനസ്സിനെ ഭരിച്ചിട്ടുള്ളത്. ഏതു സ്ഥലമായാലും അത് ദൈവം തരുന്ന പ്രവർത്തനവയലാണ് എന്ന് മനസ്സിലാക്കി ജീവിക്കുവാൻ പില്ക്കാലങ്ങളിൽ സാധിച്ചു. ഒരിക്കലും ഇന്ന സ്ഥലം വേണമെന്നോ കിട്ടിയസ്ഥലം മോശമാണെന്നോ പരാതിപ്പെടാൻ ഇടയാകാത്തതിന്റെ കാരണം ഈ പരിശീലനമാണ്.

## മറഞ്ഞിരിക്കുന്ന അനുഗ്രഹം – ആദ്യത്തെ പ്രവർത്തക ഭവനം

കാഴ്ചയിൽ അസൗകര്യങ്ങളും പ്രയാസവുമുള്ള സ്ഥലമായിരുന്നു കുന്നിട. യാത്രാസൗകര്യം ഒന്നുമേയില്ല, വൈദ്യുതിയോ, വൈദ്യസഹായമോ ഇല്ല. ഉയർന്ന ക്ലാസുകളിലെ വിദ്യാഭ്യാസത്തിനു സൗകര്യമില്ല, കുടിവെള്ളത്തിനു പോലും സൗകര്യങ്ങളില്ല. അയൽപക്കമില്ല, കൊതുകും വന്യജീവികളും, അട്ടയും പാമ്പും നിറഞ്ഞ കാട്ടുപ്രദേശം. താമസിക്കുവാൻ ലഭിച്ച ഭവനം മൺഭിത്തികളുള്ള രണ്ടു മുറിയുള്ള വീട്. മേൽകൂര മുഴുവൻ ചിതലരിച്ച് ഓല എല്ലാം പോയി ചോർന്നൊലിക്കുന്ന ഭവനം. മഴ പെയ്യുമ്പോൾ ചെമ്പുകലവും ചരുവവും വലിയ ചട്ടികളും നിരത്തി വെള്ളം തറയിൽ ഒഴുകാതെ സൂക്ഷിക്കുന്ന സാഹചര്യം. മൺഭിത്തികളിൽ ധാരാളം എലികൾ. രാത്രിയിൽ കിടന്നുറങ്ങുമ്പോൾ എലിയുടെ ശല്യം. മേൽക്കൂരയിൽ പാമ്പ് തൂങ്ങിക്കിടക്കുന്ന കാഴ്ച കണ്ടിട്ടുണ്ട്. ഇതു കൂടാതെ ഒരുതരം കറുത്തുനാറുന്ന ചെള്ള് വാരി എടുക്കത്തക്ക രീതിയിൽ മേൽകൂരയിൽ അട്ടിയിരിക്കും. രാത്രി മണ്ണെണ്ണ വിളക്ക്

കത്തിക്കുമ്പോൾ ചറപറാ പൊഴിഞ്ഞുവീഴും. തറയിൽ പായ് വിരിച്ചു കിടന്നുറങ്ങുന്ന ഞങ്ങളുടെ ഇരുചെവികളിലും ചെള്ളു കയറാതെ പഞ്ഞി വച്ച് അടയ്ക്കുക പതിവായിരുന്നു. ദൂരെ നിന്ന് വെള്ളം കൊണ്ടു വരണമായിരുന്നു. താമസിയാതെ സ്വന്തമായി വീടും സ്ഥലവും വാങ്ങി അതിൽ താമസിച്ചു പ്രവർത്തിച്ചു.

## ഉള്ള വിഭവങ്ങൾ ഉപയോഗിക്കുക

അസൗകര്യങ്ങൾ വളരെ വലുതായിരുന്നു. എങ്കിലും ഉള്ള വിഭവങ്ങൾക്രിയാത്മകമായി ഉപയോഗിക്കുക എന്ന പാഠവും അവിടെവച്ചു പഠിച്ചു. പത്തേക്കർ സ്ഥലവും നല്ല ഒരു സ്കൂളും. ഈ പത്തേക്കർ സ്ഥലം സഭാംഗങ്ങൾക്ക് കൃഷിക്കായി വീതിച്ചുകൊടുത്തു. അതിന്റെ പത്തിലൊന്നു മേലടി സഭയ്ക്കു നൽകണം എന്നുള്ളതാണ് വ്യവസ്ഥ. അങ്ങനെ സഭയ്ക്ക് നല്ല ആദായവും പാവപ്പെട്ടവർക്ക് ഉപജീവനവുമായി. ഈ സൗകര്യങ്ങളിൽ നല്ല പശുക്കളെ വളർത്തി, കാളകളും ആടുകളും, കോഴികളും എല്ലാം നല്ലതുപോലെ വളർത്തി നല്ല ആദായം ഉണ്ടാക്കി. അതുകൊണ്ട് വീട്ടിൽ ഒരല്ലലുമില്ലാതെ സുഭിക്ഷമായി വളരെ അന്തസ്സായി ജീവിക്കുവാൻ സാധിച്ചു. അദ്ധ്യാപകനെന്ന നിലയിൽ തുച്ഛമായ ശമ്പളം മാത്രമെ ഉണ്ടായിരുന്നുള്ളൂ എങ്കിലും ഒരു ബുദ്ധിമുട്ടും അനുഭവിക്കാതെ ഞങ്ങൾ വളർന്നു. കാരണം ഉള്ളവിഭവങ്ങൾ ശരിയായി ഉപയോഗിച്ചു എന്നുള്ളതാണ്. പാലും, മുട്ടയും ഭക്ഷണസാധനങ്ങളും സുലഭമായിരുന്നു. ദൈവം തന്ന സ്ഥലത്ത് പ്രതികൂലങ്ങൾ വളരെ ഉണ്ടായിരുന്നെങ്കിലും അതിന്റെ പിന്നിൽ മറഞ്ഞുകിടന്ന അനുഗ്രഹം വളരെയാണ്. നല്ല ഒരു മിഷൻ വീടും പള്ളിയും താമസംവിനാ അവിടെ ഉണ്ടാകുകയും ചെയ്തു.

## സമൂഹത്തിലെ ഉന്നതൻ

പിതാവ് ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ, ഉപദേശി മാത്രമായിരുന്നെങ്കിലും അടുത്തുള്ള സ്ഥലങ്ങളിൽ അറിയപ്പെടുന്ന വ്യക്തിയായിരുന്നു. സർവ്വജാതിമതസ്ഥർക്കും ഒരു പോലെ സമ്മതനായിരുന്നു കുന്നിട മത്തായി സാർ.

ഇടയശുശ്രൂഷ കേവലം ഇടവക ജനങ്ങൾക്കുവേണ്ടി മാത്രമായിട്ടുള്ളതല്ല എന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. കുന്നിടയുടെ സമീപപ്രദേശങ്ങളിൽ വലിയ നായർ തറവാടുകളും പിന്നെ കുറെ എസ്റ്റേറ്റുകളുമുണ്ടായിരുന്നു. കുറെ ഏറെ ഈഴവരും ആ സ്ഥലത്തുണ്ടായിരുന്നു. ഏതാനും വർഷങ്ങൾ കൊണ്ട് അവരുടെ എല്ലാം ആരാധ്യനായ ഗുരുവായിത്തീരുവാൻ പിതാവിനു കഴിഞ്ഞു. ഹിന്ദുക്കളുടെ വീടുകളിൽ പോലും പ്രത്യേക അവസരങ്ങളിൽ മത്തായിസാറിനെ വിളിച്ച് പ്രാർത്ഥിക്കുക പതിവായിരുന്നു.

കുറെ ഓർത്തഡോക്സുകാരും, മാർത്തോമ്മാക്കാരും ആ പ്രദേശ ത്തുണ്ടായിരുന്നു. അവരുടെ എല്ലാം ആത്മീയഗുരുവായിട്ടാണ് അവർ മത്തായി സാറിനെ കണ്ടിരുന്നത്. അവരുടെ പള്ളികളിലും കൺവൻഷ നുകളിലും കൂട്ടായ്മ യോഗങ്ങളിലും എല്ലാം പോയി പ്രസംഗിക്കുമായി രുന്നു. വിവാഹദിവസങ്ങളിലും രോഗാവസ്ഥയിലും പ്രാർത്ഥിക്കുവാൻ വിളിച്ചുകൊണ്ടുപോകുമായിരുന്നു. ഒരു സ്നേഹനിധിയായ അദ്ധ്യാപക നായിരുന്നതുകൊണ്ട് അവിടെയുള്ള എല്ലാ കുടുംബങ്ങളിലും ജാതി മത ഭേദമെന്യേ അംഗീകാരവും സ്നേഹാദരവുകളും ലഭിച്ചിരുന്നു. ആ സാറിന്റെ മക്കൾ എന്നുള്ള നിലയിൽ ഞങ്ങൾക്കും വലിയ സ്നേഹ വാത്സ്യലങ്ങളായിരുന്നു ലഭിച്ചുകൊണ്ടിരുന്നത്.

ഏതാനും സി.എസ്.ഐ. ക്കാരുടെ മാത്രം ഇടയനായിട്ടല്ല ആ ദേശ ത്തിന്റെ മുഴുവൻ ഇടയനായിട്ടാണ് പ്രവർത്തിച്ചത്. എനിക്ക് ഇതൊരു വലിയ പാഠമായിരുന്നു. ഇരുന്ന ഇടങ്ങളിലെല്ലാം ജനങ്ങളുടെ ഇടയനായി, സഭാംഗങ്ങളുടെ മാത്രമല്ല പ്രവർത്തിക്കുവാൻ സാധിച്ചത് ഈ പരിശീ ലനം കൊണ്ടാണ്.

ജീവിത വിശുദ്ധികൊണ്ടും പ്രാർത്ഥനാ ജീവിതംകൊണ്ടും സമൂഹ ത്തിലെ ഉത്തമനായി ജീവച്ചിരുന്ന ഒരുവനായിരുന്നു പിതാവ്. ഔന്നത്യം ധനത്തെയോ സമ്പത്തിനെയോ ആശ്രയിച്ചല്ല ഇരിക്കുന്നത്. ജീവത വിശു ദ്ധിയിലും, പ്രാർത്ഥനാജീവിതത്തിലും ജീവിതസാക്ഷ്യത്തിലും കൂടി യാണ് ലഭിക്കുന്നത്.

പട്ടക്കാരന്റെ ജീവിതം ഉന്നത നിലവാരം പുലർത്തുന്നതായിരിക്കണം എന്ന പാഠങ്ങളും പഠിക്കുവാനിടയായി.

ആശുപത്രികൾ ഇല്ലാത്ത ആ സ്ഥലത്ത്, യാത്രാസൗകര്യങ്ങൾ ഒന്നു മില്ലാത്ത ആ സ്ഥലത്ത് പാവപ്പെട്ടവർ രോഗവും പ്രയാസങ്ങളും അനുഭ വിക്കുമ്പോൾ അവിടെ ഓടി എത്തി പ്രഥമ ശുശ്രൂഷകൾ നൽകുകയും ആവശ്യമെങ്കിൽ അടുത്തുള്ള ഗവൺമെന്റ് ആശുപത്രിയിൽകൊണ്ടുപോകു വാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. ജാതിമതഭേദമെന്യെ വീടുകൾ സന്ദർശിക്കുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക പതിവായിരുന്നു. പകൽ സ്കൂളിലെ ജോലി കഴിഞ്ഞ് രാത്രിയിൽ റാന്തൽ വിളക്കുമായി കൂട്ടായ്മ യോഗങ്ങൾക്കും കൺവൻഷനും പോകുമ്പോൾ റാന്തൽ വിളക്കു പിടിച്ചുകൊണ്ടുപോകു വാൻ എനിക്കും സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവരെക്കുറിച്ചുള്ള ഭാരവും ആത്മാക്കളെ ആദായപ്പെടുത്തുവാനുള്ള താല്പര്യവും വളരെ മാതൃകാ പരമായിരുന്നു.

## അംഗീകാരമുള്ള സാമൂഹ്യപ്രവർത്തകൻ

ആ പ്രദേശത്തുള്ള എല്ലാ സാമൂഹ്യപ്രവർത്തനങ്ങളിലും മത്തായി സാർ ബദ്ധശ്രദ്ധനായിരുന്നു.

ഒരു കാട്ടുപ്രദേശമായ കുന്നിടയും പരിസരങ്ങളും പ്രിയ പിതാവിന്റെ പ്രവർത്തന മേഖലയായിരുന്നു. ജാതിയോ മതമോ സഭയോ നോക്കാതെ എല്ലാവരെയും സ്നേഹിക്കുകുയം പ്രതിഫലം കൂടാതെ അവരെ സേവിക്കുകയും ചെയ്തുപോന്നു. പ്രദേശത്തെ ഒരു സ്വാധീനശക്തിയായിരുന്നു പിതാവ്. കുബേരനെന്നോ കുചേലനെന്നോ നോക്കാതെ എല്ലാവരെയും സ്നേഹിച്ചു. എല്ലാവരും പിതാവിനെയും സ്നേഹിച്ചു. ഹിന്ദുക്കളായിരുന്ന ആളുകൾ പിതാവുമായി വളരെ അടുത്ത സമ്പർക്കം പുലർത്തി.

### പ്രസംഗകല

ഇടയശുശ്രൂഷയിൽ പ്രസംഗത്തിന് ഒരു വലിയ സ്ഥാനമുണ്ട് എന്ന് പിതാവിന്റെ പ്രസംഗത്തിൽക്കൂടി മനസ്സിലാക്കി. നല്ലതുപോലെ തയ്യാറായി നോട്ടുകൾ കുറിച്ചുവച്ച് വളരെ ആനുകാലികമായി നല്ലഭാഷയിൽ പ്രസംഗിക്കുമായിരുന്നു അദ്ദേഹം. പരസ്യയോഗങ്ങളിലും ദുഃഖവെള്ളിയാഴ്ച തുടങ്ങിയുള്ള ദിവസങ്ങളിലും ഉള്ള പ്രസംഗങ്ങൾ വളരെ പ്രകീർത്തിക്കപ്പെട്ടിരുന്നു. പ്രസംഗം ഒരു കലയാണ്. അതിന് വായനയും പഠനവും തയ്യാറാക്കലും എല്ലാം ആവശ്യമാണ്. സ്വയം യാത്ര ചെയ്യുമ്പോഴൊക്കെ പ്രസംഗം മനസ്സാ ഉരുവിടുകയും ചിന്തിക്കുകയും ചെയ്യുന്നത് നല്ലതാണ്. പിതാവിന്റെ മാതൃക കണ്ടിട്ടുണ്ട്.

### ആദ്യപ്രസംഗം ബഞ്ചുകളോട്

മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ അവധിക്കാലം ചിലവാക്കുന്നതിനായി പിതൃസഹോദരപുത്രൻ കുഞ്ഞൂഞ്ഞച്ചൻ (മാത്യു ജോൺ) ഞങ്ങളോടൊപ്പം വന്നു താമസിച്ചു. വലിയ കൂട്ടുകാരായിരുന്ന ഞങ്ങൾ വൈകുന്നേരങ്ങളിൽ ആടിനെ അഴിച്ച് പുരയിടത്തിൽ വിട്ടശേഷം വീടിനോട് അടുത്തുള്ള സ്കൂൾ കെട്ടിടത്തിൽ തുറന്നുകിടക്കുന്ന ജനൽവഴി കയറും. ബെഞ്ചുകൾ നിരത്തി ഇട്ടിട്ട് ഒരു മേശയുടെമേൽ കയറിനിന്ന് ഒരു തോർത്തു നേരിയതുപോലെ കഴുത്തിൽ ഇരുവശുമായി ഇട്ട് പിതാവിനെ അനുകരിച്ച് പ്രസംഗം ആരംഭിക്കും. ആദ്യം എന്നേക്കാൾ പ്രായമുള്ള കുഞ്ഞൂഞ്ഞച്ചൻ പ്രസംഗിക്കും. ഞാൻ ഏറ്റുപറയും. അതു കഴിഞ്ഞ് ഞാൻ പ്രസംഗിക്കും. കുഞ്ഞൂഞ്ഞച്ചൻ ഏറ്റുപറയും. ബഞ്ചുകളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ പ്രസംഗങ്ങൾ വളരെ നേരത്തേക്കു കാണും. പ്രസംഗ വിഷയങ്ങളൊന്നും ഇപ്പോഴോർമ്മയില്ല.

എങ്കിലും ആദ്യ പ്രസംഗങ്ങൾ ബഞ്ചുകളോടായിരുന്നു. പ്രസംഗത്തിന്റെ ബാല പാഠങ്ങൾ പഠിച്ചതും ഇങ്ങനെയാണ്.

ആരാധനയുടെയും പ്രാർത്ഥനയുടെയും പരിശീലനം ഈ സ്കൂൾ കെട്ടിടത്തിൽതന്നെ ബെഞ്ചുകളെ മുന്നിലിരുത്തിക്കൊണ്ടായിരുന്നു. വളരെ ഭയഭക്തിപരമായ ഈ ആരാധന ഞങ്ങൾക്ക് ഹൃദ്യമായിരുന്നു. “അതുകൊണ്ട് ദൈവദൂതന്മാരോടും പ്രധാന ദൈവദൂതന്മാരോടും സ്വർഗ്ഗത്തിലെ സകല സംഘത്തോടും” ചേർന്നുള്ള നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ ആരാധനപോലെ ഹൃദ്യമായി മറ്റെന്തുണ്ട്?

ഇടയശുശ്രൂഷയിൽ പ്രസംഗംപോലെതന്നെയാണ് ആരാധനയും പ്രാർത്ഥനയും. അക്കാലത്തെ ആരാധന അവിടെ പള്ളിക്കൂടത്തിൽവച്ചു തന്നെയായിരുന്നു. അവിടെവന്ന് ആരാധനയ്ക്കു നേതൃത്വം നൽകുന്ന അച്ചന്മാരെ അതുപോലെ അനുകരിക്കുന്നത് സന്തോഷകരമായിരുന്നു. അവർ നിൽക്കുന്നതുപോലെ നിൽക്കുക, പുസ്തകം പിടിക്കുന്നതുപോലെ പിടിക്കുക, ആ ശബ്ദത്തിൽ ആരാധിക്കുക ഇതൊക്കെ പതിവായിരുന്നു.

അടുക്കും ചിട്ടയും വളരെ ഏറെ പാലിക്കുന്ന ഒരാളായിരുന്നു പിതാവ്. സമയനിഷ്ഠയും ഡയറി എഴുത്തും വളരെ കൃത്യമായി പാലിച്ചു. പല ഡയറികളും നഷ്ടപ്പെട്ടുപോയി. കുടുംബത്തിന്റെയും സഭയുടെയും പല പ്രധാന കാര്യങ്ങളും ഈ ഡയറിയിൽനിന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

കൃത്യനിഷ്ഠ പാലിക്കുന്ന കാര്യത്തിലും, ചിട്ടകൾ പാലിക്കുന്ന കാര്യത്തിലും ശുഷ്കാന്തികാണിക്കുവാൻ പഠിച്ചത് ഈ ചെറുപ്പത്തിലെ ബാല പാഠങ്ങളിൽനിന്നായിരുന്നു.

## വിദ്യാർത്ഥികൾ സഭയിൽ

വിദ്യാഭ്യാസ കാലഘട്ടത്തിൽതന്നെ സഭാകാര്യങ്ങളിൽ പങ്കെടുക്കുക എന്നുള്ളത് സാധ്യമാണ്. കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തിക്കഴിയുമ്പോൾ മുതൽ ദേവാലയത്തിൽ ആരാധനയ്ക്കായി മാതാപിതാക്കൾ കൊണ്ടുപോയാൽ അത് കുഞ്ഞുങ്ങൾക്ക് ഒരു നല്ല പരിശീലനമായിരിക്കും. കുഞ്ഞുങ്ങൾ അൽപം അലക്ഷ്യം കാണിച്ചാൽ സഹനശക്തിയോടുകൂടി അതിനെ വീക്ഷിക്കുവാൻ പട്ടക്കാർക്കു കഴിയണം.

നമ്മുടെ ആരാധനകളിൽ കുട്ടികളെ വേണ്ടവണ്ണം പരിഗണിക്കുന്നില്ല എന്നുള്ളത് വസ്തുതയാണ് (The Children in our Church are being neglected). ഗംഭീരമായ പ്രസംഗങ്ങളും ഗഹനമായ പഠനങ്ങളും, നമ്മുടെ ആരാധനകൾപോലും മുതിർന്നവരെ മാത്രം ലക്ഷ്യമാക്കിയുള്ളതല്ലേ?

കുഞ്ഞുങ്ങൾക്കുവേണ്ടി ഒരു കൊച്ചുകഥ പറയുവാനോ, ഒരു കഥ പഠിപ്പിക്കുവാനോ നാം ശ്രമിക്കുന്നത് നല്ലതല്ലേ? സണ്ടേസ്കൂളുകൾപോലും വെറും പഴഞ്ചൻ സമ്പ്രദായത്തിലാണ് പലയിടത്തും നടക്കുന്നത്. Make the church relevent to the kids. കുഞ്ഞുങ്ങൾക്ക് രസകരമാംവിധത്തിൽ സണ്ടേസ്കൂൾ രൂപകല്പന ചെയ്യേണ്ടതാണ്.

സഭയിൽ കുട്ടികൾക്ക് കൂടുതൽ കരുതലും സംരക്ഷണവും ഭാഗഭാഗിത്വവും നൽകേണ്ടതാണ്. കേവലം സണ്ടേസ്കൂൾ പഠിപ്പിക്കുന്നതുകൊണ്ടുമാത്രം കുഞ്ഞുങ്ങളോടുള്ള കടപ്പാട് തീരുന്നില്ല. അവർ സഭയുടെ ഭാഗമാണെന്നു കരുതി തുല്യ ആത്മീയ പരിചരണം അവർക്ക് നൽകേണ്ടതാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക" ഇത് സഭയുടെ കർത്തവ്യവും ചുമതലയും ഉത്തരവാദിത്വവുമാണ്.

## പ്രൈമറിവിദ്യാഭ്യാസം

1942-ൽ കുന്നിട താമസമാക്കി. അവിടുള്ള സി.എം.എസ്. പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു പിതാവ്. ആ സ്കൂളിൽതന്നെ രണ്ടാം ക്ലാസ്സിലാണ് ചേർത്തത്. നിലത്തെഴുത്തു പള്ളിക്കൂടത്തിൽനിന്ന് ഒന്നാം ക്ലാസിലെ പാഠങ്ങൾ പഠിച്ചിരുന്നു. രണ്ടാം ക്ലാസിലെ എന്റെ അദ്ധ്യാപകൻ മാരാമൺകാരനായ വി. പി. ജോൺ സാറായിരുന്നു. കുന്നിട ഞങ്ങളോടൊപ്പവും പിന്നീട് അടുത്തുള്ള നായർ തറവാട്ടിലും താമസിച്ച് അദ്ദേഹം പഠിപ്പിച്ചു. മാർത്തോമ്മാക്കാരനായിരുന്ന അദ്ദേഹം ഒരു നല്ല വിശ്വാസിയും, നല്ല അദ്ധ്യാപകനും എന്റെ പിതാവിന്റെ നല്ല സ്നേഹിതനും ആയിരുന്നു. അക്കാലത്ത് രാവിലെ സ്കൂളിൽ വേദപാഠം നിർബന്ധമായിരുന്നു. അവിടെ വേദപാഠങ്ങൾ പഠിച്ചു.

മൂന്നാം ക്ലാസിലെ അദ്ധ്യാപകൻ എ. ജെ. ശമുവേൽ സാറായിരുന്നു. തികഞ്ഞ ഭക്തനും, പ്രസംഗകനുമായിരുന്ന സാറ് മാർത്തോമ്മാ സഭയിൽ ചേർന്ന് സുവിശേഷവേല നിർവ്വഹിച്ചുകൊണ്ടിരുന്നു. നല്ല ഒരദ്ധ്യാപകനായിരുന്നു അദ്ദേഹം. വളരെ ചിട്ടയോടുകൂടിയ ജീവിതം നല്ല മാതൃകയായിരുന്നു. അന്നത്തെ അദ്ധ്യാപകരുടെ വേഷവും ഭാഷയും, പെരുമാറ്റവും എല്ലാം വളരെ മാതൃകാപരമാണ്. സമൂഹത്തിൽ അവർക്ക് വളരെ മാതൃകാപരമായ സ്ഥാനമുണ്ടായിരുന്നു. അവരുടെ എല്ലാം ജീവിതം ഞങ്ങളെ വളരെ സ്വാധീനിച്ചിട്ടുണ്ട്. ബിഷപ്പായി കഴിഞ്ഞതിനുശേഷം ഈ രണ്ടദ്ധ്യാപകരെയും കാണുവാനുള്ള ഭാഗ്യം ലഭിക്കുകയുണ്ടായി. ശമുവേൽ സാർ ദളിത് വിഭാഗത്തിൽപ്പെട്ട ആളായിരുന്നു.

നാലാംക്ലാസിൽ എന്റെ പിതാവുതന്നെയായിരുന്നു അദ്ധ്യാപകൻ. എനിക്കെന്നും മാതൃകയായിട്ടുള്ളത് എന്റെ പിതാവുതന്നെയായിരുന്നു.

നിഷ്കളങ്കത, ഉത്സാഹം, കഠിനാദ്ധ്വാനം, ദൈവാശ്രയം, പ്രാർത്ഥന ചിട്ട യായ ജീവിതം സാധുക്കളോടുള്ള കരുതൽ കുടുംബാംഗങ്ങളോടുള്ള സ്നേഹം, സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം ഇതെല്ലാം എന്നെന്നും എനിക്ക് അനുകരണീയമായിരുന്നു. ഔദാര്യനിധിയായിരുന്ന പിതാവിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നില്ല. കാരണം ഉള്ളത് വളരെ സൂക്ഷ്മ മായി ഉപയോഗിച്ചു എന്നുള്ളതാണ്. സമയത്തിന്റെ കാര്യത്തിലെന്ന പോലെ പണത്തിന്റെ കാര്യത്തിലും വലിയ ചിട്ടയുണ്ടായിരുന്നു. ഒരി ക്കലും ലുബ്ധു കാണിച്ചിട്ടില്ല. ആവശ്യത്തിന് പണം, വസ്ത്രങ്ങൾ, ആഹാരം എല്ലാം ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ശമ്പളം കൂടാതെ നല്ല കൃഷി, പശുക്കൾ, ആട് ഇവയിൽനിന്നുള്ള ആദായം എല്ലാം കൂടിയാകുമ്പോൾ ആഡംബരപൂർവ്വമല്ലെങ്കിലും സമൃദ്ധിയായി ജീവിക്കുവാൻ കഴിഞ്ഞു.

ഈ കാലഘട്ടത്തിലാണെന്നുതോന്നുന്നു പന്തളത്ത് ഐരാണിക്കുടി യിൽ ഉള്ള കുടുംബവസ്തുവിൽനിന്ന് ലഭിച്ച വീതം വിറ്റുണ്ടാക്കിയ പണവും കയ്യിലുണ്ടായിരുന്ന പണവും എല്ലാം ഉപയോഗിച്ച് ഒരു വീടും രണ്ടേക്കറിൽപരം സ്ഥലവും വിലയ്ക്കു വാങ്ങി. പിന്നീട് പലപ്പോഴായി നിലങ്ങളും പുരയിടങ്ങളും വാങ്ങി. ഇതെല്ലാം അദ്ധ്വാനത്തിന്റെ ഫലമാണ്.

രണ്ടു കാര്യങ്ങൾ ഞാൻ മനസ്സിലാക്കി. ഒന്നാമത് പൊതുപ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നവർ സ്വന്തം കുടുംബകാര്യം വിസ്മരിക്കരുത്. ലഭി ക്കുന്ന വരുമാനം പൊതുപ്രവർത്തനത്തിന്റെ പേരിൽ ധൂർത്തടിച്ചുകള യരുത്. പണത്തിനും ഭക്ഷണത്തിനും, വസ്ത്രത്തിനും ഒരിക്കലും ദാരിദ്ര്യം കാണിക്കരുത്. ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് കടമായും സൗജ ന്യമായും പണം നൽകിയാൽ ദൈവം ഫലം തരാതെയിരിക്കയില്ല. മറ്റൊന്ന് പണം ചിട്ടയായി ഉപയോഗിച്ചാൽ ഒരിക്കലും തികയാതെ വരി കയില്ല. പണത്തിനനുസരിച്ചുള്ള ആഗ്രഹങ്ങൾ മാത്രമേ ആകാവൂ. കഴി വുകൾക്കപ്പുറം ആഗ്രഹിക്കുവാൻ പാടില്ല. ഇക്കാര്യങ്ങൾ എല്ലാം ഈ കാലഘട്ടത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. ആസ്തിക്കടുത്ത ആഗ്ര ഹങ്ങളേ ആകാവൂ. ആഗ്രഹങ്ങൾക്കനുസരിച്ച് ആസ്തി ഉണ്ടാക്കാൻ ശ്രമിക്കരുത്.

എന്റെ സഹോദരി കുഞ്ഞൂഞ്ഞമ്മ സ്കൂളിൽ പോകുന്നത് ശങ്കരൻ പണ്ഡാല ജഡ്ജിയുടെ മക്കൾ ആനന്ദവല്ലി, ഓമന എന്നിരോടുകൂടെ അവരുടെ മനോഹരമായ വില്ലുവണ്ടിയിലായിരുന്നു. ഒരിക്കൽ പുതിയ ഫാഷനിൽ വസ്ത്രധാരണം ചെയ്തു അവർ സ്കൂളിൽ വന്നു. സഹോ ദരിക്ക് അത്തരമൊന്ന് വേണമെന്ന് പിതാവിനോടാവശ്യപ്പെട്ടു.

പിതാവ് പറഞ്ഞു “മോളെ, നീ ജഡ്ജിയുടെ മക്കളെ നോക്കുമ്പോൾ പലതും കുറവുള്ളതായി തോന്നും. നിന്റെ ക്ലാസിൽ നിന്നോടുകൂടെ പഠി

ക്കുന്ന നമ്മുടെ വേലക്കാരിയുടെ മക്കളെ നോക്കുക. നീ എത്രയോ സമ്പന്നയാണെന്ന് അപ്പോൾ തോന്നും. നമ്മേക്കാൾ വലിയവരെ അനുകരിക്കാൻ നോക്കരുത്. നമ്മെക്കാൾ താണവരെ നോക്കി ദൈവം തന്ന അനുഗ്രഹങ്ങൾക്കായി സ്തോത്രം ചെയ്യാം". ഈ ഉപദേശങ്ങൾ പിൽക്കാലങ്ങളിൽ ഞങ്ങളെ വളരെ സ്വാധീനിച്ചിട്ടുണ്ട്.

നാലാം ക്ലാസ് കഴിഞ്ഞപ്പോൾ പറക്കോട് ഹൈസ്കൂളിൽപോയി പഠിക്കുന്നതാണ് സൗകര്യം. നാലുമൈൽ നടക്കണമായിരുന്നു. എന്നാൽ കോടുകുളഞ്ഞി സ്വദേശിയായ എം. ജെ. ജോൺ സാറ് ഒരു മിഡിൽ സ്കൂൾ ഏനാത്തിനടുത്ത് പട്ടാഴിയിൽ (മെതുകുമ്മേൽ) നടത്തുന്നുണ്ടായിരുന്നു. അവിടെ കുട്ടികളെ ആവശ്യമായിരുന്നതിനാൽ തികച്ചും അസൗകര്യപ്രദമായ നാലുമൈൽ ദൂരമുള്ള സ്കൂളിൽ എന്നെയും എന്റെ മൂത്ത സഹോദരി കുഞ്ഞൂഞ്ഞമ്മയെയുംകൂടി അയച്ചു. മറ്റുള്ളവരോട് 'നോ'പറയുവാനുള്ള പിതാവിന്റെ വിമുഖതയിൽ ഇരയായതു ഞങ്ങളാണ്. പല തോടുകളും വയലുകളും കടന്ന് മറ്റുള്ളവരുടെ വീടുമുറ്റത്തുകൂടിയും പുരയിടങ്ങളിൽക്കൂടെയും എല്ലാം നടന്ന് സ്കൂളിലെത്തണം. വെള്ളപ്പൊക്കം വരുമ്പോഴും, കണ്ടത്തിൽ കൃഷി നടക്കുമ്പോഴും എല്ലാം യാത്ര വളരെ ക്ലേശകരമായിരുന്നു. മത്തായി സാറിന്റെ മക്കൾ എന്ന നിലയിൽ പല വീട്ടുകാരും ഞങ്ങളെ വളരെ സഹായിച്ചു. വൈകുന്നേരം നടന്നു ക്ഷീണിച്ചു വരുമ്പോൾ ഞങ്ങൾക്ക് ഭക്ഷണം പോലും തരുമായിരുന്നു. ഗ്രാമീണസ്നേഹം വളരെ ആസ്വദിച്ചറിയുവാൻ കഴിഞ്ഞു. അന്നും ഇന്നും തമ്മിൽ എല്ലാക്കാര്യങ്ങളിലും ഉണ്ടായ വ്യത്യാസം എത്ര വളരെ!

ഒന്നു രണ്ടു രസകരമായ സംഭവങ്ങൾ ഓർക്കുന്നു. ഒരിക്കൽപോകുന്ന വഴിയിൽ വളർന്നു നിൽക്കുന്ന ചാര് എന്ന വിഷവൃക്ഷത്തിന്റെ കായ്കൾ റോഡുനീളെനിറഞ്ഞുകിടക്കുന്നു. കാണുവാൻ വളരെ മനോഹരം. ആ പഴുത്ത കായ്കൾ ചവുട്ടി തൊലി ഇളക്കി നടന്നു. സ്കൂളിൽ എത്തുമ്പോഴേക്കും കാലുകൾ രണ്ടും പഴുത്തു വിങ്ങി. കാലുകൾ പൊട്ടി അതുമൂലം രണ്ടാഴ്ച സ്കൂളിൽ പോകാതെ കഴിച്ചു. സ്കൂളിൽ പോകാതെയിരിക്കുവാനുള്ള ഒരടവായിരുന്നു അത് എന്ന് പിന്നാംപുറ സംസാരം. കൂടാതെ പോകുന്ന വഴിയിൽ വയൽ വരമ്പത്ത് ഉയർന്നു നിൽക്കുന്ന ഒരുതരം പുല്ലുണ്ട്. അതിന്റെ ഒരു പിടിമാറ്റിനിർത്തി അതിന്റെ മുകൾഭാഗം മടക്കിക്കെട്ടിവയ്ക്കും. സ്കൂളിൽ ചെന്നാൽ അദ്ധ്യാപകർ അടിക്കാതെയരിക്കുവാനുള്ള ഒരു മുൻകരുതലാണ്. അടികിട്ടിയാൽ അതു പറിച്ചെടുത്ത് വീട്ടിൽകൊണ്ടുവന്ന് തീയിലിടും. അടി കിട്ടിയില്ലെങ്കിൽ തിരികെ വരുമ്പോൾ കെട്ടഴിച്ചുവിടും. മത്തായി സാറിന്റെ മകൻ എന്ന നിലയിൽ അധികം തല്ലു കിട്ടിയിട്ടില്ല. അങ്ങനെ കെട്ടി വയ്ക്കുന്ന പുല്ലിന് പലപ്പോഴും സ്വതന്ത്രമാകാൻ സാധിച്ചിട്ടുണ്ട്.

മറ്റൊരു സംഭവം ഓർമ്മയിൽ വരുന്നു. ഞാനും സഹോദരിയും കൂടി രാവിലെ വീട്ടിൽ നിന്നിറങ്ങിയാൽ ദീർഘസമയം യാത്ര ചെയ്യണം. വഴി നീളെ അക്ഷരശ്ലോകം ചൊല്ലുക എന്നുള്ളത് ഒരു ഹോബിയായിരുന്നു. തേഡ് ഫോമിൽ പഠിക്കുന്ന സഹോദരി കുഞ്ഞൂഞ്ഞമ്മയും പ്രിപ്പാററ്ററി ക്ലാസിൽ പഠിക്കുന്ന ഞാനും അക്ഷരശ്ലോകം ചൊല്ലും. തോല്വി എനിക്കവകാശപ്പെട്ടതാണ്. ഒരു ദിവസം ആരംഭിച്ചു. 'ഉ' എന്ന അക്ഷരം തന്നെ എനിക്കു കിട്ടി. കയ്യിലുണ്ടായിരുന്ന സ്റ്റോക്ക് തീർന്നു. വീണ്ടും ഉ തന്നെ. "ഉണ്ടെനിക്കൊരു മോക്ഷ വീട്" എന്ന ക്രിസ്തീയ ഭക്തിഗാനം ഞാനങ്ങ് പാടിക്കൊടുത്തു. സഹോദരി അത് സമ്മതിക്കയില്ല. വാദപ്രതിവാദമായി. വഴക്കായി. വഴക്ക് മൂത്തു. രണ്ടു പേർ മാത്രം. ഇടവഴിയിൽ കൂടിയുള്ള യാത്രയിൽ മദ്ധ്യസ്ഥരാരുമില്ല. വാക്സമരത്തിൽ തോൽക്കും എന്ന ഘട്ടം വന്നപ്പോൾ അടുത്തു കിടന്ന ഒരു ഉരുളൻ കല്ലെടുത്ത് സഹോദരിയുടെ പുറത്തിനിട്ട് ഒരു ഏറ്. ഏറുകൊണ്ട് സഹോദരി അവിടെ ഇരുന്നുപോയി. ഇന്ന് എഴുപത്തിഅഞ്ചാം വയസ്സിലും നടുവേദന വരുമ്പോഴെല്ലാം അന്നത്തെ ഏറിന്റെ ഫലമാണെന്ന് എന്നോട് പറഞ്ഞ് പൊട്ടിച്ചിരിക്കാറുണ്ട്. അക്ഷരശ്ലോകമത്സരം അന്നുകൊണ്ടവസാനിപ്പിച്ചു. തുല്യശക്തി ഉള്ളവരുമായേ ഏറ്റുമുട്ടാവൂ എന്ന പാഠം പഠിച്ചു.

## ആദ്യത്തെ ക്ലാസ്

പ്രിപ്പാററ്ററി ക്ലാസിലാണ് ചേർന്നത്. ആദ്യ ദിവസത്തെ ആദ്യ ക്ലാസ് ഏറ്റവും മനോഹരവും ആസ്വാദ്യവുമായിരുന്നു. കുളക്കടയിൽ നിന്നുവരുന്ന മുൻഷി സാറായിരുന്നു അവിടുത്തെ ആദ്യ അദ്ധ്യാപകൻ. ആദ്യ ക്ലാസിൽ പഠിച്ച പാഠം "ഓമനത്തിങ്കൾ കിടാവോ, നല്ല കോമള താമര പ്പൂവോ" എന്നു തുടങ്ങുന്ന മനോഹര പദ്യമായിരുന്നു. ഇന്നും അത് ഓർമ്മയിൽ നിന്നു മാഞ്ഞുപോകുന്നില്ല. ഒരദ്ധ്യാപകന് കുട്ടികളിൽ ചെലുത്താനാവുന്ന സ്വാധീനം എത്രമാത്രമെന്ന് പിന്നീട് ചിന്തിക്കുവാൻ സാധിച്ചു.

ഈ കൊച്ചുക്ലാസിൽ പഠിക്കുമ്പോഴത്തെ ഒന്നു രണ്ടു കാര്യങ്ങൾ ഇപ്പോഴും ഓർമ്മയിൽ തങ്ങിനില്ക്കുന്നു. ഒരു ദിവസം വൈകുന്നേരം സ്കൂളിന്റെ പ്ലേ ഗ്രൗണ്ടിൽ കുട്ടികളും അദ്ധ്യാപകരും എല്ലാം ചേർന്ന് ഫുട്ബോൾ കളിക്കുകയാണ്. കാഞ്ഞിരത്തുംവിളയിൽ ജോർജ്ജു സാർ ഒരു ദീർഘകായനാണ്. അദ്ദേഹം പന്ത് ആഞ്ഞടിച്ചു. അത് നേരെ എന്റെ മുഖത്തു വന്ന് കൊണ്ടു. അവിടെയിരുന്ന് നക്ഷത്രം എണ്ണിപ്പോയി.

## കെട്ടുപോയ സ്പോർട്സ്മാൻ സ്പിരിറ്റ്

സ്കൂൾ വാർഷികം നടക്കുകയാണ്. തലേ ദിവസം സ്പോർട്സ് നട

ക്കുകയാണ്. മെഴുകുതിരി കത്തിച്ചുകൊണ്ടോടുക, നാരങ്ങാസ്പൂണിൽ എടുത്തുകൊണ്ടോടുക. ഈ രണ്ട് ഐറ്റംസിൽ ഞാൻ ചേർന്നു. രണ്ടിനും ഒന്നാം സ്ഥാനത്ത് എത്തി. അവിടെ നിന്ന് അദ്ധ്യാപകർ അഭിനന്ദിച്ചു. ഒന്നാം സമ്മാനം കിട്ടുമെന്നുള്ള പ്രതീക്ഷയിൽ വാർഷിക മീറ്റുംഗുകളിൽ സംബന്ധിച്ചു. രണ്ടിനും സമ്മാനം തന്നില്ല. മനസ്സിനെ മുറിവേല്പിച്ച ഒരു കാര്യമായിരുന്നു അന്ന് അത്. അതോടുകൂടി സ്പോർട്ട്സിൽ ഉള്ള താല്പര്യവും അറിയാതെ കുറഞ്ഞുപോയി. അംഗീകാരത്തിന്റെ പ്രസക്തി എത്ര വലുതാണ്.

എന്താണെന്നറിയാൻ പാടില്ല, പ്രിപ്പററി ക്ലാസിൽ പഠിക്കുമ്പോൾ ഒരു സമരത്തിൽ പങ്കെടുക്കുന്നത് ഓർക്കുന്നുണ്ട്. സ്കൂളിലെ മറ്റു കുട്ടികളോടൊപ്പം കൊച്ചു കൊച്ചു ത്രിവർണ്ണപതാകകളും അടുത്തുള്ള കരിമ്പിൻതോട്ടത്തിൽ നിന്നൊടിച്ചെടുത്ത കരിമ്പിൻ പൂക്കളും ഉയർത്തിപ്പിടിച്ച് പട്ടംതാണുപിള്ള കീജെയ്, റ്റി.എം. വർഗ്ഗീസ് കീജെയ്, സി. കേശവൻ കീജെയ് എന്നു വിളിച്ച് ഘോഷയാത്രയായി പോയത് ഓർക്കുന്നുണ്ട്. അങ്ങനെ സ്റ്റേറ്റ് കോൺഗ്രസിന്റെ സ്വാതന്ത്ര്യപ്രക്ഷോഭമായിരിക്കണം. അതിൽ പങ്കെടുക്കുവാൻ ഇടയായി. പിൽക്കാലത്ത് കോളജു വിദ്യാഭ്യാസകാലത്തും മറ്റും അല്പം രാഷ്ട്രീയത്തിൽ പങ്കെടുത്തതിന്റെ ബാലപാഠം ഇവിടെയാണ് പഠിച്ചത്.

മറ്റൊന്ന് കുട്ടിക്കുരങ്ങിനെ കൊണ്ട് ചൂടുചോറ് വാരിക്കുന്ന തന്ത്രം എന്താണെന്നറിയുവാനും കഴിഞ്ഞു. അന്ന് പങ്കെടുത്ത സമരം എന്തിനു വേണ്ടി ഉള്ളതായിരുന്നു എന്ന് ഇന്നും അറിയില്ല. ഇക്കാലത്തും വിദ്യാർത്ഥി സമരങ്ങളിൽ അധികവും അങ്ങനെ തന്നെയല്ലേ? വലിയ വെള്ളപ്പൊക്കവും മറ്റും ഉണ്ടാകുമ്പോൾ കടുവക്കുഴിയിൽ ശമുവേലുപ്പാപ്പൻ (പി. പി. സാമുവൽ) ന്റെ വീട്ടിൽ താമസിച്ചിട്ടുള്ളത് ഓർക്കുന്നു. അവിടെ സാറാമ്മ, ഗ്രേയ്സ് എന്നിവരും കൊച്ചുണ്ണൂണ്ണി അപ്പാപ്പന്റെ മക്കൾ ബാബു (ഡോ. ജോൺ ഫിലിപ്പ്) രാജു, കുഞ്ഞുമറിയാമ്മ, കുഞ്ഞന്നാമ്മ എന്നിവരും എല്ലാം ഒരുമിച്ച് കളിച്ചുവളർന്നത് ഒരു മധുര സ്മരണയായി നിലകൊള്ളുന്നു.

മെതുകുമ്മേൽ സെന്റ് പോൾസ് മിഡിൽ സ്കൂളിലെ വിദ്യാഭ്യാസം ഒരു വർഷം കൊണ്ടവസാനിച്ചു. വളരെ യാത്രാക്ലേശങ്ങൾ സഹിച്ചാണ് അവിടെ പഠിക്കുവാൻ പോയത്. എങ്കിലും ഇന്നും മറന്നു പോകാത്ത ചില അദ്ധ്യാപകരും കൂട്ടുകാരും അവിടെ ഉണ്ടായി എന്നുള്ളത് സന്തോഷകരമാണ്.

## എൻ.എസ്.എസ്. യു.പി. സ്കൂൾ പറക്കോട്

ഫസ്റ്റ് ഫോം ആയപ്പോഴേക്കും പറക്കോട് യു.പി. സ്കൂളിലേക്ക് മാറ്റം വാങ്ങി. വീട്ടിൽ നിന്ന് ഏകദേശം 4 മൈൽ ദൂരത്തിലാണ് ഈ സ്കൂൾ. അക്കാലങ്ങളിൽ ബസ് സൗകര്യങ്ങൾ ഒന്നുമില്ലായിരുന്നു. അതുകൊണ്ട് എന്നും കാലത്ത് നടന്ന് സ്കൂളിൽ പോകണം. ധാരാളം കൂട്ടുകാർ ഉള്ള തുകൊണ്ട് യാത്രഭാരമായിരുന്നില്ല. ആ സ്കൂളിലെ പഠനം തൃപ്തികരമ ല്ലാത്തതിനാൽ അവിടെ നിന്ന് 6 മാസം കഴിഞ്ഞപ്പോൾ ഐരാണിക്കുടി യിൽ താമസിച്ചുകൊണ്ട് ഇടപ്പോൺ മിഡിൽ സ്കൂളിൽ പഠിച്ചു. പന്ത ളത്തെ ചിന്നമ്മാമ്മ അവിടുത്തെ അദ്ധ്യാപികയായിരുന്നു. അതുകൊണ്ട് സ്കൂളിൽ വളരെ സന്തോഷമായിരുന്നു.

മൂത്ത സഹോദരിയായി അന്നും ഇന്നും കരുതുന്ന ചിന്നമ്മാമ്മയുടെ ക്ലാസിൽ പഠിക്കുവാൻ ലഭിച്ച അനുഗ്രഹം മറക്കാനാവില്ല. പന്തളത്തെ കുട്ടിയമ്മ കൊച്ചമ്മ, കുഞ്ഞൂഞ്ഞച്ചൻ ഇവരോടൊപ്പമുള്ള താമസവും ചിന്നമ്മാമ്മയോടൊപ്പം സ്കൂൾ യാത്രയും പഠനവും മറക്കാനാവാത്ത അനുഭവങ്ങളാണ്.

## കന്നിപ്രസംഗം (പൊതുപ്രസംഗം)

ഇക്കാലമത്രയും ഏതാണ്ട് ആയിരക്കണക്കിന് പ്രസംഗങ്ങൾ നടത്തി യിട്ടുള്ള എന്റെ ആദ്യപ്രസംഗം ഇടപ്പോൺ മിഡിൽ സ്കൂളിൽ എന്റെ മൂത്തസഹോദരിയും, ക്ലാസ് ടീച്ചറുമായിരുന്ന വി.ജെ. മേരി (ചിന്നമ്മാമ്മ) യുടെ അദ്ധ്യക്ഷതയിൽ കൂടിയ ക്ലാസിലെ സാഹിത്യസമാജം മീറ്റിംഗി ലായിരുന്നു. ചിന്നമ്മാമ്മ തന്നെ എഴുതിത്തന്ന പ്രസംഗം കാണാതെ പഠി ച്ചു. മൂന്നു മണിക്ക് കൂടിയ സാഹിത്യസമാജം മീറ്റിംഗിൽ “സത്യസന്ധത” എന്നുള്ള വിഷയത്തെ കുറിച്ച് പ്രസംഗം ആരംഭിച്ചു. കാണാതെ പഠി ക്കുന്നതിൽ വളരെ പിന്നോക്കമായ ഞാൻ ആരംഭത്തിൽ തന്നെ പഠിച്ച തെല്ലാം മറന്നുപോയിരുന്നു. അദ്ധ്യക്ഷയായിരുന്ന ചിന്നമ്മാമ്മ ദയനീയ മായി എന്നെ നോക്കി. ഒരു വാചകം ഒരുവിധം പറഞ്ഞൊപ്പിച്ച് ഒട്ടും മടി ക്കാതെ എഴുതിവച്ചിരുന്ന പ്രസംഗം വായിച്ചു നിർത്തിയിട്ട് സാവധാനം ഇരുന്നു. അന്നത്തെ ജാള്യം മറക്കാനാവില്ല.

പിൽക്കാലത്ത് നൂറുകണക്കിന് പ്രസംഗങ്ങൾ ചെയ്യുവാനുള്ള ഭാഗ്യം സിദ്ധിച്ച എന്റെ ആദ്യാനുഭവമാണിത്. ദൈവം തന്റെ കൈകളിൽ എടു ത്താൽ പിന്നെ ഒന്നിനും കുറവുണ്ടാകയില്ല.

ആ വർഷം അവിടുത്തെ പഠനം പൂർത്തിയാക്കിയ ശേഷം പറക്കോട് പി.ജി.എം. ഹൈസ്കൂളിലേക്ക് സർട്ടിഫിക്കറ്റ് വാങ്ങി അവിടെ തേഡ് ഫോമിൽ ചേർന്നു. വളരെ ആത്മാർത്ഥത ഉള്ള ഒരദ്ധ്യാപകനായിരുന്നു

അവിടുത്തെ ക്ലാസ് ടീച്ചർ. ഒരു കാലിനു സ്വാധീനമില്ലാത്ത അവിവാഹിതനായ നാണുപിള്ളസാർ. അദ്ദേഹത്തിന്റെ ക്ലാസുകൾ മറക്കാനാവില്ല. കണക്ക് എനിക്ക് ഒരു പേടിസ്വപ്നമായിരുന്നു. സാറ് കണക്ക് പഠിപ്പിക്കുവാൻ വരുമ്പോൾ തന്നെ വളരെ ഭയമായിരുന്നു. എന്നാൽ അദ്ധ്യാപകനായ എന്റെ പിതാവുമായി സ്നേഹമുള്ള ആളായിരുന്നു നാണുപിള്ള സാർ. അതിന്റെ പ്രത്യേക പരിഗണനയും ലഭിച്ചിരുന്നു. പഠനത്തിൽ സമർത്ഥനൊന്നുമല്ലാതിരുന്ന എനിക്ക് വളരെ സഹായമായിരുന്നു നാണുപിള്ള സാറിന്റെ ക്ലാസുകൾ.

അവിടെത്തന്നെ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി സിക്സ്ത് ഫോമിൽ (ഇന്നത്തെ പത്താം ക്ലാസ്) ക്ലാസ് ടീച്ചർ വക്കീൽസാർ ആയിരുന്നു. വക്കീലായിരുന്ന അദ്ദേഹം അദ്ധ്യാപകവൃത്തി ഏറ്റെടുത്തതാണ്. അന്ന് സിക്സ്തിൽ അഞ്ചു ഡിവിഷനുണ്ടായിരുന്നതിൽ മിക്കവാറും സമർത്ഥരായ വിദ്യാർത്ഥികൾ എ ഡിവിഷനിലും മുട്ടാളന്മാർ ബി ഡിവിഷനിലും ഏറ്റവും ചെറിയ മിടുക്കരായ കുട്ടികൾ ഇ ഡിവിഷനിലുമായിരുന്നു. ഏതാണ്ട് മുപ്പത്തിയഞ്ച് പെൺകുട്ടികളും എന്നോടൊപ്പം ഏതാണ്ട് 12 ആൺകുട്ടികളും ആ ക്ലാസിൽ ഒരുമിച്ചു പഠിച്ചു. ക്ലാസിലെ ഏറ്റവും ചെറിയ കുട്ടികളായ ഞങ്ങൾക്ക് ഈ പെൺകൂട്ടുകാരിൽ നിന്ന് ഇളയ സഹോദരന്മാരോടുള്ള സ്നേഹവും പെരുമാറ്റവുമായിരുന്നു. ഇക്കാലത്തുനിന്ന് എത്രയോ വ്യത്യസ്തമായ അനുഭവം. വക്കീൽസാറിന്റെ ക്ലാസുകൾ ഗഹനമായിരുന്നു. ഒരക്ഷരം മനസ്സിലാകയില്ലായിരുന്നു. എങ്കിലും ശാന്തഭംഗീരനായ ആ അദ്ധ്യാപകന്റെ സ്നേഹവാത്സല്യം മറക്കാനാവില്ല. അദ്ദേഹത്തോടൊപ്പം കണക്ക് പഠിപ്പിച്ചിരുന്ന കറുത്തുതടിച്ച മഹാദേവയ്യർ സാർ കണക്കിൽ അതിവിദഗ്ധൻ. ഞങ്ങൾക്ക് ഒരു പേടി സ്വപ്നവും. കൂടെ പഠിച്ചവർ പലരും ഉന്നതസ്ഥാനങ്ങളിൽ എത്തി. അതിൽ എന്റെ ഏറ്റവും അടുത്ത സുഹൃത്ത് ഓമനക്കുട്ടൻ എന്ന് ഓമനപ്പേരിൽ അറിയപ്പെട്ട എസ്. ജനാർദ്ദനൻ പിള്ളയായിരുന്നു. ഒരേ പ്രായം ഒരേ മാസത്തിൽ രണ്ടു ദിവസത്തെ വ്യത്യാസത്തിൽ ജനിച്ചവർ. പിതാവ് ശങ്കരപ്പിള്ള സാർ എന്റെ പിതാവിന്റെ സ്നേഹിതൻ. ജനാർദ്ദനൻ പിള്ള വൈദ്യുതി വകുപ്പിൽ ചീഫ് എൻജിനീയറായി റിട്ടയർ ചെയ്തു. അക്കാലത്ത് സ്നേഹബന്ധത്തിന് ജാതിയോ മതമോ ഒന്നും പ്രശ്നമായിരുന്നില്ല.

സന്തോഷകരമായ സ്കൂൾ വിദ്യാഭ്യാസം അവിടെ അവസാനിച്ചു. കഠിനമായ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി. സഹപാഠികളിൽ പലരും അവിടെ നിന്ന് പലവഴിക്ക് തിരിഞ്ഞു. സിവിൽ എൻജിനീയറിംഗ് ഒക്കെ പാസായി പോയവർ. ടൈപ്പ് റൈറ്റിംഗ് പഠിച്ചവരുണ്ട്. ഇപ്പോൾ എല്ലാവരും വിവിധ സ്ഥാനങ്ങളിൽ.

ഇടയ്ക്കു പറയട്ടെ മിഡിൽ സ്കൂളിൽ കൂടെ പഠിച്ച ഒരു ഉണ്ണൂണ്ണിയെ ഓർക്കുന്നു. സമർത്ഥനായ വിദ്യാർത്ഥി. പഠിക്കുവാൻ സാമ്പത്തിക സൗകര്യം ഇല്ലായിരുന്നതിനാൽ പഠനം നിർത്തി തടിവെട്ടി അറപ്പുകാര നായി ജീവിക്കുന്നത് കാണുവാൻ ഇടയായി. പണമില്ലാത്തവന്റെ ഒരു പ്രതിരൂപമായി ഇന്നും ഉണ്ണൂണ്ണി മനസിൽ നിറഞ്ഞു നിൽക്കുന്നു. പഠന ത്തിൽ എത്രയോ സമർത്ഥൻ. പക്ഷേ പഠിച്ചുയരുവാൻ കഴിഞ്ഞില്ല.

## ഒരു ശിക്ഷ

ഒരവധി ദിവസം അപ്പാപ്പൻ എവിടെയോ പോയിരിക്കുകയായിരുന്നു. രാവിലെ പത്തുമണിയോടടുത്തു. അടുത്തുള്ള തോട്ടിൽ വെള്ളം കെട്ടി നിർത്തിയിരുന്നിടത്ത് കൂട്ടുകാരോടൊപ്പം കുളിക്കാൻ പോയി. വാഴപ്പിണ്ടി കൊണ്ടുള്ള ചെങ്ങാടങ്ങൾ കെട്ടിയുള്ള കളി ഏതാണ്ട് 4 മണി വരെ നീണ്ടു. പിതാവ് തിരികെ വന്നപ്പോൾ ഞാൻ സ്ഥലത്തില്ല. അപ്പോഴും കളി തുടരുകയാണ് വെള്ളത്തിൽ. എന്നെ വിളിച്ചു. പെട്ടെന്ന് കരക്ക് കയറി വീട്ടിൽ വന്നു. നല്ല നിലവാരമുള്ള അടിയായിരുന്നു പിതാവിൽ നിന്നു ലഭിച്ചത്. അടികൊണ്ട് വീടിന്റെ പിന്നിൽ ഇട്ടിരുന്ന വലിയ നെല്ലുണങ്ങുന്ന പായിൽ പോയി കിടന്നു. ആരും അത് ഗൗനിച്ചില്ല. ഏതാണ്ട് രാത്രിയായ പ്പോൾ പതിയെ വീട്ടിൽ വന്നു. വിളമ്പിവച്ചിരുന്ന ആഹാരം കഴിച്ച് കിട ന്നുറങ്ങി. അത്രത്തോളം ശിക്ഷ ഒരിക്കലും ലഭിച്ചിട്ടില്ല. മക്കളെ ആവശ്യ മില്ലാതെ ശിക്ഷിക്കുന്ന ഒരാളായിരുന്നില്ല പിതാവ്.

## സ്ഥിരീകരണം

ദൈവവേലയ്ക്കായുള്ള വിളിയുടെ സ്ഥിരീകരണം കൂടിയായിരുന്നു. ഏനാത്ത് ഇടവകകേന്ദ്രമായ പള്ളിയിൽ വച്ചായിരുന്നു സ്ഥിരീകരണം. പന്തളത്തു താമസിച്ച് പഠിച്ചുകൊണ്ടിരുന്നതിനാൽ സ്ഥിരീകരണ ക്ലാ സുകൾക്ക് പോകാൻ പറ്റിയിട്ടില്ല. പ്രിയ പിതാവാണ് എല്ലാം പറഞ്ഞു തന്നത്. മഹാനായ ജേക്കബ് തിരുമേനിയാണ് സ്ഥിരീകരണം നടത്തിയ തെന്നുള്ളിതിൽ അഭിമാനിക്കുന്നു.

ശുശ്രൂഷ കഴിഞ്ഞ് പള്ളിയുടെ പോർച്ചിൽ മറ്റ് കൂട്ടുകാരോടൊപ്പം ഫ്ളാപ്പുള്ള പോക്കറ്റ് വച്ച ഒരു നീല ഷർട്ടിട്ട് നിന്നിരുന്ന എന്റെ പോക്ക റ്റിൽ ഒന്നു തട്ടിയിട്ട് "നീ മത്തായിച്ചന്റെ മകനാണല്ലേ. നീ അച്ചനാകണം." എന്നദ്ദേഹം പറഞ്ഞത് എന്നെ ഈ വേലയ്ക്കായി കൂടുതൽ പ്രചോദി പ്പിച്ചു. നമ്മുടെ വാക്കുകൾ നല്കുന്ന ഉത്തേജനം എത്ര ശ്രേഷ്ഠമാണ്.

ഏനാത്തെ പള്ളി പിന്നീട് കേസ് മൂലം ഉപയോഗശൂന്യമായി. താഴെ വീണു പോയി. ബിഷപ്പായി കഴിഞ്ഞപ്പോൾ എം.സി. റോഡ് സൈഡിൽ മനോഹരമായ ഒരു ചെറിയ പള്ളിയും പാഴ്സനേജും പണിയിച്ചു.

റബർകൃഷിയും നടത്തി. ആ പ്രദേശത്തുള്ള ഇളംഗമംഗലം, കിഴക്കുപുറം ഈ സ്ഥലങ്ങളിലെല്ലാം പള്ളി പണിയിച്ചു. റബർ കൃഷി നടത്തി.

## കോളജു വിദ്യാഭ്യാസം

എസ്.എസ്.എൽ.സി. പാസായി കഴിഞ്ഞപ്പോൾ കൂടെ ഉണ്ടായിരുന്ന പലരും പല തൊഴിൽ തേടിപ്പോയി. കുറെ നാൾ ടൈപ്പ് റൈറ്റിംഗ് അവധി സമയങ്ങളിൽ ഞാനും പഠിക്കുന്നുണ്ടായിരുന്നു. എന്റെ വാത്സല്യനിധി യായ പിതാവ് ഞങ്ങൾ ആരും അറിയാതെ തന്നെ പന്തളം എൻ.എസ്. എസ്. കോളജിൽ പോയി ഇന്റർമീഡിയറ്റിന് ചേരുവാനുള്ള ഒരപേക്ഷാ ഫോറം വാങ്ങിക്കൊണ്ടുവന്നു. പൂരിപ്പിച്ച് അവിടെ കൊണ്ടുപോയി കൊടുത്തു. അല്പം ബുദ്ധിമുട്ടിയിട്ടാണെങ്കിലും ദൈവകൃപയാൽ എനിക്ക് അഡ്മിഷൻ കിട്ടി. ഹിസ്റ്ററി മെയിൻ എടുത്ത് പഠിക്കുവാനാണ് ആഗ്രഹി ച്ചത്. കാരണം ഭാവിയിൽ അച്ചനാകുവാൻ അതാണ് നല്ലതെന്നു കരുതി. മലയാളം ആണ് ഭാഷയായി തെരഞ്ഞെടുത്തത്. ഇൻഡ്യൻ ഹിസ്റ്ററി, വേൾഡ് ഹിസ്റ്ററി & സൈക്കോളജി ഇതായിരുന്നു പഠന വിഷയങ്ങൾ. ഒപ്പം ഇംഗ്ലീഷും മലയാളവും.

എന്റെ പ്രിയ സഹോദരൻ (പിതാവിന്റെ ജ്യേഷ്ഠപുത്രൻ) മാത്യു ജോൺ (കുഞ്ഞൂഞ്ഞച്ചൻ) ഒരു വർഷം മുമ്പ് കോളജിൽ ഇതേ വിഷയ ത്തിനുതന്നെ ചേർന്നു പഠനത്തിൽ എന്നേക്കാൾ സമർത്ഥൻ. ഞങ്ങൾ ഒരുമിച്ച് ഇരട്ടകളെപ്പോലെ ഒരിടത്തു താമസിച്ചു പഠിച്ചുവളർന്നു. ഐരാ ണിക്കുടിയിൽ ഞങ്ങൾ താമസിച്ചു പഠിച്ചു. അവിടെ കൊച്ചമ്മയും കുട്ടി യമ്മയും ഞങ്ങൾ രണ്ടുപേരും മാത്രമായിരുന്നു താമസിച്ചത്. പള്ളിയിലും കൂട്ടായ്മയിലും പൊതുപരിപാടികളിലുമെല്ലാം ഞങ്ങൾ ഇരുവരും ഒരു മിച്ച് സംബന്ധിച്ച് അവിടെയുള്ള നാട്ടുകാരുടെ കണ്ണിലുണ്ണികളായി വളർന്നു. എനിക്ക് അവിടെനിന്നു ലഭിച്ച ആത്മീയ അനുഗ്രഹങ്ങൾ എണ്ണ മറ്റതാണ്. ഞങ്ങളുടെ കൂട്ടുകാർ പ്രായമായ ആളുകളായിരുന്നു.

കൂട്ടായ്മ യോഗങ്ങളിൽ സാക്ഷി പറഞ്ഞാണ് സഭാകമ്പം ക്രമേണ മാറുവാൻ തുടങ്ങിയത്. എന്നെപ്പോലെ ലജ്ജാലുവായ ഒരു മനുഷ്യൻ കാണുകയില്ല. അയൽപക്കത്തുപോലും പോകുകയോ അവരോട് സംസാ രിക്കുകയോ ചെയ്യുമായിരുന്നില്ല. എന്നാൽ ഐരാണിക്കുടിയിൽവച്ച് സാക്ഷി പറയുക, സ്വതവെ പ്രാർത്ഥിക്കുക ഇക്കാര്യങ്ങൾ ഒക്കെ ചെയ്യു വാൻ ആരംഭിച്ചു. അവിടെ ധാരാളം കൂട്ടുകാരുണ്ടായിരുന്നു. ഏതാണ്ട് മൂന്നു കിലോമീറ്റർ ദൂരം രാവിലെയും വൈകുന്നേരവും നടന്നാണ് കോളജിൽ പൊയ്ക്കൊണ്ടിരുന്നത്. ഈ യാത്ര ഒരു അവിസ്മരണമായ യാത്ര തന്നെയായിരുന്നു. തമാശുകൾ പറഞ്ഞും പൊട്ടിച്ചിരിച്ചുംകൊ ണ്ടുള്ള ആ യാത്ര എങ്ങനെ മറക്കുവാനാകും. ചിലപ്പോഴൊക്കെ പെൺകു

ട്ടികൾ ഞങ്ങളോടൊപ്പം കൂടും. തികച്ചും സാഹോദര്യബന്ധം. അക്കാലത്തെ പലനല്ല കൂട്ടുകാരെയും ഇപ്പോഴും ഓർക്കുന്നുണ്ട്.

## മരച്ചുവട്ടിലെ പ്രാർത്ഥനാക്കൂട്ടം

സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ഞങ്ങൾ ഏതാനും കൂട്ടുകാർ (5 പേർ) സ്കൂളിനു സമീപമുള്ള മാർത്തോമ്മാ പള്ളിയുടെ മുറ്റത്തുനിൽക്കുന്ന മാവിൻചുവട്ടിൽ വെള്ളിയാഴ്ച ദിവസങ്ങളിൽ ഉച്ചയ്ക്ക് ഇന്റർവെൽ സമയത്ത് ഊണ് കഴിഞ്ഞ് അരമണിക്കൂർ ഒത്തുകൂടും-വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിക്കൂറാണ് ഇന്റർവെൽ - ഈ അരമണിക്കൂർ ഞങ്ങൾ ഒരുമിച്ചു പ്രാർത്ഥിക്കും. മഴയുള്ളപ്പോൾ പള്ളിയുടെ പോർച്ചിൽ കൂടും.

കോളജിൽ ചെന്നപ്പോൾ ഒരു തെങ്ങിൻചുവട്ടിൽ ഞങ്ങൾ കുറെപ്പേർ ഒത്തുകൂടും, പ്രാർത്ഥിക്കും. ഒരുമിച്ചു പ്രാർത്ഥിച്ചവർ എല്ലാവരും ഇപ്പോൾ വിവിധ സ്ഥാനങ്ങളിൽ നല്ല നിലയിൽ ജീവിക്കുന്നു. അതിൽ ഒരാൾ എന്റെ ഉത്തമസ്നേഹിതനാണ്. അയൽക്കാരനുമാണ്. പാസ്റ്റർ എം.എസ് മത്തായി. അദ്ദേഹം അമേരിക്കയിൽ ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നു. He is a real Christian. ഇന്നും ഞങ്ങളുടെ സ്നേഹബന്ധം തുടരുന്നു. കുഞ്ഞൂഞ്ഞച്ചനും, എം.എസ്. മത്തായി (ബേബിയും) ഞാനും വലിയ ആത്മബന്ധത്തിലാണ്. ഇത്രയും നല്ല ഒരു സത്യവിശ്വാസിയെ ക്രിസ്ത്യാനികളുടെ ഇടയിൽ കാണുക അസാധ്യം. ദീർഘവർഷങ്ങൾ ആയി അമേരിക്കയിലാണ്. എന്നാൽ ഇന്നും ഒരു ഒറ്റ മുറി അപ്പാർട്ട്മെന്റിലാണ് കുടുംബമായി താമസിക്കുന്നത്. പണമുണ്ടാക്കുക അല്ല ആത്മാക്കളെ തേടുകയാണ്. ഒരു തികഞ്ഞ പ്രാർത്ഥനാമനുഷ്യനാണ് ബേബി.

## സംസാരവിഷയം

ഒരുമിച്ചുള്ള ഈ ഉല്ലാസയാത്രയിൽ പ്രധാനമായ സംസാരവിഷങ്ങൾ പഠിക്കുന്ന വിഷയങ്ങളോടനുബന്ധമായുള്ളവയായിരുന്നു. സയൻസുകാർ ഹിസ്റ്ററിക്കാരെയും മറിച്ചും കളിയാക്കുകയും പൊട്ടിച്ചിരിക്കുകയും ചെയ്യും. നിഷ്കളങ്കമായ സ്നേഹം. "Science makes man subtle and History makes man wise" അന്ന് പഠിച്ചതാണ്. ഹൃദയബന്ധങ്ങൾക്ക് മുറിവേല്പിക്കാത്ത പരിഹാസങ്ങളും തമാശകളും ഇന്നും മനസ്സിൽ നിന്നു മായാതെ നിൽക്കുന്നു.

അച്ചൻകോവിലാറ്റിലെ കുളിയും കൊച്ചുകൊച്ചു കൃസൃതികളും ഇന്നും മനസിൽ മായാതെ നിൽക്കുന്നു. ചിത്രശലഭങ്ങളെപ്പോലെ പാറിപ്പറന്നു നടന്ന ആ കാലം എത്ര അവിസ്മരണീയമാണ്. രാവിലെയും

വൈകുന്നേരവുമുള്ള ആറ്റിലെ കുളിയും മണൽപുറത്തെ കളികളും കൂട്ടുകാരുമൊത്തുള്ള തമാശകളും എല്ലാം മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

വളരെ അച്ചടക്കമുള്ള കോളജിലെ ജീവിതവും സന്തോഷകരമായിരുന്നു. അന്നത്തെ പ്രിൻസിപ്പൽ കെ. ആർ. നാരായണ അയ്യർ ആയിരുന്നു. കടുവാ എന്ന അപരനാമധേയത്തിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഒരിക്കൽ ഉച്ചസമയത്ത് ഫസ്റ്റ് ബെൽ അടിക്കുന്നതിനു തൊട്ടു മുമ്പ് നൂറിൽ അധികം കുട്ടികൾ ക്ലാസ് മുറിയിൽ ബഹളം വച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രിൻസിപ്പലിന്റെ മുറിയുടെ തൊട്ടുമുമ്പിലുള്ള ക്ലാസായിരുന്നു. ശബ്ദം കേട്ട് പ്രിൻസിപ്പൽ ക്ലാസിൽ വന്ന് ശാസിച്ചു. അദ്ദേഹം തിരിച്ച് ക്ലാസിൽ നിന്നിറങ്ങുമ്പോൾ കുട്ടികൾ വെറുതെ കൂകി ശബ്ദമുണ്ടാക്കി. പ്രകോപിതനായ പ്രിൻസിപ്പൽ ക്ലാസിൽ തിരികെ കയറി മുൻബഞ്ചിലിരുന്ന ഞാനുൾപ്പെടെ പത്തു പേരെ പ്രിൻസിപ്പലിന്റെ മുറിയിൽ കൊണ്ടുപോയി. പേര് ചോദിച്ച് എഴുതുവാൻ തുടങ്ങി. ഞങ്ങളല്ല കൂവിയതെന്ന് ഓരോരുത്തരായി പറയുവാൻ ആരംഭിച്ചപ്പോൾ പ്രകോപിതനായ പ്രിൻസിപ്പൽ ഭയങ്കര ശബ്ദത്തോടെ അദ്ദേഹത്തിന്റെ സാധാരണശൈലിയായ ഗെറ്റ് ഔട്ട് അടിച്ചു. കേട്ടപാതി ഞങ്ങൾ ഇറങ്ങി ഓടി ക്ലാസിൽ പല സ്ഥാനങ്ങളിലായി പോയി ഇരുന്നു. അങ്ങനെ രക്ഷപ്പെട്ടു.

## ഒരു സംഭവം

ഞങ്ങളുടെ കോളജിൽ തനി ഉഴപ്പന്മാരായ രണ്ടു വിദ്യാർത്ഥികളെ ക്ലാസിൽ നിന്ന് പ്രിൻസിപ്പൽ പുറത്താക്കി. അവരുടെ പിതാക്കന്മാർ നാട്ടിലെ ജന്മിമാരും വലിയ ചട്ടമ്പികളുമായിരുന്നു. ഒരു ദിവസം പ്രിൻസിപ്പലിന്റെ റൂമിൽ ചെന്ന് ഇക്കാര്യം അവർ സംസാരിച്ചു. പെട്ടെന്ന് പ്രകോപിതരായി രക്ഷാകർത്താക്കൾ ചാടി എഴുന്നേറ്റ് പ്രിൻസിപ്പലിനെ വെടിവച്ചു. ഭാഗ്യത്തിന് അദ്ദേഹം വാതിലിൽ കൂടി ഓടി മുറിക്കുള്ളിൽ കയറി. വെടിയുണ്ട ഭിത്തിയിൽ പതിച്ചു. കേസ് പ്രമാദമായി നടക്കുന്ന ഒരു ദിവസം പതിവുപോലെ നടക്കാനിറങ്ങിയ അദ്ദേഹം പതിവനുസരിച്ച് അവിടെ പ്രവർത്തിച്ചിരുന്ന എസ്.കെ. ലോഡ്ജ് എന്ന ഹോട്ടലിൽ കാപ്പി കുടിക്കുവാൻ കയറി. ആ സമയം മുമ്പു പറഞ്ഞ രണ്ടു പേരും ഹോട്ടലിൽ കാപ്പികുടിക്കുകയായിരുന്നു. പ്രിൻസിപ്പലിനെ കണ്ടപ്പോൾ അവർ ഇരുവരും എഴുന്നേറ്റ് നമസ്കരിച്ചു. അടുത്തുള്ള ഒരു മേശയിൽ ഇരുന്ന് അദ്ദേഹം കാപ്പികുടിച്ചു. ഇതുകണ്ട ഞാൻ അതിശയിച്ചുപോയി.

മറ്റുള്ളവരെ മാന്യമായി കാണുകയും ബഹുമാനിക്കുകയും ചെയ്യുവാൻ കഴിയും എന്നു പഠിച്ചു.

രണ്ടു വർഷത്തെ ഇന്റർമീഡിയറ്റ് പഠനം പൂർത്തിയാക്കി.ഇംഗ്ലീഷ്

കിട്ടാതെ പഠനം ഒരു പ്രതിസന്ധിയിലായി. പിന്നത്തെ സെപ്തംബറിൽ പരീക്ഷ എഴുതി ജയിച്ചു. ഈ കാലഘട്ടത്തിൽ നെടുമൺ പോസ്റ്റോഫീസിൽ പോസ്റ്റ് മാസ്റ്റർ ആയി ജോലി കിട്ടി. നിസാരമായ ശമ്പളത്തിനു ഒരു വർഷം ജോലി നോക്കി. അവിടെ നിന്ന് ആ ഡിപ്പാർട്ട്മെന്റിൽ തന്നെ ജോലിക്ക് ശ്രമിക്കാമായിരുന്നത് ഉപേക്ഷിച്ചു.

ഈ കാലഘട്ടത്തിൽ എന്നെ വൈദികവിദ്യാഭ്യാസത്തിന് അയയ്ക്കണമെന്ന് പിതാവ് ആഗ്രഹിച്ചു. ഇക്കാര്യം അന്നത്തെ ഇടവക പട്ടക്കാരനായ റവ.പി.ജെ. ഐസക് അച്ചനോട് പറയുന്നത് ഞാൻ കേട്ടു. എന്റെ പിതാവിന്റെ സ്നേഹിതനായിരുന്ന അച്ചൻ "സാറെ അവൻ ഒരു ഡിഗ്രി എടുത്തിട്ട് വൈദിക വിദ്യാഭ്യാസത്തിന് പോയാൽ മതി. അല്ലെങ്കിൽ ഒരു സാധാരണ അച്ചനായി മാത്രം കഴിഞ്ഞുകൂടേണ്ടതായി വരും. അതുകൊണ്ട് അവൻ ഡിഗ്രിക്ക് പോകട്ടെ" എന്നു പറഞ്ഞു. അങ്ങനെ ഡിഗ്രിക്ക് പോയി ചേർന്നു.

## ദീർഘവീക്ഷണമുള്ള പട്ടക്കാരൻ

അച്ചന്റെ ആ ഉപദേശമാണ് പിൽക്കാലത്ത് ഒരു ബിഷപ്പ് ആയിത്തീരുവാനുള്ള സന്ദർഭം ഒരുക്കിത്തന്നത്. പിന്നോക്ക സമുദായക്കാരനായ ഐസക് അച്ചനെ ഒരു കാലത്തും മറക്കുവാനാവില്ല. ഓരോരുത്തരിൽ കൂടി ദൈവം പ്രവർത്തിക്കുന്നത് എത്ര മനോഹരം. പട്ടത്വശുശ്രൂഷയ്ക്ക് വരുന്നവർക്ക് ആവശ്യമായ നല്ല വിദ്യാഭ്യാസം ഉണ്ടായിരിക്കണം എന്ന വസ്തുത മനസ്സിലാക്കി. പി. ജെ. ഐസക് അച്ചന്റെ ദീർഘവീക്ഷണമാണ് എന്നെ ബിഷപ്പ് സ്ഥാനത്ത് എത്തിച്ചത്. പട്ടക്കാർ ദീർഘവീക്ഷണം ഉള്ളവരും മറ്റുള്ളവരുടെ നന്മയിൽ സന്തോഷിക്കുന്നവരുമായിരിക്കണം. ദീർഘവീക്ഷണമുള്ള പട്ടക്കാർ സഭയുടെ ഒരു മുതൽക്കൂട്ടാണ്. ഞാൻ ബിഷപ്പ് ആകുമെന്നൊന്നും അച്ചൻ ചിന്തിച്ചിരുന്നില്ല. എന്നാൽ അങ്ങനെ സംഭവിക്കുവാൻ ഇടയായതിൽ അച്ചന്റെ പങ്ക് നിർണ്ണായകമാണ്.

## വീണ്ടും കോളജിൽ

ഈ കാലത്ത് കോളജിൽ ഇന്റർമീഡിയേറ്റ് സിസ്റ്റം മാറി പ്രീ യൂണിവേഴ്സിറ്റി സിസ്റ്റം ആരംഭിച്ചിരുന്നു. ഡിഗ്രി കോഴ്സ് മൂന്നു വർഷമായി മാറി. എന്നാൽ ഇന്റർമീഡിയേറ്റ് പാസായ ഞങ്ങൾക്ക് ഡിഗ്രിയുടെ രണ്ടാം വർഷം ചേർന്ന് രണ്ടു വർഷം പഠിച്ചാൽ മതിയായിരുന്നു. ഒന്നാം വർഷത്തേത് സ്വയം പഠിക്കണമായിരുന്നു. കോളജ് അഡ്മിഷന് അല്പം ബുദ്ധിമുട്ടേണ്ടി വന്നു എങ്കിലും അന്ന് സൂവോളജി ഡിപ്പാർട്ട്മെന്റ് ഹെഡ് ആയിരുന്ന ഡോ. എൻ.ജി. കുറുപ്പ് സാറിന്റെ സഹായത്താൽ അഡ്മിഷൻ തരപ്പെടുത്തി. സുമുഖനും സമർത്ഥനുമായിരുന്ന അദ്ദേഹം അകാലത്തിൽ ചരമമടഞ്ഞു.

ഈ കാലഘട്ടത്തിൽ അതിപ്രഗത്ഭനും യുവാവും ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം പൂർത്തീകരിച്ച വ്യക്തിയുമായ ഡോ. കെ. സി. നമ്പ്യാർ സാറായിരുന്നു പ്രിൻസിപ്പൽ. അക്കാലത്ത് പ്രിൻസിപ്പലും പ്രൊഫസർമാരും സൂട്ടായിരുന്നു ധരിച്ചിരുന്നത്. ഒരു വർഷത്തെ പരിചയമുള്ള സഹവിദ്യാർത്ഥികളോടൊപ്പം ചേർന്നു. നല്ല ഒരു പറ്റം വിദ്യാർത്ഥികളെ കൂട്ടുകാരായി കിട്ടി. പില്ക്കാലത്ത് പട്ടക്കാരനായ ചെറിയനാട്ടുകാരൻ കെ. എം. ഉമ്മൻ എന്റെ സുഹൃത്തായിരുന്ന കെ. ആർ. നാരായണൻ ഉണ്ണിത്താൻ തുടങ്ങിയുള്ള അര ഡസൻ ഇന്റിമേറ്റ് ഫ്രണ്ട്സ് ഉണ്ടായി. വളരെ സന്തോഷകരമായ അനുഭവം.

ഇക്കണോമിക്സ് മെയിൻ ആയുള്ള ക്ലാസിൽ വേൾഡ് ഹിസ്റ്ററി, സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ് എന്നിവ ഉപവിഷയങ്ങളായി പഠിക്കണമായിരുന്നു. ഇംഗ്ലീഷും മലയാളവും വേറെയും. പട്ടക്കാരനാകണമെന്നുള്ള മോഹം കൊണ്ടാണ് ഈ വിഷയങ്ങൾ എടുത്തത്.

## ഐരാണിക്കുടിയിലെ താമസം

പിതാവ് വളർന്ന സ്ഥലമാണിത്. അച്ചൻ കോവിലാറിന്റെ തീരത്ത് എല്ലാവരും പരസ്പര സ്നേഹത്തിൽ കഴിയുന്നു. പിതാവിന്റെ സഹോദരൻ വി.എം. ജോൺ ദീർഘവർഷങ്ങൾക്കു മുമ്പ് കടന്നുപോയി. കൊച്ചമ്മയും രണ്ടു പെൺമക്കളും ഒരു മകനും ഒരുമിച്ചു താമസിക്കുന്നയിടത്ത് ഞാനും താമസിച്ചു. കൊച്ചമ്മ എല്ലാവരെയും മക്കളായി കരുതി. വളരെ ഞെരുക്കം ഉണ്ടായിരുന്നു. വീട്ടിൽ നിന്ന് അരിയും മറ്റു സാധനങ്ങളും കൊടുത്തയക്കുമായിരുന്നു. ചെറിയവീട്, കുഞ്ഞൂഞ്ഞച്ചനും കോളജിൽ ഹിസ്റ്ററി മെയിൻ എടുത്ത് പഠിക്കുകയാണ്. ഞാനും അത് തന്നെ മെയിൻ എടുത്തു. കുഞ്ഞൂഞ്ഞച്ചൻ എന്നെക്കാൾ എല്ലാ കാര്യത്തിലും സമർത്ഥനായിരുന്നു. എന്നാൽ ഇന്റർമീഡിയേറ്റ് കൊണ്ട് പഠനം അവസാനിപ്പിച്ച് ജോലിക്കായി കൽക്കട്ടക്ക് പോയി. ചിന്നമ്മാമ്മ വിവാഹിതയായി. കുട്ടിയമ്മ മാത്രം ശേഷിച്ചു. ഞങ്ങൾ ഒരുമിച്ചു താമസിച്ചു. വെണ്മണിയിലെ അമ്മിണി ഒപ്പം താമസിച്ചു. കൊച്ചമ്മക്ക് സ്ഥലം മാറ്റം വന്ന് പുനലൂർക്ക് പോയി.

ഐരാണിക്കുടിയിൽ നിന്ന് പന്തളത്തിന് ഏകദേശം മൂന്നര മൈൽ ദൂരമുണ്ട്. ഈ ദൂരമത്രയും പൂഴി നിറഞ്ഞ റോഡിൽ കൂടി നടന്നാണ് കോളജിൽ പോയത്. അവിടെ നിന്ന് വളരെ കുട്ടികൾ ഒരുമിച്ചാണ് യാത്ര. ആൺകുട്ടികളും പെൺകുട്ടികളും സഹോദരീസഹോദരന്മാരായിട്ടായിരുന്നു യാത്ര. ഈ യാത്രയിലെ സന്തോഷം മറക്കാനാവില്ല. അന്നത്തെ സ്നേഹിതരെ ഇന്നും ഓർക്കുന്നു. ബസിലുള്ള യാത്രയും അവിസ്മരണീയമായിരുന്നു.

കുഞ്ഞൂഞ്ഞച്ചനും ഞാനും തമ്മിലുള്ള ബന്ധം വളരെ സുദൃഢമായിരുന്നു. ഒരിക്കൽ പോലും ഞങ്ങൾക്കു തമ്മിൽ വഴക്കിടേണ്ടതായിട്ടുവന്നിട്ടില്ല. കുട്ടിയമ്മയും അങ്ങനെ തന്നെ. അവധിക്കുപോലും വീട്ടിൽ വരാൻ താല്പര്യമില്ലായിരുന്നു. അത്ര മാത്രം സന്തോഷകരമായിരുന്നു അവിടുത്തെ ജീവിതം.

## വൈദിക പരിശീലനം എൻ.എസ്.എസിൽ

എൻ.എസ്.എസ്. കോളജിൽ പട്ടത്വത്തിന് പരിശീലനം ലഭിക്കുക എന്നുള്ളത് സാധ്യമോ എന്നു ചിന്തിച്ചേക്കാം. എന്നാൽ ദൈവം ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ അഗോചരവും, മനസ്സിലാക്കുവാൻ പ്രയാസവുമുള്ളതാണ്. പൊതുവെ ലജ്ജാശീലനും വലിയ താലന്തുകൾ ഒന്നുമില്ലാത്തവനാണ് ഞാൻ എന്നറിയാമായിരുന്നു. പിൻവലിഞ്ഞു നിൽക്കുവാനുള്ള പ്രവണതയായിരുന്നു ഉണ്ടായിരുന്നത്. മറ്റുള്ളവരോടിടപെടുന്നതിലും പൊതുരംഗങ്ങളിൽ വരുന്നതിനും ഒട്ടും താല്പര്യമില്ലായിരുന്നു. പട്ടത്വശുശ്രൂഷയ്ക്ക് ഒട്ടും അനുയോജ്യമായ സവിശേഷതകൾ ഒന്നുമില്ലാത്ത ഒരാൾ. കേവലം പട്ടക്കാരനാകണമെന്ന ആഗ്രഹം മാത്രം കൈമുതലായുണ്ടായിരുന്നു.

ഞാൻ ഒരു പട്ടക്കാരനാകണമെന്ന് ദൈവം ആഗ്രഹിച്ചു. മാതാപിതാക്കൾ ആഗ്രഹിച്ചു. ഞാൻ ആഗ്രഹിച്ചു. എന്നാൽ എങ്ങനെ അതു സാധിക്കും. ഒരു കഴിവും ഇല്ലാത്ത എനിക്ക് തികച്ചും അപ്രാപ്യമായിരുന്നു അത്.

ചെറുപ്പത്തിൽ തന്നെ മനസ്സിൽ ആഗ്രഹം തന്നു. അതിനായി ദൈവം ഒരുക്കുവാൻ ആരംഭിച്ചു. ഒരുക്കം കൂടുതൽ വേഗത്തിൽ വേണമെന്നാഗ്രഹിച്ചു.

## ദൈവത്തിന്റെ വഴികൾ

നല്ല രീതിയിൽ ജീവിച്ചിരുന്നതുകൊണ്ട് നല്ല കൂട്ടുകാരെ തന്നെ ലഭിച്ചു. എൺപതിൽ അധികം പേർ ക്ലാസിൽ ഉണ്ടായിരുന്നു. വെറും 7 പെൺകുട്ടികൾ മാത്രം. അവർ പ്രായവും പക്വതയുമുള്ളവരായിരുന്നതിനാൽ ഒരു സഹോദരനെപ്പോലെ അവർ കരുതി. സ്നേഹവാത്സല്യങ്ങൾ തന്നു. ക്ലാസുകൾ സന്തോഷകരമായിരുന്നു. നല്ല അദ്ധ്യാപകരെയും ലഭിച്ചു.

## ക്രിസ്തീയ പരിശീലനം

ഐരാണിക്കുടിയിൽ ഒരു മാർത്തോമ്മാ പ്രാർത്ഥനാലയം ഉണ്ടായിരുന്നു. അവിടെ സണ്ടേസ്കൂൾ, മറ്റ് ആത്മീയ കൂട്ടായ്മ എന്നിവയ്ക്ക്

കഴിയുംവിധം നേതൃത്വം നല്കുവാനുള്ള അവസരം ലഭിച്ചു. ഞായറാഴ്ച തോറും പൂന്തല മാർത്തോമ്മാ പള്ളിയിൽ പോയി ആരാധനയിൽ സംബന്ധിച്ചു പോന്നു. പിന്നീടുള്ള ശുശ്രൂഷയിൽ മാർത്തോമ്മാ ആരാധന നടത്തുവാനുള്ള പരിശീലനം അങ്ങനെ ലഭിച്ചു. ഐരാണിക്കുടിയിലെ താമസം ആത്മീയ പ്രചോദനം നല്കുന്നതായിരുന്നു. പ്രാർത്ഥനാകൂട്ടങ്ങളും, കൺവൻഷനും, പള്ളി ആരാധനയുമെല്ലാം വളരെ ഏറെ പ്രോത്സാഹനം നല്കി.

## അപകടത്തിൽ നിന്ന് രക്ഷ

ഐരാണിക്കുടിയിൽ താമസിക്കുമ്പോൾ അടുത്തുള്ള അച്ചൻകോവിലാറ്റിലാണ് കുളിക്കുന്നത്. ഒരിക്കൽ ഞാനും കുഞ്ഞൂഞ്ഞച്ചനും കൂടി ആറ്റിൽ പോയി ഇരുകരയും മുട്ടി ആറ് ഒഴുകുകയാണ്. മേട്ടയിൽ അച്ചായൻ കൂടെയുണ്ട്. ഞങ്ങൾ ആറ് മുറിച്ച്നീന്തി കളിച്ചു. ഒടുവിൽ മേട്ടയിൽ കയത്തിൽ കുളിക്കുകയാണ്. പെട്ടെന്ന് ഒരു ചുഴിയിൽ അകപ്പെട്ടു. വെള്ളത്തിലേക്ക് താണു. കൈകാലുകൾ അടിക്കുന്നതുകണ്ട് കളിക്കുകയാണെന്ന് മേട്ടയിലെ അച്ചായൻ കരുതി. കുറെ സമയമായപ്പോൾ കാര്യം പിടികിട്ടി. ഞങ്ങൾ പരസ്പരം കെട്ടിപ്പിടിച്ച് താഴുമ്പോൾ അച്ചായൻ ഞങ്ങളെ പിടിച്ചു കയറ്റി. വലിയ ആപത്തിൽ നിന്നു രക്ഷിച്ചു. ദൈവത്തിന്റെ കരുതൽ.

## എസ്.സി.എം.

എൻ.എസ്.എസ്. കോളജിൽ ഒരു ക്രിസ്ത്യൻ സംഘടന എന്നുള്ളത് ശ്രമകരമായിരുന്നു. എന്നാൽ ഒരു ക്രിസ്തീയ സംഘടന എസ്.സി.എം. അവിടെ രൂപം കൊള്ളുവാൻ ഇടയായി. അതിന് നേതൃത്വം നല്കുവാൻ ദൈവം ഞങ്ങളിൽ ചിലരെ നിയോഗിച്ചു. ആദ്യം അടുത്തുള്ള പണിക്കേഴ്സ് ടൂട്ടോറിയൽ കോളജിലും പിന്നീട് പ്രിൻസിപ്പലിന്റെ മൗനാനുവാദത്തോടെ കോളജ് ക്ലാസ്റൂമുകളിലും എസ്.സി.എം. കൂടി. അതിന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ആദ്യത്തെ നേതൃത്വം. കൊച്ചു കൊച്ചു പ്രസംഗങ്ങളും, ചർച്ചകളും പിന്നീട് പൊതുജനസമ്പർക്കവും. ഇതിനെല്ലാമുള്ള പരിശീലനം ക്രമാനുഗതമായി ലഭിച്ചു.

## അല്പം രാഷ്ട്രീയം

കേരളത്തെ പിടിച്ചു കുലുക്കിയ വിമോചനസമരം കോളജ് സ്ഥാപകനായ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ അരങ്ങേറുകയാണ്. കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് മന്ത്രിസഭയെ താഴെയിറക്കാൻ ഉള്ള ശ്രമമാണ്. മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു. ഈ വലിയ

സമരക്കൊടുങ്കാറ്റിൽ ഇ.എം.എസ്. മന്ത്രിസഭ താഴെവീണു. കമ്യൂണിസ്റ്റ് ഭരണം ഇല്ലാതെയായി.

കമ്യൂണിസ്റ്റ് വിരുദ്ധമുന്നേറ്റം കോളജുകളിലും കടന്നുകൂടി. അന്ന് കോളജിൽ ആധിപത്യം സ്ഥാപിച്ചിരുന്നത് എസ്.എഫ്. (സ്റ്റുഡന്റ്സ് ഫെഡറേഷൻ) എന്ന കമ്യൂണിസ്റ്റ് സംഘടനയായിരുന്നു.

ഈ സമയത്ത് കോളജിൽ കേരള സ്റ്റുഡന്റ്സ് യൂണിയൻ (കെ.എസ്.യു.) എന്ന കോൺഗ്രസ് സംഘടനയ്ക്ക് രൂപം നൽകി. അതിനു മുൻ കയ്യെടുത്തത് ഒരു നല്ല കോൺഗ്രസ് സംഘടനാ പ്രവർത്തകനും പില്ക്കാലത്ത് കേരളത്തിലെ ധനമന്ത്രിയുമായിത്തീർന്ന തച്ചടി പ്രഭാകരൻ എന്ന സംഘടനാ പാടവമുള്ള നേതാവായിരുന്നു. അദ്ദേഹത്തിന്റെ അസാമാന്യമായ സംഘടനാപാടവം പ്രശംസനീയമാണ്. അദ്ദേഹത്തിന്റെ ശ്രമഫലമായി സംഘടിപ്പിക്കപ്പെട്ട കെ.എസ്.യു. വിന്റെ പ്രാദേശിക യൂണിറ്റ് പ്രസിഡന്റായി എന്നെ തെരഞ്ഞെടുത്തത് ഇന്നും അവിശ്വസനീയമായി തോന്നുന്നു. തെരഞ്ഞെടുക്കപ്പെട്ട രണ്ടാമത്തെ പദവി.

## ആത്മീയനേതൃത്വത്തോടൊപ്പം ഭൗതികനേതൃത്വവും

എസ്.സി.എം. ന്റെ സെക്രട്ടറിയും, കെ.എസ്.യു.ന്റെ പ്രസിഡന്റും ഒരാൾ തന്നെ. പില്ക്കാലത്തെ ഇടയശുശ്രൂഷയിൽ ഈ രണ്ടു മണ്ഡലങ്ങളിലും പ്രവർത്തിക്കുവാനുള്ള താല്പര്യം ലഭിച്ചതങ്ങനെയാണ്.

അക്കാലത്ത് എ. കെ. ആന്റണി കെ.എസ്.യു. സ്റ്റേറ്റ് പ്രസിഡന്റും സി. കെ. ഗോവിന്ദൻ നായർ കെ.പി.സി.സി. പ്രസിഡന്റും ആയിരുന്നു. സംഘടനാപരമായ കാര്യങ്ങളിൽ അവരോടൊക്കെ ഇടപെടുവാൻ ഉള്ള സൗകര്യം കിട്ടി.

ഈ കാലഘട്ടത്തിൽ കോളജ് യൂണിയൻ തെരഞ്ഞെടുപ്പുണ്ടായി. വളരെ വാശിയേറിയ തെരഞ്ഞെടുപ്പാണ്. എസ്.എഫ്.ഐ., കെ.എസ്.യു. പിന്നെ മറ്റു പല ചെറിയ സംഘടനകളും രംഗത്തുണ്ട്.

കോളജ് യൂണിയൻ തെരഞ്ഞെടുപ്പിൽ ഇക്കണോമിക്സ് അസോസിയേഷൻ ഭാരവാഹിയായി ഞാനും തെരഞ്ഞെടുക്കപ്പെട്ടു. വളരെ വാശിയേറിയ തെരഞ്ഞെടുപ്പാണ്. എതിർസ്ഥാനാർത്ഥി കോളജിലെ നല്ല കഴിവുള്ള ഒരു വിദ്യാർത്ഥിയായ കെ. എൻ. ബാൽ ആണ്. പിന്നീട് പോലീസ് ഡിപ്പാർട്ട്മെന്റിൽ എസ്.പി. ആയി അദ്ദേഹം റിട്ടയർ ചെയ്തു. ഇന്നും ഞങ്ങൾ ഉറ്റസ്നേഹിതരാണ്. തെരഞ്ഞെടുപ്പിൽ ഞാൻ വിജയിയായി. അതൊരു വലിയ സംഭവമായിരുന്നു.

അന്നത്തെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ വളരെ പ്രതിപക്ഷ

ബഹുമാനത്തോടെയാണ് ഞങ്ങൾ വർത്തിച്ചത്. ജയിച്ചു കഴിഞ്ഞപ്പോൾ എതിർ സ്ഥാനാർത്ഥി ഒരു പൂമാല ഇട്ട് എന്നെ സ്വീകരിച്ചു. ഇന്നത്തെ സൈക്കിൾ ചെയിൻ രാഷ്ട്രീയമായിരുന്നില്ല അന്ന്.

## പ്രചരണത്തിൽ മാന്യത

മറുപക്ഷത്തുള്ളവരെ ആക്ഷേപിക്കുകയല്ലായിരുന്നു അന്നത്തെ പതിവ്. പ്രചരണാർത്ഥം പല സ്ഥലങ്ങളിൽ സ്ഥാനാർത്ഥികൾക്കു ഒരുമിച്ച് യാത്ര ചെയ്യേണ്ടതായി വന്നിട്ടുണ്ട്. സിഗരറ്റ് വലിക്കുന്നവരും, അല്പം മദ്യം കഴിക്കുന്ന ചുരുക്കം ചിലരും ഉണ്ടായിരുന്നു. ഇവരുടെ എല്ലാം കൂടെ ഇതൊന്നും തൊടാതെ പ്രചരണയാത്ര നടത്തിയ സമയം ഓർക്കുന്നു. ഒരിക്കൽ അടൂർ ബസ്സ്റ്റാൻഡിൽ ഞങ്ങൾ കാറിൽ വന്നിറങ്ങി. അല്പം വിശ്രമവും നാരങ്ങാവെള്ളം കുടിക്കുകയും ചെയ്യുകയായിരുന്നു ഉദ്ദേശ്യം. എല്ലാം കഴിഞ്ഞ് മറ്റുള്ളവരോടൊപ്പം അല്പം മുറുക്കാൻ ചവച്ച് അവിടെ നില്ക്കുമ്പോൾ ഇതാ എന്റെ പിതാവ് കോളജിൽ എന്നെ അന്വേഷിച്ച് ഫീസ് തുക കൂട്ടുകാരെ ഏല്പിച്ചതിനു ശേഷം ബസിൽ അവിടെ വന്നിറങ്ങി. നേരെ നോക്കിയത് എന്റെ മുഖത്തേയ്ക്കും. പെട്ടെന്ന് ഒന്നുമറിയാത്തവനെപ്പോലെ മുറുക്കാൻ കൂട്ടുകാരുടെ പുറകിൽ നിന്ന് തുപ്പിയതിനുശേഷം പിതാവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പുഞ്ചിരിയോടുകൂടി എന്റെ പിതാവ് എന്നെ പിടിച്ച് ചേർത്ത് നിർത്തി. "മോനെ, നടക്കുന്നതൊക്കെ കൊള്ളാം. പഠിത്തം ഉഴപ്പരുത്" എന്ന് വാത്സല്യത്തോടെ പറഞ്ഞു. എന്തു വലിയ ഒരു ശിക്ഷണമായിരുന്നു. ഈ രംഗങ്ങളിൽ പ്രവർത്തിക്കുവാൻ ദൈവം അവസരം നല്കിയത്. എന്റെ ലജ്ജാശീലം മാറ്റി എടുക്കുന്നതിനും നാലക്ഷരം സംസാരിക്കുന്നതിനും, മറ്റു മാന്യന്മാരുമായി പെരുമാറുന്നതിനും, ഏതു സാഹചര്യങ്ങളിലും സ്വഭാവം കാത്തു സൂക്ഷിക്കുന്നതിനും ഉള്ള ഒരു അവസരമായിട്ടായിരുന്നു എന്നു കരുതുന്നു.

മുമ്പ് പെൺകുട്ടികളുമായി സംസാരിക്കുവാൻ പോലും മടിച്ചിരുന്ന എനിക്ക് ധാരാളം പെൺകുട്ടികളുമായി അടുത്തിടപെടുവാൻ സൗകര്യം ലഭിച്ചു. തികച്ചും മാന്യമായും സഹോദരനിർവ്വിശേഷവും നിഷ്കളങ്ക സ്നേഹം പരസ്പരം പങ്കുവയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. എല്ലാ സ്നേഹവും പ്രേമമല്ല. ക്യാമ്പസുകളിൽ നിഷ്കളങ്ക സ്നേഹത്തിന് വളരെ പ്രസക്തിയുണ്ട്. അത് സാധിക്കുകയും ചെയ്യും. വളരെ നല്ല സ്വഭാവമുള്ള ധാരാളം കൂട്ടുകാരെ ലഭിച്ചു. കോളജിലെ പല നല്ല കാര്യങ്ങൾക്കും നേതൃത്വം നൽകുവാൻ സാധിച്ചു എന്നുള്ളത് സന്തോഷകരമായ അനുഭവം ആണ്. രണ്ടു വർഷത്തെ ഡിഗ്രി വിദ്യാഭ്യാസം തികച്ചും സന്തോഷകരമായിരുന്നു. ഭാവിയെ രൂപപ്പെടുത്തുന്നതിന് നിർണ്ണായക

മായ സ്വാധീനം ചെലുത്തുവാൻ ഈ കാലഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. വൈദികശുശ്രൂഷയിലേക്ക് ഒരുക്കുന്നതിനുള്ള ഒരു പരിശീലനക്കളരിയായിരുന്നു അത്.

പൊതുക്കാര്യങ്ങളിൽ എല്ലാം ഏർപ്പെട്ടു എങ്കിലും പഠിത്തത്തിൽ ഒട്ടും ഉഴപ്പു കാണിച്ചില്ല. തന്മൂലം നല്ല ഒരു വിജയം കൈവരിക്കുവാൻ സാധിച്ചു. പന്തളം എൻ.എസ്.എസ്. കോളജിൽ നിന്ന് ബി.എ. (ഇക്കണോമിക്സ്) ബിരുദം സമ്പാദിക്കുവാൻ ഇടയായി. ദൈവത്തിന്റെ ദാനമാണ് ഇത് എന്നുറച്ചു വിശ്വസിക്കുന്നു.

കോളജുരാഷ്ട്രീയത്തിൽ ഇടപെട്ടത് പിന്നീട് ശുശ്രൂഷയ്ക്ക് സഹായകരമായി. ബിഷപ്പാകുവാനുള്ള ഒരു പരിശീലനമായിരുന്നു അവിടെ ലഭിച്ചത്.

## ഇന്ദിരാഗാന്ധി

അക്കാലത്ത് എ.ഐ.സി.സി. പ്രസിഡന്റായിരുന്ന ഇന്ദിരാഗാന്ധി കേരളത്തിൽ വന്നു. അവരെ കോളജിൽ കൊണ്ടുവരുന്നതിനും ഒരു പരിപാടിയിൽ സംബന്ധിപ്പിക്കുന്നതിനും സാധിച്ചു.

അതുപോലെ ഒരു വലിയ സമ്മേളനം കോളജ് ക്യാമ്പസിന് പുറത്തു നടന്നത് ഓർക്കുന്നു. സി.കെ. ഗോവിന്ദൻ നായർ കെ.പി.സി.സി. അദ്ധ്യക്ഷനായിരുന്നു. ഒരു പരിപാടിയിൽ സംബന്ധിച്ചു 5 മണിക്ക് വച്ചിരുന്ന ആ പരിപാടിയിൽ 7.45 ആയപ്പോഴാണ് അദ്ദേഹം വന്നെത്തിയത്. അപ്പോഴേക്കും വിദ്യാർത്ഥികൾ എല്ലാവരും മറ്റു കേൾവിക്കാരും സ്ഥലം വിട്ടു. സംഘാടകരായ ഞങ്ങൾ ഏതാനും പേർ മാത്രം. എന്നാൽ കേൾവിക്കാർ ആരുമില്ലാതെയിരുന്ന ആ മീറ്റിംഗിൽ അദ്ദേഹം മുക്കാൽ മണിക്കൂർ പ്രസംഗിച്ചു. സമീപത്തുള്ള ഹോസ്റ്റലിലുള്ളവരും മറ്റു പ്രദേശവാസികളും കേൾക്കുമല്ലോ എന്നാണദ്ദേഹം പറഞ്ഞത്. എ. കെ. ആന്റണി അന്ന് കെ.എസ്.യു. പ്രസിഡന്റായിരുന്നു.

## വൈദിക ശുശ്രൂഷാരംഗത്ത്

ബി.എ. ഡിഗ്രി സമ്പാദനത്തിനുശേഷം എന്തുതെരഞ്ഞെടുക്കണമെന്ന് ചിന്തിക്കേണ്ടിവന്നില്ല. കാരണം വൈദിക ശുശ്രൂഷയാണ് ജീവിതലക്ഷ്യം എന്ന് നേരത്തെ മനസ്സിലാക്കിയിരുന്നു.

## ബിഷപ്പ് ജോൺ തിരുമേനി

എന്റെ പിതാവിനെ നന്നായിട്ട് അറിയുമായിരുന്ന ജോൺ തിരുമേനിയെ പിതാവും ഞാനും ഒരുമിച്ച് ചെന്നു കാണുകയുണ്ടായി. ബിഷപ്സ്

ഹൗസിന്റെ വരാന്തയിൽ ചാരുകസേരയിൽ ശാന്തനായിരിക്കുന്ന തിരുമേനിയുടെ മുമ്പിൽ ചെന്നു. ഇരിക്കുവാൻ പറഞ്ഞു. എന്റെ പിതാവ് ഒരു കസേരയിലും ഞാൻ ബഞ്ചിലും ഇരുന്നു. കുശലപ്രശ്നങ്ങൾക്കുശേഷം അദ്ദേഹം എന്നോട് പൊടുന്നനെ ഒരു ചോദ്യം ചോദിച്ചു: "നീ മാനസാന്തരപ്പെട്ടതാണോ?" ഞാൻ ഒന്നു പരുങ്ങി. എന്നാലും "ആണ്" എന്നു മറുപടി പറഞ്ഞു. എന്നാണത് എന്ന് വീണ്ടും ചോദിച്ചു. അല്പം കുഴങ്ങിയ ഞാൻ പറഞ്ഞു. "അതെനിക്കറിയില്ല, ചെറുപ്പം മുതലെ നല്ല പരിശീലനത്തിൽ വളർന്നു. യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ ജീവിച്ചു. മാനസാന്തരപ്പെട്ടതാണെന്നാണ് വിശ്വാസം." തിരുമേനിക്ക് ഉത്തരം നന്നേ ഇഷ്ടപ്പെട്ടു. തിരുമേനി പറഞ്ഞു, എന്റെ അനുഭവവും അതു തന്നെയാണ്. കൃത്യമായ സമയം പറയാനാവില്ല എന്നദ്ദേഹം കൂട്ടിച്ചേർത്തു.

വീണ്ടും അദ്ദേഹം പറഞ്ഞു രണ്ട് സ്ഥലങ്ങളിൽ പ്രവർത്തകരെ ആവശ്യമുണ്ട്. ഒന്ന് യുവജനസഖ്യത്തിന്റെ സെക്രട്ടറിയായി ഒരാളെ വേണം. കോട്ടയത്തു താമസിച്ച് പ്രവർത്തിക്കണം.

രണ്ട് പീരുമേട്ടിൽ തോട്ടപ്രദേശങ്ങളിൽ പ്രവർത്തിക്കുവാൻ ഒരുപദേശിയെ വേണം. മഴയും തണുപ്പുമുള്ള സ്ഥലമാണ്. തോട്ടങ്ങളിൽ ഒരുതരം അട്ടയുണ്ട്. തമിഴ് ലായങ്ങളാണ് അധികവും. ഇതിൽ ഏതാണ് നീ തെരഞ്ഞെടുക്കുന്നത്. അല്പം ആലോചിച്ച ശേഷം ഞാൻ പറഞ്ഞു. "ഞാൻ പീരുമേട്ടിൽ പൊയ്ക്കോളാം." എന്ന്.

തിരുമേനി: "കൊള്ളാം. ഞാൻ നിന്നെ ഒന്ന് പരീക്ഷിക്കുകയായിരുന്നു." ഉടനെ വിവരം അറിയിക്കാം എന്നു പറഞ്ഞ് ഞങ്ങളെ പ്രാർത്ഥിച്ച് യാത്രയാക്കി.

ചില ദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും പീരുമേട് അഴുതയിൽ ഇവാഞ്ചലിസ്റ്റ് ആയി നിയമനം ലഭിച്ചു.

## ശുശ്രൂഷാരംഗത്ത്

ഭവനത്തിൽ നിന്ന് ലഭിച്ച പരിശീലനമല്ലാതെ മറ്റൊന്നും ലഭിച്ചിരുന്നില്ല. നല്ല ഒരു പള്ളി ആരാധനയിൽ സംബന്ധിക്കുന്നതിനു പോലും സാധിച്ചിരുന്നില്ല. സണ്ടേ സ്കൂൾ പരിശീലനം പ്രിയപിതാവിന്റെ കീഴിലായിരുന്നു. ഗായകസംഘമോ യുവജനപ്രസ്ഥാനമോ ഒന്നും ഉണ്ടായിരുന്നില്ല. പാട്ട് പഠിച്ചതും പിതാവിൽ നിന്ന്. ഒരു യുവജന സഖ്യശാഖ ഉണ്ടാകണമെന്നാഗ്രഹിച്ച് അന്നത്തെ സെക്രട്ടറിയായിരുന്ന റവ. പോത്താ ഫിലിപ്പ് അച്ചനുമായി എഴുത്തുകുത്തുകൾ നടത്തി. ശാഖ ആരംഭിച്ചു.

സ്വന്തം സഭയിൽ നിന്ന് അത്ര വളരെ പ്രോത്സാഹനമൊന്നും ലഭിച്ചില്ല എന്നത് സത്യം. എങ്കിലും ദൈവത്തിന്റെ പ്ലാൻ നിറവേറ്റുവാൻ

ഇതൊന്നും തടസ്സമായിരുന്നില്ല. സ്വന്ത അദ്ധ്വാനം കൊണ്ട് ജീവിക്കുകയും സ്വമേധയാ സുവിശേഷപ്രവർത്തനം നിർവ്വഹിക്കുകയും ചെയ്തു. പിതാവിനോടൊപ്പം റാന്തൽ വിളക്കുമായി ഈ സുവിശേഷയോഗങ്ങളിൽ ഒക്കെ പോയി സംബന്ധിച്ചിരുന്നത് ഒരു നല്ല പരിശീലനമായിരുന്നു. മറ്റുള്ളവരോട് എങ്ങനെ ഇടപെടണമെന്നും എല്ലാം ഈ അവസരങ്ങളിൽ മനസ്സിലാക്കി.

## പീരുമേട്ടിൽ - ഇവാൻജലിസ്റ്റ്

ഒരു പരിശീലനവും ലഭിക്കാൻ അവസരം കിട്ടാത്ത എന്നെ പീരുമേട്ടിൽ ഉപദേശിയായി നിയമിച്ചു. യാത്രാ സൗകര്യം വളരെ കുറവായിരുന്ന കാലത്ത് ഒരു ബസിൽ പെട്ടിയുമായി കോട്ടയത്ത് വന്നു. അന്ന് കുന്നിട ഉപദേശിയായിരുന്ന പി. റ്റി. കുരുവിളയുമായി കോട്ടയത്തു വന്ന് അദ്ദേഹത്തിന്റെ സഹോദരൻ ഫയർഫോഴ്സിൽ ജോലിയിലായിരുന്ന ആളിന്റെ ക്യാമ്പിൽ അന്നു രാത്രി താമസിച്ചു. രാവിലെ പീരുമേടിനുള്ള ബസിൽ കയറി യാത്ര പുറപ്പെട്ടു. പഴയ ആ ബസ് ദീർഘസമയം യാത്രചെയ്ത് പള്ളിക്കുന്നിൽ എത്തി. അന്ന് പള്ളിക്കുന്നിൽ ഇടവകപ്പട്ടക്കാരൻ റവ. ജോൺ ഫിലിപ്പോസ് അച്ചനായിരുന്നു. മിതഭാഷിയും ബുദ്ധിമാനുമായ അച്ചന്റെ കൂടെയാണ് ജോലി. അദ്ദേഹം കപ്യാരെ കൂട്ടി എന്നെ അഴുതയ്ക്കയച്ചു. മററത്തിൽ എം. സി. ജോൺ അന്ന് അവിടെ കച്ചവടം നടത്തുകയായിരുന്നു. അദ്ദേഹം എനിക്ക് പി.ഡബ്ല്യു.ഡി. വർക്ക് സൂപ്പർവൈസറായ കെ. സി. വർക്കിയുടെ ക്വാർട്ടേഴ്സിൽ അദ്ദേഹത്തോടൊപ്പം താമസം ക്രമീകരിച്ചു. അവിടുത്തെ താമസം തികച്ചും സന്തോഷകരമായിരുന്നു. ധാരാളം കൂട്ടായ്മായോഗങ്ങളും മറ്റും പ്രയോജനകരമായിരുന്നു.

അഴുത താലൂക്ക് തലസ്ഥാനം ആയതുകൊണ്ട് ധാരാളം ഗവൺമെന്റ് ഉദ്യോഗസ്ഥരും ഡോക്ടേഴ്സും എല്ലാം ഉണ്ടായിരുന്നതിനാൽ അവരുമായി ഒരു നല്ല ബന്ധം പുലർത്തുവാൻ സാധിച്ചു. ഹോട്ടൽ ആഹാരം, തണുപ്പും മഴയും ശൈത്യവും എല്ലാമായി പൊരുത്തപ്പെടുവാൻ സാധിച്ചു. നല്ല ഒരു പരിശീലനക്കളരി ആയിരുന്നു അത്.

## പീരുമേട്ടിലെ താമസം

മാർത്തോമ്മാ പള്ളി ഉണ്ടായിരുന്നു. താമസിക്കുവാൻ ഒരു സൗകര്യവുമില്ല. പി.ഡബ്ല്യു.ഡി. വർക്ക് സൂപ്രണ്ടന്റ് കെ.സി. വർക്കി ബാച്ചിലർ ആയിരുന്നു. ഒരു ക്വാർട്ടേഴ്സിൽ താമസിക്കുകയായിരുന്നു. വർക്കിസാർ മാനസാന്തരപ്പെട്ട അവസരമായിരുന്നു. എന്റെ മുൻഗാമി റവ. കെ.എസ്. ജോർജ് അവിടെ താമസിച്ചു. എനിക്കും അവിടെ ഫ്രീ ആയി താമസിക്കുവാൻ സൗകര്യം ലഭിച്ചു. വർക്കി സാറിനോടൊപ്പം

(ഉണ്ണിക്കുഞ്ഞ്) ഉള്ള താമസം രസകരവും സന്തോഷകരവും സൗകര്യപ്രദവുമായിരുന്നു. താഴെ ഒരു ഹോട്ടലിൽ ഭക്ഷണവും ലഭിച്ചു. ധാരാളം നല്ല കൂട്ടുകാരെയും ലഭിച്ചു. അവിടെ സ്കൗട്ട് കമ്മീഷണറായിരുന്ന ഒരു മേനോൻ സാറും കുടുംബവും ഉറ്റുസുഹൃത്തുക്കളായിരുന്നു. പിന്നെ സർക്കിൾ ഇൻസ്പെക്ടർ കെ. വി. ഉമ്മൻ, ഡോ. കെ. എ. ചാക്കോ തുടങ്ങി നിരവധി പേരുമായി സ്നേഹം വച്ചു പുലർത്തുവാൻ സാധിച്ചു.

നല്ല ഒരു എക്സ്പീരിയൻസും എക്സ്പോഷറും ആയിരുന്നു അവിടെ ലഭിച്ചത്. വേദപുസ്തകം പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരു ചെറുപ്പക്കാരനായിരുന്നു വർക്കി സാർ. എനിക്ക് അത് പ്രയോജനകരമായിരുന്നു.

അഴുത, മേലഴുത, ലാട്രം എസ്റ്റേറ്റ്, പാമ്പനാർ തുടങ്ങിയ സ്ഥലങ്ങളിൽ ആരാധനയും കൂട്ടായ്മകളും എല്ലാം നടത്തി പരിശീലനം നേടുവാൻ സാധിച്ചു. ഒരു വർഷം സന്തോഷകരമായി കഴിഞ്ഞുകൂടി. അന്ന് പ്രതിമാസം ലഭിച്ചിരുന്ന ശമ്പളം 34 രൂപയായിരുന്നു. എല്ലാ മാസവും പ്രവർത്തകർ പള്ളിക്കുന്നിൽ ഒരുമിച്ചുകൂടും. അവിടെ വച്ച് ശമ്പളവും ലഭിക്കും. വളരെ സന്തോഷകരമായ കൂട്ടായ്മയായിരുന്നു അത്. അക്കാലത്ത് മറക്കാനാവാത്ത കൂട്ടായ്മനല്കിയ ഒരു കുടുംബമാണ് പി. ഇ. ശമുവേൽ ഉപദേശിയും കുടുംബവും (പിന്നീട് അച്ചൻ) മൂത്ത സഹോദരനും സഹോദരിയും എന്ന നിലയിലാണ് അവർ പെരുമാറിയിരുന്നത്.

അഴുത ഐക്യ ആരാധന – അഴുതയിൽ ഒരു ചെറിയ ചാപ്പൽ മാർത്തോമ്മാക്കാർക്കുണ്ടായിരുന്നു. എല്ലാ ഞായറാഴ്ചയും അവിടെ ഐക്യ ആരാധനയും മാസത്തിൽ ഒരു മാർത്തോമ്മാ ഒരു സി.എസ്.ഐ. കുർബ്ബാനയുമാണ് നടത്തിയിരുന്നത്.

പി.ഡബ്ല്യു.ഡി. ഓഫീസിൽ ഹെഡ് ക്ലാർക്ക് ആയിരുന്ന കെ.കെ. വർഗീസ് സാറ് മാർത്തോമ്മാ തക്സായും ഉപദേശി സി.എസ്.ഐ. ആരാധനയും പ്രസംഗവും നടത്തും. അങ്ങനെ പ്രാക്ടിക്കൽ എക്യൂമെനിസം ഇവിടെ അനുഭവിച്ചറിയുവാൻ സാധിച്ചു. ഇവിടെ ധാരാളം സ്നേഹിതരെയും, നല്ല പരിശീലനവും ലഭിച്ചു എന്നുള്ളത് നന്ദിയോടെ ഓർക്കുന്നു.

## ഇന്റർവ്യൂ

ദൈവശാസ്ത്രപഠനത്തിനായുള്ള ഇന്റർവ്യൂ കോട്ടയത്തുവച്ചു നടന്നു. ജോൺ തിരുമേനി, എം. വി. ജോർജ്ജച്ചൻ തുടങ്ങിയവരോടൊപ്പം മിസ് ഡാൾട്ടൻ മദാമ്മയും ഉണ്ടായിരുന്നു. എനിക്ക് ഒരു അമ്മയെപ്പോലെയായിരുന്നു. അവർ ഇന്റർവ്യൂ കഴിഞ്ഞ് പീരുമേടിന് പോയി. ഉടനെ തന്നെ ജോൺ തിരുമേനി സെറാമ്പൂർ കോളജിൽ ചേരുന്നതിനുള്ള അപ്ലിക്കേഷൻ ഫോം തന്നു. അത് പൂരിപ്പിച്ചയച്ചു.

താമസിയാതെ തന്നെ എൻട്രൻസ് എക്സാമിനേഷൻ ബിഷപ്പ്സ് ഹൗസിൽ റവ. കെ. ഒ. ഫിലിപ്പ് അച്ചന്റെ സൂപ്പർവിഷനിൽ എഴുതി. അധികം താമസിയാതെ അഡ്മിഷൻ ലഭിച്ചു.

## ആദ്യത്തെ ട്രെയിൻ യാത്ര

സെറമ്പൂരിന് പോകണം. എറണാകുളത്തിനിന്നാണ് ട്രെയിൻ. എറണാകുളത്ത് വരെ പ്രിയ പിതാവ് വന്നു. ഒരു ട്രെയിനിൽ കയറി വെല്ലൂരിൽ കുഞ്ഞൂഞ്ഞമ്മയുടെ അടുത്ത് എത്തി. സ്റ്റേഷനിൽ ക്ലോക്ക് റൂമിൽ സാധനങ്ങൾവച്ച് ഇ. സി. ജോൺ അച്ചന്റെ സഹോദരൻ തമ്പിയുടെ കൂടെ താമസിച്ചു. അവിടെനിന്ന് 2 ദിവസം കഴിഞ്ഞ് ട്രെയിനിൽ മദ്രാസിൽ. അവിടെ എങ്ങും ഒരു പരിചയവും ഇല്ലാതിരുന്ന ഞാൻ വളരെ വിഷമിച്ചു. ജനതാ ട്രെയിനിൽ സീറ്റു പിടിച്ചു തരാമെന്നു പറഞ്ഞു പോർട്ടറന്മാർ കളിപ്പിച്ചു. ഏതായാലും കയറിപ്പറ്റി. സ്വന്തം ലഗേജും പണ്ഡാലമാർ (മിലിറ്ററിയിൽ വലിയ ഉദ്യോഗസ്ഥർ)ക്കുള്ള ലഗേജും. വണ്ടി നിറയെ റഫ്യൂജികളും. ഇരിക്കാൻ സീറ്റില്ല. ബഡ്ഹോൾഡർ ചാരിവച്ച് അതിൽ ചാരിയുള്ള നിൽപ്. ടോയ്‌ലറ്റിൽ പോലും ആളുകൾ. കരിഗ്യാസു കൊണ്ടോടുന്ന വണ്ടി. ദേഹമാസകലം കരിയും പൊടിയും 4 ദിവസത്തെ യാത്ര. ഒരു ദിവസം ഫ്ളാറ്റ്ഫോമിലുള്ള ടോയ്‌ലറ്റിൽ പോയി വരുമ്പോഴേക്കും വണ്ടിവിട്ടു. ഓടി ജനലിൽ കൂടി അകത്തു കയറി. ഏതായാലും രാത്രി 12.30-ന് ഹൗറാ സ്റ്റേഷനിൽ. 5 മണിക്കെത്തേണ്ട ട്രെയിൻ 12.30-ന്. കാത്തുനിന്ന കുഞ്ഞൂഞ്ഞച്ചൻ മടങ്ങിപ്പോയി. അന്ന് ഫോൺ സൗകര്യം ഒന്നുമില്ല. ഭയങ്കരമായ മഴയും ഏതായാലും ഒരു ടാക്സി പിടിച്ചു. അപകടകാരിയല്ലാ എന്ന് ചോദിച്ചു മനസിലാക്കി. ബാരക്പൂരിൽ എത്തി. റോഡിൽ ഇറങ്ങി വീട് അന്വേഷിക്കുമ്പോൾ റെയ്മണ്ട് ടവറിൽ മൂന്നാം നിലയിൽ നിന്ന് കുഞ്ഞൂഞ്ഞച്ചന്റെ കൂട്ടുകാർ കണ്ടു. അവരോടൊപ്പം മൂന്നു ദിവസം താമസിച്ചു.

ലോഡ്ജിൽ ഒരു ടോയ്‌ലറ്റ് മാത്രം. 5 പേർ താമസിക്കുന്നു. മലമൂത്രം ശേഖരിക്കുന്ന ബക്കറ്റ് വച്ചിരിക്കും. എല്ലാ ദിവസവും തോട്ടി വന്ന് അത് കഴുകി വൃത്തിയാക്കും. പുതിയ ബക്കറ്റ് സ്ഥാപിക്കും. അടുത്തുള്ള മലയാളി ഹോട്ടലിൽ നിന്ന് ഭക്ഷണം.

എനിക്ക് അത്യാവശ്യമുള്ള സാധനങ്ങൾ കുഞ്ഞൂഞ്ഞച്ചൻ തന്റെ പരിമിതമായ വരുമാനത്തിൽ നിന്നു വാങ്ങിത്തന്നു. എന്നെ സെറാമ്പൂരിൽ കൊണ്ടുചെന്നാക്കി.

വെല്ലൂർ സ്വദേശിയായ റൂസഫ് ജയകരൻ എന്ന വിദ്യാർത്ഥിയോടൊപ്പം ഒരു മുറിയിൽ താമസിച്ചു. വിവിധ രാജ്യങ്ങളിൽ പെട്ട ഇൻഡ്യ

യ്ക്കകത്തും പുറത്തുമുള്ള അനേകം സ്നേഹിതരെ സമ്പാദിക്കുവാൻ കഴിഞ്ഞു. ഫിലിപ്പിൻസുകാരനായ ഡൊമിങ്ങോ ജെ. ഡിയൽ, മിസോറാംകാരൻ ലാൽബിയാക് ലുവുംങ്ങാ, നാഗാലാൻഡുകാരൻ അംക്മാൻ കെ. കപ്പുഡാംഗ്, ഒറിയാക്കാരനായ എച്ച്.സി. നന്ദാ, ഡി.കെ. മഹന്തി അമേരിക്കക്കാരനായ ബനഡിക്ട് തുടങ്ങി ഒട്ടനേകം സ്നേഹിതരുണ്ടായി. ഒരു വർഷം കഴിഞ്ഞപ്പോൾ സ്വന്തം മുറികളായി.

## സെറാംപൂർ കോളജ്

സുപ്രസിദ്ധ മിഷനറിയായ ഡോ. വില്യം കേറിയാൽ സ്ഥാപിതമായ സെറാമ്പൂർ കോളജ് കേവലം തിയോളജിക്കൽ കോളജു മാത്രമായിരുന്നില്ല. ഏഷ്യയിലെ ഏക തിയോളജിക്കൽ യൂണിവേഴ്സിറ്റിയാണിത്. അവിടെ പഠിക്കാൻ അവസരം കിട്ടിയത് ഒരു ഭാഗ്യമായി കരുതുന്നു. ഹൂഗ്ലി നദീതീരത്ത് തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന പുരാതനമായ ഈ കോളജ് സെക്കുലർ വിദ്യാഭ്യാസം കൂടി നല്കുന്ന ഒരു സ്ഥാപനമാണ്.

ഭാരതത്തിൽ സുവിശേഷത്തിന്റെ ദീപശിഖയുമായെത്തിയ വില്യം കേറി, ജോഷ്വാ മാഷ്മാൻ, വില്യം വാർഡ് എന്നീ മിഷനറിമാരുടെ പരിലാളനയിൽ വളർന്നുവന്ന ഈ കോളജ് ലോകപ്രസിദ്ധമാണ് വില്യം കേറിയുടെ ജീവിതവും പ്രവർത്തനങ്ങളും. അദ്ദേഹത്തിന്റെ കുഴിമാടത്തിൽ എഴുതിവച്ചിരിക്കുന്ന സൂക്തം (അദ്ദേഹത്തിന്റെ അന്ത്യമൊഴിയാണ്) വ്യക്തമാക്കുന്നു.

“Poor wreched worm falling into Thy Arms” തന്റെ മരണക്കിടക്കയിൽ സ്നേഹിതരോട് പറഞ്ഞ വാക്കുകൾ “Don't speak about Carey, but speak about the Lord whom Carey served.”

സെറാമ്പൂരിലെ മൂന്നു വർഷത്തെ പഠനം എന്നെ ഞാനാക്കി. Self discipline, Punctuality and private devotion ഇക്കാര്യങ്ങളിൽ നല്ല പരിചയം ലഭിച്ചു. വിദ്യാർത്ഥിയായി ഞാനൊരു സമർത്ഥനല്ലായിരുന്നു. വളരെ പ്രയാസപ്പെട്ടാണ് പഠിച്ചത്. കൃത്യം 11 മണിക്കുറങ്ങുകയും 4 മണിക്ക് എഴുന്നേൽക്കുകയും ചെയ്യുന്ന പതിവ് അവിടെ പഠിച്ചതാണ്. അക്കാലത്ത് ഒരുമിച്ചുണ്ടായിരുന്നവരിൽ 8 പേർ പില്ക്കാലത്ത് സഭാമേലദ്ധ്യക്ഷന്മാരായി എന്നുള്ളത് ഒരു വലിയ പ്രത്യേകതയാണ്.

Bishop Paulose Mar Paulose of the Chaldeon Church (C.A. Paul Deacon), Philipose Mar Eusabius of the Orthodox Church, Bishop Sam Mathew of the C.S.I. Madhya Kerala Diocese, Bishop E. C. Antony of the CNI Rajasthan, Bishop D. K. Mohanty - CNI later Moderator, Bishop Mahimai Rufus Velloor (passed away), Bishop Jaipal David CSI Tirunaveli - Now

president of NCCI, Thomas Mar Athanasius, Chengannoor (Orthodox Church).

ഇത് ഒരു അസാധാരണ സംഭവമാണ്.

## വില്യം കേറി

ഭാരതത്തിൽ സുവിശേഷത്തിന്റെ ദീപശിഖ ഉയർത്തിയ മഹാനായ ത്യാഗിവര്യനായിരുന്നു വില്യം കേറി. "Expect Great things from God and attempt great things for God." ഇതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. ലോകപ്രസിദ്ധമായ സെറാമ്പൂർ കോളജിന്റെ സ്ഥാപകൻ ഇദ്ദേഹമാണ്. ഇന്ന് ഭാരതത്തിലെ ഏക ക്രൈസ്തവ യൂണിവേഴ്സിറ്റിയായി അത് നില കൊള്ളുന്നു. വേദശാസ്ത്ര ഡിഗ്രികൾ നല്കുവാൻ അധികാരമുള്ള ഏക യൂണിവേഴ്സിറ്റിയാണ് സെറാമ്പൂർ കോളജ്. അദ്ദേഹത്തിന്റെ ജീവിതം എന്നും ഒരു പ്രചോദനമാണ്. ത്യാഗനിധിയും, കഠിനാദ്ധ്വാനിയും, തികഞ്ഞ പണ്ഡിതനും, ഭാഷാപണ്ഡിതനും, എല്ലാറ്റിലുമുപരിയായി ദൈവഭക്തനുമായിരുന്ന അദ്ദേഹമാണ് ഭാരതത്തിലെ സുവിശേഷ പ്രവർത്തനങ്ങളുടെ പിതാവ്. William Cary, Joshwa Mashman and William Ward, Serompore Trio എന്ന് ഇവർ അറിയപ്പെടുന്നു.

32 ഇൻഡ്യൻ ഭാഷയിൽ വേദപുസ്തകം തർജ്ജിമ ചെയ്ത് അത്ഭുതം സൃഷ്ടിച്ച ആളാണദ്ദേഹം. കേവലം ചെരുപ്പുകുത്തിയായി ജീവിതം ആരംഭിച്ചു. മിഷനറി താല്പര്യം കൊണ്ടും, ദൈവാശ്രയം കൊണ്ടും മാത്രമാണ് ഇത്ര വലിയ കാര്യം സാധിച്ചത്. ദൈവത്തിൽ നിന്നു വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യുക എന്നത് കേറിയുടെ ജീവിതമായിരുന്നു.

മിഷനറി പ്രവർത്തനങ്ങളെക്കുറിച്ച് ഒരു വലിയ ഉൾക്കാഴ്ച ലഭിക്കുവാൻ ഇടയായി എന്നു മാത്രമല്ല ലോകത്തിലെ വിവിധ രാജ്യങ്ങളിൽ പെട്ട വിദ്യാർത്ഥികളുമായി ഇടപഴകുവാനും അവസരം ലഭിച്ചു. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, ബർമ്മാ, സിലോൺ, ഫിലിപ്പിൻസ്, അമേരിക്ക തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. വലിയ ഒരു കൂട്ടായ്മ അവിടെ ലഭിച്ചു. ഒരിക്കൽ അദ്ദേഹം (കേറി) ഉണ്ടാക്കിയ പ്രസ് അഗ്നിക്കിരയായി. എല്ലാം നശിച്ചു. വീണ്ടും ബൈബിൾ ഇത്രയും ഭാഷകളിൽ തർജ്ജിമ ചെയ്തു അച്ചടിച്ചു നൽകി.

വില്യം കേറിയുടെ ജീവിതം ഒരു വലിയ പ്രചോദനം ആയിരുന്നു.

## സ്വാധീനിച്ച അദ്ധ്യാപകൻ

അക്കാലത്ത് കോളജിന്റെ പ്രിൻസിപ്പൽ ഡോ. വില്യം സ്റ്റുവർട്ട് ആയി

രുന്നു. തികഞ്ഞ ദൈവശാസ്ത്രപണ്ഡിതനായിരുന്ന അദ്ദേഹത്തിന്റെ ക്ലാസുകൾ മറക്കാനാവാത്തതാണ്. നല്ല ഒരു വാഗ്മിയായിരുന്നു അദ്ദേഹം. പിൽക്കാലത്ത് മാരാമൺ കൺവൻഷനിൽ അദ്ദേഹം പ്രസംഗിച്ചിട്ടുണ്ട്. വലിയ ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു അദ്ദേഹം. അടുക്കും ചിട്ട യുമുള്ള അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും എന്നും മാതൃ കയാണ്.

അതിരാവിലെയുള്ള മോണിംഗ് വർഷിപ്പിനു ഏതു വിന്റർ സമയത്താ യാലും അദ്ദേഹമായിരിക്കും അവിടെ എത്തുന്ന ആദ്യത്തെ വ്യക്തി. 12.15 നുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിലും അദ്ദേഹം ഒരിക്കലും മുടങ്ങാറില്ല. എത്ര ജോലിത്തിരക്കുണ്ടായാലും കൃത്യനിഷ്ഠയുടെ പര്യായമായിരുന്നു അദ്ദേഹം.

ഒരിക്കൽ ആർട്സ് ആൻഡ് സയൻസ് വിദ്യാർത്ഥികൾ അദ്ദേഹത്തെ ഓഫീസിൽ തടഞ്ഞുവച്ചു. രണ്ടു ദിവസം അതിൽ കഴിയേണ്ടിവന്നു. അടുത്ത ദിവസം വരുമ്പോൾ ഞങ്ങളുടെ അസൈൻമെന്റ് കൊണ്ടുവരി കയില്ല എന്നു ചിന്തിച്ചിരിക്കയായിരുന്നു. എന്നാൽ മുറിക്കുള്ളിൽ ഏക നായി ഇരിക്കുമ്പോൾ അദ്ദേഹം ഞങ്ങളുടെ ബുക്കുകൾ മുഴുവൻ നോക്കി. അത്രമാത്രം കൃത്യനിഷ്ഠയും ഡിസിപ്ലിനും അദ്ദേഹത്തിനുണ്ടായിരുന്നു. അത് എന്നും എനിക്കൊരു മാതൃകയാണ്. സമയം പാലിക്കുന്നതിൽ ഒരി ക്കലും ഉപേക്ഷ കാണിച്ചിട്ടില്ല.

പ്രൊഫ. ഇ.എൽ. വെൻഗർ, ഡി.എഫ്. ഹഡ്സൺ തുടങ്ങിയ പാശ്ചാ ത്യരും, പ്രൊഫ. ഡി.എ. ക്രിസ്തുദാസ്, ഡി.എ. ഗ്രിഗറി, ഡോ. വി.സി. സാമുവേൽ, ഡോ. കെ.വി. മാത്യു തുടങ്ങിയ ഭാരതീയ പട്ടക്കാരും ഞങ്ങ ളുടെ അദ്ധ്യാപകരായിരുന്നു. ബുദ്ധിരാക്ഷസനായിരുന്ന പ്രൊഫ. മാത്യു പി. ജോൺ ഞങ്ങളെ പഠിപ്പിച്ചത് ഓർക്കുന്നു. ഡോ. സി. ദേവസഹായം ആയിരുന്നു രജിസ്ട്രാർ. ചാപ്പലിലെ പ്രഭാത ആരാധനയിലും ഉച്ചയ്ക്കുള്ള ഇന്റർസെഷനിലും മുടങ്ങാതെ സംബന്ധിക്കുവാൻ നിഷ്കർഷിച്ചിരുന്നു. വൈകുന്നേരങ്ങളിൽ നടക്കുവാൻ പോയശേഷം മനോഹരമായ ചാപ്പ ലിൽ കയറി കുറെ സമയം ഏകനായി പ്രാർത്ഥനയിൽ സമയം ചെലവി ട്ടത് മറക്കാനാവാത്ത അനുഭവമാണ്. അക്കാലങ്ങളിൽ ചാപ്പൽ ഇതു പോലെ ഉപയോഗിച്ച മറ്റൊരു വ്യക്തിയായിരുന്നു, ഞാൻ ജ്യേഷ്ഠനെ പ്പോലെ കരുതുന്ന പ്രിയപ്പെട്ട ഡോ. എം. ജെ. ജോസഫ് അച്ചൻ.

സെറാമ്പൂരിലെ മൂന്നു വർഷങ്ങൾ നിരവധി അനുഭവങ്ങൾ നല്കി ത്തന്നു. പില്ക്കാലത്തെ ശുശ്രൂഷയിൽ അത് സഹായകമായി. പൊതുവെ അക്കാലങ്ങളിൽ ഞാൻ ഒരു ഗൗരവക്കാരനായിരുന്നു. എങ്കിലും പക്വ തയും പാകതയും ലഭിപ്പാൻ, സ്വയം ശിക്ഷണം പരിശീലിക്കുവാൻ എല്ലാം

ഉള്ള അവസരങ്ങൾ അവിടെ ലഭിച്ചു. സെറാമ്പൂരിൽ നിന്നു യാത്ര പറയുന്ന ശുശ്രൂഷയിൽ മൂന്നു വർഷങ്ങളിലെ നിരീഷണത്തിൽ നിന്ന് ഓരോരുത്തർക്കും ഉതകുന്ന വിധത്തിൽ ഉള്ള ഒരു വാക്യം ഡോ. വില്യം സ്റ്റുവർട്ട് റ്റൈപ്പ് ചെയ്തു തരുമായിരുന്നു. ആ ആളിനെക്കുറിച്ചുള്ള വിലയിരുത്തൽ മുഴുവൻ ആ വാക്യത്തിൽ പ്രതിഫലിക്കുമായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം തികച്ചും അത് അർത്ഥവത്തായിരുന്നു.

യിരമ്യാവ് 1:7 ആയിരുന്നു എനിക്ക് ലഭിച്ച വാക്യം. "ഞാൻ ബാലനെന്ന് നീ പറയരുത്. ഞാൻ നിന്നെ അയയ്ക്കുന്ന ഏവരുടേയും അടുക്കൽ നീ പോകയും, ഞാൻ നിന്നോട് കല്പിക്കുന്നതൊക്കെയും സംസാരിക്കയും വേണം. നീ അവരെ ഭയപ്പെടരുത്. നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോടുകൂടി ഉണ്ട്."

## പട്ടത്വശുശ്രൂഷ സഭയിൽ – പട്ടത്വശുശ്രൂഷയിലേക്ക്

1965 June 5 Saturday at Alleppy Christ Church.

സെറാമ്പൂരിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ ബിഷപ്പ് ജോൺ തിരുമേനി എന്നെ തിരുവഞ്ചൂർ ഇടവകയിലേക്ക് നിയമിച്ച് ഓർഡർ അയച്ചു. ചില ആഴ്ചകൾക്കുശേഷം മേലുകാവിൽ വാളകത്തേക്ക് നിയമിച്ചതായി അറിയിച്ചു. പിന്നീട് അതും മാറ്റി. പിന്നീട് തിരുമേനിയെ തോലശ്ശേരിയിൽ റവ. എം.വി. ജോർജ്ജച്ചന്റെ വസതിയിൽ വച്ചു കാണണമെന്നറിയിച്ചു. ഞാൻ അവിടെ ചെന്നു തിരുമേനിയെയും പാസ്റ്ററൽ ബോർഡ് സെക്രട്ടറിയായ എം. വി. ജോർജ്ജ് അച്ചനെയും കണ്ടു. 1965–66. കീഴ്വായ്പൂർ സഭയിലേക്ക് (മല്ലപ്പള്ളിയുടെ ഉപസഭ) എന്നെ നിയമിച്ച ഉത്തരവ് നല്കി. അത് ജീവിതത്തിൽ ഒരു വഴിത്തിരിവായി. അന്നുതന്നെ കീഴ്വായ്പൂരെത്തി സ്ഥലവും പള്ളിയും കണ്ടു. കൈക്കാരനായിരുന്ന പേരകത്ത് യോഹന്നാൻ (പി. ഒ. ജോൺ) വസതിയിൽ ചെന്ന് അദ്ദേഹത്തിന്റെ മകൻ തമ്പിയുമായി പള്ളിയും പരിസരവും എല്ലാം കണ്ടിട്ട് മടങ്ങി വീട്ടിലെത്തി.

മെയ് അവസാനത്തെ ഞായറാഴ്ച കീഴ്വായ്പൂര് പള്ളിയിൽ ചെന്ന് ചാർജ്ജെടുത്ത് പള്ളി ആരാധന നടത്തി. അതിനുശേഷം വീട്ടിലേക്ക് മടങ്ങിപ്പോയി. 1965 ജൂൺ 3,4 തീയതികളിൽ ഓർഡിനേഷനുള്ള ധ്യാനയോഗം ആലപ്പുഴയിൽ നടന്നതിൽ സംബന്ധിച്ചു.

### പട്ടംകൊട ശുശ്രൂഷ

"നമ്മുടെ മഹായിടവക ബിഷപ്പ് തിരുമനസ്സുകൊണ്ട് ജൂൺ മാസം 4 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് മേലുകാവുമറ്റം ചാപ്പലിൽ വച്ച് റ്റി. എസ്. നൈനാനെയും, ജൂൺ അഞ്ച് ശനിയാഴ്ച രാവിലെ 10 മണിക്ക്

ആലപ്പുഴ പള്ളിയിൽ വച്ച് ഏബ്രഹാം വർക്കി, എം. റ്റി. തര്യൻ, സാം മാത്യു, കെ. എസ്. ജോർജ് എന്നിവരെയും ദിയാക്കോൻ സ്ഥാനത്തേക്ക് പ്രവേശിപ്പിക്കുന്നതാണ്. പട്ടത്വസ്ഥാനാർത്ഥികൾക്കായുള്ള ധ്യാനയോഗം റവ. കെ. കെ. തര്യൻ B.A., S.T.M. നടത്തുന്നതാണ്. ശുശ്രൂഷയിൽ മേലുകാവുമറ്റം ചാപ്പലിൽ റൈറ്റ് റവ. റിച്ചാർഡ് ലിപ്പ് തിരുമേനിയും ആലപ്പുഴ പള്ളിയിൽ റവ. കെ. കെ. തര്യനും പ്രസംഗിക്കും. എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു." (ജ്ഞാനനിക്ഷേപം)

ആലപ്പുഴയുടെ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു അത്. വലിയ ഒരു കൂട്ടം പട്ടക്കാരും ജനങ്ങളും അതിൽ സംബന്ധിച്ചു. ജന്മനാൽ ലഭിച്ച ആഗ്രഹം പൂവണിയുന്ന ദിവസമായിരുന്നു അന്ന്. റവ. വി.ഇ. മത്തായി അച്ചനായിരുന്നു ഇടവകപ്പട്ടക്കാരൻ.

അന്നു തന്നെ കോട്ടയത്ത് വന്നു, താമസിച്ചു. പിറ്റെ ദിവസം ഞായറാഴ്ച കീഴ്വായ്പൂർ പള്ളിയിൽ ആരാധന നടത്തി. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ആറിയുന്നു." എന്ന വാക്യം ആധാരമാക്കി പ്രസംഗിച്ചു. കീഴ്വായ്പൂര് പള്ളിയിലും ഇടവകയിലും അനുഗ്രഹകരമായ പ്രവർത്തനം കാഴ്ചവയ്ക്കുവാൻ സാധിച്ചു. ഇന്നും ഇടവകയും ഞാനും വളരെ സന്തോഷത്തോടുകൂടെ ഇക്കാര്യം ഓർക്കുന്നു.

## പട്ടത്വശുശ്രൂഷ

ഒരു കാലത്ത് പട്ടത്വശുശ്രൂഷ ഭൗതികകാര്യങ്ങളിൽ വളരെ പിന്നോക്കാവസ്ഥയിലും ആദ്ധ്യാത്മിക കാര്യങ്ങളിൽ വളരെ മുന്നോക്കാവസ്ഥയിലുമായിരുന്നു. ഒരു കുപ്പായം പോലും തയ്പിക്കുവാൻ സാമ്പത്തിക സ്ഥിതി അനുവദിച്ചിരുന്നില്ല. കുന്നുകളും വയലുകളും എല്ലാം നടന്ന് ഇടയപരിപാലനം നടത്തിയിരുന്നു. പിടിയരികൊണ്ടും കിട്ടുന്ന വളരെ തുച്ഛമായ ശമ്പളം കൊണ്ടും പ്രയാസകരമായ ജീവിതമായിരുന്നു. മൈലുകളോളം നടന്ന് ശുശ്രൂഷ ഫലകരമായി നിറവേറ്റിയിരുന്നു. വളരെ കഷ്ടപ്പെട്ടാണ് മക്കളെ പഠിപ്പിച്ചിരുന്നത്. താമസിക്കുവാൻ നല്ല പാഴ്സനേജ് പോലും ഇല്ലായിരുന്നു.

ഇതെല്ലാമായിരുന്നു സ്ഥിതി എങ്കിൽ പോലും വളരെ വലിയ ജനസ്വാധീനം അവർക്കുണ്ടായിരുന്നു. സമൂഹം അവരെ ആദരിച്ചു. ബഹുമാനിച്ചു അവരെ ശ്രദ്ധിച്ചു. അതായിരുന്നു അവരുടെ ജീവിതം.

എന്നാൽ ഇന്ന് എല്ലാ സുഖസൗകര്യങ്ങളും ഉള്ള ഒരു നല്ല ജോലിയാണിത്. സേവനം എന്നുള്ളത് വെറും കടലാസിൽ മാത്രം എഴുതുന്ന വാക്കായി. ഒരു കാലത്ത് അച്ചന്മാരുടെ പ്രയാസങ്ങൾ മൂലം ഇതിലേക്കു വരുവാൻ മടിച്ചിരുന്നു. ഇക്കാലത്ത് മറ്റ് തൊഴിലുകൾ കിട്ടാൻ സാധ്യതയില്ല. ഇതൊരു guaranteed comfortable profession എന്നുള്ള നിലയിൽ

പലരും ഇതിലേക്ക് വളരെ ആകർഷിക്കപ്പെടുന്നു. യഥാർത്ഥ ദൈവവിളിയുള്ള പട്ടക്കാരുടെ അഭാവം സഭയെ വളരെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്.

## ഇടവകയും ഉപസഭയും

ഒരു വർഷം കീഴ്‌വായ്പൂരിൽ സേവനം നിർവ്വഹിച്ചു കഴിഞ്ഞപ്പോൾ കുറെക്കൂടെ വലിയ ഇടവകയായ പുതുവലിലേക്ക് എന്നെ സ്ഥലം മാറ്റി. കീഴ്‌വായ്പൂര് മല്ലപ്പള്ളി ഇടവകയുടെ ഉപസഭയായിരുന്നു. അത് ഇടവകയായി ഉയർത്തപ്പെടുകയും ചെയ്തു. മദ്ധ്യകേരള മഹായിടവകയിൽ ഇടവക, ഉപസഭ എന്ന ക്രമീകരണം നിലനിൽക്കുമ്പോൾ ഉപസഭകളെ വേണ്ടതുപോലെ പരിഗണിക്കുന്നില്ല എന്നുള്ളത് സത്യമാണ്. സഭാപ്രവർത്തകരുടെ ശുശ്രൂഷയാണവർക്ക് ലഭിക്കുന്നത്. സഭയിൽ അത്മായശുശ്രൂഷയ്ക്ക് വളരെ പ്രസക്തിയുണ്ട്. എന്നാൽ സഭാപ്രവർത്തനങ്ങളിൽ അത്മായ ശുശ്രൂഷ മാത്രം ഫലകരമാകുന്നില്ല. പട്ടക്കാരുടെ ശുശ്രൂഷ വളരെ ആവശ്യമാണ് സഭയിലും ഇടവകകളിലും. കീഴ്‌വായ്പൂര് റിട്ടയർ ചെയ്ത ഒരു നല്ല അദ്ധ്യാപകന്റെ പരിലാളനയിലായിരുന്നെങ്കിലും പട്ടക്കാരൻ ശുശ്രൂഷ ആരംഭിച്ചപ്പോൾ കൂടുതൽ ചലനാത്മകത ഉണ്ടായി.

മഹായിടവകയിൽ ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ള സഭാ പ്രവർത്തകരെ നിലനിർത്തിക്കൊണ്ട് ഭാവിയിൽ പൂർണ്ണമായും പട്ടക്കാരുടെ നേതൃത്വം ഇടവയ്ക്കും ഉപസഭയ്ക്കും ഒരു പോലെ ലഭിക്കത്തക്ക വണ്ണം പുനഃക്രമീകരണം ഉണ്ടാകണം. ഒരു പട്ടക്കാരന് 150–200 വീടു വരെ ശുശ്രൂഷയ്ക്ക് ഉണ്ടാകത്തക്ക വിധമുള്ള ക്രമീകരണമാണുണ്ടാകേണ്ടത്. ഉപസഭകളും ഇടവകകളും തമ്മിലുള്ള അന്തരം കുറയുകയും ഉപദേശി – പട്ടക്കാരുടെ അന്തരം ഇല്ലാതാക്കുകയും ചെയ്യേണ്ടതാണ്. ദൈവവിളിയില്ലാത്ത അനേകർ സഭാപ്രവർത്തകരായി വന്ന് സഭകളുടെ പുരോഗതി ഇല്ലാതെയാക്കുന്നു എന്നുള്ളത് വസ്തുതയാണ്. ഒരു കാലത്ത് പട്ടക്കാർക്കും ഉപദേശിമാർക്കും ഉണ്ടായിരുന്ന കമ്മിറ്റ്മെന്റ് ഇക്കാലങ്ങളിൽ കാണുന്നില്ല. Comfortable and Convenient Profession ആയി അത് മാറിക്കഴിഞ്ഞു. ചെറിയ ഉപസഭകളെ couple ചെയ്ത് ഇടവകപ്പട്ടക്കാരന്റെ കീഴിലാക്കുകയും ഇപ്പോഴുള്ള ഉപദേശിമാരെ നിലനിർത്തിക്കൊണ്ട് പുതിയ റിക്രൂട്ട്മെന്റ് നിരുത്സാഹപ്പെടുത്തുകയുമാണ് നല്ലത്.

### Presbyter

1966 ഏപ്രിൽ ഒന്നാം തീയതി സൗത്ത് പുതുപ്പള്ളി പള്ളിയിലായിരുന്നു രണ്ടാമത്തെ പട്ടംകൊട ശുശ്രൂഷ. ആ പള്ളിയിൽ വച്ച് ആദ്യമായി നടത്തപ്പെടുന്ന പട്ടംകൊട ശുശ്രൂഷയായതിനാൽ ഏറ്റവും ഗംഭീരമായ

വിധത്തിലാണ് അത് നടത്തിയത്. എം.റ്റി. തര്യൻ ഒഴികെയുള്ളവരെല്ലാ വരും അവിടെ വച്ചു പട്ടമേറ്റു. ആ വർഷത്തെ ഹോശാന ഞായറാഴ്ച കീഴ്‌വായ്പൂര് പള്ളിയിൽ തന്നെ ആദ്യ കുർബ്ബാന അർപ്പിച്ചു. ദൈവമെ നിനക്കു സ്തോത്രം. കോയമ്പത്തൂർ ബിഷപ്പ് എസ്.ജെ. സാമുവൽ തിരു മേനി ധ്യാനവും, പ്രസംഗവും നടത്തി. റവ. പി.വി. ജോൺ ആയിരുന്നു ഇടവകപ്പട്ടക്കാരൻ.

## കുടുംബജീവിതം

### വിവാഹം

1966 മെയ് അഞ്ചാം തീയതി കീഴ്‌വായ്പൂര് സെന്റ് ആൻഡ്രൂസ് ചർച്ചിൽ വച്ച് നടത്തപ്പെട്ടു. കീഴ്‌വായ്പൂര് വെട്ടശ്ശേരിൽ വി.എൻ. ജോർജ്, അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൾ അന്നമ്മ (കുഞ്ഞമ്മ)യാണ് വധു.

ഈ കാലഘട്ടത്തിൽ പല വിവാഹ ആലോചനകൾ വന്നുകൊണ്ടി രുന്നു. എന്നാൽ സൗമ്യതയും, വിനയവും ഉള്ള ഒരാൾ, എന്റെ ശുശ്രൂഷയിൽ സഹായം നല്കുവാൻ കഴിയുന്ന ഒരാളെ വിവാഹം ചെയ്യ ണമെന്നായിരുന്നു ആഗ്രഹം. “ഇതൊരു ഒഴിഞ്ഞ പാത്രമാണ്” എന്ന ഫിലിപ്പോച്ചായന്റെ വാക്കുകൾ. അങ്ങനെ ഒരാളെ ലഭിച്ചു എന്നുള്ളതിൽ ചാരിതാർത്ഥ്യം ഉണ്ട്. ദൈവത്തിന് നന്ദി പറയുന്നു. എന്റെ ശുശ്രൂഷ യിൽ ഭാര്യ ഒരിക്കലും ഒരു തടസ്സമായിരുന്നില്ല എന്നുള്ളതിൽ സന്തോ ഷമുണ്ട്.

### ഉദ്യോഗമുള്ള ഭാര്യമാർ

അക്കാലത്ത് ബിഷപ്പ് ജോൺ ഉദ്യോഗമുള്ളവരെ വിവാഹം കഴി ക്കുവാൻ അനുവദിച്ചിരുന്നില്ല. കാരണം ശുശ്രൂഷയെ അത് ബാധിക്കു മെന്നുള്ളതുകൊണ്ടായിരുന്നു. ഈ ഒരു വിഷയത്തിന്റെ പേരിൽ സഭ യിൽ വലിയ അന്തഃഛിദ്രമുണ്ടായി. മഹായിടവകയുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമായി ആ കാലഘട്ടം പരിണമിച്ചു. റവ. വി.ജെ. സ്റ്റീഫന്റെ ഭാര്യയുടെ ജോലി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടു. അദ്ദേഹ ത്തിന്റെ ദാരിദ്ര്യം മൂലം അനുസരിച്ചില്ല. അദ്ദേഹത്തെ സഭയിൽ നിന്നു പുറത്താക്കി. സഭ രണ്ടായി വിഭജിക്കപ്പെടുകയും അനേകം ആളുകളും, വസ്തുവകകളും നഷ്ടപ്പെടുകയും വളരെ പണം ചെലവാക്കുകയും ചെയ്തു. ഇന്നും അനേകം കോടതിക്കേസുകൾ നടന്നു വരുന്നു.

### മുറിവേറ്റ മഹായിടവക

ബസ്കിയാമ്മയ്ക്ക് ജോലി ഇല്ലാതെയിരിക്കുന്നതാണ് നല്ലത് എങ്കിലും

അത് പ്രായോഗികമാക്കുന്നതിന് വളരെ സൂക്ഷ്മത ആവശ്യമാണ്. സഹാനുഭൂതിയോടുകൂടി മനുഷ്യന്റെ പ്രയാസങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കാതെ ഇരുന്നാൽ ഉണ്ടാകുന്ന പ്രയാസമാണ് അക്കാലത്തുണ്ടായത്. റവ. വി.ജെ. സ്റ്റീഫൻ ഒരു വെറും സാധാരണക്കാരനായ പട്ടക്കാരനായിരുന്നു. ഏനാത്ത് ഇടവകയിലാണ് അദ്ദേഹം അക്കാലത്ത് പട്ടക്കാരനായിരുന്നത്. അതിന്റെ ഉപസഭയായിരുന്നു കുന്നിട. അങ്ങനെ അദ്ദേഹം ഞങ്ങളുടെ ഇടവകപ്പട്ടക്കാരനായിരുന്നു. സാധാരണ ഞങ്ങളുടെ വീട്ടിലാണ് അദ്ദേഹം വരുന്നതും ഭക്ഷണം കഴിക്കുന്നതും. എന്റെ പിതാവ് അദ്ദേഹത്തിന്റെ ഒരു വലിയ സ്നേഹിതനായിരുന്നതുകൊണ്ട് അവരുടെ സാമ്പത്തിക സ്ഥിതിയും പ്രയാസങ്ങളും അറിയാമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ബാബു (ഇപ്പോൾ ആർച്ച് ബിഷപ്പ് സ്റ്റീഫൻ വട്ടപ്പാറ) എന്റെ ഒരു സ്നേഹിതനായിരുന്നു. ഞങ്ങൾ ഒരുമിച്ച് യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരാണ്.

"വലിയ കുടുംബത്തിൽ ജനിച്ചു, വലിയവരുടെ ഇടയിൽ വളർന്നു. വലിയ ഇടവകകളിൽ ഇരുന്നു. വലിയ ആളുകളോടൊപ്പം ജീവിച്ചു, ബിഷപ്പായി. എങ്ങനെ പാവങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാകും." റവ. വി. ജെ. സ്റ്റീഫൻ പറഞ്ഞ വാക്കുകളാണിത്. അദ്ദേഹത്തിന്റെ ശോചനീയ ധനസ്ഥിതിയിൽ അനുകമ്പ ഉണ്ടായിരുന്നവർ അനേകരുണ്ട്. എന്നാൽ വളരെ കർക്കശമായ നിലപാടാണ് അക്കാലത്ത് മഹായിടവക സ്വീകരിച്ചത്. പരണിതഫലമോ? മഹായിടവകയിൽ എങ്ങും കലാപം. കതീഡ്രൽ ഇടവക പോലും ആക്രമിക്കപ്പെടുമെന്ന ഭയം, അവിടവിടെ അടിയും, ബഹളവും. കലാപകലുഷിതമായി. അവസാനം മഹായിടവകയെ പിളർന്നുകൊണ്ട് ഒരു സഭ ഉടലെടുത്തു. കേരള സി.എം.എസ്. റവ. വി. ജെ. സ്റ്റീഫനെ അമേരിക്കയിലെ ഇന്റർ നാഷണൽ മിഷനറി ഓർഗനൈസേഷന്റെ ഡോ. മാക്എന്റയർ ബിഷപ്പായി അവരോധിച്ചു.

കർക്കശമായ നിലപാടുകൾ മൂലം മഹായിടവകയിലെ വലിയ ഒരു സംഘം ആളുകൾ നഷ്ടമായി. ലക്ഷക്കണക്കിന് രൂപാ ചെലവായി. ഏക്കർ കണക്കിന് സ്ഥലം നഷ്ടമായി. സമൂഹത്തിൽ സഭയ്ക്ക് മുറിവേല്ക്കുകയുണ്ടായി. ഈ മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല.

വ്യക്തിപരമായി ബിഷപ്പ് ജോൺ നല്ലവനായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം പിതൃസഹജമായ സ്നേഹം അദ്ദേഹത്തിന് എന്നോടുണ്ടായിരുന്നു. മറ്റുള്ളവരുടെ കഴിവുകളെ കണ്ടെത്തുകയും അതിനെ മാനിക്കുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുവാനദ്ദേഹത്തിന് മടിയില്ലായിരുന്നു.

പുതുവലിൽ ഞാൻ ഇടവകപ്പട്ടക്കാരനായിരിക്കുമ്പോൾ പലപ്പോഴും

അവിടെ വരികയും എനിക്ക് പ്രോത്സാഹനം നല്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ചെന്ന് ചുമതല ഏറ്റതിന്റെ അടുത്ത മാസം അദ്ദേഹം അവിടെ വന്നു. അവിചാരിതമായി എന്നോടൊരു ചോദ്യം ചോദിച്ചു. ഇവിടെ എത്ര ഏക്കർ സ്ഥലമുണ്ട്. എത്ര റബറുകൾ വെട്ടുന്നുണ്ട്. ഞാൻ പകച്ചു പോയി. എനിക്കറിവില്ലായിരുന്നു. ഒരു വലിയ പാഠം എന്നെ അദ്ദേഹം പഠിപ്പിച്ചു. ഒരു സ്ഥലത്ത് ചെന്നാൽ എത്ര വീടുകളുണ്ട്, എത്ര സ്ഥല മുണ്ട്, ഏതൊക്കെ സ്ഥാപനങ്ങളുണ്ട് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് പഠി ക്കണം. എന്നിട്ട് വേണം വേല തുടങ്ങുവാൻ. എന്നും എനിക്കിതൊരു പാഠമായിരുന്നു.

അച്ചന്മാരുടെ ഡിസിപ്ലിൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. എപ്പോഴും സർപ്ലീ സും, സ്റ്റാളും ഒരു പട്ടക്കാരന്റെ യാത്രയിലുണ്ടായിരിക്കണം. സമയനിഷ്ഠ കർശനമായും പാലിക്കണം. ഡയറി കൃത്യമായി അയയ്ക്കണം തുടങ്ങി നിരവധി കാര്യങ്ങളിൽ അദ്ദേഹം ഒരു മാതൃകയായിരുന്നു. എല്ലാക്കാ ലവും.


മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്ന അദ്ദേഹം എനിക്കെന്നും മാതൃ കയും, പിതൃതുല്യനുമായിരുന്നു. എന്നിൽ ഒരു വലിയ പ്രതീക്ഷ അദ്ദേഹം വച്ചു പുലർത്തിയിരുന്നു എന്ന് പില്ക്കാലത്ത് അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളിൽ നിന്നോർക്കുവാൻ കഴിയും.

## പട്ടക്കാരും വിവാഹവും

പട്ടക്കാരുടെ ഭാര്യമാർക്ക് ജോലി അസൗകര്യമാണെന്നുള്ളതിനെക്കു റിച്ച് രണ്ടഭിപ്രായമില്ല, എന്നാൽ ഇത് അവരവരുടെ ഇഷ്ടത്തിന് വിടുക യാണുത്തമം.

പട്ടത്വശുശ്രൂഷയിൽ കുടുംബജീവിതത്തിന് വളരെയധികം പ്രാധാ ന്യമുണ്ട്. പൗരസ്ത്യസഭകളിൽ പട്ടക്കാർ അവിവാഹിതരായിരിക്കണം എന്ന് നിയമമുണ്ടായിരുന്നു. എന്നാൽ മിഷനറിമാർ അതിന് വിരാമം കുറിച്ചു. പൂർണ്ണപട്ടത്വത്തിൽ എത്തുന്നതിനു മുമ്പ് ശെമ്മാശനായിരിക്കു മ്പോൾ വിവാഹം കഴിക്കാമെന്ന് ഓർത്തഡോക്സ് സഭകളിൽ നിയമ മുണ്ട്. മാർത്തോമ്മാസഭയിൽ മെത്രാന്മാർ മാത്രം അവിവാഹിതരായിരി ക്കണമെന്നതാണ് നിയമം. ദയറാക്കാർ ഉള്ളത് നല്ലതാണ്. എന്നാൽ വിവാഹം, പട്ടത്വ ശുശ്രൂഷയെ സംബന്ധിച്ച് വളരെ സഹായകമാണ് സംശയമില്ല. ആംഗ്ലിക്കൻ സഭയും, സി.എസ്.ഐ. യും വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നു. കത്തോലിക്കാസഭയിൽ പട്ടക്കാർ അവിവാഹിത രാണ്. ഇടവക ശുശ്രൂഷയിൽ വളരെ ഏറെ വിമർശനങ്ങളെ അവർക്ക് നേരിടേണ്ടതായി വരുന്നു.

പട്ടക്കാർ വിവാഹിതരും, ഭാര്യമാർ ജോലിയില്ലാത്തവരുമാണ് നല്ലത്. എന്നാൽ ഇക്കാര്യത്തിൽ കർശന നിലപാട് പാടില്ല. അവരവരുടെ താല്പര്യത്തിനനുസരിച്ച് വിടുകയാണ് ഇക്കാലത്ത് കരണീയം.



# ഭാഗം III

# ഇടയപരിപാലനം ഇടവകയിൽ

# ഇടയപരിപാലനം ഇടവകകളിൽ

## കീഴ്‌വായ്‌പൂർ (1965–66) സെന്റ് ആൻഡ്രൂസ്

സെറാമ്പൂരിലെ പഠനം പൂർത്തിയാക്കിയപ്പോൾ എന്നെ മേലുകാവ് വാളകത്തേക്ക് നിയമിച്ചിരിക്കുന്നതായി അറിയിപ്പ് ലഭിച്ചു. അല്പം കഴിഞ്ഞ് തിരുവഞ്ചൂരിന് നിയമിച്ചതായി അറിഞ്ഞു. രണ്ടും നടപ്പായില്ല. മൂന്നാമത് എന്നെ തിരുവല്ലായിൽ എം.വി. ജോർജ്ജച്ചൻ (പാസ്റ്ററൽ ബോർഡ് സെക്രട്ടറി) താമസിക്കുന്നിടത്ത് ചെല്ലുവാൻ ജോൺ തിരുമേനി ആവശ്യപ്പെട്ടു. തിരുമേനിയും അവിടെ ഉണ്ടായിരുന്നു. അങ്ങനെ ചെന്ന പ്പോൾ കീഴ്‌വായ്‌പൂരിന് ഓർഡർ തന്നു.

ഒരു പരിചയവുമില്ലാത്ത സ്ഥലം. വഴി ചോദിച്ച് മല്ലപ്പള്ളിയിൽ ചെന്നു. മല്ലപ്പള്ളിയുടെ ഉപസഭയായിരുന്നു കീഴ്‌വായ്‌പൂര്. സി. സി. ചാക്കോ അച്ച നോടൊപ്പം പ്രവർത്തിച്ചു. ബി.ഡി. പഠനം കഴിഞ്ഞ് കീഴ്‌വായ്‌പൂരിൽ പ്രവർത്തിക്കുവാൻ ഓർഡർ ലഭിച്ചു.

ചില ദിവസങ്ങൾക്കുശേഷം ഒരു കാളവണ്ടിയിൽ അത്യാവശ്യ സാധ നങ്ങളുമായി കീഴ്‌വായ്‌പൂരെത്തി ഒരു വാടകവീട്ടിൽ തനിയെ ഒരു വേല ക്കാരനു (ജോർജ്) മായി താമസിച്ചു. അല്ലറ ചില്ലറ പ്രശ്നങ്ങൾ ഉണ്ടാ യിരുന്നു. ഡീക്കനാണെങ്കിലും നല്ലതായി പ്രവർത്തിക്കുവാൻ സാധിച്ചു. ഒരു ഞായറാഴ്ച ഉപദേശിയായി ശുശ്രൂഷ നടത്തി. ആ ആഴ്ച തന്നെ ആലപ്പുഴ വച്ച് പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിച്ചു. അവിടെ പള്ളി പണി പൂർത്തീകരിച്ച് മതിൽ കെട്ടിക്കൊണ്ടിരിക്കുകയായിരുന്നു. ഒരു പുതിയ പാഴ്സനേജിന് തറക്കല്ലിട്ടു. ഫൗണ്ടേഷൻ ബേസ്മെന്റ് കെട്ടി. വെട്ടച്ചേരി മലയിൽ എം. സി. വർഗീസ് (കീവച്ചൻ) ആയിരുന്നു ഒരു കൈക്കാരൻ. വലിയ സഹായമായിരുന്നു. പേരകത്ത് പി. ഒ. ജോൺ മറ്റൊരു കൈക്കാ രനും.

ഏതായാലും ഒരു വർഷം അനുഗൃഹീതമായി ശുശ്രൂഷ ചെയ്തു. ഇന്നും സ്വന്തം ഇടവക പോലെയാണ്. മല്ലപ്പള്ളിയുമായി അങ്ങനെ ഒരു വലിയ ബന്ധം അന്നാരംഭിച്ചു.

## പുതുവൽ ഇടവക (1966–71) സെന്റ് സ്റ്റീഫൻസ്

മഹായിടവകയുടെ തെക്കെ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഇടവകയാ ണ്. പ്രധാനമായും വെണ്മണി കോടുകുളഞ്ഞി തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് കുടിയേറിപ്പാർത്ത സുറിയാനി ക്രിസ്ത്യാനികൾ മാത്രമുള്ള ഒരിട വകയാണ് ഇത്. സാധാരണക്കാരിൽ സാധാരണക്കാരായിരുന്നു അംഗ

ങ്ങൾ. ഉന്നതവിദ്യാഭ്യാസമുള്ളവർ തുലോം ചുരുക്കമായിരുന്നു. സാമാന്യ വിദ്യാഭ്യാസം ലഭിച്ചിരുന്ന സഭാംഗങ്ങൾ എല്ലാവരും തന്നെ കൃഷിക്കാരായിരുന്നു. നിഷ്കളങ്കരും അദ്ധ്വാനശീലരും. പണം ചെലവാക്കുന്നതിൽ ലുബ്ധരുമായിരുന്നു. നല്ല ആത്മീയ താല്പര്യമുള്ളവരും, ധാർമ്മികമൂല്യങ്ങൾക്ക് വില കല്പിക്കുന്നവരുമായിരുന്നു അവർ. അവർ ആ സ്ഥലത്തുചെന്നപ്പോൾ ഉണ്ടാക്കിയ ഷെഡ് ആരോ നശിപ്പിച്ചു കളഞ്ഞു. പിന്നീട് പണിത ഒരു ചെറിയ പള്ളിയും. സാമാന്യം നല്ല ഒരു പാഴ്സനേജ് ബഹു. ടി.വി. കുരുവിള അച്ചന്റെ കാലത്ത് പണികഴിപ്പിച്ചിരുന്നു. സാമ്പത്തികമായി വളരെ ഞെരുക്കത്തിൽ കഴിഞ്ഞ ഒരിടവകയാണ്. കുറെ വർഷങ്ങളായി ഇടവക പരിപാലനം നന്നേ കുറഞ്ഞിരുന്ന കാലഘട്ടത്തിലാണ് എന്നെ അവിടേക്ക് നിയമിച്ചത്.

എന്റെ പിതാവ് അവിടെ ഇടവക ഉപദേശിയായി സേവനം അനുഷ്ഠിച്ചിട്ടുള്ളതിനാൽ അവിടുത്തെ എല്ലാ വീട്ടുകാരെയും അറിയുകയും അവരുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുകയും ചെയ്തിരുന്നു. എന്റെ സഹപാഠികൾ ചിലരും അവിടെ ഉണ്ടായിരുന്നു. പത്തനാപുരം ഹൈസ്കൂൾ എച്ച്.എം. ആയി റിട്ടയർ ചെയ്ത പ്രഗത്ഭ അദ്ധ്യാപകനായ വി. ഒ. ജോൺ, അമേരിക്കയിലുള്ള ജോർജ് കോശി (ബാബു) റവ. ഉമ്മൻ ദാനിയേൽ, പാസ്റ്റർ വി. സി. ഇട്ടി തുടങ്ങിയവരും അവരുടെ നല്ലവരായ മാതാപിതാക്കന്മാരും എന്നെ വളരെ വാത്സല്യത്തോടെ കരുതി. തന്മൂലം അവിടെ ഉണ്ടായിരുന്ന വഴക്കുകൾക്ക് അറുതി വരികയും ചെയ്തു.

ആളുകളെ മനസ്സിലാക്കുവാനുള്ള ജോൺ തിരുമേനിയുടെ കഴിവ് അസാമാന്യമായിരുന്നു.

## ഇടയപരിപാലനം - ഒരു ദൗത്യം

വളരെ ശുഷ്ക്കാന്തിയോടുകൂടി ഇടയപരിപാലനം നടത്തുവാൻ കഴിഞ്ഞു. ഭവനസന്ദർശനം, ചിട്ടയായ പള്ളി ആരാധന, കൂട്ടായ്മയോഗങ്ങൾ, ഓണവാര വേല, കുടുംബ ഞായറാഴ്ചകൾ തുടങ്ങിയ നിരവധി കാര്യങ്ങൾ വളരെ ചിട്ടയായി നിർവ്വഹിക്കുവാൻ സാധിച്ചു. ആത്മാർത്ഥതയ്ക്കു മുമ്പിൽ ആശങ്കകൾക്കടിസ്ഥാനമില്ല. പുതുവലിലേക്ക് നിയമിക്കപ്പെടുമ്പോൾ മനസ്സ് നിറയെ ആശങ്ക. സ്വന്തം ഇടവക പോലെ ഒരിടവക. അവിടെ പിതാവ് ജോലി ചെയ്തതുകൊണ്ടെല്ലാവരെയും അറിയും. കേവലം നന്നെ ചെറുപ്പക്കാരനായ ഒരാൾ അവിടെ സ്വന്തം ജനങ്ങളെപ്പോലെയുള്ളവരുടെ മദ്ധ്യേ ചെന്നാൽ എങ്ങനെ എന്നുള്ള ആശങ്ക. ഒരേ ക്ലാസിൽ പഠിച്ചവരും അക്കൂട്ടത്തിലുണ്ട്. എന്നാൽ ആത്മാർത്ഥത മാത്രം കൈമുതലായുണ്ടായിരുന്ന ഞാൻ അത് വേണ്ടത് പോലെ ഉപയോഗിച്ചു. ജനങ്ങളുടെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റാൻ കഴിഞ്ഞു. ഒരു രോഗി

ഉണ്ടെന്നറിഞ്ഞാൽ രോഗിയെ സന്ദർശിച്ചതിനുശേഷം മാത്രമെ അന്നുറ ങ്ങുകയുള്ളൂ. ആശുപത്രി സന്ദർശനം ക്രമമായി നടത്തി. വളരെ നന്നായി നടക്കുന്ന ഒരു സണ്ടേസ്കൂൾ ഉണ്ടായിരുന്നു. അവിടെ പോകയും മറ്റെല്ലാ കാര്യങ്ങളിലും സജീവമായി പങ്കെടുക്കുകയും ചെയ്തു. ഇടവകയ്ക്ക് ആത്മീയമായും ഭൗതികമായും വലിയ പുരോഗതി ഉണ്ടായി. ഇതെല്ലാം ജനങ്ങൾ അംഗീകരിച്ചു.

## പഠിച്ച പാഠങ്ങൾ

ഒരിക്കൽ ഇടവകയിലെ ഒരു പാവപ്പെട്ട വീട്ടിലെ വല്യപ്പൻ രോഗി യായി കിടക്കുകയായിരുന്നു. സാമാന്യം നല്ല നിലയിൽ ജീവിച്ച മക്ക ളാരും തിരിഞ്ഞുനോക്കിയില്ല. ഇളയ മകൻ പോത്തുപൂട്ടി ജോലി ചെയ്തി രുന്ന ആളിന്റെ കൊച്ചു കുടിലിലായിരുന്നു താമസം. 85-90 വയസ് കാണും. അസുഖം വർദ്ധിച്ചപ്പോൾ വി. സംസർഗ്ഗം നല്കുവാനാഗ്രഹിച്ചു. ആ വീട്ടിൽ ചെന്നപ്പോൾ ദുർഗന്ധം വമിക്കുന്ന സാഹചര്യത്തിൽ ഒരു കയറു കട്ടിലിൽ ചാക്കുപോലുള്ള ഒരു കരിമ്പടം പുതച്ചു കിടക്കുകയാ യാണ്. ബോധം നഷ്ടപ്പെട്ടിട്ടില്ല.

അവിടുത്തെ സാഹചര്യം മനസ്സിലാക്കി വൃദ്ധനെ എടുത്ത് കഴുകി തുടച്ച് വൃത്തിയാക്കി. തറയെല്ലാം ഒന്ന് തൂത്ത് വൃത്തിയാക്കി. നല്ല വസ്ത്രം ധരിപ്പിക്കുവാൻ ഏർപ്പാട് ചെയ്തിട്ട് വൈകുന്നേരം വി. സംസ ർഗ്ഗം കൊടുക്കാമെന്നു പറഞ്ഞ് ഞാൻ കോട്ടയത്ത് ഒരാവശ്യത്തിന് പോയി വളരെ വേഗം തിരിച്ചെത്തി. അപ്പോഴേക്കും വൃദ്ധൻ മരിച്ചു കഴി ഞ്ഞിരുന്നു. രാവിലെ തന്നെ വി. സംസർഗ്ഗം കൊടുക്കുവാനാവാത്തതിന്റെ കുറ്റബോധം ഇന്നും മനസ്സിനെ അലട്ടുന്നു. അതിനുശേഷം രോഗി എവിടെ ഉണ്ടെന്നു കേട്ടാലും ഒട്ടും താമസിയാതെ ഏതു സമയത്താ യാലും സന്ദർശിച്ച് വേണ്ടതു ചെയ്യണം. നാളത്തേക്ക് മാറ്റി വയ്ക്കരു തെന്നുള്ള പാഠം പഠിച്ചു.

രണ്ടാമത് ഉള്ളതുകൊണ്ട് ജീവിക്കുവാൻ പഠിച്ചു. അന്ന് കിട്ടേണ്ടിയി രുന്ന ശമ്പളം അലവൻസുൾപ്പെടെ 110 രൂപയണ്. 80 രൂപ പുതുവൽ ഹെഡ് സ്റ്റേഷനിൽ നിന്നും 10 രൂപ വീതം മൂന്ന് ഉപസഭകളിൽ നിന്നും കിട്ടണം. കുളത്തുപ്പുഴ നിന്ന് 10 രൂപ തരും. അതിൽ 3 രൂപ വണ്ടിക്കൂലി ക്കാകും. അങ്ങനെ 87 രൂപ മാത്രം കിട്ടും. ഈ തുകകൊണ്ട് ജീവിക്കണം. പുതുവലിലെ സ്തോത്രകാഴ്ചയും പിടിയരിയുമായിരുന്നു വരുമാനം. അക്കാലത്ത് കിഴുത്തയുള്ള നയാപൈസാ തുട്ടുകളാണ് സ്തോത്രകാ ഴ്ചയായി വരുന്നത്. അത് ശേഖരിച്ച് ഒരു കമ്പിയിൽ കോർത്തിടും. ആവശ്യം വരുമ്പോൾ അതെടുക്കും. പിടിയരി ലേലം ചെയ്ത് അച്ചന്മാർക്ക് കുറഞ്ഞ വിലയ്ക്കു കൊടുക്കുകയാണ് പതിവ്. പലതരം അരികൾ

ചേർന്നു കിട്ടുന്നത് ഉപയോഗിച്ചു പരിചയമില്ലാത്തതിനാൽ അത് പൊതു ലേലത്തിന് വച്ചു. വീട്ടിൽ നിന്നരി ലഭിച്ചതിനാൽ പട്ടിണിയില്ലാതെ കഴിഞ്ഞു.

എന്നാൽ ഇക്കാര്യത്തിൽ പരിഭവമോ പ്രയാസമോ ഉണ്ടായിരുന്നില്ല. അക്കാലത്ത് മൂത്തമകൻ ക്രിസ്റ്റി ജനിച്ചു. മാസം തികയാതെ 8-ാം മാസത്തിലാണവൻ ജനിച്ചത്. പരിചരണം വളരെ ആവശ്യമായിരുന്നു. കിട്ടുന്ന ശമ്പളം അവനുവേണ്ടി ടിൻഫുഡ് വാങ്ങുവാൻ മാത്രമെ തികയുമായിരുന്നുള്ളൂ. പക്ഷെ ദൈവം നടത്തി. വീട് അടുത്തായിരുന്നതിനാൽ അരിയും തേങ്ങായും, വാഴക്കുല മുതലായവയും ക്രമമായി ലഭിച്ചുകൊണ്ടിരുന്നു. കീഴ്‌വായ്പൂരുനിന്നും സഹായം ലഭിച്ചുകൊണ്ടിരുന്നു. സഹോദരി കുഞ്ഞൂഞ്ഞമ്മ നല്ലതുപോലെ സഹായിച്ചിട്ടുണ്ട്. പ്രിമച്വർ ബേബിയായതിനാൽ ധാരാളം ചെലവുണ്ടായിരുന്നു. അധികം താമസിയാതെ തന്നെ ശാന്തിയും ജനിച്ചു. ധാരാളം വിരുന്നുകാരുമുണ്ടായിരുന്നു. ഇടവക ജനങ്ങൾ വന്നാൽ അവർക്ക് ഒരു ഗ്ലാസ് കാപ്പി കൊടുക്കുക എന്നുള്ള പതിവും മുടക്കം കൂടാതെ നടന്നു. ചെലവ് ചുരുക്കാവുന്ന സ്ഥാനങ്ങളിലെല്ലാം ചെലവ് ചുരുക്കുവാൻ പഠിച്ചു. ഒരു മുറി തേങ്ങാ കൊണ്ട് ഒരാഴ്ച വരെ ജീവിക്കുവാൻ പരിശീലിച്ചു. ഉപ്പു കലത്തിൽ തേങ്ങാ മുറി വച്ച് ദീർഘദിവസങ്ങൾ സൂക്ഷിക്കുവാനുള്ള വിദ്യയും പ്രയോഗിച്ചു. അക്കാലത്ത് ഫ്രിഡ്ജിനെപ്പറ്റി കേട്ടുകേൾവി പോലുമില്ലായിരുന്നു. ലഭിക്കുന്ന വരുമാനം പരിമിതമായി ഉപയോഗിക്കുവാനും, ഉള്ളതിൽ അലംഭാവത്തോടു കൂടി ജീവിക്കുവാനും പഠിച്ചു. ഒരു ദിവസം ഉപ്പില്ലെങ്കിൽ ഉപ്പില്ലാതെ കഴിക്കണം. കടം വാങ്ങാൻ പോകരുത് എന്നുള്ള പിതാവിന്റെ ഉപദേശം വളരെ വിലപ്പെട്ടതായി ഇന്നും സൂക്ഷിക്കുന്നു.

മൂന്നാമത് മറ്റൊരു സംഭവം ഓർക്കുന്നു. ഇടവകയിലെ ഒരംഗത്തിന്റെ മകളെ പെന്തക്കോസ്തിലേക്ക് വിവാഹം ചെയ്തയക്കുവാൻ തീരുമാനിച്ചു. വളരെ രോഷത്തോടുകൂടെയാണ് കമ്മിറ്റി അതിനെ വീക്ഷിച്ചത്. ഈ കുറ്റത്തിന്റെ പേരിൽ ആ കുടുംബത്തെ മുഴുവൻ സഭയിൽനിന്നു നീക്കി. പിൽക്കാലത്ത് ഇതു വളരെ വേദനിപ്പിച്ചു. സഭയിൽനിന്ന ജനങ്ങളെ അകറ്റുകയല്ല അവരെ അടുപ്പിക്കുകയാണ് വേണ്ടതെന്ന് പഠിച്ചു.

## പെന്തക്കോസ്തു സഭകളുമായുള്ള ബന്ധം

പെന്തക്കോസ്തു സഭകളുമായുള്ള ബന്ധം അക്കാലത്ത് വളരെ സങ്കീർണ്ണമായിരുന്നു. ഒരു വിട്ടുവീഴ്ചയുമുണ്ടായിരുന്നില്ല. പിന്നീട് കൂടുതൽ അയവുകൾ വന്നു തുടങ്ങി. പോകുന്ന ആളിനെ മാത്രം സഭയിൽനിന്നു മാറ്റുകയും മറ്റുള്ളവരോടു സഹിഷ്ണുത പാലിക്കുകയും ചെയ്യേണ്ടതാണ്.

മറ്റൊരു സംഭവം ഓർക്കുന്നു. സഭയിലെ ഒരു പ്രധാന കുടുംബത്തിലെ അംഗങ്ങൾ പെന്തക്കോസ്തിൽപോയി. മാതാവ് സഭയിലെ ഒരു സജീവ അംഗമായ ഒരു നല്ല സ്ത്രീയായിരുന്നു. അവരുടെ മൂത്തമകൾ പെന്ത ക്കോസ്തിലായിരുന്നു. ഈ സ്ത്രീക്ക് കഠിനമായ രോഗം വന്നു കിടപ്പി ലായി, ചലനശേഷിയും സംസാരശേഷിയും നഷ്ടമായി. പെന്തക്കോസ്തു കാർ തുടർച്ചയായി പ്രാർത്ഥനാ കൂട്ടങ്ങൾ നടത്തി. സഭയുടെ പ്രാർത്ഥ നയും ക്രമമായി നടത്തി. എങ്കിലും മുഴുകൽസ്നാനം സ്വീകരിച്ചാൽ രോഗം സുഖമാകുമെന്നുള്ള ഉപദേശത്തിൽ ആകൃഷ്ടയായി ആ മാതാവ് പെന്തക്കോസ്തു വിശ്വാസത്തിൽ ചേർന്നു. പിന്നാലെ കുടുംബം മുഴു വൻ സ്നാനം ഏറ്റാൽ സൗഖ്യമാകും എന്ന ഉപദേശം കേട്ട് സണ്ടേ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പിതാവും സ്നാനം ഏറ്റു. ഒരു മകൻ മാത്രം സഭയിൽ നിന്നു. മറ്റൊരു മകൻ പെന്തക്കോസ്തിലെ പാസ്റ്ററായി ഉന്നതനിലയിലെത്തി. ആ മാതാവിന് സൗഖ്യം ലഭിച്ചില്ല. ദീർഘവർഷ ങ്ങൾ ആ സ്ഥിതിയിൽ കിടന്നശേഷം മരിച്ചു. ആ കുടുംബവുമായുള്ള സ്നേഹബന്ധം ഇന്നും നിലനിൽക്കുന്നു എന്നുള്ളതിൽ സന്തോഷമുണ്ട്. സഭാശുശ്രൂഷയിൽ വ്യക്തിബന്ധത്തിന് സമുന്നതമായ സ്ഥാനമുണ്ട് എന്ന് പഠിച്ചു.

ഒരു പട്ടക്കാരൻ എപ്പോഴും വ്യക്തിബന്ധങ്ങൾ പാലിക്കുന്നതിൽ ശുഷ്ക്കാന്തി ഉള്ളവനായിരിക്കേണ്ടതാണ്. ഒരിടവകയിലെ ആളുകളുടെ എല്ലാം പേരുകൾ പോലും അറിഞ്ഞിരുന്നാൽ അത് വലിയ ഉപകാരമാ യിരിക്കും. ഭവന സന്ദർശനം, രോഗികളെ സന്ദർശിക്കുക. വിവാഹം, മരണം തുടങ്ങിയ കാര്യങ്ങളിൽ വീട്ടുകാരോടൊപ്പം അവരുടെ സുഖദുഃ ഖങ്ങളിൽ പങ്കാളികളാകുക ഇതൊക്കെ വ്യക്തിബന്ധങ്ങൾ ഊട്ടിഉറപ്പി ക്കുന്നതിന് സഹായകരമാണ്. ഒരു വീട്ടിൽ ഒരാൾ മരിച്ചാൽ അവരുടെ കൂടെ എല്ലാ കാര്യങ്ങൾക്കും സഹായിക്കുകയും, ക്രമീകരണങ്ങൾ ചെയ്യു കയും ചെയ്യുന്നത് വളരെ നന്നായിരിക്കും.

ഇടവകജനങ്ങളിൽനിന്നു പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സമചി ത്തതപാലിക്കുക-പലതും കണ്ടില്ലെന്നും, കേട്ടില്ലെന്നും നടിക്കുക. എന്നാൽ വിശ്വാസത്തിനും, തത്വങ്ങൾക്കും കോട്ടം വരുത്തുന്നവയോട് ഒരു വിധത്തിലും പൊരുത്തപ്പെടാനും പാടില്ല. ഇടതുകയ്യിൽ ഭരണഘട നയും, വലതു കയ്യിൽ വേദപുസ്തകവും എന്ന് ചിന്തിച്ചു വേണം ഭരണ ഘട വ്യാഖ്യാനിക്കുവാൻ-സ്നേഹത്തിന്റെ പ്രമാണത്തിനാണ് പ്രാമുഖ്യം നൽകേണ്ടത്.

ഒരിക്കൽ അഡ്വ. പി. കെ. കുര്യൻ (അന്നത്തെ സഭാസെക്രട്ടറി) ഒരു വലിയ പ്രശ്നത്തിൽ ബിഷപ്പ് ജോണിന് ഉപദേശം നൽകി. ബിഷപ്പിന്റെ മറുപടി “കുര്യച്ചാ, ഇതിനെക്കാൾ വലിയ ഒരു നിയമാവലി ഞാൻ അനു

സരിക്കേണ്ടതായുണ്ട് - ബൈബിൾ - സ്നേഹത്തിന്റെ വെളിച്ചത്തിൽ വേണം ഭരണഘടനയിലെ വകുപ്പുകൾ വ്യാഖ്യാനിക്കുവാൻ."

## ദേവാലയ നിർമ്മാണം

ഒരിടവകയിൽ ചെന്നാൽ എടുത്തുചാടി പ്രോജക്ട് ഒന്നും ഏറ്റെടുക്കുവാൻ ശ്രമിക്കരുത്. ഓരോസ്ഥലത്തും ആവശ്യങ്ങളും സാഹചര്യങ്ങളും വ്യത്യസ്തമായിരിക്കും. ഒരിടത്ത് ഇണങ്ങിയത് മറ്റൊരിടത്ത് ഇണങ്ങണമെന്നില്ല. കീഴ്വായ്പൂരിടവകയിൽ പാഴ്സനേജ് നിർമ്മാണത്തിന് ആരംഭം കുറിച്ചു. അതായിരുന്നു അവിടുത്തെ ആവശ്യം. എന്നാൽ പുതുവലിൽ വന്നപ്പോൾ പഴകിദ്രവിച്ചു ജീർണ്ണാവസ്ഥയിലായിരുന്നു ആരാധനാലായം. അനേക വർഷങ്ങൾക്കു മുമ്പ് പണിതതാണ്. ഇടുങ്ങിയ ദേവാലയത്തിൽ ധാരാളം ആളുകൾ ആരാധനയ്ക്കായി എത്തുമായിരുന്നതിനാൽ എല്ലാ ആഴ്ചയും ഒന്നോ രണ്ടോ പേർ മയങ്ങി വീഴുമായിരുന്നു. അവിടെ ഒരു ദേവാലയം നിർമ്മിക്കുവാൻ ആരംഭിച്ചു. പകുതിവഴിയിൽ സ്ഥലം മാറിപ്പോയി.

## ഉപസഭകൾ

കുളത്തുപ്പുഴ, പിറവന്തൂർ, മാക്കുളം, ഇളമണ്ണൂർ ഇവയായിരുന്നു ഉപസഭകൾ. അതിൽ കുളത്തുപ്പുഴ ഒഴികെ മറ്റെല്ലാം നാമാവശേഷമായിപ്പോയി. സ്റ്റീഫൻ കേസ് തകർത്ത സഭകളാണിവ.

കുളത്തുപ്പുഴയിൽ എ.പി.നൈനാൻ സ്ഥാപിച്ച സഭയാണ്. നല്ല ഒരു യു.പി. സ്കൂളും ഉണ്ടായിരുന്നു. ധനവാന്മാരായ നൈനാൻ കുടുംബവും കുറച്ച് സാമ്പത്തികശേഷി കുറഞ്ഞ അംഗങ്ങളുമായിരുന്നു അവിടെ. അവിടുത്തെ സേവനം വളരെ സഹായകരമായിരുന്നു. ഇന്നും പുതുവൽ ഇടവക ഞങ്ങളോടു കണിക്കുന്ന സ്നേഹം വളരെ അധികമാണ്. കുളത്തൂപ്പുഴ സഭ ഒരു കുടുംബത്തിന്റെ വകയായിരുന്നു. ഇപ്പോൾ മഹായിടവകയുടെ വകയായി. ആ കുടുംബത്തോട് നന്ദിയുണ്ട്.

മക്കൾ: പുതുവലിൽ വച്ചാണ് ക്രിസ്റ്റിയും, ശാന്തിയും ജനിച്ചത്. ക്രിസ്റ്റി 1967 ഫെബ്രുവരി 14-ാം തീയതിയും ശാന്തി 1968 ആഗസ്റ്റ് 23-നും ജനിച്ചു. കുഞ്ഞമ്മയുടെ ബന്ധു കൂടിയായ ഡോ. വർഗീസ് മത്തായിയുടെ ജനത ഹോസ്പിറ്റലിലായിരുന്നു ശാന്തിയുടെ ജനനം. പുഷ്പഗിരിയിലാണ് ക്രിസ്റ്റിയെ പ്രസവിച്ചത്.

അവിടെ ചാർജ്ജെടുത്തശേഷം ഒന്നൊന്നരവർഷത്തേക്ക് ഇടവകജനങ്ങളെ പരിചയപ്പെടുന്നതിനും അവരുടെ വിശ്വാസം ആർജ്ജിക്കുന്നതിനുമാണ് ശ്രമിച്ചത്. അവിടുത്തെ ഏറ്റവും വലിയ ആവശ്യമായ കണ്ടത്

ഒരു വിശാലമായ ദേവാലയമായിരുന്നു. ജനങ്ങളുടെ പ്രതികരണം മനസ്സിലാക്കി. സാമ്പത്തികമായി വളരെ പിന്നോക്കമായിരുന്നു ഇടവകയും ഇടവകജനങ്ങളും. എങ്കിലും ആവശ്യബോധം ഉള്ളവരാക്കി. ദേവാലയം ഉണ്ടാകണമെന്ന് ഏകകണ്ഠമായി തീരുമാനിച്ചു. പണം എവിടെ എന്ന ചോദ്യം ഉയർന്നു. – "സ്വർഗ്ഗത്തിലെ ദൈവം കാര്യം സാധിപ്പിക്കും" എന്ന വിശ്വാസം ജനങ്ങൾക്കുണ്ടായി. ചെറിയ ചെറിയ തുകകളുടെ വാഗ്ദാനങ്ങൾ ലഭിച്ചു. ഇന്നത്തെപ്പോലെ ഒറ്റപ്പണക്കാരുപോലും അന്നില്ലായിരുന്നു. ആത്മവിശ്വാസമുള്ള ഒരു പറ്റം കമ്മറ്റിക്കാരുണ്ടായിരുന്നു. സഹകരിക്കുന്ന ജനങ്ങളും.

ഒരു പരിപാടി വിജയിക്കണമെങ്കിൽ ദൈവത്തിലുള്ള വിശ്വാസം മാത്രം പോരാ–നല്ല ആത്മവിശ്വാസവും വേണം–ജനങ്ങളുടെ സഹകരണവും കൂട്ടായ്മയും അത്യന്താപേക്ഷിതം. കഠിനാദ്ധ്വാനവും അത്യന്താപേക്ഷിതമാണ്. ഭിന്നിച്ചിരിക്കുന്നിടത്ത് ഒന്നും നടക്കുകയില്ല. പ്രാർത്ഥനയുടെ പിൻബലത്തോടെ പണി ആരംഭിച്ചു. സ്ഥലം മാറുന്നതിനു മുമ്പ് മുക്കാൽ ഭാഗം പണിയും പൂർത്തീകരിക്കുവാൻ കഴിഞ്ഞു.

5 വർഷംകൊണ്ട് പുതുവൽ ഇടവകയ്ക്ക് ദൈവകൃപയാൽ ഒരു പുതു ജീവൻ ലഭിച്ചു. ജനങ്ങൾ സംതൃപ്തരായിരുന്നു. ജോൺ തിരുമേനി മിക്കവാറും അവിടെ വരുമായിരുന്നു. ഒരിക്കൽ സന്ദർശനത്തിന് വന്നപ്പോൾ"ഞങ്ങളുടെ അച്ചനെ ഈ വർഷം മാറ്റരുത്" എന്നവർ ആവശ്യപ്പെട്ടു. "ഒരു ചെറുപ്പക്കാരനെ സ്വന്ത നാട്ടിൽ 5 വർഷം പ്രവർത്തിക്കുവാൻ തന്നു. ഇനി ഒരു നന്മ അയാൾക്ക് വരുന്നതിന് നിങ്ങൾ എന്തിന് തടസ്സം നിൽക്കുന്നു" എന്നു പറഞ്ഞ് അവരെ നിരുത്സാഹപ്പെടുത്തി. ഞങ്ങളെ മദ്രാസിലേക്കാണ് തിരുമേനി സ്ഥലംമാറ്റിയത്.

വളരെ വിപുലമായ ഒരു യാത്രയയപ്പ് അവർ നൽകി. സമ്മാനമായി 2 ടെറികോട്ടൺ കുപ്പായത്തിന്റെ തുണിയാണ് തന്നത്. ഇടവകയുടെ സാമ്പത്തികനില ദയനീമായിരുന്നു. പാരിതോഷികം ഒന്നും ആഗ്രഹിച്ചില്ല. അതിനുവേണ്ടി പിരിവെടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തി.

## ദേശത്തുപട്ടക്കാരൻ

## സ്ഥലംമാറ്റം

ദൈവഹിതത്തിന് പൂർണ്ണമായി വിധേയപ്പെടുക. ബിഷപ്പുമാരിൽക്കൂടെ ദൈവം പ്രവർത്തിക്കുന്നതാണ്. നിയോഗിക്കുന്ന സ്ഥലം ഏതായാലും സന്തോഷത്തോടെ സ്വീകരിക്കുക. അവിടെ മറ്റെവിടെയുമെന്നതുപോലെ പ്രവർത്തിക്കുക. ഫലം സന്തോഷകരമായിരിക്കും. അതിന് തടസ്സം നിൽക്കരുത്. സ്വന്ത താല്പര്യത്തിന് വേണ്ടി ആരെയും സമീപിക്കുകയും

അരുത്. ബിഷപ്പുമാർ ദൈവകരങ്ങളിലെ ഉപകരണം മാത്രം. ഈ വലിയ പാഠം പഠിക്കുവാൻ കഴിഞ്ഞു എന്നു തന്നെയല്ല ആ അനുസരണം അനുഗ്രഹകരവുമായിരുന്നു.

വളരെ അപ്രതീക്ഷിതമായിട്ടാണ് മദ്രാസിലേക്ക് സ്ഥലം മാറ്റിയിരിക്കുന്നതെന്നറിഞ്ഞത്. പത്രദ്വാരാ വാർത്ത അറിഞ്ഞപ്പോൾ പരിഭ്രാന്തിയാണുണ്ടായത്. കാരണം ഞങ്ങളെപ്പോലെ ഒരു കൊച്ചുകുടുംബം മദ്രാസ് പോലെ ഒരു പട്ടണത്തിലെ വലിയ ഇടവകയിൽ പ്രവർത്തിക്കുക-ഓർക്കുവാൻപോലും പ്രയാസമായി തോന്നി. കാട്ടുപത്തനാപുരത്തു നിന്നു മദ്രാസ് പട്ടണത്തിലേക്ക്. ഈ വാർത്ത അറിഞ്ഞ് ജോൺ തിരുമേനിയെ ഒന്നു കാണാമെന്നു കരുതി കോട്ടയത്തിനുപോയി. തിരുമേനിയെ അരമനയിൽ ചെന്നുകണ്ടു. "തിരുമേനി, വലിയ ഇടവകയാണല്ലോ-എനിക്കതിനുള്ള കഴിവില്ലല്ലോ" എന്ന് ഭയത്തോടുകൂടി പറഞ്ഞു. തിരുമേനിയുടെ മറുപടി "ഞാൻ വളരെ ആലോചിച്ചിട്ടാണ് സ്ഥലം മാറ്റിയത്. നിങ്ങളെ മദ്രാസ് ഇടവകയിലേക്കല്ല-മദ്രാസ് പട്ടണത്തിലെ അച്ചനായിട്ടാണ് നിയമിച്ചിരിക്കുന്നത്" എന്ന വലിയ തത്വചിന്തയാണദ്ദേഹം നൽകിയത്.

ഒരു പട്ടക്കാരൻ ഒരിടവകയുടെ മാത്രം അച്ചനല്ല. ആ പ്രദേശത്തിന്റെ മുഴുവൻ ഇടയനാണ്. തിരുമേനി പഠിപ്പിച്ചത് ഈ പാഠം ഇന്നുവരെ ഓർത്ത് പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇടയശുശ്രൂഷ ഒരു സഭയിലോ സമുദായത്തിലോ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ല. സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി നൽകേണ്ടതാണ്. യെശയ്യാവ് വലിയ പ്രവാചകനായിരുന്നതോടൊപ്പം ഒരു വലിയ രാഷ്ട്രതന്ത്രജ്ഞനും, രാജ്യസ്നേഹിയും കൂടിയായിരുന്നല്ലോ. പഴയ കാലങ്ങളിൽ കേരള ക്രൈസ്തവർ പട്ടക്കാരെ "ദേശത്തു പട്ടക്കാരൻ" എന്നാണ് വിളിച്ചുപോന്നത്. ഒരു പട്ടക്കാരൻ ആ ദേശത്തിന്റെ മുഴുവൻ പട്ടക്കാരനാണ്.

എല്ലാ സഭകളിലും, ജാതികളിലും, മതങ്ങളിലും, പ്രത്യയശാസ്ത്രങ്ങളിലും വിശ്വസിക്കുന്നവർ എനിക്ക് സ്നേഹിതരായുണ്ട്. അച്ചനായിരുന്നപ്പോഴും, ബിഷപ്പായിരുന്നപ്പോഴും വിശ്രമജീവിതം നയിക്കുമ്പോഴുമെല്ലാം എല്ലാവരുമായി സ്നേഹബന്ധം പുലർത്തുവാൻ എനിക്ക് കഴിയുന്നു എന്നുള്ളതിൽ അഭിമാനമുണ്ട്.

## മദ്രാസിലേക്കുള്ള നിയോഗം

"ഞാൻ ബാലനെന്ന് നീ പറയരുത്" "നിന്നെ അയയ്ക്കുന്ന ഏവരുടെയും അടുക്കലേക്ക് പോക". ഈ വാക്കുകളാണ് ഇത്തരുണത്തിൽ ഓർമ്മയിൽ വന്നത്. എന്നെ എന്നും പിടികൂടിയിരുന്ന ഒരു മനോഭാവം ആണ് "ഞാൻ ബാലനാണ്" എനിക്കതിന് കഴിവില്ല എന്നുള്ളത്. എന്നെ

ക്കൊണ്ടതു സാധിക്കുമോ. ഞാൻ തീരെ പോരാത്തവനുമല്ലെ എന്ന ചിന്ത എപ്പോഴും എന്നെ അലട്ടിയിട്ടുണ്ട്. ഇപ്പോഴും ആ ചിന്തയാണെന്റെ മുമ്പിൽ ആദ്യം വരുന്നത്. എന്നാൽ ദൈവത്തെ അനുസരിക്കുന്നതിന് അതൊരിക്കലും തടസ്സമായിരുന്നിട്ടില്ല. ധീരത കൈവരിച്ചുകൊണ്ടുപോകും-ദൈവം അത്ഭുതകരമായി നടത്തിയിട്ടുമുണ്ട്.

ജീവിതത്തിലുടനീളം ഈ ചിന്ത എന്നെ ഭരിച്ചിട്ടുണ്ട്. ഞാൻ എന്തുള്ളൂ-എന്റെ കഴിവുകൾ പരിമിതമല്ലേ. എങ്ങനെ ഇത്ര വലിയ സ്ഥാനത്തു പ്രവർത്തിക്കും. മദ്ധ്യകേരള മഹായടിവകയിലെ സമുന്നതസ്ഥാനങ്ങൾ എല്ലാം വഹിക്കുവാനുള്ള ഭാഗ്യവും അവസരവും എനിക്ക് ലഭിച്ചിട്ടുണ്ട്. ഇവിടെ എല്ലാം ഭയത്തോടുകൂടിയാണ് ശുശ്രൂഷ ഏറ്റെടുത്തിട്ടുള്ളത്.

## ഉത്തരവാദിത്വങ്ങൾ-സ്ഥാനമാനങ്ങൾ തേടിവരണം

സ്ഥാനമാനങ്ങൾ നമ്മെ തേടിവരണം. നാം അവയെ തേടിപ്പോകയല്ല വേണ്ടത്. എന്റെ മനസ്സിൽ വന്നിട്ടുള്ള ഈ ചിന്ത ജീവിതത്തിൽ അന്വർത്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.ഇന്ന് സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള പരക്കം പാച്ചിലാണ് നാം കാണുന്നത്. സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനുവേണ്ടി ഏതുമാർഗ്ഗവും ഉപയോഗിക്കുവൻ മടി കാണിക്കാത്തവരാണിന്നധികവും. അവർക്കുമാത്രമെ ഇക്കാലങ്ങളിൽ സ്ഥാനമാനങ്ങൾ ലഭിക്കുകയുള്ളു എന്ന സ്ഥിതി വന്നിട്ടുണ്ട്. സഭയുടെ ഈ സ്ഥിതിപരിതാപകരവും, സഭയുടെ വളർച്ചയ്ക്ക് തടസ്സവുമാകുന്നു. ഹൃദയം തുറന്നു പറഞ്ഞാൽ ഒരു സ്ഥാനമാനവും ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നാൽ അനേകം ഉന്നതസ്ഥാനങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. എല്ലാം ദൈവത്തിന്റെ ദാനം. ഒരു സ്ഥാനത്തിനു വേണ്ടിയും അവിഹിതമാർഗ്ഗങ്ങൾ ഉപയോഗിക്കുവാനോ അതിനുവേണ്ടി ഓടി നടക്കുവാനോ ഇടയായിട്ടില്ല "കിട്ടിയാൽ ദൈവഹിതം, കിട്ടിയില്ലെങ്കിൽ അതും ദൈവഹിതം" എന്നു പൂർണ്ണമായി വിശ്വസിച്ചു. അനേകംപേർക്ക് ഈ ഉപദേശം നൽകിയിട്ടുമുണ്ട്.

## തെരഞ്ഞെടുപ്പുകൾ

ജീവിതത്തിൽ ആദ്യമായി ഒരു തെരഞ്ഞെടുപ്പിനെ നേരിട്ടത് കോളജ് വിദ്യാർത്ഥിയായിരുന്നപ്പോഴാണ്. കുന്നിട എന്ന കൊച്ചുസഭയിൽ ഒരു യൂത്ത് ലീഗ് ഇല്ലായിരുന്നു. അന്ന് യൂത്ത് ലീഗ് (ഇപ്പോഴത്തെ യുവജന പ്രസ്ഥാനം) സെക്രട്ടറി റവ.പോത്താ ഫിലിപ്പ് അച്ചനായിരുന്നു. അന്ന് അച്ചനുമായി എഴുത്തുകുത്തുകൾ നടത്തി കുന്നിട ഒരു യൂത്ത് ലീഗ് ആരംഭിച്ചു. ആദ്യസമ്മേളനം വിളിച്ചുകൂട്ടി ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ സമയമായി. ഒരു കുടുംബക്കാർക്ക് അംഗസംഖ്യകൂടുതലുള്ള സഭയായിരുന്നു അത്. തെരഞ്ഞെടുപ്പു വന്നപ്പോൾ അവരുടെ അംഗങ്ങളെ

ഓരോ സ്ഥാനത്തേക്ക് അവർ തെരഞ്ഞെടുത്തു. അടുത്ത ആഴ്ച ഉപന്യാസം വായിക്കുവാൻ എന്നോടും ആവശ്യപ്പെട്ടു. പിന്നീട് ഒരിക്കലും ആ യുവജന മീറ്റിംഗ് കൂടിയിട്ടില്ല. അവിടംകൊണ്ടവസാനിച്ചു.

പ്രാപ്തിയും താല്പര്യവുമുള്ളവരെ ഒഴിച്ചുനിർത്തുകയും സ്ഥാപിത താല്പര്യം വച്ചുപുലർത്തി യോഗ്യതയില്ലാത്തവരെ സ്ഥാനങ്ങളിൽ വരുത്തുകയും ചെയ്യുന്ന പ്രവണത സമൂഹത്തിന്റെ, സംഘടനയുടെ വളർച്ചയെ വളരെ പ്രതികൂലമായി ബാധിക്കുന്നു എന്നവിടെ വച്ച് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു ചെറിയ കാര്യമായിരുന്നതെങ്കിലും ഒരു വലിയപാഠം പഠിക്കുവാൻ മുഖാന്തരമായി. സ്ഥാപിതതാല്പര്യങ്ങൾക്കു മുൻഗണന നൽകുന്ന പ്രസ്ഥാനങ്ങൾ പരാജയപ്പെടും. വ്യക്തിതാല്പര്യം, സ്ഥാപിത താല്പര്യം, സ്വാർത്ഥത അധികാരമോഹം മുതലായവ മൂലം സമൂഹത്തിനും സഭയ്ക്കും പ്രയോജനമുള്ളവരുടെ സേവനം നഷ്ടമാകുന്നു. ഇന്നത്തെ തെരഞ്ഞെടുപ്പുരീതികൾ തികച്ചും ക്രിസ്തീയതയ്ക്ക് ചേർന്നതാണോ എന്നു ചിന്തിക്കേണ്ടതാണ്. വ്യക്തി താല്പര്യവും സ്വാർത്ഥതയും മൂലം തെരഞ്ഞെടുക്കപ്പെടേണ്ടവർ, അതിന് അർഹതയുള്ളവർ തള്ളപ്പെടുന്നു. കഴിവുള്ള പലരും തള്ളിക്കയറാൻ വരാത്തതു മൂലം മുഖ്യധാരയിൽനിന്ന് ഒഴിവാക്കപ്പെടുന്നു എന്നുള്ളത് സത്യം മാത്രം.

സഭാപരമായ തെരഞ്ഞെടുപ്പുകളിൽ ഒരു ജ്യൂഡിഷൽ മൈൻഡ് (അർഹതയുള്ളവരെ അർഹതയുള്ള സ്ഥാനത്ത് അർഹമായ സമയത്ത് ആക്കുക-അതാണ് ന്യായമായകാര്യം-സ്ഥാപിത താല്പര്യം അതിനെ ഹനിക്കരുത്) അത്യാന്താപേക്ഷിതമാണ്.

രണ്ടാമത്തെ തെരഞ്ഞെടുപ്പ് ബി.എ. വിദ്യാർത്ഥിയായി എൻ.എസ്. എസ്. കോളജിൽ പഠിക്കുമ്പോഴാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ യാദൃച്ഛികമായി വന്നുപെട്ടതാണ്. പിന്നീട്കേരളത്തിൽ ധനമന്ത്രിയായ തച്ചടി പ്രഭാകരൻ അന്ന് കോളജിൽ പ്രീ-ഡിഗ്രിക്ക് പഠിക്കുന്നതിനായി വന്നു. നല്ല ഒരു രാഷ്ട്രീയ പ്രവർത്തകനായിരുന്നു അദ്ദേഹം. അക്കാലത്ത് ഇ. എം.എസ്. മുഖ്യമന്ത്രിയായ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരായുള്ള വിമോചനസമരം, മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നടന്നു കഴിഞ്ഞ സമയമാണ്. അപ്പോൾ കോളജിൽ ഒരു കെ.എസ്.യു. സംഘടനയ്ക്ക് രൂപം നല്കി. എന്നെ അതിന്റെ വൈസ് പ്രസിഡന്റ് ആയി തെരഞ്ഞെടുത്തു. പിന്നീട് നടന്ന കോളജ് ഇലക്ഷനിൽ കെ.എസ്.യു. സ്ഥാനാർത്ഥിയായി ഇക്കണോമിക്സ് അസോസിയേഷൻ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പ്രഭാകരൻ നായർ സാർ ആയിരുന്നു പ്രസിഡന്റ്. വളരെ വാശിയേറിയ തെരഞ്ഞെടുപ്പായിരുന്നു. എന്നെ തേടിവന്ന ഒരു സ്ഥാനമായിരുന്നു അത്. ഈശോ തോമസായിരുന്നു സെക്രട്ടറി. അന്ന് ഈ സ്ഥാനം വലിയ പദവിയായിരുന്നു.

പൊതുവെ നാണം കുണുങ്ങിയായിരുന്ന എന്നെ തെളിയിച്ചെടുക്കുന്നതിന് ദൈവം നൽകിയ ഒരു വരദാനമായിരുന്നു അത്. അവിടെവച്ചാണ് പ്രസംഗ കല പഠിച്ചത്. നാണം കൂടാതെ ഏതു സദസ്സിലും പ്രസംഗിക്കുവാനുള്ള പരിശീലനം അവിടെയാണ് ലഭിച്ചത്.

ലഭിക്കുന്ന സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കുകയും അത് പൊതു നന്മയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യുകയെന്നുള്ളതാണ് ചുമതല.

ഈ സ്ഥാന ലബ്ധി പിൽക്കാല ജീവിതത്തിൽ എനിക്കേറ്റവും അനുഗ്രഹമായി. രാഷ്ട്രീയനേതാക്കളും ആത്മീയ നേതാക്കളുമായെല്ലാമുള്ള പരിചയം. ആരെയും നേരിടുവാനും സംസാരിക്കുവാനുമുള്ള കഴിവെല്ലാം ലഭിച്ചു. ദൈവം തന്റെ മൂശയിൽ ഒരുക്കുന്ന അനുഭവമായിരുന്നു അത്. ബിഷപ്പ് സ്ഥാനത്തേക്കുള്ള ഒരു ചുവടുവയ്പ് കൂടിയായിരുന്നു അത്. ദൈവം ഒരുക്കിയ ഒരുവഴി.

വീണ്ടുമൊരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത് ദീർഘവർഷങ്ങൾക്കുശേഷമാണ്. മദ്രാസ് ഇടവകയിൽനിന്നു സ്ഥലംമാറ്റി എന്നെ നിയമിച്ചത് കഞ്ഞിക്കുഴി അസൻഷൻ ഇടവകയിലാണ്. വലിയ ഇടവകയിലെ കാര്യങ്ങൾ നോക്കാൻ തന്നെ പ്രാപ്തിയില്ലാത്ത ഞാൻ ഇടവക പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങിക്കൂടി. അപ്പോഴാണ് ഡയോസിഷൻ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പു വന്നത്. റവ. എം. സി. മാണി ദീർഘകാലമായി സെക്രട്ടറിയായി പ്രവർത്തിക്കുകയാണ്. എം. എം. മാണിയും രംഗത്തുണ്ട്. മാണി അച്ചന് എതിർ സ്ഥാനാർത്ഥിയാകാൻ എം. എം. മാണി എന്നെ വളരെ നിർബന്ധിച്ചെങ്കിലും ഞാൻ ഒഴിഞ്ഞുമാറി. എം. എം. മാണി അന്നു മുനിസിപ്പൽ ചെയർമാനുമായിരുന്നു.

മാണി അച്ചനോട് കൗൺസിലിൽ കുറെപേർക്ക് എതിർപ്പുണ്ടായിരുന്നു. ഞാനും മാണി അച്ചനും തമ്മിൽ വളരെ അടുപ്പത്തിലുമായിരുന്നു. അച്ചനോടെതിർപ്പുള്ള ആളുകൾ രാവും പകലും എന്നെ സ്ഥാനാർത്ഥിയാകുവാൻ നിർബന്ധിച്ചു. ഇലക്ഷന്റെ തലേ രാത്രിയിൽ 2 മണി വരെ പാഴ്സനേജിൽ അവർ വന്ന് എന്നെ നിർബന്ധിച്ചു. മനസ്സില്ലാമനസ്സോടെ ഞാൻ സമ്മതിച്ചു. നേതൃത്വത്തിൽ വരാൻ മറ്റാരുമില്ല എന്ന പ്രസ്താവനയും സ്നേഹിക്കുന്ന ആളുകളുടെ നിർബന്ധവും സ്ഥാനാർത്ഥിയാകുവാൻ എന്നെ പ്രേരിപ്പിച്ചു. അവരുടെ നിർബന്ധപ്രകാരം ഞാൻ നോമിനേഷൻ പേപ്പറിൽ ഒപ്പിട്ടുകൊടുത്തു. ഒരു മനുഷ്യനോടുപോലും വോട്ട് ചോദിക്കാതെ എന്റെ വോട്ടു പോലും ചെയ്യാതെ കുമാരനല്ലൂരിൽ ഒരു ശവസംസ്കാരത്തിനായി പോയി.

## ആദ്യ പരാജയം - അവസാനത്തെ പരാജയം

വോട്ട് എണ്ണിക്കഴിഞ്ഞപ്പോൾ 13 വോട്ടിന്റെ ഭൂരിപക്ഷത്തിന് മാണി അച്ചൻ ജയിച്ചു.

അന്ന് നന്നേ ചെറുപ്പമായിരുന്ന ഞാൻ ജയിക്കാതിരുന്നത് ദൈവഹിതമായിരുന്നു. എനിക്കത് നന്മയായി ഭവിച്ചു. ഒരു പ്രചരണവുമില്ലാതെ പ്രബലനായ ഒരാളോട് നിസ്സാര വോട്ടിന് പരാജയപ്പെട്ടതു ചെറുപ്പക്കാരനും തികച്ചും അക്കാലത്ത് അപരിചിതനുമായിരുന്ന എനിക്ക് വൻ വിജയമായിരുന്നു.

കഞ്ഞിക്കുഴിയിൽ ഇടവകപ്പട്ടക്കാരനായിരിക്കുമ്പോൾ മറ്റൊരു രംഗത്ത് പ്രവർത്തിക്കുവാൻ ഇടയായി. കോറിസ്റ്റേഴ്സ് അസോസിയേഷന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ഒമ്പത് വർഷത്തോളം അതിൽ തുടരുകയും ചെയ്തു. ആ ചുമതലയും എന്നെ തേടി വന്നതാണ്. കേരളത്തിലെ ചർച്ച് മ്യൂസിക്കിൽ ആദ്യത്തെ സംഘടനയാണ് എം.കെ.ഡി.സി.എ. ഇംഗ്ലണ്ടിലുള്ള റോയൽ സ്കൂൾ ഓഫ് മ്യൂസിക്കുമായി അഫിലിയേറ്റ് ചെയ്ത ഏക സംഘടനയുമിതാണ്. മഹായിടവകയിൽ ലഭിച്ച ആദ്യത്തെ പദവി ഇതാണ്.

ഡയോസിഷൻ ട്രഷറർ എന്ന പദവിയിലേക്കാണ് അഭിവന്ദ്യ ജോസഫ് തിരുമേനി കഞ്ഞിക്കുഴിയിൽ നിന്ന് എന്നെ നിയമിച്ചത്. മഹായിടവകയിലെ ബിഷപ്പ് കഴിഞ്ഞാലുള്ള ഏറ്റം വലിയ ചുമതലയാണിത്. സെക്രട്ടറി സ്ഥാനത്ത് വരാതിരുന്നത് ദൈവഇഷ്ടപ്രകാരം ഈ ചുമതലയ്ക്കു വേണ്ടിയായിരുന്നു. ട്രഷററുടെ നിയമനം ബിഷപ്പ് ചെയ്യുന്നതാണ്. In Consultation with the Executive. എക്സിക്യൂട്ടീവ് വളരെ സന്തോഷത്തോടെ ഈ നിയമനം സ്വീകരിച്ചു. അങ്ങനെ മഹായിടവകയുടെ സമുന്നത സ്ഥാനത്ത് ദൈവം ആക്കിവച്ചു. ദൈവം ബിഷപ്പ് ജോസഫ് തിരുമേനിയിൽ കൂടി പ്രവർത്തിച്ചു. ഇവിടുത്തെ പ്രവർത്തനം സന്തോഷകരമായിരുന്നു. അങ്ങനെ മഹായിടവക മുഴുവൻ അറിയപ്പെടുന്ന ആളായിത്തീർന്നു.

## ട്രഷറാർ

ചുമതല ഏല്ക്കുമ്പോൾ മഹായിടവക ഭാരിച്ച കടത്തിലായിരുന്നു. ആ കാലത്ത് ഉണ്ടായ ഭീമമായ കടബാദ്ധ്യത ജോസഫ് തിരുമേനിയുടെ കാലത്ത് തീർത്തുകൊണ്ടിരിക്കുകയായിരുന്നു. അന്ന് അനേകലക്ഷം രൂപായുടെ (ഏഴര ലക്ഷം) കടം വീട്ടാനുണ്ടായിരുന്നു. എന്റെ മുൻഗാമി പ്രഗത്ഭനായ വെരി. റവ. ജോസഫ് മാത്യു അച്ചനായിരുന്നു. എങ്ങനെ ഈ ചുമതല നിർവ്വഹിക്കാനാവും എന്ന ഭയമുണ്ടായിരുന്നു. എന്നാൽ

എന്നെ വളരെ സ്നേഹിച്ച ജോസഫ് തിരുമേനി നിർബ്ബന്ധപൂർവ്വം ഈ ചുമതല എന്നെ ഏല്പിച്ചു. ദൈവകൃപയിൽ മാത്രം ആശ്രയിച്ചുകൊണ്ട് ചുമതല ഏറ്റു. ദൈവകൃപ വ്യാപരിച്ചുകൊണ്ടിരുന്നു. എല്ലാ ഇടവകക ളിലും വലിയ ഒരു സുഹൃദ് വലയത്തെ ഉളവാക്കുവാൻ അക്കാലത്ത് കഴിഞ്ഞു. ഒട്ടും പ്രഗത്ഭനല്ലാത്ത ഞാൻ സ്ഥാനം ഒഴിയുമ്പോൾ ഏതാണ്ട് 7.5 ലക്ഷം രൂപാ മിച്ചം ഉണ്ടായി. (ഈ തുക അന്ന് ഒരു വലിയ തുകയാ യിരുന്നു). മുൻകാലത്തുണ്ടായ കടം ജോസഫ് തിരുമേനിയുടെ നേതൃ ത്വത്തിൽ വീട്ടി. മഹായിടവകയ്ക്ക് ആ കാലത്ത് സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ ഇടയായി.

സഭാപ്രവർത്തകർ അക്കാലം മുതലാണ് ഓഫീസിൽ വന്നാൽ കസേ രയിൽ ഇരുന്ന് സംസാരിക്കുവാനാരംഭിച്ചത്. പട്ടക്കാരും സഭാശുശ്രൂഷ കരും വളരെ സ്നേഹത്തോടുകൂടി ഇടപെട്ടു. സഭാപ്രവർത്തകരുടെ വക സെന്റ് ഓഫും സമ്മാനവും ഇദംപ്രഥമായി ഒരു ട്രഷറാർക്ക് നൽകി.

ഇക്കാലത്താണ് മാണിഅച്ചൻ ബിഷപ്പ് ആയത്. അന്ന് എന്റെ പേരും നിർദ്ദേശിക്കപ്പെട്ടു. എന്നാൽ അവസാന നിമിഷം പിന്മാറി. അദ്ദേഹം ബിഷ പ്പായി. എന്നെ തൽസ്ഥാനത്തുനിന്ന് മാറ്റിയില്ല. 5 വർഷം പൂർത്തീക രിച്ചു. ഒത്തിരി മാനസിക സംഘർഷം ഇക്കാലങ്ങളിൽ അനുഭവിക്കേണ്ടി വന്നു. ഒരു പ്രാവശ്യം രാജി വച്ചു. അത് പിൻവലിച്ചു. അന്ന് കെ.പി. ഫിലിപ്പ് അച്ചനും എം.എം. മാണിയും സെക്രട്ടറിമാരായിരുന്നു. സ്വന്ത നിലപാടുകളിൽ ഉറച്ചുനിന്നതുകൊണ്ട് മാനസിക സംഘർഷം ഉണ്ടായി.

1985-ൽ ട്രഷറാർ സ്ഥാനം ഒഴിഞ്ഞു. 5 വർഷത്തെ സേവനത്തിനു ശേഷം അടുത്ത ഇലക്ഷനിൽ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുവാൻ നിർബ്ബന്ധിക്കപ്പെട്ടു. എന്നാൽ ഞാൻ ഒഴിഞ്ഞു മാറുകയാണുണ്ടായത്. അല്ലാതെ തന്നെ പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് ഞാൻ വിശ്വസി ച്ചു. ഈ നിരസനം പിന്നീടുള്ള തെരഞ്ഞെടുപ്പുകൾക്കു വേണ്ടിയുള്ള പ്രചോദനം ആയിരുന്നു.

ഡോ. ജേക്കബ് ചാണ്ടി എന്നെ വിളിച്ചു ചോദിച്ചു: “അച്ചാ ദൈവം ഒരു കാര്യം ആവശ്യപ്പെട്ടാൽ അത് സാധ്യമല്ല എന്ന് പറയുന്നത് ശരിയോ?” ഞാൻ ‘അല്ല’ എന്നു മറുപടി പറഞ്ഞു. പിന്നെ എന്തുകൊണ്ട് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചില്ല. ഉത്തരം മുട്ടിപ്പോയി. മേലിൽ ഇങ്ങനെ ഉണ്ടാവരുത് എന്ന് സ്നേഹത്തോടുകൂടിയ ഉപദേശം അദ്ദേഹം നല്കി. പിന്നീട് തെരഞ്ഞെടുപ്പുകളെ നേരിടുവാൻ ഈ ഉപദേശം ശക്തി നല്കി. വോട്ടു ചോദിച്ച് നടക്കരുത് എന്നാൽ ദൈവം വിളിച്ചാൽ സ്വീക രിക്കണം. ഇതായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം.

അന്ന് എക്സിക്യൂട്ടീവിലേക്കും സിന്നഡിലേക്കും ഉള്ള തെരഞ്ഞെടുപ്പ് വാശിയോടുകൂടി നടക്കുകയാണ്. ഒരു ഔദ്യോഗിക പാനൽ ഉണ്ടായിരിക്കും. അത് അനായാസേന വിജയിക്കും. ഇതാണ് പതിവ്. എന്നോട് അനുകൂലമല്ലാത്ത നിലപാടു സ്വീകരിച്ചിരുന്ന നേതൃത്വം ഞാൻ ഇതിലെങ്ങും വരുന്നത് ഇഷ്ടപ്പെട്ടില്ല. അതാണ് സെക്രട്ടറി സ്ഥാനത്ത് വരാൻ ഞാൻ മടിച്ചതിന്റെ ഒരു കാരണം, ബിഷപ്പുമായി അഭിപ്രായവ്യത്യാസത്തിൽ പ്രവർത്തിക്കുവാൻ ആഗ്രഹിച്ചില്ല.

ഇലക്ഷൻ സമയമായി. ഔദ്യോഗിക പാനൽ അവതരിപ്പിച്ചു. ഇനിയും ഫ്ളോറിൽ നിന്ന് പേരുകൾ പറയാനാഗ്രഹിക്കുന്നെങ്കിൽ ഇപ്പോൾ പറയാം എന്ന് ബിഷപ്പ് അനൗൺസ് ചെയ്തു. ഫ്ളോറിൽ നിന്നുള്ള നോമിനേഷൻ നിർബന്ധപൂർവ്വം ജനങ്ങൾ വാങ്ങിയതാണ്. പെട്ടെന്ന് ഒരാൾ ചാടി എഴുന്നേറ്റ് 'റവ. സാം മാത്യു' എന്ന് നിർദ്ദേശിച്ചു. എനിക്ക് അതൊരു സർപ്രൈസ് ആയിരുന്നു. ഒളശ്ശ സഭാംഗമായ എം. കെ. മാണി ആയിരുന്നു അത്. അദ്ദേഹവുമായി വലിയ മുൻപരിചയം ഒന്നുമില്ലായിരുന്നു എനിക്ക്. സിന്നഡിലേക്കുള്ള തെരഞ്ഞെടുപ്പിലും എന്റെ പേര് നിർദ്ദേശിച്ചു. ഔദ്യോഗിക പാനൽ മാത്രമേ തെരഞ്ഞെടുക്കപ്പെടുകയുള്ളൂ എന്നുള്ളതായിരുന്നു പതിവ്. എന്നാൽ ഈ പതിവ് ലംഘിച്ചുകൊണ്ട് ജനം വൻപിച്ച ഭൂരിപക്ഷത്തോടെ എന്നെ വിജയിപ്പിച്ചു. ഔദ്യോഗിക പാനലിൽ ഏതെങ്കിലും ഒന്നിലേക്കു മാത്രമേ പേര് നിർദ്ദേശിക്കുകയുള്ളു. എന്നാൽ ഫ്ളോറിൽ നിന്ന് രണ്ടിലേക്കും എന്റെ പേര് നിർദ്ദേശിക്കപ്പെട്ടു. രണ്ടിടത്തും വിജയിയായി. സിന്നഡിൽ ഞാൻ വരണമെന്നുള്ളത് ദൈവനിയോഗമായിരുന്നു എന്ന് പിന്നീടാണ് മനസ്സിലായത്.

ഇതിനിടയിൽ ബിഷപ്പ് ഇലക്ഷൻ വന്നു. വലിയ പ്രചരണങ്ങളായിരുന്നു. അന്ന് ഞാൻ നന്നെ ചെറുപ്പമായിരുന്നു. എങ്കിലും എന്റെ പേര് കഞ്ഞിക്കുഴി അംഗങ്ങളായ ഒ. എ. ജേക്കബ്, ഐപ്പ് ജേക്കബ്ബ് എന്നിവർ നിർദ്ദേശിച്ചു. അവസാന നിമിഷം ഞാൻ സ്വയം പിന്മാറി. എന്നാൽ ഇത് ദൈവനിയോഗമായിരുന്നു എന്ന് പിന്നീട് മനസ്സിലാക്കി.

വീണ്ടും ഔദ്യോഗിക ഭാരവാഹിയാകുവാൻ ആഗ്രഹിച്ചില്ല. അന്ന് എം. റ്റി. തര്യൻ അച്ചനായിരുന്നു സെക്രട്ടറി. തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്റെ പേര് നിർദ്ദേശിക്കുവാൻ പലരും താല്പര്യപ്പെട്ടു. ഞാൻ നിരുത്സാഹപ്പെടുത്തി. എന്നാൽ ഡോ. ചാണ്ടിയുടെ ഉപദേശം സ്മരിച്ചു. നിർബ്ബന്ധത്തിന് വഴങ്ങി പേര് നിർദ്ദേശിക്കുവാൻ സമ്മതിച്ചു. ഞാൻ നിശ്ശബ്ദനായിരിക്കുകയും ചെയ്തു. ജയിക്കണമെന്നും, ചിന്തിച്ചില്ല. ദൈവഹിതമെങ്കിൽ ആവട്ടെ എന്ന് മാത്രം ചിന്തിച്ചു. ഇലക്ഷൻ നടന്നു. ഞാൻ ഒന്നുമറിയാതെ കൗൺസിലിൽ മുൻപിലത്തെ ബഞ്ചിൽ ഇരുന്നു. ഒരു ഉത്കണ്ഠയുമി

ല്ലായിരുന്നു. തര്യനച്ചൻ ജയിക്കുമെന്ന് അവർ കരുതി ഒരു പൂമാലയും ബൊക്കെയുമായി സ്വീകരിക്കുവാൻ ഒരുങ്ങി. എന്നാൽ 26 വോട്ടിന്റെ ഭൂരി പക്ഷത്തോടുകൂടി ഞാൻ വിജയിച്ചു എന്ന് ബിഷപ്പ് മാണി പ്രഖ്യാപിച്ച പ്പോൾ ഏറ്റവും കൂടുതൽ അത്ഭുതപ്പെട്ടത് ഞാനായിരുന്നു. കൊല്ലാട്ടു കാരൻ പി. പി. ദാനിയേൽ മറ്റവർ വാങ്ങി വച്ചിരുന്ന മുല്ലപ്പൂമാല എന്റെ കഴുത്തിൽ അണിയിച്ച് കയ്യടിയോടെ സ്വീകരിച്ചു. മനോരമ ഫോട്ടോയും എടുത്തു. അങ്ങനെ മഹായിടവക ക്ലർജി സെക്രട്ടറി ആയി തെരഞ്ഞെ ടുക്കപ്പെട്ടു. ഇതും ദൈവഹിതം. മറ്റൊന്നിലേക്കുള്ള ചവിട്ടുപടി പണിയു കയായിരുന്നു ദൈവം.

തെരഞ്ഞെടുപ്പ് പ്രചരണം ഒന്നും കൂടാതെ ഈ തെരഞ്ഞെടുപ്പിൽ ജയിച്ചത് ഒരു വലിയ അത്ഭുതമായിരുന്നു. ജനങ്ങളുടെ സ്നേഹവും എത്ര ത്തോളം ഉണ്ടായിരുന്നു എന്ന് മനസ്സിലായി. പിന്നീട് വരാൻ പോകുന്ന തിരഞ്ഞെടുപ്പുകൾക്ക് ഒരു വലിയ പിൻബലമായിരുന്നു ഇത്. ഈ പ്രാവ ശ്യവും സിന്നഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ദൈവം ഒരുക്കുന്ന വഴി കൾ. ദൈവം ബലവാന്മാരെയല്ല തെരഞ്ഞെടുക്കുന്നത് തെരഞ്ഞെടുക്കു ന്നവരെ ബലവാന്മാരാക്കുകയാണ്.

പിന്നീട് തെരഞ്ഞെടുക്കപ്പെട്ടത് ബിഷപ്പ് ആയിട്ടാണ്. ഈ സ്ഥാന ത്തേക്ക് മത്സരിക്കണമോ എന്നുള്ളത് എന്നെ ഭാരപ്പെടുത്തിയ കാര്യമാണ്. ഇവിടെയും ഞാൻ ബാലനാണെന്നുള്ള ചിന്ത ഭരിച്ചു. എന്നാൽ അനേകരുടെ നിർബന്ധവും പ്രോത്സാഹനവും എന്നെ ധൈര്യപ്പെടുത്തി. സത്യം പറഞ്ഞാൽ വളരെ ഏറെ ഭയത്തോടുകൂടിയാണ് മത്സരിക്കാമെ ന്നേറ്റത്. "വോട്ടിനുവേണ്ടി അവിഹിത മാർഗ്ഗങ്ങൾ ഉപയോഗിക്കയില്ല. വോട്ടു ചോദിച്ചു നടക്കയില്ല. അനാവശ്യമായി വോട്ടിനു വേണ്ടി പണം ചെലവഴിക്കില്ല. മറ്റു സ്ഥാനാർത്ഥികളെ താറടിക്കുകയില്ല. ആരെങ്കിലും എനിക്കു വേണ്ടി വോട്ടു ചോദിച്ചാൽ അതിനെ തടയുകയുമില്ല. - ദൈവ ഹിതത്തിന് സമ്പൂർണ്ണമായി വിധേയപ്പെട്ടിരിക്കും. കിട്ടിയാൽ ദൈവഹിതം കിട്ടിയില്ലെങ്കിലും ദൈവഹിതം." ഈ തീരുമാനത്തോടുകൂടിയാണ് മത്സ രിക്കാമെന്നേറ്റത്. ദൈവം അങ്ങനെ പ്രവർത്തിക്കുകയും ചെയ്തു. സ്തോത്രം. വളരെ ഏറെ എതിരാളികളിൽ നിന്ന് എതിർപ്പുകൾ നേരി ടേണ്ടി വന്നു. അക്കഥ പിന്നീട്.

# മദ്രാസ് ഇടവക (1971–75)

"ഞാൻ ബാലനെന്ന് നീ പറയരുത്."

1940–കളിൽ മദ്രാസ് പട്ടണത്തിൽ ഉന്നതസ്ഥാനങ്ങളിൽ ഗവൺമെന്റിലും, സഭാസ്ഥാപനങ്ങളിലും അനേകം മലയാളികൾ പ്രവർത്തിച്ചിരുന്നു. പിന്നീട് മഹാരാഷ്ട്ര ഗവർണ്ണറായ ഡോ. പി. വി. ചെറിയാൻ തുടങ്ങി നിരവധി സി.എസ്.ഐ. ക്കാരുണ്ടായിരുന്നു. മറ്റു പല സ്ഥാനങ്ങളിലും ജോലിക്കായി വന്ന അനേകം സാധാരണക്കാരുമുണ്ടായിരുന്നു. അക്കാലത്ത് മദ്രാസ് ക്രിസ്ത്യൻ കോളജിൽ മലയാള അദ്ധ്യാപകനായിരുന്ന എം. സി. ചാണ്ടി സാർ ഈ മലയാളികൾക്കുവേണ്ടി ഒരു ലോഡ്ജ് കൂടി തന്റെ താമസസ്ഥലത്തോടനുബന്ധിച്ച് നടത്തിയിരുന്നു. അവിടെയുള്ള മലയാളികൾക്കായി ഒരു പ്രാർത്ഥനാ ഗ്രൂപ്പും, അദ്ദേഹം നടത്തി. അക്കാലങ്ങളിൽ മദ്രാസ് വഴി യാത്ര ചെയ്യുന്ന സി.എസ്.ഐ.യിലെ പട്ടക്കാർ ഈ ലോഡ്ജിൽ ക്ഷണിക്കപ്പെടുകയും അവർ വി. സംസർഗ്ഗശുശ്രൂഷ മലയാളത്തിൽ നടത്തുകയും ചെയ്തുപോന്നു. വല്ലപ്പോഴും നടക്കുന്ന ഈ ശുശ്രൂഷയിൽ ധാരാളം മലയാളികൾ സംബന്ധിച്ചു പോന്നു. മലയാളി ക്രിസ്ത്യാനികൾ ലോകത്തിന്റെ ഏതു ഭാഗത്തുണ്ടായാലും അവർക്ക് ഒരു ആരാധനാലയം ഉണ്ടായിരിക്കും. അത് അവരുടെ ഒരു പ്രത്യേകതയാണ്. പ്രത്യേകിച്ചും മദ്ധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ.

അന്നത്തെ സി.എം.എസ്. സഭയിലെ അംഗങ്ങളായവർക്ക് ഒരു ക്രമീകൃതമായ ആരാധനാ സൗകര്യവും മലയാളത്തിൽ ഉണ്ടാകണമെന്ന ആഗ്രഹത്തോടുകൂടി പട്ടക്കാരെ ക്രമമായി വരുത്തി ചാണ്ടി സാറിന്റെ നേതൃത്വത്തിൽ ആരാധന നടത്തിപ്പോന്നു. ഡോ. പി.വി. ചെറിയാൻ, കെ. എം. കോശി, ഡോ. പി. ഒ. ഉമ്മൻ, സൂസി ഉമ്മൻ, ഡോ. ഏബ്രഹാം തുടങ്ങിയ പ്രമുഖരായ ആളുകളുടെ പിന്തുണയും ചാണ്ടി സാറിന് ലഭിച്ചു. അങ്ങനെ ഒരു മലയാളം കോൺഗ്രിഗേഷൻ മദ്രാസിൽ ആരംഭിച്ചു. കുറെ നാൾ ലോഡ്ജ് മുറിയിൽ തന്നെ ആരാധന നടത്തി. ഒടുവിൽ മൗണ്ട് റോഡിൽ ഉള്ള ക്രൈസ്റ്റ് ചർച്ച് വാടകയ്ക്കെടുത്ത് അവിടെ ആരാധന നടത്തി. റവ. സി. റ്റി. തോമസ് അച്ചൻ അവിടുത്തെ പട്ടക്കാരനായി നിയമിതനായി. പിന്നീട് ഈ കോൺഗ്രിഗേഷന്റെ വളർച്ച അഭൂതപൂർവ്വമായി. പട്ടക്കാർക്ക് താമസിക്കുവാൻ ചെട്പെറ്റിൽ ഒരു വീട് വാടകയ്ക്ക് വാങ്ങി. ഇടവക പട്ടക്കാരൻ പ്രസിഡന്റും, ഡോ. പി. വി. ചെറിയാൻ വൈസ് പ്രസിഡന്റ്, എം. സി. ചാണ്ടി സെക്രട്ടറിയും ആയി ഒരു കമ്മറ്റി പ്രവർത്തിച്ചു. പിന്നീട് കെ.എം. കോശി, കയ്യാലക്കകത്ത് സെക്രട്ടറിയായി ദീർഘവർഷങ്ങൾ പ്രവർത്തിച്ചു. കെ. ജെ. ഏബ്രഹാം ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു.

പിന്നീട് നിയമിതനായത് റവ. സി.ഐ. ചാക്കോ അച്ചനായിരുന്നു. ഉത്സാഹശീലനായ അച്ചന്റെ നേതൃത്വത്തിൽ എഗ്മൂർ സെന്റ് ആൻഡ്രൂസ് കെർക്ക് കോമ്പൗണ്ടിൽ അവർ നല്കിയ ഏതാനും സെന്റ് സ്ഥലത്ത് ഒരു പാഴ്സനേജ് പണിതു. ഇന്നും ഈ പാഴ്സനേജ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

അടുത്തതായി നിയമിതനായത് റവ. മാത്യു മാത്യു അച്ചനായിരുന്നു. അച്ചനു ശേഷം റവ. എൻ. ടി. ജേക്കബ് അച്ചനായിരുന്നു. ഇക്കാലത്ത് സഭയിൽ ഒരു വലിയ ഭിന്നത ഉണ്ടായി. പ്രമുഖരായ 9 കുടുംബങ്ങൾ സഭയിൽ നിന്ന് മാറിപ്പോയി. സഭയിൽ ഭിന്നത രൂക്ഷമായിരിക്കുമ്പോഴാണ് വളരെ ചെറുപ്പക്കാരനായിരുന്ന എന്നെ അവിടേക്ക് നിയമിച്ചത്.

### മദ്രാസിലേക്കുള്ള നിയമനം

പുതുവലിലെ പ്രവർത്തനങ്ങളിൽ സംതൃപ്തനായ ജോൺ തിരുമേനി മദ്രാസ് ഇടവകയിലേക്കാണ് എന്നെ നിയമിച്ചത്. പത്രത്തിൽ വാർത്ത കണ്ടപ്പോൾ ഞാൻ ഭയപ്പെട്ടുപോയി. മദ്രാസ് പട്ടണം, പ്രഗത്ഭരായ പട്ടക്കാരുടെ പിൻഗാമി, വലിയ ഇടവക ഇതെല്ലാം എന്നെ ഭയചകിതനാക്കി. എന്റെ കുറവുകളും ബലഹീനതയും അജ്ഞതയും എല്ലാം എന്നെ പരിഭ്രമിപ്പിച്ചു. ഞാൻ തിരുമേനിയുടെ അടുക്കൽ ചെന്ന് വളരെ ഭയത്തോടും വിനയത്തോടും കൂടി എന്റെ അതൃപ്തിയെക്കുറിച്ചു പറഞ്ഞു.

സ്ഥലംമാറ്റത്തിൽ കർക്കശക്കാരനായിരുന്ന തിരുമേനി ഒരു മാറ്റവും വരുത്തിയില്ല എന്ന് തന്നെയല്ല "നിങ്ങളെ മദ്രാസ് ഇടവകയിലെ 400-ൽ പരം കുടുംബങ്ങൾക്കുവേണ്ടിയല്ല മദ്രാസ് പട്ടണത്തിന്റെ പട്ടക്കാരനായിട്ടാണ് നിയമിക്കുന്നത്. ധൈര്യമായി പൊയ്ക്കൊൾക" എന്നു പറഞ്ഞു.

"ഞാൻ അയയ്ക്കുന്ന ഏവരുടേയും അടുക്കലേക്ക് പോകുക" എന്ന വാക്കുകൾ അന്വർത്ഥമായി. വലിപ്പച്ചെറുപ്പം കൂടാതെ എവിടെ അയച്ചാലും അവിടെ പോകുക എന്ന തത്വം പഠിച്ചു. പട്ടക്കാരൻ ദേശത്തു പട്ടക്കാരനായിരിക്കണം. ജാതിമതസഭാ വ്യത്യാസം കൂടാതെ ആരുടെയും ശുശ്രൂഷകനായിരിക്കണം.

## മദ്രാസിലെ ശുശ്രൂഷ

വളരെയേറെ ഭയത്തോടും അതിലേറെ ആശങ്കയോടുമാണ് മദ്രാസിലേക്ക് പോകുവാൻ തയ്യാറായത്. രണ്ടു പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള ഞങ്ങളുടെ കൊച്ചുകുടുംബം അവിടുത്തെ പ്രഗത്ഭരായ ആളുകളുടെ ഇടയിൽ എങ്ങനെ പ്രവർത്തിക്കും? കുഗ്രാമത്തിൽ ജനിച്ചുവളർന്ന് ഗ്രാമീണസഭകളിൽ പ്രവർത്തിച്ചു വളരെ ചെറുപ്പക്കാരായ ഞങ്ങൾക്ക്

പലവിധ ആശങ്കകളുണ്ടായിരുന്നു. വളരെ മെലിഞ്ഞ ശരീരപ്രകൃതിയോടു കൂടിയുള്ളവരായിരുന്നു ഞങ്ങൾ.

## അനുകൂല സാഹചര്യം

മദ്രാസ് ഇടവകക്കാർ ഇടവകയിലെ പ്രയാസങ്ങൾ കണക്കിലെടുത്ത് ഒരു മിടുക്കനായ അച്ചനെ അവർക്ക് കിട്ടണം എന്ന് ജോൺ തിരുമേനി യോടാവശ്യപ്പെട്ടിരുന്നു. "നിങ്ങൾക്ക് മിടുക്കനായ ഒരു കൊച്ചച്ചനെ ഞാൻ തരാം" എന്നദ്ദേഹം പറഞ്ഞിരുന്നു. അപ്പോൾ അവിടെ നിയമിതനായ കൊച്ചച്ചൻ മിടുക്കനാണെന്നവർ അങ്ങു ധരിച്ചു. അത് എനിക്ക് വളരെ ഗുണം ചെയ്തു. തിരുമേനിയുടെ വാക്കുകളാണ് എനിക്ക് പ്രവർത്തന ത്തിന് അടിസ്ഥാമനൊരുക്കിയത്.

## ട്രെയിൻ യാത്ര

അക്കാലത്ത് ഞങ്ങൾക്ക് പുനലൂർ വഴി പോകുന്നതായിരുന്നു സൗകര്യം. കൊച്ചുകുഞ്ഞുങ്ങളുമായി മീറ്റർഗേജ് ട്രെയിനിൽ പുനലൂരിൽ നിന്നു യാത്ര തിരിച്ചു. പിറ്റെ ദിവസം മദ്രാസിൽ എത്തി. കുറച്ച് ലഗേജും മനസ്സുനിറയെ ടെൻഷനുമായി മദ്രാസ് എഗ്മൂർ സ്റ്റേഷനിൽ ഇറങ്ങി. ഞങ്ങളെ സ്വീകരിക്കുവാൻ പ്ലാറ്റ് ഫോമിൽ വലിയ ഒരു ജനക്കൂട്ടമുണ്ടാ യിരുന്നു. പ്രായമുള്ളവരും മദ്ധ്യവയസ്കരും പിന്നെ യുവാവായ പട്ടക്കാ രനെ സ്വീകരിക്കുവാൻ ഒരു പറ്റം യുവാക്കളും സ്ത്രീകളും പുരുഷന്മാ രുൾപ്പെടെ നല്ല ഒരു ജനക്കൂട്ടം. പുതിയ അച്ചന്റെ ബസ്ക്യാമ്മ വളരെ മെലിഞ്ഞ ആളാണെന്ന് നേരത്തെ അവർ മനസ്സിലാക്കിയിരുന്നു. തന്മൂലം നർമ്മബോധമുള്ളവർ അവരുടെ കൂട്ടത്തിൽ മെലിഞ്ഞ സ്ത്രീകളെ മുൻനിരയിൽ നിർത്തി. പുതിയ കൊച്ചമ്മ താരതമ്യേന സ്തൂലശരീരിക ളായ അവിടുത്തെ ഡബ്ല്യൂ.എഫ്. അംഗങ്ങളെ കണ്ടുപേടിക്കാതെയിരി ക്കുവാൻ നർമ്മബോധത്തോടുകൂടി അവർ അത് അവിടെ പ്രഖ്യാപിക്കു കയും ചെയ്തു.

വളരെ ഗൗരവക്കാരനായ സെക്രട്ടറി കെ. എം. കോശിസാർ വന്ന് ഞങ്ങളെ അദ്ദേഹത്തിന്റെ നീലനിറമുള്ള അംബാസഡർ കാറിൽ കയറ്റി നേരെ പാഴ്സനേജിലേക്കു കൊണ്ടുപോയി. അവിടെ അന്നത്തേക്കുള്ള എല്ലാ ഭക്ഷണങ്ങളും മറ്റു കുറെ സാധനങ്ങളും കരുതിയിരുന്നു. എല്ലാ വരും അവിടെ വന്നു കുശലപ്രശ്നങ്ങൾക്കുശേഷം പ്രാർത്ഥിച്ചിട്ട് പിരി ഞ്ഞുപോയി. ഞങ്ങളുടെ ടെൻഷൻ പകുതിയായി കുറഞ്ഞു.

## കൈനിറയെ പണം

കാൽ അണത്തുട്ടുകൾ കൂട്ടിവച്ച് 100 രൂപായിൽ താഴെ മാത്രം ശമ്പളം

വാങ്ങി പരിചയിച്ച ഞങ്ങൾ അവിടെ ചെന്നയുടൻ തന്നെ ആ മാസത്തെ ശമ്പളം 500 രൂപായും അത്രയും തന്നെ തുക യാത്രയ്ക്കായും ട്രഷറാർ റ്റി. എ. കുരുവിള കൊണ്ടു തന്നപ്പോൾ അത്ഭുതപ്പെട്ടുപോയി, ദൈവത്തിനു സ്തോത്രം ചെയ്തു. അതിനുശേഷം യഥാകാലങ്ങളിൽ ശമ്പളവർദ്ധന തന്നുകൊണ്ടിരുന്നു. മദ്രാസ് മഹായിടവകയിലെ ഏതൊരു നാട്ടുപട്ടക്കാരനും ലഭിക്കുന്നതിലധികം ആയിരുന്നു മലയാളം കോൺഗ്രിഗേഷനിലെ ശമ്പളം. ശമ്പളം കൂട്ടണം എന്ന് തോന്നുന്ന അവസരങ്ങളിൽ കമ്മറ്റി നടക്കുമ്പോൾ അച്ചൻ ഒരു അഞ്ചു നിമിഷം ഒന്നുമാറിത്തരണം. ഞങ്ങൾക്കൊരു കാര്യം ആലോചിക്കുവാനുണ്ട് എന്നവർ പറയും. മടങ്ങിവരുമ്പോൾ ശമ്പളത്തോടു കൂടി ഇത്ര രൂപാ കൂട്ടി എന്നു പറയും. ഒരിക്കൽ എന്നോട് ഒന്നു മാറിയിരിക്കണം എന്നു പറഞ്ഞപ്പോൾ "ഇനിയും ശമ്പളം കൂട്ടിയാൽ ഞാൻ സ്വീകരിക്കുകയില്ല" എന്നു പറയേണ്ടി വന്നു. അതായിരുന്നു അന്നത്തെ മദ്രാസ് ഇടവക.

## ഉള്ളതിൽ അലംഭാവം

ഒരു പട്ടക്കാരൻ ഉള്ളതിൽ സംതൃപ്തിയും സമൃദ്ധിയും ഉള്ളവനായിരിക്കണം. ചിലപ്പോൾ ഞെരുക്കവും മറ്റു ചിലപ്പോൾ സമൃദ്ധിയും ഉണ്ടാകാം. പണത്തിനു വേണ്ടിയല്ല നമ്മുടെ ശുശ്രൂഷ. പട്ടക്കാർ പണത്തിനു വേണ്ടി ശുശ്രൂഷിക്കുന്നവരാകരുത്. ഇടവകക്കാർ പട്ടക്കാരെ കരുതുന്നവരുമായിരിക്കണം. അപ്പോൾ ഇടവക പ്രവർത്തനം സുഗമമാകും. ലഭിക്കുന്നത് ശരിയായി ഉപയോഗിച്ചാൽ അത് ജീവിതത്തിന് മതിയാകും. ആർഭാടവും മറ്റുള്ളവർക്കൊപ്പം എത്തിപ്പെടാനുള്ള തത്രപ്പാടുമാണ് നമ്മെ കഷ്ടത്തിലാക്കുന്നത്. ഒരിക്കലും പണത്തെക്കുറിച്ച് പരാതിപ്പെടുകയോ അവിഹിത മാർഗ്ഗത്തിൽ പണം ഉണ്ടാക്കുകയോ ശമ്പളം പോരാ എന്ന് പരിഭവം പ്രകടിപ്പിക്കുകയോ ചെയ്യാൻ പാടില്ല. ശരിയായ കാര്യവിചാരകത്വമാണാവശ്യം.

## പ്രവർത്തനാരംഭം

ഭവനസന്ദർശനം ആരംഭിച്ചു. കമ്മറ്റിക്കാർ മാറി മാറി കാറിൽ ഇടവകജനങ്ങളെ സന്ദർശിച്ച് പരിചയപ്പെടുത്തി. കപ്യാരുടെ സഹായവും തേടി. അവിടെ ഒരു വെസ്പാ സ്കൂട്ടർ ഉണ്ടായിരുന്നു. എന്നാൽ അതുപയോഗിക്കാൻ അറിവില്ലായിരുന്നു.

കോട്ടയംകാരൻ നെല്ലിക്കൽ Lt. Col. എൻ.എം. തോമസ് അദ്ദേഹത്തിന്റെ മകനെ അയച്ചു സ്കൂട്ടർ ഓടിക്കുവാനുള്ള ബാലപാഠം പഠിപ്പിച്ചു. ലൈസൻസും അദ്ദേഹം തന്നെ വാങ്ങിത്തന്നു. ഭവനസന്ദർശനം പതിവാക്കി. ജനങ്ങൾ അത് വളരെ സന്തോഷത്തോടെ അംഗീകരിച്ചു.

## പ്രസംഗങ്ങൾ

വളരെ നന്നായി ഒരുങ്ങി ചുരുങ്ങിയ പ്രസംഗങ്ങൾ ചെയ്യുവാൻ തയ്യാറായി. അതും ജനങ്ങളെ സന്തോഷിപ്പിച്ചു.

## ആദ്യപൊതുയോഗം

പ്രശ്നങ്ങൾ ഉള്ള കാലഘട്ടത്തിലാണ് ഇടവകയുടെ ചുമതലയേറ്റത്. വളരെ ചെറുപ്പക്കാരൻ, പരിചയക്കുറവ്, പരിചയസമ്പന്നനും, വളരെ ശുദ്ധ ഹൃദയനുമായ ബഹു. എൻ. ടി. ജേക്കബ് അച്ചനായിരുന്നു മുൻഗാമി. അക്കാലങ്ങളിലെ പൊതുയോഗങ്ങൾ മണിക്കൂറുകൾ നീളുമായിരുന്നു. വാക്കേറ്റവും കയ്യാംകളിയും വരെ ഉണ്ടാകുന്നത് പതിവുമായിരുന്നു. ഞാൻ ചുമതല ഏറ്റതിനുശേഷം പൊതുയോഗം നടത്തേണ്ടിവന്നു. കമ്മറ്റിക്കാർക്കെല്ലാം ഭയം. പൊതുജനങ്ങൾക്ക് വലിയ പേടി. എങ്ങനെയായിരിക്കും, എന്തുസംഭവിക്കും എന്നെല്ലാമുള്ള ഉത്കണ്ഠ. ഒരു പുതിയ പള്ളി സംബന്ധിച്ച തീരുമാനം മറ്റ് പല സങ്കീർണ്ണ വിഷയങ്ങൾ. തലേ ദിവസം രാത്രിയിൽ ഫോൺ വിളിയോടു വിളി. വളരെ ഏറെ പ്രാർത്ഥിക്കുവാനുള്ള അവസരമായിരുന്നു അത്.

പള്ളി ആരാധന കഴിഞ്ഞ് പൊതുയോഗം പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. പ്രാരംഭ നടപടികൾക്കു ശേഷം ഒരു മുഖവുര പ്രസംഗം നടത്തി. തികച്ചും അർത്ഥവത്തും ഹൃദയസ്പർശിയും അതോടൊപ്പം മുന്നറിയിപ്പുകളും ധീരതയും പ്രകടിപ്പിക്കുന്നതായിരുന്നു അതെന്ന് പിന്നീട് ആളുകൾ പറകയുണ്ടായി. പൊതുയോഗം നടത്തേണ്ടത് ആരാധനയുടെ അന്തരീക്ഷത്തിലായിരിക്കണമെന്നും, അനാവശ്യ സംസാരം ഒഴിവാക്കണമെന്നും പരിശുദ്ധാത്മനിറവിൽ ആയിരിക്കണം പൊതുയോഗതീരുമാനങ്ങൾ ഉണ്ടാകേണ്ടതെന്നും മുഖപക്ഷം നോക്കുക സാധ്യമല്ല എന്നും ഉത്ബോധിപ്പിച്ചുകൊണ്ടുള്ള പരിശുദ്ധാത്മനിറവിലുള്ള ആ പ്രസംഗം വളരെ ഏറെ പ്രയോജനം ചെയ്യുകയുണ്ടായി.

ചോദ്യങ്ങൾക്കും, സംശയങ്ങൾക്കും ഉചിതവും ഹ്രസ്വവുമായ മറുപടി നല്കുവാൻ ശ്രമിച്ചു. കുറിക്കുകൊള്ളുന്ന മറുപടി പറയുവാൻ ദൈവകൃപ വേണം. കൂടാതെ നല്ല ഗൃഹപാഠവും ചെയ്തിരിക്കണം. പാരിഷ് ഹാളിൽ ആളുകൾ തിങ്ങിനിറഞ്ഞിരിക്കുകയാണ്. അപ്പോൾ അതിന്റെ ഒരു ഭാഗത്ത് പിറകിൽ ഇരുന്ന് ഇടവകയിലെ പ്രമുഖനായ ഒരു ആൾ പുകവലിയ്ക്കാൻ തുടങ്ങി. വളരെ നല്ലവനായ അദ്ദേഹത്തിന്റെ ഒരു ബലഹീനതയായിരുന്നു പുകവലി.

ഇതു കാണുവാൻ ഇടയായ ഞാൻ ദയവായി ആ മാന്യദേഹം പുറത്തുപോയി പുക വലിച്ചിട്ട് മടങ്ങിവരണം. ഹാളിൽ പുകവലി സാധ്യമല്ല

എന്ന് അസന്ദിഗ്ധമായി പ്രസ്താവിച്ചപ്പോൾ ജനങ്ങൾ കൊച്ചച്ചന്റെ ധീരമായ വാക്കുകളിൽ സന്തോഷിക്കുക മാത്രമല്ല പൊതുയോഗം വളരെ വേഗം നടത്തുവാൻ സഹായിക്കുകയും ചെയ്തു. ദീർഘമായ സംസാരങ്ങൾക്ക് നിയന്ത്രണങ്ങളും കൂടി ആയപ്പോൾ രംഗം വളരെ ശാന്തമായി. പള്ളിപണിയുവാനുള്ള വിവാദപരമായ ആശയം വളരെ ക്രിയാത്മകമായി ഏകകണ്ഠമായി തീരുമാനിച്ചു. മറ്റെല്ലാം ഏറ്റവും കൃത്യസമയത്ത് തീർന്നു. 11.30–ന് തുടങ്ങിയ പൊതുയോഗം രാത്രി വരെ നീണ്ടു പോകുന്ന പതിവ് ലംഘിച്ച് രണ്ടര മണിക്കൂർ കൊണ്ട് തീർന്നു. 2.30 ആയപ്പോഴേക്കും പൊതുയോഗം പരിസമാപ്തിയിലെത്തി. ദൈവകൃപ ഒന്നു മാത്രം. മിടുക്കനായ അച്ചനെ നിങ്ങൾക്കു തരും എന്ന് പറഞ്ഞ ജോൺ തിരുമേനിയുടെ വാക്കുകൾ തെളിയിക്കുന്ന സംഭവമായി എന്ന് കമ്മറ്റിക്കാരും പൊതുജനങ്ങളും പറഞ്ഞു. സ്വന്ത വിവേകത്തിൽ ഊന്നരുത്, ദൈവകൃപയിൽ ആശ്രയിക്കുക. അവൻ അത് നിർവ്വഹിക്കും. നാം വെറും ആയുധങ്ങൾ മാത്രം.

## ജനങ്ങളുടെ കരുതൽ

മദ്രാസിൽ ചെന്ന് ആദ്യത്തെ 6 മാസം കഠിനാദ്ധ്വാനമായിരുന്നു. ഭയങ്കരമായ ചൂടും, മറ്റു ചുറ്റുപാടുകളും ആരോഗ്യത്തെ സാരമായി ബാധിച്ചു. ടൈഫോയിഡ് ബാധിതനായി. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. മൂന്നാഴ്ചയോളം ആശുപത്രിയിൽ കഴിയേണ്ടി വന്നു, മൂന്നു പ്രാവശ്യം ഉണ്ടായി. രണ്ടു മാസത്തോളം ഒന്നും പ്രവർത്തിക്കുവാൻ കഴിയാതെ കഴിഞ്ഞുകൂടേണ്ടി വന്നു. ആശുപത്രി ചെലവ് മുഴുവൻ ഇടവക വഹിച്ചു. അവിടെ വച്ച് ഇടവക ജനങ്ങളിൽ നിന്നു ലഭിച്ച കരുതൽ വർണ്ണനാതീതമാണ്. പിന്നീട് ഒരു വർഷത്തേക്ക് ഞങ്ങൾക്കാവശ്യമുള്ള പാൽ രാജമ്മ കാച്ചി വീട്ടിൽ കൊണ്ടു തരുമായിരുന്നു.

## ജോസഫ് തിരുമേനിയുടെ കരുതൽ

മദ്രാസിൽ വിജയാ ഹോസ്പിറ്റലിൽ കിടക്കുമ്പോൾ രണ്ടു പ്രാവശ്യം തിരുമേനി സന്ദർശിച്ചു. പോകാൻ സമയം ഒരു കവർ തലയിണക്കീഴിൽ വച്ചിട്ടു മാത്രമേ പോകുകയുള്ളൂ. എന്റെ എല്ലാ ചെലവുകളും ഇടവക വഹിക്കുമ്പോൾ ഇതിന്റെ ആവശ്യമില്ല എന്നു പറയുമ്പോൾ ഇത് ബിഷപ്പിന്റെ സ്നേഹം മാത്രമാണെന്ന് അദ്ദേഹം പറയുമായിരുന്നു.

## ഇടവക ഒരു പഠനകേന്ദ്രം – ബിഷപ്പ് ലസ്ലി ന്യൂബിഗിൻ

ഒത്തിരി കാര്യങ്ങൾ പഠിക്കുവാൻ ഇവിടുത്തെ ഇടയ പരിപാലനം സഹായിച്ചു. പട്ടണജീവിതത്തോടും പട്ടണവാസികളോടും പൊരുത്ത

പ്പെടാൻ ഒരു പ്രയാസവും ഉണ്ടായില്ല. പ്രഗത്ഭരായ അനേകം ആളുകളുമായുള്ള സമ്പർക്കത്തിനും പരിചയത്തിനും സഹായിച്ചു. ബിഷപ്പുമാരായ ലസ്ലി ന്യൂ ബിഗിൻ, സുന്ദർ ക്ലാർക്ക് എന്നിവരിൽ നിന്നുപഠിച്ച ഒത്തിരിക്കാര്യങ്ങൾ എന്റെ പിന്നീടുള്ള ശുശ്രൂഷയ്ക്കു വേണ്ട മുൻകരുതലും ധനവുമായിത്തീർന്നു. ബിഷപ്പ് ന്യൂബിഗിന്റെ അപാരമായ പാണ്ഡിത്യം – വായനാശീലം, ചിട്ടയായ ജീവിതം എല്ലാം അനുകരണീയമാണ്. അഗാധമായ പാണ്ഡിത്യത്തിന് ഉടമയായിരുന്നു അദ്ദേഹം. കാറിൽ യാത്ര ചെയ്യുമ്പോൾ പോലും അദ്ദേഹം വായിക്കുകയും ചില കത്തുകൾക്കുള്ള മറുപടി റെക്കോർഡ് ചെയ്ത് സെക്രട്ടറിയെ ഏല്പിക്കുകയും ചെയ്യുമായിരുന്നു.

എല്ലാ കത്തുകൾക്കും ഉടൻ തന്നെ മറുപടി അയയ്ക്കും. വിസിറ്റേഴ്സിന് അനുവദിച്ചിട്ടുള്ള സമയം കൃത്യമായി പാലിക്കും. സമയനിഷ്ഠ പാലിച്ചുകൊണ്ട് ആർക്കും അദ്ദേഹത്തെ സമീപിക്കാം. ഒരു ബിഷപ്പ് അവൈലബിളും, അക്സസിബിളും ആയിരിക്കേണ്ടതാണ്. Availablility, Accessibility and Acceptablity പട്ടത്വശുശ്രൂഷയിൽ അത്യന്താപേക്ഷിതമാണ്.

## പട്ടക്കാരുടെ സമ്മേളനങ്ങൾ

മദ്രാസ് സിറ്റിയിലുള്ള നാൽപതോളം പട്ടക്കാരുടെ പ്രതിമാസ കൂട്ടായ്മ വലിയ ഒരു അനുഗ്രഹമായിരുന്നു. നാട്ടിൽ ഉണ്ടെങ്കിൽ ബിഷപ്പ് അതിൽ പങ്കെടുക്കും. അതിൽ പറയുന്ന പ്രസംഗങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഗുഡ് ഷെപ്പേർഡ് എന്ന ഗ്രന്ഥം തന്നെ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇത് വലിയ ഒരു പാഠമായി.

അസുഖം മൂലവും, സ്കൂട്ടർ ആക്സിഡന്റ് മൂലവും മൂന്ന് സമ്മേളനങ്ങളിൽ തുടർച്ചയായി സംബന്ധിക്കുവാൻ എനിക്ക് സാധിക്കാതെ വന്നു. മൂന്നാമത്തെ മീറ്റിംഗ് കഴിഞ്ഞതിന്റെ മൂന്നാം ദിവസം എനിക്ക് ബിഷപ്പിന്റെ കത്ത്. എന്തുകൊണ്ട് നിങ്ങൾ 3 പ്രാവശ്യം മീറ്റിംഗിൽ സംബന്ധിച്ചില്ല എന്നുള്ള കത്തായിരുന്നു അത്. എന്റെ അസുഖവിവരവും ഉണ്ടായ ആക്സിഡന്റിനെ ക്കുറിച്ചും അദ്ദേഹത്തെ എഴുതി അറിയിച്ചു. മൂന്നാം ദിവസം എനിക്ക് മറുപടി ലഭിച്ചു.

“Why you denied my privilege to visit you and pray for you while you are not well.” ഹൃദയസ്പർശിയായ ഒരു കത്ത് എന്നെ വളരെ സ്വാധീനിച്ചു.

ഒരിക്കൽ ബിഷപ്പുമാരുടെ വാർഷികധ്യാനം ഡബ്ല്യൂ.സി.സി.യിൽ വച്ചു നടക്കുകയായിരുന്നു. അദ്ദേഹം അതിൽ സംബന്ധിക്കുമ്പോൾ ഒരത്യാ

വശ്യകാര്യം പറയുന്നതിനായി ഞാൻ W.C.C. ൽ ചെന്നു. അദ്ദേഹം എന്നോട് പറഞ്ഞു: "ഞാൻ ധ്യാനത്തിൽ സംബന്ധിക്കുകയാണ്. ഔദ്യോഗിക കാര്യങ്ങളിൽ ഇടപെടില്ല എന്നു നിബന്ധനയില്ലെ?" ഞാൻ ലജ്ജിതനായി. എന്നാൽ എന്റെ ആവശ്യം അദ്ദേഹം നിർവ്വഹിച്ചു തന്നു. ബിഷപ്പിന്റെ മാതൃക നൂറുശതമാനം പുലർത്തിയ മനുഷ്യൻ. മലയാളം കോൺഗ്രിഗേഷനിൽ വരുന്നത് അദ്ദേഹത്തിന് സന്തോഷമായിരുന്നു. കാച്ചിയമോര് അദ്ദേഹത്തിന് ഏറെ പ്രിയങ്കരമായ വിഭവമായിരുന്നു.

അക്കാലത്ത് മലയാളം കോൺഗ്രിഗേഷന് പള്ളി പണിയുവാൻ വേപ്പരിയിൽ കുറെ സ്ഥലം വാങ്ങുവാൻ തീരുമാനിച്ചു. മദ്രാസ് ഡയോസിസ് അവിടെ സ്ഥലം പ്ലോട്ടുകളായി വില്ക്കുകയായിരുന്നു. മലയാളം ഇടവകയ്ക്ക് വേറെ സ്ഥലം തരണമെന്നാവശ്യപ്പെട്ടു. ഇവിടെ ഉള്ള മാർക്കറ്റ് വില നല്കിയാൽ സ്ഥലം നല്കാമെന്ന് ഡയോസിസ് പറഞ്ഞു. തീറാധാരം സാധ്യമല്ലല്ലോ. മഹായിടവകയും ഇടവകയും സി.എസ്.ഐ. ട്രസ്റ്റ് അസോസിയേഷന്റെ കീഴിലാണല്ലോ. പ്രോപ്പർട്ടി കമ്മിറ്റി മിനുട്സ് മാത്രമേ ഉള്ളൂ. കെ.എം.കോശി സാറും ഞാനും ബിഷപ്പിനെ സമീപിച്ച് ഒരു കൺസഷൻ തരണമെന്നാവശ്യപ്പെട്ടു. ബിഷപ്പിന്റെ മറുപടി Sam business is business-Pay the whole amount in instalments അദ്ദേഹത്തിന്റെ കൃത്യതയാണവിടെ കണ്ടത്.

## ബിഷപ്പ് സുന്ദർ ക്ലാർക്ക്

ബിഷപ്പ് ന്യൂബിഗിൻ മടങ്ങി സ്കോട്ട്ലാന്റിലേക്ക് പോയി. ബിഷപ്പ് തെരഞ്ഞെടുപ്പുവന്നു. ബിഷപ്പ് ആയി റവ. സുന്ദർ ക്ലാർക്കിനെ തെരഞ്ഞെടുത്തു. അദ്ദേഹവും ഞാനും അടുത്തടുത്തുള്ള ഇടവകകളിൽ പട്ടക്കാരായിരുന്നതിനാൽ നല്ല സ്നേഹബന്ധത്തിലായിരുന്നു. തെരഞ്ഞെടുപ്പിലും സ്ഥാനാഭിഷേകത്തിലും പങ്കെടുക്കുവാൻ സാധിച്ചു.

വളരെ പ്രതിബന്ധങ്ങളെ അതിജീവിച്ചാണ് അദ്ദേഹം ബിഷപ്പായത് . വളരെ നല്ല ഒരു ബിഷപ്പായിരുന്നു അദ്ദേഹം. എന്നാൽ വളരെ പ്രതിസന്ധികളെ നേരിടേണ്ടതായിവന്നു, 10 വർഷം പൂർത്തിയായപ്പോൾ സ്വമേധയാ അദ്ദേഹം വിരമിച്ചു.

അദ്ദേഹത്തിന്റെ പ്രസംഗചാതുര്യവും, ജനങ്ങളോടിടപഴകുന്നതിനുള്ള പ്രത്യേക കഴിവും അനുകരണീയമാണ്. ഇംഗ്ലീഷിലും തമിഴിലുമുള്ള അദ്ദേഹത്തിന്റെ ഫ്ളൂവൻസി വളരെ വലുതായിരുന്നു. ഇടവകസന്ദർശനവും മറ്റ് ഇടയശുശ്രൂഷയും ശ്രദ്ധേയമായിരുന്നു.

ഒരിക്കൽ മലയാളം ഇടവകയിൽ സ്ഥിരീകരണം ക്രമീകരിച്ചു. തലേ ദിവസം രാത്രിയിൽ വിളിച്ചു പറഞ്ഞു. അദ്ദേഹത്തിന് ഹാർട്ട് അറ്റാക്കു

ണ്ടായി ആശുപത്രിയിലാണെന്ന്. ഞങ്ങൾ വിഷമിച്ചു. മദ്രാസിൽ സ്ഥിരീകരണം എന്നു പറഞ്ഞാൽ ഒരു വിവാഹം പോലെയാണ്. എന്താ ചെയ്യുക. തിരുക്കളികുന്ദ്രം എന്ന സ്ഥലത്ത് ബിഷപ്പ് എസ്.ജെ. സാമുവൽ റിട്ടയർ ചെയ്ത് താമസിക്കുന്നതായി അറിഞ്ഞു. അദ്ദേഹം ആശുപത്രിയിൽ നിന്ന് തിരിച്ചെത്തിയതേ ഉള്ളൂ. ഡോ. അമ്മിണിയുടെ ബെൻസ് കാറിൽ 100 മൈൽ അകലെ ഉള്ള ബിഷപ്പിന്റെ വീട്ടിൽ ചെന്ന് കെ.എം. കോശി സാർ കൂട്ടിക്കൊണ്ടുവന്നു. അപ്പോഴേക്ക് വി. സംസർഗ്ഗ ശുശ്രൂഷ ആരംഭിച്ചു കഴിഞ്ഞു. അല്പം താമസിച്ചാണെങ്കിലും സ്ഥിരീകരണം നടന്നു. സുന്ദർക്ലാക്ക് ബിഷപ്പിന്റെ സഹധർമ്മിണി ക്ലാര ക്ലാർക്കും വളരെ നല്ല ഒരു വൈദിക ഭാര്യയാണ്. ഈ കുടുംബവുമായുള്ള സ്നേഹവും അടുപ്പവും ഞങ്ങൾക്ക് ഒരു മുതൽക്കൂട്ടായിരുന്നു.

മൂന്നു വർഷത്തെ സേവനത്തിനുശേഷം ജോസഫ് തിരുമേനി എന്നെ തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റി. മദ്രാസിലെ ദേവാലയം പണി പൂർത്തിയാക്കിയതു മാത്രമേയുള്ളൂ. ഇടവകക്കാർ ഒന്നടങ്കം കോട്ടയത്ത് ബിഷപ്പിനെ സമീപിച്ചു. ഒരു ടേം കൂടി നല്കണമെന്നാവശ്യപ്പെട്ടു. ഏതായാലും ജോസഫ് തിരുമേനി അനുവാദം നൽകി. അങ്ങനെ ഒരു വർഷം കൂടി നീട്ടിത്തന്നു. അങ്ങനെ 4 വർഷം അനുഗ്രഹകരമായി പ്രവർത്തിക്കുവാൻ സാധിച്ചു. അഞ്ചാം വർഷം കൂടി ആവശ്യപ്പെട്ടു. ഞാൻ സമ്മതിച്ചില്ല.

## ദേവാലയ നിർമ്മാണം

മൗണ്ട് റോഡിൽ ഉള്ള ക്രൈസ്റ്റ് ചർച്ചിലായിരുന്നു ആരാധന. പല അസൗകര്യങ്ങൾ ഉണ്ടായിരുന്നു. ഗുഡ് ഫ്രൈഡേ, ഈസ്റ്റർ, ക്രിസ്മസ് തുടങ്ങിയ ദിവസങ്ങളിൽ ആരാധന സൗകര്യമായി നടത്തുവാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് സ്വന്തമായി ഒരു പള്ളി വേണമെന്നാഗ്രഹിച്ചു.

## പ്രതികൂലങ്ങൾ പ്രയോജനകരമാക്കുക

പ്രശ്നസങ്കീർണ്ണമായ ഒരു കാലഘട്ടത്തിലാണ് ഞാൻ ചുമതലയേറ്റത്. പ്രഗത്ഭരായ മാത്യു മാത്യു അച്ചനും, എൻ.റ്റി. ജേക്കബ് അച്ചനും നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതായി വന്നു. 9 ജെംസ് എന്ന അപരനാമധേയത്തിൽ അറിയപ്പെട്ടിരുന്ന 9 പ്രധാന കുടുംബക്കാർ ഇടവകയിൽ നിന്നു മാറി ഇംഗ്ലീഷ് ഇടവകകളിൽ ചേർന്നിരുന്നു. ഇടവകയിലെ ഏറ്റം പ്രധാനികളായിരുന്നു ഇവർ.

പി. ഐ. ചാണ്ടി, കെ. സി. ചാണ്ടി, കെ. സി. ഉമ്മൻ, ഡോ. സി. ഡബ്ല്യു. ചാക്കോ, പി. സി. ചാക്കോ, സി. എ. അബ്രഹാം തുടങ്ങി 9 ഭാര

വാഹികൾ മാറിക്കഴിഞ്ഞ അവരസരത്തിലാണ് ഞാൻ ചുമതല ഏറ്റത്. അതുമൂലം ഉള്ള ആളുകൾ വളരെ ഉത്സാഹത്തിലായിരുന്നു. അഞ്ഞൂറിൽ പരം കുടുംബങ്ങൾ ഉണ്ടായിരുന്നു. ഈ ഉത്സാഹം മുതലാക്കുവാൻ തീരുമാനിച്ച് ദേവാലയനിർമ്മാണം ആരംഭിച്ചു. ഏഴ് ഗ്രൗണ്ട് സ്ഥലം മദ്രാസ് മഹായിടവകയിൽ നിന്ന് മാർക്കറ്റ് വാല്യു അനുസരിച്ചുള്ള വില കൊടുത്ത് കാഴ്ചയിൽ ഉപയോഗശൂന്യമായ ചതുപ്പ് സ്ഥലം വാങ്ങി. 1.26 ലക്ഷം രൂപാ മാസം തോറും ഇൻസ്റ്റാൾമെന്റ് ആയി കൊടുത്താൽ മതി എന്നൊരു ഔദാര്യം മാത്രമാണ് ഈ മഹായിടവക നൽകിയതെന്നതിൽ ഖേദമുണ്ട്. മാസം തോറും ഇത്രയും തുക ഉണ്ടാക്കുവാൻ പെട്ട പാട് അവർണ്ണനീയമാണ്. ഭവനസന്ദർശനവും പള്ളിയിലെ പ്രസ്താവനകളുമാണ് ഇതിന് സഹായകരമായത്.

വേപ്പേരി എന്ന സ്ഥലത്ത് പള്ളി പണിയണം, എങ്ങനെ? ഇതൊരു വലിയ ചോദ്യമാണ്. പണം വളരെ കുറവുള്ള കാലമായിരുന്നു അത്. ഈ സ്ഥലത്ത് പള്ളി പണിയുവാൻ, ഗവൺമെന്റ്, കോർപ്പറേഷൻ, ഹെൽത്ത്, ട്രാഫിക് എന്നിവയുടെയെല്ലാം അനുവാദം വേണം. പണം വേണം. ചതുപ്പ് നിലം മണ്ണിട്ട് നികത്താൻ തന്നെ വലിയ തുക വേണം. കോശിസാറിന്റെ സ്വാധീനവും മറ്റുള്ളവരുടെ സഹകരണവും മൂലം ഇതെല്ലാം വളരെ പാടുപെട്ടാണെങ്കിലും ലഭിച്ചു.

ഒടുവിൽ കോർപ്പറേഷന്റെ അനുവാദത്തിനായി ചെന്നപ്പോൾ ഒരു ഭദ്രനാഥാണ് കമ്മീഷണർ. അദ്ദേഹത്തിന് തന്നാൽ കൊള്ളാമെന്ന് താല്പര്യമുണ്ട്. എന്നാൽ തമിഴ്വാദികളായ മറ്റ് ഉദ്യോഗസ്ഥർ സഹകരിക്കില്ല. ഓഫീസിൽ കയറിയിറങ്ങി. ഒരിക്കൽ അദ്ദേഹം പറഞ്ഞു.

"It is difficult for you to get sanction because you are Malayalees and Christians. The DMK Govt. is not favourable to you." അപ്പോൾ നിസ്സഹായാവസ്ഥയിൽ ഞാൻ പറഞ്ഞു. "Sir I am going to pray for you and no other alternative." ഈ വാക്കുകൾ അദ്ദേഹത്തെ സ്പർശിച്ചു. അദ്ദേഹത്തിന് ശാപം ഉണ്ടാകുമെന്ന് പട്ടർ ഭയപ്പെട്ടു. പിറ്റേ ദിവസം ചെല്ലാൻ പറഞ്ഞു. അനുമതി തന്നു. അങ്ങനെ ആ കടമ്പയും കടന്നു. ഇനിയും പണം. എന്താണ് മാർഗ്ഗം. എല്ലാവരും ഒരു മാസത്തെ ശമ്പളം തരണമെന്ന ആവശ്യം ഉന്നയിച്ചു. എല്ലാവരും സമ്മതിച്ചു. പണപ്പിരിവ് ഊർജ്ജിതമാക്കി. പണപ്പിരിവിനായി വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ചു. കെ.സി. ചാണ്ടി സാറും, കെ. എം. കോശി സാറും, ഡോ. പി. ഒ. ഉമ്മൻ, മിസ്സ് സൂസി ഉമ്മൻ എന്നിവരും നൽകിയ നേതൃത്വം അവിസ്മരണീയമാണ്. കൂടാതെ മദ്രാസ് ഇടവകയ്ക്ക മറക്കാനാവാത്ത ഒരു വ്യക്തിയുണ്ട് മിസിസ് കെ.എസ്. നൈനാൻ (രാജമ്മ). ഈ വനിതയുടെ നേതൃത്വം എത്ര പ്രശംസിച്ചാലും മതിയാകുകയില്ല. വ്യക്തിപരമായി ഞങ്ങളുടെ

കുടുംബത്തിന് വളരെ കടപ്പാടുണ്ട് ഈ സഹോദരിയോട്. അവർ പിന്നീട് ബ്രെയിൻ ട്യൂമർ ബാധിച്ച് ഓർമ്മയില്ലാതെ ദീർഘനാൾ കിടപ്പിലായി. അവസാനം ഞാൻ ഫോണിൽ വിളിക്കുമ്പോൾ എന്റെ തിരുമേനി, എന്റെ കുഞ്ഞമ്മക്കൊച്ചമ്മ എന്നു പറഞ്ഞ വാക്കുകൾ മറക്കാനാവില്ല.

പിന്നീട് അധികം സംസാരിച്ചിട്ടില്ല. ഒരു വർഷത്തോളം അങ്ങനെ ആ നല്ല സ്ത്രീ കിടപ്പിലായിരുന്നു. ഒരു സഹോദരിയും സഹോദരനുമായിരുന്നു ആകുടുംബം ഞങ്ങൾക്ക്. ബിഷപ്പ്സ് കോൺസിക്രേഷൻ, മക്കളുടെ വിവാഹം ഇതിനെല്ലാം വന്ന് സംബന്ധിച്ച രാജമ്മ ഞങ്ങളുടെ സ്മൃതിയിൽ എന്നുംനിലനിൽക്കും. എന്റെ മകൾ ആനിയെ പ്രസവിക്കുമ്പോൾ ഒരമ്മയായി രാജമ്മയും കുടുംബവും ഞങ്ങളെ സഹായിച്ചു. മറക്കാനാവില്ല.

മറ്റൊരു മറക്കാനാവാത്ത വ്യക്തിത്വമാണ് ബേബിക്കൊച്ചമ്മ (ഡോ. മിസിസ് ഏബ്രഹാം) ഞങ്ങളുടെ സ്വന്തമായി അവരെ ഞങ്ങളും ഞങ്ങളെ അവരും കരുതി. അവരുടെ സ്വാധീനവും സ്ഥാനവും ഇടവകയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് മെഡിസിൻസ് മദ്രാസ് സംസ്ഥാനത്ത് അറിയപ്പെടുന്ന ആളായിരുന്നു അവർ. ഭർത്താവ് ഡോ. എം. ഐ. ഏബ്രഹാം മദ്രാസ് സ്റ്റേറ്റിലെ സിവിൽ സർജൻ ആയിരുന്നു. കെ. ജെ. ഏബ്രഹാം, കെ.വി. ഏബ്രഹാം എന്നിവരും സി. ജോൺ എല്ലാവരും വളരെ സഹായമായിരുന്നു.

സൂവനീർ, വിവിധ കലാപരിപാടികൾ എന്നിവയിൽ കൂടിയെല്ലാം ഭീമമായ തുക സമ്പാദിച്ചു. അബ്രഹാമിന്റെ ബലി എന്ന കഥകളി കേരളത്തിൽ നിന്ന് ഒരു പാർട്ടി വന്ന് നടത്തി. നല്ല ഒരു തുക സമ്പാദിച്ചു. ഡോ. എസ്.കെ. നായർ വളരെ സഹായിച്ചു.

നടി ഷീല വന്ന് ഒരു വലിയ കലാപരിപാടി ഉത്ഘാടനം ചെയ്തു. വിദേശത്തു പോകാതെ നാട്ടിൽ നിന്നു തന്നെ വലിയ ഒരു തുക സമ്പാദിക്കുവാൻ ഇടയായി. പള്ളി പണി ഭംഗിയായി നടന്നു. 1971 മുതൽ 75 വരെ മദ്രാസിൽ പ്രവർത്തിച്ചു. പള്ളിപണി 1974 ൽ പൂർത്തിയായി. ഒരു വർഷം അവിടെ ആരാധിച്ചു. മാനവും മഹത്വവും യഹോവയ്ക്കുള്ളത്.

## മറക്കാനാവാത്ത സംഭവങ്ങൾ

1) ചെന്ന വർഷത്തിന്റെ അവസാനം ടൈഫോയ്ഡ് ബാധിച്ച് രണ്ടു മാസത്തോളം കിടപ്പിലായി. വിദഗ്ദ്ധ ചികിത്സ ലഭിച്ചു. ഇടവകയുടെ കരുതലും സ്നേഹവും അനുഭവിച്ചറിയുവാൻ കഴിഞ്ഞു. നാം ജനങ്ങളെ സ്നേഹിച്ചാൽ അവർ നമ്മളെയും സ്നേഹിക്കും. സംശയമില്ല.

2) പള്ളിപണി – പാഴ്സനേജിന് രണ്ടു മുറികൾ കൂടി പണിയിക്കണ മെന്നുള്ള മുൻ തീരുമാനം മാറ്റി വച്ചുകൊണ്ട് പള്ളിപണി ആരംഭിച്ചു. ഭംഗിയായി അത് നിർവ്വഹിച്ചു.

3) ആനിയുടെ ജനനം – മിസസ് ഏബ്രഹാം (ബേബിക്കൊച്ചമ്മ) ആദി യോടന്തം കരുതി. മൈലാപ്പൂരിലുള്ള ഇസബെല്ലാ ഹോസ്പിറ്റലിൽ ആനിയെ പ്രസവിച്ചു. ഒരമ്മയുടെ സ്ഥാനത്ത് രാജമ്മയെ ലഭിച്ചു. ബേബി ക്കൊച്ചമ്മയും, രാജമ്മയും – മറ്റു സ്ത്രീകൾ ആശുപത്രിയിലും വീട്ടിലും പരിചരിച്ചു. എല്ലാം നന്ദിയോടെ ഓർക്കുന്നു. ഞങ്ങൾ അവർക്കും അവർ ഞങ്ങൾക്കും അന്യരല്ല. ഇടവകയിൽ ഈ ഒരു ബന്ധം ഉണ്ടാകണം. ഇടവകയെ ആത്മാർത്ഥമായി സ്നേഹിക്കണം. സ്ഥലം മാറി പോകുന്ന തുവരെ "എന്റെ ഇടവക" എന്നു കരുതണം. അവർ നമ്മെയും എന്റെ അച്ചൻ എന്നു കരുതും.

പള്ളി കൂദാശ അന്ന് ബിഷപ്പ് ഇൻ ചാർജ്ജ് ആയിരുന്ന ബിഷപ്പ് ഹെൻറി ലാസറസ്, ബിഷപ്പ് എം. എം. ജോൺ എന്നിവരുടെ നേതൃത്വ ത്തിൽ നടന്നു. മറക്കാവതല്ല. രാവും പകലും അതിനുവേണ്ടി കഷ്ടപ്പെട്ട ഒരു പറ്റം യുവാക്കളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

പള്ളിയിലെ ഉപകരണങ്ങൾ മിക്കതും കെ. മാത്തൻ നൽകിയതാണ്. പുതിയ പള്ളി പണിയിൽ വലിയ താല്പര്യമില്ലായിരുന്ന അദ്ദേഹം പിന്നീട് വലിയ താല്പര്യം എടുത്തു. തന്റെ ബിസിനസിൽ നിന്നു കിട്ടിയ ലാഭ വിഹിതത്തിൽ നിന്ന് പതിനായിരക്കണക്കിനു രൂപ ഉപകരണങ്ങൾ വാങ്ങി നൽകുവാൻ ഉപയോഗിച്ചു. കാഞ്ചീപുരത്ത് ഞങ്ങൾ ഇരുവരും പോയി അന്ന് സുലഭമല്ലാതിരുന്ന ഗ്രാനൈറ്റ് സ്റ്റോൺസ് കൊണ്ട് കമ്യൂണിയൻ ടേബിൾ, Lectern, Bapstismal font, wall cross തുടങ്ങിയവ എല്ലാം ഗ്രാനൈ റ്റിൽ നിർമ്മിച്ച് നല്കി. സിൽവർ കൊണ്ടുള്ള വലിയ കാസായും പീലാ സായും രണ്ടെണ്ണം flower vase പല വലിപ്പത്തിലുള്ളത്, വില കൂടിയ റിക്കാർഡ് പ്ലെയർ ഇങ്ങനെ നിരവധി ഉപകരണങ്ങൾ നല്കി സഹായി ച്ചു. ഒരു കണ്ടീഷൻ മാത്രം, പേര് ആരോടും പറയരുത്. പള്ളിയിൽ അ ദ്ദേഹത്തിന്റെ പാഠം വായന ശ്രദ്ധേയമായിരുന്നു. ബഞ്ചുകൾ, ഫാനുകൾ എല്ലാം കസേരകളും ഡൊണേഷൻ ആയിട്ട് കിട്ടിയിട്ടുള്ളതാണ്. ഇനിയും ഉപകരണങ്ങൾ തന്നാൽ സ്വീകരിക്കാനാവില്ല എന്ന് പറയേണ്ടി വന്നി ട്ടുണ്ട്. എല്ലാം ദൈവകൃപ. മദ്ബഹായിലെ വലിയ ഗ്രാനൈറ്റ് കുരിശ് ഇതോടുകൂടെ ലഭിച്ചതാണ്.

## സ്ഥലംമാറ്റവും ദൈവഹിതം

അച്ചന്മാരുടെ ശുശ്രൂഷയിൽ സ്ഥലംമാറ്റം ഒരു വലിയ കാര്യമാണ്.

നല്ല സ്ഥലം വേണം. എല്ലാ സൗകര്യങ്ങളും വേണം. ഭാര്യയ്ക്ക് ജോലി ചെയ്യാൻ സൗകര്യം വേണം, നല്ല പാഴ്സനേജായിരിക്കണം, നല്ല വരുമാനമുണ്ടായിരിക്കണം.ജനങ്ങൾ ശമ്പളവും അലവൻസും കൊടുക്കുവാൻ മടിയില്ലാത്തവരായിരിക്കണം. ഇങ്ങനെ നൂറുകൂട്ടം സ്വപ്നങ്ങളാണ് സ്ഥലം മാറ്റം അടുക്കുമ്പോൾ ഓരോരുത്തരുടേയും മനസ്സിൽ വരുന്നത്. ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ട് ബിഷപ്പിനെ ആവശ്യവുമായി സമീപിക്കുന്ന ധാരാളം ആളുകളെ നമുക്ക് കാണുവാൻ കഴിയും. ഉദ്ദേശിക്കുന്ന സ്ഥലം കിട്ടിയില്ലെങ്കിൽ പരാതിയും പരിഭവവുമായി നടക്കുന്നവരും വിരളമല്ല.

ദൈവഹിതത്തിന് വിട്ടുകൊടുക്കുക എന്നുള്ളതാണ് പട്ടക്കാരന് കരണീയമായിട്ടുള്ളത്. ദൈവമാണ് ബിഷപ്പിൽ കൂടി പ്രവർത്തിക്കുന്നത് എന്ന് പൂർണ്ണമായി വിശ്വസിക്കുന്നു. എല്ലാ സൗകര്യങ്ങളും ചിലപ്പോൾ ഒത്തെന്നു വരികയില്ല. എന്നാൽ സന്മനസ്സോടെ സ്വീകരിച്ചാൽ അതു നന്മയായി ഭവിക്കും, സംശയമില്ല. ഇതെന്റെ അനുഭവമാണ്.

വൈദിക വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ നിയമിച്ചത് തിരുവഞ്ചൂർ ഇടവകയിലേക്കായിരുന്നു. എന്നാൽ ഇത് കാൻസൽ ചെയ്ത് വാളകത്തേക്കാക്കി. അതും റദ്ദു ചെയ്തു. രണ്ടാഴ്ചയോളം വെറുതെ ഇരുന്നു. സഹപാഠികൾ എല്ലാവർക്കും ഇടവക കിട്ടി. പിന്നീട് കീഴ്വായ്പൂര് എന്ന ഉപസഭയിൽ നിയമിച്ചു. പിറുപിറുത്തില്ല, എന്നാൽ അത് ജീവിതത്തിൽ അനുഗ്രഹമായി പരിണമിച്ചു. അഭികാമ്യമല്ലാത്തതിനെ അനുഗ്രഹമാക്കി. മറ്റൊരനുഭവം ട്രഷറാർ സ്ഥാനത്തുനിന്നും മല്ലപ്പള്ളിയിലേക്കുള്ള സ്ഥലംമാറ്റം. അന്ന് വളരെ അസൗകര്യങ്ങൾ ഉണ്ടായിരുന്നു. കുഞ്ഞമ്മയോട് ജോസഫ് തിരുമേനി പറഞ്ഞു: "എല്ലാം ദൈവഹിതമാണ് കുഞ്ഞമ്മേ" എന്ന്. അസൗകര്യങ്ങളെല്ലാം മാറി ഏറ്റവും അനുയോജ്യമായ ഒരു പ്രവർത്തനമേഖലയായിത്തീർന്നു. മധുരസ്മരണകളാണ് മല്ലപ്പള്ളിയെപ്പറ്റിയുള്ളതും. പിന്നീട് മൂലേടത്തിന് മാറ്റി. താരതമ്യേന വളരെ ചെറിയ ഒരു ഇടവക. ജോസഫ് തിരുമേനി ഇതേക്കുറിച്ച് വളരെ ഗൗരവമായി മഹായിടവക ഭാരവാഹികളോട് സംസാരിക്കുന്നത് കേട്ടു. എന്നാൽ എനിക്ക് ആ ചെറിയ ഇടവകയിലെ പ്രവർത്തനവും പ്രയോജനകരമായിരുന്നു. അക്കാലത്ത് മഹായിടവക സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. എന്തു സൗകര്യപ്രദമായ സ്ഥലം. അക്കാലത്ത് മഹായിടവക ബിഷപ്പായും തിരഞ്ഞെടുക്കപ്പെട്ടു. എന്തൊരു അനുഗ്രഹം, സ്ഥലംമാറ്റം എവിടെയായാലും സന്തോഷത്തോടെ സ്വീകരിക്കുക. അത് അനുഗ്രഹകരമായിരിക്കും.

## മദ്രാസ് ഇടവകയിലെ പില്ക്കാല സംഭവങ്ങൾ

75 വർഷത്തെ പഴക്കമുള്ളതാണ് മദ്രാസ് ഇടവക. വന്ദ്യനായ കെ.

സി. ചാണ്ടി സാറിന്റെ കെ.സിസ്. ലോഡ്ജിന്റെ മുറിയിൽ ആരംഭിച്ചതാണ് മദ്രാസ് ഇടവക. മഹാരാഷ്ട്ര ഗവർണ്ണർ പി.വി. ചെറിയാൻ, കെ.എം. കോശി, ഡോ. പി. ഒ., ഉമ്മൻ തുടങ്ങിയവർ നേതൃത്വം നൽകി. അന്നു മുതൽ മദ്ധ്യകേരള മഹായിടവകയാണ് അവിടെ പട്ടക്കാരെ നിയമിക്കുന്നത്. നമ്മുടെ ഇടവകയാണത്.

അവിടെ 2002-ൽ പട്ടക്കാരൻ സ്ഥലംമാറി പുതിയ പട്ടക്കാരനെ നിയമിച്ചു. അതോടൊപ്പം മദ്രാസ് ബിഷപ്പിന്റെ പ്രേരണയിൽ നോർത്ത് കേരള ഡയോസിസിൽ നിന്ന് ഒരു പട്ടക്കാരനെ നോർത്ത് കേരള ബിഷപ്പ് നിയമിച്ചു. ഇവിടുത്തെ ബിഷപ്പ് ഇതൊന്നും അറിയുന്നില്ല. ഏതായാലും ആ പട്ടക്കാരൻ അവിടെ ചെന്നപ്പോൾ ജനങ്ങൾ അവിടെ പ്രവേശിപ്പിച്ചില്ല. അവർ മദ്ധ്യകേരള മഹായിടവകയുടെ പട്ടക്കാരനെ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നു പറഞ്ഞു.

6 മാസങ്ങളോളം എല്ലാ ഞായറാഴ്ചയും ഉത്തര കേരളത്തിലെ പട്ടക്കാരൻ പള്ളിയുടെ ഗേറ്റിൽ ചെല്ലും. ജനങ്ങൾ പള്ളിയിൽ പ്രവേശിപ്പിക്കുകയില്ല. ഇവിടെ നിന്നു പോയ പട്ടക്കാരൻ ശുശ്രൂഷ എടുക്കും. ഇങ്ങനെ ഒരു വലിയ പ്രതിസന്ധി ഉണ്ടായി. ഇടവകയ്ക്ക് എതിരായി. അവർ കോടതിയിൽ പോയി. ഇന്നും കേസ് നടന്നുവരുന്നു.

## യാത്രയയപ്പ്

വളരെ നല്ല രീതിയിലാണ് നടത്തിയത്. എം. സി. ചാണ്ടി സാറും ഡോ. മിസസ് ഏബ്രഹാമും അന്നു പറഞ്ഞത്: "ഈ അച്ചൻ ബിഷപ്പായി തിരിച്ചുവരും എന്നാണ്." ചിന്തിക്കുവാൻ പോലും പാടില്ലാത്ത ഒരു ഭംഗിവാക്കായി ഞാൻ കരുതി. ഞങ്ങളുടെ കുഞ്ഞുങ്ങളുടെ പോലും പേരറിയാവുന്ന അച്ചൻ എന്നാണവർ വിശേഷിപ്പിച്ചത്.

എഗ്മൂർ റെയിൽവേസ്റ്റേഷനിൽ യാത്രയയക്കാൻ ധാരാളം പേർ കൂടിയിരുന്നു. മിതഭാഷിയും, ഗൗരവസ്വഭാവക്കാരനും, എന്നെ അങ്ങേയറ്റം സ്നേഹിച്ച ആളുമായ പ്രിയപ്പെട്ട കെ. എം. കോശി സാർ അവിടെവച്ച് അവസാനമായി പറഞ്ഞ വാക്കുകൾ "അച്ചൻ ബിഷപ്പാകും. അങ്ങനെ തിരിച്ചു വരണം." എന്നാണ്. അചിന്തനീയമായ ആ വാക്കുകൾ അന്വർത്ഥമായതിൽ ദൈവത്തെ സ്തുതിക്കുന്നു. ബിഷപ്പ് സുന്ദർ ക്ലാർക്ക് പറഞ്ഞത് "He made the congregation a giving congregation'' എന്നാണ്.

പള്ളിപണി സമയത്ത് പണിപ്പിരിവ് നടക്കുമ്പോൾ പള്ളിയിൽ ഇതെക്കുറിച്ച് തുടരെ പ്രസ്താവന നടത്തും. ഒരു ദിവസം വീടു സന്ദർശനത്തിന് ചെന്നപ്പോൾ മിസിസ് കുരുവിള (ബേബിക്കൊച്ചമ്മ) (ഞങ്ങളെ വളരെ സ്നേഹിക്കുന്ന ആളായിരുന്നു.) എന്നോട് പറഞ്ഞു: "ഈ

അച്ചന്റെ പറച്ചിൽ കേട്ടാൽ ഈ പള്ളിപണി എല്ലാം അച്ചന്റെ തലയിൽ കൂടിയാണ് പോകുന്നത് എന്ന് തോന്നും. കൂടാതെ ഒരു വാക്കു കൂടി - എപ്പം ചെന്നാലും തരണെ തരണെ എന്നു മുറവിളിയാണ്. ഇതെന്തൊരു ഇടപാടാണ്" എന്ന്. തമാശയായി പറഞ്ഞതാണ്. പിറ്റെ ദിവസം പള്ളിയിൽ പരസ്യം ചെയ്തപ്പോൾ ഞാൻ പറഞ്ഞു. "ഇന്നലെ ഒരാൾ തരണം തരണെ എന്ന് ചോദിക്കുന്നത് ശരിയല്ല എന്ന് പറഞ്ഞു. അതുകൊണ്ട് ഇന്ന് ഞാൻ പറയുന്നത് പണം തരരുത്, തരരുത് എന്നാണ്. എന്നാൽ പള്ളി പണിക്കുവേണ്ടി നിങ്ങൾ കൊടുക്കണം, കൊടുക്കണം" എന്നു മാത്രമാണ് പറയുന്നത്. എല്ലാവരും ചിരിച്ചു.

ആ സമയത്ത് ബിഷപ്പ് ജോസഫ് തിരുമേനിയും മൈക്കിൾ ജോൺ അച്ചനും അവിടെ വന്നിരുന്നു. മൈക്കിൾ ജോൺ അച്ചൻ പാസ്റ്ററൽ ബോർഡ് സെക്രട്ടറിയാണ്. അദ്ദേഹം പറഞ്ഞു, ഈ വർഷം അച്ചന് തരാൻ പറ്റിയ നല്ല ഇടവകകളൊന്നും ഇല്ലല്ലോ എന്ന്. എന്നാൽ ട്രാൻസ്ഫർ വന്നപ്പോൾ ഒരു പുതിയ തസ്തിക ഉണ്ടാക്കുകയും മൈക്കിൾ ജോൺ അച്ചനെ ആ ചുമതല ഏല്പിക്കുകയും ചെയ്തു. അങ്ങനെ കഞ്ഞിക്കുഴിയിലേക്ക് എന്നെ സ്ഥലം മാറ്റി. ഇതൊരു വലിയ ദൈവഹിതമായിരുന്നു എന്ന് പിന്നീട് മനസ്സിലായി. കഞ്ഞിക്കുഴിയിലെ പ്രവർത്തനമാണ് എന്നെ മഹായിടവകയിൽ അറിയപ്പെടുന്ന ആളാക്കിയത്. ഏതു സ്ഥലവും ആവശ്യപ്പെടാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെങ്കിലും ദൈവഹിതത്തിന് പൂർണ്ണമായി കീഴ്പ്പെടുകയാണുണ്ടായത്. അത് നന്മയ്ക്കായി കൂടി വ്യാപരിച്ചു. കഞ്ഞിക്കുഴിയിലെ പ്രവർത്തനം ഒരനുഗ്രഹമായിരുന്നു.

അങ്ങനെ മറക്കാനാവാത്ത അനുഭവങ്ങളുമായി മദ്രാസിനോട് യാത്ര പറഞ്ഞു. പകരം റവ. ടി.വി. തോമസ് മദ്രാസിലെ പട്ടക്കാരനായി.

## സി.എസ്.ഐ. അസ്സൻഷൻ ചർച്ച്, കോട്ടയം (1975-80)

മഹായിടവകയിലെ രണ്ടാമത്തെ ഇടവക എന്നറിയപ്പെടുന്ന ഇടവകയാണ്. ഒരു കാലത്ത് കതീഡ്രൽ ചാപ്പൽ ആയിരുന്നു കഞ്ഞിക്കുഴി ഇടവക. 1920 കളിൽ കോട്ടയത്തിന് കിഴക്കുഭാഗത്തുള്ള ജനങ്ങളുടെ ആരാധനയ്ക്കായി തേർത്താനത്ത് പുന്നൻ ജഡ്ജി അന്നത്തെ ജില്ലാ കോടതിയുടെ മുമ്പിൽ ഏതാനും സെന്റ് സ്ഥലം റോഡരുകിൽ നല്കിയ സ്ഥലത്ത് ഒരു ചാപ്പൽ പണിതു. 1920 ൽ ബിഷപ്പ് ഗിൽ തിരുമേനി അത് പ്രതിഷ്ഠിച്ച് ആരാധനയ്ക്കായി തുറന്നുകൊടുത്തു. ജില്ലാക്കോടതിയുടെ പരിസരത്ത് നിർമ്മിച്ച ചാപ്പൽ പ്രതിഷ്ഠാകർമ്മം നടത്തിയപ്പോൾ

“നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു.” എന്ന വാക്യത്തിന്റെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം പ്രസംഗിച്ചത്. ഏതാനും ഭവനക്കാരെ കൊണ്ടാരംഭിച്ച ഈ ചാപ്പൽ ഇന്ന് മഹായിടവകയിലെ വലിയ ഇടവകകളിൽ രണ്ടാമത്തേതായി വളർന്നുകഴിഞ്ഞു. പ്രഗത്ഭരായ അനേകം പട്ടക്കാരുടെ സേവനം ഈ ഇടവകയ്ക്ക് ലഭിച്ചിട്ടുണ്ട്. അവിടെ പ്രവർത്തിക്കുവാൻ അവസരം ഒരുക്കിയ ബിഷപ്പ് ജോസഫ് തിരുമേനിയോടുള്ള കടപ്പാട് നിസ്സീമമാണ്. ഒരു മകനെപ്പോലെ അദ്ദേഹം എന്നെ കരുതി.

അദ്ദേഹത്തിന്റെ പല മാതൃകകളും പിൽക്കാലങ്ങളിൽ പിന്തുടരുവാൻ ശ്രമിച്ചിട്ടുണ്ട്. കഞ്ഞിക്കുഴി ഇടവകയിൽ ഇരുന്നിട്ടുള്ളവരിൽ പലരും പിന്നീട് ബിഷപ്പുമാരായി എന്നുള്ളത് ഒരു പ്രത്യേകതയാണ്. ബിഷപ്പ് എം. എം. ജോൺ, ബിഷപ്പ് എം. സി. മാണി, ബിഷപ്പ് മൈക്കിൾ ജോൺ, ബിഷപ്പ് സാം മാത്യു, ബിഷപ്പ് തോമസ് സാമുവൽ, ബിഷപ്പ് തോമസ് കെ. ഉമ്മൻ ഇവരെല്ലാം ഇവിടെ അച്ചന്മാരായിരുന്നിട്ടുള്ളവരാണ്.

വ്യക്തിപരമായ എന്റെ വളർച്ചയിലെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു കഞ്ഞിക്കുഴി ഇടവക. ഒരു ഇടവക പട്ടക്കാരനെന്ന നിലയിൽ വളരെ നന്നായി പ്രവർത്തിക്കുവാൻ കഴിഞ്ഞതുകൊണ്ട് ഇടവകയിൽ മാത്രമല്ല മഹായിടവകയിൽ തന്നെ അറിയപ്പെടുന്ന ഒരാളായി.

ഇരിക്കുന്ന ഇടവകയിൽ ഉള്ള സൗകര്യങ്ങൾ അനുസരിച്ച് പ്രവർത്തിച്ചാൽ ദൈവവും മനുഷ്യരും ആദരിക്കും എന്നു പഠിച്ചു.

## പ്രവർത്തനാരംഭം

ഇത്രയും ചെറുപ്പത്തിൽ തന്നെ കഞ്ഞിക്കുഴിയിൽ നിയമനം ലഭിച്ചത് ദൈവഹിതം ഒന്നുകൊണ്ടു മാത്രമണ്. കഞ്ഞിക്കുഴി ഇടവകയിൽ ഞങ്ങൾ തികച്ചും അപരിചിതരായിരുന്നു. മഹായിടവകയിലെ ഏറ്റവും വലിയ ഇടവകകളിലൊന്ന്. പ്രഗത്ഭരായ പട്ടക്കാരുടെ പിൻഗാമി. പ്രായത്തിലും, പരിചയത്തിലും വളരെ പിന്നിലായിരുന്ന എനിക്ക് എങ്ങനെ പ്രവർത്തിക്കാനാകും എന്ന ചിന്ത വളരെ അലട്ടി. എന്നാൽ കഞ്ഞിക്കുഴിയിലെ പ്രവർത്തനം വളരെ സന്തോഷകരമായിരുന്നു.

## ഇടയപരിപാലനം

പ്രശംസിക്കുവാനൊന്നുമില്ലാതെയിരുന്ന ഒരാൾ എന്ന നിലയിൽ താല്പര്യമുള്ള ഒരു വിഷയത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ഇടയപരിപാലനം, വീടുസന്ദർശനം ക്രമമായി നടത്തി. രോഗികളെയും, അശരണരേയും കാണുകയും ചെയ്യാവുന്ന കൂട്ടായ്മ നൽകി അവരെ ആശ്വസിപ്പിക്കുകയും

ചെയ്തു. ആളുകളെയും കുടുംബങ്ങളെയും വ്യക്തിപരമായി മനസ്സി ലാക്കി. അവരുടെ ആവശ്യങ്ങളും അവരുടെ കുടുംബകാര്യങ്ങളും എല്ലാം അറിഞ്ഞു. ചുരുക്കിപ്പറഞ്ഞാൽ ഈ അച്ചൻ ഞങ്ങളുടെ അച്ചനാണ് എന്ന് ഓരോ കുടുംബവും പറയാൻ തുടങ്ങി. ഒരു നല്ല കുടുംബ സുഹൃത്തായി പ്രവർത്തിച്ചു. അച്ചൻ വല്യമ്മമാരുടെ മകനായും മദ്ധ്യവയസ്ക്കരുടെ സ്നേഹിതനായും സ്ത്രീകളുടെ സഹോദരനായും, യുവാക്കളുടെ നേതാ വായും കുട്ടികളുടെ ജ്യേഷ്ഠനുമായി തീരുമ്പോൾ ഇടയപരിപാലനം വിജ യകരമാകും. ഇടവകയുടെ കാര്യങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തി. യുവാക്കളുടെയിടയിലെ പ്രവർത്തനം ഫലകരമായി.

## കുടുംബ ഞായർ

ആദ്യമായി ആരംഭിച്ചു. മഹായിടവകയിൽ ആദ്യമായി കുടുംബഞാ യർ ആരാധനയിൽ സ്തോത്രകാഴ്ച ഓരോരുത്തരും മുമ്പിൽ വച്ചിരി ക്കുന്ന അലങ്കരിച്ച കൊട്ടയിൽ നിക്ഷേപിക്കുവാൻ ക്രമീകരണം ഉണ്ടായി. ആരും എതിർത്തില്ല. കാരണം വ്യക്തിപരമായ സ്നേഹം. ഇന്നുവരെ ആ പതിവ് തുടരുന്നു.

ഹോശാനാ ഞായറാഴ്ച സണ്ടേസ്കൂൾ കുട്ടികളും ഗായകസംഘാം ഗങ്ങളും കുരുത്തോല കൈയിലേന്തി പള്ളിയിലെ പൂക്കൾ വിരിച്ച നില ത്തുകൂടി നടത്തി.

യുവജനപ്രസ്ഥാനവും ക്വയറും രണ്ടും തമ്മിലുള്ള മത്സരം മാറി രണ്ടും ഒരുമിച്ചു പ്രവർത്തിക്കുവൻ തുടങ്ങി. സണ്ടേസ്കൂൾ സജീവമായി.

മഹായിടവകയിൽ ആദ്യമായി ജൂനിയർ വിമൻസ് ഫെലോഷിപ്പ് ആരം ഭിച്ചു. കുക്കിംഗ് ക്ലാസ്, ക്രാഫ്റ്റ്, ബൈബിൾ ക്ലാസ് തുടങ്ങിയ പരിപാടി കൾ സജീവമായി നടന്നു. പില്ക്കാലത്ത് ഇവർ സ്ത്രീജനസഖ്യത്തിന്റെ സജീവപ്രവർത്തകരായി.

സ്ത്രീജനസഖ്യം യുവജനപ്രസ്ഥാനം ഇവയെല്ലാം ക്രമമായി നടന്നു. ബൈബിൾ ക്ലാസുകളും നടന്നുവന്നു.

മഹായിടവകയിൽ ഇദംപ്രഥമായി ഒരു യങ് കപ്പിൾസ് ഫെലോഷിപ്പ് ഉണ്ടായി. ഇത് വളരെ സജീവമായി നടന്നു. പിക്നിക്കുകൾ കുടുംബസ മേതം സംഘടിപ്പിച്ചു. ഫാമിലി ലൈഫ്, ചിൽഡ്രൻസ് എജ്യുക്കേഷൻ, യൂത്ത് ആൻഡ് ചിൽഡ്രൻസ് പ്രോബ്ലംസ് തുടങ്ങിയ വിഷയങ്ങളെക്കു റിച്ചുള്ള ചർച്ചകളും ക്ലാസുകളും നടന്നുവന്നു. ഡോ. ബേക്കർ ഫെൻ തുടങ്ങിയവർ നേതൃത്വം നൽകി.

'A Church for others' എന്ന മുദ്രാവാക്യം സ്വീകരിച്ച യുവജനങ്ങൾ

ഡോ. അനീഷ് ടി. ഏലിയാസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ സാമൂഹ്യപ്രവർത്തനങ്ങൾ നടത്തി. ഇടവക വളരെ ഏറെ സഹകരിച്ചു. ആടിനെ വാങ്ങി നിർദ്ധന കുടുംബങ്ങൾക്ക് നൽകുക, വീടുകൾ വച്ചു കൊടുക്കുക, വിവാഹസഹായം, വിദ്യാഭ്യാസസഹായം ഇവ നൽകുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇങ്ങനെ ഇടവകയിലെ എല്ലാ തരത്തിൽപെട്ട ആളുകളും പ്രവർത്തനനിരതരായി. ഇടവകയ്ക്ക് ഒരു ചലനാത്മകത ഉണ്ടായി. ആരാധന സജീവമാക്കുവാൻ ചിന്നക്കുട്ടിച്ചായന്റെ നേതൃത്വത്തിൽ ഒരു സിംഗിംഗ് കോൺഗ്രിഗേഷൻ ആകുവാൻ തക്കവണ്ണം 15 മിനിറ്റ് കോൺഗ്രിഗേഷനിൽ പാട്ട് പഠിപ്പിക്കുവാനുള്ള ക്രമീകരണം ഉണ്ടായി. കർശനമായ ഡിസിപ്ലിൻ പാലിക്കുവാൻ ക്വൊയർ നിർബ്ബന്ധിതരായി.

## 60 വർഷം പൂർത്തിയാക്കുന്ന ജൂബിലി

'A Church for others' എന്ന മുദ്രാവാക്യം ഇടവകയുടെ മുദ്രാവാക്യമായി. ഇതിന്റെ പശ്ചാത്തലത്തിലുള്ള പ്രവർത്തന പരിപാടികൾ എല്ലാ സംഘടനകളുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു.

ഡോ. അനീഷ് റ്റി. ഏലിയാസിന്റെ നേതൃത്വത്തിൽ റെയിൽവേ കോളനി സന്ദർശിച്ച് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ യുവജനങ്ങൾ തയ്യാറായി. അവിടുത്തെ കുട്ടികൾക്ക് സണ്ടേസ്കൂൾ നടത്തുക, വസ്ത്രങ്ങൾ വിതരണം ചെയ്യുക തുടങ്ങിയ പരിപാടികൾ നടത്തപ്പെട്ടു.

വീടു വച്ചു കൊടുക്കുക - ഇടവകയിൽ വീടില്ലാത്തവർ ഉണ്ടാകരുത് എന്നു കരുതി ഓരോ ചെറിയ വീടുവച്ചു കൊടുക്കുവാനുള്ള പദ്ധതി ആസൂത്രണം ചെയ്തു. മൂന്നു പേർക്ക് വീട് വച്ചു കൊടുക്കുവാനേ സാധിച്ചുള്ളൂ. അപ്പോഴേക്ക് മറ്റൊരു പരിപാടിയിലേക്ക് ഇടവക തിരിഞ്ഞു.

## അസൻഷൻ സേവനനിലയം

"ഞാൻ യഹോവയ്ക്ക് എന്ത് കൊടുക്കും" ഇടവക വജ്രജൂബിലി ആഘോഷിക്കുമ്പോൾ ദൈവത്തിന് എന്തു കൊടുക്കും എന്ന ചിന്ത ഇടവകയെ ഭരിച്ചു.

## ആപത്തുകളെ അവസരങ്ങളാക്കുക

അസൻഷൻ ഇടവകയിൽ പുളിമൂട്ടിൽ മമ്മി എന്നു വിളിക്കുന്ന ആക്ടീവ് ആയ ഒരു അമ്മയുണ്ടായിരുന്നു. അവരുടെ മകൾ ബേബിക്കുട്ടി ഒരു കാലിന് ബലഹീനതയുള്ള ഒരാളായിരുന്നു. അപ്പച്ചൻ എന്ന ഒരു കത്തോലിക്കൻ അവളെ വിവാഹം ചെയ്തു. ചാമരം എന്ന സിനിമ നിർമ്മിച്ച ആളായിരുന്നു അപ്പച്ചൻ. അവരുടെ ഇളയമകൻ 3 വയസ്സുള്ള

ജഗൻ തിരുവനന്തപുരത്തു നിന്നുള്ള മടക്കയാത്രയിൽ ചെങ്ങന്നൂർ വച്ച് ഒരു കാർ അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അറിഞ്ഞ സമയം മുതൽ ഇടവക പട്ടക്കാരനായ ഞാൻ ആശുപത്രിയിലുണ്ടായിരുന്നു. രാത്രി രണ്ടു മണിക്ക് ആ പിഞ്ചുകുഞ്ഞ് മരിച്ചു. മോർച്ചറിയിൽ വച്ചിട്ട് പിന്നീടുള്ള ക്രമീകരണ ങ്ങളുമായി ഞങ്ങൾ ചുരുക്കം ആളുകൾ മുന്നോട്ടുപോയി. ആ കുഞ്ഞിന്റെ പോസ്റ്റുമാർട്ടം പകൽ നടത്തി. ഏതാണ്ട് രണ്ടുമണി വരെ കുഞ്ഞിന്റെ മാതാപിതാക്കളും മറ്റെല്ലാവരും മോർച്ചറിയുടെ വാതുക്കൽ പൊരിവെ യിലത്ത് കുട ചൂടി നില്ക്കേണ്ടിവന്നു. കാലിനു സ്വാധീനമില്ലാത്ത അമ്മ ദുഃഖാർത്തയായി ഭിത്തി ചാരി കുടപിടിച്ചു നിൽക്കുന്ന കാഴ്ച ദയനീയ മായി.

ഈ സമയത്ത് മനസിൽ ഉയർന്ന ഒരു പ്രാർത്ഥന ദൈവമെ ഇങ്ങനെ വരുന്ന നിരവധിയാളുകൾ ഇവിടെ ഉണ്ടല്ലോ. അവർക്ക് കയറി ഇരുന്ന് ഒന്നു വിശ്രമിക്കുവാൻ ഒരു മുറി എങ്കിലും ഇവിടെ അടുത്തുണ്ടായിരു ന്നെങ്കിൽ എത്ര നന്നായിരുന്നു.

ഇടവകയിൽ, ചർച്ച് കമ്മറ്റിയിൽ വിഷയം അവതരിപ്പിച്ചു. അസാധ്യ മായ കാര്യം എന്ന് ചിലരും ഒന്നു ശ്രമിക്കാമെന്ന് മറ്റു ചിലരും. ഏതാ യാലും പ്രാർത്ഥിച്ചു, പരിശ്രമിച്ചു. അന്വേഷിച്ചു. അപ്പോൾ ചിന്നക്കുട്ടിച്ചാ യൻ പറഞ്ഞു അവിടെ എവിടെയോ ഒരു 18 സെന്റ് സ്ഥലം ജോൺ തിരുമേനിയുടെ ഭരണസമയത്ത് വാങ്ങി ഇട്ടിട്ടുണ്ട്. നാട്ടുകാർ കയ്യേറി യിരിക്കുകയാണ് ആ സ്ഥലം. എം. പി. ജോസഫ് മണ്ണാകുന്നിലിന്റെ നേതൃ ത്വത്തിൽ ആ സ്ഥലം കണ്ടുപിടിച്ചു. വലിയ കുഴിയും കാടും, നാട്ടുകാ രുടെ മലമൂത്ര വിസർജ്ജന സ്ഥലവുമായി അത് പരിണമിച്ചു. അത് കണ്ടു പിടിച്ച് മഹായിടവകയോട് ആ സ്ഥലം ഇടവകയ്ക്ക് വിട്ടുതരണം എന്നാ വശ്യപ്പെട്ടു. എന്നാൽ അങ്ങനെ സ്ഥലം ഒരിടവകയ്ക്ക് വിട്ടുകൊടുക്കാ നാവില്ല എന്ന് മഹായിടവക അറിയിച്ചു.

വീണ്ടും അഭ്യർത്ഥനയുമായി ഞാൻ മഹായിടവകയെ സമീപിച്ചു. അന്ന് പ്രോപ്പർട്ടി കമ്മറ്റിയിലുണ്ടായിരുന്ന കെ. ഒ. ഉമ്മൻ സാറും, വി. സി. വർഗീസ് സാറും ഈ ആവശ്യം ന്യായമാണ്, ആ സ്ഥലം നഷ്ടപ്പെ ട്ടുപോയപ്പോൾ ആരും നോക്കിയില്ല. ഇടവകയ്ക്ക് വിട്ടുകൊടുക്കണമെന്ന് ശക്തിയായി വാദിച്ചു. അവസാനം ആ സ്ഥലം വിട്ടുതന്നു. അവർ തന്നെ (വി.സി. വർഗീസ് സാറും, ഉമ്മൻ സാറും) മനോഹരമായ ഒരു ബ്രോഷർ എഴുതി. ഒരു മൾട്ടിപർപ്പസ് പ്രസ്ഥാനം ആരംഭിക്കുവാൻ തീരുമാനിച്ചു.

മെഡിക്കൽ കോളജിൽ വരുന്ന രോഗികൾ ബന്ധുക്കൾ ഇവർക്ക് കുറഞ്ഞ ചെലവിൽ താമസിക്കുക, കൗൺസലിങ്ങ്, വൈദ്യസഹായം,

ഗൈഡൻസ് തുടങ്ങിയ കാര്യങ്ങൾക്കുള്ള സഹായം – ഇതെല്ലാം പ്ലാൻ ചെയ്തു. ആർക്കും വന്നിരുന്നു പ്രാർത്ഥിക്കുവാൻ പറ്റിയ വിധത്തിൽ ഒരു ചാപ്പൽ, മെഡിക്കൽ വിദ്യാർത്ഥികൾക്കും ഡോക്ടർമാർക്കും ആരാധിക്കുവാനും പഠിക്കുവാനുള്ള സൗകര്യം – അതാണ് അസൻഷൻ സേവനനിലയം.

## സേവന നിലയം ഉത്ഘാടനം

1979–ൽ അസൻഷൻ സേവനനിലയം പൂർത്തീകരിക്കപ്പെട്ടു. 1980 ഫെബ്രുവരി 23 ന് ഉദ്ഘാടനം. അന്ന് അഖില ലോക വൈ.എം.സി.എ. പ്രസിഡന്റായിരുന്ന കെ. എം. ഫിലിപ്പ് (കെ.എം. മാത്യു, മനോരമയുടെ സഹോദരൻ) നിർവ്വഹിച്ചു. ബിഷപ്പ് എം.എം. ജോൺ, ബിഷപ്പ് ടി.എസ്. ജോസഫ് തുടങ്ങിയ വിശിഷ്ട വ്യക്തികൾ പങ്കെടുത്തു. കെ. എം. മാത്യുവും മനോരമയും വലിയ സഹകരണമാണ് നല്കിയത്.

അന്നത്തെ പ്രസംഗത്തിൽ ജോൺ തിരുമേനി പറഞ്ഞ ഒരു വാചകം എന്നിൽ വളരെ പ്രചോദനമുണ്ടാക്കി. "ഞാൻ അനേകർക്ക് പട്ടം കൊടുത്തിട്ടുണ്ട്. എന്നാൽ സാം മാത്യു അച്ചന് പട്ടം കൊടുക്കുവാനിടയായതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അഭിമാനിക്കുന്നു." തിരുമേനിയുടെ പ്രോത്സാഹനം എന്നെ കൂടുതൽ കർമ്മനിരതനാക്കി.

## സെന്റിനറി ഓഫീസർ

1978–ൽ ബിഷപ്പ് ജോസഫ് തിരുമേനി എനിക്ക് ഒരു സ്ഥാനക്കയറ്റത്തോടുകൂടി സ്ഥലം മാറ്റം തന്നു. മഹായിടവക നൂറുവർഷം തികയുന്ന മഹായിടവകയുടെ പ്രൊജക്ടുകൾ നടത്തണം. ജൂബിലി നടത്തണം ഇതായിരുന്നു ചുമതല. നാലു വർഷം കഞ്ഞിക്കുഴിയിൽ പൂർത്തിയാക്കിയെങ്കിലും അവിടുത്തെ ജനങ്ങൾ തിരുമേനിയെ നിർബന്ധിച്ച് ആ സ്ഥലം മാറ്റം കാൻസൽ ചെയ്യിച്ചു. സ്ഥലംമാറ്റ കാര്യത്തിൽ ഞാൻ ഇടപെട്ടില്ല. എന്നാൽ നല്ലവനായ തിരുമേനി ഇടവകയുടെ ആവശ്യം മനസ്സിലാക്കി. ജനങ്ങളുടെ മനസ്സറിയുന്നവനായിരുന്നു ജോസഫ് തിരുമേനി. അങ്ങനെ അവിടെ 5 വർഷം പൂർത്തിയാക്കുവാൻ അവസരം ലഭിച്ചു.

കഞ്ഞിക്കുഴി അസൻഷൻ ഇടവകയിലെ പ്രവർത്തനമാണ് പിന്നീടുള്ള ഉയർച്ചക്ക് പ്രധാന കാരണം.

## ഉന്നതപഠനാവസരങ്ങൾ നഷ്ടപ്പെടുന്നു

1975–ൽ ഇടവകയിൽ ചാർജ്ജെടുത്ത് അധികം താമസിയാതെ റവ. ഡോ ഇ. സി. ജോൺ എനിക്ക് ഇംഗ്ലണ്ടിൽ ഒരു വർഷം പഠിക്കുവാനുള്ള

അവസരം ഉണ്ടാക്കിത്തന്നു. അഭിവന്ദ്യ ജോസഫ് തിരുമേനിയോടും, ജോൺ തിരുമേനിയോടും ഈ വിവരം പറഞ്ഞു. അവർ ഇരുവരും "കഞ്ഞിക്കുഴിയിൽ ഒരു മൂന്നു വർഷം ഇരിക്കുന്നത് അച്ചന്റെ ഭാവിക്ക് നല്ലതാണ്. അതുകൊണ്ട് തല്ക്കാലം പോകാതിരിക്കുന്നതാണ് നല്ലത്." എന്നാണ് പറഞ്ഞത്. ഈ വാക്കുകൾ അക്ഷരാർത്ഥത്തിൽ അനുഭവ വേദ്യമായി. ഞാൻ പോയില്ല.

അതിനുശേഷം Seaburry Western എന്ന ചിക്കാഗോയിലുള്ള സെമിനാരിയിൽ അഡ്മിഷൻ കിട്ടി. തിരുമേനിമാർ നിരുത്സാഹപ്പെടുത്തി. പോയില്ല. ഇതെല്ലാം എന്റെ നന്മയ്ക്കായിട്ടായിരുന്നു. തിരുമേനിമാരെ പൂർണ്ണമായി അനുസരിച്ചു. അവർ രണ്ടുപേരും എനിക്ക് നന്മ മാത്രമേ ചിന്തിച്ചിട്ടുള്ളൂ. എന്നെക്കുറിച്ച് വലിയ പ്രതീക്ഷ അവർക്കിരുവർക്കും ഉണ്ടായിരുന്നു എന്ന് അനേകം സംഭാഷണങ്ങളിൽ കൂടി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

Wycliff College - Toronto യിലെ പ്രിൻസിപ്പാൾ Dr. Stalkhouse അഭിവന്ദ്യ ജോൺ തിരുമേനിയുടെ സഹപാഠിയായിരുന്നു. അദ്ദേഹം 1979 ലെ മഹായിടവക കൺവൻഷൻ പ്രസംഗകനായി വന്നു. ഞാനായിരുന്നു കൺവീനർ. ജോൺ തിരുമേനി ഒരു ദിവസം കാപ്പി സൽക്കാരത്തിനായി അദ്ദേഹത്തെ അയ്മനത്തുള്ള വസതിയിൽ കൊണ്ടുപോയി.

സംഭാഷണമദ്ധ്യേ തിരുമേനി അദ്ദേഹത്തോട് പറഞ്ഞു. ഞങ്ങൾക്ക് ഒരു നല്ല അച്ചനുണ്ട്. അച്ചന് Wycliff ൽ ഒരു അഡ്മിഷൻ കൊടുക്കണം. വൈകുന്നേരം അദ്ദേഹം കൺവൻഷന് വന്നപ്പോൾ ഇക്കാര്യം എന്നോട് പറഞ്ഞു. ബയോഡേറ്റ അയച്ചുകൊടുക്കാൻ പറഞ്ഞു. ഞാൻ അയച്ചുകൊടുത്തു. സ്കോളർഷിപ്പോടുകൂടി അഡ്മിഷൻ ലഭിച്ചു. 1980-ലെ ബാച്ചിലേക്ക്. ഈ കോളജിലാണ് ജോൺ തിരുമേനി പഠിച്ചത്.

അപ്പോഴേക്ക് ജോസഫ് തിരുമേനി എന്നെ ഡയോസിസൻ ട്രഷറർ എന്ന ഉന്നതപദവിയിലേക്ക് നിയമിച്ചു കഴിഞ്ഞിരുന്നു. തിരുമേനി എന്നോട് പറഞ്ഞു ഇപ്പോൾ പോകേണ്ട. തൽക്കാലം ഈ ചുമതല നിറവേറ്റുക. ഒരു മടിയും കൂടാതെ ഞാൻ ആ ചുമതല ഏറ്റു. അതും നന്മയ്ക്കായിട്ടായിരുന്നു.

ആദ്യം ജോൺ തിരുമേനിയെ സമീപിച്ചപ്പോൾ ഞാൻ പറഞ്ഞു എനിക്ക് ഇപ്പോൾ 34 വയസായി. 5 വർഷം കഴിയുമ്പോൾ 39 ആകും. അപ്പോൾ തിരുമേനി പറഞ്ഞു. ഞാൻ 42-ാം വയസിലാണ് പഠിക്കാൻ പോയത്. അതുകൊണ്ട് തൽക്കാലം കഞ്ഞിക്കുഴിയിൽ ഇരിക്കുക. ഇനിയും ഒരു ചാൻസ് കഞ്ഞിക്കുഴിയിൽ ലഭിക്കയില്ല എന്നു പറഞ്ഞു. വളരെ സദുദ്ദേശ്യത്തോടുകൂടി ഇവർ ഇരുവരും എന്നെ കരുതി, സ്നേഹിച്ചു. ഉപദേശങ്ങൾ തന്നു. ഒരുക്കി.

അഞ്ചു വർഷം അസൻഷൻ ഇടവകയിൽ പ്രവർത്തിക്കുവാൻ ദൈവം അവസരം തന്നു. അത് എന്റെ പിന്നീടുള്ള വളർച്ചക്കും, പ്രവർത്തനങ്ങൾക്കും ഒരു വലിയ മുതൽകൂട്ടായിരുന്നു. ജോൺ തിരുമേനിയോടും, ജോസഫ് തിരുമേനിയോടുമുള്ള കടപ്പാട് നിസ്സീമമാണ്.

അസൻഷൻ ഇടവകയെ ഞാൻ വളരെ സ്നേഹിച്ചു. അവർ എന്നെയും. എന്നാൽ ബിഷപ്പ് തെരഞ്ഞെടുപ്പിൽ അവരുടെ സഹായം വേണ്ടതു പോലെ ലഭിച്ചില്ല. അത് മറ്റൊരു കഥ.

## ഡയോസിസൻ ട്രഷറർ (1980–1985)

"ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക."

മഹായിടവകയിലെ രണ്ടാമത്തെ സ്ഥാനമാണ് ഡയോസിസൻ ട്രഷറാർ എന്നുള്ളത്. ഇത് ബിഷപ്പിന്റെ നിയമനമാണ്. എക്സിക്യൂട്ടീവ് കമ്മറ്റിയോട് ആലോചിക്കണമെന്നു മാത്രം. മഹായിടവകയിലെ ഏറ്റം പ്രഗത്ഭന്മാരായ അച്ചന്മാരെയാണ് ഈ ഉത്തരവാദിത്വമേറിയ ചുമതല ഭരമേല്പിക്കാറുള്ളത്. സാധാരണ ഗതിയിൽ സീനിയർ അച്ചന്മാരായിരിക്കും നിയമിക്കപ്പെടുക. അതിപ്രഗത്ഭരായ ബഞ്ചമിനച്ചൻ, സി.ഐ. ഏബ്രഹാം അച്ചൻ, കെ.പി. ഫിലിപ്പ് അച്ചൻ, കെ.കെ. തര്യൻ അച്ചൻ, ജോസഫ് മാത്യു അച്ചൻ ഇവരൊക്കെയാണ് ഈ സ്ഥാനം വഹിച്ചിട്ടുള്ളവരിൽ ചിലർ. അവരുടെ പിൻഗാമിയായി താരതമ്യേന വളരെ ജൂനിയറായ എന്നെ നിയമിച്ചത് ജോസഫ് തിരുമേനിക്ക് എന്നിലുള്ള വിശ്വാസം കൊണ്ടായിരുന്നു.

വിശ്വസ്തതയും, കാര്യക്ഷമതയും, കഠിനാധ്വാനവും, നയപരമായ സമീപനവും ഈ സ്ഥാനത്ത് അനിവാര്യമാണ്. ദൈവത്തിന്റെ പണം, ദൈവത്തിനും, മനുഷ്യനും വേണ്ടി ഉപയോഗിക്കുവാൻ ജനങ്ങൾ സഭയെ ഏല്പിച്ചിരിക്കുകയാണ്. അത് പൂർണ്ണ വിശ്വസ്തതയോടുകൂടി ഉപയോഗിക്കേണ്ടതാണ്. അക്കാലത്ത് മഹായിടവക ഭാരിച്ച കടഭാരത്തിലായിരുന്നു. അതോടൊപ്പം കേന്ദ്രഫണ്ട് വളരെ ഏറെ പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു. മഹായിടവക വികസന പ്രവർത്തനങ്ങൾ എല്ലാം വഴിമുട്ടി നിൽക്കുകയായിരുന്നു.

ഇത്തരുണത്തിൽ എന്താണ് ചെയ്യേണ്ടത് എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് വളരെ ആശങ്ക ഉണ്ടായി. ജോസഫ് തിരുമേനിയുടെ പിന്തുണയോടുകൂടി ഈ കടമ്പകളെ കടക്കുവാൻ സാധിച്ചു. തിരുമേനി തന്നെ കടനിവാരണത്തിനായി വിവിധ ഇടവകകൾ സന്ദർശിച്ചു. പണം പിരിച്ചു. ചെലവു ചുരുക്കി സെൻട്രൽ ഫണ്ട് കുടിശ്ശിക തീർത്ത് പിരിച്ചെടുത്ത് അങ്ങനെ കടം തീർത്തു. നല്ലൊരു മിച്ചം മഹായിടവകയ്ക്കുണ്ടായി.

അന്ന് ബേക്കർ കോമ്പൗണ്ടിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുവാൻ ശിലാസ്ഥാപനം ജോസഫ് തിരുമേനി നിർവ്വഹിച്ചു. അത് പ്രാവർത്തികമാക്കുവാൻ സാധിച്ചില്ല. എന്നാൽ മാണി തിരുമേനി ഭരണസാരഥ്യം ഏറ്റെടുത്ത ശേഷം ശിലാസ്ഥാപനം നിർവ്വഹിച്ചു പണി ആരംഭിച്ചു. 5 വർഷവും ആ ചുമതലയിൽ ഇരിക്കുവാൻ തിരുമേനി അനുവദിച്ചു. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിൽകൂടി. ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തിയായി.

1981-ൽ ബിഷപ്പ് ജോസഫ് വിരമിക്കുകയുണ്ടായി. ബിഷപ്പ് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കപ്പെട്ടു. എം.സി. മാണി, മൈക്കിൾ ജോൺ, എ.സി. ഉമ്മൻ എന്നിവരായിരുന്നു സ്ഥാനാർത്ഥികൾ. ഒ.എ. ജേക്കബ്, ഐപ്പ് ജേക്കബ് എന്നിവർ എന്റെ പേരും നിർദ്ദേശിച്ചു. തെരഞ്ഞെടുപ്പ് പ്രചരണം തകൃതിയായി നടന്നു. എനിക്ക് ഒട്ടും താല്പര്യമില്ലാതെയിരുന്നതിനാൽ ഒരു പ്രചരണത്തിനും പോയില്ല. എന്നാൽ ഒരു സസ്പെൻസിനുവേണ്ടി പിന്മാറാതെ നിന്നു. വലിയ വാശിയേറിയ തെരഞ്ഞെടുപ്പായിരുന്നു. ഞാൻ ആരുടെയും പക്ഷം പിടിച്ചില്ല. തെറ്റിദ്ധാരണ തിരുത്താൻ ഞാൻ ശ്രമിച്ചുമില്ല. ബിഷപ്പ് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ആൾ ആയിരിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. എന്നാൽ ചിലർ തെറ്റിദ്ധരിച്ചു. ഞാൻ പിന്മാറി. മാണി തിരുമേനി ബിഷപ്പായി.

എന്റെ സേവനം ആവശ്യമുണ്ടെന്ന് അദ്ദേഹം കരുതി. 5 വർഷവും പൂർത്തിയാക്കി. വളരെ ടെൻഷൻ അനുഭവിച്ച ഒരു കാലഘട്ടമായിരുന്നു അത്. എന്നാൽ ബിഷപ്പിനോട് പൂർണ്ണവിധേയത്വം പാലിച്ചു എന്നെനിക്കുറപ്പുണ്ട്. അത് മഹായിടവകയ്ക്ക് നേട്ടവുമായിരുന്നു. തിരുമേനിയും എനിക്കുവേണ്ട സഹകരണവും സ്വാതന്ത്ര്യവും നൽകി. അഭിപ്രായവ്യത്യാസം പല കാര്യങ്ങളിലും ഉണ്ടായിരുന്നു എന്നുള്ളത് സത്യം.

## അച്ചനെ മഹായിടവകയ്ക്കാവശ്യമുണ്ട്

ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടെ കേരള ഓക്സിലറിയുടെ സെക്രട്ടറിയായി നിയമിതനാകുവാൻ ബൈബിൾ സൊസൈറ്റി ഭാരവാഹികൾ എന്നെ നിർബന്ധിച്ചു. യേശുദാസൻ തിരുമേനി പ്രസിഡന്റും, തോമസ് മാത്യു അച്ചൻ സെക്രട്ടറിയുമാണ്. അച്ചൻ ബാംഗ്ലൂരിന് പോകുന്ന ഒഴിവിലേക്കാണ് നിയമനം. അന്ന് വളരെ ആകർഷകമായ ശമ്പളവും, കാറും ബംഗ്ലാവും എല്ലാം ഉണ്ട്. പലരും എന്നെ ആ ചുമതല ഏറ്റെടുക്കുവാൻ നിർബന്ധിച്ചു. അതിനുവേണ്ടി ഒരു അഭിമുഖവും ക്രമീകരിച്ചു.

ആ ദിവസം തിരുവല്ലാ ഡഫ് സ്കൂൾ കമ്മിറ്റി ഉണ്ട്. തിരുമേനിക്ക്

അവിടുത്തെ അന്നത്തെ പ്രശ്നങ്ങളെക്കുറിച്ച് വലിയ അറിവുമില്ല. ഞാൻ കൂടെ ചെന്നേ മതിയാകൂ. തക്കസമയത്ത് തിരിച്ചു കൊണ്ടു വരാമെന്നു തിരുമേനി പറഞ്ഞു. മടങ്ങുമ്പോൾ തിരുമേനി പറഞ്ഞു "ഞാനും മൈക്കിൾ ജോൺ തിരുമേനിയും ആഗ്രഹിച്ചതാണ്. എന്നാൽ ഞങ്ങൾക്കു കിട്ടിയില്ല. ഇപ്പോൾ അച്ചനെ അവർ വിളിച്ചു. പോകുന്നതിന് ഞാൻ തടസ്സം പറകയില്ല. എന്നാൽ അച്ചനെക്കൊണ്ട് മഹായിടവകയ്ക്ക് ആവശ്യമുണ്ട്." ഈ വാക്കുകൾ എന്റെ ഹൃദയത്തിൽ തട്ടി. മഹായിടവക വളർത്തി ട്രഷറാർ സ്ഥാനം വരെ എത്തിച്ച ഞാൻ പറക്കമുറ്റിയപ്പോൾ മഹായിടവക ഇട്ടിട്ടു പോകുന്നതു ശരിയല്ല എന്ന് ദൈവാത്മാവ് പ്രേരിപ്പിച്ചു. മുഖാമുഖത്തിനു ചെല്ലുവാൻ അവർ വളരെ നിർബന്ധിച്ചു. എന്റെ മനസാക്ഷി അനുവദിച്ചില്ല. മനസ്സിന് വളരെ സംഘർഷമുണ്ടായി. എങ്കിലും പോയില്ല. മഹായിടവകയിൽ ബിഷപ്പ് ആയിത്തീരുവാനുള്ള പ്രധാന കാരണം അതാണ്. ദൈവം അത് മുന്നമെ കണ്ടു. അന്ന് ബൈബിൾ സൊസൈറ്റിയിൽ പോയിരുന്നെങ്കിൽ ബിഷപ്പാകുവാൻ സാധ്യമല്ലായിരുന്നു.

## ഡയോസിസൻ ചരിത്രത്തിലെ മറ്റൊരു അദ്ധ്യായം

ബിഷപ്പ് മാണി ചുമതല ഏറ്റ് അധികം താമസിയാതെ മഹായിടവകയിൽ പ്രശ്നങ്ങൾ ആരംഭിക്കുവാൻ തുടങ്ങി. ദളിത് വിഭാഗക്കാരുടെ ഇടയിൽ വലിയ അസംതൃപ്തി ഉടലെടുത്തു. ഏതു സാഹചര്യങ്ങളെയും നേരിട്ട് അതിജീവിക്കുവാനുള്ള കരുത്ത് ബിഷപ്പിനും ഭാരവാഹികൾക്കും ഉണ്ടായിരുന്നു. സംഘർഷം ആരംഭിച്ചു. ദളിത് നേതാക്കൾ പതിനാലോളം പട്ടക്കാർ ഉൾപ്പെടെയുള്ളവർ ബിഷപ്പിന് ഒരു മെമ്മോറാണ്ടം നല്കുന്നതിന് ബിഷപ്പ് ഹൗസിൽ ചെന്നു. ദളിത് സമൂഹത്തിനുവേണ്ടി ചെയ്യേണ്ടതെല്ലാം ചെയ്യുന്നുണ്ട് എന്ന് ബിഷപ്പ് അവരെ അറിയിച്ചു. അവരെ തിരിച്ചയച്ചു. The last straw that breaks the camel's back.

അന്ന് SEDS (Socio Economic Development Society) ഡയറക്ടറായിരുന്ന റവ. കെ. ജെ. ജോണിന്റെ നേതൃത്വത്തിൽ ദളിത് വിഭാഗങ്ങൾ സമരം ചെയ്യുന്നതിനാഹ്വാനം ചെയ്തു. അങ്ങനെ ദളിത് വിഭാഗത്തിലും ഭിന്നത രൂക്ഷമായി. ഒരു നല്ല ഭാഗം ദളിതർ റവ. കെ. ജെ. ജോണിന്റെ നേതൃത്വത്തിൽ സംഘടിച്ചു. അവർക്ക് പിന്തുണ നല്കിക്കൊണ്ട് അന്നത്തെ യുവജന പ്രസ്ഥാനവും നിലകൊണ്ടു. അതിന്റെ നേതൃത്വം റവ. എം.ജെ. ജോസഫ് ഏറ്റടുത്തു. പ്രൊഫ. മാമ്മൻ വർക്കി തുടങ്ങിയവർ അവരെ സപ്പോർട്ട് ചെയ്തു. വളരെ ആളുകൾ അവരെ പിന്തുണച്ചു. ബിഷപ്പിന്റെ പ്രവർത്തനങ്ങളെ ഇവർ നിശിതമായി വിമർശിച്ചു. ട്രഷററായ ഞാൻ മഹായിടവകയിൽ ഭിന്നത ഉണ്ടാകരുതെന്നാഗ്രഹിച്ചു. ഇവരുടെ ഇടയിൽ

ഞാൻ വളരെ സംഘർഷം അനുഭവിച്ചു. എന്നാൽ മഹായിടവകയുടെ ഔദ്യോഗിക പക്ഷത്തുതന്നെ നിന്നു.

**Compromise or Confrontation**

ബിഷപ്പും ഓഫീസേഴ്സും കൂടി ആലോചിച്ചു. ഒരു കോംപ്രമൈസ് ഉണ്ടാകണം കൺഫ്രണ്ടേഷൻ ഉണ്ടാകരുത്. അത് സഭയ്ക്ക് ദോഷം ചെയ്യും. ബിഷപ്പ് ജോണിന്റെ കാലത്ത് അത് സംഭവിച്ചതാണ്. കോംപ്രമൈസ് ഉണ്ടായില്ല. സംഘർഷമല്ല സമവായമാണാവശ്യം. ഞാൻ മഹായിടവകയ്ക്ക് വേണ്ടി നിന്നു. സമവായം വേണം എന്നാവശ്യപ്പെട്ടുകൊണ്ടിരുന്നു. യുവജനപ്രസ്ഥാനം ബിഷപ്പിന്റെ നേതൃത്വത്തിന് ഒരു പുതിയ കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കി. മറ്റൊരാളെ സെക്രട്ടറിയായി നിയമിച്ചു. ചിലർ എനിക്കെതിരായി പോലും അനാവശ്യ ലേഖനങ്ങൾ എഴുതുകയും മറ്റും ചെയ്തു. അവസാനം അവർ എന്നോട് ക്ഷമ ചോദിക്കയും ഭാവി സഭാനേതൃത്വം ഏറ്റെടുക്കണം എന്ന് പറയുകയും ചെയ്തു. ഈ കാലഘട്ടത്തിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ എല്ലാം മഹാഭൂരിപക്ഷത്തോടെ ഞാൻ തെരഞ്ഞെടുക്കപ്പെട്ടു.

## പാളിപ്പോയ ശിക്ഷണ നടപടി

റവ. എം.ജെ. ജോസഫിനെ മുടക്കുവാനുള്ള നടപടികൾ ആരംഭിച്ചു. ഒരു പട്ടക്കാരനെതിരെ നടപടി എടുക്കണം (മുടക്കുക) എങ്കിൽ ഡയോസിസൻ കോർട്ട് കൂടണം. തീരുമാനം എടുക്കണം. ഡയോസിസൺ കോർട്ടിന്റെ ക്ലാർക്ക് (ചെയർമാൻ) റവ. കെ. പി. ഫിലിപ്പ്, അംഗങ്ങളായിരുന്ന പുന്നവേലിക്കാരായ ജോർജ് വർഗ്ഗീസ്, കെ. റ്റി. മത്തായി എന്നിവരുൾപ്പെട്ട കോർട്ട് കൂടി. അച്ചനെ വിസ്തരിക്കുവാൻ ആരംഭിച്ചു. ഡയോസിസിന്റെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായം. മൂന്നു നാല് ദിവസം തുടർച്ചയായി വിസ്താരം നടന്നു. എന്റെ ഒരു സ്നേഹിതനായിരുന്ന റവ. ജോസഫ് സെറാമ്പൂരിൽ ഞങ്ങൾ ഒരുമിച്ചുണ്ടായിരുന്നവരാണ്. അഡ്വ. കെ. ഐ. നൈനാൻ ജോസഫ് അച്ചനു വേണ്ടി വാദിച്ചു.

റവ. കെ. പി. ഫിലിപ്പ് ആയിരുന്നു ഡയോസിസൻ കോർട്ടിന്റെ ക്ലാർക്ക്. മഹായിടവകയിൽ നിന്ന് മുടക്കുവാനുള്ള കുറ്റപത്രവുമായി ചില ദിവസങ്ങൾക്കുശേഷം എന്റെ അടുക്കൽ വന്നു. ബിഷപ്പിന് സമർപ്പിക്കുവാൻ ഒരു ഫയലുമായി ഞാൻ അത് വാങ്ങി എന്റെ അലമാരയിൽ വച്ച് പൂട്ടി. അച്ചനോട് പറഞ്ഞു, ബിഷപ്പ് അമേരിക്കയിൽ നിന്നു തിരികെ വന്നിട്ട് ഈ തീരുമാനത്തിൽ നടപടി എടുക്കണം. നടപടിക്കു ശേഷം ഉണ്ടാകാവുന്ന പ്രശ്നങ്ങളെ നേരിടുവാൻ എനിക്കു കരുത്തില്ല. ദയവായി ബിഷപ്പ് സ്ഥലത്തുണ്ടായിരിക്കണം. ആലോചിച്ച് ചെയ്യാമല്ലോ. അത് ബിഷപ്പിനെ അറിയിച്ചു.

പിന്നീട് ഇന്നുവരെ ആ ഫയൽ വെളിച്ചം കണ്ടിട്ടില്ല. വലിയ ഒരു ദുരന്തം ഒഴിവായി. ഞാൻ ആശ്വസിക്കുന്നു. അനുരഞ്ജനമാണ് ഏറ്റുമുട്ടലിനേക്കാൾ ഏറെ നല്ലത്. ഇടവക ശുശ്രൂഷയിലും അത് വളരെ അത്യന്താപേക്ഷിതമാണ്. ഇടവക ശുശ്രൂഷയിൽ ഏതെങ്കിലും ഒരു ഗ്രൂപ്പിനോട് ചേർന്ന് സംഘർഷം വർദ്ധിപ്പിക്കുന്നതിനു പകരം സംയമനത്തോടുകൂടി അനുരഞ്ജനത്തിനായി യത്നിക്കുക എന്നുള്ളതാണ് പട്ടക്കാരന്റെ ശുശ്രൂഷ.

# സംഘർഷത്തിന്റെ കാലം

## യുവജനപ്രസ്ഥാനവും, വിമോചനപ്രസ്ഥാനവും

അന്ന് യുവജന പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ റവ. എം.ജെ. ജോസഫ്, റവ. കെ.ജെ. ജോൺ എന്നിവർ സമരപരിപാടികൾ ആസൂത്രണം ചെയ്തു. മഹായിടവക കലാപകലുഷിതമായി.

ഈ എതിർപ്പുകളെ സർവ്വശക്തിയും ഉപയോഗിച്ച് പരാജയപ്പെടുത്തുവാനുള്ള ശ്രമം മഹായിടവകയുടെ ഭാഗത്തു നിന്നുണ്ടായി. മഹായിടവകനേതൃത്വത്തിൽ മറ്റൊരു യുവജനപ്രസ്ഥാനത്തിന് രൂപം കൊടുത്തു. അതിനുവേണ്ടി ഉണ്ടാക്കിയ ഭരണഘടന ഡയോസിസൺ കൗൺസിൽ പാസ്സാക്കി. അത് കത്തിച്ചുകൊണ്ട് പ്രതിഷേധം കൗൺസിൽ ഹാളിൽ തന്നെ എത്തുകയുണ്ടായി. സംഘർഷം മൂർച്ഛിച്ചു. മഹായിടവകയിലെ പാവപ്പെട്ട ദളിത് സമൂഹത്തിനു വേണ്ടി ജർമ്മൻ സഹായത്തോടെ നടത്തി വന്ന സാമൂഹ്യപ്രവർത്തനം എസ്.ഇ.ഡി.എസ്. റവ. കെ.ജെ. ജോണിന്റെ നേതൃത്വത്തിൽ അവർ സ്വയം നടത്തിക്കൊണ്ടുപോന്നു. 47-ൽപരം കോടതി കേസുകൾ ബിഷപ്പിനെതിരായി ഉണ്ടായി. മഹായിടവക യുവജനപ്രസ്ഥാനത്തിന്റെ അഭിമാനവും സിരാകേന്ദ്രവുമായ ചങ്ങനാശ്ശേരി യൂത്ത് സെന്റർ അവരുടെ നിയന്ത്രണത്തിലായി.

## യുവജനപ്രസ്ഥാനം രണ്ടായി

അനേകം നേതാക്കന്മാരെ വാർത്തെടുത്ത യുവജനപ്രസ്ഥാനം രണ്ടായി. രണ്ടു ദിശകളിൽ പ്രവർത്തനമാരംഭിച്ചു. യുവജനപ്രസ്ഥാനത്തിൽ കൂടി വളർന്നുവന്ന എന്നെപ്പോലെയുള്ളവർക്ക് ഇത് ഒരു മഹാദുഃഖമായി. യുവജനപ്രസ്ഥാനത്തിന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായിരുന്നു. ബിഷപ്പിന്റെ നിയന്ത്രണത്തിൽ പോകുന്നില്ല എന്നു കണ്ട് എല്ലാ സംഘടനകളുടെയും പ്രസിഡന്റ് ബിഷപ്പ് ആയിരിക്കണമെന്നു തീരുമാനിച്ചു. യുവജനപ്രസ്ഥാനം ഇതിനെ നഖശിഖാന്തം എതിർത്തു. യുവജനപ്രസ്ഥാനത്തിന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് തന്നെയായിരിക്കണമെന്നവർ ശഠിച്ചു. ബിഷപ്പിന് ഇത് സ്വീകാര്യമല്ലായിരുന്നു.

ബിഷപ്പ് പ്രസിഡന്റായി സംഘടനയെ കൊണ്ടുവരുവാൻ ആവശ്യമായ നിയമനിർമ്മാണം. ഭരണഘടനാഭേദഗതിയിൽ കൂടി കൊണ്ടുവരുവാൻ തീരുമാനിച്ചു. ഡയോസിസൺ കൗൺസിൽ കൂടി ഭരണഘടന ഭേദഗതി ചെയ്തു. പുതിയ ഭരണഘടനയുണ്ടാക്കി. ബിഷപ്പ് പ്രസിഡന്റായുള്ള യുവജനപ്രസ്ഥാനം പ്രവർത്തനമാരംഭിച്ചു. ഔദ്യോഗിക സംഘടനയായി അത് നിലനിൽക്കുന്നു. ഒറിജിനൽ സംഘടനയുടെ പ്രവർത്തനം ക്രമേണ ശക്തിഹീനമായി നിലച്ചു പോകുകയും ചെയ്തു.

കേരളത്തിലെ പശ്ചാത്തലത്തിൽ ഒരു സംഘടനയ്ക്കും സഭയുടെ പിന്തുണയില്ലാതെ വളരുവാൻ സാധ്യമല്ല. സഭയുടെ സഹായവും നേതൃത്വവും പിന്തുണയും അത്യന്താപേക്ഷിതമാണ്.

കുറെ കാലം ഒറിജിനൽ സംഘടന വിഘടിച്ചു നിന്നു പടപൊരുതിക്കൊണ്ടിരുന്നു. ചില വൈദികരും അദ്ധ്യാപകരും, യുവജനനേതാക്കൾ ഒട്ടനവധി പേരും അവിടെത്തന്നെ ഉറച്ചുനിന്നു. മഹായിടവകയുടെ പിന്തുണ ഇല്ലാതെ അധികനാൾ അതിന് മുമ്പോട്ട് പോകുവാനായില്ല. തികച്ചും സഭക്ക് പൂർണ്ണമായി അംഗീകരിക്കുവാനാകാത്ത പ്രത്യയശാസ്ത്രങ്ങളുടെ സ്തുതിപാഠകരായി അവർ മാറി. അധികം താമസിയാതെ അതിന്റെ പിന്നാലെ കൂടിയ പട്ടക്കാരിൽ പലരും തിരികെ വന്നു ചേർന്നു. വിമോചനപ്രസ്ഥാനം എന്ന പുതിയ പ്രസ്ഥാനം രൂപം കൊണ്ടു. മഹായിടവക ബിഷപ്പിനെയും ചുമതലക്കാരെയും പരസ്യമായി വിമർശിച്ചും പ്രവർത്തനങ്ങളെ എതിർത്തും ഒരു ഇടതുപക്ഷ പ്രസ്ഥാനമായി അതിനെ മാറ്റി.

ജനങ്ങളുടെ പിന്തുണയില്ലാത്ത ആ പ്രസ്ഥാനവും പരാജയപ്പെട്ടു. അതിനു നേതൃത്വം നൽകിയവർ പല സ്ഥാനങ്ങളിൽ എത്തിച്ചേർന്നതിനാൽ മഹായിടവകയിലെ യുവജനങ്ങൾ ഒരു വിധത്തിൽ അനാഥരായി.

## ചങ്ങനാശ്ശേരി യൂത്ത് സെന്റർ

മഹായിടവക യുവജനസഖ്യം (അക്കാലത്ത് യുവജനപ്രസ്ഥാനമായി പേരുമാറിയത്) ഒരു യൂത്ത് സെന്റർ ചങ്ങനാശ്ശേരിയിൽ നിർമ്മിച്ചു. യുവജനപ്രസ്ഥാനം വിഭജിക്കപ്പെട്ടപ്പോൾ അത് അവരുടെ കൈവശമായി. തിരിച്ചെടുക്കുവാൻ പല ശ്രമങ്ങളും നടന്നെങ്കിലും ഇന്നുവരെ അത് സാധിച്ചിട്ടില്ല. ഇന്ന് ഏതാനും വ്യക്തികൾ അത് കൈവശം വച്ചുകൊണ്ടിരിക്കുന്നു. യുവജനപ്രസ്ഥാനം വിമോചനപ്രസ്ഥാനക്കാരുടെ പിണിയാളുകളായി. ദളിത് സമൂഹത്തിന്റെ ഉദ്ധാരകർ എന്നവകാശപ്പെട്ടു ഒരു കൂട്ടം ദളിതരെ വ്യാമോഹിപ്പിച്ചു. എന്നാൽ മഹായിടവക യുവജനസംഘടനയുടെ സെക്രട്ടറിയായി ഒരു ദളിതനെ തന്നെ നിയമിച്ച് അങ്ങനെ ഒരു

സംവിധാനമുണ്ടാക്കി. വിമോചന പ്രസ്ഥാനവും, യുവജനപ്രസ്ഥാനവും മഹായിടവകയിൽ കുറെനാൾ സജീവമായി പ്രവർത്തിച്ചു. അങ്ങനെ മഹായിടവക അപ്പാടെ രണ്ടാമത്തെ വികലമായ അനുഭവത്തിൽ എത്തിച്ചേർന്നു.

## സമവായചർച്ചകൾ

യുവജനപ്രസ്ഥാനത്തിന്റെ നിലവിലിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 1995 ജൂണിൽ വർക്കി ജോർജ്ജ് കൺവീനറായി ഒരു കമ്മറ്റി ഉണ്ടാക്കി. വെരി. റവ.എം.റ്റി.തര്യൻ, റവ. റ്റി.ഒ. ഉമ്മൻ, റവ. കെ.ജെ. ജോൺ, റവ. സി. വൈ. തോമസ്, സാം ഏബ്രഹാം, മാത്യു എം. ജോൺ, ടോണി മാത്യു, ഡി. ജോയി എന്നിവർ അംഗങ്ങളായിരുന്നു. പല പ്രാവശ്യം ഈ കമ്മറ്റി കൂടി. ചങ്ങനാശ്ശേരി കേന്ദ്രമായി പ്രവർത്തിച്ച യുവജനപ്രസ്ഥാനവുമായി ഒരു ധാരണയിലെത്തി. പിന്നീട് ഉണ്ടായ ചില കാരണങ്ങളാൽ അത് പ്രാവർത്തികമാക്കുവാൻ സാധിച്ചില്ല.

## യുവലോകം മാസിക

യുവജനപ്രസ്ഥാനത്തിന്റെ ഔദ്യോഗിക നാവായ യുവലോകം പഴയ യുവജനപ്രസ്ഥാനത്തിന്റെ കയ്യിലായിപ്പോയി. അത് തിരിച്ചെടുക്കുവാൻ സാധിച്ചില്ല. കോടതിയിൽ കേസ് നിലവിലുണ്ട്. യൂത്ത് സെന്റർ യുവലോകം ഇവയ്ക്കെല്ലാം എതിരായിട്ടുള്ള കോടതി കേസുകൾ നിലവിലിരിക്കുന്നു. അനുകൂല വിധി ഉണ്ടായിട്ടുപോലും സഭയിൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകരുതെന്ന് കരുതി ബലമായി പിടിച്ചെടക്കുവാൻ മഹായിടവക ശ്രമിച്ചില്ല. അത് ഒരു ബലഹീനതയായി മറുഭാഗം കരുതുന്നു. ഇതിനിടെ രസകരമായ ഒരു സംഭവമുണ്ടായി.

ഒരു ബിറ്റ് നോട്ടീസ് അടിച്ച് അതിൽ ആയിരക്കണക്കിന് യുവജനങ്ങൾ യൂത്ത് സെൻർ പിടിച്ചെടക്കുന്നതിനായി ചങ്ങനാശ്ശേരിക്ക് മാർച്ച് ചെയ്യുന്നു എന്നു പരസ്യം ചെയ്തു. ആ പറയപ്പെട്ട ദിവസം നൂറുകണക്കിന് പോലീസും മറുവിഭാഗത്തുള്ള ആളുകളും യൂത്ത് സെന്ററിൽ എത്തിച്ചേർന്നു. എന്നാൽ മാർച്ച് ചെയ്യുന്നതിനുള്ള ഒരു തയ്യാറെടുപ്പും ഇല്ലായിരുന്നു. ആരും അങ്ങോട്ട് എത്തിനോക്കുക പോലും ചെയ്തില്ല. ഭാഗ്യവശാൽ അന്ന് ഞാൻ ബാംഗ്ലൂരിലായിരുന്നു. ആരോ ഫോണിൽ വിളിച്ചപ്പോഴാണ് ഞാൻ വിവരം അറിയുന്നത്.

## സമരവും സത്യഗ്രഹവും

നമ്മുടെ സഭയുടെ ചരിത്രത്തിൽ കേട്ടുകേഴ്വി പോലും ഇല്ലാത്ത ഒരു കാര്യമായിരുന്നു ബിഷപ്പിനെതിരായുള്ള ജാഥയും, പബ്ലിക് മീറ്റിംഗും,

സത്യഗ്രഹവും പ്രതിഷേധ പ്രവർത്തനങ്ങളും. എന്നാൽ അത് ഇക്കാലത്ത് സംഭവിച്ചു.

ഒരിക്കൽ പ്രതിഷേധറാലിയും പിക്കറ്റിംഗും വിമോചന പ്രസ്ഥാനക്കാർ ആസൂത്രണം ചെയ്തു. ഡയോസിസൻ ഓഫീസിൽ കയറാൻ പാടില്ലാത്ത വിധം പോലീസ് സംരക്ഷണം ലഭിച്ചിരുന്നു. ഓഫീസേഴ്സിന്റെ കൂട്ടത്തിൽ ഞാൻ മാത്രം സ്ഥലത്തുണ്ട്. ബിഷപ്പ് വിദേശത്തായിരുന്നു. കെ.പി. ഫിലിപ്പച്ചൻ തോലശ്ശേരിയിലും സെക്രട്ടറി എം.എം. മാണി നെടുങ്കണ്ടത്ത് എസ്റ്റേറ്റിലും.

വിമോചനക്കാർ ആസൂത്രണം ചെയ്ത പ്രകാരം നല്ല ഒരു കൂട്ടം ആളുകൾ റോഡിൽ ഗയിറ്റിങ്കൽ എത്തി. പോലീസ് ഗേറ്റ് അടച്ചു. ഞാൻ ഓഫീസിൽ തനിയെ ഇരുന്നു. വന്ന വിമോചനക്കാർ ഓരോരുത്തരായി ഓഫീസിൽ വരുന്നു എന്ന വ്യാജേന കോമ്പൗണ്ടിൽ പ്രവേശിച്ചു. ഏതാനും മിനിറ്റുകൾ കൊണ്ട് നൂറിലധികം പേർ ഓഫീസ് വരാന്തയിൽ വന്നു. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയ ഞാൻ സാവധാനം മുറിക്ക് പുറത്തുകടന്നു. കൂടി നിന്നവർക്ക് എന്നോട് വിരോധമില്ലായിരുന്നു. അവരുമായി സംസാരിച്ച് കുറച്ചുസമയം നിന്നതിനുശേഷം ഞാൻ ക്വാർട്ടേഴ്സിലേക്ക് പോന്നു. പ്യൂണിനെ വിളിച്ച് ഓഫീസ് പൂട്ടി. അങ്ങനെ ഞാൻ അവിടെ നിന്നു രക്ഷപ്പെട്ടു.

മറ്റൊരു സന്ദർഭം റവ. എം. ജെ. ജോസഫ് ഓഫീസ് പടിക്കൽ സത്യഗ്രഹം ആരംഭിച്ചു. വലിയ സംഘർഷപൂരിതമായ ഒരു സമയം. ഇത്തരം സമരപരിപാടികളോട് ഒട്ടും ആഭിമുഖ്യം ഇല്ലാത്ത ഞാൻ തെറ്റിദ്ധരിക്കപ്പെട്ടു. കാരണം റവ. എം. ജെ. ജോസഫ് എന്റെ സ്നേഹിതനായിരുന്നു എന്നു മാത്രം. സത്യഗ്രഹത്തോടനുഭാവമില്ലായിരുന്നെങ്കിലും അദ്ദേഹത്തോട് ഞാൻ സംസാരിക്കുമായിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന മറ്റൊരു സംഭവം വളരെ ദുഃഖകരമായിരുന്നു.

## അരുതാത്ത സംഭവം

ബിഷപ്പ് മാണിയുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷം. 1988 ൽ അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തിയാഘോഷിക്കുവാൻ വിപുലമായ സജ്ജീകരണങ്ങൾ ചെയ്തു. സഭാതലവന്മാരുൾപ്പെടെ വലിയ ഒരു സദസ്സ് ഉണ്ടായിരുന്നു. ബിഷപ്പ് ജേക്കബ് മെമ്മോറിയൽ ഹാളിൽ മീറ്റിംഗ് ആരംഭിച്ചു. അദ്ധ്യക്ഷപ്രസംഗം തുടങ്ങിയപ്പോൾ ആരോ ഒരു പാമ്പിനെ സദസ്സിൽ ഇറക്കിവിട്ടു. വലിയ ബഹളം ആരംഭിച്ചു. ഒരു കൂട്ടം ആളുകൾ കറുത്ത കൊടികളുമായി ചാടി എഴുന്നേറ്റു. മറുഭാഗത്തുള്ളവർ അവരെ തുരത്തുവാൻ ചാടി എഴുന്നേറ്റു. ആകെ അടിയും ബഹളവും. ഒരു കൂട്ടർ പുറ

ത്തുചാടി. പോലീസ് അവരെ പിന്തുടർന്ന് ലാത്തിച്ചാർജ് നടത്തി. മല്ലപ്പ ള്ളിയിൽ നിന്നു വന്ന ഞാനും ഇടവകാംഗങ്ങളും എല്ലാം ഇതുകണ്ട് ദുഃഖി തരായി. വളരെ സങ്കടകരമായ ഒരു സംഭവമായിരുന്നു ഇത്.

രണ്ടാമത്തെ സത്യഗ്രഹം റവ. കെ.ജെ. ജോൺ ഓഫീസ് പടിക്കൽ ആരംഭിച്ചു. അന്ന് ഞാൻ മല്ലപ്പള്ളിയിലാണ്. ഈ സാഹചര്യം ഒഴിവാ ക്കുവാനായി വളരെ ആഗ്രഹിച്ചു പ്രവർത്തിച്ചു. എന്നാൽ അതെല്ലാം ചില രുടെ പിടിവാശി മൂലം സഫലീകരിച്ചില്ല. ബഞ്ചമിൻ തിരുമേനി, ജോസഫ് തിരുമേനി, പി.റ്റി. തോമസച്ചൻ, ഞാൻ എല്ലാവരും അവരുടെ കൂടെ എന്നു മുദ്രകുത്തപ്പെട്ടു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളോട് ഒട്ടും ആഭിമു ഖ്യമില്ലാത്ത ഞങ്ങൾ ഇതൊഴിവാക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ ശ്രമിച്ചു എന്നുള്ളതായിരുന്നു ഞങ്ങളുടെ കുറ്റം.

ഒരു സമവായം എന്ന ആശയം മുൻനിർത്തി നിഷ്പക്ഷമായി പ്രവർ ത്തിക്കുവാൻ ശ്രമിച്ച ഞങ്ങളെ പൊതുവെ അവഹേളിക്കാൻ വേണ്ടി പല ലഘുലേഖകളും പ്രസിദ്ധീകരിച്ചു. തേജോവധം ചെയ്യുന്നതിനുള്ള ശ്രമം പരമാവധി നിറവേറ്റി. വളരെ ഏറെ മനോഭാരം അനുഭവിച്ച സന്ദർഭമാ യിരുന്നു അത്. നന്മയാൽ തിന്മയെ ജയിക്ക എന്ന തത്വം അന്ന് അർത്ഥ വത്തായി അറിഞ്ഞു.

പല തിരുമേനിമാരും അച്ചന്മാരും പ്രമുഖരായ ആളുകളും ഇതിനോട് ശക്തിയായി പ്രതികരിക്കുവാൻ ആവശ്യപ്പെട്ടു. ഒന്നും പ്രതികരിച്ചില്ല. ബഞ്ചമിൻ തിരുമേനി എന്റെ പേർക്കെഴുതി.

“അച്ചൻ പ്രതികരിക്കുകയില്ല എന്നെനിക്കറിയാമായിരുന്നു. മുഹമ്മദ് നബിയും കൂട്ടുകാരനും കൂടി ഒരു സ്ഥലത്തിരിക്കുമ്പോൾ ഒരുവൻ വന്നു. നബിയുടെ കൂട്ടുകാരനെ വളരെ ഏറെ ശകാരിക്കുകയും ചീത്തപറയു കയും ചെയ്തു. കുറെ സമയം കഴിഞ്ഞപ്പോൾ നബിയുടെ സ്നേഹി തൻ തിരിച്ച് അതേഭാഷയിൽ പ്രതികരിക്കുവാൻ തുടങ്ങി. അപ്പോൾ നബി എഴുന്നേറ്റു പോയി. കുറെ കഴിഞ്ഞ് നബിയോട് ഈ സ്നേഹിതൻ പരി ഭവത്തോടുകൂടി പറഞ്ഞു. അവൻ എന്നെ ചീത്ത പറഞ്ഞപ്പോൾ അവി ടുന്ന് കേട്ടുകൊണ്ടിരുന്നു. അവനോട് മറുപടി പറഞ്ഞപ്പോൾ അങ്ങെഴു ന്നേറ്റ് പോയി. ഇത് വളരെ ദുഃഖകരമായിപ്പോയി.”

നബി പറഞ്ഞു, “നിന്നെ അവൻ ചീത്ത പറഞ്ഞപ്പോൾ അനേകം ദൈവദൂതന്മാർ നിന്റെ ചുറ്റും കാവൽ നിൽക്കുന്നത് ഞാൻ കണ്ടു. നീ അതേ ഭാഷയിൽ മറുപടി പറയാൻ ആരംഭിച്ചപ്പോൾ അവർ ഓരോരു ത്തരായി എഴുന്നേറ്റ് പോയി. അവസാനം ഞാനും എഴുന്നേറ്റു പോന്നു.” ഈ കഥ അദ്ദേഹം എനിക്ക് എഴുതി.

ഞാൻ ഒന്നും പ്രതികരിച്ചില്ല. ജനം എന്നെ ഏറെ സ്നേഹിക്കുവാൻ അതുവഴി കളമൊരുങ്ങി.

മഹായിടവക കലാപകലുഷിതമായ ഒരന്തരീക്ഷത്തിലായിരുന്നു. മാണി തിരുമേനി വളരെ ധൈര്യമായി ഈ സാഹചര്യങ്ങളെ അഭിമുഖീകരിച്ചു. എന്നാൽ മഹായിടവകയുടെ പുരോഗതി മുഴുവൻ താറുമാറായി.

ഇടതുപക്ഷ പ്രത്യയശാസ്ത്രങ്ങളിൽ ആകൃഷ്ടരായ ബുദ്ധിജീവികളായ ഒരു പറ്റം അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഈ പ്രത്യയശാസ്ത്രത്തിന് വിധേയരായി മഹായിടവകയിൽ വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു. ഒരു കൂട്ടർ കലക്കവെള്ളത്തിൽ മീൻ പിടിച്ചുവന്നു. സ്ഥാനമാനങ്ങൾക്കുവേണ്ടിയും ഉദ്യോഗത്തിനുവേണ്ടിയും പണം ഉണ്ടാക്കുന്നതിനുവേണ്ടിയും ഒരു കൂട്ടർ മഹായിടവകയെ ഇക്കാലത്ത് ഉപയോഗിക്കുവാൻ ശ്രമിച്ചു എന്നുള്ളത് ദുഃഖകരം. ഭിന്നത ഇല്ലാതാക്കുന്നതിനു പകരം മറ്റുള്ളവരെ തേജോവധം ചെയ്തും നുണക്കഥകൾ കെട്ടിയുണ്ടാക്കിയും ഭിന്നത വർദ്ധിപ്പിക്കുവാനുള്ള ശ്രമമാണ് നടത്തിയത്.

ഞങ്ങളെപ്പോലെ നിഷ്പക്ഷമായി മഹായിടവകയ്ക്കുവേണ്ടി നിന്നവർ എങ്ങുമില്ലാതെയായി. വളരെ അധികം ഭാരപ്പെട്ടു.

ബിഷപ്പ് ജോണിന്റെ കാലത്ത് അനേകർ സഭ വിട്ടു പോയതുപോലെ ഇപ്പോൾ അതുണ്ടായില്ല. എന്നാലും അനേകർ സഭയിൽനിന്നു വിദൂരതയിലായി. അനേകരുടെ പ്രയോജനം ഉപയോഗിക്കാനായില്ല. യുവജനപ്രസ്ഥാനം നാമമാത്രമായി പ്രവർത്തിച്ചുപോന്നു. പ്രവർത്തിക്കേണ്ടതുപോലെ പ്രവർത്തിക്കുവാൻ അനുവദിച്ചില്ല.

## യുവജനപ്രസ്ഥാനം ഉയിർത്തെഴുന്നേല്ക്കുന്നു

1994 ൽ യുവജനപ്രസ്ഥാന വാർഷിക ക്യാമ്പ് മല്ലപ്പള്ളിയിൽ വച്ചു നടത്തപ്പെട്ടു. വളരെ ഭയാശങ്കകളോടുകൂടിയാണ് ക്യാമ്പ് ക്രമീകരിച്ചത്. എന്നാൽ നിയന്ത്രണാതീതമായ വിധത്തിൽ ക്യാമ്പിൽ അംഗങ്ങൾ തടിച്ചുകൂടി. ഏകദേശം 1500 ഡെലിഗേറ്റ്സ് അതിൽ സംബന്ധിച്ചു. 500 ൽ താഴെ പേരെ മാത്രമാണ് പ്രതീക്ഷിച്ചതും ക്രമീകരണങ്ങൾ ചെയ്തതും. (200–300 പേർ വന്നേക്കും എന്നാണ് മുൻ അനുഭവം) മല്ലപ്പള്ളി ഇടവകയിലെ ജനങ്ങളും നേതൃത്വവും ഭാരമേറിയ ഈ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റി. ഇത് ഉയർത്തെഴുന്നേൽപിന്റെ ആരംഭമായിരുന്നു. പ്രത്യയശാസ്ത്രങ്ങളുടെയും പ്രതിപ്രത്യയ ശാസ്ത്രത്തിന്റെയും കല്ലറയിൽ കിടന്ന യുവനപ്രസ്ഥാനം കല്ലറ വാതിലിലെ പാറ നീക്കി വാതിൽ തുറന്ന സന്ദർഭമായിരുന്നു അത്. തുടർന്ന് യുവജനപ്രസ്ഥാനത്തിന്റെ വളർച്ച തുടരുവാൻ ആരംഭിച്ചു. പിന്നീടുള്ള കോൺഫറൻസുകളിൽ delegates

ന്റെ എണ്ണം പരിമിതപ്പെടുത്തേണ്ടിവന്നു. ഇതേത്തുടർന്ന് യുവജന പ്രസ്ഥാനം സഭയുടെ മുഖ്യധാരയിൽ എത്തി. തന്നെയുമല്ല ബദൽ പ്രസ്ഥാനം നാമാവശേഷം ആകുകയും ചെയ്തു.

ദളിത് സമൂഹവും സഭയുടെ മുഖ്യധാരയിൽ പ്രവർത്തിക്കുവാൻ തുടങ്ങി.

### 1993–നു ശേഷം

റവ. കെ. ജെ. ജോൺ നല്കിയിരുന്ന 47 കോടതികേസുകൾ ഒത്തുതീർപ്പായതിനാൽ ദളിത സമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുവാൻ സാധിച്ചു.

സഭയുടെ പിന്തുണയില്ലാതെ ഒരു സംഘടനയും സഭയിൽ വളരുകയില്ല. ആധുനിക പ്രത്യയശാസ്ത്രങ്ങൾക്കും സഭയിൽ വേരോട്ടം ലഭിക്കയില്ല എന്ന സത്യം മനസ്സിലാക്കേണ്ടതുണ്ട്.

ട്രഷറാർ ആയിരുന്ന കാലഘട്ടം സംഘർഷപൂരിതമായിരുന്നു. സമ്മർദ്ദം ഒരു വശത്തും ജനങ്ങൾക്കുവേണ്ടി നിലനിൽക്കുവാനുള്ള താല്പര്യം മറുവശത്തും. സമന്വയത്തിന്റെ പാതയിൽ പോകുമ്പോൾ വിജയിക്കയില്ല എന്നു തോന്നാമെങ്കിലും ആത്യന്തികവിജയം അതിനായിരിക്കും എന്നു മനസ്സിലാക്കി. എന്തെല്ലാമാണെങ്കിലും വിജയകരമായി 5 വർഷം ഈ ഉന്നതസ്ഥാനത്ത് പ്രവർത്തിക്കുവാൻ സാധിച്ചു. ദൈവകൃപ ഒന്നു മാത്രം. ജനങ്ങൾക്ക് എന്നോടുള്ള സ്നേഹവും വിശ്വാസവും വർദ്ധിച്ചു. പാവപ്പെട്ടവരുടെ സ്നേഹം പിടിച്ചുപറ്റുവാൻ സാധിച്ചു. അക്കാലത്ത് 7 ലക്ഷം രൂപാ (അന്ന് അതൊരു വലിയ സംഖ്യയായിരുന്നു) കടത്തോടു കൂടി ആരംഭിച്ചു. ഏഴരലക്ഷം രൂപാ മിച്ചത്തോടുകൂടി സേവനം പൂർത്തിയാക്കുവാൻ കഴിഞ്ഞു. മിതവ്യയവും, വരുമാനം വർദ്ധിപ്പിക്കുവാനുള്ള പരിപാടികളും വിജയം കണ്ടു.

## ഷോപ്പിംഗ് കോംപ്ലക്സ്

ബിഷപ്പ് ജോസഫിന്റെ ശുശ്രൂഷാകാലത്തിന്റെ അവസാനം ബേക്കർ കോമ്പൗണ്ടിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാകണമെന്നാഗ്രഹിച്ച് ശിലാസ്ഥാപനം നടത്തി. എന്നാൽ ഒന്നും ചെയ്യുവാൻ സാധിച്ചില്ല. രണ്ടു മൂന്ന് വർഷങ്ങൾക്ക് ശേഷം പണി ആരംഭിച്ചു. വിവിധ തരത്തിലുള്ള സംഘർഷം ഉണ്ടായിരുന്നെങ്കിലും 5 വർഷം വിജയകരമായി ട്രഷറാർ പദവി പൂർത്തിയാക്കുവാനും ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പണിക്ക് നേതൃത്വം നല്കുവാനും സാധിച്ചു. ഇന്ന് മഹായിടവകയ്ക്ക് അതൊരു അനുഗ്രഹമായി.

## ബേക്കർ മെമ്മോറിയൽ ഗേൾസ് ഹൈസ്കൂൾ

ഈ കാലഘട്ടത്തിൽ ബേക്കർ കോമ്പൗണ്ടിൽ കുറെ ഭാഗം ഗവൺമെന്റ് ഏറ്റെടുക്കുവാൻ ശ്രമമാരംഭിച്ചു. ഞാനും എം.എം. മാണിയും അന്ന് ഗവർണ്ണറായിരുന്ന ജ്യോതി വെങ്കിടാചലത്തിനെ കണ്ടു അത് റദ്ദാക്കി. അന്ന് പ്രസിഡന്റ് ഭരണമായിരുന്നു. ആ സ്ഥലം ഉപയോഗിക്കുന്നതിനുവേണ്ടി ഒരു പദ്ധതി പിന്നീട് ആസൂത്രണം ചെയ്തു. ഷോപ്പിങ്ങ് കോംപ്ലക്സ് പണി നടത്തി.

## സ്കൂൾ ബിൽഡിംഗ്

പഴയ സ്കൂൾ കെട്ടിടം പലകാര്യങ്ങൾക്കായി ഉപയോഗിക്കുകയും സ്കൂളിനുവേണ്ടി ഇപ്പോഴുള്ള പുതിയ കെട്ടിടം പണിയുകയും ചെയ്തു. മഹായിടവകയിൽ നിന്നു പണം ചെലവാക്കിയാണ് പുതിയ സ്കൂൾ കെട്ടിടം പണിതത്.

ആഡിറ്റോറിയവും അക്കാലത്ത് പണം പിരിച്ച് നിർമ്മിക്കുകയുമുണ്ടായി. സ്കൂളിന്റെ മുഖഛായക്ക് വലിയ മാറ്റം സംഭവിച്ചു. റോഡ് സൈഡിൽ നിന്ന് സ്കൂൾ കെട്ടിടം ശാന്തമായ സ്ഥലത്തേക്കു മാറ്റി. നല്ല ഒരു മൈതാനവും പില്ക്കാലത്ത് 1996-ൽ നിർമ്മിക്കുകയുമുണ്ടായി. അതുപോലെ തന്നെ ബേക്കർ വിദ്യാപീഠം വികസിച്ചു. കൊച്ചു സ്കൂൾ പരിഷ്കരിച്ചു. വിദ്യാർത്ഥികൾക്കുവേണ്ടി നല്ല ഒരു ഹോസ്റ്റൽ മന്ദിരവും 1999-ൽ പൂർത്തീകരിച്ചു.

## സ്ഥലംമാറ്റം

സ്ഥലം മാറ്റത്തിനുള്ള സമയമായി. അന്ന് പാസ്റ്ററൽ ബോർഡ് സെക്രട്ടറിയായിരുന്ന എന്റെ സ്നേഹിതൻ പുന്നൂസ് ചെറിയാൻ അച്ചൻ പറഞ്ഞു, കുഞ്ഞുങ്ങളുടെ പഠിത്തമൊക്കെയുണ്ടല്ലോ സൗകര്യമുള്ള ഒരു സ്ഥലം ബിഷപ്പിന് സജസ്റ്റ് ചെയ്യണം എന്ന്. അത് ഞാൻ ചെയ്യുകയില്ല. അദ്ദേഹം ഇഷ്ടമുള്ളിടത്തേക്ക് എന്നെ മാറ്റിക്കൊള്ളട്ടെ എന്ന് പറഞ്ഞു.

എല്ലാ വർഷത്തെ സ്ഥലംമാറ്റത്തിലും നിർണ്ണായകമായ പങ്ക് വഹിച്ചിരുന്ന ഞാൻ ഈ പ്രാവശ്യം എന്റെ ട്രാൻസ്ഫറും കൂടി ഉള്ളതുകൊണ്ട് ഇടപെട്ടില്ല. മാണി തിരുമേനി തന്നെ ലിസ്റ്റ് ഉണ്ടാക്കി.

പാസ്റ്ററൽ ബോർഡ് കൂടിയപ്പോൾ അതിലെ അംഗമായ ഞാൻ അതിൽകൂടിയില്ല. തിരുമേനി ഇഷ്ടം പോലെ ചെയ്യട്ടെ എന്നു കരുതി. ജോസഫ് തിരുമേനിയും ഞാനും കൂടി ടി. എം. യേശുദാസന്റെ വിവാഹത്തിനായി പിറവത്തിനു പോയി.

അന്നത്തെ പി.ബി. യിൽ ആദ്യം കൊണ്ടുവന്ന ലിസ്റ്റിൽ എന്നെ കുമ്പ നാട്ടേക്ക് ആണ് വച്ചിരുന്നത്. ഞാൻ സ്നേഹിച്ച പലരും നിശബ്ദരായി രുന്നു. എന്നാൽ വെരി. റവ. എം. കെ. ജോർജ് വളരെ ശക്തമായി അതിനെ എതിർത്തു. "സാം മാത്യു അച്ചനെപ്പോലെ ഒരാളെ കുമ്പനാ ട്ടേക്കു മാറ്റിയാൽ മനുഷ്യർ പാസ്റ്ററൽ ബോർഡിനെ പഴിക്കുകയേയുള്ളൂ. അതുകൊണ്ട് മറ്റൊരു ഇടവകയിലേക്ക് മാറ്റണം." എന്ന് കർക്കശമായി ആവശ്യപ്പെട്ടു. അച്ചൻ പറഞ്ഞു മല്ലപ്പള്ളിയിൽ ഇരിക്കുന്ന ഉമ്മൻ ദാനി യേലച്ചന് അവിടെ ഭിന്നതയുണ്ട്. അതുകൊണ്ട് അച്ചനെ കുമ്പനാട്ടേക്ക് വച്ചിട്ട് സാം മാത്യു അച്ചന് മല്ലപ്പള്ളി കൊടുക്കണം എന്നു പറഞ്ഞു. ആ ലിസ്റ്റ് തിരുത്തി എന്നെ മല്ലപ്പള്ളിക്ക് സ്ഥലംമാറ്റുന്നതായി തീരുമാനിച്ചു എന്നറിഞ്ഞു. അതും ദൈവഹിതം.

പിറവത്തു നിന്നും മടങ്ങിവന്ന് ട്രഷറാർ ക്വാർട്ടേഴ്സിലേക്കു കയറിയ പ്പോൾ ജോസഫ് തിരുമേനി "കുഞ്ഞമ്മേ എവിടെയാണെന്നറിഞ്ഞോ?" എന്ന് ചോദിച്ചു. മല്ലപ്പള്ളിയിലേക്കാണെന്ന് മ്ലാനവദനയായി പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: "കുഞ്ഞമ്മേ എല്ലാം ദൈവഹിതം. പോകാൻ ഒരുങ്ങിക്കോ" എന്ന്. വാസ്തവത്തിൽ അത് ദൈവഹിത മായിരുന്നു എന്ന് പിൽക്കാല അനുഭവങ്ങൾ വ്യക്തമാക്കി.

1. ആ പ്രദേശങ്ങളിൽ നാനാജാതിമതസ്ഥരുടെ ഇടയിൽ ഒരു വലിയ സ്വാധീനമുണ്ടായി.

2. കുഞ്ഞമ്മയുടെ മാതാപിതാക്കളെ ശുശ്രൂഷിപ്പാനും കരുതുവാനും സാധിച്ചു.

3. എന്റെ പിതാവിന്റെ അന്ത്യകാലത്തെ ശുശ്രൂഷയും മരണവും സംസ്കാരവും എല്ലാം ഭംഗിയായി നിർവ്വഹിക്കുവാൻ സാധിച്ചു. പിതാ വിനെ മല്ലപ്പള്ളി യിൽ സംസ്കരിച്ചു. എല്ലാം ദൈവഹിതം.

ഒരു കാര്യം എടുത്ത് പറയേണ്ടതാണ്. മാണി തിരുമേനി എന്റെ പ്രവർ ത്തനങ്ങളിൽ പൂർണ്ണസ്വാതന്ത്ര്യം നല്കി. അഭിപ്രായ വ്യത്യാസങ്ങളു ണ്ടായിട്ടുണ്ട് എന്നത് സത്യം.

## മല്ലപ്പള്ളി ഹോളി ഇമ്മാനുവൽ ചർച്ച് (1985–1990)

മല്ലപ്പള്ളിയിലെ എന്റെ പ്രവർത്തനം അതീവസന്തോഷകരമായിരുന്നു. മല്ലപ്പള്ളിക്കാർ വളരെ സന്തോഷത്തോടും അഭിമാനത്തോടും കൂടിയാണ് ഞങ്ങളെ സ്വീകരിച്ചത്. ഞങ്ങളും അഭിമാനത്തോടുകൂടി മല്ലപ്പള്ളിയെയും സ്വീകരിച്ചു. അതിന്റെ പരണിതഫലമായി മല്ലപ്പള്ളിയിലെ നാനാജാതിമ തസ്ഥരായ ആളുകളുടെ സ്നേഹം അനുഭവിച്ചറിയുവാൻ സാധിച്ചു.

മല്ലപ്പള്ളി വളരെ പുരാതനമായ ഒരു ക്രിസ്തീയകേന്ദ്രമാണ്. മിഷനറി ഹോക്സ് വർത്ത് തുടങ്ങിയുള്ളവരുടെ പ്രവർത്തനഫലമായി പുരാതനമായ ക്രൈസ്തവസഭയിൽ നിന്ന് ചുരുക്കം ചിലർ സി.എം.എസ്. സഭയിൽ ചേർന്നു. അവർക്കായി ഒരു പള്ളി സ്ഥാപിച്ചു. ഇടവകയുടെ 150-ാം വാർഷിക ജൂബിലി വർഷത്തിലാണ് ഞങ്ങളെ അവിടേക്ക് നിയമിച്ചത്.

## മല്ലപ്പള്ളിയിലെ സ്ഥാപനങ്ങൾ

പുരാതനമായ മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂൾ, പ്രൈമറി സ്കൂൾ ഇവ വളരെ പ്രശസ്തമായിരുന്നു. മഹായിടവകയിലെ അനേകം പ്രഗത്ഭരായ പട്ടക്കാർ ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നു.

റവ. മാത്യു മാത്യു അച്ചൻ ഇടവകപ്പട്ടക്കാരനായിരുന്ന കാലത്താണ് റവ. ജോർജ്ജ് മാത്തൻ മിഷൻ ആശുപത്രി അവിടെ ആരംഭിച്ചത്. ബാലാരിഷ്ടതകളിൽകൂടി ആശുപത്രി കടന്നുപൊയ്ക്കൊണ്ടിരുന്നു.

ജോസഫ് തിരുമേനിയുടെ കാലത്ത് ഒരു ഡേ കെയർ സെന്റർ കെ.എൻ.എച്ചിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരുന്നു. അങ്ങനെ വിവിധ സ്ഥാപനങ്ങൾ അവിടെ ഉണ്ടായിരുന്നു. ജനങ്ങൾ ഭൂരിഭാഗവും വിദ്യാസമ്പന്നരായിരുന്നു. “ബി.എ.ക്കാരുടെ നാട്” എന്നറിയപ്പെട്ടിരുന്നു.

ഞാൻ വന്നപ്പോൾ ജൂബിലി കമ്മറ്റിയുടെ തീരുമാനമനുസരിച്ച് നാലോ അഞ്ചോ ബ്രഹത്തായ പദ്ധതികൾ രൂപപ്പെടുത്തിയിരുന്നു. ആദ്യത്തെ കമ്മറ്റിയിൽ ഞാൻ പറഞ്ഞു എല്ലാം കൂടി നടക്കയില്ല. അതുകൊണ്ട് ഒരെണ്ണം ഏറ്റെടുത്ത് ആരംഭിക്കാം. പ്രൊജക്ടുകൾ കടലാസുപുലികളാകരുത്. സ്ഥലത്തിന്റെ സൗകര്യങ്ങളും സഭയുടെ ആവശ്യങ്ങളും അനുസരിച്ചുവേണം പ്രൊജക്ടുകൾ രൂപപ്പെടുത്തുവാൻ.

ഇപ്പോൾ നിലവിലുള്ള സ്ഥാപനങ്ങൾ ഭംഗിയായി നടത്തുവാനും വിപുലപ്പെടുത്തുവാനും തീരുമാനിച്ചു.

റവ. ജോർജ്ജ് മാത്തൻ മെമ്മോറിയൽ ഹോസ്പിറ്റൽ. മല്ലപ്പള്ളിയിലെ ആദ്യ പട്ടക്കാരനായിരുന്ന ജോർജ്ജ് മാത്തനച്ചൻ പ്രഗത്ഭനായ സാഹിത്യകാരൻ കൂടിയായിരുന്നു. ‘മലയാഴ്മയുടെ വ്യാകരണം’ എന്ന പ്രശസ്തമായ വ്യാകരണഗ്രന്ഥം രചിച്ചത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുവാനായി സ്ഥാപിച്ചതാണ് ജി.എം.എം. ഹോസ്പിറ്റൽ.

## നമ്മുടെ മിഷൻ ഹോസ്പിറ്റലുകൾ

മല്ലപ്പള്ളി ആശുപത്രി ഏതാണ്ട് ഊർദ്ധശ്വാസം വലിക്കുന്ന രീതിയിലായിരുന്നു. നമ്മുടെ മിഷൻ ആശുപത്രിയുടെ എല്ലാം സ്ഥിതി അതു തന്നെയായിരുന്നു. അവയിൽ മിക്കതും ഏതാനും വർഷങ്ങൾക്കകം നിന്നു പോയി. ഭാരിച്ച സാമ്പത്തിക ബുദ്ധിമുട്ടും, ഇടവകക്കാരുടെ കൈകടത്തലുകളും ഭരണം നിർവ്വഹിക്കുവാൻ ഉള്ള സ്വാതന്ത്ര്യക്കുറവുമെല്ലാം. കോടുകുളഞ്ഞി, കൃഷ്ണപുരം തുടങ്ങിയവ ഇതിനുദാഹരണമാണ്.

വൈദ്യശുശ്രൂഷാ രംഗത്ത് നമ്മുടെ സ്ഥാനം എന്താണ് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു കാലത്ത് ഫ്ളോട്ടിംഗ് ഡിസ്പെൻസറികൾ നടത്തിയ സഭയാണ് നമ്മുടേത്. വൈദ്യശുശ്രൂഷാസൗകര്യങ്ങൾ ഒട്ടുമില്ലാതിരുന്ന സ്ഥലങ്ങളിൽ അതു നിർവ്വഹിക്കുവാൻ ത്യാഗപൂർവ്വം പ്രവർത്തിച്ചു. ഇന്ന് ഇത് സാധ്യമല്ലാതായിത്തീർന്നു. ഈ രംഗത്ത് മത്സരമായി. വലിയ വലിയ ആശുപത്രികൾ കോടികൾ മുടക്കി നടത്തുന്നു. സാധാരണക്കാർക്കു പോലും വലിയ കൺസൾട്ടിംഗ് ഫീ നൽകി വലിയ ആശുപത്രികളിൽ പോകുവാനും ഡോക്ടറെ കാണുവാനുമാണല്ലോ താൽപര്യം. ചെലവുകൾ വർദ്ധിച്ചു. സഭയ്ക്കത് താങ്ങാനാവാത്ത അവസ്ഥയായി. അതുകൊണ്ട് വലിയ ആശുപത്രി എന്നുള്ള സങ്കല്പം വിട്ടിട്ട് ചെറിയ ഡിസ്പെൻസറികൾ എന്ന ആദ്യകാല സങ്കൽപത്തിലേക്ക് നാം മടങ്ങേണ്ടതല്ലേ?

മല്ലപ്പള്ളി ആശുപത്രി പുനരുദ്ധരിക്കുവാനുള്ള ശ്രമം ആരംഭിച്ചു.

## വെല്ലൂർ റ്റീം

വെല്ലൂർ ആശുപത്രിയിൽ നിന്ന് ഡോക്ടേഴ്സും മറ്റു ചിലരും ഉൾപ്പെട്ട ഒരു 12 അംഗറ്റീമിനെ മല്ലപ്പള്ളിയിൽ വരുത്തി. ഒരു വിപുലമായ മെഡിക്കൽ ക്യാമ്പ് നടത്തി. അവിടെ നിന്നുള്ള പ്രഗത്ഭരായ ഡോക്ടേഴ്സാണ് വന്നത്. മെഡിക്കൽ, പീഡിയാട്രിക്, ഗൈനക്കോളജി, സർജറി, അനസ്തീഷ്യ എന്നീ വിഭാഗങ്ങൾ എല്ലാം രണ്ടാഴ്ചത്തേക്ക് നടത്തി. ഡോ. പി. സഖറിയാ ആയിരുന്നു ലീഡർ.

പകൽ ചികിത്സയും രാത്രിയിൽ പള്ളിയിൽ വച്ചുള്ള ആത്മീയ കൂട്ടായ്മയും ഇവർ നടത്തി. ഇത് മല്ലപ്പള്ളി ആശുപത്രിയുടെ ഗതി തിരിച്ചുവിടുവാൻ സഹായകരമായി. ആശുപത്രിയുടെ മുഖച്ഛായ തന്നെ മാറി. അതോടനുബന്ധിച്ച് ആശുപത്രി വിപുലീകരണവും ആരംഭിച്ചു. ഒരു കാർഡിയോളജി ബ്ലോക്ക്, ഇന്റൻസീവ് കെയർ യൂണിറ്റ് ഉൾപ്പെടെ അവിടെ ആരംഭിച്ചു. ആവശ്യമുള്ള കെട്ടിടങ്ങൾ പണിതു. വെല്ലൂരിൽ നിന്ന് ആവശ്യാനുസൃതം ഡോക്ടർമാരെ അയച്ചുകൊണ്ടിരുന്നു. അങ്ങനെ

ആശുപത്രി പുനരുദ്ധരിക്കപ്പെട്ടു. അതോടൊപ്പം പുരാതനമായ മല്ലപ്പള്ളി സി.എം.എസ്. ഹൈസ്കൂൾ കാര്യങ്ങളിലും ഇടവക ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങി. അതും പുരോഗതിയിലേക്കു നടത്തപ്പെട്ടു. വളരെ നല്ല ഒരു കമ്മറ്റി ഇക്കാര്യങ്ങൾക്കെല്ലാം നേതൃത്വം നൽകി.

## യുവജനങ്ങൾ (Youth for Prayer)

മഹായിടവകയിൽ ഉണ്ടായ പ്രശ്നങ്ങൾ ഇക്കാലയളവിൽ മല്ലപ്പള്ളി യിലും ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചു. രണ്ടു ഗ്രൂപ്പുകളായി പരസ്പരം പോരടിക്കുന്ന അവസ്ഥയിലായിരുന്നു യുവജനപ്രസ്ഥാനം. രണ്ടിലും ഉൾപ്പെടാതെ നില്ക്കുക പ്രയാസമായിരുന്നെങ്കിലും വളരെ സംയമന ത്തോടു കൂടി രണ്ടു കൂട്ടരെയും പിണക്കാതെ കൊണ്ടുപോകുവാൻ ശ്രമിച്ചു. രണ്ടു കൂട്ടരെയും ഉൾപ്പെടുത്തി ഒരു യുവജന കൂട്ടായ്മ രൂപീക രിച്ചു. വേദപഠനം, പ്രാർത്ഥന, സാമൂഹ്യസേവനം ഇങ്ങനെയുള്ള പരി പാടികൾ ആസൂത്രണം ചെയ്തു. യുവജനങ്ങളെ സംഘടിപ്പിച്ചു. സഭ യുടെ പ്രവർത്തനങ്ങൾക്കുവേണ്ടി സമയം ചെലവഴിച്ചു. സഭയുടെ പുരോ ഗമനപരമായ എല്ലാ കാര്യങ്ങളിലും യുവജനങ്ങൾ സഹകരിച്ചു. ശവ ക്കോട്ട വൃത്തിയാക്കുക, പള്ളി, ആശുപത്രി പരിസരങ്ങൾ ഇവ സംര ക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് നേതൃത്വം നൽകി. മല്ലപ്പള്ളി കൺവൻഷൻ, സംയുക്ത ക്രിസ്മസ് ഇക്കാര്യങ്ങളിൽ എല്ലാ ഉത്സാഹ ത്തോടെ സഹകരിച്ചു. അങ്ങനെ പ്രശ്നങ്ങളില്ലാതെ യുവജനങ്ങൾ മുഖ്യ ധാരയിൽ എത്തി.

ദുഃഖവെള്ളിയാഴ്ച കഞ്ഞിയും, ചക്കയും, അച്ചാറും എല്ലാം ഉണ്ടാ ക്കാൻ നേതൃത്വം നൽകി. ആദ്യമായി ഈ സംരംഭം ആരംഭിച്ചു. പെസഹാ വ്യാഴാഴ്ച ആരാധനയ്ക്കു ശേഷം സമീപ ഭവനങ്ങളിലെല്ലാം പോയി ചക്ക ശേഖരിച്ചുകൊണ്ടുവന്ന് പാകപ്പെടുത്തി സ്ത്രീജനസഖ്യത്തെ ഏൽപിക്കും. അവർ അത് രുചികരമായി പാകം ചെയ്തു തരും. സ്വാദി ഷ്ഠമായ ഈ ഭക്ഷണത്തിന്റെ രുചിയും കൂട്ടായ്മയുടെ സന്തോഷവും മറക്കാനാവാത്തതാണ്.

## മല്ലപ്പള്ളിപ്പള്ളിയിലെ ആരാധന

അതിന്റെ വിശുദ്ധിയും, ഭംഗിയും എടുത്തുപറയേണ്ടതാണ്. എല്ലാ ആരാധനകളിലും പള്ളി നിറഞ്ഞു കവിഞ്ഞ് ആളുകൾ ഉണ്ടായിരിക്കും. മനോഹരമായ പാട്ടുകളും ആരാധനയും ഹൃദയാകർഷകമായിരുന്നു. നല്ലത് പോലെ തയ്യാറെടുപ്പു നടത്തി പ്രസംഗിക്കുന്നു. പ്രസംഗങ്ങളെ അഭിനന്ദിക്കുന്നവർ ധാരാളം ഉണ്ടായിരുന്നു. ഗായകസംഘം, നല്ല നേതൃത്വം നൽകി.

ഇടവകദിന പരിപാടികൾ – ഇക്കാലത്ത് ആദ്യമായി ആരംഭിച്ചു. വളരെ അനുഗ്രഹപ്രദമായ ഒരു പരിപാടിയായിരുന്നു. മദുബഹായുടെ മുമ്പിൽ അലങ്കരിച്ചു വച്ചിരിക്കുന്ന കൊട്ടയിൽ എല്ലാ ജനങ്ങളും നടന്നു മുമ്പോട്ടുവന്ന് സ്തോത്രപ്പണം നടത്തുന്ന പതിവ് ആരംഭിച്ചു. വളരെ സന്തോഷകരമായ ഒരനുഭവമായിരുന്നു അത്. വിതച്ചീടുക നാം സ്വർഗ്ഗത്തിന്റെ വിത്താം... എന്ന ഗീതം 3 തവണയെങ്കിലും ആവർത്തിക്കേണ്ടിയിരുന്നു. തങ്ങളെ തന്നെ സമർപ്പിക്കുന്ന ഒരു ശുശ്രൂഷയായി അതു മാറി. അത്ര ഭയഭക്തിപരമായിരുന്നു അത്. യുവജനങ്ങളും, ക്വൊയറും, മറ്റെല്ലാവരും ആത്മാർത്ഥമായി സഹകരിച്ചു.

സ്ത്രീജനസഖ്യം ഇടവകയുടെ ശക്തികേന്ദ്രമായിരുന്നു. എല്ലാ ബുധനാഴ്ചയും രാവിലെ കമ്യൂണിയൻ സർവ്വീസും. ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള പ്രാർത്ഥനാകൂട്ടങ്ങളും അനുഗൃഹീതമായിരുന്നു. കൂട്ടായ്മ യോഗങ്ങളുടെ ഒരു കേന്ദ്രമായിരുന്നു മല്ലപ്പള്ളി.

ക്വയർ – വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഗായകസംഘം അവിടെ ഉണ്ടായിരുന്നു. ക്വൊയർ മാസ്റ്റർ, ഓർഗനിസ്റ്റ് എന്നിവർ അദ്ധ്യാപകരും സമർത്ഥരുമായിരുന്നു. എന്നാൽ ഗായകസംഘാംഗങ്ങളുമായി അവർ സ്വരച്ചേർച്ചയിലല്ലായിരുന്നു. അദ്ധ്യാപകരുടെ കഠിനമായ ഡിസിപ്ലിൻ അംഗങ്ങൾക്കിഷ്ടമില്ലാതെയായി. അങ്ങനെയും പ്രശ്നങ്ങളുണ്ടായി. അവർ രണ്ടു പേരും രാജിവച്ചു. നേതൃത്വത്തിനു വേണ്ടി ആരെയും പരിശീലിപ്പിച്ചിരുന്നില്ല. പെട്ടെന്ന് കഞ്ഞിക്കുഴിയിൽ വന്ന് ചിന്നക്കുട്ടിച്ചായന്റെ അനുവാദത്തോടെ അശ്വിൻ എന്ന ഓർഗനിസ്റ്റിനെ കൊണ്ടുവന്നു. പത്തോളം കുട്ടികളെ ഓർഗൻ പഠിപ്പിച്ചു. നേതൃത്വം നൽകുവാൻ കെ. സി. ഐസക്ക്, ലിനു എന്നിവരെ ചുമതലപ്പെടുത്തി. ഗായകസംഘം വളർന്നു. 100 അംഗങ്ങൾ വരെയായി. അങ്ങനെ ആ ക്രൈസിസ് പരിഹരിച്ചു. ഇപ്പോൾ നല്ല ഒരു ഗായകസംഘം ഉണ്ടായി. രാജിവച്ചവർ ഒരു പ്രശ്നവും ഉണ്ടാക്കിയിട്ടില്ല. അവരുടെ മക്കൾ ക്വൊയറിന്റെ നല്ല അംഗങ്ങളായി തുടർന്നു. ഇപ്പോൾ നേതാക്കളുമായി.

വളരെ ശാന്തമായി ഇടപെട്ടതുകൊണ്ട് സഭയിൽ ഒരു പ്രശ്നവുമുണ്ടായതുമില്ല. കൊച്ചു ബേബി സാറും രാജൻ ബാബുവും ഇന്നും എന്റെ സ്നേഹിതരാണ്. ഇടവകകളിൽ കൊച്ചു കൊച്ചു പ്രശ്നങ്ങളുണ്ടാകുമ്പോൾ പ്രാർത്ഥനാപൂർവ്വം ശാന്തമായി കൈകാര്യം ചെയ്താൽ അത് വർദ്ധിക്കുകയില്ല. പട്ടക്കാർ വളരെ സംയമനം പാലിക്കുകയും, എല്ലാവരെയും ഒരു പോലെ കാണുകയും വാശിയില്ലാതെ പ്രവർത്തിക്കുകയും ചെയ്താൽ മതിയാകും. ഇടവകയിൽ വലിയ പ്രശ്നമുണ്ടാകും എന്നു കരുതി. പക്ഷെ ഒന്നുമുണ്ടായില്ല. പ്രശ്നങ്ങളോടുള്ള നമ്മുടെ സമീപനം

എങ്ങനെയായിരിക്കണം എന്ന പാഠം പഠിക്കുവാൻ ഈ സംഭവം ഉപകരിച്ചു. മറ്റുള്ളവരെ വ്രണപ്പെടുത്തുന്ന സംഭാഷണശൈലി അപകടകരമാണ്.

## മല്ലപ്പള്ളി കൺവൻഷൻ

ഏതാണ്ട് മുക്കാൽ നൂറ്റാണ്ടിൽ കൂടുതൽ പഴക്കമുള്ള ഒരു ഐക്യ കൺവൻഷനാണിത്. സി.എസ്.ഐ., മാർത്തോമ്മാ സഭകളിലെ മല്ലപ്പള്ളിയിലും പരിസരത്തുമുള്ള 14 ഓളം ഇടവകകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വളരെ പ്രസിദ്ധമായ കൺവൻഷനാണിത്. ഒരു വിധത്തിൽ പറഞ്ഞാൽ മാരാമൺ കൺവൻഷൻ കഴിഞ്ഞാൽ മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ കൺവൻഷനായിരുന്നു ഇത്. മല്ലപ്പള്ളി പാലത്തിനു താഴെ മനോഹരമായ മണൽപ്പുറത്ത് വിശാലമായ ഓലപ്പന്തലിൽ ആണ് ഇത് നടക്കുന്നത്. പന്തൽ വിവിധ ഇടവകകൾ ഓരോ ഭാഗം ആയി തിരിച്ച് ഇടുകയാണ് പതിവ്. ജാതിമതഭേദമെന്യേ ആളുകൾ ഇതിൽ സംബന്ധിക്കുകയും സഹകരിക്കുകയും ചെയ്തു. അടുത്തുള്ള ഹൈന്ദവക്ഷേത്രത്തിന്റെ ആശംസനേർന്നുകൊണ്ടുള്ള ബാനർ കാണുവാൻ കഴിയും. എല്ലാ സഭാവിഭാഗങ്ങളിൽപ്പെട്ട ആളുകളും ഇതിൽ സംബന്ധിക്കും.

സാധു കൊച്ചുകുഞ്ഞുപദേശിയാണിതിന്റെ സ്ഥാപകൻ. മല്ലപ്പള്ളി ഹോളി ഇമ്മാനുവേൽ സി.എസ്.ഐ. പള്ളിക്ക് ഇതിന്റെ നടത്തിപ്പിൽ ഒരു വലിയ സ്ഥാനമുണ്ട്. ലോകപ്രശസ്തരായ പ്രസംഗകർ വരുമായിരുന്നു. മല്ലപ്പള്ളിയുടെ ആത്മീയാഭിവൃദ്ധിക്ക് ഒരു പ്രധാന കാരണം ഈ കൺവൻഷനാണ്. ഞാൻ മല്ലപ്പള്ളിക്ക് ചെല്ലുന്നു എന്നറിഞ്ഞ ഉടൻ തന്നെ കൺവൻഷന്റെ പ്രസിഡന്റായി എന്റെ പേര് അവർ നിർദ്ദേശിച്ചു. പുതിയ ആളിനെ തെരഞ്ഞെടുക്കാതെ ഞാൻ ചെല്ലുന്നതുവരെ കാത്തിരുന്നു.

സ്ഥാനമാനങ്ങൾ നമ്മെ തേടിവരണം. നാം അത് തേടി ഓടേണ്ടതില്ല.

അന്ന് ഡപ്യൂട്ടി പ്രസിഡന്റായിരുന്ന മാർത്തോമ്മാ സഭയിലെ ഒരച്ചന് ഇത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഒരു പരാതി അന്ന് ബിഷപ്പന്മാർക്ക് അയച്ചു; കൺവൻഷൻ കമ്മിറ്റിക്ക് എതിരായി. ആദ്യമായി ഒരു പരാതിയിൽ എന്റെ പേര് ഉൾപ്പെട്ടു. ഞാൻ വളരെ സമചിത്തതയോടെയായിരുന്നു. പരാതി അയച്ച അച്ചൻ ഇന്നും എന്റെ ഒരടുത്ത സ്നേഹിതനാണ്. എതിർക്കുന്നവരെ വെറുക്കുകയല്ല, സ്നേഹത്തോടെയുള്ള സമീപനം കൊണ്ട് അവരെ സുഹൃത്തുക്കളാക്കുക.

അഞ്ചു വർഷക്കാലം മല്ലപ്പള്ളി കൺവൻഷന്റെ പ്രസിഡന്റായിരുന്ന്

കൺവൻഷന് ചുക്കാൻ പിടിക്കാൻ സാധിച്ചു. ഒരു വർഷത്തെ കൺവൻഷന്റെ ഒരു രാത്രിയിൽ കോരിച്ചൊരിയുന്ന മഴയായതിനാൽ ആ കൺവൻഷൻ നടന്നില്ല. മാർത്തോമ്മാസഭയിലെ പി. പി. ഏബ്രഹാം അച്ചനായിരുന്നു അന്നത്തെ പ്രസംഗകൻ.

സാധാരണഗതിയിൽ സി.എസ്.ഐ. യിലെ ഒരു ബിഷപ്പോ മാർത്തോമ്മായിലെ ഒരു ബിഷപ്പോ ആയിരിക്കും ഉത്ഘാടനം. സമാപനം ഏതെങ്കിലും ഒരു ബിഷപ്പ് ആയിരിക്കും. അങ്ങനെ പരസ്പര സഹകരണത്തിൽ ഇന്നും കൺവൻഷൻ നടന്നുവരുന്നു.

എനിക്ക് മല്ലപ്പള്ളിയിലെ ജീവിതത്തിൽ വളരെ പ്രചോദനം നല്കിയ ഒന്നാണ് മല്ലപ്പള്ളി കൺവൻഷൻ. മല്ലപ്പള്ളിയിലെ നാനാമതസ്ഥരായ ആളുകളുമായി അടുത്ത ബന്ധം പുലർത്തുവാൻ ഇത് മൂലം ഇടയായി. ഇന്നും ആ സ്നേഹം നിലനില്ക്കുന്നു.

**ബൈബിൾ സൊസൈറ്റി** - ഈ അഞ്ചു വർഷവും ബൈബിൾ സൊസൈറ്റി മല്ലപ്പള്ളി ബ്രാഞ്ചിന്റെ പ്രസിഡന്റായിരിക്കുവാനും കഴിഞ്ഞു. എന്റെ മേന്മയല്ല ദൈവത്തിന്റെ കരുണയും സ്നേഹവും മാത്രം.

## ചില പ്രധാന സംഭവങ്ങൾ

**1) സ്ഥലംമാറ്റം** - 4 വർഷം പൂർത്തിയായപ്പോൾ എന്നെ മുണ്ടിയപ്പള്ളിക്ക് സ്ഥലം മാറ്റി ഉത്തരവു വന്നു. മല്ലപ്പള്ളിക്കാർ മുഴുവൻ സഭാ ഭേദമെന്യേ ഇളകി. ഞാൻ പോകാൻ തയ്യാറായി. എന്നാൽ റവ. പി.ഇ. വർക്കി അച്ചന്റെ നേതൃത്വത്തിൽ ഒരു സംഘം ബിഷപ്പിനെ കണ്ടു. അത് കാൻസൽ ചെയ്യിച്ചു. സാധാരണ ബിഷപ്പ് ചെയ്യാത്ത ഒരു കാര്യമായിരുന്നു അത്. വീണ്ടും അവിടെ തുടരുന്നതിന് അനുവദിച്ചു. ഇത് തിരുമേനി നേരത്തെ പ്രതീക്ഷിച്ചതായിരുന്നു. കാരണം എനിക്ക് ട്രാൻസ്ഫർ ഓർഡർ അയച്ചില്ല. അതുകൊണ്ട് കാൻസൽ ഓർഡറും അയക്കേണ്ടിവന്നില്ല.

## പള്ളിക്ക് പോർച്ച്

പഴയ പള്ളിയുടെ തനിമ നഷ്ടപ്പെടാതെ മനോഹരമായ ഒരു പോർച്ച് പള്ളിക്ക് പണിതു. വട്ടശ്ശേരിൽ തമ്പി ലാഭം കൂടാതെ തന്നെ നിർമ്മിച്ചു. ആശുപത്രിയിൽ ഇന്റൻസീവ് കെയർ ബ്ലോക്കിന്റെ പണിയും പൂർത്തിയാക്കി.

# ചില പ്രത്യേക സംഭവങ്ങൾ

## എക്സിക്യൂട്ടീവ് തെരഞ്ഞെടുപ്പ്

തിരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ ഒട്ടും താല്പര്യമില്ലാതെയിരുന്ന എന്നെ ബിഷപ്പിന്റെ ഗുഡ് ബുക്കിൽ ഉള്ള പി.റ്റി. ഏബ്രഹാം, ടി.പി. മാത്യു, എം.എം. മാണി, കോരുള ഐസക് എന്നിവർ സമീപിച്ചു. നിർബന്ധമായും നിൽക്കണം. ഞങ്ങൾ ഒഫീഷ്യൽ പാനലിൽ ഉൾപ്പെടുത്തും എന്ന് തെരഞ്ഞെടുപ്പിന്റെ തലേദിവസം എന്നോട് പറഞ്ഞു. ഞാൻ മൗനസമ്മതം നല്കി. എന്നാൽ അന്ന് നോമിനേഷൻ കമ്മറ്റിയിൽ ഉണ്ടായിരുന്നവർ എന്റെ പേര് ഉൾപ്പെടുത്തി. അക്കാലത്ത് സാധാരണ ഗതിയിൽ ഈ പാനൽ മാത്രമാണ് ജയിക്കുന്നത്. എന്നാൽ എന്റെ പേര് വെട്ടിമാറ്റപ്പെട്ടു. ഇത് അവർക്ക് പ്രയാസമായിരുന്നു. പിറ്റേ ദിവസം ഞാൻ ചെന്നപ്പോൾ വിഷണ്ണരായി അവർ ഈ ചരിത്രം എന്നോട് പറഞ്ഞു. ആരെങ്കിലും ഫ്ളോറിൽ നിന്ന് പേരു പറയും. അച്ചൻ മാറരുത് എന്നാവശ്യപ്പെട്ടു. സെക്രട്ടറി സ്ഥാനത്തേക്ക് എന്റെ പേരു പറഞ്ഞപ്പോൾ ഞാൻ പിന്മാറിയതാണ്. ഇലക്ഷൻ കാര്യങ്ങൾ ആരംഭിച്ചു. ഓഫീഷ്യൽ പാനൽ അവതരിപ്പിച്ചു. ഫ്ളോറിൽ നിന്ന് നാമനിർദ്ദേശം ആവശ്യമില്ല എന്ന് ബിഷപ്പ് പറഞ്ഞു നോക്കി. എന്നാൽ കൗൺസിൽ മെമ്പേഴ്സ് ശക്തമായി ആവശ്യപ്പെട്ടു.

ഏതാനും പേരുകൾ പറയാൻ അനുവദിച്ചു. പേരു പറയാൻ ആവശ്യപ്പെട്ടപ്പോൾ ഒളശ്ശയിൽ നിന്നുള്ള മെമ്പർ എം. കെ. മാണി ഉച്ചത്തിൽ ആദ്യമായി എന്റെ പേര് വിളിച്ചു പറഞ്ഞു. അത് ബോർഡിൽ എഴുതി. ഏതാനുംപേരുടെ പേരുകൾ കൂടി ചേർത്ത് വോട്ടിംഗ് ആരംഭിച്ചു. ഔദ്യോഗിക പാനലിൽ പേരില്ലാതിരുന്ന എന്റെ പേര് മാത്രം പുറത്തുനിന്നു തെരഞ്ഞെടുക്കപ്പെട്ടു.

സാധാരണഗതിയിൽ ഒരാൾക്ക് ഒരു സ്ഥാനം എന്ന പതിവ് ഉണ്ടായിരുന്നു. എന്നാൽ ഔദ്യോഗിക പാനലിൽ ഇല്ലാതിരുന്നതുകൊണ്ട് സിനഡിലേക്കുള്ള തെരഞ്ഞെടുപ്പ് വന്നപ്പോൾ എന്റെ പേര് പറഞ്ഞു. അങ്ങനെ ഞാൻ മാത്രം രണ്ടിലും അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ദൈവഹിതം. സിന്നഡിൽ വന്നത് വലിയ സഹായമായിരുന്നു. പിന്നീട് ബിഷപ്പ് ആകുവാൻ ഈ സ്ഥാനം വളരെ സഹായിച്ചു. നോക്കണെ ദൈവത്തിന്റെ പ്ലാൻ. ദൈവം ഒരുക്കുന്ന വഴികൾ. എന്റെ ജീവിതത്തിലെ ഓരോ ഏടിലും ദൈവത്തിന്റെ വഴികൾ വ്യക്തമായി കാണാൻ കഴിയും. ബിഷപ്പ് ഡാൻഡിനുമായി പരിചയപ്പെടുവാനും അദ്ദേഹത്തിന്റെ സ്നേഹം സമ്പാദിക്കുവാനും ഇടയായി.

## 2. പിതാവിന്റെ വേർപാട് (1988 ഫെബ്രുവരി 4)

1986 മുതൽ പ്രിയപിതാവും മാതാവും ഞങ്ങളോടൊപ്പം മല്ലപ്പള്ളിയിൽ താമസമാക്കി. ഓർമ്മ നഷ്ടപ്പെട്ട് ക്ഷീണിതനായ അവസ്ഥയിലാണ് മല്ലപ്പള്ളിയിൽ വന്നത്. വേണ്ട പരിചരണം നൽകുവാൻ സാധിച്ചു എന്നുള്ളിൽ ചാരിതാർത്ഥ്യമുണ്ട്. ഭക്തനായ ഒരു മനുഷ്യനായിരുന്നു. എന്നാൽ അന്ത്യവർഷങ്ങളിൽ ഓർമ്മ നഷ്ടമായിപ്പോയി. രാവിലെ ചൂരക്കസേരയിൽ എടുത്തിരുത്തും. ഉച്ചക്ക് വന്ന് കട്ടിലിൽ കിടത്തും. അമ്മ കൂടെ ഉണ്ടായിരുന്നുവെന്നതും അപ്പച്ചന് അനുഗ്രഹമായി. 1988 ഫെബ്രുവരി 4–ാം തീയതി എന്റെ മടിയിൽ തലവെച്ച് കർത്തൃ സന്നിധിയിലേക്ക് പ്രവേശിച്ചു.

ഞാൻ ഒരു വിവാഹനിശ്ചയത്തിനു പോയി. വിവാഹനിശ്ചയം കഴിഞ്ഞ് ഉണ്ണാതെ തന്നെ ഞാൻ വീട്ടിലെത്തി. അത്ര ക്ഷീണിതനായി അന്ത്യശ്വാസം വലിക്കുന്ന അവസ്ഥയിലായിരുന്നു പിതാവ്. പി. ഇ. വർക്കി അച്ചന്റെ കൊച്ചമ്മയും താമസിയാതെ വിവാഹവീട്ടിൽ നിന്നെത്തി. ഞങ്ങൾ പാട്ടുപാടി. കൊച്ചമ്മ പ്രാർത്ഥിച്ചു. അപ്പച്ചൻ തല എന്റെ മടിയിൽ വച്ച് കിടന്നു. പ്രാണനെ വിട്ടു നിത്യസ്വസ്ഥതയിൽ പ്രവേശിച്ചു.

### ശവസംസ്കാരം

നാടിന്റെ നാനാഭാഗത്തുനിന്ന് നിരവധി ആളുകൾ എത്തിച്ചേർന്നു. മല്ലപ്പള്ളി കണ്ടിട്ടില്ലാത്ത വിധത്തിലുള്ള ഒരു യാത്രയയപ്പാണ് പിതാവിന് ലഭിച്ചത്. വലിയ ഒരു ജനാവലിയുടെ അകമ്പടിയോടെ പള്ളിയിൽ എത്തി. പള്ളിയും മുറ്റവും ജനനിബിഡമായി. ബിഷപ്പ് എം. സി. മാണി, റ്റി. എസ്. ജോസഫ്, ടി. ബി. ബഞ്ചമിൻ എന്നീ തിരുമേനിമാരുടെ പ്രധാന കാർമ്മികത്വത്തിലും നിരവധി പട്ടക്കാരുടെ സഹകരണത്തിലും ശുശ്രൂഷ നടത്തി മല്ലപ്പള്ളി സെമിത്തേരിയിൽ പിതാവിന്റെ ഭൗതികശരീരം അടക്കം ചെയ്തു. വളരെ ശാന്തമായ നല്ല ക്രിസ്തീയജീവിതം നയിച്ച ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ, സുവിശേഷകൻ. ഒരു ബിഷപ്പിന് ലഭിക്കുന്ന ബഹുമാനത്തോടുകൂടി ലോകത്തോട് യാത്ര പറഞ്ഞു. അർഹിക്കുന്നതിലപ്പുറം ഉള്ള ഒരു ഫ്യൂണറൽ ആണ് എന്റെ പിതാവിന് ലഭിച്ചത്. “ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നീട്ടുമില്ല” എന്ന വാക്ക് അന്വർത്ഥമായി. മല്ലപ്പള്ളി ഇടവകയുടെ സഹകരണം മറക്കാവതല്ല.

എന്റെ പ്രിയ പിതാവ് ഒരു പ്രാർത്ഥനാ മനുഷ്യനായിരുന്നു. നാട്ടിൽ നിന്നു വന്നവർ പ്രസംഗിച്ചപ്പോൾ പറഞ്ഞത് “മത്തായിസാർ ഒരു വിശു

ദ്ധനായിരുന്നു" എന്നാണ്. നാട്ടിൽ നാനാജാതിമതസ്ഥരും പ്രിയ പിതാവിനെ കരുതിയിരുന്നത് അങ്ങനെയാണ്. ഇന്നും ഞാൻ അറിയപ്പെടുന്നത് മത്തായിസാറിന്റെ മകൻ എന്ന പേരിലാണ്. പിതാവ് രോഗക്കിടക്കയിൽ ആയിരുന്നപ്പോൾ ജോൺ തിരുമേനിയും ജോസഫ് തിരുമേനിയും മാണി തിരുമേനിയും പലപ്പോഴും സന്ദർശിക്കുമായിരുന്നു. ഒരു ദിവസം ജോൺ തിരുമേനി പറഞ്ഞു. "സാറെ സാറിനെ ഓടിനടക്കുന്നതായിട്ടാണല്ലോ ഞാൻ കണ്ടിട്ടുള്ളത്" എന്ന്. ഇത് പറഞ്ഞ് പോയ തിരുമേനി ആ ആഴ്ചയിൽ തന്നെ ദിവംഗതനായി. തിരുമേനിമാരെയും പട്ടക്കാരെയും എന്നും ആദരവോട് കൂടിയാണ് പിതാവ് കണ്ടിട്ടുള്ളത്. അവർക്ക് പിതാവിനോടും പിതാവിന് അവരോടും അവളവറ്റ സ്നേഹമുണ്ടായിരുന്നു.

വിനയാന്വിതനും, നല്ല ഒരു പ്രസംഗകനും ആയിരുന്നു. എന്റെ പിതാവിന് ഒരു ശത്രു പോലും ഉണ്ടായിരുന്നതായി അറിവില്ല. ഞങ്ങളുടെ തൊട്ടയൽപക്കത്ത് ഒരു ഈഴവനാണ് താമസിച്ചിരുന്നത്. നല്ല ഭൂസ്വത്തുണ്ടായിരുന്നു. ശേഖരൻ ഞങ്ങളുടെ അതിരിനുള്ള കൽകയ്യാല ഇളക്കിക്കൊണ്ടിരുന്നതു കണ്ട പിതാവ് "ശേഖരാ നിനക്ക് എത്ര സ്ഥലം കൂടി വേണം. അത്രയും എടുത്ത് കൊള്ളുക. ബാക്കി മതി ഞങ്ങൾക്ക്" ഇതായിരുന്നു പിതാവിന്റെ മനോഭാവം. എന്റെ പിതാവ് റോഡിൽ കൂടി നടന്നു പോകുമ്പോൾ കടകളിൽ ഇരിക്കുന്ന ചെറുപ്പക്കാരും പ്രായമായവരും എഴുന്നേറ്റ് നിൽക്കുമായിരുന്നു. ആരെ കണ്ടാലും ഒരു വാക്ക് സംസാരിച്ചിട്ടേ പോകുമായിരുന്നുള്ളൂ. നാട്ടിലെ പ്രമാണി ഒന്നുമായിരുന്നില്ല. എങ്കിലും ബഹുമാന്യനായിരുന്നു. പാവപ്പെട്ടവരെയും ധനികരെയും ഒരു പോലെ കരുതി എല്ലാവരുടെയും സ്നേഹം ആർജ്ജിച്ചു.

മല്ലപ്പള്ളിക്ക് സ്ഥലംമാറ്റം കിട്ടിയപ്പോൾ പതിവുപോലെ ഞാൻ വീട്ടിൽ ചെന്ന് പിതാവിനോട് പറഞ്ഞു. ആദ്യം എന്നോട് ചോദിച്ച ചോദ്യം "സെമിത്തേരി, പള്ളിയുടെ അടുത്താണോ" എന്നാണ്. ഇന്നു വരെയും അതിന്റെ സംഗതി എനിക്ക് മനസ്സിലായിട്ടില്ല. ഏതായാലും ആ സെമിത്തേരിയിലാണ് പിതാവിന്റെ ഭൗതികശരീരം വിശ്രമിക്കുന്നത്.

ഞങ്ങൾ എന്നു വീട്ടിൽ ചെന്നാലും മടങ്ങുമ്പോൾ കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചിട്ടേ യാത്രയയക്കാറുള്ളായിരുന്നു. ഞങ്ങളുടെ പിതാവിനെക്കുറിച്ച് ഞങ്ങൾക്ക് അഭിമാനമേയുള്ളൂ. ആ കണ്ണുനീരിന്റെയും പ്രാർത്ഥനയുടെയും അനുഗ്രഹങ്ങളാണ് ഞങ്ങൾ ഇന്ന് അനുഭവിക്കുന്നത്. പിതാവിന്റെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

## കീഴ്‌വായ്പൂര് അച്ചാച്ചൻ

ഈ കാലഘട്ടത്തിൽ കീഴ്‌വായ്പൂര് അച്ചാച്ചന് പെട്ടെന്ന് സ്ട്രോക്ക്

ഉണ്ടായി ആശുപത്രിയിലായി. ഏതാനും ആഴ്ചകൾ മല്ലപ്പള്ളി ആശുപത്രിയിൽ ചികിത്സകൾ നടത്തി. ചില ദിവസങ്ങൾ ഞങ്ങളോടൊപ്പം കഴിച്ചുകൂട്ടി. ഭാഗികമായി സുഖം പ്രാപിച്ച് വീട്ടിലേക്ക് മടങ്ങി. ഈ കാലഘട്ടത്തിൽ അച്ചാച്ചന് വേണ്ടത്ര ശുശ്രൂഷ ചെയ്യുവാൻ സാധിച്ചു.

## വസ്തുവിന്റെ വിഭജനം

അച്ചാച്ചന് സുഖമില്ലാതെ വന്നപ്പോൾ ഉള്ള വസ്തുക്കൾ മക്കളുടെ പേരിൽ വിഭാഗിച്ചുകൊടുക്കണം, അല്ലാത്തപക്ഷം മരണശേഷം പ്രശ്നങ്ങൾ ഉണ്ടാകുവാൻ ഇടയാകും എന്ന് പറഞ്ഞ്, അച്ചാച്ചൻ അതിന് മുൻകൈയെടുത്തു.

സാമാന്യം നല്ല ഭൂസ്വത്തുണ്ടായിരുന്നു. 6 പെൺമക്കളാണല്ലോ. അതിൽ ഒരാൾ അവിവാഹിതയും. ഒരു ദിവസം മക്കളെ എല്ലാം കൂട്ടി വരുത്തി. വൈകുന്നേരം അച്ചാച്ചൻ ഇന്ന സ്ഥലം ഇന്നാർക്ക് എന്ന് പറഞ്ഞു. എല്ലാവരും അംഗീകരിച്ചു. ഒരുമിച്ച് ഭക്ഷണം കഴിച്ചു. ഇത് രജിസ്റ്റർ ചെയ്യുവാൻ എഴുത്തുകാരനെയും ഏർപ്പാട് ചെയ്തു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഉടനെ എഴുതാൻ സാധിച്ചില്ല. ഓരോരുത്തരായി എഴുതി എടുക്കുവാൻ അച്ചാച്ചൻ പറഞ്ഞു. ടാക്സിന്റെ പ്രശ്നം ഉണ്ടാകരുത് എന്നു കരുതി എബിയും ഞാനും ഞങ്ങളുടെ ഭാര്യമാരുടെ പേർക്കുള്ള വസ്തുക്കൾ അവരുടെ പേരിൽ എഴുതിവാങ്ങി. കുറെക്കഴിഞ്ഞ് മറ്റുള്ളവരും അങ്ങനെ ചെയ്തു. എല്ലാം ഭംഗിയായി പര്യവസാനിച്ചു. ഇന്ന് എല്ലാവരും സ്നേഹമായി കഴിയുന്നു.

അച്ചാച്ചൻ ജീവനോടിരുന്നപ്പോൾ ചെയ്തതുകൊണ്ട് എല്ലാം ഭംഗിയായി നടന്നു. ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്യുക.

## മല്ലള്ളിയിൽ മറ്റൊരു രസകരമായ അനുഭവം

അവിടെ ചെന്ന് അധികം കഴിയുന്നതിന് മുമ്പ് ഇടവകാംഗമായ കെ. സി. നൈനാൻ പള്ളിയുടെ തൊട്ടടുത്തവീട്ടിൽ നിന്ന് എന്നെ കാണാൻ വന്നു. അദ്ദേഹം ബോംബെയിൽ മഹാരാഷ്ട്ര ഗവർണ്ണറുടെ പി.ആർ.ഒ ആയിരുന്നു. അസിസ്റ്റന്റ് സെക്രട്ടറിയുമായിരുന്നു.

വളരെ ഗൗരവത്തോടും അധികാരത്തോടും എന്നെ സമീപിച്ചു. പള്ളിക്കാർ മുൻ വികാരിയുടെ അറിവോടെ അവരുടെ അതിരിന്മേൽ മതിൽ പണിതു. അത് ഉടനെ പൊളിച്ചുമാറ്റണം. അല്ലാത്തപക്ഷം നിയമനടപടികൾ എടുക്കും. തന്റെ പദവിയുടെ ഗൗരവം വിടാതെ അല്പം ഭീഷണിസ്വരത്തിൽ എന്നോട് സംസാരിച്ചു. വളരെ ശാന്തനായി ഞാൻ അദ്ദേ

ഹത്തെ സ്വീകരിച്ചിരുത്തി ഗൗരവമായിത്തന്നെ സംസാരിച്ചു. ദീർഘസമയം സംസാരിച്ചു. ഞാനദ്ദേഹത്തോട് പറഞ്ഞു: "എനിക്ക് അഥവാ പള്ളിക്ക് ഏതാണ്ട് ഒന്നര സെന്റ് സ്ഥലമല്ല ആവശ്യം. ഒരു കുടുംബമാണ് പ്രധാനം. അതുകൊണ്ട് എന്തു വേണമെങ്കിലും ചെയ്യാൻ ഞാൻ സന്നദ്ധനാണ്. ഉടനെ തന്നെ കമ്മറ്റി വിളിച്ചുകൂട്ടി വേണമെങ്കിൽ മതിൽ പൊളിച്ചു മാറ്റുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചിന്തിക്കുന്നതാണ്. ഉടനെ തന്നെ വിവരം അറിയിക്കാം" എന്നു പറഞ്ഞു.

ഉടനെതന്നെ ഞാൻ ആക്ഷൻ എടുത്തു. അദ്ദേഹത്തിന് തൃപ്തിയായി. എന്നോട് വീണ്ടും വന്ന് അദ്ദേഹം പറഞ്ഞു. "മതിൽ പൊളിക്കേണ്ട. അച്ചന്റെ യുക്തംപോലെ എല്ലാ കാര്യങ്ങളും ചെയ്താട്ടെ." ഇന്ന് അദ്ദേഹം എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ ഒരാളാണ്. എന്റെ മകൻ ക്രിസ്റ്റിക്ക് ഒരു പൈസ പോലും കൊടുക്കാതെ പൂനായിൽ ഭാരതീയ വിദ്യാപീഠിൽ എഞ്ചിനീയറിംഗിന് അഡ്മിഷൻ വാങ്ങിത്തന്നത് അദ്ദേഹമാണ്.

പ്രശ്നങ്ങളുണ്ടാകുമ്പോൾ സമചിത്തതയോടുകൂടി അവയെ കൈകാര്യം ചെയ്യുകയും പ്രതിപക്ഷബഹുമാനത്തോടെ ഇടപെടുകയും ചെയ്താൽ സഭയ്ക്കും വ്യക്തികൾക്കും അത് ഗുണം ചെയ്യും. പ്രശ്നങ്ങളെ ഊതിവീർപ്പിക്കാനും അതുപോലെ വീർത്തുവീർത്ത് വരുന്ന പ്രശ്നങ്ങളെ ചുരുക്കിത്തീർക്കുവാനും ഒരു പട്ടക്കാരന് കഴിയും.

ഇവിടെ കമ്മറ്റിയുടെയും കെ. സി. നൈനാന്റെയും വിശ്വാസം നേടിയെടുക്കുവാൻ ഇടയായി.

## ഉപസഭകൾ

മല്ലപ്പള്ളിക്ക് ദേവങ്കര, പര്യാരം (തുരുത്തിക്കാട്) പുതുശ്ശേരി എന്നീ 3 ഉപസഭകൾ ഉണ്ട്. മല്ലപ്പള്ളിയിലെ വീടുസന്ദർശനത്തെപ്പോലെ ക്രമമായി ഉപസഭകളിലും വീടുസന്ദർശനം ഇതര പരിപാടികൾ എന്നിവയെല്ലാം നടത്തി. അവരുടെ സ്നേഹം ആർജ്ജിക്കുവാൻ ഇടയായി.

ഉപസഭകളിലെ ജനങ്ങളുടെ ആവശ്യങ്ങളും ശരിയായി നിർവ്വഹിച്ചുകൊടുക്കേണ്ടത് ഇടവകപ്പട്ടക്കാരന്റെ ചുമതലയാണ്. ഒരിടവകയിലേക്കാണ് പട്ടക്കാരനെ നിയമിക്കുന്നത്. ഹെഡ്സ്റ്റേഷനിലേക്ക് മാത്രമല്ല.

മല്ലപ്പള്ളിയിൽ നാനാജാതിമതസ്ഥരും വിവിധ സഭാവിഭാഗത്തിൽപ്പെട്ടവരുമായ നിരവധി സ്നേഹിതരെ ലഭിച്ചു. പഴയകാലത്ത് പറയുന്ന പ്രകാരം "ദേശത്തു പട്ടക്കാരനാണ്." എല്ലാവരെയും കരുതുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ അവർ നമ്മെയും സ്നേഹിക്കും, കരുതും.

## സ്ഥലംമാറ്റം

4 വർഷം കഴിഞ്ഞപ്പോൾ മുണ്ടിയപ്പള്ളിയിലേക്ക് എന്നെ സ്ഥലം മാറ്റി. നല്ല ഒരിടവകയാണ്. എന്നാൽ പി. ഇ. വർക്കി അച്ചന്റെ നേതൃത്വത്തിൽ ഞാൻ അറിയാതെ ഒരു പ്രതിനിധിസംഘം ബിഷപ്പിനെ കണ്ട് നിവേദനം നൽകി. ആ ട്രാൻസ്ഫർ കാൻസൽ ചെയ്യിച്ചു. ഒരു വർഷം കൂടി അവിടെയിരുന്നു. 5 വർഷം പൂർത്തിയായി. ഉടൻ വീണ്ടും മല്ലപ്പള്ളിക്കാർ തിരുമേനിയെ കണ്ട് ഈ വർഷം സ്ഥലം മാറ്റരുതെന്നാവശ്യപ്പെട്ടു.

ചില ദിവസങ്ങൾക്കു ശേഷം മാണി തിരുമേനിയും ഞാനും കൂടി എവിടെയോ പോയി തിരിച്ചുവരുമ്പോൾ തിരുമേനി പറഞ്ഞു."സ്ഥലം മാറ്റരുതെന്ന് മല്ലപ്പള്ളിക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അച്ചന് എതിർപ്പില്ലെങ്കിൽ ഒരു വർഷം കൂടി അവിടെത്തന്നെ ഇരുന്നുകൊൾക. എനിക്ക് വിരോധമില്ല." തിരുമേനിയോട് ഞാൻ പറഞ്ഞു. "ഒരു സ്ഥലത്ത് മാക്സിമം 5 വർഷം എന്നുള്ളത് നമ്മുടെ മഹായിടവകയുടെ തത്വമാണല്ലോ. അതുകൊണ്ടുതന്നെ എനിക്ക് സ്ഥലംമാറ്റം ആവശ്യമാണ്. ദയവായി അത് ചെയ്യണം" എന്ന് ആവശ്യപ്പെട്ടു.

ഇങ്ങനെ ഒരു സംശയം വന്നതുകൊണ്ട് ഞാൻ എഴുതി "As I am completing 5 yrs of service in Mallappally, I would like to have a transfer from here. If it is not difficult for you give me a small parish in or near Kottayam it would be helpful for the education of my children."

ഏതായാലും തിരുമേനി എന്നെ മൂലേടത്തിന് സ്ഥലംമാറ്റി. മല്ലപ്പള്ളിയിലെ പൊടിക്കുഞ്ഞുപദേശി പറഞ്ഞു. "തടിയെടുക്കുന്നതിനെക്കൊണ്ട് തണുങ്ങെടുപ്പിക്കുന്നത് ശരിയല്ല" എന്ന്.

ഏതാനും ദിവസങ്ങൾക്കു ശേഷം ഒരു ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചശേഷം ഭക്ഷണത്തിനായി പാഴ്സനേജിൽ വരുമ്പോൾ റവ. എം. റ്റി. തര്യനും, റവ. ഐ. സി. കുര്യനും ഉണ്ടായിരുന്നു. ജോസഫ് തിരുമേനി അവരുടെ നേരെ തട്ടിക്കയറി. സാം മാത്യു അച്ചനെ മൂലേടത്താണോ വയ്ക്കുന്നത്. കത്തീഡ്രലിലല്ലേ കൊടുക്കേണ്ടത് എന്നു പറഞ്ഞ് തട്ടിക്കയറി. അവരുടെ നിസ്സഹായാവസ്ഥ അവർ വെളിപ്പെടുത്തി. ഞാൻ തിരുമേനിയോട് പറഞ്ഞു. "തിരുമേനി, ഞാൻ ആവശ്യപ്പെട്ടതാണ് ഒരു ചെറിയ ഇടവക കോട്ടയത്തിനടുത്ത്" എന്നു പറഞ്ഞ് തിരുമേനിയെ തണുപ്പിച്ചു. എല്ലാം ദൈവഹിതം. ഏറെ താമസിയാതെ ജോസഫ് തിരുമേനി കാലം ചെയ്തു.

# മൂലേടം സെന്റ് പോൾസ് (1990–1993 സെപ്തംബർ)

താരതമ്യേന ഒരു ചെറിയ ഇടവക. എന്നാൽ കോട്ടയത്തിന് വളരെ അടുത്ത്. വലിയ ആക്ടിവിറ്റീസ് ഒന്നുമില്ല. ഒരു പഴയ ചെറിയ പള്ളിയും ഒട്ടും തന്നെ സൗകര്യമില്ലാത്ത ഒരു പാഴ്സനേജും. സാമാന്യം നല്ല ഒരിടവക കിട്ടാനുള്ള യോഗ്യത എനിക്കുണ്ടായിരുന്നു എന്ന് എനിക്കും എല്ലാവർക്കും അറിവുള്ളതാണ്. എന്നാൽ കിട്ടിയത് ദൈവഹിതപ്രകാരമെന്നു വിശ്വസിച്ചു സന്തോഷത്തോടെ അവിടെ പോയി ജോലി ആത്മാർത്ഥമായി നിർവ്വഹിച്ചു.

പില്ക്കാലത്ത് ഈ ഇടവകയിലായത് വളരെ ഗുണം ചെയ്തു. അവിടെ ഇരിക്കുമ്പോൾ മഹായിടവക വൈദിക സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. വളരെ ഉത്തരവാദിത്വമുള്ള ഒരു ചുമതല. വാശിയേറിയെ ഒരു തെരഞ്ഞെടുപ്പായിരുന്നു അത്.

## വൈദിക സെക്രട്ടറി

എം.ടി. തര്യൻ അച്ചൻ സെക്രട്ടറിയായിരുന്നു. തെരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയാകുവാൻ വളരെ നിർബന്ധിക്കപ്പെട്ടു. നോക്കണെ ദൈവത്തിന്റെ പ്രവർത്തനം. രാഷ്ട്രീയ തെരഞ്ഞെടുപ്പിനേക്കാൾ ശക്തമായ പ്രചരണം ഒരു ഭാഗത്തു മാത്രം.

ഞാനാകട്ടെ ഒരു വോട്ടറെ പോലും നേരിട്ടു കാണാനോ വോട്ടു ചോദിക്കാനോ പോയില്ല. "കിട്ടിയാൽ ദൈവഹിതം കിട്ടിയില്ല എങ്കിലും ദൈവഹിതം." ഈ തത്വം 100% പാലിക്കുവാൻ ശ്രമിച്ചു.

മൂലേടത്തായതുകൊണ്ട് ഇടവക ശുശ്രൂഷയും സെക്രട്ടറി എന്ന ചുമതലയും ഒരുമിച്ചു നടത്തുവാൻ പ്രയാസമുണ്ടായില്ല. എല്ലാം ദൈവഹിതം.

"ദൈവമെത്രയഗാധമഹോനിൻ
ദിവ്യവിചാരണകൾ ഓർത്താൽ എവ്വിധമതിലെ
ദിവ്യരഹസ്യങ്ങൾ ചൊവ്വോടറിഞ്ഞിടുന്നു"

## ഇടവകശുശ്രൂഷ

ബദ്ധപ്പാടുകൾ ഉണ്ടായിരുന്നെങ്കിലും വലിയ വീഴ്ച കൂടാതെ ഇടവക ശുശ്രൂഷ നിർവ്വഹിച്ചു.

അവിടെ നിർമ്മിച്ചുകൊണ്ടിരുന്ന പാരിഷ് ഹാളിന്റെ പണി പൂർത്തീകരിച്ചു. അവിടുത്തെ പ്രൈമറി സ്കൂളിന്റെ പണിക്കുള്ള ക്രമീകരണ

ങ്ങൾ ചെയ്തു. മൂലേടം തര്യച്ചന്റെ മകൻ 35 ലക്ഷം രൂപ സംഭാവന ചെയ്തു. മനോഹരമായ ഒരു സ്കൂൾ കെട്ടിടം പണിതുയർത്തി.

അക്കാലത്ത് കേരള മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാർ വരികയും പ്രധാന ചടങ്ങ് ഉത്ഘാടനം ചെയ്യുകയും ചെയ്തു.

ഈ ഇടവക വളരെ അധികം എന്നെ സപ്പോർട്ട് ചെയ്തിട്ടുണ്ട്. ബിഷപ്പ് ഇലക്ഷനിലും അവർ എന്നോടൊപ്പം നിന്നു പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

ഇലക്ഷന്റെ റിസൾട്ട് അറിഞ്ഞപ്പോൾ ഇടവക അത്യധികം ആഹ്ലാദിച്ചു. പിന്നീട് ബിഷപ്പായി എന്നെ സിനഡ് തെരഞ്ഞെടുത്തു എന്ന് അറിഞ്ഞപ്പോൾ ഉണ്ടായ സന്തോഷം പറയാവതല്ല.

അതിന്റെ റിസൾട്ട് അറിയുന്ന ദിവസം വൈകുന്നേരം ധാരാളം യുവജനങ്ങൾ അവിടെ തടിച്ചുകൂടി. റിസൾട്ട് അറിഞ്ഞപ്പോൾ ജോർജ് കോശി സാർ എന്നെ വിളിച്ചു. മോഡറേറ്റർക്ക് സംസാരിക്കണം എന്നു പറഞ്ഞു. മോഡറേറ്റർ ബിഷപ്പ് ഡൻഡിൻ എന്നെ വിളിച്ചു. "Hello Sam you are the Bishop of the Diocese" എന്നു പറഞ്ഞു. "താങ്ക്യൂ, താങ്ക്യൂ തിരുമേനി" എന്നു ഞാൻ പറയുന്നത് കേട്ട് അവിടെയും ഇവിടെയും കൂടി നിന്നിരുന്ന ജനാവലി പടക്കം പൊട്ടിക്കുകയും ആഹ്ലാദം പങ്കിടുകയും ചെയ്തു. ഇത് മനസ്സിലാക്കിയ മോഡറേറ്റർ "I can understand the situation. I'll talk to you later" എന്നു പറഞ്ഞു.

അങ്ങനെ മൂലേടത്തു വച്ച് ബിഷപ്പ് സ്ഥാനത്തേക്ക് ദൈവകൃപയാൽ ആനയിക്കപ്പെട്ടു, എല്ലാം ദൈവത്തിന്റെ ദാനം.

## ജോസഫ് തിരുമേനിയുടെ ദേഹവിയോഗം

1990 ജൂൺ 16-ാം തീയതി അഭിവന്ദ്യ ജോസഫ് തിരുമേനി കാലം ചെയ്തു. തിരുമേനി എനിക്ക് ഒരു പിതാവിനെപ്പോലെയായിരുന്നു., ഞങ്ങൾ ആയിരുന്ന സ്ഥലമെല്ലാം തിരുമേനി സന്ദർശിച്ചിട്ടുണ്ട്. മദ്രാസിൽ ദിവസങ്ങളോളം ഞങ്ങളോടൊപ്പം താമസിച്ചിട്ടുണ്ട്. സ്വന്ത വസ്ത്രങ്ങൾ തനിയെ കഴുകിവൃത്തിയാക്കുമായിരുന്നു. ലളിത ജീവിതം നയിക്കുന്ന തിരുമേനി കൂടെ താമസിക്കുന്നത് ഒരു ഭാരമേ അല്ലായിരുന്നു. ഒരിക്കൽ പട്ടണത്തിൽ പോയി ചില സാധനങ്ങൾ വാങ്ങണമായിരുന്നു. പോകുന്നതിന് ഒരു കാർ ക്രമീകരിക്കുവാൻ ഞാൻ ശ്രമിച്ചു. തിരുമേനി എന്റെ സ്കൂട്ടറിന്റെ പിന്നിൽ ഇരുന്ന് ടൗൺ മുഴുവൻ സഞ്ചരിച്ചു. ഈ സാഹസത്തിന് ഞാൻ മുതിർന്നത് തിരുമേനിയുടെ നിർബന്ധം മൂലമായിരുന്നു.

90-ൽ ഞാൻ മൂലേടത്തുവന്ന് ചാർജ്ജെടുത്തു. മൂലേടത്തേക്കുള്ള

എന്റെ സ്ഥലംമാറ്റം തിരുമേനി ഒട്ടും ഇഷ്ടപ്പെട്ടില്ല. ഇക്കാര്യത്തിൽ വളരെ പരുഷമായി തിരുമേനി സംസാരിക്കുന്നത് കേട്ടു. ഔദ്യോഗിക ഭാരവാഹികളെ ശാസിച്ചു. ഞാൻ ആവശ്യപ്പെട്ടതാണെന്നു പറഞ്ഞാണ് തിരുമേനിയെ ശാന്തനാക്കിയത്. അതിനുശേഷം ഒരാഴ്ച കഴിയുന്നതിനു മുമ്പ് തിരുമേനി കാലം ചെയ്തു. വ്യക്തിപരമായി അതൊരു വലിയ നഷ്ടമായിരുന്നു. മറ്റുള്ളവരുടെ കഴിവുകൾ മനസ്സിലാക്കുവാനും അതുപയോഗിക്കുവാനും ഉള്ള തിരുമേനിയുടെ കഴിവ് ശ്രദ്ധേയമാണ്. മഹായിടവകയിൽ എന്റെ വളർച്ചക്ക് നിർണ്ണായകമായ പങ്കുവഹിച്ചത് തിരുമേനിയാണ്.

ബിഷപ്പു തിരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ മകൻ ബാബു (സൈമൺ ജോൺ) ഞാനാവശ്യപ്പെടാതെ തന്നെ എനിക്കുവേണ്ടി താല്പര്യമായി പ്രവർത്തിച്ചു. എസ്.ഇ.ഡി.എസിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ടി. ജെ. പീറ്റർ സാറും ബാബുവിനോടൊപ്പം ഉണ്ടായിരുന്നു.

## ബിഷപ്പ് തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കം

മൂലേടത്തായിരിക്കുമ്പോൾ തന്നെ ബിഷപ്പ് ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് മഹായിടവകയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. പലരുടേയും പേരുകൾ കേൾക്കുവാൻ തുടങ്ങി. ഈ സ്ഥാനത്തു വരുവാനുള്ള യോഗ്യത എനിക്കില്ല എന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. എന്നാൽ ഞാൻ പിതൃതുല്യം സ്നേഹിച്ചിരുന്ന പത്മഭൂഷൺ ഡോ. ജേക്കബ് ചാണ്ടി എന്നെ ഒരു ദിവസം വിളിച്ചു. (മുമ്പ് സെക്രട്ടറി സ്ഥാനത്തേക്കുള്ള മത്സരം വന്നപ്പോൾ ഞാൻ പിൻമാറി) അദ്ദേഹം എന്നോട് പറഞ്ഞു. ഒരാവശ്യത്തിന് അച്ചനെ ദൈവം വിളിച്ചാൽ നിരസിക്കാൻ പാടില്ല. ഇപ്പോൾ പിന്മാറിയാൽ തെറ്റായിപ്പോകും. ഇങ്ങനെ ഒരു അവസരം വന്നാൽ പിന്മാറരുത് എന്നുപദേശിച്ചു.

അദ്ദേഹം പറഞ്ഞു: “സ്ഥാനം ലഭിക്കുന്നതിനുവേണ്ടി പരക്കംപായരുത്. ഇങ്ങോട്ടാവശ്യപ്പെട്ടാൽ നിരസിക്കയുമരുത്. ദൈവം വിളിക്കുന്നത് മനുഷ്യരിൽ കൂടിയാണ്. കിട്ടിയാൽ ദൈവഹിതം കിട്ടിയില്ലെങ്കിലും ദൈവഹിതം.”

ഈ വാക്കുകൾ മനസ്സിൽ പ്രതിഫലിച്ചുകൊണ്ടിരുന്നു. അനേകർ വീണ്ടും വീണ്ടും നിർബന്ധിച്ചതിന്റെ ഫലമായി ഞാൻ പിന്മാറുകയില്ല എന്നു തീരുമാനിച്ചു. എന്നാൽ നോമിനേഷൻ ഒപ്പിടുവിക്കുവാനോ വോട്ടു ചോദിക്കാനോ പോകില്ല എന്നു തീരുമാനിച്ചു. മൂലേടം പള്ളിയുടെ മുമ്പിലെ കൈപ്പടിയിൽ ഇരുന്ന് ദൈവവുമായി ചെയ്ത ഉടമ്പടിയാണിത്. മറ്റുള്ളവർ വോട്ടുതേടി ഓടി നടക്കുമ്പോൾ അതിനുള്ള പ്രലോഭനങ്ങൾ മുൻപിൽ വന്നപ്പോഴും കൈപ്പടിയിലിരുന്ന് പ്രാർത്ഥിച്ചു. “ദൈവതിരുഹി

തമെങ്കിൽ ആ സ്ഥാനത്താക്കുക. ഏതായാലും അവിഹിതമായ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ അനുവദിക്കരുതെന്ന്." ദൈവകൃപയാൽ അത് സാധിച്ചു. അനേകർ സ്വയം എനിക്കുവേണ്ടി പ്രവർത്തിക്കുവാൻ മുമ്പോട്ട് വന്നു.

പണച്ചിലവുള്ള കാര്യം - മറ്റുള്ളവർ ലക്ഷങ്ങൾ ഇതിനുവേണ്ടി മുടക്കി. എനിക്ക് പണമില്ല. ഉണ്ടെങ്കിലും അതൊട്ട് ഉപയോഗിക്കുകയുമില്ല. എനിക്കു വേണ്ടി പ്രവർത്തിച്ചവരോട് പറഞ്ഞു. "എനിക്കു പണമില്ല, പണം ചെലവാക്കുവാൻ പാടില്ല. മറ്റുള്ളവരെ അവഹേളിക്കുകയോ അരുത്." മാന്യന്മാർ മാത്രമാണ് സഹായത്തിനു വന്നത്.

ഇത്തരുണത്തിൽ അമേരിക്കയിലുള്ള ചുണ്ടോട്ടെ ജോൺസൺ 1000 ഡോളർ (30000 രൂപ) ടി. ജി. ജേക്കബ് (തങ്കച്ചായൻ) വശം എനിക്ക് തന്നു. ഇത് വലിയ സഹായമായിരുന്നു. ഇത് അത്യാവശ്യ ചെലവുകൾക്ക് ഉപയോഗിച്ചു. ബിഷപ്പായി മൂലേടത്തുകാരോട് യാത്ര പറഞ്ഞു. "ദൈവമോ അവനെ ഉയർത്തി."

## ഈറ്റുനോവിന്റെ ആരംഭം (തെരഞ്ഞെടുപ്പിനു മുമ്പ്)

"ഇങ്ങനെയുള്ളവർ ഉയരത്തിൽ വസിക്കും. പാറക്കോട്ടകൾ അവന്റെ അഭയസ്ഥാനമായിരിക്കും. അവന്റെ അപ്പം അവനു കിട്ടും. അവന് വെള്ളം മുട്ടിപ്പോകയുമില്ല. നിന്റെ കണ്ണ് രാജാവിനെ അവന്റെ സൗന്ദര്യത്തോടെ ദർശിക്കും. വിശാലമായ ഒരു ദേശം നീ കാണും." (യെശ. 33:11)

ഈ ആപ്തവാക്യത്തോടു കൂടിയാണ് 1991 ആരംഭിച്ചത്. നേട്ടങ്ങളുടെയും പരീക്ഷണങ്ങളുടെയും ഒരു കാലഘട്ടം. അക്കാലത്തു തന്നെ ചിലർ ബിഷപ്പ് സ്ഥാനത്തിനു വേണ്ടി ചരടുവലികൾ ആരംഭിച്ചിരുന്നു എന്ന് പിന്നീട് മനസ്സിലായി. ഒരു ചരടുവലിയും ഇല്ലാതെ ഞാൻ എന്റെ കർത്തവ്യ നിർവ്വഹണത്തിൽ വ്യാപൃതനായിരുന്നു.

## വൈദികസെക്രട്ടറി സ്ഥാനത്തേക്ക്

ട്രഷറാർ സ്ഥാനം കഴിഞ്ഞുണ്ടായ തെരഞ്ഞെടുപ്പിൽ നില്ക്കുവാൻ പലരും ആവശ്യപ്പെട്ടു. എന്നാൽ ഞാനതിനു സമ്മതിച്ചില്ല. എന്നാൽ എക്സിക്യൂട്ടീവിലേക്കും, സിന്നഡിലേക്കും ഒരേ സമയം തിരഞ്ഞെടുക്കപ്പെട്ടു. നോമിനേഷൻ കമ്മറ്റിയിൽ പേരുൾപ്പെടുത്തി എങ്കിലും അത് വെട്ടിമാറ്റപ്പെട്ടു. ഫ്ളോറിൽ നിന്ന് നിർദ്ദേശിക്കപ്പെട്ടവരിൽ ഞാൻ മാത്രം രണ്ടു സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെട്ടു.

പിന്നീട് 91 ൽ കൗൺസിൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ സെക്രട്ടറി സ്ഥാനാർത്ഥിയാകുവാൻ നിർബന്ധിതനായി. വളരെ മടിച്ചെങ്കിലും മാണി

തിരുമേനി ഉൾപ്പെടെ പലരും നിർബന്ധിച്ചു. മാണി തിരുമേനി ആശുപത്രിയിൽ കിടക്കുമ്പോൾ ഒരു മണിക്കൂർ തമ്മിൽ സംസാരിച്ചു. അദ്ദേഹം നിർബന്ധപൂർവ്വം നില്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

പലരും ഇതിനായി കാൻവാസിങ്ങ് നടത്തുവാൻ നിർബ്ബന്ധിച്ചു. അക്കാര്യത്തിൽ എനിക്ക് വിമുഖത ഉണ്ടായിരുന്നു. സഭാ തെരഞ്ഞെടുപ്പുകളിൽ വോട്ടു പിടിത്തം പാടില്ല എന്നുറച്ചു വിശ്വസിച്ചു. ബിഷപ്പ് ബഞ്ചമിൻ, പ്രൊഫ. റവ. എം. സി. ജോൺ, റവ. പി. റ്റി. തോമസ് എന്നിവർ എന്നെ പ്രോത്സാഹിപ്പിച്ചു. എന്നാൽ കാൻവാസിങ്ങിന് പോകരുത് എന്നു പറഞ്ഞു. സെക്രട്ടറിയായി വർക്കി ജോർജും, പ്രൊഫ. മാമ്മൻ വർക്കിയും രംഗത്തുണ്ട്. ഞാൻ ഏകനായി കാൻവാസിങ്ങ് ഇല്ലാതെ കഴിഞ്ഞുകൂടി.

ദൈവത്തിൽ നിന്ന് എനിക്ക് വീണ്ടും "അവനോടു കൂടെ മാംസഭുജമെ ഉള്ളൂ. നമ്മോടു കൂടെയോ നമ്മെ സഹായിപ്പാനും നമ്മുടെ യുദ്ധങ്ങളെ നടത്തുവാനും നമ്മുടെ ദൈവമായ യഹോവയുണ്ട്," 2 ദിന. 32:8. നവംബർ 28-ാം തീയതി ഈ ഉറപ്പും ലഭിച്ചു. എന്നെ സംബന്ധിച്ചിടത്തോളം ഒരു ഗ്രൂപ്പും എന്നെ സപ്പോർട്ട് ചെയ്യാനുണ്ടായിരുന്നില്ല. എന്നാൽ ജനങ്ങളുടെ സ്നേഹം പിന്തുണയായുണ്ടായിരുന്നു.

## നിർണ്ണായകമായ വൈദിക സെക്രട്ടറി തെരഞ്ഞെടുപ്പ് (18-01-1991)

വളരെ നിർണ്ണായകമായ ഒരു തെരഞ്ഞെടുപ്പായിരുന്നു അത്. ബഹു. തര്യനച്ചനും ഞാനും സ്ഥാനാർത്ഥികളായിരുന്നു. തര്യനച്ചൻ എന്റെ ഉറ്റസുഹൃത്തായിരുന്നു. അദ്ദേഹത്തോടൊപ്പം പ്രചരണത്തിനായി ധാരാളം സ്നേഹിതന്മാരുണ്ടായിരുന്നു. എനിക്കാകട്ടെ അങ്ങനെ ഒരു പ്രചരണ മോഹം ഇല്ലായിരുന്നു താനും. വളരെ വാശിയേറിയ ഒരു മത്സരമായിരുന്നു. വോട്ടു പിടിക്കാൻ പോകയില്ല എന്ന് ഞാൻ തീരുമാനമെടുത്തിരുന്നു. തര്യനച്ചൻ സെക്രട്ടറിയായി തുടരുകയുമായിരുന്നു. അച്ചൻ വളരെ ആത്മവിശ്വാസത്തോടെ രംഗത്തുണ്ടായിരുന്നു.

വോട്ടെടുപ്പ് ദിവസം മറ്റു പട്ടക്കാരോടൊപ്പം വളരെ ശാന്തനായി ഇരുന്നു. വോട്ടെടുപ്പ് നടന്നു കഴിഞ്ഞ് ബാലറ്റ് പേപ്പർ എണ്ണുന്നതിനായി മറ്റൊരു മുറിയിലേക്ക് പോയി. കിട്ടിയാൽ ദൈവഹിതം ഇല്ലെങ്കിൽ അതും ദൈവഹിതം എന്നു ചിന്തിച്ച് കൗൺസിൽ നടപടികളിൽ ഞാൻ സംബന്ധിച്ചുകൊണ്ടിരുന്നു. കുറെ സമയം കഴിഞ്ഞപ്പോൾ വോട്ടെണ്ണുന്നവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന മൂലേടത്തെ തമ്പി (അഡ്വ. ജോൺ ജേക്കബ്) ഇറങ്ങിവന്ന് 'ഞാൻ ജയിച്ചിരിക്കുന്നു' എന്ന് കൈ കാണിച്ചു. എനിക്കു തന്നെ വിശ്വാസം വന്നില്ല. അല്പസമയം കഴിഞ്ഞ് സമ്മേളനം നിർത്തി

വച്ചിട്ട് മാണി തിരുമേനി ഫലപ്രഖ്യാപനം നടത്തി. റവ. എം.റ്റി. തര്യൻ 162, റവ. സാം മാത്യു 189. റവ. സാം മാത്യു വിജയിച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ചു. ജനങ്ങൾ കൈയടിച്ചു സ്വീകരിച്ചു.

നേരത്തെ ആർക്കു വേണ്ടിയോ കൊണ്ടുവച്ചിരുന്ന പൂമാല എന്റെ കഴുത്തിൽ ചാർത്തി. അങ്ങനെ ദൈവകൃപയാൽ മഹായിടവക സെക്രട്ടറിയായി. പിന്നീടുള്ള കാര്യങ്ങളിൽ ഈ തെരഞ്ഞെടുപ്പ് നിർണ്ണായകമായി.

അതോടൊപ്പം നടന്ന സിന്നഡ് തെരഞ്ഞെടുപ്പിലും ഏറ്റവും അധികം വോട്ടുവാങ്ങി ജയിക്കുവാൻ ഇടയായി. അത് നിർണ്ണായകമായിരുന്നു.

## പാളയംകോട്ട സിന്നഡ്

23-ാമത് സിന്നഡ് പാളയംകോട്ട വച്ചാണ് നടന്നത്. 1992 ജനുവരി 11 മുതൽ 16 വരെ. ഈ സിന്നഡിൽ, സിന്നഡ് എക്സിക്യൂട്ടീവിലേക്കും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. തുടർന്ന് Council for Technical and Vocational Training (CTVT) അംഗമായി. കൂടാതെ CTVT Working Committee അംഗവുമായി. Council for Healing Ministry യിലെ അംഗമായി. Bishop Vasanth P. Dandin ആയിരുന്നു ചെയർമാൻ. അങ്ങനെ അദ്ദേഹവുമായുള്ള സുഹൃദ്ബന്ധം ആരംഭിച്ചു. ദൈവഹിതം.

തുടർന്ന് കേരള എക്യുമെനിക്കൽ കമ്മിറ്റി അംഗമായി പ്രവർത്തിക്കുവാൻ സാധിച്ചു.

1992 മഹായിടവകയെ സംബന്ധിച്ചിടത്തോളം പ്രധാന വർഷമായിരുന്നു. “യഹോവാ നിങ്ങൾക്കു മുമ്പേ നടക്കും. യിസ്രായേലിന്റെ ദൈവം നിങ്ങൾക്ക് പിമ്പട ആയിരിക്കും.” യെശ. 52:12. ആയിരുന്നു ആപ്തവാക്യം. ബിഷപ്പ് മാണി 1993 ജൂലൈ മൂന്നിന് റിട്ടയർ ചെയ്യും. പുതിയ ബിഷപ്പിനെ കണ്ടെത്തണം. പല സ്ഥാനാർത്ഥികൾ ഉണ്ടായിരുന്നു. ഞാൻ ഒരു സ്ഥാനാർത്ഥി അല്ലായിരുന്നു. എന്നാൽ മുമ്പ് സെക്രട്ടറി തെരഞ്ഞെടുപ്പിൽ പിന്മാറിയപ്പോൾ പത്മഭൂഷൻ ഡോ. ജേക്കബ് ചാണ്ടി ഒരു പിതാവിനെപ്പോലെ എനിക്കു നൽകിയ ഉപദേശം “സ്ഥാനലബ്ധിക്കുവേണ്ടി ഓടി നടക്കയോ അവിഹിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് കാൻവാസിങ്ങ് നടത്തുകയോ അരുത്. എന്നാൽ മറ്റുള്ളവർ ആവശ്യപ്പെട്ടാൽ അത് നിഷേധിക്കരുത്. അതാണ് ദൈവഹിതം എന്നു ചിന്തിച്ച് സ്വീകരിക്കണം.” ഈ ഉപദേശം ഇല്ലായിരുന്നെങ്കിൽ ഞാൻ സ്ഥാനാർത്ഥി ആകുകയേ ഇല്ലായിരുന്നു. ദൈവഹിതം. സ്ഥാനാർത്ഥിയാകുവാൻ എന്താണ് എനിക്കുള്ള യോഗ്യത എന്ന ഭയമാണുണ്ടായിരുന്നത്. എന്നാൽ അനേകം ആളുകൾ ഞാൻ നില്ക്കണമെന്നാവശ്യപ്പെട്ടു. അങ്ങനെയാണ് സ്ഥാനാർത്ഥിയാകുവാൻ തീരുമാനിച്ചത്.

ദൈവഹിതമെങ്കിൽ "നോ" പറയുവാൻ പാടില്ല എന്നുറപ്പായി വിശ്വസിച്ചു. ഒരു റിസ്ക് എടുക്കുവാൻ തന്നെ തീരുമാനിച്ചു. ഓടി നടക്കാതെ സ്വയം കാൻവാസിങ് നടത്താതെ സ്നേഹിതരുടെ സഹായം സ്വീകരിച്ചുകൊണ്ട് സ്ഥാനാർത്ഥിയാകുവാൻ തീരുമാനിച്ചു. എനിക്കു വേണ്ടി സ്വയം പ്രവർത്തനത്തിനിറങ്ങിയർക്ക് വേണ്ട നിർദ്ദേശങ്ങൾ മാത്രം നല്കി. മഹായിടവകയ്ക്ക് പറ്റിയ ഒരാളിനെ മാത്രം തെരഞ്ഞെടുക്കണമെ എന്നു പ്രാർത്ഥിച്ചു. ഡോ. ചാണ്ടി പറഞ്ഞത്, 'എന്നെ ആക്കണമെ എന്നു പറഞ്ഞ് നാം ഓടി നടക്കരുത്.' "Offer yourself to God" ദൈവം ബാക്കി കാര്യങ്ങൾ പ്രവർത്തിച്ചുകൊള്ളും. ഒരു തെരഞ്ഞെടുപ്പിലും പരാജയപ്പെട്ടില്ല.

## ദുഃഖകരമായ ചില അനുഭവങ്ങൾ

1992 ആഗസ്റ്റ് ആയപ്പോഴേക്കും ബിഷപ്പ് തെരഞ്ഞെടുപ്പിനെക്കുറിച്ചുള്ള ചർച്ച വളരെ സജീവമായി. പ്രചരണം നടത്തുന്നവർ വളരെ സജീവമായി. മറ്റുള്ളവരെ തേജോവധം ചെയ്യുന്ന പ്രവണത ചിലരുടെ ഭാഗത്തു നിന്നുണ്ടായി. പരാതിയോ പരിഭവമോ ഇല്ലാതെ എന്നാൽ ഹൃദയവേദനയോടെ ഇതെല്ലാം നേരിടുവാനുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം എന്നെ വളരെ സ്നേഹിക്കുന്ന വി.സി. വർഗ്ഗീസ് സാറും, നെല്ലിക്കലെ തങ്കവും വിളിച്ചു പറഞ്ഞു ഒരു ബോംബ് പൊട്ടിയിട്ടുണ്ട്. വിഷമിക്കരുത് എന്ന്. ഏതാനും കുബുദ്ധികൾ ചേർന്ന് ഒരു അനോണിമസ് ലെറ്റർ എന്നെ സ്നേഹിക്കുന്ന പലർക്കുമായി അയച്ചിട്ടുണ്ട്. ആ കത്ത് ഞാൻ എഴുതുന്നതായിട്ടാണ്. ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത ഒരു എഴുത്താണ്. അതായത് ബിഷപ്പ് ആകാൻ യോഗ്യത എനിക്ക് മാത്രമേയുള്ളൂ. മറ്റു സ്ഥാനാർത്ഥികൾ വളരെ മോശമാണ് എന്നു പറഞ്ഞ് അവരെ പരിഹസിക്കുന്ന ഒരു കത്ത്. എന്നെ സ്നേഹിക്കുന്ന ചിലർക്കായി അയച്ചുകൊടുത്തു. എന്നോട് വെറുപ്പ് തോന്നണം. ഇതു മാത്രമാണ് ഉദ്ദേശ്യം. വളരെ മോശമായ ശൈലിയിലാണ് ആ കത്ത്.

എന്റെ അയോഗ്യതയെക്കുറിച്ച് പൂർണ്ണമായി അറിയാവുന്ന മറ്റുള്ളവരെ ഒരു കാരണവശാലും താറടിക്കരുത് എന്നു നിർബന്ധമായി പറയുന്ന, പണം ഇതിനു വേണ്ടി ചെലവിടരുതെന്ന് പറയുന്ന എനിക്കെതിരായി ഇങ്ങനെ ഒരു കത്തുണ്ടാക്കിയവരെ ഓർത്തു സഹതപിക്കുന്നു. എന്നാൽ ജനങ്ങൾ ഇത് വിശ്വസിച്ചില്ല. ജനങ്ങൾ കൂടുതൽ സ്നേഹിച്ചു. അതു വലിയ ആശ്വാസമായി.

ആഗസ്റ്റ് 31-ാം തീയതി ഡോ. ചാണ്ടിയെ ഞാൻ സന്ദർശിച്ചു. അപ്പോ

ഴാണ് ഒരു കാര്യം അറിഞ്ഞത്. ഡോ. ജേക്കബ് ചാണ്ടി, റവ. കെ.സി. മാത്യു, വി.സി. വർഗീസ് എന്നിവർ ചേർന്ന് ഒരു പ്രസ്താവന ഇറക്കിയിട്ടുണ്ട് എന്ന്. ബിഷപ്പ് തെരഞ്ഞെടുപ്പിൽ കാൻവാസിങ്ങ് പാടില്ല, ഒരു ബിഷപ്പിന് ചുരുങ്ങിയത് ഇന്ന യോഗ്യതകളുണ്ടായിരിക്കണം എന്നെല്ലാം കാണിച്ച് ഒരു നല്ല പ്രസ്താവന വളരെ നിഷ്പക്ഷമായി ഇറക്കി.

എന്നാൽ കുബുദ്ധികൾ വീണ്ടും ഒരു കത്ത് ഇറക്കി. സ്ഥാനാർത്ഥികളാകുവാൻ സാധ്യതയുള്ള എല്ലാവരെയും അവഹേളിക്കുന്നതും റവ. സാം മാത്യു മാത്രം യോഗ്യൻ എന്നും കാണിച്ചായിരുന്നു ആ കത്തും. എല്ലാം എന്റെ പേരിൽ തന്നെ.

മൂന്നാമത്തെ കത്ത് - മുമ്പ് രണ്ടു കത്തെഴുതി. അത് ചിലരുടെ സമ്മർദ്ദം കൊണ്ടാണ്. അത് തെറ്റായിപ്പോയി ക്ഷമിക്കണം. ഇതാണ് ഉള്ളടക്കം. സാത്താന്റെ മുഖം എത്ര ക്രൂരവും, വികൃതവുമാണ്. നിരപരാധിയായ എന്നെ ഇങ്ങനെ ക്രൂശിക്കുന്നതിൽ വലിയ ദുഃഖമുണ്ട്. പക്ഷെ എന്തു ചെയ്യാം. "ഞാൻ നിന്നെ അക്ഷരം പഠിപ്പിച്ചു. അത് എന്നെ അവഹേളിക്കുവാൻ വേണ്ടി നീ ഉപയോഗിച്ചു." എന്ന് ഒരു ചിന്തകൻ പറഞ്ഞത് എത്രയോ വാസ്തവം. അനോണിമസ് എന്ന വ്യാധി. ഒരു സ്നേഹിതൻ വന്ന് എന്നോട് പറഞ്ഞു. ഇതിന് മറുപടി ഞാൻ തയ്യാറാക്കിയിട്ടുണ്ട്. അത് അയയ്ക്കാൻ അനുവദിക്കണമെന്ന്. പാടില്ല എന്ന കർശനനിർദ്ദേശം നൽകി പറഞ്ഞയച്ചു.

## അനോണിമസ് എന്ന ദുർവ്വ്യാധി

ഇക്കാലത്ത് തത്വദീക്ഷയില്ലാത്ത ഒരു ന്യൂനപക്ഷം മറ്റുള്ളവരെ തേജോവധം ചെയ്യുന്നതിന് ഒരു മടിയുമില്ലാത്തവരായുണ്ട്. നിരപരാധികളെ തേജോവധം ചെയ്ത് നിഷ്ക്രിയരാക്കുന്ന ഇക്കൂട്ടർ സമൂഹത്തിലെ കാൻസർ ആണ്. എന്തും ഏതും എഴുതി അച്ചടിച്ചു വിതരണം ചെയ്യുവാൻ മടിയില്ലാത്ത ഇവർ മറ്റുള്ളവർ അനുഭവിക്കുന്ന വേദനയിൽ സന്തോഷം കണ്ടെത്തുന്നു.

ഈ കത്തുകൾ എഴുതിയത് ആരാണെന്ന് മനസ്സിലായി. എഴുതിച്ചതാരാണെന്നറിയാൻ കഴിഞ്ഞു. അന്ന് ടി.ഐ. ജോർജ് അച്ചൻ ബിഷപ്പ് സെക്രട്ടറിയാണ്. അച്ചൻ എന്റെ അടുക്കൽ വന്നു. ഈ കത്തിലെ ഭാഷ ആരുടേതാണെന്ന് അറിയാം. ടൈപ്പ് റൈറ്ററിൽ അടിച്ചതുകൊണ്ട് രണ്ടും ഒരേ അക്ഷരങ്ങൾ തന്നെ എന്നു മനസ്സിലായി. അങ്ങനെ ആളാരാണെന്നു മനസ്സിലായി. എന്നാൽ പ്രതികരിച്ചില്ല.

92 സെപ്തംബറിൽ സെക്രട്ടറി സ്ഥാനം തന്നെ രാജി വയ്ക്കുവാൻ വരെ ആഗ്രഹിച്ചതാണ്. ബിഷപ്പ് സ്ഥാനാർത്ഥിയാകുവാനും ഒട്ടും

താല്പര്യം ഇല്ലായിരുന്നു. 08-09-1992 ൽ അച്ചന്മാരുടെ സമ്മേളനം പന്നി മറ്റത്തുവച്ച് കൂടി. അന്ന് എ.സി. ഉമ്മൻ അച്ചനെ കണ്ടു. എന്റെ വേദന അച്ചനുമായി പങ്കുവച്ചു. അദ്ദേഹം പറഞ്ഞു. "ഈ കത്ത് ആരോ perverts എഴുതിയതാണ്. Just ignore it and burn it."

ബിഷപ്പ് ആകുവാൻ ആസ്പൈർ ചെയ്യുന്നില്ല എന്നു പറഞ്ഞത് നന്നായി. ആസ്പെയർ ചെയ്യേണ്ടതല്ല ആ പദവി. നമുക്ക് ദൈവം നല്കേണ്ടതാണ്. അതിനു വേണ്ടി പ്രചരണം നടത്തുകയില്ല എന്ന തീരുമാനവും നല്ലത്. മറ്റുള്ളവരെ തേജോവധം ചെയ്യുവാൻ തയ്യാറല്ല എന്നു പറഞ്ഞതും നല്ലതുതന്നെ.

അതു പോലെ ഒരു പദവി മറ്റുള്ളവർ ഓഫർ ചെയ്യുമ്പോൾ അത് നിഷേധിക്കുന്നതു ശരിയല്ല. ദൈവവും മനുഷ്യരും ആവശ്യപ്പെടുന്നെങ്കിൽ സ്വീകരിക്കുക. പിന്നെ resignation എന്ന വാക്ക് ക്രിസ്തീയമല്ല. അതുകൊണ്ട് നിശബ്ദനായി ഏൽപിച്ച കർത്തവ്യം പൂർത്തിയാക്കുക. ഈ വാക്കുകൾ എന്നെ വളരെ ധൈര്യപ്പെടുത്തി. തന്നെയല്ല എന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ സഹായിക്കയും ചെയ്തു.

## നടത്തിയ വഴികൾ ഓർത്താൽ

1992 ഒക്ടോബറിൽ സിന്നഡ് എക്സിക്യൂട്ടീവ് കൂടി. ഇത് വളരെ പ്രധാനപ്പെട്ട ഒരു എക്സിക്യൂട്ടീവ് ആയിരുന്നു. കാരണം ഒരു മോഡറേറ്റർ മരിച്ച സ്ഥാനത്ത് മറ്റൊരു മോഡറേറ്ററെ തെരഞ്ഞെടുക്കണമായിരുന്നു.

മോഡറേറ്ററായിരുന്ന മോസ്റ്റ് റവ. ഡോ. റൈഡർ ദേവപ്രിയം ജർമ്മനിയിൽ വച്ച് പെട്ടെന്ന് ദിവംഗതനായി. ബോഡി കൊണ്ടു വന്ന് അടക്കി. അദ്ദേഹം കാലം ചെയ്തപ്പോൾ ബിഷപ്പ് വസന്ത് പി. ഡാൻഡിൻ തിരുമേനി എന്നെ വിളിച്ചു. ഞാൻ എക്സിക്യൂട്ടീവ് അംഗമായിരുന്നു. ഞങ്ങൾ ഒരുമിച്ച് പല ബോർഡുകളിലും പ്രവർത്തിച്ചവരാണ്. ദൈവത്തിന്റെ വഴികൾ!

സിന്നഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതും എക്സിക്യൂട്ടീവിൽ ആയതും എല്ലാം ദൈവോദ്ദേശ്യപ്രകാരമായിരുന്നു.

ഡാൻഡിൻ തിരുമേനി എന്നോടു ചോദിച്ചു ഇനി ആരെയാണ് മോഡറേറ്റർ ആയി ഉദ്ദേശിക്കുന്നത്. അന്നത്തെ ഡെപ്യൂട്ടി മോഡറേറ്റർ ജേസൺ ധർമ്മരാജ് തിരുമേനിയായിരുന്നു. നല്ലവനും ശുദ്ധഹൃദയനുമായിരുന്നു എന്നാൽ മോഡറേറ്റർ ആകുവാനുള്ള കഴിവ് ഉണ്ടോ എന്നെല്ലാവരും സംശയിച്ചു. ഡാൻഡിൻ തിരുമേനി സ്ഥാനാർത്ഥിയാണ്. എന്റെ സഹായം അഭ്യർത്ഥിച്ചു. ഒരു സിന്നഡിന്റെ പീരിഡിൽ വേക്കൻസി

വന്നാൽ സിന്നഡ് എക്സിക്യൂട്ടീവ് ആണ് തെരഞ്ഞെടുക്കേണ്ടത്. ഏതായാലും എനിക്ക് വളരെ അടുപ്പമുള്ള ആളായിരുന്നതുകൊണ്ട് അദ്ദേഹത്തെ സപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചു. ദേവപ്രിയം തിരുമേനിയുടെ ശവസംസ്കാരത്തിൽ സംബന്ധിക്കുവാൻ നന്ത്യാലിൽ പോയിരുന്നു. ഞാനും, തര്യനച്ചനും, റ്റി. ഐ. ജോർജ്ജച്ചനും കൂടി ഒരു കാറിൽ രണ്ടു ദിവസം യാത്ര ചെയ്ത് നന്ത്യാലിൽ എത്തി ശവസംസ്കാര ശുശ്രൂഷയിൽ മഹായിടവകയെ പ്രതിനിധീകരിച്ചു. അവിടെ വച്ചു ഡാൻഡിൻ തിരുമേനി സംസാരിച്ചു.

92 ഒക്ടോബർ 19-ാം തീയതി മദ്രാസിൽ വച്ച് സിന്നഡ് എക്സിക്യൂട്ടീവ് കൂടി. കേരളത്തിലെ 4 മഹായിടവകകളിലെ അംഗങ്ങളെയും ഒരുമിച്ചു നിർത്തുവാൻ സാധിച്ചു. മാണി തിരുമേനിയും കെ. സാമുവേൽ സാറും ഇക്കാര്യത്തിൽ തല്പരരായിരുന്നു. ഏതായാലും ഈ എക്സിക്യൂട്ടീവിൽ അഭിവന്ദ്യ ഡാൻഡിൻ തിരുമേനിയെ മോഡറേറ്റർ ആയി തെരഞ്ഞെടുത്തു. അതിൽ ഒരു ടെല്ലർ ഞാനായിരുന്നു. ഞങ്ങളുടെ സഹായം നിർണ്ണായകമായിരുന്നു.

തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻ തന്നെ ഡാൻഡിൻ തിരുമേനി കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്തു. ഒരു വാചകം എന്നോട് പറഞ്ഞു.

"You come in the panel." അപ്പോൾ അതിന്റെ അർത്ഥം എനിക്ക് മനസിലായില്ല. ഇവിടുത്തെ ബിഷപ്പ് തെരഞ്ഞെടുപ്പ് ഒരു വർഷത്തിനുശേഷം മാത്രമാണ്. എന്നാൽ പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെ മകൻ വിജയ് എന്നെ കെട്ടിപ്പിടിച്ചു പറഞ്ഞു. "Achen you must come in the Panel and my daddy will look after the rest." അപ്പോഴാണ് എനിക്ക് കാര്യം പിടികിട്ടിയത്. ഡാൻഡിൻ തിരുമേനി തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു.

മാസങ്ങൾ കടന്നുപോയി. മഹായിടവകയിൽ മാണി തിരുമേനിയുടെ യാത്ര അയപ്പ് ഭംഗിയായി നടന്നു. സന്തോഷത്തോടെ യാത്ര പറഞ്ഞു. അതിനുമുമ്പ് സിന്നഡ് എക്സിക്യൂട്ടീവിൽ കാലം ചെയ്ത ദേവപ്രിയം തിരുമേനിയുടെ അനുസ്മരണം സെന്റ് ജോർജ് കത്തീഡ്രലിൽ കൂടുവാൻ തീരുമാനിച്ചു. ആ എക്സിക്യൂട്ടീവിൽ മദ്ധ്യകേരള ഡയോസിസിലെ ബിഷപ്പ് തെരഞ്ഞെടുപ്പിനു വേണ്ടിയുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയായിരുന്നു.


സ്മാരക ശുശ്രൂഷയിൽ പ്രസംഗിക്കുന്നത് ബിഷപ്പ് വില്യം മോസസ് തിരുമേനിയും ശുശ്രൂഷ എടുക്കുവാനുള്ള ചുമതല എനിക്കുമായിരുന്നു. ആരാധനയ്ക്കായി പള്ളിയിൽ പ്രവേശിക്കുന്നതിന് മുമ്പ് കത്തീഡ്രലിന്റെ പൂമുഖത്തു നില്ക്കുമ്പോൾ ഡാൻഡിൻ തിരുമേനി അന്നത്തെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഒരു ലിസ്റ്റ് എന്നെ ഏല്പിച്ചു. അതിൽ നിന്ന് ഇഷ്ട

മുള്ള 6 പേരുടെ പേരുകൾ ടിക് ചെയ്ത് തിരിച്ചേല്പിക്കുവാൻ പറഞ്ഞു. സർവീസ് കഴിഞ്ഞാൽ ഉടൻ കമ്മറ്റിയെ തെരഞ്ഞെടുക്കുകയാണെന്ന് പറഞ്ഞു.

കത്തീഡ്രലിൽ മദ്ബഹായിലിരുന്ന് പ്രാർത്ഥിച്ചു. ആറു പേരുടെ പേരുകൾ – എന്നാൽ ഒരു പേരു പോലും മനസിൽ വരുന്നില്ല. മാനുഷിക കരങ്ങൾ പ്രവർത്തിക്കരുത് എന്ന ചിന്ത മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. ആരാധന കഴിഞ്ഞിറങ്ങി കത്തീഡ്രലിലെ പോർച്ചിൽ തെക്കുവശത്തുള്ള വലിയ തൂണിന്റെ അടുത്തുനിൽക്കുമ്പോൾ മോഡറേറ്റർ എന്റെ അടുക്കൽ വന്ന് ലിസ്റ്റ് ചോദിച്ചു. ഒരു പേരു പോലും മാർക്ക് ചെയ്യാതെ തിരിച്ചുകൊടുത്തു. എന്താ ഒന്നും മാർക്കു ചെയ്തില്ലേ എന്നദ്ദേഹം ചോദിച്ചു. ഞാൻ തിരുമേനിയോട് പറഞ്ഞു. “Thirumeni have your own selection. I have nobody in my mind. Let God work through Thirumeni.” ഈ കാഴ്ച എക്സിക്യൂട്ടീവിലെ മറ്റൊരംഗമായിരുന്ന എം.എം. മാണി കാണുന്നുണ്ടായിരുന്നു. പിന്നീട് എന്താണതെന്ന് ചോദിച്ചു.

ഉടനെ തന്നെ കതീഡ്രലിന്റെ മുമ്പിലുള്ള അന്നത്തെ സിന്നഡോഫീസിൽ വർക്കിംഗ് കമ്മറ്റി കൂടി ബിഷപ്പ് സെലക്ഷൻ കമ്മറ്റിയെ തെരഞ്ഞെടുത്തു. ഈ കമ്മറ്റിയിലുള്ള എല്ലാവരും മോഡറേറ്ററോട് പൂർണ്ണ വിധേയത്വം ഉള്ളവരായിരുന്നു. ബിഷപ്പ് വില്യം മോസസ് എന്നെ വളരെ സ്നേഹിച്ച ആളുമായിരുന്നു. അങ്ങനെ സെലക്ഷൻ കമ്മറ്റി രൂപീകരിക്കപ്പെട്ടു. ദൈവം നടത്തിയ വഴികളാണിത്.

സെലക്ഷന്റെ ഫലം എന്തായിരിക്കും എന്നുള്ളതിനെക്കുറിച്ച് എനിക്ക് വലിയ സംശയമൊന്നുമുണ്ടായിരുന്നില്ല. കാരണം ഇതുവരെ എന്റെ യാതൊരു പരിശ്രമവും കൂടാതെ ഇത്രയും കാര്യങ്ങൾ അനുകൂലമാക്കിയ ദൈവം തുടർന്നും പ്രവർത്തിക്കും. ബിഷപ്പായി തെരഞ്ഞെടുക്കപ്പെടും എന്നു വിശ്വാസമുണ്ടായിരുന്നു. ഒരു കമ്മറ്റിക്കാരനെയും കാണുന്നതിനോ ഇതെക്കുറിച്ച് സംസാരിക്കുന്നതിനോ പോയിട്ടില്ല. ജോൺ വെസ്ലി ഇടയ്ക്കിടെ വിളിച്ച് കാര്യങ്ങളുടെ പുരോഗതിയെക്കുറിച്ച് സംസാരിക്കുമായിരുന്നു. ഇവരിലൊക്കെ ദൈവാത്മാവ് പ്രവർത്തിച്ചുകൊണ്ടിരുന്നു.



# ഭാഗം IV

# എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക്

# എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക്

“ഞാൻ ബാലനെന്ന് നീ പറയരുത്. ഞാൻ നിന്നെ അയയ്ക്കുന്ന ഏവരുടെയും അടുക്കലേക്ക് നീ പോകയും ഞാൻ നിന്നോട് കല്പിച്ചതൊക്കെയും സംസാരിക്കയും വേണം. നീ അവരെ ഭയപ്പെടരുത്. നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോട് കൂടെയുണ്ട്.” (യിരമ്യാവ് 1:7)

റവ. ഡോ. വില്യം സ്റ്റ്യുവാർട്ട് സെറാമ്പൂർ കോളജിന്റെ പ്രിൻസിപ്പലായിരുന്നു. മഹാനായ ആ മനുഷ്യൻ മൂന്നു വർഷത്തെ പരിചയത്തിനും പരിശീലനത്തിനുമൊടുവിൽ എനിക്കു നൽകിയ മുദ്രാവാക്യമാണ് മേലുദ്ധരിച്ചത്. എന്റെ ജീവിതത്തെ ആകമാനം സ്വാധീനിച്ച വാക്കുകൾ. ഞാൻ ഒരു ബാലനാണ് എന്ന ചിന്ത എപ്പോഴും എന്നെ ഭരിച്ചിരുന്നു. ബലഹീനരെ വിളിക്കുകയും വിളിക്കുന്നവരെ ബലവാന്മാരാക്കുകയും ചെയ്യുന്ന ദൈവം.

1993 ജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു വർഷമാണ്. “*for God nothing is impossible*” ഈ വാക്കുകൾ അന്വർത്ഥമായ ഒരു വർഷം.

## ദൈവം നടത്തിയ വഴികൾ

### ബിഷപ്പ് തെരഞ്ഞെടുപ്പ് പ്രക്രിയ

സി.എസ്.ഐ. ഭരണഘടന പ്രകാരം 65 വയസു പൂർത്തിയാകുമ്പോൾ ബിഷപ്പ് വിരമിക്കണം. വിരമിക്കുന്നതിന് 6 മാസം മുമ്പ് തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിക്കും. മോഡറേറ്റർ പുതിയ ബിഷപ്പിനെ തെരഞ്ഞെടുക്കുവാനുള്ള മാൻഡേറ്റ് മഹായിടവകയ്ക്ക് നല്കും. 1993 മാർച്ചിൽ മോഡറേറ്റർ മാൻഡേറ്റ് നല്കി. ഉടൻ തന്നെ മഹായിടവക എക്സിക്യൂട്ടീവ് കമ്മറ്റി കൂടി തെരഞ്ഞെടുപ്പ് നടത്തുവാൻ അധികാരപ്പെട്ട ഒരു അന്മായ കമ്മറ്റിയെ തെരഞ്ഞെടുക്കും. തെരഞ്ഞെടുപ്പ് കുറ്റമറ്റതായി നടത്തുവാനുള്ള പൂർണ്ണ ഉത്തരവാദിത്വം ആ കമ്മറ്റിക്കായിരിക്കും. വർക്കി ജോർജ്ജ് അദ്ധ്യക്ഷനായി മെസ്സേഴ്സ് പ്രൊ. കെ. സാമുവേൽ, എം. എം. മാണി, ടി. ഡി. മാത്യു, ഏബ്രഹാം മാത്യു എന്നിവരടങ്ങുന്ന ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു.

പിന്നീട് തെരഞ്ഞെടുപ്പ് സംബന്ധിച്ച ഡയോസിസൻ കൗൺസിൽ കൂടുവാനുള്ള തീയതി നിശ്ചയിക്കും. നാനൂറിനടുത്ത് അംഗസംഖ്യയുള്ള കൗൺസിൽ കൂടുവാൻ ഉള്ള ക്രമീകരണം ചെയ്യും.

തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ നോമിനേഷൻ സമർപ്പിക്കുവാനുള്ള സമയപരിധി നിശ്ചയിച്ച് നോമിനേഷൻ

നൽകാൻ ആവശ്യപ്പെടും. 1993 ജൂലൈ 3-ാം തീയതി ബിഷപ്പ് മാണി വിരമിച്ചു.

## സ്പെഷൽ കൗൺസിൽ

തെരഞ്ഞെടുപ്പിനായുള്ള സ്പെഷൽ കൗൺസിൽ ചെയർമാൻ വിളിച്ചുകൂട്ടും. തെരഞ്ഞെടുപ്പ് മാത്രമായിരിക്കും അജൻഡ. കൗൺസിൽ അംഗങ്ങൾക്ക് 4 പേരിൽ കൂടാതെയും 2 പേരിൽ കുറയാതെയുമുള്ള ഒരു പാനൽ തെരഞ്ഞെടുക്കാം. ഈ പാനൽ സിന്നഡിന് അയച്ചു കൊടുക്കും. ഇതാണ് കൗൺസിലിന്റെ ചുമതല. ഈ പാനലിൽ നിന്ന് ഒരാളെ സിന്നഡ് കമ്മറ്റി ബിഷപ്പായി തെരഞ്ഞെടുക്കും. ഈ പാനലിൽ നിന്ന് ആരെ വേണമെങ്കിലും സിന്നഡിന് തെരഞ്ഞെടുക്കാവുന്നതാണ്.

ഇവിടെ നോമിനേഷൻ കൊടുക്കുവാനുള്ള സമയപരിധി നിശ്ചയിക്കും. അപ്പോഴേക്കും ഏറ്റം കൂടുതൽ നോമിനേഷൻ സംഘടിപ്പിക്കുന്നതിനായി ചിലർ നെട്ടോട്ടം തുടങ്ങും. പല അഭ്യുദയകാംക്ഷികളും സ്നേഹിതരും നിർബന്ധപൂർവ്വം പ്രോത്സാഹിപ്പിച്ചു. താല്പര്യമുള്ളവർ നോമിനേഷൻ കൊടുക്കുവാൻ അനുവാദം നൽകി. ഇക്കാര്യത്തിൽ സുചിന്തിതമായ അഭിപ്രായം എനിക്കുണ്ടായിരുന്നു. ആരോടെങ്കിലും ആവശ്യപ്പെടുകയോ നിർബന്ധിക്കുകയോ ചെയ്യുകയില്ല. അല്ലാതെ ലഭിക്കുന്ന അത്രയും നോമിനേഷൻ മതി എന്ന് ഉറപ്പായി ചിന്തിച്ചു.

പത്മഭൂഷൻ ഡോ. ജേക്കബ് ചാണ്ടി എനിക്കു പിതൃതുല്യനായിരുന്നു. അദ്ദേഹം എനിക്കുതന്ന ഉപദേശം മുഖവിലയ്ക്കെടുത്തു. 1) ഒരു സ്ഥാനത്തേക്ക് വിളിക്കപ്പെട്ടാൽ പിന്മാറരുത്. 2) സ്ഥാനലബ്ധിക്കു വേണ്ടി എന്നെ ആക്കണം എന്നു പറഞ്ഞ് വോട്ടു പിടിക്കാൻ നടക്കരുത്. "*Offer yourself for the service of God and the Church*" ഈ വാക്കുകൾ എന്നെ ധൈര്യപ്പെടുത്തി.

സ്വയം കാൻവാസിങ്ങിന് പോകയില്ല, പണം ഇതിനുവേണ്ടി ചെലവാക്കില്ല. മറ്റുള്ളവർക്കെതിരെ അപവാദ പ്രചരണം നടത്തില്ല. പ്രാർത്ഥനയോടുകൂടി കാത്തിരിക്കും. കിട്ടിയാൽ ദൈവഹിതം ഇല്ലെങ്കിലും ദൈവഹിതം എന്നുതന്നെ കരുതും. ഈ തീരുമാനങ്ങൾ എടുത്തിരുന്നു. സ്നേഹിക്കുന്നവർ പരസ്പരം പറയുന്നതും എനിക്കുവേണ്ടി സ്നേഹിതരോട് പറയുന്നതും തടസപ്പെടുത്തിയില്ല.

നോമിനേഷന്റെ എണ്ണം കൂടുന്നതൊന്നും പ്രധാനപ്പെട്ടതായി കണ്ടില്ല. എന്റെ ആശയങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നവരെ നിരുത്സാഹപ്പെടുത്തിയില്ല. ഒട്ടനേകം സ്നേഹിതർ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. തങ്ങളുടെ കഴിവനുസരിച്ച് പ്രോത്സാഹിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തു.

എന്തായാലും എനിക്കു വേണ്ടി 30 നോമിനേഷൻ നല്കപ്പെട്ടു. നാലെണ്ണം അസാധുവായിപ്പോയി. ഇവയെല്ലാം സ്വമനസ്സാലെ നല്കപ്പെട്ടതാണ്. എന്റെ ഇടവകാംഗങ്ങളോടു പോലും ആവശ്യപ്പെട്ടില്ല. അവർ എന്നോട് ചോദിച്ചു. പിന്നീട് അവർ നല്കി.

എനിക്കു വേണ്ടി പ്രവർത്തിക്കുവാൻ സ്വയം സന്നദ്ധരായ നൂറുകണക്കിനാളുകളുണ്ട്. അവർക്ക് നേതൃത്വം നല്കിയ ചിലരുടെ പേരുകൾ ഓർമ്മയിൽ വരുന്നു. ജോർജ്ജ് ചേരിക്കൽ പള്ളം, അഡ്വ. ജോൺ ജേക്കബ്, ഐപ്പ് ജേക്കബ്, സി.എം. ജോൺ കോടുകുളഞ്ഞി, പ്രൊഫ. ജോർജ്ജ് ജേക്കബ് കോടുകുളഞ്ഞി, ജോർജ്ജ് ഫിലിപ്പ് കീഴ്വായ്പൂർ, വർഗീസ് കുരുവിള മുണ്ടിയപ്പള്ളി, എൻ.ജെ. ജോസഫ് പള്ളം, ടി. ഏബ്രഹാം പള്ളം, പിഎം. ചാക്കോ, ബേബി കോത്തല, സഭാപ്രവർത്തകർ കൂടാതെ വെരി. റവ. കെ. ജോൺ മത്തായി, സി.ഡി. മാത്യു ഓമല്ലൂർ, റവ. കെ.എം. ജോൺ ഭരണിക്കാവ്, പ്രൊഫ. കെ. സാമുവേൽ, പ്രൊഫ. കെ.എം. വർഗ്ഗീസ് മാവേലിക്കര, ഏശാവ് ഞാലിയാകുഴി, റ്റി. ജെ. പീറ്റർ, സൈമൺ ജോൺ ഇവർക്കെല്ലാ ഉത്സാഹം പകർന്നുകൊണ്ട് പ്രൊഫ. സി.ഏ. ഏബ്രഹാം (റജി), സി.റ്റി. തോമസ് അച്ചൻ എന്നിവരും ഉണ്ടായിരുന്നു. കൂടാതെ ഒട്ടനവധി ആളുകൾ ഉണ്ട്. അവരോടെല്ലാം നന്ദി ഉണ്ട്. തെരഞ്ഞെടുപ്പ് അടുത്തപ്പോൾ മാണി തിരുമേനിയും കുടുംബവും വളരെ സഹായിച്ചു. നന്ദിയുണ്ട്. അഡ്വ. ഉമ്മൻ ആലുംമൂട്ടിൽ, കോട്ടയത്ത് നെല്ലിക്കൽ തങ്കം എന്നിവരുടെ പേരുകൾ മറക്കാവതല്ല.

## രസകരമായ സംഭവങ്ങൾ

ഒരിക്കൽ സി. ടി. തോമസ് അച്ചൻ ടൗണിൽ നില്ക്കുമ്പോൾ മൂലേടത്തെ എൻ. സി. ഫിലിപ്പ് അച്ചനെ കണ്ട് സാം മാത്യു അച്ചന് ഒരു നോമിനേഷൻ കൊടുക്കണമെന്നാവശ്യപ്പെട്ടു. ആദ്യം അത് സാധ്യമല്ല എന്നൊക്കെ പറഞ്ഞു. അവസാനം പോക്കറ്റിൽ നിന്ന് എനിക്കുവേണ്ടി എഴുതി വച്ചിരുന്ന നോമിനേഷൻ പേപ്പർ ഉയർത്തിക്കാണിച്ചു.

കുളത്തുപ്പുഴയിൽ നിന്നുള്ള എ.എൻ. നൈനാൻ (അച്ചൻകുഞ്ഞ്) എനിക്ക് സഹോദരനെപ്പോലെയാണ്. അദ്ദേഹത്തെ എങ്ങനെയോ സമീപിച്ച് മറ്റൊരാൾ നോമിനേഷൻ വാങ്ങി. തന്റെ ജ്യേഷ്ഠത്തി ലീല കൊച്ചമ്മ ഇതറിഞ്ഞ് വളരെ ശാസിച്ചു. അന്നു മുതൽ ഇലക്ഷൻ കഴിയുന്നത് വരെ അദ്ദേഹം എന്നോടൊപ്പം ഉണ്ടായിരുന്നു.

മറ്റൊന്ന് എന്റെ വീട്ടിൽ വളർന്ന ഒരു ചെറുപ്പക്കാരന്റെ അടുക്കൽ ഒരാൾ ചെന്ന് സാം മാത്യു അച്ചനുവേണ്ടി കൊടുക്കാനുള്ള നോമിനേഷനാണ് എന്നു പറഞ്ഞ് ഒപ്പിടുവിച്ചു. മറ്റൊരാളിന്റെ പേരെഴുതിക്കൊടുത്തു.

പിന്നീട് ഈ യുവാവ് പറ്റിയ അമളിയിൽ ദുഃഖിച്ച് ക്ഷമ ചോദിച്ചു. തെര ഞ്ഞെടുപ്പിൽ ഇതൊക്കെ സംഭവ്യമാണെന്ന് മനസ്സിലാക്കി.

മറ്റൊന്ന് സഭയിലെ വിമോചന പ്രസ്ഥാനത്തിന്റെ നേതാക്കൾ ഒരി ക്കൽ എന്നെ ഒരു കൂടിക്കാഴ്ചയ്ക്കായി വിളിച്ചു. അതിന്റെ നേതാക്കൾ എല്ലാം ഉണ്ടായിരുന്നു.

അഡ്വ. ഉമ്മൻ ആലുംമൂട്ടിലിന്റെ വസതിയിൽ കൂടി ഇലക്ഷനെക്കു റിച്ച് ചർച്ച ചെയ്തു. വളരെ ഏറെ ഡിമാൻഡുകൾ അവർ നിരത്തി. കുറെ ഏറെ സമയം ചെലവഴിച്ചു. അധികമൊന്നും സംസാരിക്കാതെ എല്ലാം ശ്രദ്ധിച്ചു.

അവസാനം അവരിൽ ഒരാൾ പറഞ്ഞു. "എന്താ അച്ചൻ ഒന്നും സംസാ രിക്കാതിരിക്കുന്നത്."

ഞാൻ മറുപടി പറഞ്ഞു: "നിങ്ങൾ പറഞ്ഞതെല്ലാം കേട്ടു. ഇക്കാര്യ ങ്ങൾ ഒക്കെ സാധിച്ചുതരാം എന്നു പറയുവാനെനിക്കാവില്ല. നിങ്ങൾ സഹായിച്ചാൽ സന്തോഷം. നിങ്ങളുടെ മഹായിടവകയ്ക്ക് പറ്റിയ ഒരാൾ ബിഷപ്പാകുവാൻ നിങ്ങൾ പ്രാർത്ഥിക്കുക, പരിശ്രമിക്കുക. ആ ആൾ ഞാനാണ് എന്നു തോന്നിയാൽ സന്തോഷത്തോടെ നിങ്ങളുടെ പിന്തുണ സ്വാഗതം ചെയ്യുന്നു. മറ്റൊരാൾ ആണെന്നു തോന്നിയാൽ അയാളെ പിന്തു ണയ്ക്കുക."

അവിടെ ഒരുക്കിയ കപ്പയും ഇറച്ചിയും കഴിച്ച് കഴിഞ്ഞ് സ്കൂട്ടറിൽ ഞാൻ മൂലേടത്തിനു പോന്നു. ഏതായാലും അവരുടെ പിന്തുണ ലഭി ച്ചില്ല എന്നുള്ളത് സത്യമാണ്.

## ഇലക്ഷൻ

1993 ജൂൺ 15-ാം തീയതിയാണ് ഇലക്ഷൻ നടന്നത്. 9.30 ന് വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ നടന്നു. മാണി തിരുമേനി നേതൃത്വം നല്കി. ബഞ്ച മിൻ തിരുമേനി പ്രസംഗിച്ചു. ഒരു മണിയായപ്പോൾ വോട്ടിങ് ആരംഭിച്ചു. രാത്രി 10 മണി വരെ അത് നീണ്ടുനിന്നു.

| | | |
|---|---|---|
| കാൻഡിഡേറ്റ്സ് | റവ. എം. റ്റി. തര്യൻ | 240 വോട്ട് |
| | റവ. സാം മാത്യു | 223 |
| | റവ. റ്റി. ഐ. ജോർജ്ജ് | 150 |
| | റവ. കുരുവിള സി. ഏബ്രഹാം | 125 |
| | റവ. കെ. ജെ. ജോൺ | 112 |
| | റവ. റ്റി. എം. ജോൺ | 33 |
| | റവ. തോമസ് സാമുവേൽ | 47 |
| | റവ. പി. ഒ. നൈനാൻ | 97 |

ആദ്യ റൗണ്ടിൽ തന്നെ തര്യനച്ചനും ഞാനും പാനലിൽ കയറി. മൂന്നാം റൗണ്ടിൽ ജോർജ്ജച്ചനെ പാനലിൽ കയറ്റി. ഏതാണ്ട് 10 മണിയോടു കൂടി പരിപാടി കഴിഞ്ഞു. തര്യനച്ചന് ധാരാളം കൂട്ടുകാരുണ്ടായിരുന്നു. അവർ ഡിന്നർ ഒക്കെ കഴിഞ്ഞ് ആഹ്ലാദത്തോടെ പല കാറുകളുടെ അകമ്പടിയോടുകൂടെ മടങ്ങിപ്പോയി. എനിക്കാകട്ടെ എന്റെ ഇടവകയിൽ പെട്ട ജോൺ ജേക്കബ് (തമ്പി) അല്ലാതെ കൂട്ടുകാരാരും അവിടെ ഉണ്ടായിരുന്നില്ല. ചന്നംപിന്നം പെയ്യുന്ന മഴയിൽ ഞങ്ങൾ ഇരുവരും ഒരു കുടക്കീഴിൽ കത്തീഡ്രലിൽ നിന്ന് നടന്ന് ബേക്കർ ജംഗ്ഷനിൽ വന്ന് ഒരു ഓട്ടോ പിടിച്ച് വീട്ടിലെത്തി. ദൈവത്തെ പുകഴ്ത്തി. വർക്കി ജോർജ്ജ് ഇലക്ഷൻ പെർഫെക്ട് ആയി നടത്തി എന്ന് എല്ലാവരും പുകഴ്ത്തി. എല്ലാവരും സംതൃപ്തർ.

## ബിഷപ്സ് പാനൽ

**റവ. എം.റ്റി. തര്യൻ, റവ. സാം മാത്യു, റവ. റ്റി.ഐ. ജോർജ്ജ്** എന്നിവരടങ്ങുന്ന പാനൽ സിന്നഡിലേക്ക് അയച്ചുകൊടുത്തു. ഇവരിൽ നിന്ന് ആരെയെങ്കിലും ഒരാളെ ബിഷപ്പായി സെലക്ഷൻ കമ്മറ്റി തെരഞ്ഞെടുക്കും.

## സെലക്ഷൻ കമ്മറ്റി

മോസ്റ്റ് റവ. വസന്ത് പി. ഡാൻഡിൻ - നോർത്ത് കർണാടക (മോഡറേറ്റർ).

റൈറ്റ്. റവ. വില്യം മോസസ് - കോയമ്പത്തൂർ

റൈറ്റ. റവ. ഡി.എം. സാമുവേൽ - ഡോർണക്കൽ

റവ. പി.ജെ. ക്രിസ്റ്റഫർ - കൃഷ്ണ-ഗോദാവരി

റവ. എ. റിച്ചാർഡ് - മധുര

ജോൺ വെസ്ലി - കരിംനഗർ

മിസിസ് മേരി വിജയം - കൃഷ്ണ-ഗോദാവരി

ഈ കമ്മിറ്റിയാണ് ബിഷപ്പിനെ തെരഞ്ഞെടുക്കുന്നത്.

## മനുഷ്യകരങ്ങളല്ല, ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിക്കുന്നു

സെലക്ഷൻ കമ്മിറ്റി അംഗങ്ങളെ കണ്ടു സംസാരിക്കണമെന്ന് പലരും നിർബന്ധിച്ചു. ദൈവഹിതം നടക്കട്ടെ എന്നു കരുതി ആരെയും കാണാൻ പോയില്ല. എന്നാൽ കരിംനഗർ ട്രഷററും കമ്മറ്റി അംഗവുമായിരുന്ന ജോൺ വെസ്ലി എന്നെ വളരെ സ്നേഹിച്ച ആളാണ്. അദ്ദേഹം വിവരങ്ങൾ അറിയിച്ചുകൊണ്ടിരുന്നു.

## മെഡിക്കൽ എക്സാമിനേഷൻ

സ്ഥാനാർത്ഥികളുടെ മെഡിക്കൽ എക്സാമിനേഷൻ ആണ് അടുത്ത പടി. വെല്ലൂർ സി.എം.സി. യിൽ വച്ച് ആയിരുന്നു അത്. ജൂൺ 27 ന് ഞാനും റ്റി. ഐ. ജോർജച്ചനും അവിടെ ചെന്നു. ജോർജ്ജച്ചന് ചില്ലറപ്രശ്നങ്ങൾ ഉണ്ടായിരുന്നതിനാൽ രണ്ടു ദിവസം കൂടുതൽ താമസിച്ചു ചികിത്സിച്ചു.

ചില ദിവസങ്ങൾക്കുശേഷം തര്യനച്ചൻ പോയി. ചില്ലറ ചികിത്സ അദ്ദേഹത്തിനും വേണ്ടി വന്നു. ഡോ. ദിലീപ് മത്തായി ആണ് പരിശോധനയ്ക്ക് നേതൃത്വം നല്കിയത്. അച്ചനും വിജയകരമായി തിരിച്ചുവന്നു.

## ബിഷപ്പ് സെലക്ഷൻ

ബിഷപ്പ് സെലക്ഷൻ കമ്മറ്റി 1993 ആഗസ്റ്റ് 11, 5 മണിക്ക് മദ്രാസ് സിനഡ് ഓഫീസിൽ കൂടി. അതിനു മുമ്പ് പ്രാരംഭചർച്ചകൾ നടന്നു. ചർച്ചകൾക്കു ശേഷം മൂന്നര മണിയായപ്പോൾ എന്നെ വളരെ സ്നേഹിക്കുന്ന കരിംനഗർ ഡയോസിഷൻ ട്രഷറാറായിരുന്ന ജോൺ വെസ്ലി മൂലേടത്തിനു വിളിച്ചു. *"Achan the selection is going to be unanimous. All are in favour of you."* എന്ന് അറിയിച്ചു.

പിന്നീടുള്ള കാര്യമെല്ലാം വില്യം മോസസ് തിരുമേനിയാണ് എന്നോട് പറഞ്ഞത്. 5 മണിക്ക് മീറ്റിംഗ് കൂടി. മോഡറേറ്റർ പ്രാർത്ഥിച്ചു. നാം വളരെ പ്രധാനപ്പെട്ട ഒരു മഹായിടവകയിലെ ബിഷപ്പിനെ തെരഞ്ഞെടുക്കുകയാണ്. വളരെ പ്രാർത്ഥനാപൂർവ്വം അത് നിറവേറ്റണമെന്നു പറഞ്ഞു. എല്ലാ കാര്യങ്ങളും നോക്കുമ്പോൾ റവ. സാം മാത്യു ആണ് അതിനു യോഗ്യൻ എന്നു പറഞ്ഞു. മറ്റുള്ളവരുടെ അഭിപ്രായം ആരാഞ്ഞു. ഉടൻതന്നെ ബിഷപ്പ് വില്യം മോസസ് തിരുമേനി എഴുന്നേറ്റ് 5 മിനിട്ട് സംസാരിച്ചു. എനിക്ക് അച്ചനെ വളരെ നന്നായിട്ടറിയാം. ഞാനും അദ്ദേഹത്തെ പിന്താങ്ങുന്നു എന്നു പറഞ്ഞു.

അപ്പോൾ മറ്റുള്ളവർ ഏകസ്വരത്തിൽ പറഞ്ഞു. *"If you both agree we also agree."* അങ്ങനെ 15 മിനിട്ടു കൊണ്ട് ഏകകണ്ഠ്യേന മദ്ധ്യകേരള മഹായിടവക ബിഷപ്പായി റവ. സാം മാത്യു തെരഞ്ഞെടുക്കപ്പെട്ടു.

5.30 ആയപ്പോഴേക്കും അന്ന് സിന്നഡ് ജനറൽ സെക്രട്ടറിയായിരുന്ന പ്രൊഫ. ജോർജ് കോശി സാർ, മൂലേടത്തിന് എന്നെ വിളിച്ചു. മറ്റാരും കൂടെയില്ലാതെ ഞാൻ ഏകനായി പാഴ്സനേജിൽ ഇരിക്കുന്നു. മൂലേടത്തെ യുവജനങ്ങൾ പരിസരത്ത് വാർത്ത അറിയാൻ കാത്തുനിൽക്കുന്നുണ്ട്. ജോർജ്ജ് കോശി സാർ എന്നെ വിളിച്ച് *"Achan Moderator wants*

*to talk to you"* എന്നു പറഞ്ഞു. ഉടനെ തന്നെ വന്ദ്യനായ മോഡറേറ്റർ, *"Achan you are the Bishop of the Madhya Kerala Diocese"* എന്നു പറഞ്ഞു. ഉടനെ ഞാൻ *"Thank God, Thank you Thirumeni"* എന്ന് ഉറക്കെ പറഞ്ഞു പോയി. ഇതു കേട്ടപ്പോഴേക്കും പരിസരത്തുണ്ടായിരുന്ന യുവാക്കൾ എല്ലാം ഓടിക്കൂടി. പടക്കം പൊട്ടിച്ച് മാലയിട്ട് ആഹ്ലാദം പങ്കിട്ടു. മോഡറേറ്റർ പറഞ്ഞു. *"I can understand the situation. I will talk to you later."*

വലിയ ഒരു സന്ദർഭം! ദൈവത്തിനു സ്തോത്രം ചെയ്തു. ഞാൻ എന്റെ ബലഹീനതയെ ഒരു പ്രാവശ്യം കൂടി ഓർത്തു. "എന്റെ താഴ്ചയിൽ എന്നെ ഓർത്തവന് അവന്റെ ദയ എന്നേക്കുമുള്ളത്."

## ബിഷപ്പിന്റെ കാർ

മാണി തിരുമേനി പിറ്റേദിവസം രാവിലെ തന്നെ തിരുമേനി ഉപയോഗിച്ചുകൊണ്ടിരുന്ന കാറും ഡ്രൈവറെയും മൂലേടത്തിന് അയച്ചു. ഇനി സ്കൂട്ടറിൽ സഞ്ചരിക്കരുതെന്നൊരു ഉപദേശവും.

## ദൈവസന്നിധിയിൽ കൂടുതൽ വിനയപ്പെടുന്നു

അക്രൈസ്തവമാർഗ്ഗങ്ങൾ ഉപയോഗിക്കാതെ ഈ സ്ഥാനത്ത് എത്തുവാൻ കഴിഞ്ഞു എന്നുള്ളതിൽ ചാരിതാർത്ഥ്യമുണ്ട്. ചുമതലകളെക്കുറിച്ച് ഓർക്കുമ്പോൾ ഭയവുമുണ്ട്.

തെരഞ്ഞെടുപ്പ് വാർത്ത അറിഞ്ഞ ഉടൻ തന്നെ ഞാൻ ബിഷപ്പ് മാണി തിരുമേനിയെ സന്ദർശിച്ചു. ഇലക്ഷൻ സമയത്ത് തിരുമേനി വളരെ സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. തിരുമേനി ഉടൻ തന്നെ കേരളത്തിനകത്തും പുറത്തും ഉള്ള പരിചയക്കാരെ വിവരം അറിയിച്ചു. ദൈവം മഹായിടവകയെ കൈവിട്ടിട്ടില്ല എന്നു പറഞ്ഞു. വാർത്ത കാട്ടുതീപോലെ പടർന്നു. തര്യനച്ചനും നല്ല ഒരു ജനക്കൂട്ടവും മുണ്ടിയപ്പള്ളി പാഴ്സനേജിൽ കൂടി വാർത്ത അറിയാൻ കാത്തിരിക്കയായിരുന്നു. ആരോ അവിടെ വിളിച്ച് ഈ വാർത്ത അറിയിച്ചു. വലിയ നടുക്കത്തോടെയാണ് അവർ അത് സ്വീകരിച്ചത്.

ബിഷപ്പ് മാണിയെ സന്ദർശിച്ചതിനുശേഷം മാർത്തോമ്മാ അരമനയിൽ പോയി സഖറിയാസ് മാർ തിയോഫിലോസ് തിരുമേനിയെ സന്ദർശിച്ചു. അദ്ദേഹം പറഞ്ഞു: "മാർത്തോമ്മാ സഭയിലെ ഒരച്ചൻ സി.എസ്.ഐ. ബിഷപ്പാകുന്നത് പോലെ തോന്നുന്നു" അത്രമാത്രം സ്നേഹം എന്നോട് അദ്ദേഹത്തിനുണ്ടായിരുന്നു.

തിരികെ മൂലേടത്തു വന്നു. അന്ന് വൈകുന്നേരമുള്ള മദ്ധ്യസ്ഥ

പ്രാർത്ഥനയ്ക്ക് പള്ളിയിൽ കൂടി. അന്നു ട്രഷററായിരുന്ന റവ. തോമസ് സാമുവേൽ വന്നു പ്രാർത്ഥിച്ചു. ശുശ്രൂഷ നടത്തി.

"ഇത് യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു" എന്ന് പറഞ്ഞ് പ്രസംഗിച്ചു. ഇത് അവിചാരിത സംഭവമല്ല. ദൈവത്തിന്റെ മുൻ നിശ്ചയമാണ് എന്നു പറഞ്ഞതോർക്കുന്നു.

പിന്നീട് മാർത്തോമ്മാ മെത്രാപ്പോലീത്ത അഭിവന്ദ്യ അലക്സാണ്ടർ മാർതോമ്മാ തിരുമേനിയെ സന്ദർശിച്ചു. *"I have been looking forward to hear this good news."* എന്നു പറഞ്ഞ് പ്രാർത്ഥിച്ചു. പിന്നീട് വിവിധ സ്ഥലങ്ങളിൽ നിന്ന് അഭിനന്ദനങ്ങളുടെ പ്രവാഹമായിരുന്നു. കാതോലിക്കാ ബാവ, പവ്വത്തിൽ പിതാവ് തുടങ്ങിയവരെല്ലാം വിളിച്ച് അഭിനന്ദിച്ചു.

## സ്ഥാനാഭിഷേകത്തിനുള്ള തയ്യാറെടുപ്പ്

എക്സിക്യൂട്ടീവ് കമ്മറ്റി കൂടി സ്ഥാനാഭിഷേകത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ ഔദ്യോഗിക ഭാരവാഹികളെ ചുമതലപ്പെടുത്തി. ഭംഗിയായി, എന്നാൽ ലളിതമായി അത് നടത്തണം എന്ന് ഞാൻ ആവശ്യപ്പെട്ടു. ഔദ്യോഗിക ഭാരവാഹികൾ വർക്കി ജോർജ്, റവ. തോമസ് സാമുവൽ, പ്രൊഫ. കെ. സാമുവൽ എന്നിവർ വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചു. എന്നാൽ ഏതാനും കുബുദ്ധികൾ വല്ല കോടതി സ്റ്റേയോ വല്ലതും ഉണ്ടാക്കുമോ എന്ന് ഭയപ്പെട്ടു. ക്രമീകരണങ്ങൾ എല്ലാം വളരെ രഹസ്യമായി നടത്തി. മഹത്തായ പാരമ്പര്യമുള്ള നമ്മുടെ മഹായിടവകയിൽ അതുണ്ടാകുവാൻ സാധ്യത ഇല്ല എന്നു ചിന്തിച്ചു.

ഓണം അവധിക്ക് നടത്താം എന്ന് തീരുമാനിച്ച് അത് രഹസ്യമായി സൂക്ഷിച്ചു. 1993 സെപ്തംബർ 1-ാം തീയതി എന്നു തീരുമാനിച്ചു. വെള്ളിയാഴ്ച വൈകിട്ട് അത് പ്രസിദ്ധീകരിച്ചു. ശനി, ഞായർ അവധിയാണ്. തിങ്കൾ മുതൽ ഓണാവധിയുമാണ്.

## മുറിവേറ്റ സഭ

മദ്ധ്യകേരള മഹായിടവക പാരമ്പര്യം കൊണ്ടും, പ്രവർത്തനശൈലി കൊണ്ടും ഉന്നതനിലവാരം പുലർത്തുന്ന ഒന്നാണ്. കേരളത്തിൽ ഇതര സഭകളുടെ ഇടയിൽ പേരും പെരുമയും, സ്ഥാനവും സ്വാധീനവുമുള്ള ഒരു സഭയാണ്. അവിടെ അവിഹിതമായതൊന്നും സംഭവിക്കുകയില്ല എന്ന് ചിന്തിച്ചിരുന്നു. എന്നാൽ ഈ മഹത്തായ സഭയ്ക്ക് അഗാധമായ മുറിവേറ്റ് അഭിമാനത്തിന് ഭംഗംവന്ന ഒരനുഭവമുണ്ടായി. യഥാർത്ഥമായി സഭയെ സ്നേഹിക്കുന്നവർക്ക് വേദനാജനകമായ അനുഭവം. സഭയിൽ നിന്ന് എന്തെങ്കിലും കിട്ടണം എന്നു ചിന്തിക്കുന്ന ചിലരുടെ കുത്സിത

പ്രവർത്തനങ്ങളിൽ സഭയ്ക്ക് ആഴത്തിലുള്ള മുറിവുണ്ടായി (സ്റ്റേ ഓർഡർ).

ആഗസ്റ്റ് 31-ാം തീയതി മോഡറേറ്റർ ജർമ്മനിയിലെ പരിപാടികൾ കാൻസൽ ചെയ്ത് നാട്ടിലേക്ക് തിരിക്കുന്നു. എന്റെ സഹോദരങ്ങൾ അമേരിക്കയിൽ നിന്ന് നാട്ടിലേക്ക് തിരിച്ചുകഴിഞ്ഞു. എല്ലാ ഇടവകകളും സ്ഥാനാഭിഷേക ശുശ്രൂഷയിൽ സംബന്ധിക്കുവാനുള്ള തയ്യാറെടുപ്പ് തുടങ്ങിക്കഴിഞ്ഞു.

മൂലേടം പാഴ്സനേജിൽ ഞങ്ങൾ കുടുംബമായി ഈ ശുശ്രൂഷയ്ക്കുവേണ്ടി പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്നു. 29-ാം തീയതി ഞായർ പള്ളിയിൽ യാത്രയയപ്പും പട്ടക്കാരനായുള്ള അവസാനത്തെ ശുശ്രൂഷയും. അതിനായി പ്രാർത്ഥനാപൂർവ്വം ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ ജനാലക്കരികിൽ ഒരു പൈശാചിക മുഖം പ്രത്യക്ഷമായി. കോടതിയിൽ നിന്നുള്ള ഒരു കടലാസ് നീട്ടി. വാങ്ങാതെ അഡ്വ. പി.വി. തോമസിന്റെ അടുക്കലേക്കയച്ചു. അദ്ദേഹം സ്വീകരിച്ചില്ല. തിരികെ വന്ന് മുറിയിൽ വലിച്ചെറിഞ്ഞിട്ട് മടങ്ങിപ്പോയി.

അങ്ങനെ ഒരു വ്യക്തിയെ ക്രൂശിച്ചു എന്ന് കണ്ട് അവർ സന്തോഷിച്ചു.

## സഭക്കേറ്റ വലിയ ആഘാതം - സ്റ്റേ ഓഡർ

വക്കീൽ എന്നെ വിളിച്ചു പറഞ്ഞു, വീട്ടിൽ ഇരിക്കേണ്ട മറ്റെവിടെയെങ്കിലും മാറിക്കൊള്ളുക. അന്ന് പള്ളിയിൽ കുടുംബമായി പോയി വിശുദ്ധ ശുശ്രൂഷയിൽ സംബന്ധിക്കുവാൻ സാധിച്ചില്ല എന്നുള്ളത് തീരാദുഃഖമായി അവശേഷിക്കുന്നു. ഞാൻ നേരെ തമ്പിയുടെ വീട്ടിൽ അല്പസമയം അവിടെ ചെലവഴിച്ചതിനുശേഷം നേരെ മഴുക്കാട്ട് ജോർജ്ജ്കുട്ടി (ഐപ്പ് ജേക്കബ്) യുടെ വീട്ടിൽ പോയി. എന്റെ കുടുംബാംഗങ്ങളോടൊപ്പം താമസിക്കുവാൻ സാധിച്ചില്ല.

എനിക്കെതിരായി ഒരു കേസുമില്ല. വർക്കി ജോർജ്ജ് ഇലക്ഷൻ നടത്തിയതിൽ ഏതോ അപാകത ഉണ്ടെന്നാണ് പറഞ്ഞത്. തിന്മയുടെ വിജയം യാതൊരു തെറ്റും കണ്ടെത്താതെ നന്മയെ കുഴിച്ചുമൂടിയ സന്ദർഭം. മനുഷ്യന്റെ അധികാരമോഹം വരുത്തിവയ്ക്കുന്ന അപമാനകരമായ കാര്യങ്ങൾ. ഒരു വ്യക്തിക്കല്ല സഭയ്ക്കാണ് അപമാനം ഉണ്ടായത്. വിദ്വേഷമില്ല, ദുഃഖം മാത്രം. അന്നനുഭവിച്ച നീറ്റൽ എത്രമാത്രം എന്നൂഹിക്കാമല്ലോ. ചിലർ അതിൽ സന്തോഷിച്ചു. മഹായിടവക മുഴുവനായി ദുഃഖിതരായി. ഇലക്ഷൻ ഭംഗിയായി നടത്തി എന്ന് വർക്കി ജോർജ്ജിനെ പ്രശംസിച്ചവരാണ് ഈ ക്രൂരത കാണിച്ചത്.

കറ്റാനത്തുള്ള തമ്പാൻ സഖറിയ, എണ്ണൂറാം വയലിൽ നിന്നുള്ള ജോജി, ഏറ്റുമാനൂർ നിന്നുള്ള ഒരു ഐസക്ക് മാത്യു എന്നിവരാണ് കരുക്കളായത്. യഥാർത്ഥത്തിൽ അതിന്റെ പിന്നിൽ പ്രവർത്തിച്ചവർ വേറെ ആളുകളാണ്. എന്നാൽ സ്ഥാനാഭിഷേകം കഴിഞ്ഞ് ആഴ്ചകൾക്കകം കരുക്കളായവരിൽ രണ്ടുപേർ അനുതപിച്ച് ബിഷപ്സ് ഹൗസിൽ വന്ന് കാലിൽ കെട്ടിപ്പിടിച്ച് ക്ഷമ ചോദിച്ചു. എന്നോടൊപ്പം കുടുംബമായി ഭക്ഷണം കഴിച്ചു. പ്രാർത്ഥിച്ചു. അവരിൽ നിന്നെല്ലാം വിശദാംശങ്ങൾ മനസ്സിലാക്കി. ഇതിനെല്ലാം കൂട്ടുനിന്ന ഒരാൾ ആഴ്ചകൾക്കുശേഷം അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് ജോലി കിട്ടുമോ എന്ന് ഭയപ്പെട്ടു. എന്റെ അടുക്കൽ ആവശ്യം ഉന്നയിച്ചു. എന്നാൽ അതിനു മുമ്പുതന്നെ ഞാൻ അവർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ എഴുതിയിരുന്നു. അദ്ദേഹം പിന്നീട് എന്റെ അടുക്കൽ വന്ന് ക്ഷമ ചോദിക്കുകയും വിശദവിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു.

## സംഭവം

ഒരവധി ദിവസം (ശനിയാഴ്ച) രാത്രിയിൽ കൊല്ലത്തുചെന്ന് ഒരു സെഷൻസ് ജഡ്ജിനെ കണ്ടു രാത്രിയിൽ സമ്പാദിച്ചതാണ് ഈ സ്റ്റേ. എങ്ങനെ അയാളെക്കൊണ്ട് ഇതെഴുതിച്ചു എന്നുള്ളത് മേൽ പറഞ്ഞവർ തന്നെ പറഞ്ഞു. അതൊന്നും വെളിച്ചത്ത് പറയാൻ ആഗ്രഹിക്കുന്നില്ല. ആ ദിവസങ്ങളിൽ അനുഭവിച്ച മനോവേദന വർണ്ണനാതീതം. കുളത്തിൽ കിടക്കുന്ന തവളയെ കല്ലെറിഞ്ഞ് അതിന്റെ വേദന കണ്ട് സന്തോഷിക്കുന്ന ചില ആളുകളോട് വിരോധമില്ല, പ്രതികാരവുമില്ല, സഹതാപം മാത്രം. ഇന്നവരെല്ലാം എന്റെ നല്ല സ്നേഹിതന്മാരാണ്.

അഡ്വ. കെ. കെ. ജോൺ കായംകുളം എന്നയാളാണ് ഇക്കാര്യങ്ങൾ എല്ലാം സാധിച്ചുകൊടുത്തത്. പിന്നീട് അദ്ദേഹം വന്ന് എന്റെ കാലിൽ തൊട്ട് ക്ഷമ പറഞ്ഞു. കായംകുളം വിദ്യാപീഠിൽ ആദ്യമായി ഒരു പരിപാടിക്കെത്തിയപ്പോൾ ഈ വ്യക്തി വന്ന് എന്റെ കാലിൽ തൊട്ട് പറഞ്ഞു: “അങ്ങൊരു ദൈവമനുഷ്യനാണ്. ഞാനാണ് ഈ സ്റ്റേ സമ്പാദിക്കാൻ കൂട്ടുനിന്നത്. അതിന്റെ പരണിതഫലം ഞാൻ അനുഭവിച്ചു. അങ്ങ് എന്നോട് ക്ഷമിക്കണം.”

ഞാൻ മറുപടിയായി “എനിക്ക് ഒരു വിരോധവുമില്ല. നിങ്ങൾ ഒരു വക്കീലിന്റെ പ്രവർത്തനം ചെയ്തു. ഫീസ് വാങ്ങി. എന്നാൽ നീതിയായതും സത്യമായതും മാത്രം ചെയ്യുന്നതിന് ശ്രമിക്കൂ” എന്നു പറഞ്ഞു.

മഹായിടവകയ്ക്ക് ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാകരുത്. ബേത്‌ലഹേമിലെ തെരുവോരങ്ങളിൽ ഹേരോദാവിന്റെ ആജ്ഞ പ്രകാരം നിഷ്കള

ങരായ നിരവധി കുഞ്ഞുങ്ങൾ നിഷ്കരുണം വധിക്കപ്പെട്ടില്ലേ? അങ്ങനെയുള്ള ഹെരോദാക്കൾ സമൂഹത്തിലും സഭയിലും ഉണ്ട് എന്നതിനൊരു തെളിവാണ് ഇവിടെ കാണുന്നത്. ഇത് സഭയ്ക്കപമാനമാണ്.

ഒരു തെറ്റും ചെയ്യാത്ത എനിക്ക് കോടതിയിൽ നിന്നു സ്റ്റേ. ഒളിവിൽ പാർക്കുന്നു. ഭാര്യയും കുഞ്ഞുങ്ങളും ഭീതിയിൽ. വീട്ടിൽ നിരവധി അനാവശ്യ ഫോൺ സംസാരങ്ങൾ. എന്റെ മാതാവും സഹോദരങ്ങളും സ്നേഹിതരും ദുഃഖത്തിൽ – പ്രാർത്ഥന മാത്രം. എല്ലാം ദൈവത്തിൽ ഭരമേല്പിച്ചു. ഇനി എന്തു ചെയ്യണമെന്നറിയില്ല. അഡ്വ. പി. വി. തോമസ് പറഞ്ഞു. “സ്റ്റേ അങ്ങനെ കിടക്കട്ടെ. സ്ഥാനാഭിഷേകം നടക്കട്ടെ പിന്നെ കേസ് നേരിടാം.” എന്നാൽ ഞാൻ പറഞ്ഞു. “ബിഷപ്പായാൽ നിയമം നടത്തേണ്ടതല്ലെ. അതുകൊണ്ട് സ്റ്റേ മാറിയിട്ടു മതി സ്ഥാനാഭിഷേകം” എന്ന്. ഇക്കാര്യത്തിൽ ജസ്റ്റിസ് കെ. റ്റി. തോമസ് എന്നെ വളരെ അഭിനന്ദിച്ചു.

## ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു

എന്തു ചെയ്യണം എന്നറിയാൻ പാടില്ലാതെയിരിക്കുമ്പോൾ വൈകുന്നേരം അഡ്വ. കെ. ഐ. നൈനാൻ മൂലേടത്തു പാഴ്സനേജിൽ വന്നു. ഹൃദ്രോഗചികിത്സയ്ക്കു ശേഷം അദ്ദേഹം വിശ്രമിക്കുന്ന സമയമായിരുന്നു. അന്ന് രാത്രിയിൽ വളരെ വൈകുന്നതുവരെ അവിടെയിരുന്നു. കേസിന്റെ വിവിധ കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. അഡ്വ. കെ.ഐ. നൈനാൻ ഉടൻ തന്നെ അദ്ദേഹത്തിന്റെ കസിനും കേരളത്തിലെ പ്രമുഖ അഭിഭാഷകനുമായ ബാരിസ്റ്റർ പി. കെ. കുര്യനെ വിളിച്ചു. ഇത് ദുരുദ്ദേശ്യപരമായ കേസാണല്ലോ. ഞാൻ എന്നാൽ കഴിവതു പോലെ ചെയ്യാം എന്നു പറഞ്ഞ് കേസ് സ്വയം ഏറ്റെടുത്തു. അന്ന് ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് കെ. റ്റി. തോമസ് എന്നെ വിളിച്ച് “അച്ചാ ഈ കേസ് ദുരുദ്ദേശ്യപരമാണല്ലോ. എനിക്കൊന്നും ചെയ്യുവാൻ സാധ്യമല്ല. ഞാൻ പ്രാർത്ഥിക്കാം” എന്നു പറഞ്ഞു. തന്റെ മകൻ ഒരു അഡ്വക്കേറ്റ് ആണ്. ആ മകനെ പി. കെ. കുര്യനെ സഹായിക്കാനായി നിയോഗിച്ചു.

## അത്ഭുതം നടക്കുന്നു

കോടതി ഓണം അവധിയിലാണ്. വെക്കേഷനാണെങ്കിൽ ജഡ്ജി കാണും. അവധിക്ക് ജഡ്ജിമാരില്ല. ഹൈക്കോടതിയിൽ ഈ കേസ് കൈകാര്യം ചെയ്യുവാനുള്ള പേപ്പറുകളുമില്ല. അവധിക്ക് കൊല്ലത്തു കോടതിയിൽ നിന്ന് പേപ്പറുകൾ കിട്ടാൻ മാർഗ്ഗവുമില്ല. ആകെയുള്ളത് സ്റ്റേ ഓർഡർ മാത്രം. കോൺസിക്രേഷൻ ദിവസം കഴിഞ്ഞു മാത്രമേ കോടതി തുറക്കയുള്ളൂ. ആകെ വിഷമത്തിലായി. കോൺസിക്രേഷൻ നടക്കയില്ല എന്ന് പ്രചാരണം ശക്തമായി. സഹായിക്കാൻ ബാധ്യസ്ഥരായ ചില

അച്ചന്മാർ പോലും വിപരീതമായി പ്രവർത്തിച്ചു. പിന്നീട് അങ്ങനെ ഉള്ള വർക്കും നല്ല പദവികൾ നല്കി സഹായിക്കാൻ സാധിച്ചു.

ബാരിസ്റ്റർ പി. കെ. കുര്യൻ, അന്ന് ചീഫ് ജസ്റ്റിസിന്റെ ചുമതല വഹി ച്ചിരുന്ന ജസ്റ്റിസ് പരിപൂർണ്ണനുമായി ഈ കേസിന്റെ കാര്യം സംസാ രിച്ചു. ഇതു കേട്ട പാടെ അദ്ദേഹം പറഞ്ഞു. "ഇതൊരു ദുരുദ്ദേശ്യപര മായ കേസാണല്ലോ. സ്പെഷൽ കോർട്ട് കൂടാൻ ഞാൻ ഉത്തരവിടുന്നു." അദ്ദേഹം കൂട്ടിച്ചേർത്തു.

സ്പെഷൽ കോർട്ട് കൂടാൻ ഉത്തരവിട്ടു. എന്നാൽ ജഡ്ജിമാരെ കിട്ടാ നില്ല. അവധിയും ഓണവുമാണ്. ഒരു ക്രിസ്ത്യാനി ജഡ്ജിയെ വിളിച്ച പ്പോൾ അദ്ദേഹത്തിന് മറ്റൊരു സി.എസ്.ഐ. കേസുള്ളതിനാൽ ഇതെ ടുക്കുവാൻ സാധ്യമല്ല. ഓണമായിരുന്നിട്ടു പോലും ടി. വി. രാമകൃഷ്ണൻ എന്ന ജഡ്ജി കോടതി കൂടാൻ തയ്യാറായി. അദ്ദേഹത്തിന് വരാൻ കാറില്ല. ഉടനെ ജസ്റ്റിസ് പരിപൂർണ്ണൻ അദ്ദേഹത്തിന്റെ കാർ തന്നെ അയച്ചുകൊ ടുത്തു. ആഗസ്റ്റ് 31-ാം തീയതി വൈകിട്ട് 4 മണിക്ക് സ്പെഷൽ കോർട്ട് കൂടി. ബാരിസ്റ്റർ പി. കെ. കുര്യൻ ഉള്ള പേപ്പർ വച്ചുകൊണ്ട് വാദിച്ചു. കേസിന് ആസ്പദമായി അവർ ഉന്നയിച്ചത് വർക്കി ജോർജ് നടത്തിയ ഇലക്ഷനിൽ എന്തോ പാകപ്പിഴവുണ്ടെന്നായിരുന്നു. അങ്ങനെ ഒന്ന് സംഭ വിച്ചിട്ടില്ല.

"ഈ സ്റ്റേ ഉത്തരവ് ദുരുദ്ദേശ്യപരമായതിനാൽ നിലനില്ക്കുന്നതല്ല. അതു തള്ളിക്കളയുന്നു എന്നാണ് വിധിച്ചത്." സമയം 5 മണി, ആഗസ്റ്റ് 31.

വർക്കി ജോർജ്, ഐപ്പ് ജേക്കബ്, പ്രൊഫ. ജോർജ്ജ് കോശി എന്നി വർ കോടതിയിൽ ഉണ്ടായിരുന്നു. അവർ സന്തോഷാധിക്യത്താൽ പൊട്ടി ക്കരഞ്ഞു. ഉടനെ തന്നെ ഐപ്പ് ജേക്കബിന്റെ വീട്ടിലായിരുന്ന എന്നെ വിളിച്ചു പറഞ്ഞു. കാട്ടുതീപോലെ വാർത്ത എല്ലാവരും അറിഞ്ഞു.

അതിനിടെ മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു (മാത്തുക്കുട്ടിച്ചായൻ) എന്നെ വിളിച്ചു പറഞ്ഞു ഞങ്ങൾ വേണ്ട പബ്ലി സിറ്റി കൊടുത്തുകൊള്ളാം. നാളെത്തന്നെ കോൺസിക്രേഷൻ നടക്കട്ടെ എന്ന്. എന്തൊരാശ്വാസം. എല്ലാവരും ദൈവത്തിനു സ്തോത്രം ചെയ്തു. പത്രങ്ങളിൽ എല്ലാം വാർത്ത പ്രസിദ്ധീകരിച്ചു. ഒരു ഇൻവിറ്റേഷൻ കാർഡ് പോലും അടിക്കുവാനോ ആരെയെങ്കിലും ക്ഷണിക്കുവാനോ ക്ഷണിക്ക പ്പെട്ടവർക്ക് ഭക്ഷണം കൊടുക്കുവാനോ ഒന്നും സാധിച്ചില്ല. അതിനൊന്നും പണം ചെലവാക്കേണ്ടി വന്നുമില്ല. അതും ദൈവഹിതം. അഭൂതപൂർവ്വ മായ ജനക്കൂട്ടമാണ് കോൺസിക്രേഷനിൽ വന്നുകൂടിയത്. എല്ലാ പട്ട ക്കാരും ഉപദേശിമാരും ജനങ്ങളും ഇതിൽ വന്നു സംബന്ധിച്ചു.

ഈ വാർത്ത കേട്ടപ്പോൾ ശത്രുവിന്റെ വായ് അടഞ്ഞു. എങ്കിലും എല്ലാവർക്കും ഒരു ഭയം ഉണ്ടായിരുന്നു. ഈ ദുഷ്പ്രവൃത്തി ചെയ്യാൻ മടി കാണിക്കാത്തവർ ഇനിയും വല്ലതും കാട്ടിക്കൂട്ടുമോ എന്ന് ചിന്തിച്ചു. എല്ലാവരും ഉത്കണ്ഠാകുലരായിരുന്നു.

കേസ് കോടതിയിൽ തീരുമാനമാകുന്നതിനു മുമ്പേ തന്നെ കത്തീഡ്രലിൽ വേണ്ട ക്രമീകരണങ്ങൾ ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് ചെയ്തുകൊണ്ടിരുന്നു. വേണ്ടത്ര സമയം ലഭിച്ചില്ലെങ്കിലും എല്ലാം കുറ്റമറ്റതായിരുന്നു. കത്തീഡ്രലിലെ യുവജനങ്ങളും ചർച്ച് കമ്മറ്റിയും ആത്മാർത്ഥമായി സഹകരിച്ചു.

വീട്ടിൽ ഇരുന്നവർക്ക് ഫോൺ വിളിയുടെ ബഹളം. കോൺസിക്രേഷൻ നടക്കുമോ എന്നുള്ളതായിരുന്നു എല്ലാവരുടേയും ആശങ്ക. നടക്കും എന്ന് ദൈവത്തിൽ വിശ്വസിച്ചുകൊണ്ട് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. എന്തൊരതിശയം ആഗസ്റ്റ് 31 ന് 5 മണിക്ക് ഈ അത്ഭുത വാർത്ത അറിഞ്ഞു. എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി. അസാധ്യമായതിനെ സാധ്യമാക്കുന്ന ദൈവം.

പ്രബുദ്ധരായ അംഗങ്ങളുള്ള മദ്ധ്യകേരള മഹായിടവകയിൽ ഇതു സംഭവിക്കുമെന്ന് ആരും കരുതിയില്ല. എന്നാൽ സംഭവിച്ചു.

## സ്ഥാനാഭിഷേകത്തിന്റെ പ്രാരംഭം

31-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം വർക്കി ജോർജ്ജിന്റെ ഭവനത്തിലാണ് താമസം ഒരുക്കിയിരുന്നത്. പ്രധാനാതിഥികളായി വന്ന മോസ്റ്റ്. റവ. വസന്ത് പി. ഡാൻഡിൻ, (മോഡറേറ്റർ) റൈറ്റ്. റവ. ജേസൻ ധർമ്മരാജ് (ഡെപ്യൂട്ടി മോഡറേറ്റർ), പ്രൊഫ. ജോർജ് കോശി (ജനറൽ സെക്രട്ടറി) ഞങ്ങൾ എല്ലാവരും അവിടെ താമസിച്ചു. ഒരു വിധത്തിൽ പറഞ്ഞാൽ രഹസ്യമായിട്ടാണവിടെ താമസിച്ചത്.

അന്ന് കോട്ടയം കളക്ടർ ഷീലാ തോമസ് ആയിരുന്നു. എനിക്ക് വളരെ പരിചയവും സ്നേഹവുമുള്ള ആളായിരുന്നു അവർ. തന്നെയുമല്ല ഞങ്ങളെ വളരെയേറെ സ്നേഹിച്ച മദ്രാസിലെ രാജമ്മയുടെ അടുത്ത ബന്ധുവുമായിരുന്നു അവർ. രാജമ്മ കോൺസിക്രേഷന് വന്ന് അവരോടൊപ്പം ആണ് താമസിച്ചതുതന്നെ. ക്രമസമാധാനത്തിന് കളക്ടർ മുൻകൈയെടുത്തു. എസ്.പി.യും വളരെ പരിചയമുള്ള ആളായിരുന്നു. ഇവരോടെല്ലാമുള്ള നന്ദി വർണ്ണനാതീതമാണ്.

ചൊവ്വാഴ്ച രാത്രിയിൽ അഭിവന്ദ്യ ധർമ്മരാജ് തിരുമേനി വളരെ ലളിതമായ ഒരു റിട്രീറ്റ് എടുത്തു. ശാന്തമായി ഉറങ്ങി. കുടുംബാംഗങ്ങൾ എല്ലാവരും മൂലേടം പാഴ്സനേജിൽ വിശ്രമിച്ചു. എല്ലാവരും ഉത്കണ്ഠാ

കുലരായിരുന്നു. സ്ഥാനലബ്ധിയിൽ അമിതമായി ആഹ്ലാദിക്കുവാൻ ദൈവം അവസരം തന്നില്ല. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സ്വയ പരിശോധനയ്ക്കുമുള്ള അവസരമാണ് ലഭിച്ചത്. ദൈവത്തിനു സ്തോത്രം.

ഈ കാലഘട്ടത്തിലെ പല സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ ദൈവത്തിന്റെ കരുതലും സംരക്ഷണവും എത്ര വലുതായിരുന്നു എന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ദൈവം അത്ഭുതം പ്രവർത്തിക്കുന്നവനാണ്. ദൈവം ബലവാന്മാരെ അല്ല ബലഹീനരെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കുന്നവരെ അവൻ ബലവാന്മാരാക്കുന്നു.

## പ്രതിസന്ധിയിൽ പഠിച്ച പാഠങ്ങൾ

1. ദൈവം വലിയവനാകുന്നു. തനിക്ക് അസാധ്യമായതൊന്നുമില്ല. *"My God is a Great God."*

2. പ്രതിസന്ധികളിൽ ദൈവം കരുതുന്നു. കരുതുവാൻ ആളുകളെ ഒരുക്കുകയും ചെയ്യുന്നു.

3. പ്രതിസന്ധികളിൽ തളരരുത്. നിയമങ്ങൾ ലംഘിക്കയുമരുത്.

4. കാക്കയുടെ കൈയിൽ അപ്പം കൊടുത്തയക്കുന്നവനാണ് ദൈവം, കെരിത്തോട്ടിൽ ഒളിപ്പിക്കുന്നവനാണ്.

5. ശത്രുക്കളെ മിത്രങ്ങളാക്കുകയാണ് വേണ്ടത്. എന്റെ പ്രാർത്ഥനയിൽ "ദൈവമെ എന്നെ സ്നേഹിക്കുന്നവരെ മാത്രമല്ല വെറുക്കുകയും പരിഹസിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നവരെയും സ്നേഹിപ്പാനുള്ള കൃപ തരണമെ" എന്ന് ഓർക്കാറുണ്ട്.

6. തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ ഒരു വിഭാഗത്തിന്റെ മാത്രമല്ല, സഭയുടെ പിതാവാണ് ബിഷപ്പ്.

7. എല്ലാവരെയും സ്നേഹിക്കുക. അർഹത അനുസരിച്ച് ആർക്കും പദവികൾ നൽകുക. *Have a judicial mind.*

8. എല്ലാവരുടെയും കഴിവുകൾ പൊതുനന്മയ്ക്കായി ഉപയോഗിക്കുക. നീതിയോടും സത്യത്തോടും കൂടി ചുമതലകൾ നിറവേറ്റുക.

9. *"I am going to destroy my enemies by making them friends." Abraham Lincoln.*

10. കഴിവതും മറ്റുള്ളവരെ ദുഃഖിപ്പിക്കാതിരിക്കുക.

11. എന്റെ ഒന്നുമില്ലായ്മയെ കണ്ടു. എന്റെ കുറവുകളും ബലഹീനതകളും കണ്ടു. എന്റെ കഴിവില്ലായ്മയെ മനസ്സിലാക്കി. ദൈവം മാത്രം സഹായകനെന്നറിഞ്ഞു.

12. ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ല. സകലതും നന്മയ്ക്കായിക്കൂടി വ്യാപരിക്കുന്നു. സ്വയ പരിശോധനയ്ക്ക് ഈ സമയം ഉപയോഗിക്കാം.

13. മനുഷ്യനിൽ ആശ്രയിക്കരുത്. സഹായിപ്പാൻ കഴിയാത്ത മനുഷപുത്രന്മാരിലും അരുത്. ഈ പാഠങ്ങൾ പഠിക്കുവാൻ കഴിഞ്ഞു.

ബിഷപ്പ് തെരഞ്ഞെടുപ്പിൽ സഹായിക്കുമെന്ന് കരുതിയ ചില ഇടവകകളിലെ പ്രതിനിധികളിൽ നിന്നു സഹായം ലഭിച്ചില്ല. എന്നാൽ അവിടെയെല്ലാം ജനങ്ങളുടെ സഹായവും പ്രാർത്ഥനയും ലഭിച്ചു.

14. ബിഷപ്പു സ്ഥാനം ദൈവദത്തമാണ്. ഒരാളെ ബിഷപ്പ് ആക്കുവാനോ ആക്കാതിരിക്കുവാനോ ആർക്കും സാധ്യമല്ല. ദൈവനിശ്ചയമാണതിനടിസ്ഥാനം.

15. സ്ഥാനത്തിന് ഞാൻ മാത്രമാണ് യോഗ്യൻ എന്നു പറഞ്ഞ് അതിനു വേണ്ടി ഓടി നടക്കരുത്.

ബിഷപ്പ് തെരഞ്ഞെടുപ്പിൽ അവിഹിതമായതൊന്നും ചെയ്തിട്ടില്ല. എതിരായി പ്രവർത്തിച്ചവരോട് ഒരു വിദ്വേഷവും വെച്ചു പുലർത്താൻ ഇടയായില്ല. ബിഷപ്പ് തെരഞ്ഞെടുപ്പ് ദൈവഹിത പ്രകാരം മാത്രമായിരിക്കണം. പണവും പ്രലോഭനങ്ങളും പാടില്ല. വാഗ്ദാനങ്ങൾ നല്കരുത്. സ്ഥാനത്തിനു വേണ്ടി എന്തും ചെയ്യുവാൻ മടിക്കാത്തവരാണ് കോടതിയിൽ പോകുകയും മറ്റ് വില കുറഞ്ഞ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നത്. അപകീർത്തികരമായ ഒന്നുരണ്ടു ലഘുലേഖകൾ ചിലർ പ്രസിദ്ധീകരിച്ചു. നിശബ്ദനായിരുന്നു. ആളുകൾ ആരാണെന്നറിയാം. അവർക്കെതിരെ ഒരു ലഘുലേഖ എഴുതി തയ്യാറാക്കി ഒരനുവാദം തന്നാൽ ഞാൻ ഇത് പ്രസിദ്ധീകരിക്കാം എന്നു പറഞ്ഞ് മൂലേടത്തു വന്ന ആളിനെ, ഇത് ക്രിസ്തീയമല്ല, നാം അത് ചെയ്യുവാൻ പാടില്ല എന്നു പറഞ്ഞ് ആ കടലാസുകൾ വാങ്ങി കീറിക്കളഞ്ഞതോർക്കുന്നു.

അവിഹിതമായി ഒരു രൂപാ പോലും ചെലവാക്കുവാൻ ഇടയായില്ല. നല്ലവനായ മോഡറേറ്റർ ജർമ്മനിയിൽ നിന്ന് വന്നു. ചെലവ് സിന്നഡ് വഹിച്ചു. യാത്രക്കൂലിപോലും നമുക്ക് കൊടുക്കേണ്ടതായി വന്നില്ല. മുറ്റത്തു പന്തലിടുന്നതിനും മൈക്ക് ക്രമീകരണത്തിനുമുള്ള ചെലവ

ല്ലാതെ ഒരു ചെലവും മഹായിടവകയ്ക്ക് ഉണ്ടായില്ല. ഏറ്റവും ചെലവു കുറഞ്ഞ കോൺസിക്രേഷൻ ആയിരുന്നു അത്. വ്യക്തിപരമായി ഇൻവിറ്റേഷൻ അടിക്കുന്നതിനോ ഭക്ഷണം ക്രമീകരിക്കുന്നതിനോ പോലും ചെലവു വന്നില്ല,

പൊതുസ്വീകരണം പോലും ഒഴിവാക്കിയതിനാൽ ഒരു ചെലവും ഉണ്ടായില്ല. കാൻവാസിങ്ങിന് പോകാതെയിരുന്നതിനാൽ അതിനും ചെലവുണ്ടായില്ല. എന്നെ സ്നേഹിക്കുന്ന അനേകർ അവിടവിടെയായി മറ്റുള്ളവരോട് എനിക്കു വേണ്ടി സംസാരിച്ചിട്ടുണ്ട്. എന്നെ കാണാൻ വീട്ടിൽ വന്നവർക്ക് ചായ കൊടുത്തിട്ടുണ്ട്. അതു മാത്രമാണെന്റെ ചെലവ്. ഈ സ്റ്റേ മാറ്റുന്നതിന് മുൻകൈയെടുത്ത ബാരിസ്റ്റർ പി.കെ. കുര്യൻ ഒരു രൂപാ പോലും വാങ്ങിയില്ല. ക്ലാർക്കിനോ മറ്റു ചിലവുകൾക്കോ ഒന്നും പണം വാങ്ങിയില്ല. സ്വയം ചെലവാക്കി. സ്ഥാനാഭിഷേകത്തിന് അദ്ദേഹവും ഭാര്യയും വന്നു മുഴുവൻ സമയവും അതിൽ സംബന്ധിച്ചു.

ആർഭാടരഹിതമായി, എന്നാൽ വലിയ ജനപങ്കാളിത്തത്തോടു കൂടി ഭയഭക്തിപരമായ അന്തരീക്ഷത്തിൽ നടന്ന ഒരു സ്ഥാനാഭിഷേക ശുശ്രൂഷയായിരുന്നു അത് എന്നുള്ളത് നിസ്സംശയം പറയാം. ആ ദിവസങ്ങളിലെല്ലാം പ്രാർത്ഥിച്ച ഒരു പ്രാർത്ഥന ഇതാണ്.

“ദൈവമെ മഹായിടവകയ്ക്കു പറ്റിയ ഒരാളിനെ അവിടുന്ന് തെരഞ്ഞെടുക്കേണമെ. അത് ഞാനാണ് എന്ന് നിനക്കു തോന്നുന്നെങ്കിൽ ഞാൻ എന്നെതന്നെ നിന്റെ കയ്യിൽ ഏല്പിക്കുന്നു. അവിടുത്തെ ഇഷ്ടം പോലെ ചെയ്താട്ടെ” ഇതായിരുന്നു പ്രാർത്ഥന.

# ഭാഗം V

## സ്ഥാനാഭിഷേകം (CONSECRATION)

### 1993 SEPTEMBER 1 WEDNESDAY 9.30 AM

"ഞാൻ പലർക്കും ഒരത്ഭുതം ആയിരിക്കുന്നു."

"ഇത് യഹോവയാൽ സംഭവിച്ചു; നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു."

രാത്രി മുഴുവൻ പെയ്തു കൊണ്ടിരുന്ന മഴ ശമിച്ചു. കാർമേഘങ്ങൾ മൂടിയിരുന്ന ആകാശം സൂര്യന്റെ രശ്മികളാൽ പ്രകാശമാനമായി. വാടിത്തളർന്നുനിന്നിരുന്ന വൃക്ഷലതാദികൾ പുതുശക്തിയോടുകൂടി തല ഉയർത്തി മന്ദമാരുതനിൽ ആടിക്കൊണ്ടിരിക്കുന്നു. തലേ ദിവസത്തേക്കാൾ എത്രയോ വ്യത്യസ്തമായ ഒരു അന്തരീക്ഷം. നോക്കണെ ദൈവത്തിന്റെ ഒരു പ്രവർത്തനം. 'കാറ്റിനെയും കടലിനെയും നിയന്ത്രിക്കുന്നവൻ പടകിലുണ്ട്. പിന്നെ എന്തിനു ഭയപ്പെടണം, ആരെ ഭയപ്പെടണം?' "If God is for us who can be against us."

വർത്തമാന പത്രങ്ങളിൽ ഒന്നാം പേജിൽ മദ്ധ്യകേരള മഹായിടവകയിലെ ജനങ്ങൾക്ക് ഒരു വലിയ സന്തോഷവാർത്ത. ഇതരസഭകൾക്ക് ഒരു സദ്വർത്തമാനം, ഇതരമതസ്ഥർക്ക് ഒരു വലിയ വാർത്ത. വലിയതോട്ടത്തിൽ സാം മാത്യു എന്ന പട്ടക്കാരൻ സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയിൽ ബിഷപ്പായി വാഴിക്കപ്പെടുന്നു.

മഹായിടവകയെ സ്നേഹിക്കുന്നവർക്കെല്ലാം ഒരു വലിയ സന്തോഷ വാർത്ത തന്നെയായിരുന്നു അത്. ചിലയാളുകൾ രൂപകല്പന ചെയ്ത് കൃത്രിമമായി സൃഷ്ടിക്കപ്പെട്ട കോടതി സ്റ്റേ എന്ന പുകമറ ദൈവതേജസിന്റെ വെളിച്ചത്തിൽ നിലനിൽക്കുവാനാകാതെ മാറ്റപ്പെട്ടു. അങ്ങനെ മാറ്റൊരത്ഭുതം നടന്നു.

ഓണത്തിന്റെ അവധിയിൽ കോടതി അവധിയായിരിക്കെ ഇതെങ്ങനെ സാധിക്കും എന്ന് ചിന്തിച്ചവരുണ്ട്. ഇത് സാധ്യമല്ല എന്നു വിശ്വസിച്ചവരുണ്ട്. "എന്റെ ദൈവത്തിന് അസാധ്യമായതൊന്നുമില്ല" എന്ന് ഒരു പ്രാവശ്യം കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. സ്തോത്രം.

അന്ന് കേരള ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസിന്റെ ചാർജ് വഹിച്ചിരുന്ന ജസ്റ്റിസ് പരിപൂർണ്ണൻ അവധിക്ക് പ്രത്യേക കോടതി കൂടുവാൻ ഉത്തരവിടുന്നു. അസംഭവ്യമായത് സംഭവിക്കുന്നു.

ബാരിസ്റ്റർ പി. കെ. കുര്യൻ സ്വമനസ്സാലെ ഈ കേസേറ്റെടുക്കുകയും ഒരു രൂപാ പോലും പ്രതിഫലം പറ്റാതെ കേസ് നടത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ നിലയും വിലയും ഇക്കാര്യത്തിൽ ഒരു വലിയ ഘടകമായിരുന്നു. ഒരു ഹൈന്ദവനായ ജഡ്ജി ജസ്റ്റിസ് രാമകൃഷ്ണൻ കേസു കേൾക്കാൻ തയ്യാറായി. കേസ് നമുക്കനുകൂലമായി വിധിച്ചു. ആഗസ്റ്റ് 31-ന് 5 മണി. ഈ വാർത്ത ലോകമെമ്പാടുമുള്ള സി.എസ്.ഐ.ക്കാർ നിറഞ്ഞ സന്തോഷത്തോടുകൂടിയാണ് ശ്രവിച്ചത്. എന്തൊരാശ്വാസം.

അവിഹിതമായി കേസുണ്ടാക്കി ഈ പ്രതിസന്ധികൾ ഒക്കെ സൃഷ്ടിക്കുവാൻ നിയോഗിക്കപ്പെട്ട വക്കീൽ, ബിഷപ്പായതിനു ശേഷം എന്റെ അടുക്കൽ വന്ന് പാദം തൊട്ട് നമസ്കരിച്ച് ക്ഷമചോദിച്ചു. "അങ്ങ് സാക്ഷാൽ ദൈവപുരുഷനാണ്. ഈ കേസ് ഈ സമയത്ത് തീരുവാൻ കാരണം അതാണ്. എന്നോട് ക്ഷമിക്കണം." എന്ന് കരഞ്ഞുകൊണ്ടു പറഞ്ഞപ്പോൾ എന്റെ കണ്ണു നിറഞ്ഞു. ദൈവം എത്ര വലിയവൻ എന്നു ചിന്തിച്ച് സ്തോത്രം ചെയ്തു. എനിക്ക് ഒരു പരിഭവവും ആ മനുഷ്യനോട് തോന്നിയില്ല. ഒരു കാരണവുമില്ലാതെ കേസ് ഉണ്ടാക്കി സ്റ്റേ വാങ്ങിയവർ ഓരോരുത്തരായി വന്ന് എന്നോട് ക്ഷമ ചോദിച്ചു. പ്രാർത്ഥിച്ച് അവരെ പറഞ്ഞയച്ചു. ഇക്കാര്യം ചെയ്തവരോട് ക്ഷമിക്കുക മാത്രമല്ല, എല്ലാം മറന്നു. അവർക്ക് ആവും വിധം സഹായം നല്കിക്കൊണ്ടിരിക്കുന്നു.

സെപ്തംബർ ഒന്നാം തീയതി രാവിലെ വർക്കി ജോർജിന്റെ ഭവനത്തിൽ താമസിച്ച അതിഥികൾ എല്ലാവരും കത്തീഡ്രലിലേക്ക് പുറപ്പെടുവാൻ തയ്യാറായി. മോഡറേറ്റർ മോസ്റ്റ് റവ. വസന്ത് പി. ഡാൻഡിന്റെ നേതൃത്വത്തിൽ അവിടെ നിന്ന് യാത്ര പുറപ്പെട്ടു. കാർമേഘം എല്ലാം മാറി എങ്കിലും അങ്ങിങ്ങായി ചില മേഘശകലങ്ങൾ കാണാമായിരുന്നു. അതുപോലെ വല്ല കറുത്ത പ്രവർത്തനങ്ങളും ഉണ്ടാകുവാൻ ഇടയാകുമോ എന്ന ശങ്ക (വീണ്ടും സ്റ്റേ വരുമോ എന്നുള്ള ഭയം) പലർക്കും ഉണ്ടായിരുന്നതിനാൽ അതിനുവേണ്ട മുൻകരുതലുകൾ എടുത്തിരുന്നു.

മഫ്റ്റി പോലീസ് അകമ്പടിയോടുകൂടി ഒരു വലിയ കോൺവോയി ആയി കാറുകൾ അവിടെ നിന്നു പുറപ്പെട്ടു. 9.10 ആയപ്പോഴേക്കും പരിപാവനമായ കതീഡ്രൽ അങ്കണത്തിൽ എത്തി. വോളന്റിയേഴ്സിന്റെ അകമ്പടിയോടുകൂടി ദേവാലയത്തിനുള്ളിൽ പ്രവേശിച്ചു. അപ്പോഴേക്കും കതീഡ്രൽ ജനങ്ങളാൽ തിങ്ങി നിറഞ്ഞിരുന്നു. ജനലുകളും വാതിലുകളും എല്ലാം ജനങ്ങളെക്കൊണ്ടു നിറഞ്ഞുകവിഞ്ഞു. മഹായിടവകയുടെ എല്ലാ മുക്കിലും മൂലയിലും നിന്ന് ജനങ്ങൾ യാതൊരു ക്ഷണവും കൂടാതെ ബസുകളും കാറുകളും പിടിച്ച് എത്തുന്ന കാഴ്ച ഹൃദയസ്പർശിയായിരുന്നു. പത്രവാർത്തയല്ലാതെ മറ്റൊരു മുന്നറിയിപ്പും നല്കുവാൻ സാധി

ച്ചില്ല. ബസുകളും കാറുകളും പാർക്കുചെയ്യുവാൻ ഇടമില്ലാതെ വിഷമിച്ചു.

ദേവാലയാങ്കണത്തിൽ ഉയർത്തിയ പടുകൂറ്റൻ പന്തലും ജനനിബിഡമായി. വൃക്ഷത്തണലിലും മുറ്റങ്ങളിലും എല്ലാം ആയി ജനങ്ങൾ തിങ്ങിനിറഞ്ഞുനിന്നു.

ഭയഭക്തിനിർഭരമായ അന്തരീക്ഷത്തിൽ ഉത്സവപ്രതീതി ജനിപ്പിക്കുന്ന അനുഭവം. മഹായിടവകയിലെ നല്ലവരായ ജനങ്ങളുടെ നന്മകണ്ടറിഞ്ഞ ഒരു സന്ദർഭം.

## ക്രമീകരണം

9 മണി ആയപ്പോഴേക്കും ദേവാലയവും പരിസരവും ജനനിബിഡമായി. കത്തീഡ്രലിന്റെ മുറ്റത്ത് ഒരുക്കിയിരിക്കുന്ന പന്തലും ജനങ്ങളാൽ നിറഞ്ഞു. കത്തീഡ്രലിലെ യുവജനങ്ങളും മറ്റിടവക യുവാക്കളും ഉൾപ്പെടെ വോളന്റിയേഴ്സ് ക്രമസമാധാന ചുമതല നിറവേറ്റി. മഫ്റ്റിയിൽ പോലീസും ഉണ്ടായിരുന്നു.

വളരെ മോശമായ പ്രചരണങ്ങൾ ഉണ്ടായിരുന്നതിനാൽ വളരെ സൂക്ഷ്മമായി കാര്യങ്ങൾ നിറവേറ്റി. ക്ലോസ്ഡ് സർക്യൂട്ട് ടി.വി. പോലും വച്ചില്ല. കാരണം ചില സാമൂഹ്യദ്രോഹികൾ നടത്തിയ പ്രചരണമാണ്.

ഇതൊക്കെയാണെങ്കിലും ജനങ്ങൾ വലിയ ഉത്സവ പ്രതീതിയിലായിരുന്നു. ആരാധന വളരെ പരിപാവനമായ വിധത്തിൽ നടത്തുവാൻ ദൈവം സഹായിച്ചു.

മഹായിടവകയിലെ എല്ലാ പട്ടക്കാരും ഉപദേശിമാരും ജനങ്ങളും ഒത്തുകൂടി.

കൃത്യം 9.30. കത്തീഡ്രലിലെ മണി സംഗീതാത്മകമായി മുഴങ്ങുവാൻ തുടങ്ങി. കത്തീഡ്രലിലെ പ്രശസ്തമായ ഓർഗൻ നാദം മുഴങ്ങുവാൻ ആരംഭിച്ചു. കത്തീഡ്രൽ ഗായകസംഘവും, പിന്നാലെ പട്ടക്കാർ അവരുടെ സ്ഥാനക്രമമനുസരിച്ച് ആരാധനാവസ്ത്രങ്ങൾ ധരിച്ചുകൊണ്ട് കൊച്ചു പാരിഷ് ഹാളിൽ നിന്നും സ്തുതിപ്പിൻ സ്തുതിപ്പിൻ എന്ന ഗാനാലാപത്തോത്തോടു കൂടി പ്രൊസഷൻ ആരംഭിച്ചു. ദേവാലയ പോർട്ടിക്കോവിൽ എത്തി. മഹായിടവകയിലെ എല്ലാ പട്ടക്കാരും സഹോദരീസഭകളിലെ പട്ടക്കാരും പ്രൊസഷനിൽ പങ്കുചേർന്നു.

അപ്പോഴേക്കും സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞ ബിഷപ്പുമാർ പ്രൊസഷനിൽ വന്നു ചേർന്നു. ബിഷപ്പ് എസ്. ജെ. തിയഡോർ ബിഷപ്പ് ബഞ്ചമിൻ, ബിഷപ്പ് പി.ജി. കുരുവിള, ബിഷപ്പ് കെ.സി. സേത്ത്, ബിഷപ്പ് എം.

സി. മാണി, ബിഷപ്പ് സഖറിയാസ് മാർ തേയോഫിലോസ്, ബിഷപ്പ് കെ. ജെ. സാമുവേൽ, ബിഷപ് സാം അമൃതം, ബിഷപ് ജയ്സൺ ധർമ്മരാജ്, ബിഷപ് മോസ്റ്റ് റവ. വി.പി. ഡാൻഡിൻ എന്നീ ക്രമത്തിൽ പ്രൊസഷൻ മുന്നോട്ടു നീങ്ങി.

നിയുക്ത ബിഷപ് ഇവർക്കു മുന്നിലായി റവ. എം.റ്റി. തര്യൻ, റവ. റ്റി. ഐ. ജോർജ്ജ് എന്നിവരാൽ അനുഗതനായി പ്രൊസഷനിൽ മുമ്പോട്ടു നീങ്ങി. കതീഡ്രൽ കൈക്കാരന്മാരെ കൂടാതെ Staves, Cross, Flag, Bible എന്നിവയെല്ലാം എടുത്തുകൊണ്ട് അത്മായ നേതാക്കളും - സിന്നഡ് ജനറൽ സെക്രട്ടറി പ്രൊഫ. ജോർജ്ജ് കോശിയും സിന്നഡ് ട്രഷറാറും പ്രൊസഷനിൽ ഉണ്ടായിരുന്നു. എന്റെ ഒരഭ്യുദയകാംക്ഷി സൗത്ത് കേരളയിലെ ഡോ. ദേവനേശവും പങ്കുകൂടി.

പള്ളിയിലും പരിസരത്തും തിങ്ങിക്കൂടിയ ജനാവലിയുടെ മുഖത്ത് ആശ്വാസത്തിന്റെയും, സംതൃപ്തിയുടെയും നിമിഷങ്ങൾ. ആകാംക്ഷാഭരിതമായ നിമിഷങ്ങൾക്കു തിരശീല വീണു.

അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും ഒരു പോലെ ദീർഘശ്വാസം വിട്ടു.

കതീഡ്രൽ ക്വയറിന്റെ നേതൃത്വത്തിൽ എല്ലാവരും യേശുനാമത്തെ എന്ന സുന്ദര കീർത്തനം അതിമനോഹരമായി പാടിക്കൊണ്ടിരിക്കുമ്പോൾ ബിഷപ്പുമാർ മോഡറേറ്ററുടെ നേതൃത്വത്തിൽ മദ്ബഹായിൽ പ്രവേശിച്ചു.

"A Glorious Service" Bp. Dandin.

മോഡറേറ്റർ മോസ്റ്റ് റവ. വി.പി. ഡാൻഡിൻ തിരുമേനിയുടെ നേതൃത്വത്തിൽ ഭയഭക്തിപൂർവ്വമായ ആരാധന ആരംഭിച്ചു.

ആരാധനയിൽ കമ്മിസറി ആയിരുന്ന ബിഷപ്പ് കെ.ജെ. സാമുവൽ പ്രസംഗിച്ചു. അടുക്കോടും ചിട്ടയോടും കൂടി നടത്തപ്പെട്ട ആരാധനയിൽ നിയുക്ത ബിഷപ്പിനെ മോഡറേറ്ററുടെ മുമ്പിൽ ഹാജരാക്കിയത് പാനലിൽ ഉണ്ടായിരുന്ന വെരി. റവ. എം. റ്റി. തര്യൻ, വെരി. റവ. റ്റി. ഐ. ജോർജ്ജ് എന്നിവരായിരുന്നു. 11 മണിയോടുകൂടി ബിഷപ്പ് സാം മാത്യു സി.എസ്.ഐ. യിലെ ബിഷപ്പായി വാഴിക്കപ്പെട്ടു.

അതിനുശേഷം ഇൻസ്റ്റലേഷൻ സർവീസ് ആരംഭിച്ചു. ഔദ്യോഗിക ചുമതലക്കാരോടൊപ്പം അഭിനവ ബിഷപ്പ് പള്ളിയുടെ പോർച്ചിൽ ചെന്നു നിന്ന് പള്ളിയിലേക്ക് പ്രവേശനം ആവശ്യപ്പെട്ടു. കത്തീഡ്രൽ കൈകാരൻ ജോർജ് ജോൺ അഞ്ചേരിൽ വാതിൽ തുറന്ന് സ്വാഗതം ചെയ്തു. 'ഇന്നയോളം തുണച്ചോനെ' എന്ന കീർത്തനം ആലപിച്ചുകൊണ്ട് ക്വയർ

മുന്നിലും കൈക്കാരന്മാർ ഔദ്യോഗിക ഭാരവാഹികൾ എന്നിവരോടൊപ്പം പ്രൊസഷനായി വീണ്ടും മദ്ബഹായിലേക്ക് നീങ്ങി. സിംഹാസനത്തിൽ അംശവടിയും സ്ഥാനവസ്ത്രങ്ങളും ധരിച്ച് ഉപവിഷ്ടനായി. ബിഷപ്പിന്റെ അധികാരം അംഗീകരിച്ചുകൊണ്ട് പട്ടക്കാർ, ഉപദേശിമാർ, അദ്ധ്യാപകർ, സ്ത്രീജനസഖ്യം, ബഥേൽ, മാർത്തോമ്മാ പട്ടക്കാരൻ തുടങ്ങിയവർ മുട്ടു കുത്തി കൈ മുത്തി വണങ്ങി. മദ്ധ്യ കേരള മഹായിടവക ബിഷപ്പായി റവ. സാം മാത്യു സ്ഥാനമേറ്റു. സെക്രട്ടറി വർക്കി ജോർജ് ഭരണഘടന യുടെ കോപ്പി ബിഷപ്പിന് നൽകി കൈമുത്തി വിധേയത്വം പ്രഖ്യാപിച്ചു.

പ്രസംഗം (മീഖാ. 6:6–8) “മനുഷ്യാ നല്ലതെന്ത് എന്ന് അവൻ നിങ്ങ ൾക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാതല്പര നായിരിപ്പാനും, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നട പ്പാനും അല്ലാതെ എന്താകുന്നു നിന്നോട് ചോദിക്കുന്നത്.”

പിന്നീട് ചെയ്ത പ്രസംഗം എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു. മനസ് സംഘർഷപൂരിതമായിരുന്ന അവസ്ഥയിൽ തയ്യാറാക്കിയ പ്രസംഗം സമ്മി ശ്രവികാരത്തോടുകൂടി പറഞ്ഞപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശബ്ദമായി അത് പരിണമിച്ചു. എന്റെ മനസിലെ ചിന്തകൾ ആത്മനിറ വിൽ പറഞ്ഞപ്പോൾ അത് ആനുകാലികമായിത്തീർന്നു. അതൊരു നയ പ്രഖ്യാപനം പോലെയായി. ശത്രുക്കളെ മിത്രമാക്കുമെന്നും, ന്യായം പാലി ക്കുമെന്നും, ബലഹീനരെ താങ്ങും എന്നും ആത്മികവർദ്ധനയ്ക്കായി പ്രവർത്തിക്കുമെന്നും ഉറപ്പ് നല്കി. അപ്രകാരം തന്നെ എല്ലാ കാര്യങ്ങളും ചെയ്യുവാൻ സാധിച്ചു. തിളക്കമാർന്ന ഒരു മഹായിടവകയാണ് സ്വപ്നം എന്ന് പ്രഖ്യാപിച്ചു.

വിശുദ്ധ സംസർഗ്ഗ ശുശ്രൂഷ എല്ലാ ബിഷപ്പുമാരുടെയും നേതൃത്വ ത്തിൽ സംയുക്തമായി നടത്തപ്പെട്ടു. ആയിരക്കണത്തിനാളുകൾ അതിൽ വന്നു സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ചു.

അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ജീവിക്കുന്നു. പതിനായിരങ്ങൾ ഈ വിശുദ്ധ ആരാധനയിൽ സംബന്ധിച്ച് ധന്യരായി. മഹായിടവകയിലെ അവികസിത ഗ്രാമപ്രദേശത്ത് പ്രവർത്തിച്ച ഒരു പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററുടെ മകൻ, ഗ്രാമീണനായി ജനിച്ചുവളർന്ന ഒരാൾ മദ്ധ്യ കേരളമഹായിടവകയുടെ ബിഷപ്പാകുക എന്നുള്ളത് ഒരത്ഭുതമല്ലേ.

ഹൃദയം തുറന്നു പറഞ്ഞാൽ ഒന്നും പ്രശംസിക്കുവാനില്ലാത്ത വളരെ ബലഹീനതകൾ ഉള്ള ഒരു സാധാരണക്കാരൻ ബിഷപ്പ് സ്ഥാനത്തെ ത്തുക ഒരത്ഭുതമല്ലേ?

സത്യം പറഞ്ഞാൽ ഈ സ്ഥാനം ഒട്ടും പ്രതീക്ഷിക്കാത്ത ഒരാൾ ഈ സ്ഥാനത്താകുക അത്ഭുതമല്ലേ?

വളരെ എതിർപ്പുകൾ കാരണമില്ലാതെ നേരിട്ട ഒരാൾ, നിശബ്ദമായി പ്രതികരിച്ച ഒരാൾ ബിഷപ്പാകുക അത്ഭുതമല്ലേ?

"ഞാൻ പലർക്കും ഒരത്ഭുതമായിരിക്കുന്നു." എന്ന വാക്കുകൾ അന്വർത്ഥമായി. ഇന്നും അങ്ങനെ തന്നെ.

"ദൈവം ബലവാന്മാരെയല്ല തെരഞ്ഞെടുക്കുന്നത്, തെരഞ്ഞെടുക്കുന്നവരെ ബലവാന്മാരാക്കുകയാണ്." ഈ ആരാധനയിലും ക്രമീകരണങ്ങളിലും കതീഡ്രലിലെ കമ്മറ്റിയും ജനങ്ങളും ആത്മാർത്ഥമായി സഹായിച്ചു. യുവജനങ്ങൾ വോളന്റിയേഴ്സ് ആയി കഠിനമായി പ്രവർത്തിച്ചു. ഒരു കപ്പ് കാപ്പി പോലും അവർക്ക് കൊടുക്കുവാനായില്ല. അവരോട് നന്ദി മാത്രം. സ്ഥാനാഭിഷേകം കഴിഞ്ഞ ഉടൻ ബിഷപ്പ് ഹൗസിൽ എത്തി. ആദ്യത്തെ പാസ്റ്ററൽ ബോർഡ് കൂടി അധികാരം ഉറപ്പിച്ചു.

## ബിഷപ്സ് ഹൗസിലേക്ക്

സ്ഥാനാഭിഷേകം കഴിഞ്ഞ് നേരെ മൂലേടത്തെ കൊച്ചുവീട്ടിലേക്ക് മടങ്ങി. അടുത്ത ദിവസം ബിഷപ്സ് ഹൗസിലേക്ക് താമസം മാറ്റി. പുരാതനവും, ശ്രേഷ്ഠരായ ആളുകൾ താമസിച്ചിരുന്നതുമായ ബൃഹത്തായ ഭവനത്തിലേക്ക് പ്രവേശിക്കുമ്പോൾ കണ്ണുകൾ നിറഞ്ഞു. ദൈവത്തിന് സ്തോത്രം ചെയ്തു. വല്യപ്പച്ചന്റെ വാക്കുകൾ അന്വർത്ഥമായി.

"എന്റെ മക്കൾക്ക് ഞാൻ നട്ടിട്ടില്ലാത്ത മുന്തിരിത്തോട്ടവും ഞാൻ വയ്ക്കാത്ത വീടും, ഞാൻ വെട്ടിയിട്ടില്ലാത്ത കിണറും ദൈവം നൽകും."

മിഷനറി പ്രവർത്തനങ്ങൾക്കായി കോടുകുളഞ്ഞി വിട്ട് പന്തളം, ഐരാണിക്കുടിയിൽ അദ്ധ്യാപകനും ആശാനുമായി പ്രവർത്തിച്ച നിർമ്മലനായ വല്യതോട്ടത്തിൽ മാത്തൻ ആശാൻ ദിവസവും എട്ടും പത്തും താണവർഗ്ഗത്തിൽപെട്ട ആളുകളുമായി ഭക്ഷണത്തിന് വരുമ്പോൾ സമർത്ഥയായ വല്യമ്മച്ചി ചോദിക്കുമായിരുന്നു. "ഇങ്ങനെ മറ്റുള്ളവരെ ഊട്ടിയാൽ നമുക്ക് 3 ആൺ പിള്ളേരല്ലെ അവരുടെ കാര്യം ആര് നോക്കും?" എന്ന്. അതിന് മറുപടി പറഞ്ഞവാക്കുകളാണ് മേലുദ്ധരിച്ചത്.

അതിവിശാലവും, പുരാതനവുമായ ബിഷപ്സ് ഹൗസിൽ താമസത്തിനായി വന്നപ്പോൾ "ഞാൻ വയ്ക്കാത്ത വീട്" ദൈവത്തിന്റെ പ്രവർത്തനം എത്ര വലുത്. ഈ ഭവനത്തിൽ പാർക്കുവാനുള്ള എന്റെ യോഗ്യത എന്ത്? ദൈവകൃപയല്ലാതെ മറ്റൊന്നുമല്ല.

180–ലധികം വർഷത്തെ പഴക്കമുള്ള ഈ വലിയ മന്ദിരത്തിൽ എന്റെ മുൻഗാമികളായി 9 ബിഷപ്പുമാർ താമസിച്ചിട്ടുണ്ട്. 5 വിദേശികളും 4 സ്വദേശികളും. എല്ലാവരും പ്രശസ്തർ. സാധാരണക്കാരിൽ സാധാരണക്കാരനായ എനിക്ക് ദൈവം തന്ന കൃപ മാത്രം.

## പൊതുസ്വീകരണം മാറ്റിവയ്ക്കുന്നു

ബിഷപ്പുമാരെ വാഴിച്ചുകഴിഞ്ഞാൽ ഒരു പൊതുയോഗം, പബ്ലിക് റിസപ്ഷൻ ക്രമീകരിക്കുക പതിവാണ്. അങ്ങനെ ഒന്നു ക്രമീകരിക്കുവാൻ മഹായിടവക തയ്യാറെടുപ്പ് തുടങ്ങി. എന്നാൽ തല്ക്കാലം ഒരു പൊതുസ്വീകരണം വയ്ക്കേണ്ടതില്ല എന്ന് ഞാൻ നിർദ്ദേശിച്ചു. കാരണം ചുരുക്കം ചിലർ ബിഷപ്പ് സ്ഥാനം ലഭിക്കാതെ നിരാശപ്പെട്ടിരിക്കുമ്പോൾ അമിതമായി നാം ആഹ്ലാദം പ്രകടിപ്പിക്കുന്നത് ശരിയല്ല എന്നു തോന്നി. അങ്ങനെ പൊതുസ്വീകരണത്തിനുള്ള ഒരവസരം വേണ്ടെന്നു വച്ചു. അമിതമായി അഹങ്കരിക്കുവാൻ ഇടയാകാതെയിരിക്കുവാൻ ഈ മാറ്റിവയ്ക്കൽ സഹായിച്ചു എന്നു കരുതുന്നു. എന്നാൽ മറ്റൊരു ബിഷപ്പിനും ലഭിക്കാത്തവിധം ഗ്രാമഗ്രാമാന്തരങ്ങളിൽ വലിയ വലിയ സ്വീകരണങ്ങൾ ലഭിക്കുവാൻ ഇടയായി. ഇത് എന്നെ കൂടുതൽ വിനയാന്വിതനാക്കുന്നു.

## നഗരസഭയുടെ സ്വീകരണം

കോട്ടയം മുനിസിപ്പാലിറ്റി ഒരു സിവിക് റിസപ്ഷൻ നൽകി. ദേശത്തെ പ്രമുഖരായ ആളുകൾ എല്ലാം അവിടെ ഉണ്ടായിരുന്നു. ഒരു ബിഷപ്പിന് കിട്ടാവുന്ന ഏറ്റവും വലിയ ബഹുമതിയായിരുന്നു അത്. ഇതിനുമുമ്പ് കാതോലിക്കാ ബാവായ്ക്ക് മാത്രമാണ് ഇങ്ങനെ ഒന്നു ലഭിച്ചത്.

കോട്ടയം നഗരസഭാഹോളിൽ വച്ച് 27-01-1994 ൽ ഒരു പൊതുസ്വീകരണം നല്കി. മുനിസിപ്പൽ ചെയർമാൻ എൻ.കെ. പൊതുവാൾ അദ്ധ്യക്ഷനായിരുന്നു.

മനോരമ ചീഫ് എഡിറ്റർ കെ.എം. മാത്യു, ഏബ്രഹാം ഈപ്പൻ പാലാമ്പടം, പി.എൻ.കെ. പിള്ള, പി.സി. ചെറിയാൻ മടുക്കാനി, ഡോ. ആർ.വി. ജോസ്, പി.എസ്. ബഷീർ, കെ.വി. ഗോപാലകൃഷ്ണൻ നായർ, റ്റി.ഡി. മാത്യു എന്നിവർ പ്രസംഗിച്ചു.

## ദേവലോകം സന്ദർശനം

ഞാൻ പിതൃതുല്യം സ്നേഹിക്കുന്ന പരിശുദ്ധ കാതോലിക്കാബാവാ മാത്യൂസ് ദ്വിതീയൻ തിരുമേനിയെ സന്ദർശിക്കുവാൻ പിറ്റെ ദിവസം തന്നെ പോയി.

**കെ.എം. മാത്യു** – ആദ്യം കെ.എം. മാത്യുവിനെ വീട്ടിലെത്തി സന്ദർശിച്ചു. അന്ന് അവരുടെ വിവാഹവാർഷികമായിരുന്നു. ഒരുമിച്ച് പ്രഭാതഭക്ഷണം കഴിച്ചു. സ്നേഹം പങ്കിട്ടു. അവിടെ നിന്ന് ദേവലോകത്തിനു പോയി. പരിശുദ്ധ ബാവാ താഴെ ഇറങ്ങിവന്ന് സ്വീകരിച്ച് മുകളിൽ ഹാളിൽ കൊണ്ടുപോയി. അവിടെ നിറഞ്ഞിരുന്ന വൈദികരും ക്ഷണിതാക്കളും

ചേർന്ന് ഒരു നല്ല സ്വീകരണം നല്കി. ബാവായും മാത്തുക്കുട്ടിച്ചായനും (കെ. എം. മാത്യു) ഇക്കാര്യങ്ങൾ എഴുതി ആശംസകളറിയിച്ചിട്ടുണ്ട്. ഇവർ ഇരുവരും മരിക്കുംവരെ ഈ സ്നേഹം തുടർന്നു. മാത്തുക്കുട്ടിച്ചായൻ എന്നെ വളരെ സ്നേഹിച്ച ഒരാളാണ്.

## മെത്രാഭിഷേകം

മാർത്തോമ്മാ സഭയിലെ 3 മെത്രാന്മാരെ ഒരു മാസം കഴിഞ്ഞ് വാഴിച്ചു. അവർക്ക് മാർത്തോമ്മാ സഭ നൽകിയ സ്വീകരണങ്ങളിൽ ഒക്കെ എനിക്കും സ്വീകരണം നൽകി.

1993 ഒക്ടോബർ 2 മാർത്തോമ്മാസഭ 3 ബിഷപ്പുമാരെ വാഴിക്കുന്നു. **ജോസഫ് മാർ ബർണബാസ്, തോമസ് മാർ തിമോത്തിയോസ്, ഐസക് മാർ പീലക്സിനോസ്.** ഈ ശുശ്രൂഷയിൽ സംബന്ധിക്കുവാനുള്ള അവസരം ലഭിച്ചു.

ആയിരങ്ങൾ തടിച്ചുകൂടിയ ഈ ഭയഭക്തിനിർഭരമായ ആരാധനയിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിച്ചു എന്നുള്ളത് ഒരു വലിയ അനുഭവവും അംഗീകാരവുമായിരുന്നു. ബിഷപ്പ് ആകുന്നതിനു മുമ്പുതന്നെ എന്നെ ക്ഷണിച്ചിരുന്നതാണ്. ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്യുവാൻ ദൈവം പ്രാപ്തി നൽകി.

ഐരാണിക്കുടിയിലെ മാർ ബർസൗമാ ഓർത്തഡോക്സ് ഇടവക ഗംഭീരമായ ഒരു സ്വീകരണം നല്കിയത് നന്ദിയോടെ ഓർക്കുന്നു.

സ്വീകരണങ്ങളുടെ ഒരു ഘോഷയാത്ര തന്നെ നടന്നു. വർഷങ്ങളായി എപ്പിസ്കോപ്പൽ സന്ദർശനം ലഭിക്കാതിരുന്ന സ്ഥലങ്ങളിൽ മലയും കാടും നിറഞ്ഞ പ്രദേശങ്ങളിലെല്ലാം കടന്നുചെന്ന് ജനങ്ങളുടെ സ്നേഹോഷ്മളമായ സ്വീകരണം ലഭിച്ചത് ഒരനുഭവം തന്നെയായിരുന്നു.

കേന്ദ്രത്തിൽ പൊതുസ്വീകരണം ഉപേക്ഷിച്ചെങ്കിലും ജനങ്ങളുടെ പൊതുസ്വീകരണം ലഭിച്ചതിൽ ദൈവത്തിനു സ്തോത്രം. ജനങ്ങളുടെ ഒരു സാധാരണ ബിഷപ്പ് ആയിരിക്കുകമാത്രമാണാഗ്രഹം. Not a Lord Bishop, but an ordinary people's Bishop.

# തിളക്കമാർന്ന മഹായിടവക എന്ന സ്വപ്നം

## ആദ്ധ്യാത്മിക നവോത്ഥാനം സഭയിൽ മുൻഗണനാക്രമം

### 1. ശത്രുക്കളെ മിത്രങ്ങളാക്കുക

ഇതൊരളവുവരെ വിജയിച്ചു എന്നു പറയുവാൻ കഴിയും. കേസു കൊടുത്തവരെയും സ്നേഹത്തോടുകൂടി വീക്ഷിച്ചു.

ഏബ്രഹാം ലിങ്കൻ പറഞ്ഞു. "I am going to destroy my enemies, by making them friends" ഏബ്രഹാം ലിങ്കൺ ആദരണീയനായ രാഷ്ട്രീയ നേതാവാണ്. ഞാൻ ബിഷപ്പായപ്പോൾ ഞാൻ വഹിച്ചിരുന്ന ഡയോസിസൻ സെക്രട്ടറി സ്ഥാനം വെരി. റവ. എം.റ്റി. തര്യൻ അച്ചന് താല്പര്യമാണെങ്കിൽ കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു. പലരും എന്നെ നിരുത്സാഹപ്പെടുത്തി എങ്കിലും – എന്റെ മഹായിടവകയെ നോക്കുമ്പോൾ ഈ സ്ഥാനത്തിന് തര്യൻ അച്ചനാണ് പറ്റിയ ആൾ എന്നു ഞാൻ വിശ്വസിച്ചു.

### തര്യനച്ചൻ സെക്രട്ടറിയാകുന്നു

ബിഷപ്പ് സ്ഥാനം കിട്ടാത്തതിൽ തര്യനച്ചൻ ദുഃഖിതനാണ് എന്നും അച്ചനെ ഒന്നിനും അടുപ്പിക്കരുത് എന്നും പലരും പറഞ്ഞു.

ബിഷപ്പായി എനിക്ക് സ്ഥാനക്കയറ്റം കിട്ടിയപ്പോൾ ഞാൻ വഹിച്ച സെക്രട്ടറി സ്ഥാനം ഒഴിഞ്ഞു കിടക്കുന്നു. എക്സിക്യൂട്ടീവാണ് ഒഴിവു നികത്തേണ്ടത്. പലരുടെയും പേരുകൾ ഉയർന്നുവന്നു. തര്യനച്ചൻ ആ സ്ഥാനത്തു വരണമെന്നെനിക്കാഗ്രഹമുണ്ടായിരുന്നു. അച്ചൻ സ്വീകരിക്കുമോ എന്നുള്ള സംശയവും ഉണ്ടായിരുന്നു.

എന്നാൽ ഞാൻ തന്നെ അച്ചനെ വിളിച്ചു ഈ താല്പര്യം പറഞ്ഞു. ആദ്യം അല്പം മടി പറഞ്ഞു. എന്നാൽ വീണ്ടും ഞാൻ വിളിച്ചു. "അച്ചാ, നമ്മൾ ഒന്നിച്ചു നിന്നാൽ മഹായിടവകയ്ക്ക് അതൊരനുഗ്രഹമാകും. അല്ലെങ്കിൽ മഹായിടവകയുടെ പ്രവർത്തനത്തെ അത് ബാധിക്കും." എന്നു പറഞ്ഞു. ഉടനെ അച്ചൻ സ്വീകരിക്കാമെന്നു സമ്മതിച്ചു.

പിറ്റെ ദിവസം കൂടിയ എക്സിക്യൂട്ടീവിൽ തെരഞ്ഞെടുപ്പിനെക്കുറിച്ച് ഞാൻ പറഞ്ഞു. നിങ്ങളുടെ സ്വാതന്ത്ര്യമാണ്. എന്നാൽ എനിക്ക് ഒരു

നിർദ്ദേശമുണ്ട്. പ്രിയപ്പെട്ട തര്യനച്ചൻ സെക്രട്ടറി ആകണമെന്നുള്ളതാണെന്റെ ആഗ്രഹം. ചില നിമിഷങ്ങളിലെ മൗനത്തിനുശേഷം 'തിരുമേനിക്ക് അതാണിഷ്ടമെങ്കിൽ അങ്ങനെയാകട്ടെ' എന്ന് അവർ പറഞ്ഞു.

എം. റ്റി. തര്യനച്ചൻ സെക്രട്ടറി ആയിരിക്കുന്നു എന്നു പ്രഖ്യാപിച്ചു. ഞാൻ ഡയസിൽ നിന്നിറങ്ങി അച്ചനെ ആലിംഗനം ചെയ്തു. അച്ചന്റെ മരണം വരെ ആ സ്നേഹം നിലനിർത്തുവാനും സാധിച്ചു. ഞാനിരുന്ന കാലം മുഴുവൻ അച്ചൻ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചു. വർക്കി ജോർജ് അത്മായ സെക്രട്ടറിയായും. ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചു.

എന്നെ വേദനിപ്പിക്കുകയും കേസിൽ കുടുക്കുകയും ചെയ്തവർ ഒന്നൊന്നായി വന്ന് ക്ഷമ പറഞ്ഞു. അവരെയെല്ലാം സ്നേഹപൂർവ്വം സ്വീകരിക്കുകയും ഇടപെടുകയും ചെയ്തതിന്റെ ഫലമായി അവരെല്ലാം നല്ല സ്നേഹിതരായി. ഇത് ഇഷ്ടപ്പെടാത്ത കുറെപ്പേരുണ്ടായിരുന്നു എന്നുള്ളത് സത്യം. ഒരുത്തരോടും വിദ്വേഷം വച്ചുപുലർത്തിയില്ല.

## പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നു

സോഷ്യോ-ഇക്കണോമിക് ഡവലപ്മെന്റ് സൊസൈറ്റി എന്ന പേരിൽ ഒരു വികസന സമിതി ജോസഫ് തിരുമേനിയുടെ കാലത്തുണ്ടായിരുന്നു. റവ. കെ. ജെ. ജോണിന്റെ നേതൃത്വത്തിൽ അതു ഭംഗിയായി പ്രവർത്തിച്ചു വന്നു. മാണി തിരുമേനിയുടെ കാലത്ത് ഈ സംഘടന എതിർചേരിയിലേക്കു നീങ്ങി പല പ്രശ്നങ്ങളുമുണ്ടായി. 52 കോടതി കേസുകൾ ബിഷപ്പിനും മഹായിടവകയ്ക്കും എതിരായി ഉണ്ടായി. കെ.ജെ. ജോണച്ചനും എസ്.ഇ.ഡി.എസും സഭയിൽ നിന്നന്യപ്പെട്ടുപോയി. നേതാക്കളെയെല്ലാം ബിഷപ്സ് ഹൗസിൽ വിളിച്ചുവരുത്തി ഒരു രാത്രി മുഴുവൻ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ദൈവകൃപയാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. നിരുപാധികം കേസുകൾ എല്ലാം പിൻവലിക്കാൻ തീരുമാനിച്ചു. എല്ലാ കേസുകളും പിൻവലിക്കപ്പെട്ടു. താമസിയാതെ തന്നെ ജോണച്ചൻ നിര്യാതനായി.

യുവജനപ്രസ്ഥാനത്തിന്റെ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. ചങ്ങനാശ്ശേരി യൂത്ത് സെന്ററും വിട്ടു തരുവാനുള്ള നടപടികളായി. എന്നാൽ ചില സാങ്കേതിക തടസ്സങ്ങളാൽ പൂർണ്ണമായി കൈവശം ലഭിച്ചില്ല. ചർച്ചകൾ തുടരുന്നു. പലപ്പോഴും അവിടെ പോകുന്നതിനും സൗഹൃദാന്തരീക്ഷം ഉളവാക്കുന്നതിനും ഇടയായി.

## യുവജനപ്രസ്ഥാനത്തിലെ പ്രശ്നങ്ങൾ

യുവജനപ്രസ്ഥാനത്തിൽ നിലവിലിരുന്ന പ്രശ്നങ്ങൾ പരിഹരിക്കു

ന്നതിന് 1995 ജൂണിൽ വർക്കി ജോർജ്ജ് കൺവീനറായി ഒരു കമ്മറ്റി നിയമിക്കപ്പെട്ടു. വെരി. റവ. എം. റ്റി. തര്യൻ, റവ. റ്റി. ഒ. ഉമ്മൻ, റവ. കെ. ജെ. ജോൺ, റവ. സി. വൈ. തോമസ്, സാം ഏബ്രഹാം, മാത്യു എം. ജോൺ, ടോമി മാത്യു, ഡി. ജോയി എന്നിവർ അംഗങ്ങളായിരുന്നു. പല പ്രാവശ്യം ഈ കമ്മറ്റി കൂടുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ചങ്ങനാശ്ശേരി കേന്ദ്രമായി പ്രവർത്തിച്ച യുവജനസഖ്യവുമായി ഒരു ധാരണയിൽ എത്തി. എന്നാൽ അത് പ്രാവർത്തികമാക്കുവാൻ മറ്റു ചില കാരണങ്ങളാൽ അപ്പോൾ സാധ്യമായില്ല. അതുകൊണ്ട് യൂത്ത് സെന്റർ ഉടനെ കൈവശമെടുക്കുവാൻ സാധിച്ചില്ല. എങ്കിലും ഒരു ധാരണയിൽ യുവജനപ്രസ്ഥാനം പ്രവർത്തിച്ചുപോന്നു.

## 2. വില്ലേജ് ചർച്ച് ഡവലപ്പ്മെന്റ്: ചില ഉദാഹരണങ്ങൾ

മഹായിടവകയിലെ നിരവധി ഗ്രാമീണ ദേവാലയങ്ങളും മിഷൻ വീടുകളും പാഴ്സനേജുകളും തകർന്ന അവസ്ഥയിലാണ്. ബിഷപ്പുമാരെ കണ്ടിട്ടില്ലാത്ത സഭകൾ പോലുമുണ്ട്. അങ്ങനെയുള്ള നിരവധി ഉപസഭകൾ സന്ദർശിക്കുന്നതിന് സാധിച്ചു. ഈ ദേവാലയങ്ങളുടെയും വീടുകളുടെയും പുനരുദ്ധാരണം ഒരത്യാവശ്യമാണെന്നു മനസ്സിലാക്കി. ഇതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചു. ആദ്യത്തെ 5 വർഷത്തിനുള്ളിൽ തന്നെ നിരവധി സ്ഥലങ്ങളിൽ ഈ പദ്ധതികൾ നടപ്പാക്കി. രണ്ടരക്കോടിയോളം രൂപ ഇതിനു മാത്രമായി ചെലവാക്കി. കൂടാതെ പ്രാദേശികമായി ഉണ്ടാക്കിയ പണവും. ഉദാ: അരയാഞ്ഞിലിമൺ. വെച്ചൂച്ചിറയുടെ ഉപസഭ. ഈറ്റകൊണ്ടുണ്ടാക്കി ഈറ്റയുടെ ഇലകൊണ്ടു മേഞ്ഞ് 4 ചെറിയ തൂണുകളിന്മേൽ പലക ഉയർത്തിവച്ച് വി. സംസർഗ്ഗമേശയുണ്ടാക്കി ആരാധിക്കുന്ന ഒരു സ്ഥലം. വഴി സൗകര്യമില്ല. വനപ്രദേശം. എന്നാൽ ഉത്സാഹമുള്ള ഒരു ജനവിഭാഗം. അവിടെ ഒരു ദേവാലയവും മിഷൻ വീടും ഉണ്ടായി. **വില്ലേജ് ചർച്ച് ഡവലപ്മെന്റ് ഫണ്ട്** എന്നൊരു ഫണ്ട് ഉണ്ടായി.

അതുപോലെ മറ്റൊരു സ്ഥലമാണ് റാന്നി പെരുനാട്. ഒരു മലമുകളിൽ വെട്ടിക്കെട്ടുണ്ടാക്കി ആരാധിക്കുന്ന ഒരു ചെറിയ സഭ. അവിടെ നടന്നു കയറിച്ചെന്ന് ആരാധന നടത്തുവാൻ ഇടയായി.

ഓമല്ലൂരിന്റെ ഉപസഭയായ പറയനാലി. കാട്ടുകമ്പുകൾ കൊണ്ടുണ്ടാക്കിയ ഷെഡിൽ ആരാധിച്ചു. മനോഹരമായ ഒരു പള്ളി അവിടെയുണ്ടായി. വിദേശസഭകൾ കാര്യമായി ഇതിലെല്ലാം പങ്കുകൊണ്ടു. ഇങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ട്.

ചുരുങ്ങിയ കാലയളവിൽ 138 പുതിയ പള്ളികൾ ഉണ്ടായി. 75 പാഴ്സനേജുകളും മിഷൻ വീടുകളും നിർമ്മിച്ചു. 15 പുതിയ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. 18 സ്കൂൾ കെട്ടിടങ്ങൾ പുതുക്കിപ്പണിതു. കൂടാതെ കോർപെഡ് എന്ന പരിപാടിയിൽ 14 സ്കൂളുകൾ പുനരുദ്ധരിക്കപ്പെട്ടു. ഇതിനുവേണ്ടി ഓടി നടന്ന സി.എം. ജോൺ സാറിനെ അഭിനന്ദിക്കുന്നു. 16 പാരിഷ് ഹോളുകളും 14 ഇതര സ്ഥാപനങ്ങളുമുണ്ടായി. 43 പള്ളികൾ പുതുക്കി വിപുലീകരിച്ചു.

നല്ല നിലവാരം പുലർത്തുന്ന പള്ളികളും പാഴ്സനേജുകളും ഇതര സ്ഥാപനങ്ങളും ഉണ്ടായേ തീരൂ എന്ന അവബോധം ജനങ്ങളിൽ ജനിക്കുവാൻ ഇടയായി. അതാണേറ്റവും വലിയ നേട്ടം.

ഈ വികസനം ഭൗതിക കാര്യങ്ങളിൽ മാത്രമല്ല ഉണ്ടാകേണ്ടത് എന്നു കരുതി ആത്മീയ നവോത്ഥാനത്തിനു വേണ്ടിയുള്ള പദ്ധതികളും ആവിഷ്കരിക്കപ്പെട്ടു. എല്ലാ ഇടവകകളിലും പ്രാർത്ഥനാ സെല്ലുകൾ രൂപീകരിക്കപ്പെട്ടു. കൊച്ചുകൊച്ചു പ്രാർത്ഥനാ കൂട്ടങ്ങൾ. ബൈബിൾ പഠനവും കൂട്ടായ്മയോഗങ്ങളും സംഘടിപ്പിക്കപ്പെട്ടു. മിഷനറി ഫെസ്റ്റിവലുകൾ നടത്തി. ആയിരക്കണക്കിനാളുകൾ ബൈബിളുമേന്തിശുഭ്രവസ്ത്രധാരികളായി വലിയ വലിയ റാലികൾ മഹായിടവകയിലെങ്ങും നടത്തി. ബൈബിളിന്റെ പ്രാധാന്യം വിളിച്ചോതുന്നതായിരുന്നു ഈ റാലികൾ. വലിയ സാക്ഷ്യത്തിന്റെ അവസരങ്ങളുമായിരുന്നു. ജനങ്ങളുടെ സഹകരണം ഉറപ്പാക്കി.

## പെരുംതുരുത്തി

പൊട്ടിത്തകർന്ന അവസ്ഥയിലായിരുന്നു. അവിടെ സ്ഥിരീകരണത്തിനു ചെന്നപ്പോൾ മദ്ബഹായുടെ മുമ്പിലുള്ള ആർച്ച് പൊട്ടിത്തകർന്ന് വീഴാറായിരിക്കുന്നു. കസേര മാറ്റിയിട്ടാണ് സ്ഥിരീകരണം നടത്തിയത്. പിറ്റെ ദിവസം ഞാൻ അമേരിക്കക്കു പോകുകയായിരുന്നു. അവിടെ ന്യൂയോർക്ക് വുഡ്ഹേവൻ പള്ളിയിൽ പ്രസംഗമദ്ധ്യേ ഈ അവസ്ഥ വിവരിച്ചു. ആ പള്ളിപണിയുടെ ചെലവ് ആ ഇടവക വഹിച്ചു. ഇന്ന് മനോഹരമായ ഒരു പള്ളി അവിടെയുണ്ട്. അങ്ങനെ ഒട്ടനവധി പള്ളികൾ വിദേശ ഇടവകകളുടെ സഹായത്തോടെ പണിതുയർത്തി.

## പാണ്ടനാട് പള്ളി

ഒരു വലിയ തെങ്ങിൻതൂണിന്റെ സപ്പോർട്ടിൽ താഴെ വീഴാതെ നില്ക്കുകയായിരുന്നു. ഭയന്നാണ് അവിടെ ശുശ്രൂഷക്കായി ആളുകൾ വരുന്നത്. അബുദാബിയിൽ ഫോട്ടോ സ്റ്റുഡിയോ നടത്തുന്ന കിടങ്ങന്നൂർ സ്വദേശി രാജു തന്റെ ദശാംശം കൊണ്ട് ആ പള്ളി പണിയിച്ചുതന്നു.

പർക്കാലിലും ഒരു പള്ളി ഈ സഹോദരൻ നിർമ്മിച്ചു തന്നിട്ടുണ്ട്. ഇങ്ങനെ എത്ര എത്ര പള്ളികൾ. നമ്മെ സഹായിക്കാൻ ധാരാളം ആളുകളുണ്ട്. അവരെ ബോധ്യപ്പെടുത്തുകയും അവരുടെ വിശ്വാസം ആർജ്ജിക്കുകയും ചെയ്താൽ ഇക്കാര്യങ്ങൾ എല്ലാം സുസാധ്യമാണ്.

## വിദ്യാഭ്യാസമേഖല

ഒരു കാലത്ത് സമുന്നത നിലവാരം പുലർത്തിയിരുന്ന നമ്മുടെ വിദ്യാഭ്യാസ മേഖല വളരെ പിന്നോക്കം പോയിരുന്നു. അദ്ധ്യാപക മാനേജ്മെന്റ് ബന്ധം സുദൃഢമാക്കി. അദ്ധ്യാപക കോൺഫറൻസുകൾ മേഖലാടി സ്ഥാനത്തിലും ഡയോസിസൻ ലവലിലും ക്രമമായി നടത്തി. അദ്ധ്യാപകസംഘടന വളരെ ക്രിയാത്മകമായി പ്രവർത്തിച്ചു. അദ്ധ്യാപകർക്ക് വേണ്ട കാലിക പരിശീലനം നല്കി. അദ്ധ്യാപകരിൽ നിന്ന് വളരെ നല്ല സഹകരണം ലഭിച്ചു. സ്കൂളുകളുടെ നിലവാരം ഉയർത്തുവാൻ സംയുക്തമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. നല്ല ഒരു അദ്ധ്യാപക സംഘടന നമുക്കുണ്ട്.

## സ്ത്രീജനസഖ്യത്തിന്റെ പ്രവർത്തനങ്ങൾ

കൂടുതൽ ശാക്തീകരിച്ചു. ചർക്കാരിമിഷനുവേണ്ടി പണം ശേഖരിച്ച് അവിടെ മനോഹരമായ പള്ളി പണിതുകൊടുത്തു. അഗപ്പെ ഉൾപ്പെടെയുള്ള പരിപാടികൾ കൂട്ടിച്ചേർത്ത് സ്ത്രീജനസഖ്യ പ്രോജക്ടുകളെല്ലാം ഭംഗിയാക്കി. കേന്ദ്ര ഭവനമായ സെന്റ് മോണിക്കാസ് കെട്ടിടം പുതുക്കിപ്പണിതു. ചാപ്പൽ ഭംഗിയാക്കി ഗ്രിൽ ഇട്ടു ബന്ധവസാക്കി. അവിടെ ലേഡീസ് ഹോസ്റ്റലും ആരംഭിച്ചു. മാവേലിക്കര അനിൽ മെമ്മോറിയൽ വൃദ്ധഭവനം ഉണ്ടായി. പാവപ്പെട്ട ധാരാളം പേർക്ക് വിവാഹസഹായം, വൈദ്യസഹായം, ഭവനസഹായം, വിദ്യാഭ്യാസസഹായം എന്നിവ നൽകി സ്ത്രീജനസഖ്യം പ്രവർത്തിച്ചു. മൈസൂർ മിഷനുവേണ്ടി 10 ലക്ഷം രൂപ ശേഖരിച്ച് ഫണ്ടായി സൂക്ഷിച്ചിട്ടുണ്ട്.

## 3. നിലവാരമുള്ള പട്ടത്വസമൂഹം

നിലവാരമുള്ള പട്ടക്കാരാണ് സഭയുടെ അഭിമാനം. നമ്മുടെ മഹായിടവകയ്ക്ക് അഭിമാനത്തിന് വക നൽകുന്ന പട്ടത്വ സമൂഹമാണ് ഉള്ളത്. ഒരു കാലത്ത് ദേശത്ത് വളരെ സ്വാധീനമുള്ള ഒരു സമൂഹമായിരുന്നു നമ്മുടെ പട്ടക്കാർ. പട്ടത്വസമൂഹത്തിന്റെ നിലവാരമുയർത്തുവാനുള്ള ആഗ്രഹമുണ്ടായിരുന്നു. അതുപോലെ ഉപദേശിമാരുടെയും. അതുകൊണ്ട് പട്ടക്കാർക്ക് ബിരുദമോ ബിരുദാനന്തര ബിരുദമോ ഉണ്ടായിരിക്കണം എന്നു തീരുമാനിച്ചു. ഉപദേശിമാർ പ്രീഡിഗ്രിയോ പ്ലസ്ടുവോ യോഗ്യത

ഉള്ളവരായിരിക്കണം എന്നും നിഷ്കർഷിച്ചു. വ്യക്തമായ മാനദണ്ഡം കൂടാതെ ആരെയും എടുക്കരുതെന്ന് നിഷ്കർഷിച്ചു. പ്രൊബേഷൻ രണ്ടു വർഷമാക്കി. വേദശാസ്ത്രപഠനത്തിന് മുമ്പ് ഒരു വർഷം, പഠനത്തിനു ശേഷം ഒരു വർഷം. പഠനങ്ങളും റിപ്പോർട്ടുകളും വളരെ കർക്കശമാക്കി. നല്ല നിലവാരവും സ്വാഭാവവും ഉള്ളവരെ മാത്രം വൈദിക ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തു.

പട്ടക്കാർക്കും ഉപദേശിമാർക്കും റിഫ്രഷർ കോഴ്സുകൾ ക്രമീകരിച്ചു. ക്ലെർജി കോൺഫ്രൻസുകൾ ക്രമമായി നടത്തി. ബസ്ക്യാമ്മമാർക്കും ക്ലാസുകളും കോഴ്സുകളും നടത്തി. ഉപദേശിമാരുടെ തെരഞ്ഞെടുപ്പിനും വ്യക്തമായ മാനദണ്ഡമുണ്ടാക്കി. പട്ടക്കാർക്കും ഉപദേശിമാർക്കും ദൂരെ സ്ഥലങ്ങളിൽ പോയി താമസിച്ച് റിട്രീറ്റ് നടത്തുവാനുള്ള സൗകര്യം ഉണ്ടാക്കി. പ്രശ്നങ്ങൾ ഉള്ളവരെ ബിഷപ്സ് ഹൗസിൽ വിളിച്ചു സംസാരിച്ചു. ചാപ്പലിൽ വച്ച് പ്രാർത്ഥിച്ച് സന്തോഷത്തോടെ പോകുന്നത് കണ്ടിട്ടുണ്ട്.

പട്ടക്കാരെയും കുടുംബങ്ങളെയും 12 പേരുള്ള ഗ്രൂപ്പുകളായി ബിഷപ് ചാപ്പലിൽ വരുത്തി രണ്ടു ദിവസം ഒരുമിച്ച് താമസിച്ച് വളരെ ഇൻഫോർമലായി അവരുമായി അനുഭവങ്ങൾ പരസ്പരം പങ്കിടുന്ന, ഷെയർ ചെയ്യുന്ന ഒരു പരിപാടി ആവിഷ്കരിച്ചത് വളരെ പ്രയോജനം ചെയ്തു. മറ്റു സഭകൾ പോലും ഇതനുകരിച്ചു എന്നുള്ളത് സന്തോഷകരമാണ്. പട്ടക്കാരുടെയും ബസ്ക്യാമ്മമാരുടെയും ഉപദേശിമാരുടെയും ഭാര്യമാരുടെയും സമ്മേളനങ്ങൾ ക്രമമായി നടന്നു. അതിൽ നിർബന്ധമായും എല്ലാവരും സംബന്ധിക്കുവാൻ ആഹ്വാനം നൽകി. എല്ലാവരും സഹകരിച്ചു.

ഉപരിപഠനത്തിനായി പട്ടക്കാരെ പ്രോത്സാഹിപ്പിച്ച് അയച്ചുകൊണ്ടിരുന്നു. ഇതുകൊണ്ടുമാത്രമായില്ല. അവരുടെ ജീവിതനിലവാരം ഉയർത്തുവാനുള്ള ക്രമീകരണങ്ങളും ഉണ്ടായി. മൂന്നു പ്രാവശ്യം ശമ്പളപരിഷ്കാരം നടത്തി. പെൻഷനായ അച്ചന്മാരുടെയും ഉപദേശിമാരുടെയും ഭാര്യമാരുടെയും പെൻഷൻ ആനുപാതികമായി ഉയർത്തുവാനും സാധിച്ചു.

അകാലത്തിൽ ചരമമടഞ്ഞ പല പട്ടക്കാരുടെയും കുടുംബങ്ങളെ സഹായിക്കുവാൻ ക്രമീകരണം ഉണ്ടായി. വീടുകൾ ഉണ്ടാക്കിക്കൊടുക്കുവാനും പെൻഷൻ നൽകാനും വേണ്ട ക്രമീകരണങ്ങൾ ചെയ്തു. രോഗശയ്യയിലാകുന്നവരെ സഹായിക്കാൻ ദുബായ് പാസ്റ്റേഴ്സ് & ചർച്ച് വർക്കേഴ്സ് മെഡിക്കൽ എയ്ഡ് ഫണ്ട് ഉണ്ടായി.

## യുവജനപ്രസ്ഥാനം

യുവജനപ്രസ്ഥാനം രണ്ടു ഗ്രൂപ്പായി പോരടിക്കുന്നു. തകർച്ചയുടെ

വക്കിലായിരുന്നു. മഹായിടവക യുവജനപ്രസ്ഥാനത്തിൽ കൂടി വളർന്നു വന്ന ഒരാൾ എന്നുള്ള നിലയിൽ അതിന്റെ വളർച്ചയിൽ വലിയ താല്പര്യം ഹൃദയത്തിലുണ്ട്. ഭിന്നത അവസാനിച്ചു. പരിപൂർണ്ണമായ യോജിപ്പ് ഉണ്ടായി.

**Character Formation of Youth**

സി. വൈ. തോമസ് അച്ചന്റെ വലിയ സ്വപ്നമായ യൂത്ത് ഗോസ്പൽ ടീം ഇതിന് വളരെ സഹായകമാണ്. യഥാർത്ഥ ക്രിസ്തീയ അനുഭവങ്ങളുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങളെ തിരഞ്ഞെടുത്ത് രൂപം കൊടുത്ത ഗോസ്പൽ ടീം വളരെ നന്നായി നടക്കുന്നു. ഇതിൽകൂടി നല്ല ദൈവവിളിയുള്ള പട്ടക്കാരെ ലഭിച്ചുകൊണ്ടിരിക്കുന്നു. സുഗമമായി യുവജനപ്രസ്ഥാനം വളരുന്നു. യൂത്ത് കോൺഫറൻസ് ഒക്കെ വളരെ ഭംഗിയായി നടന്നുവരുന്നു.

1994-ൽ മല്ലപ്പള്ളിയിൽ വച്ച് നടന്ന കോൺഫറൻസിൽ 1500 പേർ സംബന്ധിച്ചു. അങ്ങനെ യുവജനപ്രസ്ഥാനം വളർച്ച തുടർന്നുകൊണ്ടിരിക്കുന്നു. മറ്റു യുവജനപ്രസ്ഥാനവുമായി കോമ്പറ്റീഷൻ ഉണ്ടാകാതെ സൂക്ഷിച്ചു. ക്രമേണ ആ യുവജനപ്രസ്ഥാനം നാമമാത്രമായി. ഒന്നു ചേർന്നില്ല എങ്കിലും മഹായിടവകയിൽ ഒരു യുവജനപ്രസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. യുവജനങ്ങളാണ് സഭയുടെ ശക്തികേന്ദ്രം. മഹായിടവകയിൽ ഉന്നതരായ നേതാക്കളെ വാർത്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നല്ല പട്ടക്കാരും ഉന്നത നേതാക്കളും സഭയിലും രാജ്യത്തും ഉണ്ടായി. പ്രശ്നങ്ങൾ ഒരളവുവരെ അവസാനിക്കാൻ കാരണമായി.

ഇപ്പോൾ വളരെ സുശക്തമായി പ്രവർത്തിക്കുന്ന ഒരു യുവജനപ്രസ്ഥാനം നമുക്കുണ്ട്.

യൂത്ത് ഗോസ്പൽ ടീം സി. വൈ. തോമസ് അച്ചൻ സെക്രട്ടറിയായി പ്രവർത്തിക്കുമ്പോൾ വളരെ ശക്തി പ്രാപിച്ചു. അച്ചൻ അന്ന് ബിഷപ്പ് ചാപ്ലേനും യൂത്ത് സെക്രട്ടറിയും ആയിരുന്നു. അതുകൊണ്ട് യുവജനപ്രസ്ഥാന പ്രവർത്തനങ്ങളിൽ ബിഷപ്പിന്റെ സ്വാധീനവും സഹായവും നിരന്തരം ലഭിച്ചുകൊണ്ടിരുന്നു. അച്ചന് ഇക്കാര്യത്തിൽ നല്ല താല്പര്യവുമായിരുന്നു. അച്ചന്റെ കാലത്ത് യുവജനപ്രസ്ഥാനം ക്രമീകൃതമായി വളർന്നു വന്നു. നല്ല ഒരു ചാപ്ലേൻ ആയും അച്ചൻ പ്രവർത്തിച്ചു.

## 4. റിട്രീറ്റ് സെന്ററിന്റെ പൂർത്തീകരണം

നോർത്ത് കർണാടകയിൽ ധാർവാർ എന്ന സ്ഥലത്ത് സിന്നഡ് നടക്കുകയാണ്. അവിടുത്തെ റിട്രീറ്റ് സെന്ററിൽ വച്ചാണ് അത് നടക്കുന്നത്. ഒരു ദിവസം പ്രഭാതഭക്ഷണ സമയത്ത് മാണി തിരുമേനിയോടൊപ്പം

ങ്ങൾ പ്രതിനിധികളെല്ലാം ഉണ്ട്. ഞാൻ തിരുമേനിയോട് നമുക്കിതു പോലെ ഒരു സെന്റർ ഉണ്ടാക്കുന്നത് നല്ലതാണ് എന്നു പറഞ്ഞു. തിരുമേനി ഈ ആവശ്യം മുഖവിലയ്ക്കെടുത്തു. തിരിച്ചുവന്ന ഉടനെ തന്നെ എൻജിനീയറെ അവിടെ അയച്ചു അതെക്കുറിച്ച് പഠിച്ച് ഒരു പ്ലാൻ ഉണ്ടാക്കി. താമസംവിനാ പണി ആരംഭിച്ചു. ആദ്യഘട്ടം പണി നടത്തി താഴത്തെ നിലയിലെ ഹാൾ പൂർത്തിയാക്കി. ബാക്കി പണി തുടർന്നു കൊണ്ടിരിക്കുമ്പോൾ തന്നെ അതിന്റെ പ്രതിഷ്ഠ നടത്തേണ്ടതായി വന്നു. മാണി തിരുമേനി റിട്ടയർ ചെയ്യുന്ന സമയമായിരുന്നു.

എനിക്ക് 1993-ൽ ഒന്നും ചെയ്യുവാൻ സാധിച്ചില്ല. പണമില്ലായിരുന്നു. 1994-ൽ ജർമ്മനിയിൽ ഉള്ള സി.എം.ഡബ്ല്യു എന്ന സംഘടനയുമായി ബന്ധപ്പെട്ടു. Rev. Christy L. Furtardo അന്ന് ഈ സംഘടനയുടെ ഏഷ്യൻ ഡെസ്കിന്റെ ഡയറക്ടർ ആയിരുന്നു. അദ്ദേഹം എന്റെ ഒരു സ്നേഹിതനുമായിരുന്നു. പക്ഷെ എസ്.ഇ.ഡി.എസ്.യുമായുള്ള പ്രശ്നങ്ങളിൽ ഈ സംഘടന നമ്മുടെ മഹായിടവകയെ ബ്ലാക് ലിസ്റ്റിൽ ഇട്ടിരിക്കുകയായിരുന്നു. പിന്നീട് Bishop Furtardo ഈ കടമ്പ മറികടന്ന് പരമാവധി സഹായം നമുക്ക് നല്കി. ഇ. സി. ജോണച്ചനും സഹായത്തിനുണ്ടായിരുന്നു. 44 ലക്ഷം രൂപ നമുക്ക് ലഭിച്ചു. ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. പുതിയ ഒരു പ്രൊപ്പോസൽ കൊടുക്കണം. അതിൽ ഈ സെന്റർ ദളിത് വികസനം, യുവജനക്ഷേമം, സ്ത്രീശാക്തീകരണം, ധ്യാനകേന്ദ്രം ഈ നിലകളിൽ മാത്രമെ ഉപയോഗിക്കാവൂ എന്നായിരുന്നു വ്യവസ്ഥ. ഇവിടുത്തെ എക്സിക്യൂട്ടീവിന്റെ തീരുമാനവും അതുതന്നെയായിരുന്നു.

എന്നാൽ ജർമ്മനിയിൽ നിന്ന് ഡോണർ ഏജൻസിയുടെ മോഡറേറ്ററും സെക്രട്ടറിയും ഇവിടെ വന്നപ്പോൾ ഈ വ്യവസ്ഥ എല്ലാം പാലിക്കപ്പെടുന്നില്ല എന്നു മനസ്സിലാക്കിയതിന്റെ ഫലമായി ആഫീസേഴ്സ് ചില ക്രമീകരണങ്ങൾ ചെയ്തു. വിശദാംശങ്ങൾ ഒന്നും എഴുതുന്നില്ല. വിദേശ ഏജൻസികൾ പണം തരുമ്പോൾ അവരോടുള്ള ഉത്തരവാദിത്വം മറക്കാൻ പാടില്ലല്ലോ.

## കോടതി കേസ്

ഏതായാലും ഇത് ഒരു കോടതി വ്യവഹാരത്തിൽ എത്തിച്ചു. പള്ളം കാരായ രണ്ടു പേർ മഹായിടവക ബിഷപ്പിനെ ഒന്നാം പ്രതിയാക്കി ഒരു ക്രിമിനൽ കേസ് നല്കി. എന്നാൽ ആ കേസ് ഹൈക്കോടതിയിലേക്ക് റഫർ ചെയ്യിച്ചു. അവിടെ മഹായിടവകയുടെ ഭാഗത്തു നിന്ന് ദീർഘകാലം കേസുകൾ നടത്തിയ പരണിതപ്രജ്ഞനായ വന്ദ്യവയോധികൻ അഡ്വ. കെ. സി. ജോൺ ഈ കേസ് ഹൈക്കോടതിയിൽ വാദിച്ചു. ഹൈക്കോടതി ആ കേസ് സ്ക്വാഷ് ചെയ്തു.

ഒരാൾ ഒരു കാര്യം തുടങ്ങിവച്ചാൽ പിന്നീടു വരുന്നവർ അത് പൂർത്തീകരിക്കുവാൻ ഉത്തരവാദികളാണ്. അത് ഇല്ലായ്മ ചെയ്യുന്നതു സംസ്കാരശൂന്യമാണ്. റിട്രീറ്റ് സെന്ററിന്റെ പണി തുടരുവാൻതന്നെ തീരുമാനിച്ചു. ഏതാണ്ട് 85 ലക്ഷം രൂപാ രണ്ടാം ഘട്ടത്തിന് ചെലവഴിക്കേണ്ടിവന്നു. ഒരു കോടി പത്തു ലക്ഷത്തോളം രൂപാ ചെലവായി. വളരെ ലളിതമായി അതിന്റെ ഉത്ഘാടനം പട്ടക്കാരുടെ എല്ലാം സഹകരണത്തിൽ നിർവ്വഹിച്ചു. അതോടൊപ്പം ട്രഷറാർ എന്റെ ഒരു വലിയ ചിത്രവും ഉത്ഘാടനത്തിന്റെ പേരെഴുതിയ 2 ഫലകങ്ങളും ഉണ്ടാക്കി. ചിത്രം അതിൽ വച്ചത് ഞാൻ എടുത്തു മാറ്റിച്ചു. ഫലകം വയ്ക്കാൻ അനുവദിച്ചുമില്ല.

ഈ കെട്ടിടത്തിന്റെ പേരിൽ ക്രിമിനൽ കേസിൽ വരെ പ്രതിയായ എനിക്ക് അങ്ങനെ ഒരു ഫലകവും ഫോട്ടോയും വയ്ക്കുവാൻ താല്പര്യമില്ലായിരുന്നു. ആ ഫലകം ബിഷപ്സ് ഹൗസിൽ മാറ്റിവച്ചിട്ടുണ്ട്.

മഹത്വം ദൈവത്തിനുള്ളത്. ദൈവ കൃപയാലാണ് അതിന്റെ പണി പൂർത്തിയാക്കുവാൻ കഴിഞ്ഞത്. ബിഷപ് ഫർട്ടാഡോയെ ഒരിക്കലും മറക്കാനാവില്ല. ഇ. സി. ജോൺ അച്ചനെയും ഓർക്കേണ്ടതാണ്. മഹായിടവകയ്ക്ക് റിട്രീറ്റ് സെന്റർ ഒരഭിമാനമായി നിലകൊള്ളുന്നു. പണം തന്ന് നമ്മെ സഹായിക്കുന്നവരോട് വിശ്വസ്തത പാലിക്കേണ്ടത് നമ്മുടെ ചുമതലയാണ്. അതുപോലെ തന്നെ തുടങ്ങി വച്ച കാര്യങ്ങൾ പൂർത്തിയാക്കുവാനും പിന്നീട് വരുന്നവർക്ക് ഉത്തരവാദിത്വമുണ്ട്.

മാണി തിരുമേനി തുടങ്ങിവച്ച ഈ സംരംഭം പൂർത്തീകരിക്കപ്പെട്ടു. തിരുമേനിയുടെ താല്പര്യവും ഉത്സാഹവും എടുത്തുപറയത്തക്കതാണ്.

## 5. മിഷനറി പ്രവർത്തനങ്ങൾ

ഒരു മിഷനറി മഹായിടവകയായ നമ്മുടെ മഹായിടവക മിഷനറി പ്രവർത്തനങ്ങളിൽ എന്നും മുൻപന്തിയിലാണ്. പർക്കാൽ, ആന്ധ്രാ എന്നീ വയലുകൾ ഭംഗിയായി നടന്നുകൊണ്ടിരിക്കുന്നു. യു.പിയിൽ മഹോബാ എന്ന സ്ഥലത്ത് മിഷനറി പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ അത് പരാജയപ്പെട്ടുപോയി.

### ചർക്കാരി മിഷൻ

അവിടെ നിന്നു കുറെ ദുരമുള്ള ചർക്കാരി എന്ന സ്ഥലത്ത് മിഷൻ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. വളരെ പിന്നോക്കം നില്ക്കുന്ന, ഒരു ക്രിസ്ത്യാനിപോലും ഇല്ലാത്ത ഒരു പിന്നോക്ക പ്രദേശമാണിത്. അവിടെ റവ. രാജു ജേക്കബ് അച്ചനെ മിഷനറിയായി നിയമിച്ചു. അതിനൊരു കാരണമുണ്ട്. ഒരിക്കൽ ഞാൻ രാജു അച്ചനെ വിളിച്ച്

അമേരിക്കയിൽ ഒരു വേക്കൻസി ഉണ്ട്. അവിടെ അച്ചൻ പോകാൻ തയ്യാറാണോ, പഠിക്കാനുള്ള സൗകര്യവും ലഭിക്കും എന്നു പറഞ്ഞു. ഭാര്യ മോളിയോട് ചോദിച്ച് പ്രാർത്ഥിച്ചിട്ട് പറയാൻ പറഞ്ഞു. അച്ചൻ ഉടനെ തന്നെ പറഞ്ഞു: "തിരുമേനി ഞങ്ങൾ ഒരു തീരുമാനം ചെയ്തിട്ടുണ്ട്. ഉത്തരേന്ത്യയിൽ എവിടെയെങ്കിലും മിഷനറി പ്രവർത്തനം ചെയ്യാൻ സാധിച്ചാൽ അവിടെ പോകാം" എന്ന്. അപ്പോൾ ചർക്കാരിയിലേക്ക് മിഷനറിയെ കണ്ടെത്താൻ പ്രയാസപ്പെടേണ്ടതായി വന്നില്ല.

അച്ചന്റെ അവിടുത്തെ പ്രവർത്തനം തികച്ചും ശ്ലാഘനീയമാണ്. ഞങ്ങളുടെ ശൈലി Make more friends than few converts എന്നുള്ളതായിരുന്നു. അവിടെ അച്ചൻ ഒരു ആരാധ്യപുരുഷനാണ്. മിഷനറി പ്രവർത്തനങ്ങൾക്ക് വളരെ പ്രതിസന്ധികളുള്ള സ്ഥലമാണത്. എന്നാൽ അച്ചൻ ആ പ്രദേശത്ത് ആരാധ്യനും സ്വാധീനമുള്ള ആളുമാണ്. അവിടെ ഒരു നല്ല സ്കൂൾ, പാഴ്സനേജ് ഒരു ചെറിയ ഡിസ്പെൻസറി കെട്ടിടം ഇവ നിലകൊള്ളുന്നു. 3 ഏക്കർ സ്ഥലം കൂടി വാങ്ങി. മഹായിടവക സ്ത്രീജനസഖ്യത്തിന്റെ നേതൃത്വത്തിൽ മനോഹരമായ ഒരു ദേവാലയം പണിതു. ആ ജില്ലയിലെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയം. ഇതിന് സ്ത്രീജനസഖ്യം പ്രസിഡന്റായിരുന്ന കുഞ്ഞമ്മ സാം നല്കിയ നേതൃത്വം എന്നും ഓർക്കേണ്ടതാണ്.

ദേവാലയ കൂദാശ കഴിഞ്ഞ് പിറ്റേ ദിവസം രാവിലെ ദേവാലയമുറ്റത്ത് നില്ക്കുമ്പോൾ ഉദയസൂര്യന്റെ പ്രകാശത്തിൽ പള്ളിയുടെ മുകളിൽ വച്ചിരുന്ന വലിയ കുരിശിന്റെ നിഴൽ മുറ്റത്തു പതിച്ചു. രാജു അച്ചൻ പറഞ്ഞു ചർക്കാരിയുടെ മണ്ണിൽ ഇതാ കുരിശിന്റെ പ്രതിച്ഛായ പതിഞ്ഞിരിക്കുന്നു. അങ്ങനെ ചർക്കാരി മിഷൻ നമുക്കഭിമാനമായി നിലകൊള്ളുന്നു.

## മൈസൂർ മിഷൻ

മൈസൂറിൽ എച്ച്.ഡി. കോട്ട എന്ന സ്ഥലത്ത് ഒരു മിഷൻ വയലുണ്ടായിരുന്നു. ഒരു മദാമ്മ താമസിക്കുന്നുണ്ട്. സിസ്റ്റർ റേച്ചൽ ജോൺ അവിടെ സന്ദർശിച്ചതിനുശേഷം ആ സ്ഥലം നമുക്കേറ്റേടുക്കണം. കുറെ കെട്ടിടങ്ങളും, വീടും മറ്റു സൗകര്യങ്ങളും സ്ഥലവുമുണ്ട് എന്നു പറഞ്ഞു. അവിടെ ആരംഭിക്കാമെന്നു വിചാരിച്ചപ്പോൾ വളരെ കടമ്പകൾ കടക്കേണ്ടതായി കണ്ടു. ഉടനെ തന്നെ ഇപ്പോൾ പ്രവർത്തിക്കുന്ന അംബാപുരത്തേക്ക് നീങ്ങി ലളിതമായതോതിൽ പ്രവർത്തനം ആരംഭിച്ചു. മിഷനറി താല്പര്യമുള്ള കുര്യൻ മാത്യുവും ഭാര്യ ഡോ. റൂബിയും പോകാമെന്നു സമ്മതിച്ചു. നല്ല നിലയിൽ പ്രവർത്തിക്കുന്നു. മൂന്നര ഏക്കർ സ്ഥലം, പാഴ്സനേജ്, പള്ളി, പള്ളിക്കൂടം ഹോമിയോ ഡിസ്പെൻസറി തുടങ്ങി നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്നു. വളരെ പിന്നോക്കം നിൽക്കുന്ന

ഒറ്റ ക്രിസ്ത്യാനി പോലും ഇല്ലാത്ത ഒരു ഗ്രാമപ്രദേശമാണത്. മൈസൂർ മിഷന്റെ കേന്ദ്രമായി പട്ടണത്തിൽ കുറെ സ്ഥലം വാങ്ങി. ഒരു മനോഹര മായ ദേവാലയവും ക്വാർട്ടേഴ്സും എല്ലാം ഉണ്ടാക്കി. അവിടെ ഒരു കോൺഗ്രിഗേഷൻ ആരംഭിച്ചു. അപ്പഴേക്കും കുര്യൻ മാത്യുവിന് പട്ടം നല്കി. അച്ചനെ മൈസൂർ ഇടവകയുടെ പ്രഥമവികാരിയായും നിയമി ച്ചു. ദേവാലയവും അനുബന്ധസ്ഥാപനങ്ങളും ഞാൻ തന്നെ കൂദാശ ചെയ്തു. അവിടം നമ്മുടെ മിഷൻ ഫീൽഡിന് ഒരു താങ്ങായിരിക്കും എന്നു ചിന്തിച്ചു. എന്നാൽ ഇപ്പോൾ പ്രാദേശികവും വ്യക്തിപരവുമായ ചില താല്പര്യങ്ങളിൽ ആ ബന്ധം നിലനിൽക്കുന്നില്ല എന്നറിയുന്നു. ദേവാലയ നിർമ്മാണത്തിന് നമ്മുടെ പുറത്തുള്ള ഇടവകയും നമ്മുടെ മഹായിടവകയും സാമ്പത്തിക സഹായം നല്കിയിട്ടുണ്ട്.

പർക്കാൽ മിഷനും, ആന്ധ്രാമിഷനും വളരെ ശക്തിപ്രാപിച്ചു. മിഷന റിമാരുടെ എല്ലാം സേവനം വളരെ വിലപ്പെട്ടതാണ്. പല പ്രാവശ്യം ഈ മിഷൻ വയലുകൾ സന്ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്. പല പള്ളികളും സ്കൂളുകളും പ്രതിഷ്ഠിക്കുവാൻ സാധിച്ചു. അനേകർക്ക് മാമോദീസാ നല്കുവാനും ഇടയായി. ദേവാലയങ്ങളും, പ്രവർത്തകഭവനങ്ങളും ഇല്ലാത്ത സ്ഥലങ്ങളിലൊക്കെ അവ ഉണ്ടാക്കുവാൻ മുൻകൈയെടുത്തു. ഒരു പുത്തൻ ഉണർവ്വ് മിഷനറി പ്രവർത്തനങ്ങൾക്കുണ്ടായി. മൈസൂർ മിഷന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടാകരുത് എന്നു കരുതി 10 ലക്ഷം രൂപാ യുടെ ഒരു ഫണ്ട് സൂക്ഷിച്ചിട്ടുണ്ട്.

## 6. സാധുജനസംരക്ഷണം

### യരുശലേം മിഷൻ

പാവപ്പെട്ട ധാരാളം ജനങ്ങൾ മഹായിടവകയിലുണ്ട്. അവരുടെ ജീവി തനിലവാരം ഉയർത്തുവാനുള്ള പരിപാടികൾ നടപ്പിലാക്കുവാൻ ആഗ്ര ഹിച്ചു. അങ്ങനെയാണ് **ദളിത് വികസന സമിതി** രൂപം പ്രാപിച്ചത്. ഉപ സഭകളിൽ കൂടുതൽ ശ്രദ്ധചെലുത്തി. ഇടിഞ്ഞുപൊളിഞ്ഞു കിടന്ന പ്രവർത്തകഭവനങ്ങളും, പൊട്ടിക്കീറിയ പള്ളികളും പുനരുദ്ധരിക്കപ്പെ ടുവാനും കഴിഞ്ഞു. ഈ ദൃശകാര്യങ്ങൾക്ക് വേണ്ടി 4 കോടി 80 ലക്ഷം രൂപായോളം വിദേശത്തുനിന്ന് സമാഹരിച്ചു.

ഇതോടൊപ്പം മഹായിടവകയിലെ ഭവനരഹിതർക്ക് 500 വീടുകൾ വച്ചു കൊടുക്കുവാൻ തീരുമാനിച്ചു. **ശാലോം ഭവനപദ്ധതി** റിട്ടയർ ചെയ്യുന്ന തിനു മുമ്പ് 387 വീടുകൾ വച്ചു കൊടുക്കുവാൻ സാധിച്ചു. ശാലോം ഭവ നപദ്ധതി പിന്നീട് തുടർന്നില്ല എന്നുള്ളത് ദുഃഖകരമാണ്.

യരുശലേമിലും യഹൂദ്യയിലും പിന്നെ ഭൂമിയുടെ അറ്റത്തോളം എന്നാ

ണല്ലോ തിരുവചനം. അതുകൊണ്ട് മഹായിടവകയിൽ തന്നെ സാധാരണക്കാരുടെ ഇടയിൽ ആരംഭിച്ച ഡൊമസ്റ്റിക് മിഷനാണ് **യരുശലേം മിഷൻ**. നാം വിദേശങ്ങളിൽ മിഷൻ പ്രവർത്തനം നടത്തുന്നു. എന്നാൽ നമ്മുടെ ചുറ്റിലും ജനങ്ങളുടെ പുരോഗതിക്കുവേണ്ടി നമ്മാലാവോളം എന്തെങ്കിലും ചെയ്യണം. അതാണ് യരുശലേം മിഷൻ. നട്ടുവളർത്തിയ ആ പൂച്ചെടി പരിചരണം ലഭിക്കാതെ വാടിത്തളർന്നു കരിഞ്ഞുപോയി.

**മെഡിക്കൽ എയ്ഡ് ഫണ്ട്** (ദുബായ് പാസ്റ്റേഴ്സ് ആന്റ് ചർച്ച് വർക്കേഴ്സ് മെഡിക്കൽ എയ്ഡ് ഫണ്ട്)

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന പട്ടക്കാർക്കും കുടുംബാംഗങ്ങൾക്കും, സഭാപ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കുമായി ഒരു വൈദ്യ സഹായഫണ്ട് ഉണ്ടാകണമെന്നാഗ്രഹിച്ചു. 10 ലക്ഷം രൂപ കളക്ട് ചെയ്യുവാൻ ഉദ്യമിച്ചു. എന്നാൽ ദുബായ് ഇടവക മാത്രം 20 ലക്ഷം രൂപ സംഭാവന നല്കി. കാനറാ ബാങ്കിൽ നിക്ഷേപിച്ചു. ഇതിന്റെ പലിശ വൈദ്യസഹായത്തിനായി നല്കിക്കൊണ്ടിരിക്കുന്നു. ചെറിയ കാര്യങ്ങൾക്കല്ല വലിയ ചെലവു വരുന്നവരെ സഹായിക്കാനാണ്. വിവാഹ സഹായഫണ്ടും, വിദ്യാഭ്യാസസഹായഫണ്ടും വിപുലമാക്കി സഹായം നല്കുന്നു. മെഡിക്കൽ എയ്ഡ് ഫണ്ട് ബിഷപ്പിന്റെ വിവേചനം അനുസരിച്ച് നല്കുവാനുള്ളതാണ്.

ഇതുകൂടാതെ പലയാളുകളെ സഹായിക്കാൻ സാധിച്ചിട്ടുണ്ട്. ചെറിയ തുകകൾ നല്കുന്നത് കൂടാതെ 1 ലക്ഷം, അമ്പതിനായിരം തുടങ്ങിയ തുകകൾ വിദേശസഭകളിൽ നിന്നു ശേഖരിച്ച് നല്കുവാൻ സാധിച്ചിട്ടുണ്ട്. 2 കുട്ടികളെ എം.ബി.ബി.എസ്.ന് പണം നല്കി പഠിപ്പിക്കുന്നുമുണ്ട്. അവരിപ്പോൾ ഡോക്ടേഴ്സായി ജോലി ചെയ്യുന്നു.

അച്ചൻ മരിച്ചു പോയ ഒരു ബെസ്ക്യാമ്മ ഒരിക്കൽ മകന്റെ ചികിത്സക്കായി അല്പം പണത്തിനായി അപേക്ഷ നൽകി. അത് ഫിനാൻസ് ബോർഡിൽ വച്ചു. ചില അംഗങ്ങൾ ആ സ്ത്രീയെക്കുറിച്ച് അപഹാസ്യമായി സംസാരിച്ചു. അതു കൂടാതെ ഒരാൾക്ക് ഹൃദയശസ്ത്രക്രിയക്ക് നല്ല സഹായം നൽകി. പക്ഷെ ചിലർ കമ്മിറ്റിയിൽ വളരെ മോശമായി സംസാരിച്ചു. ഇനിയും ഇതാവർത്തിക്കരുത്. ബിഷപ്പിന്റെ സ്വന്ത തീരുമാനത്തിൽ വൈദ്യസഹായം നല്കുവാൻ ഉതകുന്ന ഒരു ഫണ്ട് ഉണ്ടാക്കുവാൻ തീരുമാനിച്ചു.

വിദേശത്തുനിന്നും 10 ലക്ഷം രൂപാ ശേഖരിച്ച് ഇതിന്റെ പലിശ ബിഷപ്പിന്റെ ഇഷ്ടപ്രകാരം നല്കുവാൻ തീരുമാനിച്ചു.

തദനുസരണം എം. റ്റി. തര്യനച്ചനെ ദുബായിലേക്ക് പണപ്പിരിവിനായി

അയച്ചു. അച്ചൻ ചെന്നിറങ്ങിയ ഉടനെ വൈസ് പ്രസിഡന്റ് സി.കെ. ജോൺ എന്നെ വിളിച്ചു. 10 ലക്ഷം രൂപയും ഞങ്ങൾ അച്ചനെ ഏല്പി ക്കുന്നു. 3 മാസങ്ങൾക്കു ശേഷം മറ്റൊരു 10 ലക്ഷം കൂടിഅയച്ചു തന്നേക്കാം. തിരുമേനി മറ്റെങ്ങും ഇതിനായി ആളിനെ ആയയ്ക്കേണ്ടാ എന്നു പറഞ്ഞു. 20 ലക്ഷം രൂപാ കാനറാ ബാങ്കിൽ നിക്ഷേപിച്ചു.

ഈ ഫണ്ടിൽ നിന്നു ലഭിക്കുന്ന പലിശ ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്കായി സാമാന്യം ഭേദപ്പെട്ട തുക നല്കുന്നതിനായിട്ടുള്ള താണ്. ബിഷപ്പിന്റെ സ്വന്ത അധികാരത്തിൽ വിനിയോഗിക്കേണ്ടതുമാണ്. ആ വ്യവസ്ഥയിലാണ് ഫണ്ട് ഉണ്ടായത്.

ഒരു പട്ടക്കാരനോ ഉപദേശിയോ ബിഷപ്പിനെ ഒരാവശ്യവുമായി സമീ പിക്കുന്നത് ഒരു പിതാവിന്റെ അടുക്കൽ വരുന്നത് പോലെയാണ്. കൈതു റന്ന് സഹായിക്കാൻ ബിഷപ്പിന് കഴിയണം. കമ്മറ്റികളിൽ ചർച്ച ചെയ്യ പ്പെടാൻ ഒരു പട്ടക്കാരനും ആഗ്രഹിക്കുന്നില്ല. ഇങ്ങനെ പല പട്ടക്കാരെയും ഉപദേശിമാരെയും കൈയയച്ച് സഹായിപ്പാൻ ഈ ഫണ്ട് ഉപകരിച്ചിട്ടുണ്ട്. ഈ ഫണ്ട് തന്നവരോട് നമുക്ക് ഉത്തരവാദിത്വമുണ്ട്. ഈ വ്യവസ്ഥ അനു സരിച്ചാണ് അവർ ഫണ്ട് നൽകിയത്. എക്സിക്യൂട്ടീവിന്റെ തീരുമാനവും അതാണ്. സി.എസ്.ഐയിൽ ബിഷപ്പ് "A father in God" ആണ്.

## അനിൽ മെമ്മോറിയൽ ഓൾഡ് ഏജ് ഹോം, മാവേലിക്കര

മാവേലിക്കര പള്ളത്ത് ഡോ. മിസ്സസ് മേരി ജോർജ് ഒരു ചാപ്പൽ നിർമ്മിച്ച് നല്കിയിരുന്നു. തന്റെ ചെറുപ്പത്തിൽ കടന്നുപോയ മകൻ അനി ലിന്റെ ഓർമ്മയ്ക്കായിട്ടായിരുന്നു അത്. 1994-ൽ ആ ചാപ്പലിൽ പോവു കയും ഡോ. മേരി ജോർജുമായി സംസാരിക്കുകയും ചെയ്തു. ആ സമയം അവർ താമസിക്കുന്ന പുരാതനവും മനോഹരവുമായ വീടും ഏകദേശം ഒന്നര ഏക്കർ സ്ഥലവും അവിടെത്തന്നെയുള്ള ഒരു അപ്പാർ ട്മെന്റും മഹായിടവകയ്ക്ക് നല്കാമെന്ന് പറഞ്ഞു. ചില മാസങ്ങൾക്കു ശേഷം ഈ വലിയ സമ്പത്ത് സൗജന്യമായി മഹായിടവകയ്ക്കു ദാനം ചെയ്തു. ഒരു കണ്ടീഷൻ മാത്രം. അവിടെയുള്ള സൗകര്യങ്ങൾ ഉപയോ ഗിച്ച് 'അനിൽ മെമ്മോറിയൽ ഹോം ഫോർ ദി ഏജ്ഡ്' എന്നൊരു സ്ഥാപനം നടത്തണം. ഇതു മഹായിടവകയുടെ ബാധ്യതയാണ്.

പട്ടണമധ്യത്തിൽ ഒന്നൊന്നര ഏക്കർ സ്ഥലവും വീടും ഉപകരണ ങ്ങളും. ഇന്ന് കോടികൾ വിലമതിക്കും.

1998 ജൂൺ 26 ന് ആ അമ്മച്ചി 91-ാം വയസിൽ നിദ്ര പ്രാപിച്ചു. ആ ജീവിതത്തിനായി സ്തോത്രം. കുറെ നാൾ ഓൾഡ് ഏജ് ഹോമും അതി

നോട് ചേർന്ന് ഒരു പ്ലേ സ്കൂൾ എന്നിവ നടന്നു. 2 വുമൻ വർക്കേഴ്സും ഡോ. ആലീസ് മാത്യുവും അവിടെ താമസിച്ചു പ്രവർത്തിച്ചു.

## ഡോ. ജോർജ് സുദർശൻ കംപ്യൂട്ടർ സെന്റർ – സി.എം.എസ്. കോളജ്

സാധാരണക്കാർക്ക് കംപ്യൂട്ടർ പഠനം സുഗമമാക്കുന്നതിനു വേണ്ടി വിപുലമായ വിധത്തിൽ പ്രവർത്തിക്കുന്ന ഒരു കംപ്യൂട്ടർ സെന്റർ നടത്തിവരുന്നു.

സി.എം.എസ്. കോളജിൽ ആരംഭിച്ച സുദർശൻ സെന്ററിനോടനുബന്ധിച്ച് വികലാംഗർക്ക് വേണ്ടി ആരംഭിച്ചതാണ് സുദർശൻ കംപ്യൂട്ടർ സെന്റർ. അതിന്റെ പ്രവർത്തനം ഭംഗിയായി നടന്നുവരുന്നു.

## വിമൻസ് ഹോസ്റ്റൽ കാണക്കാരി

കാണക്കാരിയിൽ നടത്തിയിരുന്ന ആശുപത്രി നിന്നുപോയി. പഴയ കെട്ടിടങ്ങളും ഉപകരണങ്ങളും അവശേഷിച്ചു. വിമൻസ് ഫെല്ലോഷിപ്പ് ആ കെട്ടിടങ്ങൾ എല്ലാം നവീകരിച്ചു. ചുറ്റുമതിൽ ശരിയാക്കി ഒരു വിമൻസ് ഹോസ്റ്റൽ ആക്കി രൂപപ്പെടുത്തി. വളരെ ഭംഗിയായി നടന്നുവന്നു. മംഗളം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികൾ അവിടെ താമസിച്ചു. എന്നാൽ പിന്നീട് മംഗളംകാർ സ്വന്തമായി ഹോസ്റ്റൽ നടത്തുവാൻ ആരംഭിച്ചപ്പോൾ കുട്ടികളെ കിട്ടാതെയായി. ഹോസ്റ്റൽ നിന്നു പോയി.

## ബേക്കർ ഷോപ്പിംഗ് കോംപ്ലക്സ്

ബേക്കർ കോമ്പൗണ്ടിനു ചുറ്റും ഷോപ്പിംഗ് കോംപ്ലക്സ് പണിയുവാൻ ട്രഷററായിരിക്കുമ്പോൾ തീരുമാനിച്ചു. ഷോപ്പിംഗ് കോംപ്ലക്സ് പണി ആരംഭിച്ചു. ചുറ്റിലും കടമുറികൾ പണിതു. സെക്യൂരിറ്റി പണം വാങ്ങിയാണ് അതിന്റെ പണി പൂർത്തീകരിച്ചത്. പകിടി വാങ്ങുന്നത് ശരിയല്ല എന്നുകണ്ട് സെക്യൂരിറ്റി പലിശയില്ലാതെ വാങ്ങി അവിടെ കെട്ടിടങ്ങൾക്കായി ഇൻവെസ്റ്റ് ചെയ്തു. കടകൾ വാടകയ്ക്കെടുത്തവർ വിട്ടുപോകാത്തതുകൊണ്ട് ഈ പണം തിരിച്ചുകൊടുക്കേണ്ടതില്ല. അഥവാ ഒരാൾ വിട്ടുപോയാൽ മറ്റൊരാൾക്ക് അതിനെക്കാൾ കൂടിയ തുകക്ക് കൊടുക്കാൻ കഴിയും. ഈ വാങ്ങിയ പണം പലിശയില്ലാതെ നമുക്ക് ഉപയോഗിച്ച് കെട്ടിടം പണിയാം. വാടക ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അത് മഹായിടവകയ്ക്കൊരു മുതൽക്കൂട്ടായി. ഈ തുക കടമല്ല, അതൊരു മുതൽക്കൂട്ടാണ്. ശാസ്ത്രിറോഡിന്റെ വശത്ത് ജൂബിലി കോംപ്ലക്സ് പണി പൂർത്തിയാക്കി.

## ബേക്കർ സ്കൂൾ ബിൽഡിംഗ്

റോഡ് സൈഡിൽ കടകൾ പണിതപ്പോൾ ബേക്കർ സ്കൂളിന് ഒരു പുതിയ കെട്ടിടം പണിയേണ്ടതാവശ്യമാണെന്നു കരുതി മനോഹരമായ ഇപ്പോഴത്തെ സ്കൂൾ കെട്ടിടം മഹായിട വക പണം ചെലവാക്കി പണിതു. ഒരു ആഡിറ്റോറിയം പൊതുജനങ്ങളുടെ സഹായത്തോടെയും പണിതു. പഴയ സ്കൂൾ കെട്ടിടം പിസ്ഗാ, ജൂവൽബോക്സ് തുടങ്ങിയ പരിപാടികൾക്കായും ഉപയോഗിച്ചു. കുട്ടികൾക്കായി ഒരു ബോർഡിങ് സ്കൂളും പണിയുകയുണ്ടായി. അതോടൊപ്പം ബേക്കർ വിദ്യാപീഠിനും പുതിയ കെട്ടിടങ്ങളായി. അങ്ങനെ കോംപൗണ്ട് മുഴുവൻ ഉപയോഗത്തിലായി. കൊച്ചു സ്കൂളും പരിഷ്കരിച്ചു. മതിൽ കെട്ടി അടച്ചു. നല്ല ഒരു മൈതാനവും ഉണ്ടായി.

എ.വി. ജോർജ് ആൻഡ് കമ്പനിയുടെ പഴയ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിതു. ചില്ലറ പ്രശ്നങ്ങളൊക്കെ ഉണ്ടായി എങ്കിലും ഇപ്പോൾ നല്ല വാടക ലഭിച്ചുകൊണ്ടിരിക്കുന്നു. വർക്കി ജോർജ്ജ് വളരെ മാന്യമായി ഇടപെട്ടതുകൊണ്ട് കോടതി കേസ് ഒഴിവായി. അന്നു മുതൽ നല്ല വാടക തന്നു കൊണ്ടിരിക്കുന്നു.

# വിദേശസഭകൾ

മഹായിടവകയുടെ വകയായി അനേകം വിദേശസഭകൾ നമുക്കുണ്ട്. അമേരിക്കൻ ഐക്യനാടുകളിൽ ന്യൂയോർക്ക്, ന്യൂജേഴ്സി, പാക്ക്റിഡ്ജ്, ഫിലാഡൽഫിയ, ചിക്കാഗോ, ഡാലസ്, ഹൂസ്റ്റൺ തുടങ്ങി പല സ്ഥലങ്ങളിലും മഹായിടവക സ്ഥാപിച്ച ഇടവകകളുണ്ട്. അവിടെയെല്ലാം യഥാകാലങ്ങളിൽ വിസിറ്റ് ചെയ്യുന്നതിനും അവരുടെ ആത്മീയവർദ്ധനയ്ക്കായി പ്രവർത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മദ്ധ്യകേരള മഹായിടവകയാണ് ഇവിടെയെല്ലാം അച്ചന്മാരെ അയയ്ക്കുന്നത്.

## ആദ്യത്തെ അമേരിക്കൻ സന്ദർശനം

ചിക്കാഗോ ഇടവക - ക്രൈസ്റ്റ് ചർച്ച് - 1994 ൽ അമേരിക്കയിലേക്ക് ക്ഷണിച്ചു. 1993-94 വർഷങ്ങളിൽ മഹായിടവകയ്ക്കുള്ളിൽ മാത്രമെ സന്ദർശിക്കുകയുള്ളൂ. ഒരു വർഷം കഴിഞ്ഞു മാത്രമെ വിദേശസന്ദർശനം നടത്തുകയുള്ളൂ എന്നു തീരുമാനിച്ചിരുന്നു. ചിക്കാഗോയിലുള്ള ഇടവക രണ്ടായി. അഗപ്പേ എന്ന ഇടവക പിന്നീട് രൂപം പ്രാപിച്ചു.

## ക്രൈസ്റ്റ് ചർച്ച്

ക്രൈസ്റ്റ് ചർച്ച് വിലയ്ക്ക് വാങ്ങി. അത് ഡെഡിക്കേറ്റ് ചെയ്യുന്നതി

നായിട്ടാണ് വിളിച്ചത്. റവ. കെ.ടി. കുര്യൻ, സണ്ണി കോടുകുളഞ്ഞി, വട വാതൂരിലെ മത്തായിച്ചന്റെ മകൻ ബാബു എന്നിവരാണ് എന്റെ യാത്രയ്ക്ക് നേതൃത്വം വഹിച്ചത്.

**രാജകീയ വരവേൽപ്** (ദൈവം ആർക്കും കടക്കാരനാകുകയില്ല)

എന്നെ സ്റ്റേറ്റ് ഗസ്റ്റ് ആയിട്ടാണ് സ്വീകരിച്ചത്. അത് ഒരു അപൂർവ്വ ബഹുമതിയാണ്. ന്യൂയോർക്കിൽ നിന്ന് വിമാന മാർഗ്ഗം ചിക്കാഗോയിൽ എത്തുമ്പോൾ വിമാനത്തിനുള്ളിൽ പൂച്ചെണ്ടുമായി അവിടുത്തെ മേയർ എത്തി സ്വീകരിച്ചു. പുറത്തുവന്നപ്പോൾ ഒരു നല്ല ആൾക്കൂട്ടം തന്നെ സ്വീകരിക്കുന്നതിനായി ഉണ്ടായിരുന്നു. പുറത്തുവന്നപ്പോൾ വി.ഐ.പി. കളെ സ്വീകരിക്കുന്ന ലാമസിൻ കാർ ഇൻഡ്യയുടെയും അമേരിക്കയുടെയും ഫ്ളാഗ് വച്ച് പോലീസ് അകമ്പടിയോടുകൂടെ കാത്തു കിടപ്പുണ്ടായിരുന്നു. എന്തൊരത്ഭുതം. പോലീസ് അകമ്പടിയോടുകൂടി ക്രൈസ്റ്റ് ചർച്ചിൽ എത്തി. മറ്റാർക്കും ലഭിക്കാത്ത ഒരപൂർവ്വബഹുമതി. നോക്കണെ ദൈവത്തിന്റെ വഴികൾ.

പട്ടക്കാരനായിരിക്കുമ്പോൾ വിദേശയാത്രയ്ക്കും പഠനത്തിനും ലഭിച്ച 3 ചാൻസുകൾ സഭയുടെ ആവശ്യപ്രകാരം വേണ്ട എന്നു വയ്ക്കേണ്ടി വന്നു. അതിൽ ഒട്ടും നിരാശ തോന്നിയില്ല. മദ്രാസിൽ നിന്ന് വന്നു കഴിഞ്ഞപ്പോൾ ഇ.സി. ജോൺ അച്ചൻ എനിക്ക് ഇംഗ്ലണ്ടിൽ ഒരു സ്കോളർഷിപ്പ് അനുവദിപ്പിച്ച് എന്നെ വിവരം അറിയിച്ചു. ഉടനെ ഞാൻ ബന്ധുകൂടിയായ സി.ടി. അബ്രഹാം അച്ചനെ കണ്ട് അഭിപ്രായം ചോദിച്ചു. അച്ചൻ പറഞ്ഞു കോട്ടയത്തു വന്നതെയേള്ളൂ. ഉടനെ പോകുന്നത് ബുദ്ധിയല്ല. അതുകഴിഞ്ഞ് ചില ദിവസങ്ങൾക്കുശേഷം ചിക്കാഗോ സീബറി വെസ്റ്റേൺ എന്ന യൂണിവേഴ്സിറ്റിയിൽ ഒരു അഡ്മിഷൻ കിട്ടി. ഞാൻ ജോൺ തിരുമേനിയുടെ അടുക്കൽ അഭിപ്രായം ആരാഞ്ഞു. തിരുമേനി പറഞ്ഞു: “ഒരു നല്ല ഇടവകയിൽ (കഞ്ഞിക്കുഴി) നാലഞ്ചുവർഷം ഇരിക്കുന്നത് നിങ്ങളുടെ ഭാവിക്ക് നല്ലതാണ്. അതുകൊണ്ട് ഇവിടുത്തേത് കഴിഞ്ഞിട്ട് പോയാൽ മതി എന്ന്.”

ഞാൻ എന്റെ പോക്ക് നീട്ടിവച്ചു. അദ്ദേഹം പറഞ്ഞു എന്റെ 38–ാമത്തെ വയസിലാണ് പോയത്. അച്ചനും അതു മതി.

ഇതെല്ലാം ദൈഹിതമായിരുന്നു. കഞ്ഞിക്കുഴിയിലെ 5 വർഷത്തെ സേവനം ഇടവകയ്ക്കും എനിക്കും വളരെ വിലപ്പെട്ടതായിരുന്നു. കഞ്ഞിക്കുഴിയിൽ ഇരിക്കുമ്പോൾ കൺവൻഷൻ കൺവീനറായിരുന്നു. (അവസാന വർഷം) റ്റൊറാന്റോ സർവ്വകലാശാലയുടെ പ്രിൻസിപ്പൽ ഡോ.

സ്റ്റോക്ക്ഹൗസ് പ്രധാന പ്രസംഗകനായിരുന്നു. ജോൺ തിരുമേനിയുടെ ക്ലാസ്മേറ്റും സ്നേഹിതനുമായിരുന്നു അദ്ദേഹം. ഒരു ദിവസം നാലുമണിക്ക് കാപ്പി അയ്മനത്ത് തിരുമേനിയുടെ വീട്ടിലായിരുന്നു. അതു കഴിഞ്ഞ് തിരികെ പോരുന്നതിനു മുമ്പ് തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: "ഞങ്ങൾക്കൊരു നല്ല പട്ടക്കാരനുണ്ട് അദ്ദേഹത്തിന് വിക്ലിഫ് കോളജിൽ ഒരു സ്കോളർഷിപ്പ് കൊടുക്കണം എന്ന്."

തിരികെ വന്ന ഡോ. സ്റ്റോക്ക്ഹൗസ് എന്നോട് പറഞ്ഞു. നിങ്ങളുടെ ബയോഡേറ്റ എല്ലം കൊണ്ടുവരുവാൻ. അവിടെ ചെന്നശേഷം അഡ്മിഷൻ തന്നു. ഈ വിവരം ജോസഫ് തിരുമേനിയോട് പറഞ്ഞു. തിരുമേനി പറഞ്ഞു ഇപ്പോൾ അയയ്ക്കുവാൻ സാധ്യമല്ല. കാരണം ഞാൻ അച്ചനെ ഡയോസിസൻ ഓഫീസിൽ ട്രഷറർ ആയി നിയമിച്ചിരിക്കുകയാണ്. അഡ്മിഷൻ നിരസിക്കുന്നു എന്നുള്ളതല്ല എങ്ങനെ ഈ വലിയ ചുമതല വഹിക്കും എന്നുള്ളതായിരുന്നു ഭയം.

ഏതായാലും ആ വിദേശപരിപാടിയും കാൻസൽ ചെയ്തു. നിരാശ തോന്നാം. എന്നാൽ അതും ദൈവഹിതം എന്നു കരുതി. ഇങ്ങനെ സഭയുടെ ആവശ്യപ്രകാരം ഈ അവസരങ്ങൾ നഷ്ടപ്പെട്ട എനിക്ക് അമേരിക്കയിൽ ആദ്യമായി പറന്നിറങ്ങുമ്പോൾ രാജ്യത്തിന്റെ അതിഥിയാകാൻ ദൈവം അനുഗ്രഹിച്ചു. ദൈവം ആർക്കും കടക്കാരനാകയില്ല.

ആ പ്രാവശ്യം ന്യൂയോർക്ക്, ന്യൂജേഴ്സി, ചിക്കാഗോ എന്നീ സ്ഥലങ്ങൾ മാത്രം സന്ദർശിച്ചു. അമേരിക്കയിൽ നമ്മുടെ ഇടവകകളിൽ കാണുന്ന ഭിന്നത വളരെ ശോചനീയവും ദുഃഖകരവുമാണ്. നമ്മുടെ ഇടവകകളുടെ വളർച്ച മുരടിച്ചു പോകുന്നു. അവിടുത്തെ അംഗങ്ങളുടെ ഈഗോ ആണതിനു കാരണം. അവിടുത്തെ ചില നേതാക്കൾ അധികാരമോഹത്തിൽ സഭകളെ ഛിന്നഭിന്നമാക്കുകയാണ്. സാധാരണ ജനങ്ങൾ വളരെ നിരാശരാണ്. തന്നെയുമല്ല പലരും സഭ വിട്ടു പോകുന്നുമുണ്ട്. അവിടുത്തെ സഭകൾ ഒന്നിച്ചു നിന്നിരുന്നെങ്കിൽ അതൊരു ശക്തിയാകുമായിരുന്നു. മദ്ധ്യകേരള മഹായിടവകയ്ക്കു മാത്രമെ ധാർമ്മികമായി ഈ ഇടവകകളുടെ ചുമതല വഹിക്കുവാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഒരു നിയന്ത്രണവുമില്ലാതെയാണ് പോകുന്നത്.

അതതുകാലങ്ങളിൽ വരുന്ന മോഡറേറ്ററന്മാർ ഭരണത്തിൽ കൈകടത്തുന്നു. ഇതാണവിടുത്തെ അവസ്ഥ. നമ്മുടെ ചില ആളുകൾ മോഡറേറ്ററന്മാരെ സ്വാധീനിച്ച് പട്ടം കിട്ടുന്നതിനും, സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനും വേണ്ടി സഭകളെ തമ്മിൽത്തല്ലിക്കുന്നു എന്നതാണവസ്ഥ.

## നോർത്ത് അമേരിക്കൻ കൗൺസിൽ

ഇതിൽ The moderator or a Bishop appointed by the Moderator shall be the president എന്നെഴുതിയിട്ടുണ്ട്. ഈ വാചകം മുതലെടുത്ത് മദ്ധ്യകേരള മഹായിടവകയെ ചുമതലയിൽ നിന്നൊഴിവാക്കിയിരിക്കുകയാണ്. 98 ശതമാനം അംഗങ്ങളും എം.കെ.ഡി. യിൽ നിന്നുള്ളവരാണ്. മറ്റുള്ളവർക്കും വേണ്ട പ്രാതിനിധ്യവും അംഗീകാരവും നല്കുന്നുമുണ്ട്. എന്നാൽ ചില നേതാക്കൾ ഇതിനെല്ലാം കടകവിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ സഭകളെല്ലാം സ്ഥാപിച്ചത് ഈ മഹായിടവകയിലെ അംഗങ്ങളാണ്.

ഇതിനെ അതിജീവിക്കുവാനും ഭിന്നതയില്ലാതെ പോകുവാനും പരമാവധി ശ്രമിച്ചു. ഒരുവിധത്തിൽ സഭകളെ എം.കെ.ഡി.യുടെ നിയന്ത്രണത്തിൽ നിർത്തുവാൻ സാധിച്ചു.

## പട്ടക്കാരുടെ നിയമനം

വർഷങ്ങളായി എം.കെ.ഡി. യിലെ അച്ചന്മാർ അവിടെ പോയി പ്രവർത്തിച്ചു. അവിടുത്തെ നമ്മുടെ ജനങ്ങളുടെ സഹകരണത്തോടെ സഭകൾ സ്ഥാപിച്ചു. എല്ലാ ജനങ്ങളെയും ഒരു പോലെ കരുതി. എന്നും പട്ടക്കാരെ നമ്മുടെ മഹായിടവക നയിച്ചു പോന്നു. ബിഷപ്പ് ഡാൻഡിൻ മോഡറേറ്റർ ആയിരിക്കുമ്പോൾ എം.കെ.ഡി. ബിഷപ്പിനെ കൗൺസിൽ ചെയർമാൻ ആയി നിയമിച്ചു. അധികം താമസിയാതെ അദ്ദേഹം സ്ഥാനം ഒഴിഞ്ഞു. ബിഷപ്പ് വില്യം മോസസ് മോഡറേറ്ററായി. ബിഷപ്പ് കെ. ജെ. സാമുവൽ ഡെപ്യൂട്ടി മോഡറേറ്ററായി. ഇവർ രണ്ടു പേരും കൂടി നമ്മുടെ മഹായിടവകയ്ക്കെതിരായി കരുക്കൾ നീക്കുവാൻ തുടങ്ങി. തികച്ചും അക്രൈസ്തവമായ നിലയിൽ. സിന്നഡ് എക്സിക്യൂട്ടീവിൽ നമ്മുടെ മഹായിടവക വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയി. വില്യം മോസസ് & കെ. ജെ. സാമുവൽ എന്നീ ബിഷപ്പുമാർ മഹായിടവകയ്ക്കെതിരായി നിലകൊണ്ടു.

അവർ ചുമതലയിൽ ആയ ആദ്യത്തെ എക്സിക്യൂട്ടീവിൽ രണ്ടു തീരുമാനങ്ങൾ എന്റെ എതിർപ്പിനെ വകവയ്ക്കാതെ എടുക്കുകയുണ്ടായി.

എം.കെ.ഡി. ബിഷപ്പിനെ ചെയർമാൻ സ്ഥാനത്തുനിന്നു മാറ്റുക.

നോർത്ത് അമേരിക്കയിലെ എല്ലാ അച്ചന്മാരെയും മോഡറേറ്റർ നിയമിക്കുക. എല്ലാം മോഡറേറ്ററുടെ നിയന്ത്രണത്തിലാക്കുക.

വേക്കൻസി ഉള്ള സ്ഥലങ്ങളിലേക്ക് മോഡറേറ്റർ 4 മഹായിടവകയിൽ നിന്നും അപ്ലിക്കേഷൻ സ്വീകരിക്കുക. അതിൽ നിന്ന് മോഡറേറ്റർ ഇഷ്ട

മുള്ളവരെ ഇഷ്ടമുള്ളിടത്ത് നിയമിക്കുക. ഇത് എല്ലാ ബിഷപ്പന്മാരെയും അറിയിച്ചു. അത് നടപ്പാക്കാൻ അവർക്ക് സാധിച്ചില്ല.

എം.കെ.ഡി. ബിഷപ്പ് ശക്തമായി പ്രതിഷേധിച്ച് കത്തയച്ചു. തന്നെയുമല്ല വടക്കും തെക്കും ഭാഗങ്ങളിൽ ഉണ്ടായ വേക്കൻസികളിൽ പട്ടക്കാരെ നിയമിക്കുകയും ചെയ്തു. അപ്പോഴിതാ വലിയ ഒരു കടമ്പ.

അമേരിക്കയിൽ നമ്മുടെ അച്ചന്മാരെ സ്പോൺസർ ചെയ്യുന്നത് എപ്പിസ്കോപ്പൽ ചർച്ചിന്റെ ഏഷ്യൻ ഡെസ്ക് ഡയറക്ടർ ഡോ. വിൻസ്റ്റൺ ചിങ്ങ് ആണ്. അദ്ദേഹം എന്റെ ഒരുറ്റ സ്നേഹിതനുമാണ്. എന്നാൽ മോഡറേറ്റർ എഴുതി എം.കെ.ഡി. യുടെ പട്ടക്കാർക്ക് പേപ്പറുകൾ കൊടുക്കരുത് എന്ന്. ഈ കാലഘട്ടത്തിൽ മഹായിടവക, അമേരിക്കയിലെ യുണൈറ്റഡ് ചർച്ച് ഓഫ് ക്രൈസ്റ്റുമായി ബന്ധം സ്ഥാപിച്ചു. യു.സി.സി. അതിന്റെ ഒക്കൽഹോമാ കോൺഫറൻസ് പ്രസിഡന്റ് റവ. ജോൺ ക്രൂഗർ എന്നോടൊപ്പം മഹായിടവകയിൽ വന്ന് താമസിച്ചിട്ടുള്ളയാളും എന്റെ ഒരു ഉറ്റമിത്രവുമാണ്. ഞാൻ അമേരിക്കയിൽ ഏതു സംസ്ഥാനത്തായാലും അദ്ദേഹം അവിടെ വന്ന് എന്നെ കാണുമായിരുന്നു. അദ്ദേഹത്തോട് എന്റെ പ്രോബ്ലം ഷെയർ ചെയ്തു. അദ്ദേഹം പറഞ്ഞു: “Don't worry. I'll make arrangements.” അങ്ങനെ തെക്കു ഭാഗത്തുള്ള ഇടവകകളിലേക്കുള്ള പേപ്പേഴ്സ് ശരിയായി.

ന്യൂയോർക്കിലെ കോൺഫറൻസ് പ്രസിഡന്റ് (equal to our Bishop) ഡോ. ബ്ലാക്‌വെൽ എന്ന മാന്യൻ എന്റെ സ്നേഹിതനായിരുന്നു. അദ്ദേഹം വടക്കുഭാഗത്തുള്ളവരുടെ പേപ്പേഴ്സും ശരിയാക്കി. 7 പേരെയും നിയമിക്കാൻ സാധിച്ചു. അങ്ങനെ തന്നെ ഞാൻ റിട്ടയർ ചെയ്യുന്നതു വരെ കാര്യങ്ങൾ ഭംഗിയായി നടന്നു.

ഡാലസ്, ചിക്കാഗോ ക്രൈസ്റ്റ് ചർച്ച്, ഫിലാഡൽഫിയായിലുള്ള ചർച്ച് ഇതെല്ലാം പുതുതായി ആരംഭിച്ച സഭകളാണ്.

അമേരിക്കൻ ഐക്യനാടുകളിൽ ഏഴു പ്രാവശ്യം സഭാ സന്ദർശനം നടത്തി. ഓരോ പ്രാവശ്യവും ഒരു മാസത്തിൽ താഴെ മാത്രം ദിവസങ്ങൾ താമസിച്ചു. അവിടുത്തെ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

മിക്കവാറും ഇടവകകളിൽ പ്രശ്നങ്ങളാണ്. അവിടെ ചെന്നാൽ മനസ്സിനും ശരീരത്തിനും സുഖം കിട്ടുകയില്ല. ഏതായാലും അവിടേയ്ക്കുള്ള യാത്ര ഞാൻ ഒരിക്കലും ചെറിഷ് ചെയ്തിരുന്നില്ല എന്നതാണ് സത്യം. മഹായിടവകയിലെ വിവിധ ആവശ്യങ്ങൾക്ക് സഹായഹസ്തം നീട്ടുവാൻ അമേരിക്കയിലുള്ള കോൺഗ്രിഗേഷൻസ് സന്നദ്ധമായിരുന്നു. ധാരാളം സഹായം മഹായിടവകയ്ക്ക് ലഭിച്ചിട്ടുണ്ട്. നന്ദിയോടെ സ്മരിക്കുന്നു.

സ്ത്രീജനസഖ്യത്തിന് അവിടെനിന്നും ധനസഹായം ലഭിക്കുവാനും തുടങ്ങി. അവിടുത്തെ സ്ത്രീജനസഖ്യം വളരെ വിശാലഹൃദയത്തോടുകൂടി പെരുമാറിയിട്ടുണ്ട്.

നിർഭാഗ്യകരമായ ഒരു കാര്യം അവിടെ ഇടവകകളിലുണ്ടാകുന്ന ഭിന്നതയാണ്. അതിന് പരിഹാരമുണ്ടാകണമെങ്കിൽ നോർത്ത് അമേരിക്കൻ കോൺഗ്രിഗേഷൻസ് മദ്ധ്യകേരള മഹായിടവകയുടെ സ്വതന്ത്രമായ നേതൃത്വത്തിന് വിധേയരാകണം എന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. കേരളത്തിലെ തന്നെ ഇതരമഹായിടവകളിലെ നേതൃത്വം ഇതിനെതിരാണ്. അവർ എല്ലാവരും നമ്മുടെ മഹായിടവകയ്ക്കെതിരായി പ്രവർത്തിച്ചിട്ടുമുണ്ട്.

അമേരിക്കയിൽ വിവിധ സംസ്ഥാനങ്ങളിൽ നമ്മുടെ ഇടവകകളും പട്ടക്കാരുമുണ്ട്. അവരുടെ ഇടയ പരിപാലനം നടത്തുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. നമ്മുടെ മഹായിടവക നേതൃത്വവും അവിടെ ചെല്ലുന്ന പട്ടക്കാരും ധൈര്യമായി ഒറ്റക്കെട്ടായി നിന്നാൽ മഹായിടവകയുടെ അവകാശത്തിന്മേൽ കൈകടത്തുവാനാർക്കുമാവില്ല.

ഒരിക്കൽ മോഡറേറ്റർ വില്യം മോസസ് തിരുമേനിയുമായി രൂക്ഷമായി സംസാരിക്കുവാനിടയായി. ഞാൻ അദ്ദേഹത്തോട് “You are only a moderator not an Archbishop. My diocese is autonomous under the umbrella of C.S.I.” എന്നു വരെ പറയേണ്ടി വന്നു. അവിടെ ചെന്ന ശേഷം മഹായിടവകയോട് ആത്മാർത്ഥത കാണിക്കാത്ത ചിലരുമുണ്ട്. എന്നാൽ ചിലർ ശക്തമായ നിലപാടെടുത്തിട്ടുണ്ട്, മഹായിടവകയ്ക്കുവേണ്ടി.

## കേരളത്തിനു പുറത്തുള്ള ഇടവകകൾ

കേരളത്തിനു പുറത്ത് മദ്രാസ്, ബാംഗ്ലൂർ, ഹൈദ്രബാദ്, ബോംബെ, പൂനാ, കൽക്കട്ടാ, ഡൽഹി, കോയമ്പത്തൂർ തുടങ്ങി ഭോപ്പാൽ, ഭിലായ് എന്നീ പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം നമ്മുടെ ഇടവകകൾ ഉണ്ട്. ഇവിടെ എല്ലാം ഉള്ള അംഗങ്ങളിൽ 98 ശതമാനവും മഹായിടവകയിൽ നിന്നുള്ളവരാണ്. നമ്മുടെ മഹായിടവക സ്ഥാപിച്ചിട്ടുള്ളവയും, നമ്മുടെ അച്ചന്മാരുടെ മേൽനോട്ടത്തിൽ പ്രവർത്തനം നടത്തിവരുന്നവയുമാണ്. വളരെ വർഷങ്ങളായി സുഗമമായി നടത്തപ്പെടുന്ന ഈ ഇടവകകളിൽ സമീപ വർഷങ്ങളിൽ ഇതര മഹായിടവകകളുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്.

ഉദാ: മദ്രാസ് ഇടവക ഏതാണ്ട് മുക്കാൽ നൂറ്റാണ്ടുകൾക്കു മുമ്പ് മദ്രാസ് ക്രിസ്ത്യൻ കോളജിൽ അദ്ധ്യാപകനായിരുന്ന കെ.സി. ചാണ്ടി സാറിന്റെ ലോഡ്ജ് മുറിയിൽ നാട്ടിൽ നിന്നു വരുന്ന പട്ടക്കാരെക്കൊണ്ട്

ആരംഭിച്ച ആരാധന വളർന്ന് ഒരു വലിയ ഇടവകയായി. വാടകയ്ക്ക് സി.എസ്.ഐ. പള്ളി എടുത്ത് ആരാധന നടത്തിപ്പോന്നു. 1972-ൽ മദ്രാസ് മഹായിടവകയിൽ നിന്ന് മാർക്കറ്റുവില കൊടുത്ത് ഏതാണ്ട് 35 സെന്റ് സ്ഥലം വാങ്ങി മനോഹരമായ ഒരു ദേവാലയം നിർമ്മിച്ചു. അതിനു മുമ്പു തന്നെ സെന്റ് ആൻഡ്രൂസ് ചർച്ച് കോമ്പൗണ്ടിൽ ഒരു പാഴ്സനേജ് ഉണ്ടായിരുന്നു. അങ്ങനെ ഉത്തരരോത്തരം വളർന്നു കൊണ്ടിരുന്ന ഈ ഇടവകയിൽ ഉണ്ടായ വേക്കൻസിയിൽ നമ്മുടെ ഒരു പട്ടക്കാരനെ നിയമിച്ചു. അപ്പോഴാണ് അറിയുന്നത് അവിടുത്തെ ബിഷപ്പുമായി നോർത്തുകേരളാ ബിഷപ്പ് കൂടിആലോചിച്ച് അവിടെ ഒരു പട്ടക്കാരനെ നിയമിച്ചു എന്ന്. വലിയ പ്രശ്നമായി. പാഴ്സനേജ് ഇടവകക്കാർ പൂട്ടി. അവിടുത്തെ ജനങ്ങൾ, നോർത്തു കേരള മഹായിടവകയിൽ നിന്നുള്ള ഏതാനും കുടുംബങ്ങൾ ഉൾപ്പെടെ, ഒന്നടങ്കം ഈ നീക്കത്തെ എതിർത്തു.

## കോയമ്പത്തൂർ ഇടവക

അവിടുത്തെ മലയാളികളായ സി.എസ്.ഐ. ക്കാർ എ. ടി. ഏബ്രഹാം, എ. ടി. നൈനാൻ എന്നിവരുടെ നേതൃത്വത്തിൽ എന്റെ അടുക്കൽ വന്ന് അവിടെ ഒരു മലയാളം ആരാധന ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു ആരാധന ക്രമീകരിച്ചു. ആരംഭത്തിൽ തന്നെ 80 ഓളം കുടുംബങ്ങളുണ്ടായിരുന്നു. തോമസ് കെ. ഉമ്മനച്ചൻ അവിടെ ആരാധന നടത്താൻ എത്തിയിരുന്നു.

ആൾ സെയിന്റ്സ് ചർച്ച്, ആൾ സോൾസ് ചർച്ച് തുടങ്ങിയ 5 സ്ഥലങ്ങളിൽ അവിടുത്തെ ആരാധനയ്ക്കു തടസം വരാത്ത സമയത്ത് ആരാധന നടത്തുവാൻ ആദ്യം സമ്മതിച്ചെങ്കിലും മാസങ്ങൾക്കുള്ളിൽ ഈ 5 സ്ഥലങ്ങളിൽ നിന്നും അവർ പുറംതള്ളപ്പെട്ടു.

അവിടുത്തെ സി.എസ്.ഐ. പള്ളി കെട്ടിടങ്ങൾ മൂന്നു മണിക്കൂർ ഉപയോഗിക്കുവാനുള്ള അനുവാദം പോലും തന്നില്ല.

ഒടുവിൽ കോയമ്പത്തൂർ പട്ടണത്തിന്റെ പ്രാന്തപ്രദേശത്ത് ഏതാണ്ട് മുക്കാലേക്കർ സ്ഥലം ഒരു ട്രസ്റ്റ് രൂപീകരിച്ച് അതിന്റെ പേരിൽ വാങ്ങി. ഒരു ദേവാലയം നിർമ്മിച്ചു. ഞാനും അവിടുത്തെ ബിഷപ്പ് വില്യം മോസസും കൂടി കൂദാശ ചെയ്തു. നല്ല ഒരു കോൺഗ്രിഗേഷൻ ആയി വളർന്നു. സി.എസ്.ഐ. എന്ന പേരിൽ മറ്റൊരു മഹായിടവകയിൽ ജുറിഡിക്ഷൻ പാടില്ല എന്ന പേരിലാണ് നമുക്ക് തടസ്സം സൃഷ്ടിക്കുന്നത്. പിന്നീടു വന്ന ബിഷപ്പ് ദൊര ഈ സഭയിൽ വളരെ പ്രശ്നങ്ങൾ സൃഷ്ടിച്ചു. സി.എസ്.ഐ. ക്കാരായ മലയാളികൾക്ക് സ്വന്തഭാഷയിൽ ആരാധിക്കുവാൻ ഒരു സ്ഥലം സി.എസ്.ഐ. യിലെ തന്നെ ഒരു മഹായിടവക

അനുവദിക്കുന്നില്ല. എന്തൊരു വൈരുദ്ധ്യം. ഏതായാലും അവിടെ നമ്മുടെ പട്ടക്കാർ തന്നെ സേവനമനുഷ്ഠിക്കുന്നു.

ബോംബെയിലും പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെട്ടു. അവിടെ പട്ടക്കാരനെ നിയമിക്കുന്നതിനെ അവിടുത്തെ ബിഷപ്പ് എതിർത്തു. മുക്കാൽനൂറ്റാണ്ട് പഴക്കമുള്ള ഇടവകയാണത്. ജനങ്ങൾ ഒറ്റക്കെട്ടായിമാറി. മദ്ധ്യകേരള മഹായിടവകയിൽ നിന്നു മാത്രം പട്ടക്കാർ മതി എന്നു തീരുമാനിച്ചു. നമ്മുടെ ബിഷപ്പിനെ പ്രതിയാക്കി കോടതി കേസുവരെ അവിടുത്തെ ബിഷപ്പ് നടത്തുകയുണ്ടായി. അവിടെയും നമ്മുടെ പട്ടക്കാർ സേവനമനുഷ്ഠിക്കുന്നു.

അവിടെ ഉള്ള നമ്മുടെ ജനങ്ങൾക്ക് പാസ്റ്ററൽ കെയർ കൊടുക്കുക എന്നുള്ളതിൽ അധികം ഒരു പ്രയോജനവും മഹായിടവകയ്ക്കില്ല എന്നോർക്കണം.

## ബാംഗ്ലൂർ

അവിടുത്തെ ബിഷപ്പ് നമ്മുടെ ചില സഭാംഗങ്ങളെ സ്വാധീനിച്ച് ഈ ഇടവകയിലെ പട്ടക്കാരെ അവർ തന്നെ നിയമിച്ചു തുടങ്ങി. ആരംഭം മുതൽ നമ്മുടെ മഹായിടവകയാണ് പട്ടക്കാരെ നിയമിച്ചുകൊണ്ടിരിക്കുന്നത്.

## ഹൈദ്രബാദ്

വലിയ പ്രശ്നങ്ങളില്ലാതെ പ്രവർത്തനങ്ങൾ തുടരുന്നു.

ഈ ഇടവകകളിൽ നിന്നൊന്നും ഒരു സാമ്പത്തിക നേട്ടവും മഹായിടവകയ്ക്കില്ല. നമ്മുടെ പട്ടക്കാരെ കൊടുക്കുന്നു എന്നു മാത്രം.

## കൽക്കത്ത

വളരെ വർഷത്തെ പഴക്കമുള്ള ഇടവകയാണ്. വലിയ പ്രശ്നങ്ങൾ ഒന്നും കൂടാതെ നിലനിൽക്കുന്നു.

## ഡൽഹി, പൂനൈ

രണ്ട് ഇടവകകളും വളർന്നു കൊണ്ടിരിക്കുന്നു.

## ഭോപ്പാൽ

ഒരു നല്ല ഇടവകയാണ് ഭോപ്പാൽ. മനോഹരമായ ഒരു പള്ളിയും പാഴ്സനേജും അവിടെ ഉണ്ടായി. അന്നത്തെ മുഖ്യമന്ത്രി ദിഗ്‌വിജയ് സിംഗിനെ കണ്ടപ്പോൾ വളരെ അനുകൂലമായ നിലപാടാണദ്ദേഹം എടു

ത്തത്. വളരെ പ്രോത്സാഹജനകമായി സംസാരിച്ചതു കൂടാതെ സ്ഥലം ലഭിക്കുവാനും കെട്ടിടം പണിയുവാനും വേണ്ട ഒത്താശ നൽകി. അദ്ദേഹത്തിന്റെ സെക്രട്ടറിമാരിൽ ഒരാളായ ദാനിയേൽ നമുക്ക് വലിയ സഹായമാണ്.

**ഭിലായ്** – ഒരു ചെറിയ കോൺഗ്രിഗേഷനാണ്. ഇൻഡസ്ട്രിയൽ മിഷൻ എന്ന പേരിൽ പ്രവർത്തനം നടക്കുന്നു. ഇപ്പോൾ ഒരു പൂർണ്ണസമയ സഭാ പ്രവർത്തകനുണ്ട്.

# ഇൻഡ്യക്ക് പുറത്തുള്ള നമ്മുടെ സഭകൾ

## ഗൾഫ് രാജ്യങ്ങൾ

**ദുബായ്** – വിദേശത്തുള്ള ഏറ്റവും നല്ല ഇടവകയാണ് ദുബായ്. പണം കൊടുക്കുന്ന കാര്യത്തിലും ദുബായ് മുൻപന്തിയിലാണ്. വളരെ സ്നേഹമുള്ള അനേകം സ്നേഹിതർ അവിടെയുണ്ട്. മഹായിടവകയുടെ പല ആവശ്യങ്ങൾക്കും കൈതുറന്നു സഹായിച്ചിട്ടുണ്ട്. അവിടെ സന്ദർശിക്കുന്നത് സന്തോഷകരമാണ്. റിട്ടയർ ചെയ്തതിനു ശേഷവും അവിടം സന്ദർശിച്ചിട്ടുണ്ട്.

ഞാൻ ആദ്യമായി ഒരു വിദേശ രാജ്യം സന്ദർശിക്കുന്നത് ദുബായ് ആയിരുന്നു. ബിഷപ്പ് ആകുന്നതിന് 2 വർഷം മുമ്പ് ദുബായിലെ കൺവൻഷന് വേണ്ടി മാത്യു വർക്കി അച്ചൻ ക്ഷണിച്ചു. ബിഷപ്പ് മാണി പ്രോത്സാഹിപ്പിച്ചു. മടിച്ചെങ്കിലും പോയി. ആദ്യത്തെ വിമാനയാത്രയായിരുന്നു അത്. അന്ന് ഒട്ടനവധി സ്നേഹിതരെ ലഭിച്ചു. ബിഷപ്പ് ആകുമെന്നൊന്നും അന്ന് ചിന്തിച്ചിട്ടേയില്ല. ബിഷപ്പായതിനുശേഷം 6 പ്രാവശ്യം ദുബായ് സന്ദർശിച്ചു. നല്ല ഒരു കോൺഗ്രിഗേഷൻ ആണത്. ഞാൻ ഏറ്റവും കൂടുതൽ സന്ദർശിച്ചിട്ടുള്ള വിദേശ രാജ്യം ദുബായ് ആണ്. അനേകംപേർക്ക് വിവാഹസഹായം, വിദ്യാഭ്യാസ സഹായം, ഭവനനിർമ്മാണസഹായം എന്നിവയെല്ലാം അവിടെ നിന്നും ലഭിച്ചിട്ടുണ്ട്. മഹായിടവകയുടെ ഭവനിർമ്മാണ പദ്ധതിയിൽ 50 വീടുകൾ വയ്ക്കുന്നതിനുള്ള പണം അവിടെ നിന്നു ലഭിച്ചിട്ടുണ്ട്.

ദുബായിൽ പല തവണകളായി കൺഫർമേഷൻ നടത്തിയ അനേകം യുവാക്കളുണ്ട്. ഇടവകയുടെ സിൽവൽ ജൂബിലിയിലും സംബന്ധിക്കുവാൻ സാധിച്ചിട്ടുണ്ട്.

റവ. മാത്യു വർക്കി, റവ. എം.ഇ. ജോൺ, റവ. ഫെലിക്സ് മാത്യു, റവ. സി.വൈ. തോമസ്, റവ. സജി കെ. സാം, റവ. വർഗീസ് ഫിലിപ്പ് എന്നിവരുടെ കാലത്ത് അവിടം സന്ദർശിക്കാനിടയായി. എല്ലാവരും വളരെയേറെ സഹകരിച്ചു.

അവിടെ ചെല്ലുമ്പോൾ പല ആളുകളും വന്ന് ഷോപ്പിംഗിന് പോകാൻ ക്ഷണിക്കാറുണ്ട്. എന്നാൽ ആരുടെ കൂടെയും പോകാൻ തയ്യാറായിട്ടില്ല. എന്നാൽ ഡോ. കുരുവിളയും ഐവിയും നിർബന്ധമായും കൊണ്ടുപോകയും ഷോപ്പിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

ഒരിക്കൽ ദുബായിൽ വച്ച് എനിക്ക് ചിക്കൻ പോക്സ് പിടിപെട്ടു. ഫെലിക്സ് മാത്യു അച്ചനായിരുന്നു. ഒരു മടിയും കൂടാതെ ഞങ്ങളെ ശുശ്രൂഷിച്ചു. ഭാര്യയും കുഞ്ഞുങ്ങളും ഒരു മടിയും കാണിച്ചില്ല. ഒരു ദിവസം എന്റെ സ്നേഹിതനായ സൈമൺ കുര്യൻ മകളോടു കൂടി പാഴ്സനേജിൽ വന്നു കുറെ സമയം ചെലവഴിച്ചു. ചിക്കൻ സൂപ് എന്ന ഒരു പുസ്തകവും അതിനകത്ത് ഒരു കവറും ഉണ്ടായിരുന്നു. 1 ലക്ഷം രൂപയുടെ ഒരു ചെക്ക് ആയിരുന്നു അതിൽ. ഇതു കണ്ടപ്പോൾ ഞാൻ ചോദിച്ചു. പുതുതായി ആരംഭിച്ച ആശാ ഭവൻ ഡേ കെയർ സെന്ററിനു വേണ്ടി ഒരു വാൻ വാങ്ങുവാൻ ഈ തുക ഉപയോഗിച്ചുകൊള്ളട്ടെ എന്ന്. അത് തിരുമേനിയുടെ ഇഷ്ടം പോലെ. പിന്നെ ഡോ. രാജു (കുരുവിള) ഒന്നരലക്ഷം തന്നതും വാനിനുവേണ്ടി ഉപയോഗിച്ചു.

പല അച്ചന്മാരുടെ മക്കളുടെ വിവാഹത്തിനും വീടുവയ്ക്കുന്നതിനും സഹായം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. എനിക്ക് യാത്രയയപ്പും തന്നു.

## അബുദാബി

താരതമ്യേന ഒരു ചെറിയ ഇടവകയാണ്. എന്നാൽ ഭിന്നതയുണ്ടായിരുന്നു. അച്ചനായിരിക്കുമ്പോൾ തന്നെ വഴക്കു തീർക്കുവാൻ അവിടെ പോയിട്ടുണ്ട്.

അന്നത്തെ വഴക്ക് രസകരമാണ്. കമ്യൂണിയന് Vin Carnis എന്ന വൈൻ ആണ് പരമ്പരാഗതമായി ഉപയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ പുതിയ അച്ചൻ ചെന്നു കഴിഞ്ഞപ്പോൾ അതിൽ ആൽക്കഹോൾ കണ്ടന്റ് 14% ഉള്ളതിനാൽ അതുപയോഗിക്കില്ല. മുന്തിരി പിഴിഞ്ഞെടുത്ത് ഉപയോഗിക്കാൻ ആരംഭിച്ചു. ചുരുക്കം ചിലർ ഒഴികെ എല്ലാവരും ഇതിനെ എതിർത്തു. സഭയിൽ രണ്ടു ഗ്രൂപ്പുണ്ടായി. പരസ്പരം വഴക്ക്.

ഞാൻ ദുബായിൽ ചെന്നപ്പോൾ മാണി തിരുമേനി എന്നോട് അബുദാബിയിൽ പോയി വഴക്കിന് ഒരു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടതിൻ പ്രകാരം അബുദാബിയിൽ ഒരു വെള്ളിയാഴ്ച വൈകിട്ട് ആരാധന കഴിഞ്ഞ് പാഴ്സനേജിൽ ഇരുവിഭാഗക്കാരും ഒത്തുകൂടി. ഏതാണ്ട് രാത്രി 2 മണി വരെ സംസാരിച്ച് ഒരൊത്തുതീർപ്പിൽ എത്തി.

## വാഴപ്പഴവും കുർബ്ബാനയും

രാത്രിയിൽ ഞാൻ മാണി തിരുമേനിയെ വിളിച്ച് ആലോചന ചോദിച്ചു. തിരുമേനി പറഞ്ഞു "അച്ചൻ പുട്ടും പഴവും ഇളക്കി തിന്നുമോ എന്ന് ചോദിക്കണം. ഇതു രണ്ടും കൂടി ചേരുമ്പോൾ അതിൽ 20% ആൽക്കഹോൾ ഉൽപാദിപ്പിക്കപ്പെടും. അതുകൊണ്ട് വിൻ കാർന്നിസ് ഉപയോഗിക്കുന്നതിൽ തെറ്റില്ല." ഏതായാലും വഴക്ക് തീർന്നു. സമാധാനത്തോടെ ഞാൻ ദുബായിക്ക് മടങ്ങി. മടങ്ങിവരുമ്പോൾ അച്ചൻ പറഞ്ഞു. ഞാൻ ഏതായാലും ഈ മദ്യം കുർബ്ബാനയ്ക്കുപയോഗിക്കില്ല എന്ന്.

ഞാനച്ചനോട് "അച്ചാ, ഇരട്ടി വെള്ളം ചേർത്ത് ഒരു കുഞ്ഞു സ്പൂണിൽ ഒരു തുള്ളി വീഞ്ഞ് ഉള്ളിൽ ചെല്ലുന്നതാണോ ഒരിടവക രണ്ടാകുന്നതാണോ പാപം?" അച്ചൻ മറുപടി പറഞ്ഞില്ല.

തിരികെ നാട്ടിൽ എത്തി തിരുമേനിയുമായി ആലോചിച്ച് ഒരു ഒത്തു തീർപ്പ് എഴുതി അയച്ചു.

"അവിടെ ആ പള്ളിയിൽ തന്നെ ആംഗ്ലിക്കൻ അച്ചൻ ഉപയോഗിക്കുന്ന വീഞ്ഞ് അവരോട് വാങ്ങി നമ്മുടെ കോൺഗ്രിഗേഷനും ഉപയോഗിക്കുക." എല്ലാവരും സ്വീകരിച്ചു. (ഇതിൽ 20% ആൽക്കഹോൾ കണ്ടെന്റ് ഉണ്ടെന്നുള്ളത് മറ്റൊരു രഹസ്യം) ഇന്നും ഈ ഫോർമൂല നടപ്പിലിരിക്കുന്നു.

പല പ്രാവശ്യം ഈ ഇടവകകൾ സന്ദർശിക്കുന്നതിന് സാധിച്ചിട്ടുണ്ട്. വർഗ്ഗീസ് ചെറിയാനച്ചന്റെ കാലത്തും ക്വയറിന്റെ പ്രോബ്ലം പരിഹരിക്കുന്നതിനായി രാത്രി മുഴുവൻ ചർച്ച നടത്തിയിട്ടുണ്ട്. ചെറിയ ഇടവകയാണ്. ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

അലൈൻ, റാസൽക്കൈമാ, ഫുജൈറ തുടങ്ങിയ ചെറിയ സഭകളും അവിടെ ഉണ്ട്. എല്ലായിടവും പല പ്രാവശ്യം സന്ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്.

## ഷാർജ

ഇപ്പോൾ സാമാന്യം നല്ല ഒരിടവകയായാണ് ആരംഭം. ദുബായ് സന്ദർശനത്തിനായി അവിടെ ചെന്നപ്പോൾ ഷാർജയിലെ ചില സ്നേഹിതർ ഉച്ചഭക്ഷണത്തിനായി എന്നെ ക്ഷണിച്ചു. അവിടെ ചെന്നപ്പോൾ എനിക്ക് പരിചയമുള്ള ചില യുവാക്കൾ അവിടെ വന്നിരുന്നു. അവർ എവിടെയാണ് പള്ളിയിൽ പോകുന്നത് എന്നു ചോദിച്ചപ്പോൾ എവിടെയുമില്ല. ദുബായ്ക്ക് പോകുവാൻ പ്രയാസം.

ഞാൻ അവരോട് പറഞ്ഞു ഒരു പ്രാർത്ഥനാക്കൂട്ടം ആരംഭിക്കുക. മാസ

ത്തിലൊരിക്കൽ അച്ചനെ അയയ്ക്കാം. വി. സംസർഗ്ഗം നടത്തും. അവർ സമ്മതിച്ചു.

സോളമന്റെ (ഫിലിപ് ഡേവിഡ് അച്ചന്റെ മകൻ) വീട്ടിൽ ഒരു പ്രാർത്ഥന ക്രമീകരിച്ചു. 80 ൽ പരം ആളുകൾ കൂടി. പിന്നീട്പ്രാർത്ഥ നയ്ക്കായി ക്രമീകരണം ചെയ്തു. മാസത്തിൽ ഒരിക്കലും പിന്നീട് രണ്ടു പ്രാവശ്യവും വി. സംസർഗ്ഗം ക്രമീകരിച്ചു. എന്നാൽ നാലാഴ്ചയും വേണ മെന്നാവശ്യപ്പെട്ടു. ദുബായ്ക്കാർ അത് സമ്മതിക്കയില്ല എന്നു പറഞ്ഞു.

ദുബായിയുടെ ശക്തി കുറയും എന്ന ഭയം. ഒരു വെള്ളിയാഴ്ച ആരാ ധനയ്ക്കു പോകുവാൻ അച്ചൻ ഒരുങ്ങിയപ്പോൾ പാടില്ല എന്നവർ ശഠിച്ചു. ഉടനെ എനിക്ക് ഫോൺ ചെയ്തു. സി. കെ. ജോൺ വൈസ് പ്രസിഡന്റ് ആയിരുന്നു. ഹി ഈസ് എ ജന്റിൽമാൻ. ഞാൻ പറഞ്ഞു. അച്ചനെ അപ്പോയിന്റ് ചെയ്തത് ഞാനാണ്. എന്റെ ഓർഡർ അച്ചൻ അനുസ രിക്കും. നിങ്ങളുടെ ആരാധനയ്ക്ക് ഒരു തടസ്സവും വരാതെ അച്ചൻ വെള്ളി യാഴ്ച രാവിലെ അവിടെ പോയി ശുശ്രൂഷ നടത്തണം. അത് ബിഷ പ്പിന്റെ ഓർഡർ ആണ്. ദയവായി പ്രശ്നങ്ങൾ ഉണ്ടാക്കരുത്. സി.കെ. ജോൺ കാര്യങ്ങൾ മനസ്സിലാക്കി ഒരു തടസ്സവും പറഞ്ഞില്ല.

അങ്ങനെ അവിടെ സ്ഥിരം സംവിധാനമുണ്ടായി. പിന്നീട് ഞാൻ റവ. അലക്സാണ്ടർ ചെറിയാൻ അച്ചനെ സ്ഥിരമായി അവിടെ പട്ടക്കാരനായി നിയോഗിച്ചു. ഇന്ന് ആ ഇടവക വളരെ ഏറെ പുരോഗമിച്ചുകൊണ്ടിരി ക്കുന്നു. ഇപ്പോൾ അവർക്ക് സ്വന്തം പള്ളിയും മറ്റു സംവിധാനങ്ങളുമെ ല്ലാമായി വളരെ വേഗം പുരോഗമിച്ചിരിക്കുന്നു.

ദുബായിയും വളർന്നു. ഷാർജായും വളർന്നു. ഇന്ന് നല്ല രണ്ടു കോൺഗ്രിഗേഷനുകൾ അവിടെയുണ്ട്. റവ. എം.ഇ. ജോൺ ഇക്കാര്യ ത്തിൽ വളരെ സഹായകരമായിരുന്നു. റ്റി.സി. മാത്യുവും വളരെ സഹാ യിച്ചു. എല്ലാ ആഴ്ചയിലും അച്ചനെ, റ്റി. സി. മാത്യു ഷാർജായിൽ കൊണ്ടുപോകുമായിരുന്നു.

യു.എ.ഇ. യിലുള്ള ഇടവകകൾ മഹായിടവകക്ക് ഒരു വലിയ കൈത്താ ങ്ങാണ്. അനേകം പാവപ്പെട്ടവർക്ക് സഹായം ലഭിച്ചിട്ടുണ്ട്.

## സലാല

ഒരു ചെറിയ സഭയാണ്. എന്നാൽ അവിടെ ഒരു പാഴ്സനേജുണ്ട്. ഒരു പട്ടക്കാരനെ പൂർണ്ണമായി വയ്ക്കുവാനുള്ള സാമ്പത്തികശേഷി കുറ വാണ്. രണ്ടു മൂന്നു പേരെ നിയമിച്ചു. അബുദാബി കൂടി സഹകരിച്ചു. പിന്നീട് അവിടുത്തെ മാർത്തോമ്മാസഭയുടെ പട്ടക്കാരനെ ഇവിടുത്തെ

കാര്യങ്ങൾ കൂടി നടത്തുന്നതിനായി ജോസഫ് മാർത്തോമ്മായുമായി ആലോചിച്ചു ക്രമീകരണം ചെയ്തു. സഭ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ബഹറിൻ

നല്ല ഒരിടവകയാണ്. അംഗസംഖ്യ കുറവാണെങ്കിൽ കൂടി വളരെ നന്നായി പ്രവർത്തിക്കുന്നു. മഹായിടവകയെ സാമ്പത്തികമായും സഹായിച്ചുകൊണ്ടിരിക്കുന്നു. വെല്ലൂർ ബത്സൈയ്ദായ്ക്ക് സ്ഥലം വാങ്ങാൻ സഹായം തന്നിട്ടുണ്ട്.

## ദോഹ

അവിടെ ആദ്യകാലങ്ങളിൽ ആരാധനാ സ്വാതന്ത്ര്യം ഒട്ടുമില്ലായിരുന്നു. പട്ടക്കാർക്ക് വിസ പോലും ലഭിക്കയില്ലായിരുന്നു. കോടുകുളഞ്ഞി സ്വദേശി ടി.എൻ. നൈനാൻ മുൻകൈയെടുത്ത് ഒരു സഭ അവിടെ ഉണ്ടാക്കി. ആരാധനയ്ക്ക് ആളുകൾ വരുമ്പോൾ ചെരുപ്പ് പുറത്തിടുകയില്ലായിരുന്നു. ഒത്തിരി ചെരുപ്പ് കിടക്കുന്നതു കണ്ടാൽ അവിടെ പ്രാർത്ഥന നടക്കുന്നു എന്ന് പോലീസ് അറിയും. പ്രതികൂലങ്ങളിൽ ആണെങ്കിലും ഇന്ന് നല്ല ഒരു സഭ അവിടെയുണ്ട്. ഇപ്പോൾ നല്ല സ്വാതന്ത്ര്യം ഉണ്ട്. നമുക്ക് മനോഹരമായ പള്ളിയും പാഴ്സനേജും ഇപ്പോഴുണ്ട്.

## കുവൈറ്റ്

മറ്റൊരു വലിയ ഇടവകയാണ് കുവൈറ്റ്. ഇന്നും അവർ സ്വന്തം ഭരണഘടന പ്രകാരമാണ് നില്ക്കുന്നത്. എന്നാൽ എന്നും അച്ചന്മാർ എം.കെ.ഡി. യിൽ നിന്നാണ് പോകുന്നത്. ദുബായിയെപ്പോലെ ഡയോസിസിനെ വളരെ സഹായിക്കുന്നുണ്ട്. എന്നാൽ ചില പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ഞാൻ കർശന നിലപാടെടുത്തു. വലിയ കുഴപ്പം കൂടാതെ അച്ചന്റെ ടേം പൂർത്തിയായി. പിന്നീട് വല്യ പ്രശ്നങ്ങൾ ഒന്നുമില്ലാതെ പോകുന്നു. പല പ്രാവശ്യം അവിടെ പോകുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. നമുക്ക് ഒരു അസറ്റാണ്.

## മസ്ക്കറ്റ്

നമ്മുടെ മറ്റൊരു ഇടവകയാണിത്. സാമാന്യം നല്ല ഒരിടവക. അവിടെ ഒരു ഹാൾ പ്രതിഷ്ഠിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മസ്ക്കറ്റിന്റെ ഔട്ട്റീച്ച് വർക്ക് – ഏകദേശം 100 കി.മീ. ദൂരെ മരുഭൂമിയിൽ കുറെ തൊഴിലാളികൾ പണി ചെയ്യുന്നുണ്ട്. തെക്കൻ തിരുവിതാംകൂറിലെ സി.എസ്.ഐ.ക്കാരാണ്. സ്ഥിരീകരണം കഴിഞ്ഞത് 2 പേർ മാത്രം. അവരുടെ താമസം മരുഭൂമിയിൽ ഉണ്ടാക്കിയ ഒരു ഷെഡിലാണ്. മുമ്പിൽ ഒരു കുഴൽ കിണർ. വളരെ യാതനകളുടെ മദ്ധ്യത്തിൽ കഴി

യുന്ന ഇവർക്ക് വേണ്ടി ഒരു ആരാധന ക്രമീകരിച്ചു. അവിടെ പോയി അവരോടൊപ്പം ആരാധിച്ചത് ഒരു അനുഭവമായിരുന്നു.

## ബദ്സെയ്ദ സെന്റർ

വെല്ലൂരിലെ Chaplain ന്റെ കാലാവധി തീർന്നപ്പോൾ നമ്മുടെ സ്വന്തം Chaplain ആയി പുനർനിയമനം കൊടുത്തു. ശമ്പളം കൊടുത്തത് മസ്ക്കറ്റുകാരാണ്. അവിടെ ഒരു സെന്ററിന്റെ ആലോചന വന്നപ്പോൾ അവരാണ് സ്ഥലം വാങ്ങാനുള്ള തുക തന്നത്. ഇന്ന് ആ സ്ഥാപനം വലിയ ഒരു അനുഗ്രഹമായി. ബഹറിനും സഹായിച്ചു.

# LAMBETH CONFERENCE

1998 ജൂലൈ 18 മുതൽ ആഗസ്റ്റ് 8 വരെ

10 വർഷത്തിൽ ഒരിക്കൽ കൂടുന്ന ആംഗ്ലിക്കൻ ബിഷപ്പുമാരുടെ Lambeth കോൺഫറൻസ്. ഇംഗ്ലണ്ടിലെ Lambeth ൽ കൂടുന്ന കോൺഫറൻസിൽ ആംഗ്ലിക്കൻ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ.ഡോ. ജോർജ് കാരിയാണ് അദ്ധ്യക്ഷൻ.

The largest ever Lambeth Conference brings together 735 Anglican bishops at Canterbury. It is the largest Anglican Conference because for the first time Assistant Bishops are attending as well as the Diocesan Bishops.

224 Bishops from Africa comprise the largest group from one continent. 224 Africa, 177 North America, 139 United Kingdom and Europe, 95 Asia, 56 Australia, 41 New Zealand and Oceania Central and South Africa 4 Middle East.

From Kerala 4 CSI Bishops. Zachariah Mar Theophilos, Marthoma and Mar Coorilose, Thozhiyoor. From Church of South India, all 21 Bishops, CNI about 14.

All spouses of Bishops also attended.

ഞാനും കുഞ്ഞമ്മയും ഡൽഹിയിൽ ചെന്നു. റവ. കെ.ജി ഡാനിയേൽ സ്വീകരിച്ചു. അവിടെ വിശ്രമിച്ചു. തക്ക സമയത്ത് എയർപോർട്ടിൽ ചെന്നു. മറ്റു ബിഷപ്പുമാരും എത്തി. ഞങ്ങൾക്ക് എല്ലാവർക്കും പാരീസിലേക്കുള്ള വിസയും ഉണ്ടായിരുന്നു. എല്ലാവരും പാരീസിൽ എത്തി. അവിടെ നിന്ന് ബസിൽ ടെയ്സെ കമ്യൂണിറ്റിയിലേക്ക് യാത്രയായി. മൂന്നു നാലു ദിവസം അവിടെ താമസിച്ചു.

അവിടെ നിന്ന് ലണ്ടനിലേക്ക് പോയി. ഏതാണ്ട് അര മണിക്കൂർ യാത്ര മാത്രം, വിമാനത്തിൽ. അവിടെ ചെന്നത് ഒരു ദിവസം നേരത്തെയായതു കൊണ്ട് സ്വന്തം യാത്രാക്രമീകരണങ്ങൾ ചെയ്യണമായിരുന്നു. അവിടെ നിന്ന് ട്രെയിനിൽ ലാംബെത്തിൽ എത്തി. അവിടെ ഉണ്ടായിരുന്ന വിവിധ കോട്ടേജുകളിൽ ഞങ്ങൾക്ക് എലിയറ്റ് കോളജിൽ നല്ല സൂട്ടിൽ താമസം ഒരുക്കിയിരുന്നു. 3 ആഴ്ചയിൽ അധികം അവിടെ പാർത്തു. നല്ല ഭക്ഷണം. നല്ല താമസം. നല്ല ഒരനുഭവം.

വീക്കെൻഡിൽ മാഞ്ചസ്റ്ററിൽ നിന്നും പിതൃസഹോദരൻ തോമാച്ചായനും മകനും കാറിൽ വന്ന് ഞങ്ങളെ അവരുടെ താമസസ്ഥലത്ത് കൊണ്ടുപോയി. ഒരു ദിവസം കഴിഞ്ഞ് ഞങ്ങൾ ഡോ. ഫെൻ താമസിക്കുന്ന ബർമിങ്ഹാമിൽ ചെന്നു. അവിടെ നിന്ന് ഡോ. ഫെന്നും പ്രമീ

ളയും ഡോ. ബോബിയും ഒരുമിച്ചു ലണ്ടനിലേക്ക് യാത്ര ചെയ്തു. പല ഗ്രാമങ്ങളിൽ കൂടി ഞങ്ങളെ കൊണ്ടു പോയി. ലണ്ടനിൽ മാർത്തോമ്മാ അച്ചനോടു കൂടെ ഞങ്ങൾ ഇരുവരും താമസിച്ചു. ഞായറാഴ്ച മാർ ത്തോമ്മാ പള്ളിയിൽ സി.എസ്.ഐ. ആരാധന നടത്തി. ഞായറാഴ്ച വൈകിട്ട് തിരിച്ചെത്തി.

## തെയ്സെ കമ്യൂണിറ്റി

രണ്ടാം ലോകമഹായുദ്ധത്തിൽ നശിപ്പിക്കപ്പെട്ട ഒരു ഗ്രാമമാണ് പാരീ സിനടുത്തുള്ള തെയ്സേ. ബ്രദർ റോജർ എന്നു പറയുന്ന ഒരു സന്യാസി ശ്രേഷ്ഠൻ അവിടെ ഒരു ആശ്രമം സ്ഥാപിച്ചു. ഇന്ന് അത് വളർന്ന് വലു തായി. പതിനായിരങ്ങൾ അവിടെ വരുന്നു. ഒരുമിച്ച് പ്രാർത്ഥിക്കുന്നു. ഒരുമിച്ചു ഭക്ഷിക്കുന്നു. ഒരുമിച്ച് ഉറങ്ങുന്നു. ഒരുമിച്ച് ആരാധിക്കുന്നു. എല്ലാ സമ്മറിലും യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് യുവജനങ്ങൾ കൂട്ട മായി വന്ന് ഇവിടെ താമസിച്ച് അനുഗൃഹീതരാകുന്നു. മലയുടെ വിവിധ ഭാഗങ്ങളിൽ ടെന്റ് അടിച്ച് താമസിക്കുന്നു. ആരാധനയ്ക്കായി വലിയ ഒരു പന്തൽ. കുറഞ്ഞത് 25000 പേർക്കെങ്കിലും ഇരിക്കാവുന്ന ഒരു സ്ഥലം. പുറകോട്ടു പുറകോട്ട് എക്സ്റ്റന്റ് ചെയ്യാവുന്ന സ്ഥലമാണത്. രാവിലെയും ഉച്ചക്കും വൈകിട്ടും എല്ലാവരും ഒരുമിച്ചു കൂടും. നിലത്തിരിക്കും തീരെ വയ്യാത്തവർ ബഞ്ചിലിരിക്കും. നിരന്തരമായ ആരാധന. അപ്പഴപ്പോൾ ദൈവവചനഘോഷണവും നടക്കും.

ബ്രദർ റോജർ ഒരു സ്റ്റൂളിൽ അതിന്റെ മദ്ധ്യഭാഗത്തുള്ള ഒരു തൂണി നോട് ചേർന്നിരിക്കും. ഇവിടെയിരിക്കുമ്പോൾ ഒരു സ്വർഗ്ഗീയാനുഭൂതി നല്കുന്ന അനുഭവമാണ് നമുക്ക് ലഭിക്കുന്നത്.

ലാംബത്തിനു പോകുന്ന വഴിയിൽ ഈ സ്ഥലത്ത് രണ്ടു മൂന്നു ദിവ സങ്ങൾ ചെലവഴിക്കുവാൻ സാധിച്ചത് വലിയ ഒരനുഭവമാണ്. പാരീസിൽ നിന്ന് മനോഹരമായ ഒരു ബസ് ഏർപ്പാടാക്കിയിരുന്നതിനാൽ തെയ്സേ യിലേക്ക് യാത്ര വളരെ സുഖമായിരുന്നു. പാരീസ് പട്ടണത്തിൽ ഈഫൽ ടൗവർ കാണുവാനും മറ്റു പല കാഴ്ചകൾ കാണുവാനും സാധിച്ചു. അതി ലൊക്കെ പ്രധാനം തെയ്സേ കമ്യൂണിറ്റിയിൽ ഏതാനും ദിവസങ്ങൾ കഴിയുവാൻ സാധിച്ചത് ഒരു വലിയ ആത്മീയാനുഭൂതി നല്കി. ബ്രഹ ത്തായ ലാംബത്ത് കോൺഫ്രൻസിനു മുമ്പ് ഏതാനും ദിവസങ്ങൾ ധ്യാന കേന്ദ്രത്തിൽ കഴിക്കുവാനിടയായത് വലിയ ആത്മീയ പ്രചോദനം നല്കിയ അനുഭവമാണ്.

തേംസ് നദി - ലണ്ടൻ പട്ടണത്തിന്റെ വിരിമാറിലൂടെ ഒഴുകുന്ന ലോക പ്രസിദ്ധമായ തേംസ് നദിയിൽ കൂടി മറ്റു ബിഷപ്പുമാരോടൊപ്പം ഉല്ലാ

സയാത്ര നടത്തുന്നതിന് കുടുംബസമേതം ലഭിച്ച അവസരം വളരെ വില പ്പെട്ടതാണ്. ഏകദേശം 5 മണിക്കൂർ വിവിധ കാഴ്ചകൾ കണ്ട് യാത്ര ചെയ്യുവാൻ സാധിച്ചു.

ഈ യാത്രയിലെല്ലാം കുഞ്ഞമ്മ കൂടെ ഉണ്ടായിരുന്നത് ഒരുനുഗ്രഹ മായിരുന്നു. എലിസബേത്ത് രാജ്ഞിയോടൊപ്പം ബക്കിംങ്ഹാം പാല സിൽ ചായ സല്ക്കാരത്തിനു സംബന്ധിച്ചതുപോലെ സന്തോഷകരമാ യിരുന്നു ലംബത്ത് പാലസിൽ ലഞ്ച് കഴിച്ചത്. കാന്റർബറി ആർച്ച ബിഷ പ്പിന്റെ ആസ്ഥാനമാണിത്.

## Queen Elizabeth and Buckingham Palace

1998 ജൂലൈ 28-ാം തീയതി ചൊവ്വാഴ്ച 4 പി.എം. മുതൽ 6 പി.എം. വരെ എലിസബേത്ത് രാജ്ഞിയോടും എഡിൻബറോ പ്രഭുവിനോടും കുടുംബാംഗങ്ങളോടും ഒരുമിച്ച് ചായസൽക്കാരത്തിനായി ബക്കിംഗാം പാലസിൽ കഴിച്ചുകൂട്ടുവാൻ അവസരം ലഭിച്ചു. എല്ലാ ബിഷപ്പുമാർക്കും ഭാര്യമാർക്കും പ്രത്യേകം പ്രത്യേകം ക്ഷണക്കത്തുകൾ തന്നിരുന്നു. ബ്രിട്ടീഷുകാർക്ക് ഇതൊരു അഭിമാനമാണ്. ആ കാർഡുകൾ അവർ ഫ്രെയിം ചെയ്തുവയ്ക്കുമെന്നാണ് പറയുന്നത്. മനോഹരവും പുരാത നവുമായ പാലസിൽ ഞങ്ങളോടൊപ്പം ഒരു പ്രഭുവും ഉണ്ടായിരിക്കും. വളരെ സന്തോഷകരവും അഭിമാനകരവുമായ ഒരു സന്ദർഭമായിരുന്നു. അത്.

## കാന്റർബറി കത്തീഡ്രൽ ആരാധന

ചരിത്രം ഉറങ്ങുന്ന കാന്റർബറി കതീഡ്രൽ ഒരു കാഴ്ച തന്നെയാണ്. പൂർണ്ണമായി ചുറ്റിനടന്നു കാണുവാൻ മണിക്കൂറുകൾ തന്നെവേണം. ആ വലിയ പള്ളി തിങ്ങിനിറഞ്ഞ ബിഷപ്പുമാരും, പത്നിമാരും പ്രഭുക്കളും ഒരുമിച്ചുള്ള ആരാധന സ്വർഗ്ഗീയാനുഭൂതി പകരുന്നതായിരുന്നു. ചാൾസ് രാജകുമാരനും പ്രധാനാതിഥിയായുണ്ടായിരുന്നു. 52 എ.സി. കോച്ചുക ളിൽ ബിഷപ്പുമാർ പർപ്പിൾ കുപ്പായമണിഞ്ഞ് ഭാര്യമാരോടൊപ്പം ചെന്നി റങ്ങുന്ന സ്ഥലങ്ങളിലെല്ലാം അനേകർ കാഴ്ചക്കാരായുണ്ടായിരുന്നു. അതി നിടെ സ്വവർഗ്ഗാനുരാഗികളുടെ പ്രതിഷേധ പ്രകടനങ്ങളുമുണ്ടായിരുന്നു (ആർച്ച് ബിഷപ്പ് ജോർജ്ജ് കേറി ഇതിന് വളരെ എതിരായിരുന്നു).

## ലാംബെത്ത് പാലസ്

കാന്റർബറി ആർച്ച് ബിഷപ്പിന്റെ താമസസ്ഥലമാണ് ഈ കൊട്ടാരം. അതിമനോഹരമായ കൊട്ടാരവും പരിസരങ്ങളും കാണേണ്ട കാഴ്ച തന്നെയാണ്. 28-ാം തീയതി ഉച്ചഭക്ഷണം ആർച്ചു ബിഷപ്പിനൊപ്പം ഈ

കൊട്ടാരത്തിലായിരുന്നു. പ്രധാനമന്ത്രിയായ ടോണി ബ്ലയർ മുഖ്യാതിഥി ആയിരുന്നു.

## റിലേഷൻ വിത്ത് യു.സി.സി. അമേരിക്ക (യുണൈറ്റഡ് ചർച്ച് ഓഫ് ക്രൈസ്റ്റ്)

നമ്മുടെ മഹായിടവകയും അമേരിക്കയിലെ ഓക്കൽഹോമാ കേന്ദ്രമായുള്ള യുണൈറ്റഡ് ചർച്ചുമായി ഒരു ബന്ധം ഉണ്ടാക്കി.

ഓക്കൽഹോമാ കോൺഫറൻസിന്റെ പ്രസിഡന്റ് റവ. ജോൺ ക്രൂഗർ അതിന് അവിടെ നേതൃത്വം നൽകി. രണ്ടു സഭകളും തമ്മിൽ വളരെ അടുത്ത ബന്ധം ഉണ്ടായി. പരസ്പരം ആളുകളെ സ്വീകരിച്ചു. അവിടെയുള്ള ഇടവകകൾ ഈ ചർച്ചുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുവാൻ തുടങ്ങി.

അവിടെ നിന്ന് വർഷം തോറും ആറേഴാളുകൾ വന്ന് ഇവിടെ താമസിക്കുകയും സഭയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും ചെയ്തുപോന്നു. അതുപോലെ ഇവിടെ നിന്നും മൂന്നു നാലു പേരെ അവിടെ അയയ്ക്കുകയും ഒരു മാസത്തോളം അവിടെ താമസിച്ച് പല പരിപാടികളിൽ സംബന്ധിക്കുകയും ചെയ്തു. ചെലവെല്ലാം അവർ വഹിക്കും. നമ്മുടെ മഹായിടവകയ്ക്ക് അത് വളരെ ഗുണം ചെയ്തു.

അമേരിക്കയിൽ എന്നു ചെന്നാലും ഞാൻ താമസിക്കുന്നിടത്ത് റവ. ജോൺ ക്രൂഗർ നിശ്ചയമായി വരികയും ഒരുമിച്ച് ഒരു ദിവസം ചെലവഴിക്കുകയും ചെയ്യുമായിരുന്നു.

അതുപോലെ അമേരിക്കയിൽ ചെല്ലുമ്പോഴെല്ലാം ഡോ. വിൻസ്റ്റൺ ചിങ്ങ് എപ്പിസ്കോപ്പൽ ചർച്ചിന്റെ ഏഷ്യൻ ഡയറക്ടർ ക്ഷണിക്കുകയും ഡിന്നർ തരികയും ചെയ്യുമായിരുന്നു.

## കാനം കമ്പ്യൂട്ടർ സെന്റർ

ജോൺ ക്രൂഗറിന്റെ താല്പര്യം അനുസരിച്ച് ഒരു ഫണ്ട് നല്കി. യുവജനപ്രസ്ഥാനത്തിനായി ലഭിച്ച ആ ഫണ്ട് കാനത്ത് ഒരു കമ്പ്യൂട്ടർ സെന്ററിനായി ഉപയോഗിച്ചു. അവിടെ ഒരു കെട്ടിടം പണിത് സെന്റർ ആരംഭിച്ചു.

### ARCHBISHOP OF CANTERBURY

1995 ഫെബ്രുവരിയിൽ കാന്റർബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. ജോർജ് കേരി കേരളം സന്ദർശിക്കുവാൻ വന്നു. മാരാമൺ കൺവൻഷനിൽ പ്രസംഗിക്കുന്നതിനായി വന്ന ആർച്ച് ബിഷപ്പിനെ വളരെ നേരത്തെ

തന്നെ ക്ഷണിച്ചിരുന്നു. ആംഗ്ലിക്കൻ സഭയുടെ ഭാഗമായ മദ്ധ്യകേരളമ ഹായിടവക സന്ദർശിച്ചേ മതിയാകൂ എന്ന് ആവശ്യപ്പെട്ടു. അദ്ദേഹം അത് സമ്മതിച്ചു.

മാരാമൺ കൺവൻഷനിലെ പ്രസംഗത്തിനായി അദ്ദേഹവും ഭാര്യയും കൊച്ചി വിമാനത്താവളത്തിൽ വന്നപ്പോൾ ഐറേനിയസ് തിരുമേനിയും ഞാനും കൂടി പോയി വിമാനത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. ആദ്യ ദിവസങ്ങളിൽ മാരാമണ്ണിൽ താമസിച്ചു.

അവിടെ നിന്ന് അനേക കാറുകളുടെ അകമ്പടിയോടെ കോട്ടയത്തേക്ക് കൊണ്ടുപോന്നു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ കാന്റർബറി ആർച്ച് ബിഷപ്പിനെ അവിടെ സ്വീകരിക്കണമെന്ന് എന്നോട് ആവശ്യപ്പെ ട്ടതനുസരിച്ച് ആർച്ച് ബിഷപ്പ്സ് ഹൗസിൽ കയറി. വളരെ ഹൃദ്യമായ സ്വീകരണം നല്കി. അവിടെ നിന്ന് പഴയ സെമിനാരിയിലും ക്ഷണിച്ചത നുസരിച്ച് പോയി. സ്വീകരണം നൽകി.

വൈകുന്നേരം ബിഷപ്പ്സ് ഹൗസിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞു.

Ha, back at Home.

അന്നുരാത്രി വർക്കി ജോർജിന്റെ വീട്ടിൽ താമസിച്ചു. ബിഷപ് ഹൗസിൽ എസി ഇല്ലല്ലോ.

ഞായറാഴ്ച രാവിലെ കത്തീഡ്രലിൽ വലിയ ഒരു സ്വീകരണം നല്കി. ആരാധന നടത്തി. വലിയ ജനക്കൂട്ടം വന്നിരുന്നു. ബിഷപ്സ് ഹൗസിൽ ലഞ്ച് കൊടുത്തു. വലിയ ഒരു സന്ദർഭമായിരുന്നു. കോട്ടയത്തെ വി.ഐ. പി.കൾ എല്ലാം സംബന്ധിച്ചു.

അവിടെ നിന്ന് കൊച്ചി വിമാനത്താവളത്തിൽ പോയി അദ്ദേഹത്തെ യാത്രയയച്ചു. വളരെ സന്തോഷമായി.

കാന്റർബറിയിൽ 1998-ൽ ചെന്നു. ആദ്യം അദ്ദേഹത്തെ കണ്ടപ്പോൾ 'ഹലോ സാം, ഹൗ ആർ യു' എന്നു പറഞ്ഞാണ് അദ്ദേഹം ആലിംഗനം ചെയ്തു സ്വീകരിച്ചത്. 'ഹലോ കുഞ്ഞമ്മ' എന്നു പറഞ്ഞ് കുഞ്ഞമ്മ യേയും സ്വീകരിച്ചു. ദൈവത്തിന്റെ കരുണ. അദ്ദേഹത്തിന്റെ ഭാര്യ ഐലിനും കേരള സന്ദർശനത്തിനുണ്ടായിരുന്നു. ലാംബത്തിലും അവർ ഞങ്ങളെ സ്വീകരിച്ചു.

## ഷഷ്ടിപൂർത്തി

1996 ഒക്ടോബർ 8 ന് 60 വയസ് പൂർത്തിയാകുന്ന ദിവസമാണ്. വിപു ലമായി ആഘോഷിക്കണം എന്ന് എക്സിക്യൂട്ടീവ് ആവശ്യപ്പെട്ടു. എന്നാൽ

യാതൊരു ആർഭാടവും കൂടാതെ പ്രാർത്ഥനാ നിരതമായ അന്തരീക്ഷ ത്തിൽ അതുകൊണ്ടാടുവാൻ ശക്തമായി ആവശ്യപ്പെട്ടു. അന്നേ ദിവസം മഹായിടവക ക്ലർജി ജില്ലാതലത്തിൽ കൂടുന്ന ദിവസമാണ്. അന്ന് മഹാ യിടവകയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനാദിനം ആയിരിക്കണമെന്നാവശ്യ പ്പെട്ടു.

മഹായിടവകയിലെ എല്ലാ അച്ചന്മാരും ഉപദേശിമാരും അന്ന് ഒരുമിച്ചു പ്രാർത്ഥിക്കുന്നതിനായി കതീഡ്രലിൽ കൂടുവാൻ തീരുമാനിച്ചു. പ്രാർ ത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുവാൻ ബിഷപ്പ് പി.ജി. കുരുവിള, ബിഷപ്പ് ടി.ബി. ബഞ്ചമിൻ എന്നിവരെ ക്കൂടി ഭാരവാഹികൾ ക്ഷണിച്ചു. എല്ലാവരും കൂടി അവസാനം ഒരു അനുമോദന സമ്മേളനവും നടത്തി. ക്ലെർജിയുടെ വകയായി ഒരു നല്ല നിലവിളക്ക് സമ്മാനമായി തന്നു. ഒരു ഒച്ചപ്പാടും കൂടാതെ പ്രാർത്ഥനാ നിർഭരമായി ആ ദിവസം കൊണ്ടാടി. ആഘോഷങ്ങളില്ല പ്രാർത്ഥ മാത്രം. നല്ല ഒരു കൂട്ടായ്മയായിരുന്നു.

മാർക് ടെയിൻ പറഞ്ഞു “He could live a month with one compliment” (പിന്നീട് ഫലകരമായി പ്രവർത്തിക്കുവാനുള്ള ഊർജ്ജം ഈ പ്രാർത്ഥനാ സംഗമത്തിൽ കൂടി ലഭിച്ചു.)

# പുതിയ സ്ഥാപനങ്ങൾ

## 1. റിട്രീറ്റ് സെന്ററിന്റെ പൂർത്തീകരണം (അന്യത്ര)

## 2. ആശാ ഭവൻ

ബുദ്ധിമാന്ദ്യം സംഭവിച്ച ടീനേജേഴ്സിനു വേണ്ടി ഒരു ഡേ കെയർ സെന്റർ ആരംഭിക്കണമെന്ന് ഡോ. നൈനാൻ കുര്യൻ (ബോബി) യുടെ താല്പര്യം മൂലം തീരുമാനിച്ചു. പ്രസിന്റെ അധീനതയിലുള്ള ജർമ്മൻകാർ താമസിപ്പിക്കുവാൻ പണിയിച്ച കെട്ടിടം വിവിധ കടമ്പകൾ കടന്ന് ഇതിനായി വേർതിരിച്ചു. 13 കുട്ടികളുമായി ഇതാരംഭിച്ചു. ബോബി, ഭാര്യ അനു റീന എന്നിവർ നേതൃത്വം നൽകി. വളരെ ഭംഗിയായി അത് നടന്നുവരുന്നു. ഡോ. ബോബിയോടും അനുവിനോടുമുള്ള കടപ്പാട് വളരെയാണ്. റീനാ ഇട്ടിച്ചെറിയയും അഭിനന്ദനം അർഹിക്കുന്നു.

മഹായിടവക യുവജന പ്രസ്ഥാനമാണാരംഭിച്ചത്. എന്നാൽ യൂത്തിന് അതു നടത്തുവാൻ ത്രാണിയില്ലാത്തതിനാൽ അന്ന് വളരെ ശക്തമായ വിമൻസ് ഫെല്ലോഷിപ്പിനെ ചുമതല ഏല്പിച്ചു. അങ്ങനെ ഡബ്ല്യു.എഫിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

ഇതിന്റെ പ്രവർത്തനത്തിന് ഒരു വാൻ ആവശ്യമായി. ആ സമയത്ത് ഞാൻ ദുബായ് സന്ദർശനത്തിനു പോയി.

അവിടെ ചെന്ന് ഒരാഴ്ചക്കകം ഞാൻ ചിക്കൻപോക്സ് ബാധിതനായി കിടപ്പായി.

എന്റെ കൂടെ അല്പം സമയം ചെലവഴിക്കുവാനായി എന്റെ സ്നേഹിതൻ സൈമൺ കുര്യൻ അമ്പാട്ട് തന്റെ മകളുമായി വന്നു. അദ്ദേഹം ഒരു ലക്ഷം രൂപയുടെ ചെക്ക് സമ്മാനമായി എനിക്ക് തന്നു. അദ്ദേഹം തന്ന പണം കൊണ്ട് വാൻ വാങ്ങി. ആശാഭവന്റെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സൈമൺ കുര്യൻ അടുത്ത കാലത്ത് എറണാകുളത്തു വച്ച് പരലോകപ്രാപ്തനായി. ഡോ. കുരുവിളയും നല്ല തുക തന്നു എന്നുള്ളത് ഓർക്കുന്നു.

## 3. ബെത്സെയ്ദ വെല്ലൂർ

കിഡ്നി സ്റ്റോണിന്റെ ഓപ്പറേഷനുവേണ്ടി ഞാൻ വെല്ലൂർ ആശുപത്രിയിൽ കിടക്കുന്നു. എന്റെ ഭാര്യ ചാപ്പലിന്റെ മുമ്പിൽ നടക്കുമ്പോൾ വരാന്തയിൽ കിടക്കുന്ന ഒരു മലയാളി കുടുംബവുമായി സംസാരിച്ചു. യാതൊരു പരിചയവുമില്ലാതെ ആരെ കാണണം എന്തുചെയ്യണം എന്നറിയാതെ ഒരു രോഗിയുമായി വന്നിരിക്കുകയായിരുന്നു അവർ. സാമ്പ

ത്തികമായി യാതൊരു സൗകര്യവുമില്ലാത്തവരായിരുന്നു. ഇക്കാര്യം കിട ക്കയിലായിരുന്ന എന്നോട് വന്നു പറഞ്ഞു.

എന്താ ചെയ്യുക? രാത്രി മുഴുവൻ ആലോചിച്ചു. കോട്ടയം സേവന നിലയത്തിന്റെ മാതൃകയിൽ ഒന്നായാലെന്താ എന്നു ചിന്തിച്ചു. പിറ്റെ ദിവസം എന്നെ സന്ദർശിക്കുവാൻ വന്ന ഡോ. ജോർജ് ചാണ്ടിയും ചാപ്ല യ്നുമായി സംസാരിച്ചു. അവർക്കു വലിയ താല്പര്യമായി. വളരെ പ്രോത്സാഹിപ്പിച്ചു. അടുത്ത ദിവസം എന്റെ ഭാര്യയും ചാപ്ലയ്നുമായി ഒന്നു രണ്ടു സ്ഥലം കാണാൻ പോയി. ഇപ്പോഴത്തെ സ്ഥലം കുഞ്ഞമ്മ യുടെ പ്രിഫറൻസ് ആണ്.

ഇതെങ്ങനെ വാങ്ങും എന്ന ചിന്തയായി. ഈ സമയത്താണ് മുണ്ടക്ക യംകാരൻ കുവൈറ്റിലുള്ള മോഹനാ എന്നെ കാണാൻ വന്നത്. മോഹ നായുമായി ഇക്കാര്യം സംസാരിച്ചു. ഞാൻ കുവൈറ്റിൽ ആളിനെ അയയ്ക്കും. കുറച്ചു രൂപാ പിരിച്ചു തരണം എന്നാവശ്യപ്പെട്ടു. മോഹനാ പിറ്റേദിവസം ഒരു ലക്ഷം രൂപ തരാമെന്ന് വാഗ്ദാനം ചെയ്തു. കോട്ട യത്തു വന്ന ഉടനെ അതെന്നെ ഏല്പിച്ചു. ഇതൊരു ദൈവ നടത്തിപ്പായി കണ്ടു.

സുഖമായി കോട്ടയത്തു വന്നു. ബന്ധപ്പെട്ട ബോർഡുകൾ കൂടി. വെല്ലൂരിൽ ഒരു ഗൈഡൻസ് സെന്റർ ഉണ്ടാക്കുന്നതിനു തീരുമാനമെ ടുത്തു. മസ്ക്കറ്റുകാരുമായി കോൺടാക്ട് ചെയ്തു. സ്ഥലം വാങ്ങുവാ നുള്ള തുക അവർ തരാമെന്ന് പറഞ്ഞു. ബഹറിൻകാരും കുറച്ചുതുക തന്നു. അങ്ങനെ സ്ഥലം വാങ്ങി.

ഇതരസ്ഥലങ്ങളിൽ നിന്നു വരുന്നവർക്ക് ചുരുങ്ങിയ ചെലവിൽ താ മസ സൗകര്യം, വേണമെങ്കിൽ സ്വയം ഭക്ഷണം പാകം ചെയ്തു താമ സിക്കുവാനുള്ള ഒരു ഡോർമിറ്ററി, കുറച്ചു നല്ല മുറികൾ ഇവയായിരുന്നു മനസ്സിലെ ഉദ്ദേശ്യം. ഈ കാലഘട്ടത്തിൽ വിദേശത്തു ഞാൻ പോയ പ്പോൾ എല്ലാം ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു. എല്ലാവർക്കും താല്പര്യ മായി. ഞാൻ മടങ്ങിവന്നശേഷം ചാപ്ലയ്ൻ അച്ചനെ പണപ്പിരിവിനായി അയച്ചു. 45 ലക്ഷത്തിലധികം രൂപാ ലഭിച്ചു. അതിനു വേണ്ടി ഒരു കമ്മറ്റി ഉണ്ടാക്കി. എഞ്ചിനീയർ സണ്ണി മോടയിലിന്റെയും നേതൃത്വത്തിൽ പണി നടത്തി.

പണി പൂർത്തിയായി. ഡെഡിക്കേഷനുവേണ്ടി നാട്ടിൽ നിന്ന് താല്പ ര്യമുള്ള പട്ടക്കാരും മറ്റാളുകളും ബസ് പിടിച്ച് വെല്ലൂരിൽ വന്നു. വെല്ലൂ രിലെ എല്ലാ മലയാളി ഡോക്ടേഴ്സും മറ്റ് പ്രധാന ഡോക്ടർമാരും അതിൽ സംബന്ധിച്ചു. വെല്ലൂരിലെ ബിഷപ്പ് മഹിയമയ് റൂഫസ് എന്റെ സതീർത്ഥ്യനായിരുന്നു. ഡെഡിക്കേഷന് വന്ന് സംബന്ധിച്ചു. ഞങ്ങൾ

രണ്ടു പേരും കൂടി അത് ഡെഡിക്കേറ്റ് ചെയ്തു. ഇന്ന് വളരെ ഫലകരമായി അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**ബത്സേദാ** - ഈ ഗൈഡൻസ് സെന്ററിന് എന്താണ് ഒരു പേര് നല്കുക. പ്രാർത്ഥിച്ചു. അപ്പോൾ ബത്സേദാ കുളത്തിന് കരയിൽ 38 വർഷമായി കിടക്കുന്ന രോഗി - കുളത്തിൽ ഇറങ്ങിയാൽ രക്ഷപ്പെടും. എന്നാൽ കുളത്തിൽ ആക്കുവാൻ ആരുമില്ല. ഈ സംഭവം ഓർമ്മയിൽ വന്നു.

വെല്ലൂർ ആശുപത്രി ഒരു ബത്സേദാകുളമാണ്. അവിടെ കയറിപ്പറ്റിയാൽ രക്ഷയുണ്ട്. എന്നാൽ ആര് അവിടെ ആക്കും. അവിടെ വരുന്ന രോഗികൾക്ക് ആശുപത്രിയെ പരിചയപ്പെടുത്തുക, ആവശ്യത്തിന് സഹായ ഹസ്തം നീട്ടുക ഈ ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ച സ്ഥാപനത്തന് ബത്സേദാ എന്നതിനേക്കാൾ അനുയോജ്യമായ മറ്റൊരു പേരില്ല. അങ്ങനെ ആ പേര് അതിനു നല്കപ്പെട്ടു.

ഈ സെന്റർ കുറെക്കൂടി വിപുലപ്പെടുത്തി. കെ.റ്റി. കുര്യനച്ചനും, സി. വൈ. തോമസച്ചനും മിഷൻബോർഡിന്റെ ചുമതല ഉള്ളപ്പോൾ ഈ സെന്ററിന് പ്രത്യേക പ്രാധാന്യം നൽകി. നല്ല ഒരു തുക സമാഹരിച്ച് വിപുലീകരിച്ചു. ആംബുലൻസും ഒക്കെയായി നല്ല നിലയിൽ പ്രവർത്തനം കാഴ്ചവെയ്ക്കുന്നു. മഹത്വം ദൈവത്തിന്.

## വെല്ലൂർ ആശുപത്രിയിലെ അനുഭവം

ഒരു സാധാരണ കീഹോൾ സർജറിക്ക് വിധേയനായി വെല്ലൂർ ആശുപത്രിയിൽ കിടന്നു. രണ്ടു മൂന്നു ദിവസം കൊണ്ട് മടങ്ങിപ്പോരാവുന്നതെ ഉള്ളൂ. എന്നാൽ കീഹോളിൽ കൂടിയുള്ള ജലസ്രാവം ഒരാഴ്ചയായിട്ടും നില്ക്കുന്നില്ല. കൂടി വരുന്നതേയുള്ളൂ. കീഹോളിന്റെ ഭാഗത്ത് ഒരു ബാഗ് ഫിറ്റ് ചെയ്തു. മണിക്കൂറിൽ അത് നിറയും. എടുത്ത് മാറ്റിക്കൊണ്ടിരുന്നു. വീണ്ടും ഒരു പ്രോസസ് വേണമെന്ന് പരിശോധനയ്ക്കൊടുവിൽ ഡോ. ഗണേഷ് ഗോപാലകൃഷ്ണൻ എന്ന പ്രശസ്ത ഡോക്ടർ പറഞ്ഞു. ഒരു ബുധനാഴ്ച ആ സർജറി നടത്തുവാൻ തീരുമാനിച്ചു. തലേദിവസം ഡോ. ശർമ്മ പരിശോധനകൾ എല്ലാം പൂർത്തിയാക്കി രാവിലെ തിയേറ്ററിൽ എത്തിക്കുവാൻ നിർദ്ദേശം നൽകിയിട്ട് പോയി.

ഉറങ്ങാൻ കിടന്നു. ഒരു വലിയ വെള്ളവസ്ത്രധാരി എന്റെ കിടക്കയിൽ ചാരി നില്ക്കുന്നു. എന്തെന്നറിയാത്ത ഒരു അനുഭൂതി. സുഖം. പെട്ടെന്നുണർന്നു. ബാഗ് തപ്പിനോക്കി ഒരു തുള്ളിവെള്ളം പോലുമില്ല.

അതിരാവിലെ സിസ്റ്റേഴ്സ് വന്ന് തിയേറ്ററിൽ കൊണ്ടു പോകാൻ ഒരു

ക്കങ്ങൾ നടത്തി. ഏതായാലും സെഡേഷൻ തരുന്നതിനു മുമ്പ് ഡോക്ടറെ കാണണമെന്നാവശ്യപ്പെട്ടു. ഡോക്ടർ നീരസത്തോടെയെങ്കിലും ഓടിയെത്തി. “What happened Bishop?” മറുപടിയായി “a miracle happened” എന്നു പറഞ്ഞു. അദ്ദേഹം ബാഗ് നോക്കി. ഉണങ്ങിയിരിക്കുന്നു. അദ്ദേഹം പറഞ്ഞു “Yes this is a miracle. Your surgery is cancelled. You can have your breakfast” എന്നു പറഞ്ഞു. ദൈവത്തെ മഹത്വപ്പെടുത്തി. God touched me and He healed me.

## ബഞ്ചമിൻ ബെയ്‌ലി സ്മാരകം

കേരളത്തിൽ സാമൂഹ്യസാംസ്കാരിക ആദ്ധ്യാത്മിക, വിദ്യാഭ്യാസ മേഖലകളിൽ വിപ്ലവത്തിന് നാന്ദികുറിച്ച മിഷനറി വീരനാണ് ബഞ്ചമിൻ ബെയ്‌ലി. കേരളത്തിലെ ആദ്യത്തെ മലയാളം പ്രസ്, അച്ചടിയന്ത്രം, ആദ്യ മാസികയായ ജ്ഞാനനിക്ഷേപം, കത്തീഡ്രൽ എന്നിവ അദ്ദേഹത്തിന്റെ ദർശനത്തിൽ പണിതുയർത്തിയതാണ്. ഇങ്ങനെ ഒരാളെ ആദരിക്കുവാൻ സി.എസ്.ഐ. ക്കാർക്ക് കഴിഞ്ഞില്ല എന്ന് സി.എം.എസ്. കോളജിൽ പ്രസംഗപരിപാടിയിൽ ഡി.സി.കിഴക്കേമുറി പ്രസ്താവിച്ചു. പ്രസംഗം കഴിഞ്ഞ് അദ്ധ്യക്ഷനായിരുന്ന ഞാൻ ആ വെല്ലുവിളി സ്വീകരിച്ചു. 1994–ലെ കോളിൻസ് പ്രഭാഷണവേദിയായിരുന്നു.

ഉടൻതന്നെ ഡയോസിസൻ എക്സിക്യൂട്ടീവ് കൂടി ബെയ്‌ലിക്ക് ഒരു സ്മാരകമായി ഒരു വെങ്കലപ്രതിമ ഉണ്ടാക്കുവാൻ തീരുമാനിച്ചു. സഭയിൽ നിന്നും മുനിസിപ്പാലിറ്റിയിൽ നിന്നും ഉള്ള അംഗങ്ങളെ ചേർത്ത് ഒരു കമ്മറ്റി ഉണ്ടാക്കി ഗവൺമെന്റിൽ നിന്ന് 1 ലക്ഷവും, നഗരസഭ ഒരു ലക്ഷവും, നാട്ടകം ട്രാവൻകൂർ സിമന്റ് അരലക്ഷവും ബാക്കി മഹായിടവകയും ചേർന്ന് ശേഖരിച്ചു. ഒരു വെങ്കലപ്രതിമ നിർമ്മിച്ചു.

എവിടെ സ്ഥാപിക്കും – ബേക്കർ ജംഗ്ഷൻ, ബേക്കർ കോമ്പൗണ്ട് എല്ലാം പരിഗണിച്ചു. അദ്ദേഹം കേരളത്തിന്റെ, പ്രത്യേകിച്ച് കോട്ടയത്തിന്റെ പൊതുസ്വത്തായതുകൊണ്ട് മുനിസിപ്പൽ ജൂബിലി പാർക്കിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു. 1996–ൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അനാച്ഛാദനം ചെയ്തു. കോട്ടയം ജൂബിലി പാർക്കിൽ ബഞ്ചമിൻ ബയിലിയുടെ പ്രതിമ തല ഉയർത്തിനിൽക്കുന്നു.

# ഇംഗ്ലീഷ് മീഡിയം സ്കൂൾസ്

## 1. കായംകുളം ബിഷപ്പ് മൂർ വിദ്യാപീഠ്

കൃഷ്ണപുരത്ത് നമ്മുടെ ഒരാശുപത്രി ഒരു കാലത്ത് നന്നായി പ്രവർത്തിച്ചു. അത് നിർഭാഗ്യവശാൽ നിന്നുപോയി. അവിടുത്തെ ജോലി

ക്കാരെ പിരിച്ചുവിടാൻമാത്രം അക്കാലത്ത് 18 ലക്ഷം രൂപാ ഡയോസി സിൽനിന്നു ചെലവായി.

ആശുപത്രിക്കെട്ടിടങ്ങൾ ശോചനീയമായ അവസ്ഥയിലായി. സ്ഥലം മുഴുവൻ കാടുകയറി നാശോന്മുഖമായി, സാമൂഹ്യ വിരുദ്ധരുടെ താവള മായി മാറി. എന്താ ചെയ്യുക? ഭാരപ്പെട്ടു പ്രാർത്ഥിച്ചു. ദൈവം ഒരാലോ ചന തന്നു. മാവേലിക്കര ബിഷപ്പ് മൂർ വിദ്യാപീഠിന്റെ ഒരു ശാഖ ആരം ഭിക്കുക. അപ്പോൾ ഇതിനടുത്തുതന്നെ മറ്റൊരു സ്കൂൾ പ്രവർത്തിക്കു ന്നുണ്ട്. ഏതായാലും പ്രൊഫ. ജോർജ്ജ് എം.ചെറിയാൻ, പ്രൊഫ. തോമസ് കുര്യൻ (പ്രിൻസിപ്പൽ & ബർസാർ) ഇവരുമായി ആലോചിച്ചു. അവർക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. നിർബന്ധിച്ചു അവർ സന്നദ്ധ രായി. ബന്ധപ്പെട്ട ബോർഡുകളിൽ എല്ലാം പാസ്സാക്കി. അവിടെ സ്കൂൾ ആരംഭിച്ചു. ജോർജ്ജ് എം. ചെറിയാന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. അത്ഭുതകരമായ വളർച്ച നേടി. ഇന്ന് പ്രശസ്തമായ നില യിൽ ഈ സ്കൂൾ പ്രവർത്തിച്ചു വരുന്നു. ഇന്ന് 2500-ഓളം വിദ്യാർത്ഥി കളുള്ള ഒരു ഒന്നാംകിട സ്കൂൾ ആയിത്തീർന്നു. ഏതാണ്ട് 38 ലക്ഷം രൂപാ മാവേലിക്കര വിദ്യാപീഠിൽനിന്ന് ഇതിനുവേണ്ടി ചെലവഴിക്കുക യുണ്ടായി.

## 2. ബിഷപ്പ് മൂർ വിദ്യാപീഠ്, ചേർത്തല

കരപ്പുറം മിഷൻ പ്രവർത്തനരഹിതമായപ്പോൾ അതിനുണ്ടായിരുന്ന പത്തു പതിനഞ്ചേക്കർ സ്ഥലം അന്യാധീനപ്പെട്ടു. അവിടെ ഉണ്ടായിരുന്ന ചിലയാളുകളുടെ കൈവശത്തിലായി. 40-ൽ അധികം വർഷങ്ങളായി കേസ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. ആലപ്പുഴയിൽ പുഞ്ചിരി ബേബി ച്ചായൻ (എം. എം. ചെറിയാൻ) അതു നടത്തി. അങ്ങനെ എൻ.എച്ച്. 47-ന്റെ രണ്ടു വശങ്ങളിലുമായി കിടന്ന സ്ഥലം, ഒരു കാലത്ത് പ്രശസ്ത മായി നടത്തിപ്പോന്ന ആശുപത്രി കെട്ടിടം ഉൾപ്പെടെ നമുക്കു നഷ്ടപ്പെട്ടു. അവിടെ എത്തിനോക്കാൻപോലും പറ്റാത്ത ഒരവസ്ഥയായിരുന്നു.

ഒരിക്കൽ ഞാനും കെ. പി. ഫിലിപ്പ് അച്ചനും കൂടിയാലോചനയ്ക്കായി പോയി. ഈ സ്ഥലം ഒന്നു കാണാം എന്നു വിചാരിച്ചവിടെ ചെന്നു. അന്ന് അത് കൈവശം വച്ചിരുന്ന ഒരു എം.എൽ.എ. യുടെ ആൾക്കാർ ഞങ്ങളെ ഓടിച്ചു. കാറിൽ കയറി രക്ഷപ്പെട്ടു. പിന്നീട് അദ്ദേഹം കിടപ്പിലായി. ദൈവം ചെയ്തതെന്ന് കരുതി അദ്ദേഹം അവിടെയുള്ള കൈവശക്കാരുമായി സംസാരിച്ചു. വ്യവസ്ഥകളിൻപ്രകാരം ബംഗ്ലാവും കയർഫാക്ടറിയുമെല്ലാം അവർക്കു വിട്ടുകൊടുത്തു. റോഡരികിലുള്ള സ്ഥലം മുഴുവൻ ആശു പത്രി കെട്ടിടം നടത്തിയിരുന്ന കെട്ടിടങ്ങളും നമ്മുടെ കൈവശം കിട്ടി. ട്രഷറർ, സെക്രട്ടറി എന്നീ നിലകളിൽ ഇക്കാലമത്രയും ഇതുമായി ബന്ധ

പ്പെടുവാൻ ഇടയായി. ബിഷപ്പ് ആയപ്പോൾ ബേബിച്ചായന്റെ സഹായ ത്തോടെ സ്ഥലം മുഴുവൻ നമുക്ക് കൈവശം കിട്ടി.

ഇനി എന്ത്? അങ്ങനെ കിടന്നാൽ വീണ്ടും നഷ്ടപ്പെടും പല മാർഗ്ഗ ങ്ങൾ ആരാഞ്ഞു?

## ആദ്യ സ്മാരകം (റവ. തോമസ് നോർട്ടൻ)

1816-ൽ ആലപ്പുഴ വന്നിറങ്ങിയ മിഷനറി തോമസ് നോട്ടൻ വളരെ ത്യാഗം ചെയ്ത മിഷനറിയാണ്. അദ്ദേഹത്തിന്റെ യുവതികളായ രണ്ടു ഭാര്യമാർ ഇവിടെ മരണമടഞ്ഞു. രണ്ടു പിഞ്ചുകുഞ്ഞുങ്ങളും ആലപ്പുഴ യുടെ മണ്ണിൽ അലിഞ്ഞു ചേർന്നു. അദ്ദേഹത്തിന്റെ കബറിടം ആലപ്പുഴ ക്രൈസ്റ്റ് ചർച്ചിന്റെ മദ്ബഹായുടെ പ്രവേശന കവാടത്തിലാണ്.

ഈ മഹാനായ മിഷനറിക്ക് ഒരു സ്മാരകം ഉണ്ടാകണമെന്നാഗ്രഹിച്ച് ചേർത്തലയിലെ കരപ്പുറത്ത് പുതുതായി ആരംഭിച്ച പ്രവർത്തനങ്ങൾക്ക് തോമസ് നോർട്ടൻ സ്പിരിചാലിറ്റി സെന്റർ എന്നും നാമകരണം ചെയ്തു. ഒരു ചാപ്പൽ തുടങ്ങിയതോടെ പ്രവർത്തനം ആരംഭിച്ചു. അതാണ് ഇപ്പോൾ വളർന്ന് വലിയ സ്കൂൾ ആയിത്തീർന്നത്.

## തോമസ് നോർട്ടൻ സ്പിരിചാലിറ്റി സെന്റർ

തോമസ് നോർട്ടന് ഒരു സ്മാരകമില്ല-അതുകൊണ്ട് ഇത് അദ്ദേഹ ത്തിന്റെ പേരിലാകട്ടെ എന്നു തീരുമാനിച്ചു. ദൈവം തന്ന പ്രേരണയാണ്. നമ്മുടെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കാമെന്നു കരുതി. ഒരു കംപ്യൂട്ടർ സെന്റർ ഉൾപ്പെടെയുള്ള ചില പരിപാടികൾ യുവ ജനങ്ങൾക്കുവേണ്ടി ആസൂത്രണം ചെയ്തു. അതു വിജയിച്ചില്ല.

## ചാപ്പൽ

കരപ്പുറം മിഷനിൽ ഈ സ്ഥലത്ത് ഒരാരാധനാലയം സ്ഥാപിക്കാൻ അക്കാലത്തു സാധിച്ചില്ല. കയർ ഫാക്ടറി, ആശുപത്രി, സ്കൂൾ എല്ലാം ഉണ്ടാക്കി. പ്രാർത്ഥനാലയം ഇല്ലായിരുന്നു. ഇതൊരു പോരായ്മയാ ണെന്നു മനസ്സിലാക്കി ആദ്യം അവിടെ ഒരു പ്രാർത്ഥനാലയം ഉണ്ടാക ണമെന്നാഗ്രഹിച്ചു. നിലവിലുള്ള പഴയ കെട്ടിടത്തിലെ വിശാലമായ ഹാൾ ഒരു ചാപ്പലായി പ്രതിഷ്ഠിച്ചു. ഏതാനും കുടുംബങ്ങൾ അവിടെ ആരാ ധന ആരംഭിച്ചു. അതോടുകൂടെ ആ സ്ഥലം ഉയിർത്തെഴുന്നേല്പിന് സന്ന ദ്ധമായി. ആശുപത്രിക്കെട്ടിടത്തിന്റെ വാതിലുകളും കതകുകളുമെല്ലാം ഇളക്കിക്കൊണ്ടുപോയിരുന്നു. അവിടം സാമൂഹ്യവിരുദ്ധരുടെ താവളമായി.

വസ്തുവിൽനിന്ന് മണൽ കുഴിച്ചെടുത്തതിനാൽ വലിയ കുഴികൾ

അവിടവിടെയായി കാണാം. കാട്ടു ചെടികളും വള്ളിക്കാടുകളും നിറഞ്ഞിരുന്നു. അവിടെയാണ് ഉമ്മം എന്ന ചെടി ആദ്യം കാണുന്നത്. "മുടിഞ്ഞ് ഉമ്മം കുരുത്തു" എന്നൊരു ചൊല്ലുണ്ട്. തൊട്ടടുത്തായി കള്ളുഷാപ്പും. എന്നാൽ റോഡിനോടു ചേർന്ന് കിടക്കുന്ന വിശാലമായ ഭൂവിഭാഗത്തു എന്തു ചെയ്യാം. ഒന്നും ആരംഭിക്കുവാൻ കഴിയില്ല. കാരണം പണം ഇല്ലാ എന്നുള്ളതുതന്നെ.

കംപ്യൂട്ടർ ക്ലാസ്സുകളൊന്നും ഫലപ്രദമല്ല എന്നു മനസ്സിലായി. അപ്പോൾ മനസ്സിൽ ദൈവം ഒരാലോചന തന്നു. കായംകുളം സ്കൂൾ പോലെ ഇവിടെയും ഒന്നാരംഭിക്കാം. ബിഷപ്പ് മൂർ വിദ്യാപീഠത്തിന്റെ ഒരു ശാഖ–ഈ പ്രൊപ്പോസൽ ബന്ധപ്പെട്ട കമ്മറ്റികളിൽ അവതരിപ്പിച്ചു പാസ്സാക്കി.

പ്രൊഫ. ജോർജ്ജ് എം. ചെറിയാൻ, പ്രൊഫ. തോമസ് കുര്യൻ എന്നിവരെ ഞാൻ വിളിച്ചു. അവരുമായി ആലോചിച്ചു. എന്നാൽ അവർ ആദ്യം കൈമലർത്തി. പണമില്ല, മാവേലിക്കരയിൽനിന്ന് വളരെ ദൂരത്തിലും. തുടങ്ങണമെങ്കിൽ ആദ്യം 40 ലക്ഷത്തോളം രൂപാ വേണം. ഇത് എടുക്കാൻ മാവേലിക്കര വിദ്യാപീഠത്തിനു സാധ്യമല്ല എന്നവർ പറഞ്ഞു. ഈ സ്ഥലം നഷ്ടപ്പെടാനുള്ള എല്ലാ സാധ്യതകളും ഉള്ളപ്പോൾ എങ്ങനെ എങ്കിലും നമുക്കാരംഭിക്കണം എന്നു ശഠിച്ചു.

"I am the Manager and I ask you to start a school there" എന്ന് ഉറപ്പിച്ചു പറഞ്ഞു. അവർ രണ്ടുപേരും അതു സമ്മതിച്ചു. സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചു. കെട്ടിടങ്ങളും, വാഹനങ്ങളില്ല, മറ്റ് ഒരു സൗകര്യവുമില്ല. ഭൂമി മാത്രം ഉണ്ട്. എന്തു ചെയ്യും? ഏറ്റം പ്രധാനം നമ്മുടെ ഒരംഗം പോലുമില്ലാത്ത കമ്മ്യൂണിസ്റ്റ് കോട്ടയായ സ്ഥലത്ത് എങ്ങനെ കുട്ടികളെ കിട്ടും. വലിയ പ്രതിസന്ധി.

ദൈവനടത്തിപ്പ്. അപ്പോഴിതാ അതിനടുത്തുള്ള ഒരു മാനേജ്മെന്റ് സ്കൂൾ അധികൃതരുമായി അവിടെയുള്ള കുട്ടികളിൽ ചിലരുടെ രക്ഷാകർത്താക്കൾക്ക് ചേർച്ചയില്ലാതെ വന്നു. അവിടെയുള്ള 800 കുട്ടികളെ ഈ സ്കൂളിൽ ചേർക്കുവാൻ സന്നദ്ധരായി. അതൊരു വലിയ അത്ഭുതമായിരുന്നു. കാരണം തുടങ്ങിയപ്പോൾതന്നെ 800–ലധികം വിദ്യാർത്ഥികളുമായി സ്കൂൾ ആരംഭിക്കുവാൻ സാധിച്ചു. നല്ല ഒരു തുടക്കം കിട്ടിയപ്പോൾ സ്കൂൾ വളരെ വേഗം പുരോഗമിക്കുവാൻ തുടങ്ങി. എല്ലാം ദൈവനടത്തിപ്പ്. അവിടെ തകർന്നു കിടന്ന ആശുപത്രി കെട്ടിടങ്ങൾ പുനർനിർമ്മിച്ച് സ്കൂൾ ആരംഭിച്ചു. 35 ലക്ഷത്തിലധികം രൂപാ മാവേലിക്കര വിദ്യാപീഠിൽ നിന്നവിടെ ചെലവഴിച്ചു.

ഇന്ന് പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമായി അതു നില കൊള്ളുന്നു. റോഡരുകിൽ നല്ല കെട്ടിടങ്ങളും അനേകം ബസുകളും ആയിരക്കണക്കിനു കുട്ടികളും ഉള്ള ഒരു സ്ഥാപനം. പ്രൊഫ. ജോർജ്ജ് ചെറിയാനെയും, പ്രൊഫ. തോമസ് കുര്യനെയും മറക്കാനാവില്ല.

## ബിഷപ്പ് മൂർ വിദ്യാപീഠ് മാവേലിക്കര

മഹായിടവകയിലെ പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണിത്. കോളജിന്റെ സമീപത്ത് കോളജിന്റെ ഒരു പോഷകഘടകമായി ഇത് സ്ഥാപിക്കപ്പെട്ടു. പ്രൊഫ. ജോർജ്ജ് എം. ചെറിയാനെ കോളജിൽ പഠിപ്പിക്കുമ്പോൾ ബർസർ ആയും, പിന്നീട് പ്രിൻസിപ്പൽ ആയും നിയമിച്ചു. ഈ സ്ഥാപനത്തിനുവേണ്ടി അത്യാദ്ധ്വാനം ചെയ്ത ഒരാളാണ്.

ഇതിന് ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഇല്ലാതെ വന്നപ്പോൾ ഒരു കെട്ടിട സമുച്ചയം ഉണ്ടാക്കണമെന്നാഗ്രഹിച്ചു. ഒരു ചാപ്പൽ ഉൾപ്പെടെ ബ്രഹത്തായ ഒരു കെട്ടിട സമുച്ചയത്തിന് ശിലയിട്ടു. ചുരുങ്ങിയ സമയം കൊണ്ട് 1 കോടി 25 ലക്ഷം രൂപാ ചെലവാക്കി. ബിഷപ്പ് ജോസഫ് മെമ്മോറിയൽ ആയി ഒരു ബഹുനില കെട്ടിടം പണിതീർത്തു. മനോഹരമായ ഒരു സ്റ്റേഡിയവും ഉണ്ടാക്കി. കേരളാ സിലബസിനുള്ള കെട്ടിടവും പണിതു തീർത്തു. അങ്ങനെ പ്രശസ്തമായ വിധത്തിൽ ഈ സ്ഥാപനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## സ്പീച്ച്‌ലി സ്കൂൾ, പള്ളം

പള്ളത്ത് ബിഷപ്പ് സ്പീച്ച്‌ലിയുടെ സ്മാരകമായി ഒരു സ്കൂൾ ആരംഭിച്ചു. പ്രൊഫ. സി.എ. ഏബ്രഹാം അതിന് സുധീരമായ നേതൃത്വം നൽകി.

## ഹയർ സെക്കൻഡറി സ്കൂൾസ്

**കോട്ടയം ബേക്കർ മെമ്മോറിയൽ, കോട്ടയം സി.എം.എസ്, മല്ലപ്പള്ളി, മാവേലിക്കര ബി. എച്ച്., കുഴിക്കാല, പള്ളം, മണക്കാല പാർഷ്യലി ഹിയറിംഗ്, തിരുവല്ല ഡഫ് & ഡംപ്.**

ഇവിടെയെല്ലാം പ്ലസ് ടൂ സ്കൂൾ വേണമെന്നാഗ്രഹിച്ചു. അവിടെയെല്ലാം സ്കൂൾ അനുവദിച്ചു കിട്ടി.

പ്ലസ് ടൂ സ്കൂളുകൾ ഗവ. അനുവദിക്കുന്ന സമയം വളരെ പണ ചെലവുള്ള കാര്യം നമുക്കാവശ്യമില്ല എന്നു വാദിക്കുന്ന ചിലർ ഡയോസിൽ ഉണ്ട്. എക്സിക്യൂട്ടീവിലും, കൗൺസിലിൽപോലും എതിർപ്പുകളുണ്ടായി. എന്നാൽ കാലത്തിനുസരിച്ച് നമുക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണ

മെന്നാഗ്രഹിച്ചു. ഒരു നല്ല കൂട്ടം ആളുകൾ പിന്താങ്ങി. ഏതായാലും എത്ര കടമ്പ കടന്നാലും വേണ്ടില്ല എന്നു കരുതി അപേക്ഷകൾ നൽകി.

അപ്പോഴാണ് ഗവൺമെന്റിന് ക്രിസ്ത്യൻ മാനേജ്മെന്റുകൾക്കു നൽകുവാൻ മനസ്സില്ല എന്നറിയുന്നത്. ഇതര സഭാസമുദായനേതാക്കളുമായി ആലോചിച്ചു. സർക്കാരിനോട് മല്ലടിക്കാൻ തന്നെ തീരുമാനിച്ചു. മന്ത്രിമാരെയും നേതാക്കളെയും വീണ്ടും വീണ്ടും കണ്ടു. തര്യനച്ചൻ ഇക്കാര്യത്തിൽ വളരെ താല്പര്യം കാണിച്ചു. വർക്കി ജോർജ്ജും തന്റെ സ്വാധീനമെല്ലാം ഉപയോഗിച്ചു. ഞങ്ങൾ നേതാക്കളെയെല്ലാം കണ്ടു ചർച്ച നടത്തി. പി. ജെ. ജോസഫ് അന്ന് വിദ്യാഭ്യാസ മന്ത്രിയും, ഇ. കെ. നായനാർ മുഖ്യമന്ത്രിയുമായിരുന്നു. ഇതിനുവേണ്ടി ഓടി നടന്നതിന് കയ്യും കണക്കുമില്ല. രാത്രികൾ പകലാക്കി ഓടി നടന്നു. അതിനുവേണ്ടി നേതാക്കളെ കണ്ടു. ആർച്ച് ബിഷപ്പ് പൗവ്വത്തിൽ, മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, ക്ലീമ്മിസ് തിരുമേനി എന്നിവരോടൊപ്പം ഞാനും മുൻപന്തിയിലുണ്ടായിരുന്നു.

ഒരിക്കൽ ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പിന്റെ അരമനയിൽക്കൂടി ചർച്ച നടത്തിയശേഷം അന്നുതന്നെ പി.ജെ.ജോസഫിനെ കാണുവാൻ തീരുമാനിച്ചു. രാത്രി 9 മണിക്ക് പാലായിൽ പള്ളിക്കാപ്പറമ്പിൽ തിരുമേനിയോടൊപ്പം അവിടെ അരമനയിൽവച്ചു കാണാം എന്നു തീരുമാനിച്ചു. എനിക്ക് കോഴഞ്ചേരിയിൽ വൈകിട്ട് ഒരു മീറ്റിംഗ് ഉണ്ട്. അതു കഴിഞ്ഞു വരുന്നതുവരെ ബിഷപ്പുമാർ ചങ്ങനാശ്ശേരിയിൽ കാത്തിരുന്നു. ഞങ്ങൾ 8 മണിയോടെ പാലായ്ക്ക് പോയി. 9.30 മണിക്ക് പാലാ അരമനയിൽ എത്തി. എന്നാൽ ജോസഫ് അവിടെ വന്നപ്പോൾ രാത്രി 12.30. പിന്നീട് 2 മണിക്കൂർ ചർച്ച. ഇതും കഴിഞ്ഞ് വെളുപ്പാൻ കാലത്ത് വീട്ടിലെത്തി. അങ്ങനെ ബന്ധപ്പെട്ടതിന്റെ ഫലമായി. നമുക്ക് 5 പ്ലസ് ടൂ സ്കൂളുകൾ ആദ്യം അനുവദിച്ചു കിട്ടി.

രണ്ടാം ഘട്ടമായപ്പോൾ വീണ്ടും പരിശ്രമം തുടങ്ങി. സി.എം.എസ്. കോളജ് ഹൈസ്കൂളിന് തന്നില്ല. ഇത് വളരെ പ്രയാസം ഉളവാക്കി. ഒരു കാരണം രഹസ്യമായി അറിഞ്ഞു. ബേക്കർ സ്കൂളിൽ മലയാളം അദ്ധ്യാപികയായി മന്ത്രിയുടെ താല്പര്യത്തിൽ ഒരു ഹൈന്ദവ യുവതിക്ക് നിയമനം ആവശ്യപ്പെട്ടു. എന്നാൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഒരച്ചന്റെ മകൾ ഉൾപ്പെടെ 2 പേർ ഉള്ളപ്പോൾ അതു സാധ്യമല്ല എന്നു പറഞ്ഞു. ഈ ആവശ്യത്തിനായി പി. ജെ. ജോസഫിനെ ഒരു ദിവസം 4 പ്രാവശ്യം ഞാൻ ഫോൺ ചെയ്തു. അദ്ദേഹം ഫോൺ അറ്റൻഡ് ചെയ്തില്ല. ഞാൻ മുഖ്യമന്ത്രി നായനാരെ വിളിച്ചു. അദ്ദേഹം സ്ഥലത്തില്ലായിരുന്നു.

എന്നാൽ രാത്രി 11 മണിയായപ്പോൾ അദ്ദേഹം എന്നെ തിരിച്ചു വിളിച്ചു. ഞാൻ കാര്യം പറഞ്ഞു. അദ്ദേഹം എന്തെങ്കിലും ചെയ്തോ എന്നറിയില്ല.

## മാനേജേഴ്സ് മീറ്റിംഗ് - ബി.സി.എം. കോളജ്

ക്രിസ്ത്യൻ മൈനോരിറ്റി മാനേജ്മെന്റിന്റെ ഒരു മീറ്റിംഗ് ബി.സി.എം. കോളജിൽ നടന്നു. കർദിനാൾ വർക്കി വിതയത്തിൽ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള 17 ബിഷപ്പുമാർ ഈ മിറ്റിംഗിൽ സംബന്ധിച്ചു.

സ്വാഗത പ്രസംഗം എനിക്കായിരുന്നു. എസ്ഥേറിന്റെ കഥ പറഞ്ഞു കൊണ്ടാരംഭിച്ചു. നീ രാജസ്ഥാനത്തെത്തിയത് എങ്ങനെ എന്നറിയാം. നീ സ്ഥാനത്തെത്തിയപ്പോൾ യഹൂദജനത്തെ മറന്നാൽ അവരുടെ രക്ഷ എവിടെനിന്നെങ്കിലും വരും. നീയും നിന്റെ സന്താനവും നശിച്ചുപോകും. മൊർദ്ദഖായി പറഞ്ഞ വാക്കുകൾ ഉദ്ധരിച്ചു. മന്ത്രി മന്ത്രിയായതെങ്ങനെ എന്നറിയാം-സ്ഥാനത്തിരിക്കുമ്പോൾ ചെയ്യേണ്ടതു ചെയ്തില്ലയെങ്കിൽ തെരഞ്ഞെടുപ്പു വരുമ്പോൾ ഞങ്ങൾ കണ്ടോളാം എന്നു പറഞ്ഞ് അദ്ദേഹത്തെ രൂക്ഷമായി വിമർശിച്ചു. ഉടനെതന്നെ ഇത് തിരുവനന്തപുരത്ത് മന്ത്രിയുടെ ചെവിയിൽ എത്തി.

ഞാൻ വീട്ടിൽ വന്ന് അരമണിക്കൂർ കഴിഞ്ഞപ്പോൾ എം.എൽ.എ. മാരായ റ്റി. എസ്. ജോണും മോൻസ് ജോസഫും വീട്ടിൽ വന്നു. ഇതേക്കുറിച്ച് സംസാരിച്ചു. രൂക്ഷമായ ഭാഷയിൽ വിമർശിച്ചതിന്റെ കാരണങ്ങൾ ഒന്ന് ഞാൻ ഫോൺ ചെയ്തിട്ടു അദ്ദേഹം എടുത്തില്ല, പിന്നെ സി.എം.എസ്. കോളജ് ഹൈസ്കൂളിന് അനുവാദം തന്നില്ല - ഇതാണെന്നു പറഞ്ഞു. ഉടനെ അദ്ദേഹത്തെ ഒന്നു വിളിക്കാം എന്നു പറഞ്ഞു. അതിന് എന്നെ കിട്ടില്ല എന്നു പറഞ്ഞു. അവർ ഉടനെ മൊബൈലിൽ കോൺടാക്ട് ചെയ്തു. അദ്ദേഹം എന്നെ വിളിച്ചു. ഞങ്ങൾ തമ്മിൽ ഗൗരവമായി സംസാരിച്ചു. ഞാൻ പറഞ്ഞു എനിക്ക് സ്കൂൾ വേണ്ട, പണമില്ല. എന്നാൽ എന്തുകൊണ്ട് തന്നില്ലയെന്നറിയണം എന്നു പറഞ്ഞു. അദ്ദേഹം ഫയൽ നോക്കട്ടെ എന്നു പറഞ്ഞു. ഏതാനും ദിവസങ്ങൾക്കകം സാങ്ഷൻ കിട്ടി.

അങ്ങനെയാണ് ഈ സ്കൂളുകളെല്ലാം ലഭിച്ചത്. മറ്റാർക്കും കിട്ടാത്തതുപോലെ നമുക്ക് 8 സ്കൂൾ കിട്ടി. അതിന്റെ പിന്നിൽ എത്രമാത്രം പണിപ്പെട്ടു എന്ന് തര്യനച്ചനും എനിക്കും അറിയാം.

ഇപ്പോൾ ഈ സ്കൂളുകൾക്കെല്ലാം മനോഹരമായ കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ട്. അനേകർക്ക് ഇതനുഗ്രഹമായി. നല്ല നിലവാരമുള്ളവയായി അവ നിലനിൽക്കുന്നു.

## അദ്ധ്യാപക-അനദ്ധ്യാപക നിയമനം

സ്കൂൾ നടത്തിപ്പിന് പണം ആവശ്യമാണ്. എല്ലാ മാനേജ്മെന്റും 6 ലക്ഷം രൂപാ വീതം വാങ്ങുന്നുമുണ്ട്. ഞാൻ വിദേശത്തായിരുന്നപ്പോൾ നമുക്കും ഒരു 5 ലക്ഷം വീതം വാങ്ങണം എന്ന് തീരുമാനിച്ചു. തിരിച്ചുവന്നപ്പോൾ കേട്ട വാർത്ത ഇതാണ്. മീറ്റിംഗ് കൂടി-നമുക്ക് പാവപ്പെട്ട അനേകരുണ്ട്. എങ്ങനെ അവരെ സഹായിക്കും? നിയമനം ലഭിച്ചവർ-ഒരു തുക കടമായി നൽകണം-പണ സൗകര്യമുള്ളവർ രണ്ടര ലക്ഷം രൂപയും അല്ലാത്തവർ സൗകര്യമനുസരിച്ചും. ചുരുക്കം ചിലർ ലോൺ ആയി രണ്ടരലക്ഷം തന്നു. മറ്റുള്ളവർ സൗകര്യം പോലെ ലോൺ തന്നു. ചിലർ ഒന്നും തന്നില്ല. എങ്കിലും സ്കൂളുകൾ നന്നായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കുറെ അദ്ധ്യാപകർ രണ്ടര ലക്ഷവും മറ്റു ചിലർ 3 ലക്ഷവും പലിശരഹിത കടമായി നൽകി. വിരമിക്കുമ്പോൾ അല്ലെങ്കിൽ പിരിഞ്ഞുപോകുമ്പോൾ തിരികെ കിട്ടിയാൽ മതി. അപ്പോൾ ഉണ്ടാകുന്ന ഒഴിവിൽ നിയമിക്കപ്പെടുന്ന ആളിനോട് ഈ തുക കടമായി വാങ്ങിയാൽ മതിയാകും. അങ്ങനെ ഒരു റോളിംഗ് ഫണ്ടാണ് അത്.

ഈ വാങ്ങിയ തുക എല്ലാംതന്നെ അതതു സ്കൂളുകൾക്ക് കെട്ടിടം പണിക്കും മറ്റു സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുമായി നൽകി.

## നമ്മുടെ കോളജുകൾ

നമുക്ക് 3 കോളജുകളാണുള്ളത്. സി.എം.എസ്. കോളജ്, കോട്ടയം, ബിഷപ്പ് മൂർ കോളജ്, മാവേലിക്കര, പീറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളജ്, മാവേലിക്കര. കേരളത്തിൽ അറിയപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണിവ. കോഴ വാങ്ങാതെ നിയമനം നടത്തുന്ന ഈ വിദ്യാലായങ്ങളിലെ അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും ആ പ്രതിബദ്ധത സ്ഥാപനങ്ങളോടുണ്ടാകുന്നുണ്ടോ എന്നു സംശയിക്കുന്നു.

## പ്രിൻസിപ്പൽസ് അപ്പോയിന്റ്മെന്റ്

ബിഷപ്പ് മൂർ കോളജിൽ 2-ഉം സി.എം.എസ്. & പീറ്റ് മെമ്മോറിയൽ എന്നിവയിൽ ഓരോന്നും പ്രിൻസിപ്പൽമാരെ നിയമിക്കുവാൻ അവസരം ലഭിച്ചു. ഒരു കോളജദ്ധ്യാപകാനുള്ള യോഗ്യതപോലും ഇല്ലാത്ത എനിക്ക് കോളജ് പ്രിൻസിപ്പലിനെ നിയമിക്കാനുള്ള അധികാരം ലഭിച്ചപ്പോൾ അത് എത്ര സൂക്ഷ്മതയോടുകൂടി ചെയ്യേണ്ടതാണ് എന്ന ബോധ്യം എനിക്കുണ്ടായിരുന്നതിനാൽ വളരെ പ്രാർത്ഥനാപൂർവ്വമാണ് തീരുമാനങ്ങൾ എടുത്തത്. വിദ്യാഭ്യാസ രംഗത്ത് പല പ്രശ്നങ്ങളുണ്ടായിരുന്നു.

ബിഷപ്പ് മൂർ കോളജിൽ പ്രിൻസിപ്പലിനെ നിയമിക്കേണ്ടതായി വന്നു. പല ഭാഗത്തുനിന്നും സമ്മർദ്ദങ്ങളുണ്ടായി. അവിടെ ഒരു കമ്മീഷനെ നിയമിച്ചു. അവർ മൂന്നുപേരുടെ പാനൽ തരണം എന്നുള്ളതാണ് വ്യവസ്ഥ. തെരഞ്ഞെടുപ്പ് നിഷ്പക്ഷമാകണമെന്നു കരുതി റവ. ഡോ. ഇ. സി. ജോൺ, പ്രൊഫ. സ്വാമിരാജ് (പ്രിൻസിപ്പൽ ഹീബർ കോളജ് തിരുച്ചിറപ്പള്ളി), വർക്കി ജോർജ്ജ് എന്നിവരെ നിയമിച്ചു. വളരെ നല്ല പഠനത്തിനുശേഷം അവർ ഒരു പാനൽ തന്നു. രണ്ടു പേർ ഒരു പാനലും, വർക്കി ജോർജ്ജ് മറ്റൊരു പാനലും തന്നു. ആകെ കൺഫ്യൂഷൻ. ഒരു മാസം നിയമനം നീട്ടിവച്ചു. അവസാനം ഒരു ദുഃഖവെള്ളിയാഴ്ച മുഴുവൻ ചാപ്പലിൽ പ്രാർത്ഥനാനിരതനായി. ദൈവവചനം ഒരുപദേശം തന്നു.

"You Ezra, according to the wisdom of your God which is in your hand, appoint magistrates and judges who may judge all the people in the province beyond the River." (Ezra 7.25).

ഇതനുസരിച്ച് പ്രൊഫ. മാമ്മൻ വർക്കിയെ നിയമിച്ചു. അദ്ദേഹം ഒരു നല്ല പ്രിൻസിപ്പൽ ആയിരുന്നു എന്ന് ഏവരും സമ്മതിച്ചു. പക്ഷെ എനിക്ക് ഈ നിയമനത്തെ ചൊല്ലി ചില്ലറ എതിർപ്പുകളെ നേരിടേണ്ടതായി വന്നു.

**Visit of Vice President of India**

കെ. ആർ. നാരായണൻ, ഇൻഡ്യൻ വൈസ് പ്രസിഡന്റായിരിക്കുമ്പോൾ നമ്മുടെ സി.എം.എസ്. കോളജ് സന്ദർശിച്ചു. അദ്ദേഹത്തെ ടെലഫോണിൽ വിളിച്ച് ദീർഘനേരം സംസാരിക്കുവാൻ ഇടയായി. അദ്ദേഹം സി.എം.എസ്. കോളജിലെ ഒരു പൂർവ്വ വിദ്യാർത്ഥിയായിരുന്നു. ഉഴവൂർ എന്ന ഗ്രാമത്തിൽനിന്ന് മൈലുകൾ നടന്നാണ് അദ്ദേഹം കോളജിൽ വരികയും പോകുകയും ചെയ്തത്. ഒരിക്കൽ സ്കൂൾ ഫീസ് കൊടുക്കുവാൻ സാധിക്കാതെ വന്നപ്പോൾ അദ്ദേഹത്തെ ബെഞ്ചിൽ കയറ്റി നിർത്തിയതായി കേട്ടിട്ടുണ്ട്. സമർത്ഥനായ ആ വിദ്യാർത്ഥിക്ക് പഠിക്കുവാനുള്ള ഫീസ് നൽകിയത് അന്നത്തെ കോളജ് പ്രിൻസിപ്പൽ ആയിരുന്നു. വിനയസമ്പന്നനായ അദ്ദേഹം ഇതെല്ലാം ഫോണിൽ എന്നോട് പറഞ്ഞു.

രാജകീയമായ വരവേൽപ്പാണ് അദ്ദേഹത്തിനു നൽകിയത്. മീറ്റിംഗ് ഗ്രേറ്റ് ഹാളിൽക്കൂടി. അതിൽ അദ്ധ്യക്ഷത വഹിച്ചത് ഞാനായിരുന്നു. 5 വി.ഐ.പി.സിനു മാത്രമേ പ്ലാറ്റ് ഫോമിൽ ഇരിക്കുവാൻ അനുവാദമുണ്ടായിരുന്നുള്ളൂ. വളരെ മഹത്തായ ഒരു സന്ദർഭം ആയിരുന്നു അത്.

പിന്നീട് കെ. ആർ. നാരായണൻ ഇന്ത്യൻ പ്രസിഡന്റായി. വളരെ താഴ്മയും പാണ്ഡിത്യവും ഉള്ള ഒരു മഹാനായിരുന്നു കെ. ആർ. നാരായണൻ.

## സി.എം.എസ്. കോളജ്

കേരളത്തിന്റെ അഭിമാനമാണ് സി.എം.എസ്. കോളജ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് തെക്കേ ഇൻഡ്യയിലെ ആദ്യ സ്ഥാപനമാണ് സി.എം.എസ്. കോളജ്. 1816–ൽ സ്ഥാപിച്ചു. ഇന്നുവരെ പേരും പെരുമയുമുള്ള ഒരു സ്ഥാപനമായി നിലനിൽക്കുന്നു. അതിന്റെ മാനേജർ എന്നുള്ള നിലയിൽ 9 വർഷം പ്രവർത്തിക്കുവാൻ സാധിച്ചത് അഭിമാനകരമായ കാര്യമാണ്. കേരളത്തിലെ ആദ്യകലാലയമാണിത്. ചരിത്രം ഉറങ്ങുന്ന ഈ കലാലയം സഭയ്ക്ക് എന്നും അഭിമാനമാണ്. ലോകപ്രസിദ്ധരായ അനേകരെ വാർത്തെടുത്ത കലാലയ മുത്തശിയാണ് സി.എം.എസ്. കോളജ്.

## ബിഷപ്പ് മൂർ കോളജ് – പിറ്റ് മെമ്മോറിയൽ ട്രെയിനിംഗ് കോളജ്

ഈ രണ്ട് കോളജുകളും ഭംഗിയായി നടക്കുന്നു. പല വികസന പരിപാടികളും നടന്നിട്ടുണ്ട്. മൂർ കോളജിന് കൗൺസലിങ്ങ് സെന്ററും പി.എം.ടി.സിയ്ക്ക് നല്ല ഒരു ഹോസ്റ്റൽ കെട്ടിടവുമുണ്ടായി.

## കമ്മീഷൻ നിയമനം

പ്രൊഫ. സി. എ. ഏബ്രഹാം പ്രിൻസിപ്പൽ ആയിരുന്ന കാലഘട്ടത്തിൽ 'നാക് അക്രഡിറ്റേഷൻ' ലഭിച്ചു. അത് വളരെ അഭിമാനകരമായ ഒരു നേട്ടമാണ്. ഞാൻ ബിഷപ്പായി കഴിഞ്ഞ ഉടനെതന്നെ നമ്മുടെ കോളജുകളെക്കുറിച്ച് പഠനം നടത്തി ഒരു വിലയിരുത്തൽ നടത്തി ഒരു റിപ്പോർട്ട് തരുവാൻ പ്രൊഫ. ഒ. എ. ചെറിയാൻ, പ്രൊഫ. സി.സി. ജോസഫ്, രണ്ട് റിട്ട. പ്രിൻസിപ്പൽമാരെ ഒരു കമ്മീഷനായി നിയമിച്ചു. അവർ വളരെ നല്ല ഒരു റിപ്പോർട്ട് നൽകി. അതിന്റെ വെളിച്ചത്തിൽ പല കാര്യങ്ങൾ കോളജുകൾക്കു വേണ്ടി ചെയ്യുവാൻ സാധിച്ചു.

ബിഷപ്പ് മൂർ കോളജ്, പീറ്റ് മെമ്മോറിയൽ കോളജ് എന്നിവയും പുരോഗതിയുടെ പാതയിലാണ്. നല്ല പ്രിൻസിപ്പൽമാരെ ലഭിച്ചു എന്നുള്ളതാണ് ഭാഗ്യം.

## പ്രിൻസിപ്പൽ ഓഫ് സി.എം.എസ്. കോളജ്

സി.എം.എസ്. കോളജിൽ വേക്കൻസി ഉണ്ടായപ്പോൾ ഭരണഘടന പ്രകാരം ഒരു കമ്മീഷനെ വച്ചു. വലിയ ഒച്ചപ്പാടൊന്നും കൂടാതെ പ്രൊഫ. സി.എ. ഏബ്രഹാമിനെ പ്രിൻസിപ്പലായി നിയമിച്ചു.

സി.എ. ഏബ്രഹാമിനു ശേഷം കോരുള ഐസക്ക് പ്രിൻസിപ്പൽ ആയി നിയമിക്കപ്പെട്ടു.

മൂർ കോളജിൽ വീണ്ടും ഒരു നിയമനം നടത്തി. പ്രൊഫ. വിക്ടർ സാം. പീറ്റ് മെമ്മോറിയൽ കോളജിൽ പ്രിൻസിപ്പലിനെ നിയമിച്ചു. ഡോ. ഗ്രേസ് ആൻ മാത്യു.

## സി.എം.എസ്. കോളജിന് ഫൈവ് സ്റ്റാർ പദവി

പ്രിൻസിപ്പൽ സി. എ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഭംഗിയായി നടക്കുന്ന പ്രവർത്തനങ്ങളുടെ അംഗീകാരമെന്ന നിലയിൽ നാക് അക്രഡിറ്റേഷൻ കമ്മിറ്റി പഠനത്തിനുശേഷം അന്ന് വളരെ അപൂർവ്വമായിരുന്ന ഫൈവ് സ്റ്റാർ പദവി കോളജിനു നൽകി. ഫൈവ് സ്റ്റാർ പദവി ലഭിച്ചതിൽ അഭിമാനമുണ്ട്.

## Visit of Sri. Arjun Singh

കേന്ദ്രമാനവവിഭവ ശേഷി മന്ത്രി അർജ്ജുൻ സിങ്ങും സി.എം.എസ്. കോളജ് സന്ദർശിച്ചു. ആ സമ്മേളനത്തിലും അദ്ധ്യക്ഷത വഹിക്കുവാൻ അവസരം ലഭിച്ചു. ഇതെല്ലാം അനുഗ്രഹമായി കാണുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

## ഇന്റർ ചർച്ച് കൗൺസിൽ

കേരളത്തിലെ ക്രൈസ്തവ സഭയുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കായുള്ള ഒരു സമിതിയാണിത്. നിർണ്ണായകമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. ഗവൺമെന്റുകളെ വിമർശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തെ വളർച്ച ലാക്കാക്കി പ്രവർത്തിക്കുന്നു. ഇതിൽ സജീവമായി പങ്കെടുക്കുവാൻ കഴിഞ്ഞു. പവ്വത്തിൽ പിതാവ് ചെയർമാനായി തുടരുന്നു. സെക്രട്ടറിയായി പ്രവർത്തിക്കുവാൻ സാധിച്ചു.

## എഞ്ചിനീയറിംഗ് കോളജ്

2000-ൽ പ്രൊഫഷണൽ കോളജ് തുടങ്ങുവാൻ സർക്കാർ അനുമതി നല്കിത്തുടങ്ങി. നമുക്കൊരു എൻജിനിയറിംഗ് കോളജ് – റവ. ഹാക്സ് വർത്തിന്റെ പേരിൽ തോലശ്ശേരിയിൽ തുടങ്ങുവാൻ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി. ഗവൺമെന്റ് നമുക്കൊരു കോളജ് അനുവദിച്ചു. എൻ. ഐ.ഐ.റ്റിയുടെ അനുവാദവും വാങ്ങി. ഹാക്സ് വർത്ത് ബംഗ്ലാവിൽ അടുത്ത അദ്ധ്യയനവർഷത്തിൽ തുടങ്ങാൻ തീരുമാനിച്ചു. പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം പുതിയ ബിഷപ്പിന്റെ കാലത്ത് അദ്ദേഹം നിർവ്വഹിക്കട്ടെ എന്നു പറഞ്ഞു. അന്ന് തിരുവല്ലാ മുനിസിപ്പൽ ചെയർമാനായിരുന്ന ബാബു ജനറൽ കൺവീനർ ആയി. പ്രൊഫ. പി. ജെ. ഉമ്മന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഒരു അഡ്ഹോക്ക് കമ്മി

റ്റിയെ നിയമിച്ചു. പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുമ്പോൾ ഞാൻ റിട്ടയർ ചെയ്തു.

അടുത്തുകൂടിയ എക്സിക്യൂട്ടീവിൽ പണം ഉണ്ടാക്കാനൊന്നും സാദ്ധ്യമല്ല. തുടങ്ങിയാൽ ഒത്തിരി പ്രശ്നങ്ങളുണ്ടാകും. അതുകൊണ്ട് ഈ ഐഡിയ ഡ്രോപ്പ് ചെയ്യാം എന്നു പറഞ്ഞു. എല്ലാവരും നിരാശരായി -ആ സ്വപ്നം പൊലിഞ്ഞു.

## ബി.എഡ്. കോളജ് - മുണ്ടക്കയം

ഇവിടെ ഒരു ബി.എഡ്. കോളജ് ആരംഭിക്കുന്നതിന് തീരുമാനിച്ചു. റവ. എം.റ്റി. തര്യൻ വളരെ താൽപ്പര്യം എടുത്തു. അനുവാദം എല്ലാം വാങ്ങി. പുതിയ നേതൃത്വത്തെ ഏല്പിച്ചു. അതും വേണ്ടാ എന്നു വച്ചു.

## ഡയോസിസൻ ആർക്കീവ്സ്

ചരിത്രം ഉറങ്ങുന്ന മഹായിടവകയ്ക്ക് സ്വന്തമായി പുരാവസ്തുക്കളും റെക്കോർഡുകളും ഉണ്ട്. അതൊക്കെ നശിച്ചുകൊണ്ടിരിക്കുന്നു. പല തിനും ആദ്യക്കാരായ നമ്മുടെ മഹായിടവക അതിന്റെ ചരിത്രം സൂക്ഷി ക്കേണ്ടത് ആവശ്യമാണെന്നു മനസ്സിലാക്കി ഒരു ചരിത്രസ്മാരകം ഉണ്ടാ ക്കണമെന്നാഗ്രഹിച്ചു. അമേരിക്കയിൽ ചെന്നപ്പോൾ താങ്ക് ഓഫറിംഗ് എന്ന ഒരു സംഘടനയെക്കുറിച്ചറിയാൻ കഴിഞ്ഞു. അവരെ സമീപിച്ചു. 18 ലക്ഷം രൂപാ ഈ ആവശ്യത്തിന് അവർ നൽകി. അതുകൊണ്ട് റിട്രീറ്റ് സെന്ററിന്റെ ഒരു ഭാഗത്ത് ഒരു കെട്ടിടം ഇതിനായുണ്ടാക്കി. എയർ കണ്ടീ ഷൻ ചെയ്തു. പുരാവസ്തുക്കൾ ഒക്കെ ശേഖരിച്ചു. ധാരാളം താളി ഓല ഗ്രന്ഥങ്ങളും കൈയെഴുത്തുപ്രതികളും പുരാതന ബൈബിൾ ഉൾപ്പെടെ അനേകം പുരാതനഗ്രന്ഥങ്ങളും ലഭിച്ചു. വില നിർണ്ണയിക്കാ നാവാത്ത ഒരു ശേഖരം തന്നെ. ഇത് സംഘടിപ്പിക്കുന്നതിന് സി.എം. എസ്. കോളജ് പ്രൊഫ. ജോർജ്ജ് കുര്യൻ, പീറ്റ് മെമ്മേറിയൽ ട്രേയി നിംഗ് കോളജ് പ്രൊഫ. അശോക് അലക്സ് ഫിലിപ്പ്, സി.എം.എസ്. കോളജ് ലൈബ്രേറിയൻ കുരുവിള എന്നിവരെ ചുമതലപ്പെടുത്തി. വളരെ ഭംഗിയായും വിദഗ്ധമായും അതു പൂർത്തിയാക്കി.

എന്നാൽ പിന്നീടു വന്നവർ ഒരു താല്പര്യവും എടുത്തില്ല എന്നു തന്ന യല്ല, ആ കെട്ടിടവും അത്ര വിലപിടിപ്പുള്ള സാധനങ്ങളും സംരക്ഷിക്ക പ്പെടുന്നുമില്ല. അതിനു ലഭിച്ച പണം ആർക്കൈവ്സിനു മാത്രം ഉപയോ ഗിക്കണമെന്ന നിർദ്ദേശമേ ഉണ്ടായിരുന്നുള്ളൂ. ആ പണം ചെലവാക്കി യാണ് ആർക്കൈവ്സ് കെട്ടിടവും ഉപകരണങ്ങളും എല്ലാം ഉണ്ടാക്കി യത്. പുതിയ തലമുറകളിതൊന്നും മറക്കരുത്. ഒരു കാലത്ത് പണം തന്നു നമ്മെ സഹായിച്ച ഏജൻസികളോട് വിശ്വസ്തത കാണിക്കുവാ നുള്ള ചുമതല നമുക്കുമുണ്ട്.

## ശാലോം ഭവനദാന പദ്ധതി

മഹായിടവകയിലെ ഭവനരഹിതരായ 500 പേർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുവാനുള്ള പദ്ധതിയാണിത്. മഹായിടവകയിലെ സ്ഥാപനങ്ങളിലെ എല്ലാ ഉദ്യോഗസ്ഥരും ഒരു മാസത്തെ ശമ്പളം 12 ഗഡുക്കളായി തരണം-മൂന്നു കോളജുകളും ഇക്കാര്യത്തിൽ ഒട്ടും സഹകരിച്ചില്ല.

സ്കൂൾ അദ്ധ്യാപകരും കുറെ പട്ടക്കാരും സഹകരിച്ചു. മറ്റുള്ളവരും പുറത്തുള്ള ഇടവകകളും സഹകരിച്ചു. 389 വീടുകൾ നിർമ്മിച്ചുകൊടുത്തു. ഞാൻ റിട്ടയർ ചെയ്തതിനുശേഷം ഒരു വീടുപോലും ഉണ്ടാക്കിയില്ല - പദ്ധതി അവസാനിപ്പിക്കുകയും ചെയ്തു.

സഭയിലും സമൂഹത്തിലും ഭരണനിർവ്വഹണം ഒരു തുടർക്കഥയാകണം. ഒരു കാലത്ത് തുടങ്ങിവയ്ക്കുന്നത് പൂർത്തീകരിക്കുക എന്നുള്ളതാണ് പിന്നീടുവരുന്നവരുടെ ചുമതല. സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളത് നടപ്പാക്കുവാൻ കഴിയുന്ന നേതൃത്വമാണ് നല്ല നേതൃത്വം.

## പ്രസിദ്ധീകരണങ്ങൾ

### 1. കുടുംബപ്രിയവാദിനി

സ്ത്രീകൾക്കുവേണ്ടി ഒരു മാസിക ആദ്യമായി തുടങ്ങിയത് നമ്മുടെ മഹായിടവകയാണ്. എന്നാൽ അതു ശോഷിച്ചു. ജ്ഞാനനിക്ഷേപത്തിലെ രണ്ടുപേജുമാത്രം അതിനായി മാറ്റിവച്ചു. സ്ത്രീജനസഖ്യം വളർന്നുവന്ന പശ്ചാത്തലത്തിൽ ഒരു പ്രസിദ്ധീകരണം ആവശ്യമാണെന്നു ബോധ്യമായതിന്റെ ഫലമായി ഒരു മാസിക ആരംഭിക്കുവാൻ തീരുമാനിച്ചു. ആദ്യത്തെ മാസികയുടെ പേരുതന്നെ നൽകുവാൻ തീരുമാനിച്ചു. 1926-ൽ ആരംഭിച്ച മാസികയാണിതു (ദ് ഫാമിലി ഫ്രണ്ട്). 28.08.97-ൽ ഈ മാസിക പുനരാരംഭിച്ചു. വളരെ ഭംഗിയായി നടക്കുന്നു.

### 2. സണ്ടേസ്കൂൾ സന്ദേശം

സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനും കുട്ടികളുടെ സർഗ്ഗവാസനകളെ തൊട്ടുണർത്തുന്നതിനും പര്യാപ്തമായ ഒരു പ്രസിദ്ധീകരണം ആരംഭിക്കുന്നത് നന്നായിരിക്കുമെന്നു കരുതി ആരംഭിച്ചതാണ് സണ്ടേസ്കൂൾ സന്ദേശം. ഇന്ന് അത് ജ്ഞാനസന്ദേശം എന്ന പേരിൽ അറിയപ്പെടുന്നു.

### 3. മിഷൻ സന്ദേശം

മിഷനറി പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പ്രസിദ്ധീകരണം തുടങ്ങി.

## ഗ്രന്ഥരചനയിൽ

1. എല്ലാവർക്കും ഒരേ ഭക്ഷണം, 2. ക്രൂശിന്റെ സന്ദേശം, 3. I Thirst, 4. യേശുപ്രാർത്ഥിച്ചു., 5. ഇവിടെ നാം തീർത്ഥാടകർ, 6. മരുഭൂമിയിലെ നീരുറവകൾ, 7. ക്രൂശിന്റെ ചുവട്ടിൽ, 8. കുടുംബപ്രാർത്ഥനകൾ, 9. ക്രിസ്തുവിന്റെ മുന്തിരിത്തോപ്പിൽ എന്നീ ഗ്രന്ഥങ്ങൾ രചിക്കുവാനിടയായി. "ഒരു പ്രയാണത്തിന്റെ പൊരുൾ തേടി" എന്ന പുസ്തകം എന്നെ ആദരിക്കുന്നതിനായി മഹായിടവക പ്രസിദ്ധീകരിച്ചു. അനേകം ലേഖനങ്ങൾ വിവിധ മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ്

കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ ഒരു സംയുക്ത സംരംഭമാണ് നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റ്. നിലയ്ക്കലിൽ ഒരു കുരിശു കണ്ടെടുത്തു എന്ന് അറിഞ്ഞ് അവിടെ പള്ളി സ്ഥാപിക്കാൻ ശ്രമിച്ചു. എന്നാൽ ഹൈന്ദവരുടെ കഠിനമായ എതിർപ്പ്. സമുദായങ്ങൾ തമ്മിൽ പോരിനൊരുങ്ങി. എന്നാൽ വലിയ പരിശ്രമത്തിന്റെ ഫലമായി ഒരു ഒത്തുതീർപ്പുണ്ടായി. നിലയ്ക്കലിൽകുറേ സ്ഥലം വേർതിരിച്ചു കിട്ടി. അവിടെ ഇപ്പോൾ ഒരു പള്ളിയും റിട്രീറ്റ് സെന്റർ, ഡയലോഗ് സെന്റർ എന്നിവയും ഉണ്ട്. സഭകളുടെ ഒരു ഐക്യവേദിയായി അതുമാറി.

1993-ൽ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനി സെക്രട്ടറി സ്ഥാനത്തുനിന്നും മാറിയപ്പോൾ എന്നെ അതിന്റെ സെക്രട്ടറിയായി തെരഞ്ഞെടുത്തു. 10 വർഷത്തിലധികം അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുവാൻ സാധിച്ചു.

പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനി പ്രസിഡന്റും അലക്സാണ്ടർ മാർത്തോമ്മാ, മാർ ജോസഫ് പവ്വത്തിൽ എന്നിവർ വൈസ് പ്രസിഡന്റുമാരും പടിഞ്ഞാറേക്കര പി.സി. ഏബ്രഹാം ട്രഷററും ആയി. എല്ലാ ബിഷപ്പുമാരും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുമായുള്ള ഒരു ട്രസ്റ്റ് ആണ് ഇത്. വളരെ അനുഗ്രഹകരമായി പ്രവർത്തിക്കുവാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. റിട്ടയർ ചെയ്തപ്പോൾ അതിൽനിന്നു മാറുവാൻ ശ്രമിച്ചു. പക്ഷേ, ബാവായുടെ നിർബന്ധപ്രകാരം കുറെക്കൂടി തുടർന്നു. ഈ ട്രസ്റ്റിൽ പ്രവർത്തിക്കുവാൻ സാധിച്ചതിൽ അതിയായ ചാരിതാർത്ഥ്യം ഉണ്ട്.

## കേരള കൗൺസിൽ ഓഫ് ചർച്ചസ്

കത്തോലിക്കാസഭയൊഴികെ എല്ലാസഭകളുടെയും കൂട്ടായ്മയാണ് കെ.സി.സി. 1998-ൽ അതിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മൂന്നു

വർഷം വീതമുള്ള രണ്ടു തവണ ആണ് പരമാവധി സമയം. ഈ രണ്ടു തവണയും വളരെ സന്തോഷത്തോടെ പ്രവർത്തിക്കുവാൻ സാധിച്ചു.

ഒരു ഇടതുപക്ഷചായ്‌വുള്ള സംഘടന എന്നു മുദ്രകുത്തപ്പെട്ട കെ.സി.സി.യെ ഒരു നിഷ്പക്ഷ സംഘടനയാക്കി എന്നു മാത്രമല്ല, എല്ലാ സഭാ പിതാക്കന്മാരുടെയും നിർലോപമായ സഹകരണവും ലഭിച്ചു. റവ. ഡോ. എ. റ്റി. ഏബ്രഹാം അച്ചൻ സെക്രട്ടറി ആയിരുന്നു. കെ.സി.സി. ഒരു നല്ല സംഘടനയാകുവാൻ സാധിച്ചു എന്നുള്ളത് സന്തോഷകരമാണ്.

ആശയങ്ങളിൽ രണ്ടു ധ്രുവങ്ങളിലായിരുന്ന രണ്ടു സംഘടനകളാണ് നിലക്കൽ ട്രസ്റ്റും, കെ.സി.സി.യും. രണ്ടിലും ഒരേ സമയം സെക്രട്ടറിയായും പ്രസിഡന്റായും വിവാദങ്ങൾ കൂടാതെ പ്രവർത്തിക്കുവാൻ സാധിച്ചു എന്നുള്ളത് ദൈവകൃപമാത്രം.

രണ്ടു ടേം (6 വർഷം) കെ. സി. സി.യുടെ സാരഥ്യം വഹിക്കുവാൻ ഇടയായി എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. കേരളത്തിലെ എല്ലാ എപ്പിസ്കോപ്പൽ (കത്തോലിക്കാ ഒഴികെ) സഭകളും 13 ഓളം സംഘടനകളും ഇതിൽ അംഗങ്ങളാണ്. എൻ.സി.സി.ഐ.യുടെ ഒരു ഭാഗമാണിത്. ഈ സംഘടനയിൽ പ്രവർത്തിക്കുവാൻ സാധിച്ചതിലൂടെ കേരളത്തിലാകമാനം സഭകളുടെ ഇടയിൽ പ്രവർത്തിക്കുവാനും സ്വാധീനം ചെലുത്തുവാനും സാധിച്ചു. ഇതൊരു നല്ല പദവിയാണെന്നുള്ളതിൽ സംശയമില്ല.

ഈ സംഘടനകളെ ഏകോപിപ്പിച്ചു ഒരു ഇക്കോളജിക്കൽ ഫോറം ഉണ്ടാക്കി. ഡോ. മാത്യു കോശി ഇതിന് നേതൃത്വം നൽകുന്നു. ഭംഗിയായി നടക്കുന്നു.

## കേരളാ മദ്യവിരുദ്ധ ഏകോപനസമിതി

കേരളത്തിലെ മദ്യവിരുദ്ധപ്രസ്ഥാനങ്ങളുടെ ഒരു ഏകോപനസമിതിയാണ് കേരള ജനകീയ മദ്യവിരുദ്ധമുന്നണി. കേരളത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ളവർ ഇതിൽ പങ്കാളികളാണ്. ആദ്യം ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയും പിന്നീട് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായും അതിന്റെ ചെയർമാന്മാരായിരുന്നു. അവിടെ വർക്കിംഗ് ചെയർമാൻ എന്ന നിലയിൽ ദീർഘകാലം പ്രവർത്തിക്കുവാൻ സാധിച്ചു. സെക്രട്ടറിയേറ്റ് നടയിലും, കളക്ട്രേറ്റുകളിലും അനേകം സമരങ്ങൾക്ക് നേതൃത്വം നൽകുവാൻ സാധിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയുമായി സഹകരിച്ച് പല സമരങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

കേരളത്തെ മദ്യവിപത്തിൽനിന്നു രക്ഷിക്കുവാനുള്ള പരിശ്രമങ്ങളിൽ

ദീർഘകാലം പങ്കാളിയാകുവാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്.

## പൊതുവേദികളിൽ

അനേകം പൊതുവേദികളിൽ പ്രശസ്തരായ പലരോടൊപ്പം വേദി പങ്കിടുവാൻ സാധിച്ചിട്ടുണ്ട്. ഇൻഡ്യൻ പ്രസിഡന്റ് കെ. ആർ. നാരായണൻ മാനവ വിഭവശേഷി മന്ത്രി അർജ്ജുൻ സിംഗ്, പ്രൊഫ. പി.ജെ. കുര്യൻ, മുരളി മനോഹർ ജോഷി, സുബ്രഹ്മണ്യസ്വാമി, ഒ. രാജഗോപാൽ, വയലാർ രവി, ജി. കാർത്തികേയൻ, പി.ജെ. ജോസഫ്, മോൻസ് ജോസഫ്, കെ. നാരായണക്കുറുപ്പ് തുടങ്ങി നിരവധി പേർ സന്ദർശിച്ചിട്ടുണ്ട്. നിരവധി കേന്ദ്രമന്ത്രിമാരോടൊപ്പം വേദികൾ പങ്കെടുക്കുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ അനേകം സഭാദ്ധ്യക്ഷന്മാരുമായി സൗഹൃദം പങ്കിടുവാനും ഒരുമിച്ചു പ്രവർത്തിക്കുവാനും സാധിച്ചിട്ടുണ്ട്. കേരളത്തിൽ കെ. കരുണാകരൻ, ഇ. കെ. നായനാർ, എ. കെ. ആന്റണി, ഉമ്മൻ ചാണ്ടി എന്നീ മുഖ്യമന്ത്രിമാരും, മറ്റനേകം മന്ത്രിമാരും, എം.എൽ.എ., എം.പി. എന്നിവരുമായി വേദി പങ്കിടുന്നതിനും സൗഹൃദം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കർദ്ദിനാളന്മാരായ ആന്റണി പടിയറ, മാർ വർക്കി വിതയത്തിൽ, മാർ ജോർജ്ജ് ആലഞ്ചേരി, മാർ ക്ലീമിസ്, കാതോലിക്കാബാവാമാരായ പരിശുദ്ധ മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ, ദിദിമോസ് പ്രഥമൻ, പൗലോസ് ദ്വിതീയൻ തുടങ്ങിയ ഓർത്തഡോക്സ് സഭാ പിതാക്കന്മാരുമായി അടുത്ത സൗഹൃദം പങ്കിടുവാൻ കഴിഞ്ഞിട്ടുണ്ട്. യൂഹാനോൻ മാർത്തോമാ, അലക്സാണ്ടർ മാർത്തോമാ, ക്രിസോസ്റ്റം മാർത്തോമ്മാ, ജോസഫ് മാർത്തോമാ എന്നീ മെത്രാപ്പോലീത്താമാരുമായും, യാക്കോബായ സഭയിലെ പൗലോസ് ബാവാ, തോമസ് പ്രഥമൻ ബാവാ തുടങ്ങിയവരുമായും അടുത്ത സ്നേഹബന്ധമുണ്ട്.

മാരാമൺ കൺവൻഷൻ, മുളന്തുരുത്തി യാക്കോബായ ജൂബിലി, എസ്.എൻ.ഡി.പി. ക്കാരുടെ തിരുനക്കര സമ്മേളനം, സുകുമാർ അഴീക്കോട്, വെള്ളാപ്പള്ളി നടേശൻ, ഡോ. സിറിയക്ക് തോമസ് തുടങ്ങിയവരുമൊപ്പം വേദി പങ്കിട്ട മഹാസമ്മളനങ്ങളാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ നിരവധി സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ സാധിച്ചു. എ.കെ.ജി. സെന്ററിൽ നടന്ന സെക്യുലറിസം നേരിടുന്ന അപകടം എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കുവാൻ സ്വാമി ശാശ്വതികാനന്ദയ്ക്കൊപ്പം എന്നെയും ക്ഷണിച്ചു. മാർക്സിസ്റ്റ് നേതാക്കൾ, ഏകദേശം 1000 പേരുള്ള സമ്മേളനത്തിൽ, ഭാരതത്തിന്റെ തനതായ ആദ്ധ്യാത്മിക സംസ്കാരത്തിലേക്ക് മടങ്ങിവരണം എന്നു പ്രസംഗിച്ചു.

മനുഷ്യാവകാശ ലംഘനത്തെക്കുറിച്ച് തിരുനക്കര മൈതാനം

നിറഞ്ഞു കവിഞ്ഞ സമ്മേളനത്തിൽ അച്യുതാനന്ദനോടൊപ്പം പ്രസംഗിച്ചു. ഹർത്താലിനെ ന്യായീകരിച്ചു പ്രസംഗിച്ച അച്യുതാനന്ദനുൾപ്പെടെയുള്ള സമൂഹത്തോട് തലേദിവസം നടത്തിയ ഹർത്താൽ എനിക്ക് ഒരു ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കുവാൻ തടസ്സമായി. അതെന്റെ മനുഷ്യാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ്. ജനാധിപത്യത്തിൽ പ്രതിഷേധിക്കുവാനുള്ള സ്വാതന്ത്ര്യം ഉള്ളതുപോലെ സ്വൈര്യജീവിതം നയിക്കുവാനുള്ള അവകാശവും ഉണ്ടെന്ന് പറഞ്ഞത് കരഘോഷത്തോടെ ജനം സ്വീകരിച്ചു.

## വിദ്യാഭ്യാസനയങ്ങൾ

പല സമ്മേളനങ്ങളിലും നേതൃത്വം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. വികലമായ വിദ്യാഭ്യാസനയം തിരുത്തുവാനുള്ള സമരങ്ങളിൽ സജീവമായി പങ്കുകൊണ്ടു.

## സമരവേദികളിൽ

ദളിത് ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കാളിയാകുവാനും നേതൃത്വം വഹിക്കുവാനും നിരവധി അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. കോട്ടയത്തും തിരുവനന്തപുരം സെക്രട്ടറിയേറ്റ് നടയിലുമെല്ലാം സത്യഗ്രഹം ഇരുന്നിട്ടുണ്ട്. ഇതിലെല്ലാം വൻജനാവലി പങ്കെടുത്തിട്ടുണ്ട്. വാർത്താമാധ്യമങ്ങൾ വേണ്ട സഹകരണവും നൽകി.

## മദ്യനയത്തിനെതിരായി

നിരവധി സമരങ്ങളിൽ പങ്കെടുത്തു. തിരുവനന്തപുരം സെക്രട്ടറിയേറ്റുനടയിൽ സുഗതകമാരി ടീച്ചറും ഒരുമിച്ച് സത്യഗ്രഹം നടത്തി. കോട്ടയം കളക്ട്രേറ്റ്, തിരുനക്കര, പാലാ ഇവിടെങ്ങളിലെല്ലാം സമരം നടത്തിയിട്ടുണ്ട്. പാലായിൽ നടന്ന സമരങ്ങളിൽ സംബന്ധിച്ചിട്ടുണ്ട്.

## സന്ദർശിച്ച മുഖ്യമന്ത്രിമാർ

കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അഭി. ജോസഫ് തിരുമേനിയുമൊരുമിച്ച് അദ്ദേഹത്തെ കണ്ടു. അദ്ദേഹത്തിന്റെ മാന്യമായ പെരുമാറ്റം മറക്കാനാവില്ല. ആവശ്യം നിറവേറ്റിത്തരികയും ചെയ്തു.

ഇ.കെ. നായനാരെ പല പ്രാവശ്യം സെക്രട്ടറിയേറ്റിലും, കോട്ടയം ഗസ്റ്റ് ഹൗസിലും എല്ലാം സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പെരുമാറ്റവും തുറന്ന സംസാരവും വളരെ ആകർഷിച്ചു. ചെയ്യാവുന്നതെല്ലാം ചെയ്തുതന്നു. ഫോണിൽ അദ്ദേഹത്തെ വിളിച്ചാൽ കിട്ടിയില്ലെങ്കിലും രാത്രിയിൽപോലും അദ്ദേഹം തിരിച്ചുവിളിക്കുമായിരുന്നു.

എ. കെ. ആന്റണിയെയും സന്ദർശിച്ചിട്ടുണ്ട്. സൗമ്യവും മാന്യവുമായ അദ്ദേഹത്തിന്റെ പെരുമാറ്റവും ഹൃദ്യമാണ്. എന്നാൽ മദ്യനയത്തിൽ ഒരു തീരുമാനം ഉണ്ടായില്ല. ഇക്കാര്യത്തിൽ കുഞ്ഞാലിക്കുട്ടി, ശങ്കരനാരായണൻ എന്നിവരെയും കണ്ടിട്ടുണ്ട്.

മന്ത്രി ടി. കെ. രാമകൃഷ്ണൻ ഒരു സഹോദരനെപ്പോലെയായിരുന്നു. ബിഷപ്പ് ഹൗസിൽ ഇടയ്ക്കിടെ വരികയും സ്നേഹ സൽക്കാരങ്ങളിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു. ഇലക്ഷന് നാമനിർദ്ദേശപത്രിക കൊടുക്കുന്നതിനുമുമ്പ് അതിരാവിലെ അനുഗ്രഹം വാങ്ങാൻ അദ്ദേഹം വരുമായിരുന്നു. സുരേഷ് കുറുപ്പിനെയും കൂട്ടി വന്നിട്ടുണ്ട് അനുഗ്രഹം വാങ്ങാൻ. അനേകം മന്ത്രിമാരും എം.എൽ.എ.മാരും സുഹൃത്തുക്കളായിരുന്നു. മേഴ്സി രവി എം.എൽ.യെ ഒരിക്കലും മറക്കാനാവില്ല അത്ര മാത്രം ഹൃദ്യമായിരുന്നു അവരുടെ പെരുമാറ്റം.

ഉമ്മൻചാണ്ടിയെ പലപ്പോഴും സെക്രട്ടറിയേറ്റിലും അദ്ദേഹത്തിന്റെ വീട്ടിലും വച്ചു കണ്ടിട്ടുണ്ട്. ഒരു സുഹൃത്തിനെപ്പോലെയുള്ള പെരുമാറ്റം ആകർഷണീയമാണ്.

തിരുവഞ്ചൂർ രാധാകൃഷ്ണനുമായുള്ള ബന്ധം സഹോദരതുല്യമാണ്. എപ്പോൾ വിളിച്ചാലും സഹോദരനെപ്പോലെ എല്ലാ കാര്യങ്ങളും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം ഉണ്ട്.

കെ. എം. മാണിയും കുടുംബവും കുടുംബസുഹൃത്തുക്കളെപ്പോലെയാണ്. അദ്ദേഹം കുട്ടിയമ്മയുമായി ബിഷപ്പ് ഹൗസിൽ വരികയും സ്നേഹം പങ്കിടുകയും ചെയ്യുമായിരുന്നു. ഇങ്ങനെ നിരവധി ഉന്നതരായ ആളുകളുമായി അടുത്ത ബന്ധം ഉണ്ടായി. കേരള ഗവർണരായിരുന്ന ശ്രീമതി ജ്യോതി വെങ്കിടാചലത്തിനെ കാണുവാൻ പോയിരുന്നു. ബേക്കർ കോമ്പൗണ്ട് ഗവൺമെന്റെടുക്കുവാൻ ഉള്ള ആലോചനകൾ നടക്കുമ്പോൾ അന്നത്തെ എം.എൽ.എ.യുമൊരുമിച്ച് ഗവർണറെ കണ്ടു. അന്ന് പ്രസിഡന്റ് ഭരണമായിരുന്നു. അവരുടെ നിർദ്ദേശമാണ് ആ ഭൂമി എന്തിനെങ്കിലും വേണ്ടി ഉപയോഗിക്കുക എന്നുള്ളത്. അന്നാണ് ഇപ്പോഴത്തെ സ്കൂൾ പുതുതായി പണിതതും ബോർഡറിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുവാൻ തുടങ്ങിയതും. മാണി തിരുമേനിയുടെ കാലമാണത്.

## മദ്രാസ് ഗവർണർ പ്രഭുദാസ് പട്ട്വാരി

മഹായിടവക സെന്റിനറി ആഘോഷിക്കുമ്പോൾ ഒരു ഗവർണറുടെ സാന്നിദ്ധ്യം വേണമെന്നു തീരുമാനിച്ചു. കേരള ഗവർണർ അവധിയിലാണ്. എന്നെ മദ്രാസിനയച്ചു. അവിടുത്തെ ഗവർണർ പട്വാരിയെ ക്ഷണിക്കാൻ. അദ്ദേഹം ബിഷപ്പ് സുന്ദർ ക്ലാർക്കിന്റെ ഒരു അടുത്ത സ്നേഹിത

നായിരുന്നു. ബിഷപ്പ് സുന്ദർ ക്ലാർക്കിനൊപ്പം കിൽപോക്കിലെ രാജമ്മ ഓടിച്ച പഴയകാറിൽ ഗവർണറുടെ വീട്ടിൽ എത്തി ചായ സൽക്കാരത്തിൽ പങ്കുകൊണ്ടു. അദ്ദേഹത്തെ ക്ഷണിച്ചു. തക്കസമയത്ത് അദ്ദേഹം വന്ന് സമ്മേളനം ഉദ്ഘാടനം ചെയ്തിട്ട് മടങ്ങിപ്പോയി.

വൈസ് പ്രസിഡന്റായിരുന്ന കെ.ആർ.നാരായണനെ ഫോണിൽ വിളിച്ചു. ദീർഘ സമയം സംസാരിച്ചു. അദ്ദേഹവും പരിപാടിക്കുവന്നു.

## സഹപാഠികളായ മെത്രാന്മാർ

കൽദായ സഭയുടെ പൗലോസ് മോർ പൗലോസ്, ഓർത്തഡോക്സ് സഭയിലെ ഫിലിപ്പോസ് മോർ യൗസേബിയോസ്, തോമസ് മാർ അത്തനേഷ്യസ്, സി.എൻ.ഐ. മോഡറേറ്ററായിരുന്ന ബിഷപ്പ് ഡി.കെ. മഹന്തി, രാജസ്ഥാൻ ബിഷപ്പായിരുന്ന ഇ. സി. ആന്റണി, സി.എസ്.ഐ.-യിലെ വെല്ലൂർ ഡയോസിസൻ ബിഷപ്പ് മഹിമയ് റൂഫസ്, തിരുനൽവേലി ബിഷപ്പായിരുന്ന ജയപാൽ ഡേവിഡ് എന്നിവർ ഒരേ കാലത്ത് സെറാമ്പൂർ കോളജിൽ പഠിച്ചവരാണ്.

## സഭകളിലെ ഭിന്നത പരിഹരിക്കുവാനുള്ള ശ്രമങ്ങൾ

കേരളത്തിലെ പൗരാണിക സഭയായ ഓർത്തഡോക്സ് സഭയിൽ ഉണ്ടായ ഭിന്നത നിർഭാഗ്യകരമാണ്. സഭയ്ക്കാകമാനം അത് അപമാനകരവുമാണ്.

## ഐക്യത്തിനുള്ള ശ്രമം

ഈ രണ്ടു സഭകളും തമ്മിലുള്ള ഭിന്നത പറഞ്ഞു തീർക്കുന്നതിനായി നിലയ്ക്കൽ കമ്മറ്റി വളരെ ആഗ്രഹിച്ച് പരിശ്രമിച്ചു. നിലക്കൽ പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷൻ പരിശുദ്ധ മാത്യൂസ് ദ്വിതിയൻ കാതോലിക്കാബാവായാണ്. അദ്ദേഹം ഓർത്തഡോക്സ് സഭയുടെ തലവനുമാണ്.

നിലയ്ക്കൽ കമ്മിറ്റി മദ്ധ്യസ്ഥതയ്ക്കായി മൂന്നുപേരടങ്ങുന്ന ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തി. അഭിവന്ദ്യ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ, മാർ ജോസഫ് പൗവ്വത്തിൽ, ബിഷപ്പ് ഡോ. സാം മാത്യു. ഞാൻ അതിന്റെ കൺവീനറുമായിരുന്നു. പരിശുദ്ധ കാതോലിക്കാബാവായുമായി ഞങ്ങൾക്ക് വളരെ അടുപ്പവും സ്നേഹവുമുണ്ട്.

പല പ്രാവശ്യം ഈ കമ്മറ്റി സി.എസ്.ഐ. ബിഷപ്പ്സ് ഹൗസിൽ കൂടി. അവസാനം രണ്ടുകൂട്ടരെയും കണ്ട് സംസാരിക്കാൻ തീരുമാനിച്ചു. ആദ്യം യാക്കോബായ വിഭാഗത്തെ ക്ഷണിച്ചു. അവരുടെ ദിവന്നാസ്യോസ് (ഇപ്പോഴത്തെ ബാവാ തോമസ് പ്രഥമൻ) ഉൾപ്പെടെ ഏഴോളം പ്രമുഖർ സി.എസ്.ഐ. ബിഷപ്പ് ഹൗസിൽക്കൂടി ദീർഘസമയം ഈ വിഷയത്തെ

ക്കുറിച്ച് ചർച്ച ചെയ്തു. അവസാനം അവർ പറഞ്ഞു. നിങ്ങൾ മൂന്നുപേരുംകൂടി എടുക്കുന്ന ഏതു തീരുമാനവും അവർ സ്വീകരിച്ചുകൊള്ളാം എന്ന്. ഞങ്ങൾക്കാശ്വാസമായി.

രണ്ടു ദിവസങ്ങൾക്കുശേഷം ഓർത്തഡോക്സ് വിഭാഗവുമായി ചർച്ച ചെയ്യാം എന്നു തീരുമാനിച്ചു. അലക്സാണ്ടർ തിരുമേനിയുടെ വസതിയായ പുലാത്തിനിൽ കൂടുവാൻ തീരുമാനിച്ചു. കാതോലിക്കാബാവായെ നേരിട്ട് വിളിച്ചു. തിരുമേനി പറഞ്ഞു ആദ്യം മാത്തുക്കുട്ടിയും, (കെ. എം. മാത്യു, മനോരമ), അവറാച്ചനും (പി. സി. ഏബ്രഹാം പടിഞ്ഞാറേക്കര) യും അങ്ങോട്ടു വരും. അവരുമായി സംസാരിച്ചശേഷം നമുക്കൊരുമിച്ചു സംസാരിക്കാം എന്നു ബാവാ പറഞ്ഞു. അവർ വന്നു സംസാരിച്ചു. നിർഭാഗ്യമെന്നു പറയട്ടെ. അതു ഫലപ്രാപ്തിയിൽ എത്തിയില്ല.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ മൂവരും ഒപ്പിട്ട് ഒരു പ്രസ്താവന മനോരമയിൽ പ്രസിദ്ധീകരിച്ചു. ആ പരിപാടി പരാജയപ്പെട്ടു.

## കെ.സി.സി. യുടെ ശ്രമം

പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവാ കെ.സി.സി. പ്രസിഡന്റ് എന്ന നിലയിൽ എന്റെ പേർക്ക് ഒരു കത്തയച്ചു. ഇക്കാര്യത്തിൽ ഒന്നിടപെടണമെന്നാവശ്യപ്പെട്ടു. ഉടനെതന്നെ ഞാൻ ക്രിസോസ്റ്റം തിരുമേനി, പൗവ്വത്തിൽ തിരുമേനി എന്നിവരെ വിളിച്ചു. വീണ്ടും മനസ്സില്ലാമനസ്സോടെയാണെങ്കിലും മദ്ധ്യസ്ഥതയ്ക്കു ശ്രമിച്ചു. നിർഭാഗ്യമെന്നു പറയട്ടെ അതും പരാജയപ്പെട്ടു. ആ ശ്രമം ഉപേക്ഷിക്കുകയാണുണ്ടായത്.

## കല്ലേലിത്തോട്ടം എക്യുമെനിക്കൽ ദേവാലയം

കല്ലേലിത്തോട്ടത്തിലുള്ള വിവിധ സഭാംഗങ്ങൾക്കായി ഒരു ഐക്യ ദേവാലയം കൂദാശ ചെയ്തു. മലങ്കര കത്തോലിക്കാ സഭയിലെ മാർത്താണ്ഡം രൂപതാ അദ്ധ്യക്ഷനും ഓർത്തഡോക്സ് സഭയിലെ യൗസേബിയോസ് തിരുമേനിയും ഞാനുംകൂടി ഒരുമിച്ച് ദേവാലയകൂദാശ നടത്തി. പ്രധാന കാർമ്മികനാകുവാനുള്ള ഭാഗ്യംലഭിച്ചു. ഈ മൂന്നു സഭകളും ചേർന്നു കൂദാശ നടത്തുന്ന ലോകത്തിലെ തന്നെ ഏകദേവാലയമാണത്.

## സെലിബ്രേഷൻസ്

### ഡയോസിസൻ മിഷനറി ഫെസ്റ്റിവൽസ്

വളരെ ഏറെ ശിഥിലീകരണ പ്രവണത നിലനിൽക്കുന്ന ഒരു കാലഘട്ടമായിരുന്നു മഹായിടവകയുടേത്. സഭയിൽ യുവജനപ്രസ്ഥാനവും, വിമോചനപ്രസ്ഥാനവും ശക്തമായി പ്രവർത്തിച്ചുകൊണ്ടിരുന്നു.

പൊതുവേ ജനങ്ങളുടെ ഇടയിൽ വളരെ അധികം അസ്വസ്ഥത നിലവിലിരുന്നു. കേവലം നാമമാത്ര അംഗങ്ങളായി അനേകർ ജീവിച്ചു. സമരവും, സമ്മേളനങ്ങളും സഭയിൽ ഛിദ്രവാസനയും എല്ലാമായി ജനങ്ങളിൽ അന്യതാബോധം നിലനിന്നു.

ഈ അവസ്ഥയിൽ എങ്ങനെ ജനങ്ങളെ പ്രബുദ്ധരാക്കാം എന്നു ചിന്തിച്ചു, പ്രാർത്ഥിച്ചു. ജനങ്ങളിൽ ഒരു ഏകതാബോധവും ഉത്സാഹവും ഉണ്ടാകണം. അതിനുവേണ്ടി എല്ലാ ജില്ലകളിലും മിഷനറി ഫെസ്റ്റിവൽ ക്രമീകരിച്ചു. ബൈബിൾറാലികളും മിഷനറി സമ്മേളനങ്ങളും ക്രമീകരിച്ചു. ഓരോ ജില്ലയിലും ആയിരക്കണക്കിന് സ്ത്രീപുരുഷന്മാരും യുവജനങ്ങളും ബൈബിൾ കരങ്ങളിലേന്തി വെള്ളവസ്ത്രധാരികളായി റാലിയിൽ സംബന്ധിച്ചത് സഭയ്ക്ക് ഒരു ആത്മീയ ഉണർവും സമൂഹത്തിൽ ഒരു നല്ല സ്ഥാനവും നൽകുവാൻ സഹായിച്ചു. ചിട്ടയോടുകൂടി നടത്തിയ ഈ ഉത്സവങ്ങൾ ജനങ്ങളിൽ വലിയ ഒരു പ്രബുദ്ധത ഉളവാക്കി. ഒരു ഏകതാബോധവും സഭയ്ക്കേകി. എല്ലാ പട്ടക്കാരും ഉപദേശിമാരും ജനങ്ങളും താല്പര്യപൂർവ്വം ഇതിൽ സംബന്ധിച്ചത് ഒരു വലിയ അനുഭവമായി. എല്ലാ ഡിസ്ട്രിക്റ്റുകളിലും ഇത് ആഘോഷപൂർവ്വം നടത്തി.

ഇതേത്തുടർന്നും സി.എസ്.ഐ.യുടെ സുവർണ്ണജൂബിലി വളരെ വിപുലമായ വിധത്തിൽ കൊണ്ടാടുവാൻ സാധിച്ചു. വലിയ ജനപങ്കാളിത്തം സഭയിലുടനീളം അനുഭവപ്പെട്ടു. റാലികൾക്ക് കൊഴുപ്പേകി. സി.എസ്. ഐ.യുടെ സാന്നിദ്ധ്യം സമൂഹത്തിൽ അറിയപ്പെടുവാൻ തുടങ്ങി.

### **ജൂബിലി സെലിബ്രേഷൻസ്** – 1997 സെപ്റ്റംബർ 21

സി.എസ്.ഐ.യുടെ സുവർണ്ണ ജൂബിലി ആഘോഷം വിപുലമായ തോതിൽ കൊണ്ടാടുവാൻ തീരുമാനിച്ചു. കോട്ടയത്ത് വലിയ ഒരു റാലിയും സമ്മേളനവും ക്രമീകരിച്ചു.

ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് തിരുനക്കര മൈതാനത്ത് സമ്മേളനം ക്രമീകരിച്ചു. നാഗമ്പടം മൈതാനത്തുനിന്ന് റാലിയും നടത്തി.

### ദൈവത്തിന്റെ അത്ഭുതം

റാലിയും സമ്മേളനവും ക്രമീകരിച്ച ദിവസവും അതിനു മുമ്പുള്ള ചില ദിവസങ്ങളിലും കോരിച്ചൊരിയുന്ന മഴ. ഞായറും തിങ്കളും മഴയായിരിക്കും എന്ന് കാലാവസ്ഥാ പ്രവചനം. എല്ലാവരും വളരെ വിഷമിച്ചു. നാനാഭാഗത്തുനിന്നും വാഹനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ എങ്ങനെ നടത്തും? വലിയ നേതാക്കളെ എല്ലാം സമ്മേളനത്തിന് ക്ഷണിച്ചിട്ടുണ്ട്.

ഞായറാഴ്ച രാവിലെ കത്തീഡ്രലിൽ വി.കുർബ്ബാന. കോരിച്ചൊരി

യുന്ന മഴ-പല ബിഷപ്പുമാരുടെ സാന്നിധ്യത്തിൽ മോഡറേറ്റർ ബിഷപ്പ് വി.പി. ഡാൻഡിൻ കുർബ്ബാന നടത്തി. പള്ളിതിങ്ങിനിറഞ്ഞാളുകൾ. മനസ്സിന് ഒരു സ്വസ്ഥതയുമില്ല. മഴ തുടർന്നുകൊണ്ടേ ഇരിക്കുന്നു.

വിശ്വാസപ്രമാണം ചൊല്ലുമ്പോൾ ഭയങ്കര മഴ മൂലം കേൾക്കുവാൻ പോലും സാധ്യമല്ല. എന്നാൽ "സർവ്വശക്തിയുള്ള പിതാവായി ആകാശത്തെയും ഭൂമിയെയും കാണപ്പെടുന്നതും കാണപ്പെടാത്തവയുമായ സർവ്വത്തെയും സൃഷ്ടിച്ച ദൈവമേ"- ആകാശവും ഭൂമിയും അവിടുത്തെ നിയന്ത്രണത്തിലാണല്ലോ - എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചു. കണ്ണുനീർ, പുസ്തകത്തിൽ പാടുകൾ സൃഷ്ടിച്ചു. ആരാധന കഴിഞ്ഞ് വീട്ടിലേക്കു മടങ്ങി. കൃത്യം ഒരു മണി ആകാശം തെളിഞ്ഞു സൂര്യപ്രകാശം ദൃശ്യമായി. നല്ല വെയിലും, ആകാശത്തിന്റെ കിളിവാതിലുകളെ ദൈവം അടച്ചു. മഴനിന്നു. ആകാശം തെളിഞ്ഞു. ആയിരങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടു. വരാനുള്ളവർ തങ്ങളുടെ വാഹനങ്ങളിൽ കോടിമത എത്തി. പതിനായിരക്കണക്കിന് ആളുകൾ മൈതാനത്തു തടിച്ചുകൂടി റാലി ആരംഭിച്ചു. കളക്ട്രേറ്റ്, ബസേലിയോസ് കോളജ്, മനോരമ ചുറ്റി മൈതാനത്തേക്കു നീങ്ങി. മോഡറേറ്ററും ബിഷപ്പുമാരും ജീപ്പിൽ മുമ്പിൽ. ഈ ജീപ്പ് മൈതാനത്ത് പ്ലാറ്റ്ഫോമിൽ എത്തിയപ്പോൾ നാഗമ്പടം മൈതാനത്തായിരുന്നു റാലിയുടെ പിൻഭാഗം. ഇത്ര അച്ചടക്കത്തോടുകൂടിയ ഒരു റാലി പട്ടണം കണ്ടിട്ടില്ല.

മോഡറേറ്ററുടെ അദ്ധ്യക്ഷതയിൽക്കൂടിയ സമ്മേളനം പരിശുദ്ധ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു. അലക്സാണ്ടർ മാർത്തോമ്മ, ഏബ്രഹാം മോർ ക്ലീമിസ്, ജോസഫ് പൗവ്വത്തിൽ തുടങ്ങി ഒട്ടനവധി തിരുമേനിമാരും കെ.എം.മാത്യു തുടങ്ങി നിരവധി പൗരപ്രമുഖരും പ്രസംഗിച്ചു. അതിഗംഭീരമായ ഒരു പരിപാടി ദൈവം നടത്തി. 7 മണിയായപ്പോൾ മഴ വീണ്ടും ആരംഭിച്ചു. 5 മണിക്കൂർ മഴയെ ദൈവം മാറ്റി നിർത്തി.

ഈ സമ്മേളനവും റാലിയും കൊണ്ടുണ്ടായ ഏറ്റവും വലിയ പ്രയോജനം ജനങ്ങൾ ഒറ്റക്കെട്ടായി മഹായിടവകയിൽ പ്രവർത്തിക്കുന്നു എന്നുള്ളതായിരുന്നു. ഏതാണ്ട് ശിഥിലീകൃത പ്രവണത നിലനിന്ന അവസ്ഥയിലായിരുന്ന മഹായിടവകയുടെ ഐക്യത്തിന്റെ കാഹളധ്വനിയായിരുന്നു അത്. എല്ലാവരുടേയും സഹകരണം വർണ്ണനാതീതമാണ്. സമൂഹത്തിലും രാജ്യത്തിലും ഒരു വലിയ ഇംപാക്ട് സൃഷ്ടിക്കുവാൻ കഴിഞ്ഞു. രാഷ്ട്രീയ - സാമൂഹ്യ - ആദ്ധ്യാത്മികരംഗങ്ങളിൽ ഒരു മുന്നേറ്റം തന്നെ സൃഷ്ടിക്കുവാൻ കഴിഞ്ഞു.

മഹായിടവകയ്ക്ക് ചെലവൊന്നും ഉണ്ടായതുമില്ല. 1997 സെപ്റ്റംബർ

21, 2.30-ന് നാഗമ്പടത്തുനിന്നു റാലി ആരംഭിച്ചു. മുൻ അറ്റം തിരുനക്കര വന്നപ്പോൾ മീറ്റിംഗു തുടങ്ങി. അപ്പോഴും പിൻ അറ്റം നാഗമ്പടത്തുനിന്നു പുറപ്പെട്ടിരുന്നില്ല. അത്രവലിയ ജനക്കൂട്ടമായിരുന്നു. അതിൽ സംബന്ധിച്ചത്. ബാന്റുമേളങ്ങൾ, ബൈക്ക് റാലി തുടങ്ങി വലിയ ഒരാഘോഷമായിരുന്നു അത്.

ഒന്നാകുക, വിമോചിപ്പിക്കുക, ആഘോഷിക്കുക ഇതായിരുന്നു ചിന്താവിഷയം.

സിനഡ് ലവലിലുള്ള ആഘോഷം സെപ്തം 26,27,28 ദിവസങ്ങളിലായിരുന്നു. ഇവിടെനിന്ന് നല്ല ഒരു കൂട്ടം ആളുകൾ അതിൽപോയി സംബന്ധിച്ചു. മദ്രാസിൽ വച്ചു നടന്ന ആ സമ്മേളനവും വിജയകരമായിരുന്നു.

**ജൂബിലി 2000** - ജനുവരി

രണ്ടായിരമാണ്ട് ജൂബിലി വിപുലമായി കൊണ്ടാടുവാൻ മഹായിടവക ആഗ്രഹിച്ചു. 2000 ജനുവരി 1-ാം തീയതി കോട്ടയത്തുവച്ചു കൊണ്ടാടുവാൻ തീരുമാനിച്ചു. എല്ലാ ഇടവകകളിൽനിന്നും ജനങ്ങൾ വരുവാനുള്ള ക്രമീകരണം ചെയ്തു. മൂന്നു പ്രധാന പരിപാടികളാണുദ്ദേശിച്ചത്. 1. രണ്ടായിരം അംഗങ്ങളുള്ള ഒരു ഗായകസംഘം ഒരുമിച്ചുകൂടി ഒരു ക്വയർ ഫെസ്റ്റിവൽ നടത്തുക. 2. മഹായിടവകയിലെ വിവിധ ഇടവകളിൽനിന്ന് 2000 യുവജനങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുക. ജീവിതത്തിൽ ഏതു തുറകളിൽ ആയിരുന്നാലും അവിടെ ക്രിസ്തീയ സാക്ഷ്യമുള്ളവരായി ജീവിക്കുവാനുള്ള സമർപ്പണം. 3. മറ്റൊരു കാര്യം ഗായകസംഘത്തിൽ 50 വർഷം പൂർത്തിയാക്കിയ നേതാക്കളെ ആദരിക്കുക. ഇതിനു വേണ്ടിയുള്ള ക്രമീകരണങ്ങളെല്ലാം പൂർത്തിയായി.

പെട്ടെന്ന് ഇൻഡ്യയുടെ മുൻപ്രസിഡന്റ് ദിവംഗതനായതിനാൽ എല്ലാ പൊതുപരിപാടികളും മാറ്റിവച്ചു. രാഷ്ട്രത്തോടുള്ള പ്രതിബദ്ധതയിൽ നമ്മളും പരിപാടികൾ മാറ്റിവച്ചു - ഒരാഴ്ചയ്ക്കുശേഷം അതു നടത്തുവാൻ തീരുമാനിച്ചു.

സി.എം.എസ്. കോളജ് ഹൈസ്കൂളിനോടു ചേർന്നുള്ള എ.വി. ജോർജ്ജ് സ്റ്റേഡിയം അതിനായി ഒരുങ്ങി. ബേക്കർ സ്കൂൾ മൈതാനിയിൽക്കൂടി അവിടെനിന്ന് പ്രൊസഷൻ ആയി സ്റ്റേഡിയത്തിൽ എത്തിച്ചേരുക എന്നതായിരുന്നു പരിപാടി.

പതിനായിരക്കണക്കിനാളുകൾ അതിൽ സംബന്ധിച്ചു. സണ്ടേസ്കൂൾ കുട്ടികളും, ക്വയർ, സ്ത്രീകൾ എല്ലാവരും വെള്ളവസ്ത്രം ധരിച്ചുകൊണ്ടുള്ള റാലി വളരെ മനോഹരമായിരുന്നു. പാട്ടുപാടിക്കൊണ്ട് ഗായകസംഘം. അതുല്യമായ അനുഭവം.

2000 ഗായകസംഘാംഗങ്ങൾ ഒരുമിച്ച് അണിനിരന്ന് പാട്ടുകൾ പാടിയത് ലോകത്തിൽതന്നെ ആദ്യമായി നടക്കുന്ന സംഭവമായിരുന്നു. പ്രൊഫ. ഏബ്രഹാം സി. മാത്യു (എബി) പന്നിമറ്റം ഓർഗനിസ്റ്റ് ആയി ഗായകസംഘത്തെ നയിച്ചു. ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ 2000 യുവജനങ്ങൾ വേദിയുടെ മുമ്പിൽ ക്രമീകരിച്ചിരുന്ന സ്ഥലത്ത് ഒന്നിച്ചുവന്ന് മുട്ടുകുത്തി–"ആത്മദേഹി ദേഹത്തെ കാഴ്ചയായ് വയ്ക്കുന്നിതാ" എന്ന സമർപ്പണഗാനം പാടി തങ്ങളെത്തന്നെ ദൈവത്തിനായി സമർപ്പിച്ചു. എന്തൊരു വലിയ അനുഗൃഹീത മുഹൂർത്തം.

2000 യുവജനങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. ഡോ. ജേക്കബ് ചാണ്ടി, ജോർജ്ജ് ബെഞ്ചമിൻ, തങ്കപ്പൻസാറ് തുടങ്ങിയവരെ പ്രത്യേകം ആദരിച്ചു. അങ്ങനെ പരിപാവനവും ആയിരങ്ങൾ സംബന്ധിച്ചതുമായ പരിപാടി അനുഗൃഹമായിരുന്നു.

മഹായിടവകയിൽനിന്ന് ചിലവുകൾ ഒന്നും വഹിക്കേണ്ടിവന്നില്ല. ഈ മഹാസംഭവത്തിന് മങ്ങലേല്പിക്കുവാൻ ഒന്നു രണ്ടു വ്യക്തികൾ ആസൂത്രണം ചെയ്ത പരിപാടിയാണ് പാമ്പിനെ ഇറക്കൽ.

## പെട്ടെന്നൊരു പൈശാചിക സംഭവം

സ്റ്റേഡിയം തിങ്ങിനിറഞ്ഞിരിക്കുന്നു. വടക്കു പടിഞ്ഞാറ് മൂലയിൽ സ്ത്രീകൾ ഇരുന്ന സ്ഥലത്ത് ഒരു സംഭവം. പിശാച് പാമ്പിന്റെ രൂപത്തിൽ പെട്ടെന്ന് പ്രത്യക്ഷമായി. മിനിറ്റുകൾക്കകം അതു ചത്തു. ജനങ്ങൾ ശാന്തമായിരുന്നു. പിന്നീടാണ് ഒരു കാര്യം മനസ്സിലായത്. ഒരു മരിച്ചുപോയ ഉപദേശിയുടെ ഭാര്യ ഒരു വൃദ്ധ. എപ്പോഴും സഹായത്തിനായി വരുന്ന ഒരു സ്ത്രീയുടെ ബാഗിൽനിന്നാണ് പാമ്പ് ഇറങ്ങിയത്. നീർക്കോലിയായിരുന്നു. ഇറങ്ങിയപാടെ ചത്തു.

ആ സ്ത്രീക്ക് വീടുവച്ചുകൊടുക്കാമെന്ന് പറഞ്ഞു അവരെക്കൊണ്ട് ചെയ്യിച്ചതാണ്. പിന്നീട് അവർതന്നെ വന്നു പറഞ്ഞതാണിത്. ഇതിന് കാരണം അസൂയ എന്നുള്ളതുമാത്രം. കാറ്റിനെയും കടലിനെയും ജയിച്ച കർത്താവ് സഹായകനായിരുന്നു. ഒരനിഷ്ട സംഭവം ഉണ്ടായില്ല. 2000 യുവജനങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്ന ആ സമയത്ത് പ്രാർത്ഥന വളരെ ഫലിച്ചു. പാമ്പിന്റെ തലയെ തകർത്ത കർത്താവ് സിംഹത്തിന്റെ വായടച്ച കർത്താവിന് നീർക്കോലിയുടെ വായടയ്ക്കാൻ എന്തു പ്രയാസം.

## അന്നുതന്നെ ഒരു തുടർ സംഭവം...

മീറ്റിംഗ് കഴിഞ്ഞ് നെടുങ്ങാടപ്പള്ളിക്കു പോകുന്ന ബസിൽ ഒരു കറുത്ത ബാഗ് കണ്ടു. ആ ബാഗ് ലാലു (തോമസ് റ്റി. തോമസ്) എടുത്തു മടിയിൽ

വച്ചു. കുറച്ചു കഴിഞ്ഞപ്പോൾ അതിനുള്ളിലൊരനക്കം. ശ്രദ്ധിച്ചു തുറന്നു. നോക്കിയപ്പോൾ അതിലും ഒരു പാമ്പ്. ആസൂത്രിതമായി നടത്തിയ പരിപാടിയായിരുന്നു അത്. ഈ പരിപാടി കേട്ടപ്പോൾ അതിനെ ഡിസ്കറേജ് ചെയ്യുന്നതിനായി വളരെ ഭീഷണി മുഴക്കിയ ചിലരും. പേരു പറയുന്നതു നമുക്ക് ചേർന്നതല്ലാത്തതിനാൽ പറയുന്നില്ല.

ഈ ആളുകൾ പല കുനുഷ്ട് പരിപാടികളും നടത്തുവാൻ ശ്രമിച്ചു പരാജയപ്പെട്ടതാണ്. ധാരാളം കള്ള എഴുത്തുകൾ എഴുതിച്ചു. അതിൽ നിന്നെല്ലാം ദൈവം കാത്തു പരിപാലിച്ചു. പരാതിയില്ല, പരിഭവവും ഇല്ല.

## മഹാജൂബിലി സംഗമം

കേരളത്തിലെ വിവിധ സഭകളിലെ ജനങ്ങൾ ഒത്തുകൂടിയ ഒരു സന്ദർഭം. കേരളത്തിലെ 25-ലധികം സഭാമേലദ്ധ്യക്ഷന്മാർ പങ്കെടുത്ത ഒരു സംഗമം. മറ്റു പല വിശിഷ്ടാതിഥികളും പങ്കെടുത്തു. നാഗമ്പടം മൈതാനത്തിൽ സമ്മേളിച്ച ആ മഹാസംഗമം കേരളത്തിലെ ക്രൈസ്തവ സാന്നിധ്യവും ശക്തിയും വിളിച്ചോതുന്നതായിരുന്നു. നമ്മുടെ മഹായിടവകയക്ക്  ഒരു വലിയ പങ്കു നിർവ്വഹിക്കുവാൻ സാധിച്ചു.

## സി.എം.എസ്. ബൈസെന്റിനറി (17.04.1999)

സി.എം.എസ്. രൂപംകൊണ്ടത് 1799 ഏപ്രിൽ 12 നായിരുന്നു. യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മഹായിടവക വിപുലമായി കൊണ്ടാടി. സിഎം.എസ്. ഈ നാടിനു നൽകിയ സംഭാവനകളെ ജനഹൃദയങ്ങളിൽ എത്തിക്കുന്നതിനായി 3 ദിവസങ്ങൾ നീണ്ട വാഹനസന്ദേശയാത്ര നടത്തി. കൂത്താട്ടുകുളം മുതൽ മുണ്ടക്കയം, അടൂർ, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാം സന്ദർശിച്ചു. കോട്ടയത്ത് സമാപിച്ചു. തുടർന്ന് റിട്രീറ്റ്  സെന്ററിൽ സംഘടിപ്പിച്ച  മഹാസമ്മേളനം അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു (ഔദ്യോഗികമായി തിരുമേനി പങ്കെടുത്ത അവസാനത്തെ സമ്മേളനമായിരുന്നു അത്). ഏബ്രഹാം മാർ ക്ലിമ്മിസ്, തോമസ് മാർ അത്തനേഷ്യസ്, സിന്നഡ് ജനറൽ സെക്രട്ടറി റവ. ജി. ദൈവാശീർവാദം, കെ. എം. മാത്യു, മുനിസിപ്പൽ ചെയർമാൻ ബേബി അലക്സ് തുടങ്ങിയവർ പങ്കെടുത്തു. “Church Missionary Society: Contributions and Tributes” എന്ന ഒരു പുസ്തകവും യുവജനപ്രസ്ഥാനം പ്രസിദ്ധീകരിച്ചു.

## ബിഷപ്പ് സി. കെ. ജേക്കബ് കോൺഗ്രിഗേഷൻ ഗോൾഡൻ ജൂബിലി

പള്ളത്തുവച്ച് സ്തോത്രശുശ്രൂഷയും പൊതുസമ്മേളനവും നടത്തി.

1995 ഫെബ്രുവരി 19 ഞായറാഴ്ച By His grace The Most Rev. and Rt. Hon the Lord Archbishop of Canterbury Dr. George Leonard Carey - Consecration Jubilee കത്തീഡ്രൽ പള്ളിയിൽ ഉത്ഘാടനം ചെയ്തിരുന്നു.

"Cherished Memories of a Sage" എന്ന ഒരു പുസ്തകവും പ്രകാശനം ചെയ്തു.

## ഡയോസിസൻ കൗൺസിലുകൾ, കമ്മറ്റികൾ

സാധാരണ ഗതിയിൽ വളരെ പ്രക്ഷുബ്ധമായിരിക്കും പലപ്പോഴും കൗൺസിലുകൾ. ഒറ്റ ദിവസം കൊണ്ട് കൗൺസിലുകൾ നടത്തപ്പെട്ടിട്ടുണ്ട്. ചില വർഷങ്ങളിൽ നടക്കാതെ പോയിട്ടുമുണ്ട്. മാണി തിരുമേനി വളരെ കർക്കശമായി, ഭംഗിയായി കൗൺസിൽ നിയന്ത്രിക്കുമായിരുന്നു. അതിനുള്ള പാടവം ഉണ്ടായിരുന്നു.

വളരെ ഭയത്തോടെയാണ് ആദ്യത്തെ കൗൺസിലിനെ അഭിമുഖീകരിക്കുവാൻ തയ്യാറെടുത്തത്. രണ്ടു ദിവസത്തെ കൗൺസിൽ ആയിരുന്നു. എല്ലാ കൗൺസിലിലും ഒരു അദ്ധ്യക്ഷ പ്രസംഗം തയ്യാറാക്കി അച്ചടിച്ചുകൊടുക്കുമായിരുന്നു. അത് ഒരു വർഷത്തെക്കുള്ള നയപ്രഖ്യാപനമായിരുന്നു. അതേക്കുറിച്ചു രണ്ടു മൂന്നു മണിക്കൂറുകൾ ചർച്ച നടത്തുമായിരുന്നു. അതോടുകൂടി ക്രിയാത്മകമായി കൗൺസിൽ നടത്തുവാൻ കഴിഞ്ഞു. പറയാനുള്ളത് പറയുവാൻ അവസരം കൊടുത്തു. കേൾക്കുവാൻ ക്ഷമ കാണിച്ചു. വലിയ പ്രശ്നങ്ങൾ വരുമ്പോൾ ശാന്തമായിരുന്നു കേൾക്കുകയും എല്ലാവരുടെയും അഭിപ്രായങ്ങളെ മാനിക്കുകയും ഒടുവിൽ സ്വന്ത അഭിപ്രായം അനുസരിച്ചു തീരുമാനങ്ങൾ എടുക്കുകയും ചെയ്യുകയായിരുന്നു പതിവ്. ഒരു തീരുമാനം പോലും സ്വീകരിക്കപ്പെടാതിരുന്നിട്ടില്ല.

മറ്റുള്ളവരെ വേണ്ടപോലെ ശ്രദ്ധിക്കുക. അഭിപ്രായങ്ങളെ മാനിക്കുക. സ്വന്തം അഭിപ്രായത്തിൽ ഉറച്ചു നിൽക്കുക. ഗുണകരമായവ സ്വീകരിക്കുക. നല്ല തീരുമാനങ്ങൾ കൈക്കൊള്ളുക. ഇതാണ് കരണീയമെന്ന് പഠിച്ചു. എല്ലാ കൗൺസിലുകളും ഭംഗിയായി നടത്തുവാൻ ദൈവം കൃപ ചെയ്തു.

2001-ലെ കൗൺസിലായിരുന്നു ഞാൻ അദ്ധ്യക്ഷത വഹിച്ച അവസാന കൗൺസിൽ. ആ കൗൺസിൽ പ്രക്ഷുബ്ധമാകുമെന്നുകരുതി. രണ്ടു മൂന്നു വ്യക്തികൾ അപകീർത്തികരമായ ഒരു അനോണിമസ് എഴുത്ത് പ്രസിദ്ധീകരിച്ചു. അവരുടെ പേരിൽ നടപടികളെടുക്കണമെന്ന് കോട്ടയം ഡിവൈ.എസ്.പി. എന്നോട് പറഞ്ഞു. ഞാൻ ഒന്നനുവദിച്ചാൽ മതി എന്നു പറഞ്ഞു. എന്നാൽ അവരും സഭാംഗങ്ങളാണല്ലോ. അവ

രുടെ പേരിൽ സഭാപിതാവ് പോലീസ് നടപടി എടുപ്പിക്കുന്നത് ഉചിതമല്ല എന്നു പറഞ്ഞു.

രാവിലെ കൗൺസിൽ കൂടിയപ്പോൾ അദ്ധ്യക്ഷപ്രസംഗം തുടങ്ങുന്നതിനുമുമ്പ് ഡിവൈ.എസ്.പി. ആയിരുന്ന കെ. സാമുവൽ ഈ വിഷയം സഭയിൽ ഉന്നയിച്ചു. ഈ വ്യക്തികളെ കൗൺസിൽ ഹാളിൽ നിന്നു തന്നെ പുറത്താക്കണമെന്നും പോലീസ് നടപടി തന്നെ എടുക്കണം എന്നും ആവശ്യപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മുഴുവൻ നടപടി എടുക്കണമെന്നു മുറവിളി ഉയർത്തി. എല്ലാം കേട്ടുകഴിഞ്ഞ് ഞാൻ ഒരു പ്രസ്താവന നടത്തി. “എന്റെ മഹായിടവകയിലെ ഒരംഗത്തിന്റെ പേരിലും പോലീസ് നടപടി എടുക്കുവാൻ താല്പര്യമില്ല. എനിക്ക് ഒരു പരാതിയുമില്ല.” ഇതു കഴിഞ്ഞപ്പോൾ ഡോ. റ്റി. എം. ജോൺ അച്ചൻ എഴുന്നേറ്റു പറഞ്ഞു. “ഇന്നാണ് തിരുമേനി ഏറ്റവും തിളങ്ങിയ ദിവസം, മഹായിടവകയ്ക്കും തിളക്കം കൂടി.” അതിനുശേഷം കൗൺസിൽ കൺവൻഷൻ പോലെ പൂർത്തീകരിച്ചു. എല്ലാവരും സ്തോത്രം ചെയ്തു സന്തോഷത്തോടെ പിരിഞ്ഞു. വർക്കി ജോർജ്ജ് നടപടി എടുക്കണമെന്ന് പറഞ്ഞെങ്കിലും ചെയ്തില്ല.

കൗൺസിൽ എക്സിക്യൂട്ടീവ് കമ്മറ്റികൾ ബോർഡ് മീറ്റിംഗുകൾ എല്ലാ ക്രമമായും സുതാര്യമായും നടന്നുവന്നു. ഇതിന്റെ എല്ലാം സഹകരണവും സഹായവും അഭൂതപൂർവ്വമായിരുന്നു. തര്യനച്ചനും, വർക്കി ജോർജ്ജും വളരെ സഹകരിച്ചു.

## അദ്ധ്യാപക അസോസിയേഷനുമായുള്ള ബന്ധം

വളരെ നല്ല ബന്ധമായിരുന്നു. മിക്കവാറും എല്ലാ അദ്ധ്യാപക സമ്മേളനങ്ങളിലും പങ്കെടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ബിഷപ്പിനോടാലോചിക്കാതെ ഒന്നും ചെയ്യില്ലായിരുന്നു. ശാസിച്ചും, ഗുണദോഷിച്ചും ഒരുമിച്ചു പ്രവർത്തിച്ചും അദ്ധ്യാപകരുടെ സഹകരണവും സഹായവും ഉറപ്പാക്കി. സ്കൂൾ നടത്തിപ്പ് വളരെ സുഗമമാക്കി. സ്കൂളുകളുടെ നിലവാരം ഇതു മൂലം വളരെ ഉയർന്നു.

ഒരു ഹയർ എഡ്യൂക്കേഷൻ ബോർഡുതന്നെ രൂപീകരിക്കപ്പെട്ടു. എല്ലാ അദ്ധ്യാപക സമ്മേളനങ്ങളിലും നല്ല ഹാജർ ഉണ്ടായിരുന്നു. അതുണ്ടാകണമെന്നും നിഷ്കർഷിച്ചു.

## നമ്മുടെ വൈദ്യശുശ്രൂഷാരംഗം

എങ്ങനെയെങ്കിലും നിലവാരം ഉയർത്തുവാനുള്ള പരിശ്രമം ഉണ്ടായി. മെഡിക്കൽ സൊസൈറ്റിയും മെഡിക്കൽ ബോർഡും അശ്രാന്തം പരി

ശ്രമിച്ചു. എങ്കിലും വിജയിക്കാനായില്ല. വിദഗ്ധ ഡോക്ടറന്മാർ അടങ്ങിയ ഒരു വിദഗ്ധ സമിതി ഡോക്ടേഴ്സ് ഫെലോഷിപ്പ് എന്ന പേരിൽ ഒരു കൂട്ടായ്മ മാസം തോറും ബിഷപ്പ് ഹൗസിൽ കൂടുമായിരുന്നു. വിദഗ്ധ നിർദ്ദേശങ്ങൾ എല്ലാം ലഭിച്ചെങ്കിലും ഈ രംഗത്തെ പ്രവർത്തനങ്ങളിൽ വിജയിക്കാനായില്ല. കേരളത്തിലെ പല പ്രശസ്ത ഡോക്ടറന്മാരും ഫെലോഷിപ്പിന് വരുമായിരുന്നു.

## മഹായിടവക കൺവൻഷൻ

വളരെ ശുഷ്കമായി പോയിരുന്ന കൺവൻഷന് പുതുജീവൻ വച്ചു. ആയിരങ്ങൾ സംബന്ധിക്കുന്ന കൺവൻഷനിൽ ലോകപ്രസിദ്ധരായ ഡോ. മൈക്കിൾ ഗ്രീൻ, ഡേവിഡ് പ്രയർ, ഡോ. വത്സൻ തമ്പു തുടങ്ങിയ പ്രസംഗകരെ ലഭിച്ചു.

# സഹപ്രവർത്തകർ
## (ഔദ്യോഗിക ഭാരവാഹികൾ)

മഹായിടവക ഭരണചക്രം തിരിക്കുമ്പോൾ മറ്റുള്ളവരുടെ, പ്രത്യേകിച്ച് മഹായിടവക ഔദ്യോഗികഭാരവാഹികളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. പ്രവർത്തനം വിജയകരമാകണമെങ്കിൽ ഒരു ടീം വർക്ക് അത്യാവശ്യമാണ്. അത് എനിക്ക് ലഭിച്ചു എന്നുള്ളതിൽ സന്തോഷമുണ്ട്. എന്നോടൊപ്പം പ്രവർത്തിച്ചവർ

### 1. വെരി. റവ. തോമസ് സാമുവേൽ (സീനിയർ)

വെരി. റവ. തോമസ് സാമുവേൽ (സീനിയർ) മഹായിടവക ട്രഷററായി പ്രവർത്തിക്കുമ്പോഴാണ് ഞാൻ ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുന്നത്. തെരഞ്ഞെടുക്കപ്പെട്ടു എന്നറിഞ്ഞ സമയം മുതൽ ആ സ്ഥാനത്തുനിന്ന് മാറുന്നതുവരെ വളരെ ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിച്ചു. അച്ചന്റെ ശുശ്രൂഷാകാലത്ത് ഒരു ഉദ്യോഗസ്ഥൻ ചില തിരിമറികൾ പണ സംബന്ധമായി കാണിച്ചു. അത് കേസായി. എന്നാൽ ട്രഷറാർ വളരെ പ്രാർത്ഥനാപൂർവ്വം അത് കൈകാര്യം ചെയ്തു. ഞങ്ങളെല്ലാം അദ്ദേഹത്തെ പിന്തുണച്ചു. കുറ്റവാളി പിടിക്കപ്പെട്ടു.

ആ സ്ഥാനത്തുനിന്നു അച്ചനെ കത്തീഡ്രൽ വികാരിയായി നിയമിച്ചു. കാലക്രമേണ ബിഷപ്പ് കമ്മിസറിയായും അദ്ദേഹം നിയമിതനായി. അങ്ങനെ പരസ്പര സഹകരണത്തിൽ പ്രവർത്തിച്ചു.

### 2. വെരി. റവ. എം. റ്റി. തര്യൻ – കൗൺസിൽ സെക്രട്ടറി

ഞാൻ ബിഷപ്പായപ്പോൾ സെക്രട്ടറി സ്ഥാനത്ത് ഒഴിവുണ്ടായി. ആ സ്ഥാനത്തേക്ക് എന്നോടൊപ്പം ബിഷപ്പാകാൻ മത്സരിച്ച തര്യനച്ചനോട് സെക്രട്ടറിയാകണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അദ്ദേഹം സന്തോഷത്തോടെ അതു സ്വീകരിച്ചു. മാത്രമല്ല, പിന്നീട് വന്ന തെരഞ്ഞെടുപ്പുകളിലും അദ്ദേഹം ജയിച്ച് സെക്രട്ടറിയായി തുടർന്നു. വിരമിക്കുന്നതുവരെ അദ്ദേഹം സെക്രട്ടറിയായിരുന്നു. എല്ലാ കാര്യങ്ങളിലും അർപ്പണബോധത്തോടുകൂടി അദ്ദേഹം പ്രവർത്തിച്ചു. ധാരാളം പ്രവർത്തനമേഖലകൾ അദ്ദേഹത്തിന് തുറന്നു കൊടുത്തു. അവിടെല്ലാം ആത്മാർത്ഥമായി അദ്ദേഹം പ്രവർത്തിച്ചു. ആത്മാർത്ഥതയും കഠിനാദ്ധ്വാനവും അദ്ദേഹത്തിന്റെ മുഖമുദ്രയാണ്. ഏതവസരത്തിലും എപ്പോൾ എവിടെ പോകണമെങ്കിലും അദ്ദേഹം സന്നദ്ധനായിരുന്നു. ആരോഗ്യംപോലും നോക്കാതെ അദ്ദേഹം പ്രവർത്തിച്ചു. ഒരിക്കൽപോലും ഒരെതിർവാക്ക് അദ്ദേഹം സംസാരിച്ചില്ല. ബിഷപ്പുമാർക്ക് നൽകേണ്ട അംഗീകാരവും

ബഹുമാനവും വിധേയത്വവും നല്കുവാൻ അദ്ദേഹം പിശുക്ക് കാട്ടിയില്ല. മഹായിടവകയെ ആത്മാർത്ഥമായി സ്നേഹിച്ച് അതിന്റെ പുരോഗതിക്കു വേണ്ടി അക്ഷീണം പ്രവർത്തിച്ച ആളാണ് തര്യനച്ചൻ. മുറിവുകളെ ഗണ്യമാക്കാതെ പോരാടുവാനും, സ്വസ്ഥതയ്ക്കായി കാംക്ഷിക്കാതെ അദ്ധ്വാനം ചെയ്യുവാനും തയ്യാറായി. ദൈവഇഷ്ടം ചെയ്യുന്നത് അറിയുന്നതൊഴികെ ഒരു പ്രതിഫലവും ഇച്ഛിക്കാതെ അദ്ദേഹം പ്രവർത്തിച്ചു. നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിലും അദ്ദേഹം വളരെ ശുഷ്കാന്തിയോടെ അനേക വർഷം പ്രവർത്തിച്ചു. എല്ലാ സഭാദ്ധ്യക്ഷന്മാരുടെയും സ്നേഹം ആർജ്ജിച്ചു. ഒരു തുറന്ന ഹൃദയത്തിനുടമയായിരുന്നു അദ്ദേഹം. ഒന്നും മറച്ചുവയ്ക്കാതെ പറയേണ്ടത് പറയേണ്ട സമയത്ത് പറയുവാനുള്ള ഉൾക്കരുത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. ബിഷപ്പ് എടുക്കുന്ന ഏതു തീരുമാനവും ശിരസ്സാ വഹിക്കയും അത് അംഗീകരിക്കുകയും ചെയ്യുവാൻ മടി ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു നല്ല സെക്രട്ടറിയായിരുന്നു എന്നുള്ളതിന് സംശയമില്ല.

### 3. വെരി. റവ. റ്റി. ഒ. ഉമ്മൻ – ട്രഷറാർ

തോമസ് സമുവേൽ അച്ചൻ മാറിയപ്പോൾ പകരം റ്റി. ഒ. ഉമ്മനച്ചനെ ട്രഷററായി നിയമിച്ചു. ട്രഷറാറുടെ നിയമനം ബിഷപ്പിന്റെ ചുമതലയാണ്. എക്സിക്യൂട്ടീവുമായി ആലോചിക്കണമെന്നു മാത്രം. 4 വർഷം അച്ചൻ ട്രഷററായി പ്രവർത്തിച്ചു. വളരെ സഹകരണത്തോടെ അദ്ദേഹവും പ്രവർത്തിച്ചു. അച്ചനും കഠിനാദ്ധ്വാനിയായിരുന്നു. മഹായിടവക അദ്ധ്യക്ഷനോട് പരിപൂർണ്ണ വിധേയത്വം ഉള്ള ആളായിരുന്നു അച്ചൻ. ഒരു പ്രത്യേക സാഹചര്യത്തിൽ 4 വർഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ മാറ്റേണ്ടതായി വന്നു. സന്തോഷത്തോടെ അത് അദ്ദേഹം സ്വീകരിച്ചു. ഒരു പിറുപിറുപ്പും കാണിച്ചിട്ടില്ല. മഹായിടവക സാമ്പത്തികസ്ഥിതി ഭദ്രമായിത്തന്നെ അദ്ദേഹം കൈകാര്യം ചെയ്തു.

### 4. വെരി. റവ. റ്റി. സി. ജോൺ – ട്രഷറാർ

ദളിത് സമൂഹത്തിന് അംഗീകാരം നല്കുന്നതിന്റെ ഭാഗമായി ചെയ്ത ഒരു കാര്യമാണ് ദളിത്പിന്നോക്ക വിഭാഗത്തിൽപെട്ട ഒരാളെ ട്രഷററാക്കി എന്നുള്ളത്. ഭരണഘടനയുടെ ഭാഗമായി വരുന്നതിനു മുമ്പാണിത്. ആദ്യം അദ്ദേഹത്തെ സ്കൂൾ മാനേജരായും പിന്നീട് ട്രഷററായും നിയമിച്ചു. വിപ്ലവകരമായ ഒരു തീരുമാനമായിരുന്നു അത്. അച്ചന് വേണ്ട കൈത്താങ്ങൽ നല്കുവാൻ ആരും മടി കാണിച്ചില്ല. ഈ രണ്ട് പ്രധാന സ്ഥാനങ്ങളിലും അദ്ദേഹം ഭംഗിയായി പ്രവർത്തിച്ചു. മഹായിടവകയോടും അദ്ധ്യക്ഷനോടും പൂർണ്ണവിധേയത്വത്തോടുകൂടി അദ്ദേഹവും പ്രവർത്തിച്ചു.

### 5. വർക്കി ജോർജ് – അത്മായ സെക്രട്ടറി

ബിഷപ്പ് തെരഞ്ഞെടുപ്പ് സമയത്ത് വർക്കി ജോർജ് അഞ്ചേരി ആയിരുന്നു സെക്രട്ടറി. ഞാൻ വിരമിക്കുന്നതുവരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. അതായിരുന്നു എന്റെയും ആഗ്രഹം.

വളരെ മാന്യതയും കഴിവും സ്വാധീനവുമുള്ള ആളായിരുന്നു അദ്ദേഹം. ഇൻഡ്യൻ പാർലമെന്റിൽ അംഗമായിരുന്ന അദ്ദേഹം കേരള കോൺഗ്രസിന്റെ സമുന്നത നേതാക്കളിൽ ഒരാളായിരുന്നു. കേരളത്തിലെ രാഷ്ട്രീയ നേതാക്കളുടെ ഇടയിൽ വളരെ സ്വാധീനമുള്ള വർക്കി ജോർജ് കോട്ടയം മുനിസിപ്പൽ ചെയർമാനായും വൈ.എം.സി.എ. പ്രസിഡന്റായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമിന്റ്സ് ഡയറക്ടറായും റോട്ടറി ക്ലബ്ബ് തുടങ്ങിയ പ്രസ്ഥാനങ്ങളിലും പ്രസിഡന്റായും മറ്റും ഉന്നത നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇങ്ങനെ ഒരാളെ നമ്മുടെ മഹായിടവക സെക്രട്ടറിയായി ലഭിച്ചത് ഒരു ഭാഗ്യമാണ്, അഭിമാനമാണ്. വളരെ വിനയവും, കഴിവും മാന്യമായ പെരുമാറ്റവും അദ്ദേഹത്തെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു. സിനഡ് അംഗമായും വിവിധബോർഡുകളിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. എല്ലാവരും ആദരവോടുകൂടിയാണ് അദ്ദേഹത്തെ കണ്ടത്.

വലിയ പ്രശ്നങ്ങൾ വരുമ്പോൾ സമചിത്തതയോടെ അതിനെ അഭിമുഖീകരിക്കുവാനുള്ള കഴിവ് അദ്വിതീയമായിരുന്നു. അദ്ധ്യക്ഷനോടും സഭയോടുമുള്ള വിധേയത്വം എടുത്തു പറയത്തക്കതാണ്. തന്റെ അഭിപ്രായങ്ങളിൽ കടിച്ചുതൂങ്ങാതെ മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുകയും സ്വീകരിക്കേണ്ടവ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. രണ്ടു ബിഷപ്പ് തെരഞ്ഞെടുപ്പുകളിൽ അദ്ധ്യക്ഷനായിരിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനു ലഭിച്ചു. വിശാലഹൃദയത്തിനുടമയായിരുന്നു അദ്ദേഹം.

രണ്ടു സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ വിശാലഹൃദയത്തിനുദാഹരണങ്ങൾ കണ്ടു. അദ്ദേഹത്തിന്റെ കൈവശമുള്ള മാരുതി ഷോറൂമിനെക്കുറിച്ച് വലിയ തർക്കമുണ്ടായി. അദ്ദേഹം പറഞ്ഞു. തിരുമേനി പറയുന്നത് പോലെ ചെയ്യാം. അതനുസരിച്ച് ആ പ്രശ്നം തീർന്നു. രണ്ടാമത് കോളേജിലെ പ്രിൻസിപ്പൽ നിയമനം – അദ്ദേഹം നിർദ്ദേശിച്ച പാനൽ തള്ളിയിട്ട് ഞാൻ മറ്റൊരു പാനലിൽപ്പെട്ട ആളെ പ്രിൻസിപ്പലായി നിയമിച്ചു. നിയമനത്തിനു തൊട്ടുമുമ്പ് അദ്ദേഹം എന്നോട് പറഞ്ഞു. “തിരുമേനി It is your prerogative. You do as you like. ഞാൻ എന്റെ അഭിപ്രായം പറഞ്ഞു എന്നു മാത്രം.” എന്റെ തീരുമാനം പൂർണ്ണമായി അംഗീകരിച്ചു. അതായിരുന്നു വർക്കി ജോർജ്ജ്.

### 6. വെരി. റവ. തോമസ് സാമുവേൽ (ജൂണിയർ)

തര്യനച്ചൻ വിരമിക്കുന്ന ഒഴിവിൽ തോമസ് സാമുവേൽ (ജൂണിയർ) സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം പിന്നീട് ബിഷപ്പായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വളരെ നിശ്ശബ്ദമായി തന്റെ കടമകൾ നിറവേറ്റി. ആർക്കും പരിഭവം തോന്നാതെ ഒച്ചപ്പാടുകൾ ഒന്നും കൂടാതെ വിവാദങ്ങൾ ഒന്നും ഉണ്ടാക്കരുത് എന്നു കരുതി തന്റെ ജോലി നിറവേറ്റി.

### 7. പ്രൊഫ. കെ. സാമുവേൽ - രജിസ്ട്രാർ

ദീർഘവർഷങ്ങൾ, മാണി തിരുമേനിയുടെ കാലം മുതൽ അദ്ദേഹം മഹായിടവക രജിസ്ട്രാറായിരുന്നു. മഹായിടവക രജിസ്ട്രാർ എന്നുള്ള പദവിയ്ക്ക് വലിയ അധികാരവും ചുമതലയുമൊന്നുമില്ല എങ്കിലും എല്ലാ ബോർഡുകളിലും കമ്മറ്റികളിലും കൗൺസിലിലും അംഗമായിരിക്കും. ശമുവേൽ സാർ നല്ല ഭരണ പരിചയമുള്ള ഒരാളായിരുന്നു. ഭരണഘടന നന്നായി പഠിച്ചിട്ടുള്ള ഒരാളുമാണ്. ബിഷപ്പുമാരെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു വ്യക്തി എന്ന നിലയിൽ സാറിന് ഒരു നല്ല സ്വാധീനമുണ്ടായിരുന്നു. എന്നോട് വളരെ ആഭിമുഖ്യം പുലർത്തിയ ഒരാളാണ്. ഞാൻ ബിഷപ്പാകാൻ അദ്ദേഹം ആഗ്രഹിച്ചു. തെക്കൻ ഇടവകകളെ ഏകോപിപ്പിച്ച് വളരെ സഹായിച്ച ആളാണദ്ദേഹം. എന്റെ കാലത്ത് തന്റെ തസ്തികയിൽ തുടരണമെന്നാഗ്രഹം ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തെ മാറ്റിയതുമില്ല. അദ്ദേഹം നല്ല ഒരു ഉപദേശകനായിരുന്നു.

## സ്കൂൾ മാനേജരന്മാർ

### 1. കുര്യൻ വർക്കി

ബിഷപ്പാകുന്ന സമയത്ത് കുര്യൻ വർക്കി സാറായിരുന്നു കോർപ്പറേറ്റ് മാനേജർ. വളരെ നന്നായി അദ്ദേഹം പ്രവർത്തിച്ചു. വളരെ വിധേയത്വം ഉള്ളയാളായിരുന്നു. എല്ലാ കാര്യങ്ങളും ബിഷപ്പുമായി ആലോചിച്ചു മാത്രമേ ചെയ്യുകയുള്ളായിരുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ അദ്ദേഹം ചുമതലയൊഴിഞ്ഞു.

### 2. സി. ഡി. മാത്യു

പിന്നീട് സി. ഡി. മാത്യുവിനെ നിയമിച്ചു. ഓമല്ലൂർ ഇടവകയിൽപ്പെട്ട സി.ഡി.മാത്യു വിദ്യാഭ്യാസ വകുപ്പിൽ എ.ഇ.ഒ. ആയി വിരമിച്ച ആളാണ്. ഞാൻ റിട്ടയർ ചെയ്യുന്നതുവരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു. വിശ്വസ്തനും, ഭരണ പരിചയം ഉള്ളയാളുമായിരുന്നു. മഹായിടവകയോടും അദ്ധ്യക്ഷനോടും വളരെ വിധേയത്വം ഉള്ളയാളായിരുന്നു.

അദ്ദേഹം തിയോളജിയിൽ ബി.ഡി. ബിരുദവും സമ്പാദിച്ചിരുന്നു. കെ.ഇ. ആർ. നല്ല നിശ്ചയമുള്ള ആളായിരുന്നു.

## ബിഷപ്പ്സ് ചാപ്ലെയിൻസ്

1993-ൽ ബിഷപ്പായപ്പോൾ ചെറുപ്പക്കാരനായ ഒരച്ചനെ ചാപ്ലെയിനായി നിയമിച്ചു.

### 1. റവ. ഏബ്രഹാം സി. പ്രകാശ് അച്ചൻ

ഒരു വർഷം അച്ചൻ ചാപ്ലെയ്നായി വിശ്വസ്ത സേവനം അനുഷ്ഠിച്ചു. അച്ചന് ബിഷപ്പിന്റെ ഓട്ടത്തിനനുസരിച്ച് ഓടുവാൻ തക്ക ആരോഗ്യം ഇല്ലായിരുന്നതിനാൽ അച്ചൻ ആസ്ഥാനത്തുനിന്നു മാറി. തുടർന്ന് റവ. എം. വി. ഫിലിപ്പ് കുറേനാൾ ചാപ്ലെയിനായി പ്രവർത്തിച്ചു.

### 2. റവ. സി. വൈ. തോമസച്ചൻ

അച്ചനെ യുവജന പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായിക്കൂടി നിയമിച്ചു. അച്ചൻ 5 വർഷം വളരെ കാര്യക്ഷമമായി ഈ ചുമതലകൾ വിശ്വസ്ത തയോടെ നിർവ്വഹിച്ചു. ബിഷപ്പിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി പറയാ തെതന്നെ ചുമതലകൾ നിറവേറ്റുവാനുള്ള കഴിവ് അച്ചനുണ്ടായിരുന്നു. എപ്പോഴും അച്ചൻ ബിഷപ്പിന് താങ്ങും തണലുമായിരുന്നു. ഏതു ജോലി ചെയ്യുവാനും അച്ചൻ സന്നദ്ധനായിരുന്നു. അതിനുള്ള കഴിവും അച്ചനു ണ്ടായിരുന്നു. അച്ചനെ ദുബായ് ഇടവകയിൽ നിയമിച്ച ഒഴിവിൽ റവ. ജോസഫ് മാത്യു അച്ചനെ നിയമിച്ചു. വളരെ താലന്തുകൾ ഉള്ള ഒരു യുവ പട്ടക്കാരനായിരുന്നു അച്ചൻ. വളരെ വിശ്വസ്തതയോടും സ്തുത്യർഹമായും സേവനം നിർവ്വഹിച്ചു. ഞാൻ വിരമിക്കുന്നതുവരെ അച്ചനായിരുന്നു ചാപ്ലെയ്ൻ.

നാലുപേരും എനിക്ക് പ്രിയങ്കരരാണ്. അവർക്ക് എന്നോടും സ്നേഹം ഉണ്ട്.

### 3. വി. ജെ. മാത്യു

എന്റെ ഓഫീസ് സെക്രട്ടറിയായിരുന്നു. വിശ്വസ്തനും വിനയസമ്പ ന്നനുമായിരുന്ന മാത്യു സാർ എനിക്ക് വലിയ സഹായിയായിരുന്നു. വീട്ടിലെ ഒരംഗത്തെപ്പോലെ അദ്ദേഹം പ്രവർത്തിച്ചു. ഓഫീസിൽ വരു ന്നവരുടെയെല്ലാം സ്നേഹം അദ്ദേഹത്തിനു ലഭിച്ചു. നിർഭാഗ്യവശാൽ സാറിന്റെ കണ്ണിന്റെ ഒരു ഓപ്പറേഷൻ മധുരയിൽ കഴിഞ്ഞു. വീണ്ടും പരിശോധനയ്ക്കായി പോയി തിരിച്ചുവരുമ്പോൾ കുട്ടിക്കാനത്തിനടുത്തു ണ്ടായ ഒരു ബസ് ആക്സിഡന്റിൽ അദ്ദേഹത്തിന്റെ അനന്തരവളോ ടൊപ്പം അദ്ദേഹം ദിവംഗതനായി. ഞങ്ങൾക്ക് ഒരു തീരാനഷ്ടമായിപ്പോയി.

### 4. അഡ്വ. ജോൺ ജേക്കബ് (തമ്പി)

മാത്യു സാറിന്റെ ഒഴിവിൽ മൂലേടത്തെ എന്റെ സഹപ്രവർത്തകനായിരുന്ന അഡ്വ. ജോൺ ജേക്കബ് നിയമിതനായി. കാര്യമാത്ര പ്രസക്തമായി പ്രവർത്തിക്കുന്ന ഒരു കഠിനാധ്വാനിയായിരുന്നു അദ്ദേഹം. കൃത്യമായി ജോലി ചെയ്തു തീർക്കുന്നതിൽ നിഷ്ഠ പാലിച്ചു. ഒരു ശനിയാഴ്ച തന്റെ ജോലി പൂർണ്ണമായി തീർത്തതിനുശേഷം ഒപ്പിടുവാനുള്ള കടലാസുകൾ എന്റെ മേശപ്പുറത്ത് വച്ചിട്ട് വളരെ താമസിച്ചാണ് വീട്ടിൽ പോയത്. പിറ്റെ ദിവസം ഞായറാഴ്ച പള്ളിയിൽ പോയി മടങ്ങി വീട്ടിൽ വന്ന് കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ മയങ്ങി വീണു അന്ത്യനിദ്ര പ്രാപിച്ചു. സാറിന്റെ മരണവും വലിയ ഒരാഘാതമായിപ്പോയി. അതിനുശേഷം നെടുങ്ങാടപ്പള്ളിക്കാരൻ ബാബുവും പിന്നീട് സിബിയും വിശ്വസ്തയോടുകൂടി സേവനം ചെയ്തു. ബാബു അമേരിക്കയിലും സിബി അച്ചനായും ജോലി ചെയ്യുന്നു.

### 5. ഡ്രൈവർ ബേബി (റ്റി. വി. മാണി)

ജോസഫ് തിരുമേനി, മാണി തിരുമേനി ഇവരുടെ ഡ്രൈവർ ആയി സേവനമനുഷ്ഠിച്ചശേഷം ഞാൻ ആയിരുന്ന 8 വർഷങ്ങളും ബേബിതന്നെയാണ് സേവമനുഷ്ഠിച്ചത്. കാറിലിരുന്ന് നാം എന്തു പറഞ്ഞാലും ബേബി ശ്രദ്ധിക്കുകയില്ല. തന്റെ ശ്രദ്ധ മുഴുവൻ ഡ്രൈവിംഗിൽ മാത്രം. വാഹനം നന്നായി സൂക്ഷിക്കും. ബിഷപ്പുമാരെ കരുതും. ആരാണ് കാറിലിരിക്കുന്നതെന്ന് എനിക്കറിയാമെന്നു പറയുമായിരുന്നു. മൂന്നു ബിഷപ്പുമാർക്കും ഒരു പോറൽപോലും ഏൽക്കാതെ സൂക്ഷിച്ചു. ദീർഘദൂരം അംബാസഡർ കാറിൽപ്പോകുമായിരുന്നു. അന്ന് ബിഷപ്പിന്റെ വാഹനം അംബാസഡർ കാറായിരുന്നല്ലോ. എ.സി. പോലുമില്ലാത്ത കാറിൽ അന്യസംസ്ഥാനങ്ങളിലൊക്കെ പോകുമ്പോൾ ബേബി വളരെ ശ്രദ്ധയോടുകൂടെ വാഹനം ഓടിക്കുമായിരുന്നു. നല്ല വിശ്വസ്തനായ ഡ്രൈവർ. ഏറ്റവും വലിയ ഗുണം - പലപ്പോഴും കൂടെ സഞ്ചരിക്കുന്നവരുമായി പല കോൺഫിഡൻഷ്യലായുള്ള കാര്യങ്ങൾ പോലും ചർച്ച ചെയ്യുമായിരുന്നു. അതൊന്നും ശ്രദ്ധിക്കുകയോ ലീക്ക് ഔട്ട് ചെയ്യുകയോ ഇല്ലായിരുന്നു.

# ചുമതലയിൽനിന്ന് വിടപറയുന്നു

2001 ഒക്ടോബർ 8-ാം തീയതി മഹായിടവക ചുമതലയിൽനിന്ന് വിരമിക്കുവാനുള്ള 65 വയസ്സായി. ഒരു വലിയ യാത്രയപ്പ് ഒന്നും വേണ്ടാ എന്നു പറഞ്ഞെങ്കിലും ഒക്ടോബർ 5-ാം തീയതി കത്തീഡ്രലിൽവച്ച് ഒരു യാത്ര അയപ്പു സമ്മേളനം ക്രമീകരിച്ചു. തിടുക്കത്തിലുള്ള ഒരു ക്രമീകരണമായിരുന്നു. അഭിവന്ദ്യ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ഒരു മഹത്തായ അനുഭവമാണ് കാഴ്ചവച്ചത്. കേരളത്തിലെ അനേകം മെത്രാപ്പോലീത്താമാരും രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരും സന്നിഹിതരായിരുന്നു. ആശംസകൾ നേർന്നു. കാതോലിക്കാബാവായും പവ്വത്തിൽ പിതാവും വിദേശസന്ദർശനത്തിലായിരുന്നതിനാൽ അവർക്ക് സംബന്ധിക്കുവാൻ സാധിച്ചില്ല.

വളരെ ഷോർട്ട് നോട്ടീസ് ആയിരുന്നെങ്കിലും വലിയ ഒരു ജനക്കൂട്ടം ഇതിൽവന്നു സംബന്ധിച്ചത് ഹൃദയത്തെ വികാരതരളിതമാക്കി. മഹായിടവകയുടെ സ്നേഹം അനുഭവിച്ചറിയുവാൻ കഴിഞ്ഞു. ഹൃദയസ്പർശിയായ ഒരനുഭവമായിരുന്നു അത്.

മഹായിടവക പാരിതോഷികമായി ഒരു സാധാരണ അംബാസഡർ കാർ വാങ്ങുന്നതിനുള്ള 4.15 ലക്ഷം രൂപായും ഒരു അംശവടിയും സമ്മാനിച്ചു. അങ്ങനെ മഹായിടവകയുടെ സ്നേഹം പ്രകടിപ്പിച്ചു.

ഇതോടനുബന്ധിച്ച് ജീവിതത്തെയും പ്രവർത്തനങ്ങളേയും ഉൾപ്പെടുത്തി മഹായിടവക "ഒരു പ്രയാണത്തിന്റെ പൊരുൾതേടി" എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. ബിഷപ്പായപ്പോൾ പൊതുസ്വീകരണം വേണ്ടെന്നുവച്ചെങ്കിലും വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചപ്പോൾ വളരെ ആത്മാർത്ഥമായ ഒരു യാത്ര അയപ്പ് ലഭിക്കുകയുണ്ടായി. ബിഷപ്പായി ചുമതലയിലിരിക്കുമ്പോഴത്തെ അവസാനത്തെ ആരാധന ഒക്ടോബർ 8-ാം തീയതി രാവിലെ എന്റെ പിതാവിന്റെ പ്രവർത്തന കേന്ദ്രമായ കുന്നിട ക്രൈസ്റ്റ് ചർച്ചിലും ഉച്ചകഴിഞ്ഞു പിതാക്കന്മാരുടെ ഇടവകയായ കോടുകുളഞ്ഞി ക്രൈസ്റ്റ് ചർച്ചിലും നടത്തി. രണ്ടിടവകക്കാരും സ്നേഹോഷ്മളമായ യാത്രാമംഗളങ്ങളും, പാരിതോഷികങ്ങളും നൽകി. ഇത് വളരെ സന്തോഷം നൽകിയ അനുഭവമായിരുന്നു. എന്റെ ഒരു ഉറ്റ സ്നേഹിതനായിരുന്ന പാമ്പാടി ദയറായിലെ യോഹന്നാൻ റമ്പാൻ. അദ്ദേഹം ഒരു നല്ല സ്വർണ്ണമോതിരം സമ്മാനമായി നൽകി.

റിട്ടയർ ചെയ്തു കഴിഞ്ഞാലുടൻ തന്നെ ബിഷപ്പ് ഹൗസ് വിടണമെന്നുണ്ടായിരുന്നു. അതുകൊണ്ട് മാങ്ങാനത്തു പണി കഴിപ്പിച്ചുകൊണ്ടി

രുന്ന വലിയതോട്ടത്തിൽ ഭവനത്തിലേക്ക് 9-ാം തീയതി വൈകുന്നേരം തന്നെ താമസം മാറ്റി. കൂദാശ ഒന്നും നടത്തിയില്ല. വൈകുന്നേരം മച്ചു കാട് ഇടവക പട്ടക്കാരൻ സി.സി.ജെയ്ക്കബ് അച്ചൻ വന്നു പ്രാർത്ഥിച്ചു. വീട് ദൈവസന്നിധിയിൽ സമർപ്പിച്ചു. അന്നു ഞങ്ങൾ കുടുംബമായി പുതിയ വീട്ടിൽ താമസമാരംഭിച്ചു. ഇത്രത്തോളം യഹോവ സഹായിച്ചു.

## മഹായിടവക സാമ്പത്തികസ്ഥിതി

മഹായിടവകയ്ക്ക് നല്ല ഒരു സാമ്പത്തിക വ്യവസ്ഥിതി ഉണ്ട്. നല്ല ഒരു ധനസ്ഥിതിയിലായിരുന്നു മഹായിടവക. എന്നാൽ ചില തല്പര കക്ഷികൾ മഹായിടവക സാമ്പത്തിക പ്രതിസന്ധിയിലാണെന്നു പറഞ്ഞു പരത്തി. അവരുടെ നിലനില്പിനതാവശ്യമായിരുന്നു. ഒരു സാമ്പത്തിക പ്രതിസന്ധിയുമുണ്ടായിരുന്നില്ല.

മഹായിടവകയുടെ സാമ്പത്തികാവലോകനം നടത്തിയപ്പോൾ കമ്മീഷൻ നൽകിയ റിപ്പോർട്ടിൽ അന്നത്തെ സാമ്പത്തികസ്ഥിതി പറയുന്ന കൂട്ടത്തിൽ മഹായിടവക ഷോപ്പിംഗ് സെന്ററിനായി സെക്യൂരിറ്റിയായി സ്വീകരിച്ച പണം കടം ആണെന്ന് തല്പര കക്ഷികൾ പ്രചരണം നടത്തി. സെക്യൂരിറ്റി വാങ്ങിയ തുക മാണി തിരുമേനിയുടെ കാലം മുതൽ ഏതാണ്ട് 5 ½ കോടി രൂപാ വരും. അതുപയോഗിച്ചാണ് കടകൾ പണിതത്. കടമുറി ആരെങ്കിലും ഒഴിയുമെങ്കിൽ അവരുടെ പണം പലിശരഹിതമായി മടക്കി നൽകണം. എന്നാൽ അങ്ങനെ ഒന്നുണ്ടാകില്ല. 5 ലക്ഷം രൂപ സെക്യൂരിറ്റി ഒരു മുറിക്ക് കൊടുത്തവർ അത് വിടുകയുമില്ല. അഥവാ നൽകിയാൽ സെക്യൂരിറ്റിയുടെ ഇരട്ടി വാങ്ങി ആ മുറി മറ്റൊരാൾക്ക് കൊടുക്കുവാൻ കഴിയും. കണക്കിൽ ലയബിലിറ്റി ആണെങ്കിലും ഒരിക്കലും മടക്കിക്കൊടുക്കേണ്ടിവരില്ല. തന്നെയുമല്ല ഈ അഞ്ചരക്കോടി പലിശയില്ലാതെ ഉപയോഗിച്ച് കടമുറികൾ പണിത് നല്ല തുക വാടകയായി ലഭിക്കുകയും ചെയ്യുന്നു. മഹായിടവകയ്ക്ക് അതൊരുവൻ നേട്ടമാണ്. അതുപോലെ പ്ലസ് ടു സ്കൂളുകൾ വന്നപ്പോൾ സ്കൂൾ പണി തുടങ്ങിയ കാര്യങ്ങൾക്കായി 2.5 ലക്ഷം, 3 ലക്ഷം രൂപാ വീതം ചില അദ്ധ്യാപകരോട് പലിശ രഹിത ലോൺ വാങ്ങി. അവർ റിട്ടയർ ചെയ്യുമ്പോൾ മടക്കികൊടുക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. അത് മൂന്നരക്കോടി വരും. അതുപയോഗിച്ചാണ് സ്കൂൾ കെട്ടിടങ്ങൾ തുടങ്ങിയ സംവിധാനം ഒരുക്കിയത്. അതും നമുക്ക് അസറ്റ് ആണ്. ആരെങ്കിലും പിരിയുമ്പോൾ മറ്റൊരാളെ നിയമിക്കേണ്ടിവരും. അവരോട് ഈ തുക വാങ്ങി മുമ്പുള്ള ആളിന് കൊടുക്കുവാൻ കഴിയുന്ന ഒരു റോളിംഗ് ഫണ്ടു പോലെയാണിത്. വളരെ ആലോചിച്ചും ചിന്തിച്ചും മഹായിടവക എക്സിക്യൂട്ടീവ് സ്വീകരിച്ച നടപടിയാണിത്. ഇത് ഒരിക്കലും ഒരു ലയബിലിറ്റിയല്ല

-പകരം ഒരു മുതൽക്കൂട്ടാണ്. 8 പ്ലസ് ടൂ സ്കൂളുകൾക്ക് കെട്ടിടങ്ങളും ഇതര സംവിധാനങ്ങളും ഉണ്ടായി.

മഹായിടവക ദൈനംദിനകാര്യങ്ങൾ അഭംഗം നടത്തി. വികസന പ്രവർത്തനങ്ങൾ തുടരുവാനുള്ള പണവും മഹായിടവകയ്ക്കുണ്ടായിരുന്നു എന്നുള്ളതിന് സംശയമില്ല. കടമുറികൾ കൊടുക്കുമ്പോൾ പകിടി വാങ്ങില്ല എന്നു തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ കെട്ടിടം പണിക്ക് തുക കണ്ടെത്തുവാൻ എക്സിക്യൂട്ടീവ് കണ്ടെത്തിയ വിദഗ്ധമായ മാർഗ്ഗമാണ് സെക്യൂരിറ്റി എന്നുള്ളത്. അത് ഒരിക്കലും ലയബിലിറ്റി അല്ല. അതുപോലെ അദ്ധ്യാപകരിൽനിന്ന് ലോൺ എന്നു പറഞ്ഞെങ്കിലും അതൊരു റോളിംഗ് ഫണ്ടാണ്. ഇതും കടമെന്നു പറയുവാൻ സാധ്യമല്ല. ഈ പണമുപയോഗിച്ച് ഉണ്ടാക്കിയ കെട്ടിടങ്ങളും ഇതര സംവിധാനങ്ങളും കോടിക്കണക്കിന് മുതൽ (അസറ്റ്) ആണ് മഹായിടവകയ്ക്ക് നൽകിയിട്ടുള്ളത്. പലിശ കൂടാതെ ഇത്രയും തുക ലഭിച്ചതുപയോഗിച്ച് പണിത കെട്ടിടങ്ങളിൽ നിന്ന് നല്ല തുക വാടകയായി ലഭിക്കുന്നു. അദ്ധ്യാപകരിൽ നിന്നു ലഭിച്ച തുക ഉപയോഗിച്ച് 8 ഹയർ സെക്കൻഡറി സ്കൂളുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും കാലത്തിനകം ഒരു കടമുറി മാത്രമാണൊഴിഞ്ഞത്. ഇരട്ടി തുകയ്ക്ക് മറ്റൊരാൾക്ക് കൈമാറി. 2 അദ്ധ്യാപകർ പിരിഞ്ഞു. പകരം നിയമനം ലഭിച്ച അദ്ധ്യാപകർ നല്ല തുക കടമായി നൽകുകയും ചെയ്തു. അങ്ങനെ മഹായിടവകയ്ക്ക് വൻ നേട്ടമാണുണ്ടായത്. ഈ കാലഘട്ടത്തിൽ മഹായിടവക സാമ്പത്തികമായ ഒരു നല്ല നിലവാരത്തിലായിരുന്നു.

ഒരു മിഷനറി മഹായിടവകയായ മദ്ധ്യകേരള മഹായിടവകയെ മിഷനറി പാരമ്പര്യത്തിൽ വളർന്നു വന്ന എനിക്ക്, ഒരു പതിറ്റാണ്ടുകാലം അതിന്റെ ഭരണസാരത്ഥ്യം വഹിക്കുവാൻ കഴിഞ്ഞു എന്നുള്ളതിൽ സന്തോഷമുണ്ട്. ട്രഷററായും സെക്രട്ടറിയായും ബിഷപ്പായും ശുശ്രൂഷ നിർവ്വഹിക്കുവാനിടയായി എന്നുള്ളതിലും ചാരിതാർത്ഥ്യമുണ്ട്.

സഭ ദൈവത്തിന്റെ വകയാണ്. അതിനെ ശുശ്രൂഷിക്കുക എന്നുള്ളതാണ് നമ്മുടെ ചുമതല. ദൈവം അതിനെ സംരക്ഷിച്ചു, പരിപാലിച്ചുവളർത്തിക്കൊള്ളും. സംശയം വേണ്ടാ. ദൈവത്തിന്റെ കൈകളിൽ സഭ സുരക്ഷിതം – നാം ദൈവത്തിന്റെ കൈകളിലെ ഉപകരണങ്ങൾ മാത്രം.

## സഹകരണം

ഒരു മനുഷ്യൻ ആരായിരുന്നാലും ഒറ്റയ്ക്ക് ഒന്നും പൂർണ്ണമായി ചെയ്യുവാനാവില്ല. മറ്റുള്ളവരുടെ സഹകരണം അത്യന്താപേക്ഷിതമാണ്. നമ്മുടെ പട്ടത്വസമൂഹവും, സുവിശേഷകരും, അദ്ധ്യാപകരും, ഓഫീസ്

സ്റ്റാഫും മറ്റു തുറകളിൽ പ്രവർത്തിക്കുന്നവരും ആത്മാർത്ഥമായ സഹകരണം എല്ലാ കാര്യങ്ങളിലും തന്നു എന്നുള്ളത് നന്ദിയോടുകൂടി സ്മരിക്കുന്നു. സഭാജനങ്ങളിൽ നിന്നു ലഭിച്ച സഹകരണം അഭൂതപൂർവ്വമാണ്. ദൈവത്തിൽ നിന്നും ലഭിച്ച കൃപകൾ എത്ര വളരെ എന്നു പറയാനാവില്ല. ദൈവകൃപയാൽ ചുമതലയിൽ നിന്ന് സന്തോഷത്തോടും സ്തോത്രത്തോടും കൂടെയും വിടപറയുവാൻ കഴിഞ്ഞു എന്നുള്ളതിൽ ചാരിതാർത്ഥ്യമുണ്ട്.

സജീവമായ ഒരു വിശ്രമജീവിതത്തിലേക്കു പ്രവേശിക്കുവാൻ ദൈവം കൃപ ചെയ്തു. മഹത്വവും, ബലവും, ശക്തിയും ദൈവത്തിനുള്ളത്.

അളവില്ലാതെ വർഷിക്കപ്പെട്ട ദൈവകൃപയ്ക്കു മുന്നിൽ വിനയപൂർവ്വം സ്തുതി സ്തോത്രങ്ങൾ അർപ്പിക്കട്ടെ.

## Doctorate

The Right Reverent Doctor Sam Mathew Bishop of the Diocese of Madhya Kerala, Church of South India.

Who was conferred with a Honorary Degree Doctor of Divinity in recognition of his exceeding Christian ministry, Pastoral Experience, Leadership in Ecumenism, Social Awareness.

Special contributions to the Marginalised Community and his zeal for Mission and Evangilism.

By the president and faculty of The Vision Christian University Ramano California on September 3, 1995 during a special Convocation held under the auspices of the C.S.I. Malayalam Congregation of Greater New York 85th Road x 91st Street.

Wood Heven New York 11421 a Man's Wisdom makes his face shine.

# DOCTORATE

VISION CHRISTIAN COLLEGE

Upon recommendation of the faculty has conferred on

Rt. Rev. SAM MATHEW

the degree of

DOCTOR OF DIVINITY

With all the rights and privileges there unto pertaining

in the witness whereof our signatures are here unto affixed.

given at Ramona, California

September 3, 1995

| | |
|---|---|
| (Sd) | (Sd) |
| President | Vice President |
| (Seal) | (Sd) |
| | Academic Dean |